# ഇന്ത്യൻ ഭരണഘടന: പ്രയോഗത്തിൽ

XI-ാം ക്ലാസിലേക്കുള്ള രാഷ്ട്രതന്ത്രശാസ്ത്ര പാഠപുസ്തകം

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കേരളം
2019

***First Edition***
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

***© National Council of Educational Research and Training, 2006***

**Rs. .....**

*Printed on 80 GSM paper*

Published by the SCERT, Thiruvananthapuram
Department of Education,
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt),
(Government of Kerala), Thiruvananthapuram

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

# FOREWORD

The National Curriculum Framework (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days is actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan and the Chief Advisors for this book, Professor Suhas Palshikar and Professor Yogendra Yadav for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have

generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairmanship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*

New Delhi — National Council of Educational

*20 December 2005* — Research and Training

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തക രചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# A LETTER TO YOU

Dear Students,

Looking at the title of this book, you may wonder: "why am I studying Indian Constitution again? Didn't I study it in the previous classes?" Yes, you have studied the broad structure of the Indian government and some bits of the Constitution. But this book takes you to something different from what you have already studied.

You have now chosen Political Science and will study this subject for the next two years. What better way can there be to get introduced to Political Science than through politics of our own country? That is what this book does. The study of the working of the Indian Constitution here is a gateway to studying politics in India. The study of Indian politics is a window to understanding politics in other societies. We hope that through the study of institutions and the politics of power surrounding them, you would come to know about the principles and theories of politics. Thus this book will tell you about the way our Constitution has been working and the way it shapes politics in our country. This book is not about legal provisions and technical details in the Constitution. It is about how institutions are shaped through interaction with actual politics.

We were inspired to write this different kind of a textbook by the National Curriculum Framework 2005. It says that instead of just memorisation and repetition, emphasis should be laid on 'developing concepts and the ability to analyse socio-political realities'. The Foreword to this book by the Director of NCERT explains the vision of this new curriculum. The new syllabi for Political Science recognise the need to deepen the student's understanding of the provisions

and the working of the Constitution of India.

That is why you would find more focus on the rationale and the real life consequences of the Constitution than just more and more information on the Constitution. This textbook will introduce you to the idea of constitution and the story of the making and working of the Indian Constitution. We certainly talk about the various key provisions of the Constitution. But we have added three new features. In the first place, this textbook responds to your curiosity about why a particular arrangement in the Constitution was adopted and why not some other. Secondly, it allows you to see how institutions grow in the company of actual politics. That is why chapters in this book do not stop at 1950. They in fact start off at 1950 and take you to some instances drawn from the political history of the last fifty years or more. We hope that this book will create an appetite for more information about Indian politics; it will prepare you for the course on Indian politics that you will study next year. Thirdly, this book allows you to compare India and its Constitution to other countries in the world having many similar concerns and different answers. So, wherever possible this textbook tells you about what has happened elsewhere in the world. We hope you will develop a habit of comparing any one institution to other institutions and other social situations.

***Articles***

We have also introduced a number of aides for you to get more interested in the subject that you are studying. In each chapter, there will be some example of an

**Quotations from Constituent Assembly Debates (CAD)**

*Source:* http://parliamentofindia.nic.in/ls/debates/debates.htm

**article from the Constitution** itself. This will give you a feel of the exact wording, the vocabulary of our Constitution. You will also find **some quotations** in each chapter. Most of these are from the debates in the Constituent Assembly. The purpose is to introduce you to this extraordinary heritage of political intelligence and foresight that we have inherited and also the drama that was unfolding in the making of the Constitution.



**Munni**

Many chapters have **cartoons** too. But they are not there simply as comic relief. They tell you about the criticisms, about the weak spots, about near-failures. We hope that apart from enjoying these cartoons, you would learn from them, both about politics and about how to think about politics. Finally, there are these two characters that keep popping up on the sides of your textbook pages from time to time. Irfaan, the cartoonist, has especially penned them so that you would relate to them. They are just like you: inquisitive, curious, often cynical! Some times they are bold—more than what the authors of this book have been!—enough to ask inconvenient questions and make comments that make one sit up and think. We call them **Unni** and **Munni**. While writing this book, we have grown quite fond of them and we hope that they will endear themselves to you as well. Perhaps, taking inspiration from them, you would ask more questions to your teachers and pass on some of these to us.

**Unni**



At the end of each chapter, you would find some interesting **puzzles** in the form of exercises. Encouraged and inspired by the NCF and the hope of the Director of NCERT that textbooks must help improve the system of assessment, and with the help of some

young friends, we have tried to mix the exercises with some innovative puzzles. They will make you 'use your grey cells'! We hope that in solving these puzzles, you would not feel that you are answering exam questions.

We have prepared this book with the help of a large team that kept working for over six months. This included many school and college teachers, educationists, political scientists and artists. You would read about this group under the title Textbook Development Team listed on page *xi*. Professor Krishna Kumar, Director of NCERT, supported us through out this effort and kept on guiding us. We also received support and valuable inputs from Professor Hari Vasudevan, Professor Gopal Guru, Professor Mrinal Miri, Professor G.P. Deshpande and members of the National Monitoring Committee.

A large number of people have contributed generously to the making of this book.We were fortunate to have the benefit of the expertise of Professors Rajeev Bhargava, Pratap Mehta, Sandeep Shastri, Dr. Sanjeeb Mukherji, Dr. Sanjay Lodha, Dr. Pushkar Raj, Ms. M. Manisha, Dr. Shailendra Deolankar and Ms. Chaitra Redkar in writing these chapters. Pankaj Pushkar, Manish Jain, Alex George and M. Manisha formed the backbone of the team. They did research for this book, spent sleepless nights in preparing the drafts, the boxes and other material that you see in this book. Their concern for quality and their insights into the pedagogy of social science lifted the book a few notches above what it would otherwise have been. Manish Jain relentlessly pursued the agenda of improving the quality and innovativeness of the exercises. Pankaj Pushkar has practically steered this book through the last six months. Dr. SriRanjani and Dr. Sanjeer Alam, both at the Lokniti Programme of the CSDS kindly extended their help in times of urgent

need. Amit Ahuja, a doctoral student at the university of Michigan, extended help in preparing the boxes with comparative examples.

We are sure that you will appreciate this pleasant design that Shweta Rao has prepared and the cartoons and Unni-Munni characters born from the pencil of Irfaan Khan. The Children's Book Trust kindly allowed us the use of Shankar's cartoons. Mr. R. K. Laxman also gave permission for using cartoons drawn by him. In short, this is a collective effort to make study of Political Science more lively, relevant and student-friendly. We must also mention the generosity of the Lokniti Programme of the CSDS, and Professor Peter R. De Souza, Director, Lokniti, for literally housing the entire work of the book at their premises and for providing infrastructure.

You have recently passed a big exam. Now it is our turn to be examined. Whether this textbook fails or passes in what it tried to do is for you to evaluate. We would be eagerly waiting for our exam result with your comments, criticisms and suggestions to make a better attempt next time.

Suhas Palshikar
Yogendra Yadav
*Chief Advisors*

# TEXTBOOK DEVELOPMENT COMMITTEE

**Chairperson, Advisory Committee for Textbooks at the Secondary Level**

Hari Vasudevan, *Professor*, Department of History, University of Calcutta, Kolkata

**Chief Advisors**

Suhas Palshikar, *Professor*, Department of Politics and Public Administration, University of Pune, Pune, Maharashtra

Yogendra Yadav, *Senior Fellow*, Centre for the Study of Developing Societies, Delhi

**Members**

A.K. Verma, *Reader*, Department of Political Science, Christ Church College, Kanpur, U.P.

Alex M. George, *Independent Researcher*, Eruvatty, District Kannur Kerala

Anju Malhotra, *Principal*, Kalka Public School, New Delhi

Chaitra Redkar, *Sr. Lecturer*, SNDT College, Mumbai, Maharashtra

G. Pathak, *PGT*, Doni-Polo Public School, Itanagar, Arunachal Pradesh

M. Manisha, *Sr. Lecturer*, Department of Political Science, Loreto College, Kolkata

Manish Jain, former *PGT* and a *Doctoral student* with the Department of Education, University of Delhi, Delhi

Manisha Priyam, *Sr. Lecturer*, Gargi College, New Delhi

Pankaj Pushkar, *Senior Lecturer*, Directorate of Higher Education, Haldwani, Uttaranchal

Pratap Bhanu Mehta, *President*, Centre for Policy Research, New Delhi

Pushkar Raj, *Sr. Lecturer*, Department of Polital Science, Zakir Hussain College, New Delhi

Rajeev Bhargava, *Senior Fellow*, Centre for the Study of Developing Societies, Delhi

Rakesh Shukla, *Advocate*, Supreme Court, New Delhi

Sandeep Shastri, *Director*, International Academy for Creative Teaching, Bangalore, Karnataka

Sanjay Lodha, *Associate Professor*, Department of Political Science, Mohan Lal Sukhadia University, Udaipur, Rajasthan

Sanjeeb Mukherjee, *Sr. Lecturer*, Department of Political Science, Calcutta University, Kolkata

Sayed Sabkulla, *PGT*, Maharanis Government Pre-University College, Mysore, Karnataka

Shailendra Deolankar, *Lecturer*, Department of Political Science, Govt. College, Aurangabad, Maharashtra

Shefali Jha, *Associate Professor*, Centre for Political Studies, School of Social Sciences, Jawaharlal Nehru University, New Delhi

Srilekha Mukherjee, *PGT*, St. Paul School, New Delhi

Versha Manku, *Vice Principal* and *PGT*, Kulachi Hansraj Model School, New Delhi

**Member-Coordinator**

Sanjay Dubey, *Reader*, DESSH, NCERT, New Delhi

# ACKNOWLEDGEMENTS

Efforts of many persons and organisations have gone into the making of this book. We appreciate the help extended by the following institutions and persons:

- Cagle Cartoons *(for the use of cartoons of Chappatte, John Trever and Ares);*
- The Children's Book Trust *(for the use of Shankar's cartoons);*
- Nehru Memorial Museum and Library and Down to Earth *(for the photographs);*
- Sarai, an initiative of the Centre for the Study of Developing Societies (CSDS), and Nirantar — Centre for Gender and Education;
- Lokniti, CSDS *(for housing the project of making of this book)*;
- R.K. Laxman *(for allowing the use of his cartoons);*
- Arvind Sharma and Vikram Rawat *(for helping in the preparation of a foolproof copy);*
- Amit Ahuja, Sriranjani and Sanjeer Alam *(for providing research inputs);*
- Irfaan Khan *(for the cartoons and the Unni-Munni characters);*
- Shweta Rao *(for design and layout of the book);*
- Peter Ronald De Souza *(for allowing the use of Lokniti resources);*
- Pankaj Pushkar (*for untiring support in the making of this textbook*)

We are thankful to all these institutions and persons.

Suhas Palshikar and Yogendra Yadav, *Chief Advisors*

The contribution of M.V.S.V. Prasad, *Assistant Professor*, Department of Curriculum Studies, NCERT, in reviewing and updating the current edition is appreciated.

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. അനിൽകുമാർ പി.**
*അസിസ്റ്റന്റ് പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം*

**കുഞ്ഞിമുഹമ്മദ് എ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരി, മലപ്പുറം*

**വി. കെ. ജോബിഷ്**
*എച്ച്.എസ്.എസ്.ടി. മലയാളം, ജി.എച്ച്.എസ്.എസ്. പാണത്തൂർ, കാസർഗോഡ്*

**പ്രദീപ്കുമാർ എൽ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്. പട്ടാഴി, കൊല്ലം*

**പ്രസന്നകുമാർ എസ്.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്. കഞ്ചിക്കോട്, പാലക്കാട്*

**ഫൈസൽ വി.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ജി.എച്ച്.എസ്.എസ്. കുണ്ടൂംഠനു, കോഴിക്കോട്*

**ഡോ. ബിജു ലക്ഷ്മണൻ**
*അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം*

**ബിൽബി ജോസഫ്**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എ.എം.എം.എച്ച്.എസ്.എസ്. ഇടയാറൻമുള, പത്തനംതിട്ട*

**മുരളീധരൻ നായർ പി.എൻ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എൻ.എസ്.എസ്.എച്ച്.എസ്.എസ്. കിടങ്ങൂർ, കോട്ടയം*

**മുഹമ്മദ് ഷരീഫ്**
*അസിസ്റ്റന്റ് പ്രൊഫസർ, ഫറൂഖ് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്*

**രാജേന്ദ്രകുമാർ പി.സി.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ജി.എച്ച്.എസ്.എസ്. ഇരിങ്ങല്ലൂർ, കോഴിക്കോട്*

**ഷിഹാബ് എ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, പി.എൻ.എം.ജി.എച്ച്.എസ്.എസ്. കൂന്തള്ളൂർ*

**സജി വറുഗീസ്**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്, മുളക്കുഴ, ചെങ്ങന്നൂർ*

**സുധീഷ്കുമാർ.ജി**
*അസിസ്റ്റന്റ് പ്രൊഫസർ, എം.ജി. കോളേജ്, തിരുവനന്തപുരം*

## അക്കാദമിക് കോഡിനേറ്റർ

**രമേഷ്. കെ**, *റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.*

# THE CONSTITUTION OF INDIA

## PREAMBLE

**WE, THE PEOPLE OF INDIA,** having solemnly resolved to constitute India into a [1][**SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC**] and to secure to all its citizens :

**JUSTICE,** social, economic and political;

**LIBERTY** of thought, expression, belief, faith and worship;

**EQUALITY** of status and of opportunity; and to promote among them all

**FRATERNITY** assuring the dignity of the individual and the [2][unity and integrity of the Nation];

**IN OUR CONSTITUENT ASSEMBLY** this twenty-sixth day of November, 1949 do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

1. Subs. by the Constitution (Forty-second Amendment) Act, 1976, Sec.2, for "Sovereign Democratic Republic" (w.e.f. 3.1.1977)
2. Subs. by the Constitution (Forty-second Amendment) Act, 1976, Sec.2, for "Unity of the Nation" (w.e.f. 3.1.1977)












# ഉള്ളടക്കം


1. ഭരണഘടന എന്തുകൊണ്ട്? എങ്ങനെ? ........ 1-26
2. ഇന്ത്യൻ ഭരണഘടനയിലെ അവകാശങ്ങൾ ........ 27-52
3. തെരഞ്ഞെടുപ്പും പ്രാതിനിധ്യവും ..... 53-83
4. കാര്യനിർവഹണ വിഭാഗം ........ 84-105
5. നിയമനിർമാണ സഭ ........ 106-130
6. നീതിന്യായ വിഭാഗം ........ 131-158
7. ഫെഡറലിസം ........ 159-185
8. പ്രാദേശിക ഗവൺമെന്റ് ........ 186-205
9. ഭരണഘടന ഒരു സജീവ പ്രമാണമെന്ന നിലയിൽ ........ 206-229
10. ഭരണഘടനയുടെ തത്ത്വശാസ്ത്രം ........ 230-253

പദാവലി ........ 254

# Constitution of India

**Part IV A (Article 51 A)**

# Fundamental Duties

It shall be the duty of every citizen of India —

(a) to abide by the Constitution and respect its ideals and institutions, the National Flag and the National Anthem;

(b) to cherish and follow the noble ideals which inspired our national struggle for freedom;

(c) to uphold and protect the sovereignty, unity and integrity of India;

(d) to defend the country and render national service when called upon to do so;

(e) to promote harmony and the spirit of common brotherhood amongst all the people of India transcending religious, linguistic and regional or sectional diversities; to renounce practices derogatory to the dignity of women;

(f) to value and preserve the rich heritage of our composite culture;

(g) to protect and improve the natural environment including forests, lakes, rivers, wildlife and to have compassion for living creatures;

(h) to develop the scientific temper, humanism and the spirit of inquiry and reform;

(i) to safeguard public property and to abjure violence;

(j) to strive towards excellence in all spheres of individual and collective activity so that the nation constantly rises to higher levels of endeavour and achievement;

*(k) who is a parent or guardian, to provide opportunities for education to his child or, as the case may be, ward between the age of six and fourteen years.

---

**Note:** The Article 51A containing Fundamental Duties was inserted by the Constitution (42nd Amendment) Act, 1976 (with effect from 3 January 1977).

*(k) was inserted by the Constitution (86th Amendment) Act, 2002 (with effect from 1 April 2010).

G7K1V5

## അധ്യായം 1

# ഭരണഘടന: എന്തുകൊണ്ട്? എങ്ങനെ?

## (CONSTITUTION: WHY AND HOW?)

### ആമുഖം

*ഈ പുസ്തകം ഇന്ത്യൻ ഭരണഘടനയുടെ പ്രവർത്തനത്തെക്കുറിച്ചാണ്. നമ്മുടെ ഭരണഘടനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ മേഖലകൾ ഇതിലെ അധ്യായങ്ങളിൽനിന്നും നിങ്ങൾക്ക് മനസ്സിലാക്കാം. കൂടാതെ ഗവൺമെന്റിന്റെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചും അവ തമ്മിലുള്ള പരസ്പര ബന്ധങ്ങളെപ്പറ്റിയും ഇതിൽനിന്നും നിങ്ങൾ പഠിക്കും.*

*ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ, ഗവൺമെന്റ്, പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് മുൻപ് ഗവൺമെന്റിന്റെ സമ്പൂർണ്ണ ഘടന മനസ്സിലാക്കണം. അവയെ പരസ്പരം ബന്ധിപ്പിക്കുന്ന വിവിധ ആശയങ്ങൾ ആവിർഭവിച്ചത് ഇന്ത്യൻ ഭരണഘടനയിൽനിന്നുമാണ് എന്നും മനസ്സിലാക്കാം. ഈ അധ്യായം പഠിച്ചുകഴിയുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കും.*

- *ഭരണഘടന എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?*
- *ഒരു ഭരണഘടന സമൂഹത്തിന് പ്രദാനം ചെയ്യുന്നതെന്ത്?*
- *സമൂഹത്തിലെ അധികാരത്തിന്റെ വിതരണം ഭരണഘടന എങ്ങനെ നിർവ്വഹിക്കുന്നു?*
- *ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയതെങ്ങനെ?*

## എന്തുകൊണ്ടാണ് നമുക്ക് ഒരു ഭരണഘടന ആവശ്യമാകുന്നത്? (WHY DO WE NEED A CONSTITUTION?)

എന്താണ് ഒരു ഭരണഘടന? ഇതിന്റെ ചുമതലകൾ എന്തെല്ലാമാണ്? ഒരു സമൂഹത്തിൽ എന്ത് പങ്കാണ് അത് നിർവ്വഹിക്കുന്നത്? നമ്മുടെ ദൈനംദിന ജീവിതവുമായി ഭരണഘടന എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക നിങ്ങൾ ചിന്തിക്കുന്നുപോലെ അത്ര പ്രയാസകരമല്ല.

### ഭരണഘടന ഏകോപനവും ഉറപ്പും അനുവദിക്കുന്നു (Constituion allows coordination and assurance)



ഇവർ എന്റെ ഗ്രാമത്തിലെ ജനങ്ങളെപ്പോലെയാണ്.

താരതമ്യേന ഒരു വലിയ ഗ്രൂപ്പിലെ അംഗമാണ് നിങ്ങൾ എന്ന് ചിന്തിക്കുക. ഈ ഗ്രൂപ്പിന് താഴെ പറയുന്ന സവിശേഷതകൾ ഉണ്ടെന്നു കൂടി വിചാരിക്കുക. ഈ ഗ്രൂപ്പിലെ അംഗങ്ങൾ വിവിധ രീതിയിൽ വ്യത്യസ്തരാണ്. അവർ വ്യത്യസ്തങ്ങളായ മതങ്ങളോട് കൂറ് പുലർത്തുന്നു. ഇവരിൽ ചിലർ ഹിന്ദുക്കളും ചിലർ മുസ്ലീങ്ങളും ചിലർ ക്രിസ്ത്യാനികളും മറ്റു ചിലർ ഒരു മതത്തോടും കൂറു പുലർത്താത്തവരുമാണ്. ഇതു കൂടാതെ അവർ മറ്റു പലതരത്തിലും വ്യത്യസ്തരാണ്. വിവിധ തൊഴിൽ ചെയ്യുന്നവരും, വ്യത്യസ്ത കഴിവുള്ളവരും വിഭിന്നമായ വിനോദങ്ങളിലേർപ്പെടുന്നവരും, സിനിമ മുതൽ പുസ്തകം വരെ വ്യത്യസ്ത അഭിരുചികൾ വച്ചു പുലർത്തുന്നവരുമാണ്. ചിലർ സമ്പന്നരും ചിലർ ദരിദ്രരും, ചിലർ വൃദ്ധരും മറ്റു ചിലർ യുവാക്കളുമാണ്. അതുപോലെതന്നെ ജീവിതത്തിന്റെ വിവിധ തലങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാവാൻ സാദ്ധ്യതയുണ്ട് എന്നും വിചാരിക്കുക. ഒരു വ്യക്തിയെ എത്രമാത്രം സമ്പത്ത് കൈവശം വയ്ക്കുവാൻ അനുവദിക്കാം? എല്ലാ കുട്ടികളെയും സ്കൂളിൽ അയക്കണമെന്നത് നിർബന്ധിതമാക്കണോ? അതോ രക്ഷിതാക്കളെ ഇതിൽ തീരുമാനമെടുക്കാൻ അനുവദിക്കണമോ? ഭദ്രത, സുരക്ഷ എന്നിവയ്ക്കുവേണ്ടി എത്രമാത്രം തുക ചെലവഴിക്കാം? അതോ പകരം, കൂടുതൽ പാർക്കുകൾ നിർമ്മിക്കണമോ? ഏതാനും അംഗങ്ങൾക്കെതിരെ വിവേചനം കാട്ടുവാൻ ഈ ഗ്രൂപ്പിലെ മറ്റുള്ളവരെ അനുവദിക്കാമോ? ഈ ചോദ്യങ്ങൾക്കെല്ലാം വിവിധ അംഗങ്ങളിൽ നിന്നും വൈവിദ്ധ്യമാർന്ന ഉത്തരങ്ങളായിരിക്കും ലഭിക്കുക. എന്നാൽ അവരുടെ ഈ വൈവിദ്ധ്യങ്ങളെ നിലനിർത്തുന്നതിന് ഇവർക്ക് ഒത്തൊരുമയോടെ ജീവിക്കേണ്ടതുണ്ട്. വിവിധ തരത്തിൽ ഇവർ പരസ്പരം ആശ്രയിക്കുന്നു. ഇവിടെ പരസ്പര സഹകരണം അനിവാര്യമാണ്. ഒത്തൊരുമയോടെ



അതെ. ഇത് എന്റെ കോളനിപോലെയാണ്. ഇത് നിങ്ങളുടെ ഗ്രാമത്തിന് / നഗരത്തിന് /കോളനിക്ക് ബാധകമാണോ?

സമാധാനപരമായി ജീവിക്കുവാൻ ഈ ഗ്രൂപ്പിനെ പ്രാപ്തമാക്കുന്നത് എന്തായിരിക്കും?

ചില അടിസ്ഥാന നിയമങ്ങളിൽ യോജിക്കാൻ കഴിഞ്ഞാൽ ഇവർക്ക് ഒത്തൊരുമയോടെ ജീവിക്കാൻ കഴിയുമെന്ന് ചിലർ അഭിപ്രായപ്പെട്ടേക്കാം. എന്തുകൊണ്ടാണ് ഈ ഗ്രൂപ്പിന് ചില അടിസ്ഥാന നിയമങ്ങൾ ആവശ്യമായി വരുന്നത്? ചില അടിസ്ഥാന നിയമങ്ങളുടെ അഭാവത്തിൽ എന്തു സംഭവിക്കുമെന്ന് ചിന്തിച്ചു നോക്കൂ. ഈ ഗ്രൂപ്പിലെ അംഗങ്ങൾക്ക് പരസ്പരം എന്തുചെയ്യുവാൻ കഴിയുമെന്നോ അതുപോലെ തന്നെ ആർക്ക് എന്തിലാണ് അവകാശവാദം ഉന്നയിക്കാൻ കഴിയുക എന്നതെല്ലാം അവർക്ക് അറിയാത്തതിനാൽ ഓരോ വ്യക്തിയും അരക്ഷിതരായിരിക്കും. ചുരുങ്ങിയ തോതിലെങ്കിലും ഏകോപനം നേടുന്നതിന് എല്ലാ അംഗങ്ങൾക്കും അറിവുള്ളതും പൊതുവായി തയ്യാറാക്കപ്പെട്ടതുമായ ചില അടിസ്ഥാന നിയമങ്ങൾ അനിവാര്യമാണ്. എന്നാൽ ഈ നിയമങ്ങളിൽ എല്ലാവർക്കും അറിവുണ്ടാവുക എന്നതു മാത്രമല്ല പ്രധാനം. ഇവയെല്ലാം നടപ്പാക്കാൻ കഴിയുന്നതു കൂടിയായിരിക്കണം. മറ്റുള്ളവർ ഈ നിയമങ്ങൾ അനുസരിക്കുമെന്ന ഉറപ്പ് പൗരന് ഇല്ലാത്ത പക്ഷം തങ്ങളും ഈ നിയമങ്ങൾ അനുസരിക്കുന്നതിൽ അർത്ഥമില്ല എന്ന് അവർ കരുതും. മറ്റുള്ളവർ നിയമം അനുസരിക്കുമെന്നും അല്ലാത്തപക്ഷം അവർ ശിക്ഷിക്കപ്പെടുമെന്നും എല്ലാവർക്കും നൽകുന്ന ഉറപ്പാണ് നിയമപരമായി നടപ്പാക്കാൻ കഴിയുന്ന ചട്ടങ്ങൾ എന്നതുകൊണ്ടർത്ഥമാക്കുന്നത്.



**സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ചുരുങ്ങിയ തോതിലെങ്കിലും ഏകോപനം കൊണ്ടുവരുന്നതിനുള്ള അടിസ്ഥാന നിയമങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് ഭരണഘടനയുടെ ഒന്നാമത്തെ ചുമതല.**

### പ്രവർത്തനം

ഈ ഭാഗത്തെക്കുറിച്ചുള്ള ഒരു ചിന്താപരീക്ഷണം ക്ലാസ്സിൽ അവതരിപ്പിക്കുക. ക്ലാസ്സ് മുഴുവനായി ഇവ ചർച്ച ചെയ്യുകയും എല്ലാവർക്കും ബാധകമായ ചില തീരുമാനങ്ങളിൽ എത്തുകയും വേണം. തീരുമാനങ്ങൾ താഴെ പറയുന്നവയെക്കുറിച്ചായിരിക്കണം.

* എങ്ങനെയാണ് ക്ലാസ്സ് പ്രതിനിധിയെ തെരഞ്ഞെടുക്കേണ്ടത്?
* ക്ലാസ്സിനെ മൊത്തം പ്രതിനിധാനം ചെയ്യുന്ന വ്യക്തി എന്ന നിലയ്ക്ക് ക്ലാസ്സിന് മുഴുവൻ ബാധകമാകുന്ന എന്തെല്ലാം തീരുമാനങ്ങളാണ് ക്ലാസ് പ്രതിനിധിക്ക് കൈക്കൊള്ളാൻ കഴിയുക?
* മുഴുവൻ ക്ലാസ്സുമായും കൂടിയാലോചിക്കാതെ ക്ലാസ്സ് പ്രതിനിധിക്ക് തീരുമാനം എടുക്കാൻ കഴിയാത്ത ചില കാര്യങ്ങൾ ഉണ്ടോ ?
* ഈ പട്ടികയോട് എല്ലാവരും സമ്മതിക്കുന്ന പക്ഷം നിങ്ങൾക്ക് കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കാം. (ക്ലാസിനു വേണ്ടിയുള്ള പൊതു ധനശേഖരം, പിക്നിക്ക്, ട്രിപ്പ് എന്നിവയുടെ സംഘടിപ്പിക്കൽ, പാഠ വിഭവങ്ങളുടെ പങ്കിടൽ...) നേരത്തെ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്ന വിഷയങ്ങളാണ് ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പാക്കണം.

* ആവശ്യമെങ്കിൽ ഈ തീരുമാനങ്ങൾ നിങ്ങളെങ്ങനെ പുനപ്പരിശോധിക്കും?
* തീരുമാനങ്ങൾ എല്ലാം എഴുതി നോട്ടീസ് ബോർഡിൽ ഇടുക. എന്തെല്ലാം പ്രശ്നങ്ങളാണ് ഈ തീരുമാനങ്ങൾ എടുക്കുന്നതിൽ ഉണ്ടായത്? വിദ്യാർഥികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നോ? ഈ അഭിപ്രായ വ്യത്യാസങ്ങൾ എങ്ങനെയാണ് പരിഹരിച്ചത്? ക്ലാസ്സിന് ഈ പ്രവർത്തനത്തിൽ നിന്നും എന്തെങ്കിലും നേട്ടം ഉണ്ടായോ?

## തീരുമാനമെടുക്കാനുള്ള അധികാരം വ്യക്തമാക്കൽ (Specification of decision making powers)

രാഷ്ട്രം എങ്ങനെ രൂപീകരിക്കപ്പെട്ടിരിക്കുന്നു, അത് എങ്ങനെ ഭരിക്കപ്പെടുന്നു തുടങ്ങിയവയെക്കുറിച്ചുള്ള അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളുന്നത് ഭരണഘടനയിലാണ്. എന്നാൽ ഈ അടിസ്ഥാന നിയമങ്ങൾ എന്തെല്ലാമായിരിക്കണം? അവയെ അടിസ്ഥാന നിയമമാക്കുന്നതെന്താണ്? സമൂഹത്തെ ഭരിക്കുന്നതിനുള്ള നിയമങ്ങളെ സംബന്ധിച്ച് ആര് തീരുമാനം എടുക്കണം എന്നാണ് ഒന്നാമത്തെ ചോദ്യത്തിന്റെ കാര്യത്തിൽ നിങ്ങൾ തീരുമാനിക്കേണ്ടത്. നിങ്ങൾക്ക് x എന്ന നിയമം ആവശ്യമാകുമ്പോൾ മറ്റുള്ളവർക്ക് y എന്ന നിയമമാകും ആവശ്യം. ആരുടെ നിയമങ്ങളും താൽപ്പര്യങ്ങളുമാണ് നമ്മെ ഭരിക്കേണ്ടത് എന്ന് എങ്ങനെ നമ്മൾ തീരുമാനിക്കും? നിങ്ങൾ മുന്നോട്ടു വയ്ക്കുന്ന നിയമമാണ് എല്ലാവർക്കും ജീവിക്കാൻ നല്ലത് എന്ന് നിങ്ങൾ വിചാരിക്കും. എന്നാൽ മറ്റുള്ളവർ ചിന്തിക്കുക അവരുടെ നിയമമാണ് നല്ലത് എന്നാവും. ഈ തർക്കം നമുക്ക് എങ്ങനെ പരിഹരിക്കാനാവും? അതുകൊണ്ടു തന്നെ ഈ ഗ്രൂപ്പിനെ ഭരിക്കുന്നതിനുള്ള നിയമങ്ങൾ എന്തായിരിക്കണം എന്ന് തീരുമാനിക്കുന്നതിനു മുൻപ് ആരാണ് തീരുമാനമെടുക്കുക എന്ന് നിശ്ചയിക്കണം.

ഈ ചോദ്യത്തിന് ഉത്തരം നൽകേണ്ടത് ഭരണഘടനയാണ്. സമൂഹത്തിലെ അധികാരത്തിന്റെ വിതരണം അത് വ്യക്തമാക്കുന്നു. നിയമം എന്തായിരിക്കണം എന്ന് തീരുമാനിക്കാനുള്ള അധികാരം ആർക്കായിരിക്കണമെന്ന് ഭരണഘടന തീരുമാനിക്കുന്നു. ആര് തീരുമാനമെടുക്കണം എന്ന ചോദ്യത്തിന് തത്ത്വാധിഷ്ഠിതമായി വിവിധ തരത്തിൽ ഉത്തരം നൽകാം. രാജവാഴ്ച അനുവദിക്കുന്ന ഭരണഘടനയിൽ രാജാവ് തീരുമാനമെടുക്കും. പഴയ സോവിയറ്റ് യൂണിയനിന്റേതുപോലെ ഏക പാർട്ടി സമ്പ്രദായം നിലനിൽക്കുന്ന രാജ്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം പാർട്ടിക്കാണ് നൽകിയിരിക്കുന്നത്. ജനാധിപത്യ ഭരണഘടനകളിലാകട്ടെ ഈ അധികാരം ജനങ്ങൾക്കാണ്. എന്നാൽ ഇത് അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ ജനങ്ങൾ തീരുമാനമെടുക്കും എന്ന് ഉത്തരം നൽകുമ്പോൾ അവർ എങ്ങനെ തീരുമാനം എടുക്കും എന്നുകൂടി വ്യക്തമാക്കണം. ഒരു നിയമം നിർമ്മിക്കുന്നതിന് എല്ലാ ജനങ്ങളും അംഗീകാരം നൽകണോ? പുരാതന ഗ്രീക്കുകാർ ചെയ്തിരുന്നതുപോലെ എല്ലാ വിഷയങ്ങളിലും ജനങ്ങൾ നേരിട്ട് വോട്ടു ചെയ്യണോ? അതോ പ്രതിനിധികളെ തെരഞ്ഞെടുത്തുകൊണ്ട് തങ്ങളുടെ മുൻഗണന പ്രകടിപ്പിച്ചാൽ മതിയോ? എന്നാൽ ജനങ്ങൾ പ്രതിനിധികളിലൂടെയാണ് പ്രവർത്തിക്കു

ന്നതെങ്കിൽ എങ്ങനെയാണ് ഈ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്? എത്ര പ്രതിനിധികൾ ഉണ്ടായിരിക്കണം?

ഉദാഹരണത്തിന്, ഇന്ത്യൻ ഭരണഘടന നിയമങ്ങൾ, നയങ്ങൾ എന്നിവയിൽ തീരുമാനമെടുക്കാനുള്ള അധികാരം പാർലമെന്റിന് നൽകിയിരിക്കുന്നു. പാർലമെന്റിന് രൂപം നൽകിയതും സവിശേഷമായ രീതിയിലാണ്. ഒരു സമൂഹത്തിലെ നിയമങ്ങൾ എന്താണ് എന്ന് തിരിച്ചറിയുന്നതിനു മുൻപ് അത് നിർമ്മിക്കാനുള്ള അധികാരം ആർക്കെന്ന് തിരിച്ചറിയണം. നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം പാർലമെന്റിനാണെങ്കിൽ, ഈ അധികാരം പാർലമെന്റിനു നൽകുന്ന ഒരു നിയമവും അവിടെ ഉണ്ടായിരിക്കണം. ഇത് ഭരണഘടനയുടെ ചുമതലയാണ്. ഗവൺമെന്റിനെ പ്രഥമസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന അധികാരമാണിത്.

**കാർട്ടൂൺ**




യുറോപ്യൻ യൂണിയനിലെ രാജ്യങ്ങൾ ഒരു യുറോപ്യൻ ഭരണഘടന രൂപപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. എന്നാൽ ഈ ശ്രമം പരാജയപ്പെട്ടു. ഈ ശ്രമത്തെ ഒരു കാർട്ടൂണിസ്റ്റ് നോക്കിക്കാണുന്നതാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഏതെങ്കിലും ഭരണഘടനാ രൂപീകരണത്തിൽ എല്ലായ്പ്പോഴും ഇങ്ങനെ സംഭവിക്കാറുണ്ടോ?

*"European Constitution" by Patrick Chappatte. International Herald Tribune. 21SHP04 Copyright Cagle Cartoons.*

**സമൂഹത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം ആർക്കെന്നു വ്യക്തമാക്കുന്നത് ഭരണഘടനയുടെ രണ്ടാമത്തെ ചുമതലയാണ്. ഗവൺമെന്റ് രൂപീകരിക്കപ്പെടുന്നത് എങ്ങനെയെന്നും അത് തീരുമാനിക്കുന്നു.**

## ഗവൺമെന്റിന്റെ അധികാരങ്ങൾക്കുമേലുള്ള പരിമിതികൾ (Limitations on the powers of government)

തീരുമാനമെടുക്കാനുള്ള അധികാരം ആർക്കെന്ന് നിശ്ചയിച്ചതുകൊണ്ട് മാത്രം മതിയാവുകയില്ല. തീരുമാനം എടുക്കാനുള്ള അധികാരം ആർക്കാണെന്ന് നിശ്ചയിച്ചു എന്ന് സങ്കൽപ്പിക്കുക. എന്നാൽ നിങ്ങൾ തികച്ചും ന്യായരഹിതമെന്ന് കരുതുന്ന നിയമങ്ങൾ അതിനുശേഷം ഈ അധികാരകേന്ദ്രം പാസ്സാക്കിയാലോ. ഉദാഹരണത്തിന് നിങ്ങൾ അനുഷ്ഠിക്കുന്ന മതം പിൻതുടരുന്നത് നിരോധിച്ചാൽ, ചില നിറത്തിലുള്ള വസ്ത്രം നിരോധിക്കുന്നു എന്ന് ആജ്ഞാപിച്ചാൽ, അല്ലെങ്കിൽ ചില



നിങ്ങൾ ഒരു ഭീകരജീവിയെ ആദ്യം സൃഷ്ടിക്കുകയും അതിനുശേഷം അതിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതിനെക്കുറിച്ച് ആശങ്കപ്പെടുന്നു! ഈ ഗവൺമെന്റ് എന്നു വിളിക്കപ്പെടുന്ന ഭീകരജീവിയെ പ്രഥമസ്ഥാനത്തായി പ്രതിഷ്ഠിച്ചത് എന്തിനാണ്?

പാട്ടുകൾ പാടരുതെന്ന് നിർദ്ദേശിച്ചാൽ, ഒരു വിഭാഗത്തിൽപ്പെട്ട (ജാതി, മതം) ജനങ്ങൾ എല്ലായ്പ്പോഴും മറ്റുള്ളവരെ സേവിക്കണമെന്നു പറഞ്ഞാൽ, സമ്പത്ത് കൈവശം വെയ്ക്കാൻ അവരെ അനുവദിക്കാതിരുന്നാൽ അതുമല്ലെങ്കിൽ ഗവൺമെന്റ് ഏകപക്ഷീയമായി ആരെയെങ്കിലും അറസ്റ്റ് ചെയ്താലോ, ഏതെങ്കിലും ഒരു നിറമുള്ളവർ മാത്രമേ പൊതുക്കിണറിൽ നിന്നും വെള്ളമെടുക്കാൻ പാടുള്ളൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്താലോ ഈ നിയമങ്ങൾ ന്യായരഹിതവും നീതിവിരുദ്ധവും ആണെന്ന് നിങ്ങൾ തീർച്ചയായും ചിന്തിക്കും. ചില കൃത്യമായ നടപടിക്രമങ്ങൾ അടിസ്ഥാനമാക്കി നിലവിൽ വന്ന ഗവൺമെന്റാണ് അവ പാസ്സാക്കിയത് എങ്കിലും തീർച്ചയായും ഇത്തരത്തിൽ നിർമ്മിക്കപ്പെട്ട നിയമങ്ങൾ നീതിവിരുദ്ധമായിരിക്കും.

**അതുകൊണ്ടുതന്നെ ഭരണഘടനയുടെ മൂന്നാമത്തെ ചുമതല തങ്ങളുടെ പൗരനുമേൽ ഗവൺമെന്റിനു ചുമത്താവുന്ന അധികാരത്തിന് പരിധി നിശ്ചയിക്കുകയെന്നതാണ്. ഈ പരിധികൾ മൗലികമാണ്. എന്തെന്നാൽ ഗവൺമെന്റുകൾ ഒരിക്കലും അവ ലംഘിക്കുവാൻ പാടില്ല.**

വിവിധ മാർഗ്ഗങ്ങളിലൂടെ ഗവൺമെന്റുകളുടെ അധികാരത്തെ ഭരണഘടന പരിമിതപ്പെടുത്തുന്നു. ഒരു ഗവൺമെന്റിനും ലംഘിക്കാൻ അനുവാദമില്ലാത്തതും പൗരനെന്നനിലയിൽ എല്ലാവർക്കും ലഭിക്കുന്നതുമായ ചില മൗലികാവകാശങ്ങൾ പ്രഖ്യാപിക്കുകയാണ് അധികാരം പരിമിതപ്പെടുത്തുന്നതിനുള്ള പൊതുവായ മാർഗ്ഗം. ഈ അവകാശങ്ങളുടെ സൂക്ഷ്മമായ ഉള്ളടക്കവും വ്യാഖ്യാനവും ഓരോ ഭരണഘടനയിലും വ്യത്യസ്തമായിരിക്കും. എന്നാൽ അടിസ്ഥാനപരമായ ഒരുകൂട്ടം അവകാശങ്ങൾ ഭൂരിഭാഗം ഭരണഘടനകളും സംരക്ഷിക്കും. ഇതിലൂടെ കാരണമില്ലാതെ ഏകപക്ഷീയമായി അറസ്റ്റ് ചെയ്യുന്നതിൽ നിന്നും പൗരൻ സംരക്ഷിക്കപ്പെടും. ഗവൺമെന്റിന്റെ അധികാരത്തിനുമേലുള്ള ഒരു അടിസ്ഥാന നിയന്ത്രണമാണ് ഇത്. സാധാരണ നിലയിൽ ചില അടിസ്ഥാന സ്വാതന്ത്ര്യങ്ങൾക്ക് പൗരന് അവകാശമുണ്ട്. അഭിപ്രായസ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, വ്യാപാര- വാണിജ്യ സ്വാതന്ത്ര്യം തുടങ്ങിയവയാണ് ഇവ. ദേശീയ അടിയന്തരാവസ്ഥക്കാലത്ത് ഈ അവകാശങ്ങൾ പരിമിതപ്പെടുത്താം. ഈ അവകാശങ്ങൾ റദ്ദാക്കാവുന്ന സാഹചര്യങ്ങളും ഭരണഘടന നിശ്ചയിച്ചിരിക്കുന്നു.

## ഒരു സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും (Aspirations and goals of a society)

തീരുമാനമെടുക്കാനുള്ള അധികാരം പങ്കുവയ്ക്കുക, ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങളിൽ

പഴയകാല ഭരണഘടനകൾ കൂടുതലായും ഒതുങ്ങി നിന്നിരുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയെപ്പോലുള്ള 20–ാം നൂറ്റാണ്ടിലെ ഭരണഘടനകൾ സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും പ്രകടിപ്പിക്കുന്നതിന് ചില ക്രിയാത്മകമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന പ്രത്യേകിച്ചും ഈ രംഗത്ത് പുതുമയുള്ളതാണ്. വിവിധ തരത്തിലുള്ള അസമത്വങ്ങൾ ആഴത്തിൽ വേരോടിയ സമൂഹത്തിൽ അധികാരങ്ങൾക്ക്

**കാർട്ടൂൺ**




Shankar, Copyright: Children's Book Trust.

ഭരണഘടനാ നിർമ്മാതാക്കൾക്ക് വ്യത്യസ്ത അഭിലാഷങ്ങളെ അഭിസംബോധന ചെയ്യേണ്ടതുണ്ടായിരുന്നു. വ്യത്യസ്തമായ കാഴ്ചപ്പാടുകൾ, പ്രത്യയശാസ്ത്രങ്ങൾ എന്നിവയ്ക്കിടയിൽ സമവായം കൊണ്ടുവരാൻ ശ്രമിക്കുന്ന നെഹ്റുവിനെ ഇവിടെ കാണാം. ഇവിടെ ഈ വ്യത്യസ്ത വിഭാഗങ്ങൾ എന്തിനുവേണ്ടി നിലകൊണ്ടു എന്ന് നിങ്ങൾക്ക് തിരിച്ചറിയാമോ? ഇതിൽ ആരുടെ വാദഗതിയ്ക്കാണ് പ്രാമുഖ്യം ലഭിച്ചതെന്നാണ് നിങ്ങൾ കരുതുന്നത്?

പരിധി നിശ്ചയിക്കുകയും അസമത്വം മറികടക്കുന്നതിനുള്ള അനുകൂലാത്മക നടപടികൾ കൈക്കൊള്ളുന്നതിന് ഗവൺമെന്റുകളെ ശക്തിപ്പെടുത്തുകയും വേണം.

ഉദാഹരണത്തിന് ജാതിവിവേചനത്തിൽ നിന്നും മുക്തമായ ഒരു സമൂഹമാണ് ഇന്ത്യ അഭിലഷിക്കുന്നത്. ഇതാണ് സമൂഹത്തിന്റെ അഭിലാഷമെങ്കിൽ, ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനെ ശക്തിപ്പെടുത്തണം. വർണ്ണവിവേചനത്തിന്റെ ദീർഘകാല ചരിത്രമുള്ള ദക്ഷിണാഫ്രിക്കയെപ്പോലൊരു രാജ്യത്ത് അതിന്റെ പുതിയ ഭരണഘടന വർണ്ണവിവേചനം അവസാനിപ്പിക്കുവാൻ അവിടത്തെ ഗവൺമെന്റിനെ പ്രാപ്തമാക്കണം.



ഭരണഘടനയിൽ ചില ഭംഗിവാക്കുകൾ എഴുതി വയ്ക്കുന്നതെന്തിനാണ്? ജനങ്ങളുടെ ജീവിതത്തെ മാറ്റാനാവുന്നില്ലെങ്കിൽ ഉദാത്തമായ അഭിലാഷങ്ങളും ലക്ഷ്യങ്ങളും എഴുതി വയ്ക്കുന്നതിന്റെ കാര്യമെന്ത്?

ചുരുക്കിപ്പറഞ്ഞാൽ ഭരണഘടന ക്രിയാത്മകമായ രീതിയിൽ സമൂഹത്തിന്റെ അഭിലാഷങ്ങൾ ശ്രദ്ധാപൂർവ്വം സംരക്ഷിക്കണം. ഉദാഹരണത്തിന് സമൂഹത്തിലെ ഓരോ വ്യക്തിക്കും അന്തസ്സോടും, സ്വാഭിമാനത്തോടും ജീവിക്കുന്നതിനാവശ്യമായതെല്ലാം, അതായത്, ഭൗതികസുഖം, വിദ്യാഭ്യാസം തുടങ്ങിയവ ഉണ്ടായിരിക്കണമെന്ന് ഇന്ത്യൻ ഭരണഘടനാ നിർമ്മാതാക്കൾ ചിന്തിച്ചിരുന്നു. ക്രിയാത്മകമായ ക്ഷേമപദ്ധതികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനെ ഭരണഘടന പര്യാപ്തമാക്കുന്നു. അവയിൽ ചിലത് നിയമപരമായി നടപ്പാക്കാൻ കഴിയുന്നവയുമാണ്. ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് പഠിക്കുമ്പോൾ, നമ്മുടെ ഭരണഘടനയുടെ ആമുഖത്തിന്റെ പിന്തുണ അതിനുണ്ടെന്ന് മനസ്സിലാകും. ഇത്തരം വകുപ്പുകൾ മൗലികാവകാശങ്ങളിൽ കാണാൻ കഴിയും. രാഷ്ട്രനയത്തെക്കുറിച്ചുള്ള നിർദ്ദേശകതത്വങ്ങളും ജനങ്ങളുടെ ചില അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുവാൻ ഗവൺമെന്റിനോട് ആജ്ഞാപിക്കുന്നു.

**സമൂഹത്തിന്റെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുക, നീതിനിഷ്ഠമായ ഒരു സമൂഹത്തിനാവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകുക തുടങ്ങിയവയ്ക്ക് ഗവൺമെന്റിനെ പ്രാപ്തമാക്കുകയാണ് ഭരണഘടനയുടെ നാലാമത്തെ ചുമതല.**

### ഭരണഘടനയിലെ അനുബന്ധ വകുപ്പുകൾ

ഭരണഘടന ഗവൺമെന്റിന്റെ അധികാരത്തെ നിയന്ത്രിക്കുന്ന നിയമങ്ങളും ചട്ടങ്ങളും മാത്രമല്ല, സമൂഹത്തിന്റെ പൊതു നന്മക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അധികാരം ഗവൺമെന്റിന് നൽകുകയും ചെയ്യുന്നു.

- ദക്ഷിണാഫ്രിക്കൻ ഭരണഘടന അനേകം ഉത്തരവാദിത്വങ്ങൾ ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി പരിപാലനം, ന്യായരഹിതമായ വിവേചനത്തിന് ഇരയായവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ, എല്ലാവർക്കും പാർപ്പിടം, ആരോഗ്യം തുടങ്ങിയവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പ്രോത്സാഹിപ്പിക്കുവാൻ അത് ഗവൺമെന്റിനോടാവശ്യപ്പെടുന്നു.
- ഇന്തോനേഷ്യൻ ഭരണഘടന ദേശീയ വിദ്യാഭ്യാസ വ്യവസ്ഥ രൂപീകരിക്കാനും നടപ്പാക്കാനും ഗവൺമെന്റിനോടാവശ്യപ്പെടുന്നു. പാവപ്പെട്ടവരും അഗതികളുമായ കുട്ടികളെ ഗവൺമെന്റ് സംരക്ഷിക്കുമെന്നും ഈ ഭരണഘടന ഉറപ്പുനൽകുന്നു.

## ഒരു ജനതയുടെ മൗലിക സ്വത്വം (Fundamental identity of a people)

അവസാനമായി, ഒരു പക്ഷേ ഏറ്റവും പ്രധാനമായി, ഒരു ഭരണഘടന ജനതയുടെ അടിസ്ഥാന സ്വത്വം പ്രകടിപ്പിക്കുന്നു.

ജനങ്ങൾ വ്യതിരിക്തമായ ഒരു കൂട്ടമെന്ന നിലയിൽ നിലവിൽവരുന്നത് അടിസ്ഥാന നിയമമായ ഭരണഘടനയിലൂടെയാണെന്ന് ഇതർത്ഥമാക്കുന്നു. എങ്ങനെ ഒരാൾ ഭരിക്കപ്പെടണം, ആരാണ് ഭരിക്കപ്പെടേണ്ടത്എന്നിവയെ സംബന്ധിച്ച ഒരു കൂട്ടം അടിസ്ഥാന നിയമങ്ങളോട് യോജിക്കുന്നതിലൂടെ ജനങ്ങൾ കൂട്ടായ സ്വത്വത്തിന് രൂപം നൽകുന്നു. ഭരണഘടന നിലവിൽ വരുന്നതിന് മുൻപ് ഒരാൾക്ക് പല തരത്തിലുള്ള സ്വത്വങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ചില അടിസ്ഥാന നിയമങ്ങളോട് യോജിക്കുന്നതിലൂടെ ഒരാൾ അവന്റെ രാഷ്ട്രീയ സ്വത്വത്തിന് രൂപം നൽകുന്നു. രണ്ടാമതായി, ഒരു വ്യക്തിക്ക് തന്റെ അഭിലാഷങ്ങളും ലക്ഷ്യങ്ങളും സ്വാതന്ത്ര്യവും പിൻതുടരുന്നതിനുള്ള ഒരു ചട്ടക്കൂട് ഭരണഘടനാ ചട്ടങ്ങൾ പ്രദാനം ചെയ്യുന്നു. ഒരാൾ എന്തൊക്കെ ചെയ്യാം, എന്തൊക്കെ ചെയ്യാൻ പാടില്ല എന്നിവയുടെമേൽ ആധികാരികമായ നിയന്ത്രണം ഭരണഘടന കൊണ്ടുവരുന്നു. നാം ലംഘിക്കുവാൻ പാടില്ലാത്ത അടിസ്ഥാന മൂല്യങ്ങളെ അത് നിർവ്വചിക്കുന്നു. അതുവഴി ഭരണഘടന ഒരാൾക്ക് ധാർമ്മിക സ്വത്വവും നൽകുന്നു. അവസാനമായി, ഒരുപക്ഷേ ധാരാളം അടിസ്ഥാന രാഷ്ട്രീയ ധാർ

### ഒരു കാർട്ടൂൺ വായിക്കുക




സദാം ഹുസ്സൈന്റെ ഭരണം തകർന്നതിനുശേഷം ഇറാഖിലെ വിവിധ വംശീയ വിഭാഗങ്ങൾക്കിടയിൽ പുതിയ ഭരണഘടന തയ്യാറാക്കുന്നതു സംബന്ധിച്ച് ധാരാളം അഭിപ്രായവ്യത്യാസങ്ങളുണ്ടായി. ഈ വ്യത്യസ്ത ജനവിഭാഗങ്ങൾ എന്തിനു വേണ്ടിയാണ് നില കൊള്ളുന്നത്. യൂറോപ്യൻ യൂണിയൻ, ഇന്ത്യ എന്നിവിടങ്ങളിലുണ്ടായിട്ടുള്ള തർക്കങ്ങളെ സംബന്ധിച്ച് മുൻപ് നൽകിയിട്ടുള്ള കാർട്ടൂണുകളെ ഇവിടെ ചിത്രീകരിച്ചിരിക്കുന്ന കാർട്ടൂണുമായി താരതമ്യം ചെയ്യൂ.

"Iraqi Constitution", John Trever, *Albuquerque Journal*, 18AUG05. Copyright. Cagle Cartoons.

മ്മിക മൂല്യങ്ങൾ വിവിധ ഭരണഘടനകളിൽ പങ്കുവയ്ക്കപ്പെടുന്നത് ഇക്കാരണം കൊണ്ടായിരിക്കാം.

ലോകമെമ്പാടുമുള്ള വിവിധ ഭരണഘടനകൾ പരിശോധിച്ചാൽ, നിർദേശിക്കുന്ന ഗവൺമെന്റിന്റെ പല നടപടിക്രമ വിശദാംശങ്ങളിലും അവ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. ഗവൺമെന്റിന്റെ രൂപത്തിൽ ആവശ്യമായ വിശദാംശങ്ങൾ അവ കൂട്ടിച്ചേർക്കുന്നു. കൂടാതെ ധാരാളം ആശയങ്ങൾ അവ പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട്. മിക്ക ആധുനിക ഭരണഘടനകളും ചില രീതിയിലെങ്കിലും ജനാധിപത്യ ഗവൺമെന്റുകൾക്കാണ് രൂപം നൽകിയിരിക്കുന്നത്. അതോടൊപ്പം ചില അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ അവ പ്രതിനിധാനം ചെയ്യുന്ന സ്വാഭാവിക സ്വത്വത്തിന്റെ കാര്യത്തിൽ ഭരണഘടനകൾ വ്യത്യസ്തമാണ്. സങ്കീർണ്ണമായ ഒരു കൂട്ടം ചരിത്ര പാരമ്പര്യങ്ങളുടെ കൂടിച്ചേരലാണ് മിക്ക രാഷ്ട്രങ്ങളും. രാഷ്ട്രത്തിനുള്ളിൽ അധിവസിക്കുന്ന വ്യത്യസ്ത വിഭാഗങ്ങളെ അവ കോർത്തിണക്കുന്നു. ഉദാഹരണത്തിന് വംശീയതയെ അടിസ്ഥാനമാക്കിയാണ് ജർമ്മൻ സ്വത്വം രൂപീകരിക്കപ്പെട്ടത്. ജർമ്മൻ ഭരണഘടന ഈ സ്വത്വം പ്രകാശിപ്പിക്കുന്നു. നേരെ മറിച്ച് ഇന്ത്യൻ ഭരണഘടന വംശീയ സ്വത്വം പൗരത്വത്തിനുള്ള മാനദണ്ഡമായി കണക്കാക്കുന്നില്ല. കേന്ദ്രഗവൺമെന്റും രാജ്യത്തെ വിവിധ പ്രദേശങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തെ സംബന്ധിച്ച് വിവിധ രാഷ്ട്രങ്ങൾ വ്യത്യസ്ത ധാരണകളാണ് മുന്നോട്ട് വയ്ക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ ദേശീയ സ്വത്വം രൂപീകരിക്കപ്പെടുന്നത് ഇത്തരം ബന്ധങ്ങളിൽ നിന്നാണ്.

### പഠനപുരോഗതി വിലയിരുത്തുക

ഇന്ത്യയിലെയും മറ്റ് ഭരണഘടനകളിലെയും ചില വകുപ്പുകൾ ഇവിടെ നൽകിയിരിക്കുന്നു. ഓരോ വകുപ്പും നിർവ്വഹിക്കുന്ന ചുമതല എഴുതുക.

| | |
|---|---|
| ഗവൺമെന്റ് ഒരുപൗരനോട് ഏതെങ്കിലും ഒരു മതം പിന്തുടരുവാനോ, ഒരു മതവും പിന്തുടരുവാൻ പാടില്ലെന്നോ കല്പിക്കാൻ പാടില്ല. | ഗവൺമെന്റിന്റെ അധികാരത്തിനു മേലുള്ള നിയന്ത്രണം |
| സമ്പത്ത്, വരുമാനം എന്നിവ അടിസ്ഥാനമാക്കിയുള്ള അസമത്വം കുറയ്ക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം. | |
| പ്രധാനമന്ത്രിയെ നിയമിക്കാനുള്ള അധികാരം പ്രസിഡന്റിനുണ്ട്. | |
| എല്ലാവരും അനുസരിക്കേണ്ട പരമോന്നത നിയമമാണ് ഭരണഘടന. | |
| ഏതെങ്കിലും വംശം, ജാതി, മതം എന്നിവയിൽപ്പെട്ടവർക്ക് മാത്രമായി ഇന്ത്യൻ പൗരത്വം പരിമിതപ്പെടുത്തിയിട്ടില്ല. | |

## ഒരു ഭരണഘടനയുടെ ആധികാരികത
## (The Authority of a Constitution)

ഒരു ഭരണഘടന നിർവ്വഹിക്കുന്ന ഏതാനും ചുമതലകൾ നാം രേഖപ്പെടുത്തി. എന്തുകൊണ്ടാണ് മിക്ക സമൂഹങ്ങൾക്കും ഭരണഘടനയുള്ളത് എന്ന് ഈ ചുമതലകൾ വിവരിക്കുന്നു. എന്നാൽ ഭരണഘടനകളെക്കുറിച്ച് നമുക്ക് മൂന്ന് ചോദ്യങ്ങൾ കൂടി ഉന്നയിക്കാം.

എ) എന്താണ് ഒരു ഭരണഘടന ?

ബി) ഒരു ഭരണഘടന എത്രമാത്രം കാര്യക്ഷമമാണ് ?

സി) ഒരു ഭരണഘടന എത്രമാത്രം നീതിയുക്തമാണ് ?

രാഷ്ട്രത്തെക്കുറിച്ച് ഒട്ടേറെ വകുപ്പുകൾ ഉൾക്കൊള്ളുന്ന ഒതുക്കമുള്ള ഒരു പ്രമാണമാണ് മിക്ക രാജ്യങ്ങളിലെയും ഭരണഘടന. രാഷ്ട്രം എങ്ങനെ രൂപീകരിക്കപ്പെട്ടിരിക്കുന്നു എന്നും എന്ത് നിയമങ്ങളാണ് അത് പിൻതുടരേണ്ടത് എന്നും ഇത് വ്യക്തമാക്കുന്നു. ഒരു രാജ്യത്തെ ഭരണഘടനയെക്കുറിച്ച് നാം ചോദിക്കുമ്പോൾ ഈ പ്രമാണമാണ് സാധാരണഗതിയിൽ സൂചിപ്പിക്കുക. എന്നാൽ ബ്രിട്ടൻ പോലുള്ള ചില രാജ്യങ്ങളിൽ ഭരണഘടനയെന്നു വിളിക്കാവുന്ന ഏക പ്രമാണമില്ല. മറിച്ച് പ്രമാണങ്ങളുടെയും തീരുമാനങ്ങളുടെയും ഒരു നിരയെ കൂട്ടായി ഭരണഘടനയെന്നു വിളിക്കുന്നു. അതുകൊണ്ടു തന്നെ മുകളിൽ സൂചിപ്പിച്ച ചുമതലകൾ നിർവ്വഹിക്കുന്ന ഒരു പ്രമാണത്തെ അഥവാ ഒരു കൂട്ടം പ്രമാണങ്ങളെ നമുക്ക് ഭരണഘടനയെന്ന് വിളിക്കാം.

എന്നാൽ ലോകത്ത് ഇന്നു നിലനിൽക്കുന്ന ഭരണഘടനകൾ മിക്കതും കടലാസിൽ മാത്രം ഒതുങ്ങുന്നവയാണ്. അതായത് അവയെല്ലാം ഉപരിപ്ലവമായ വാക്കുകൾ മാത്രമാണെന്നർത്ഥം. നിർണ്ണായക ചോദ്യമിതാണ്: ഒരു ഭരണഘടന എത്രമാത്രം കാര്യക്ഷമമാണ്? അവയെ കാര്യക്ഷമമാക്കുന്നതെന്താണ്? ജനങ്ങളുടെ ജീവിതത്തിൽ ഭരണഘടനയുടെ യഥാർത്ഥ സ്വാധീനം ഉറപ്പുവരുത്തുന്നതെന്താണ്? ഒരു ഭരണഘടന കാര്യക്ഷമമായി മാറ്റുന്നത് വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.



തങ്ങളുടെ ഭരണഘടന നീതിയുക്തമല്ല എന്നു കണ്ടാൽ ജനങ്ങൾ എന്തു ചെയ്യും? ഭരണഘടന കടലാസിൽ മാത്രമൊതുങ്ങിയാൽ ജനങ്ങൾക്ക് എന്ത് സംഭവിക്കും?

### പ്രഖ്യാപന രീതി (Mode of promulgation)

എങ്ങനെ ഒരു ഭരണഘടന നിലവിൽ വന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഭരണഘടന തയ്യാറാക്കിയത് ആരാണ്, എത്രമാത്രം അധികാരം അവർക്കതിനുണ്ടായിരുന്നു? വിവിധ രാജ്യങ്ങളിൽ ഭരണഘടന പ്രവർത്തനരഹിതമാണ് എന്തുകൊണ്ടെന്നാൽ അവ തയ്യാറാക്കിയത് സൈനിക മേധാവികളോ, ജനങ്ങളെ തങ്ങളോടൊപ്പം നിർത്താൻ കഴിവില്ലാത്ത ജനപിന്തുണയില്ലാത്ത നേതാക്കൻമാരോ ആണ്. ഇന്ത്യ, ദക്ഷിണാഫ്രിക്ക,

അമേരിക്കൻ ഐക്യനാടുകൾ തുടങ്ങിയ രാജ്യങ്ങളിലേതുപോലെ ഏറ്റവും വിജയകരമായ ഭരണഘടനകൾ ദേശീയ പ്രസ്ഥാനത്തിനു ശേഷം നിർമ്മിക്കപ്പെട്ടവയാണ്. 1946 ഡിസംബറിനും 1949 നവംബറിനും ഇടയ്ക്ക് പ്രവർത്തിച്ച ഭരണഘടനാ നിർമ്മാണ സഭയാണ് ഇന്ത്യൻ ഭരണഘടന ഔപചാരികമായി തയ്യാറാക്കിയത്. എങ്കിലും ഇന്ത്യൻ സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളെ ഒത്തൊരുമിച്ച് കൊണ്ടുപോകുന്നതിൽ അസാമാന്യ കഴിവു പ്രകടിപ്പിച്ച ദേശീയ പ്രസ്ഥാനത്തിന്റെ ദീർഘകാല ചരിത്രത്തെ അത് ഉൾക്കൊള്ളുന്നു. പൊതുസമ്മതരായ നേതാക്കൾ ചേർന്നാണ് ഭരണഘടന തയ്യാറാക്കിയത് എന്നതുകൊണ്ട് തന്നെ വലിയ പൊതുസമ്മതി അതിനു ലഭിക്കുകയുണ്ടായി. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ആദരവ് നേടാൻ കഴിഞ്ഞവരും, വ്യക്തിപരമായ അധികാര താൽപ്പര്യങ്ങൾക്കുള്ള ഉപകരണമല്ല ഭരണഘടന എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞവരുമാണ് ഭരണഘടന തയ്യാറാക്കിയത്. അതുകൊണ്ടു തന്നെ ഈ ഭരണഘടന പൊതുവായി രൂപപ്പെടുത്തിയ ദേശീയ അഭിപ്രായ സമന്വയത്തെ പ്രതിഫലിപ്പിച്ചു.

ചില രാജ്യങ്ങൾ തങ്ങളുടെ ഭരണഘടന ഒരു സമ്പൂർണ്ണ ജനഹിത പരിശോധനയ്ക്ക് (Referendum) വിധേയമാക്കുകയുണ്ടായി. ഭരണഘടനയുടെ ആവശ്യകതയെക്കുറിച്ച് എല്ലാ ജനങ്ങളും ഇവിടെ വോട്ട് രേഖപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടന ഇത്തരമൊരു ജനഹിത പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും ജനങ്ങളുടെ അളവറ്റ പിന്തുണയും അംഗീകാരവും അതിനുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ജനകീയ അംഗീകാരമുള്ള നേതാക്കളുടെ യോജിച്ച പിന്തുണ അതിനുണ്ടായിരുന്നു. ഭരണഘടന ജനഹിത പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടിട്ടില്ലെങ്കിലും അതിലെ വ്യവസ്ഥകൾ അനുസരിച്ചുകൊണ്ട് ജനങ്ങൾ അതിനെ അവരുടെ സ്വന്തമായി സ്വീകരിച്ചു. അതുകൊണ്ടുതന്നെ, ഭര

### നേപ്പാളിലെ ഭരണഘടനാ നിർമ്മാണത്തെക്കുറിച്ചുള്ള സംവാദം

ഭരണഘടനാ നിർമ്മാണ പ്രക്രിയ സുഗമവും ലളിതവുമായ ഒന്നല്ല. ഭരണഘടനാ നിർമ്മാണത്തിന്റെ സങ്കീർണ്ണത വെളിപ്പെടുത്തുന്ന ഉദാഹരണമാണ് നേപ്പാൾ. 1948 മുതൽ 1990 വരെ നേപ്പാൾ അഞ്ച് ഭരണഘടനകൾ നിർമ്മിച്ചു. 1948, 1951, 1959, 1962, 1990 എന്നിങ്ങനെ. നേപ്പാൾ രാജാവാണ് ഈ ഭരണഘടനകളെല്ലാം തയ്യാറാക്കി നൽകിയത്. അന്തിമ അധികാരം രാജാവിനായിരുന്നു. എങ്കിലും 1990 ലെ ഭരണഘടന ബഹുകക്ഷി സമ്പ്രദായം (Multi Party System) കൊണ്ടു വന്നു. രാജ്യത്തെ ഗവൺമെന്റ് പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു ദശാബ്ദക്കാലം തീവ്രമായ രാഷ്ട്രീയ സമരങ്ങളുണ്ടായി. നേപ്പാൾ ഭരണഘടനയിൽ രാജാവിന്റെ പങ്കെന്തായിരിക്കണമെന്നതായിരുന്നു പ്രധാന വിഷയം. ചില വിഭാഗങ്ങൾ നേപ്പാളിൽ രാജഭരണം അവസാനിപ്പിക്കാനും റിപ്പബ്ലിക്കൻ ഗവൺമെന്റ് സ്ഥാപിക്കാനും ആഗ്രഹിച്ചു. രാജാവിന് കുറച്ച് അധികാരം മാത്രമുള്ള പരിമിത രാജഭരണത്തിലേക്ക് മാറണമെന്ന് മറ്റ് ചിലർ കരുതി. രാജാവാകട്ടെ, തന്റെ അധികാരങ്ങൾ ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല. 2002 ഒക്ടോബറിൽ രാജാവ് എല്ലാ അധികാരങ്ങളും കൈയ്യടക്കി.

വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും പുതിയ ഭരണഘടനാ നിർമ്മാണ സഭ രൂപീകരിക്കണമെന്നാവശ്യപ്പെട്ടു. ജനകീയമായി തെരഞ്ഞെടുക്കപ്പെട്ട ഭരണഘടനാ നിർമ്മാണ സഭയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ (മാവോയിസ്റ്റ്) മുൻനിരയിൽ ഉണ്ടായിരുന്നു. സമരം ചെയ്യുന്ന പാർട്ടികൾക്ക് സ്വീകാര്യമായ ഒരു ഗവൺമെന്റ് സ്ഥാപിക്കുവാൻ അവസാനം രാജാവ് നിർബന്ധിതനായി. ഈ ഗവൺമെന്റ് രാജാവിന്റെ മിക്ക അധികാരങ്ങളും നീക്കം ചെയ്തു. 2008ൽ നേപ്പാൾ രാജഭരണം അവസാനിപ്പിച്ച് ഒരു ജനാധിപത്യ റിപ്പബ്ലിക്കായി മാറി. അന്തിമായി 2015ൽ നേപ്പാൾ പുതിയ ഭരണഘടന സ്വീകരിച്ചു.

ണഘടന തയ്യാറാക്കിയ വ്യക്തികളുടെ പൊതുസമ്മതി ഭരണഘടനയുടെ വിജയസാദ്ധ്യതയെ ഒരു പരിധിവരെ ഉറപ്പാക്കുന്നു.

## ഒരു ഭരണഘടനയിലെ മുഖ്യ വ്യവസ്ഥകൾ (The substantive provisions of a constitution)

ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകളുമായി ഒത്തുപോകുവാൻ എല്ലാവർക്കും എന്തെങ്കിലും ചില കാരണങ്ങൾ ഉണ്ടാകുക എന്നത് ഒരു വിജയിച്ച ഭരണഘടനയുടെ മുഖമുദ്രയാണ്. ഉദാഹരണത്തിന് ഭൂരിപക്ഷ വിഭാഗം ന്യൂനപക്ഷ വിഭാഗങ്ങളെ അടിച്ചമർത്തുന്നു എങ്കിൽ അവർ ഭരണഘടനയുമായി യോജിച്ചു പോവുകയില്ല. ഒരു വിഭാഗം ജനതയുടെ ചെലവിൽ കുറച്ചു പേർ പ്രബലരായി മാറുകയും സമൂഹത്തിലെ ചെറിയ വിഭാഗങ്ങളുടെ അധികാരം വ്യവസ്ഥാപിതമായി ഉറപ്പിക്കുകയും ചെയ്യുന്ന ഭരണഘടനകൾ എല്ലാവർക്കും സ്വീകാര്യമാവുകയില്ല. തങ്ങളുടെ സ്വത്വം അടിച്ചമർത്തപ്പെടുന്നു എന്ന് ഏതെങ്കിലും ഒരു വിഭാഗത്തിന് തോന്നിയാൽ അവർ ഭരണഘടനയെ അനുസരിക്കുകയില്ല. ഒരു ഭരണഘടനയും സമ്പൂർണ്ണനീതി ഉറപ്പാക്കുന്നില്ല. എന്നാൽ അടിസ്ഥാന നീതി ഉറപ്പാക്കുന്നതിനുള്ള ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നു എന്ന് അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

ഈ ചിന്താപരീക്ഷണം നിങ്ങൾ ചെയ്യുക. നിങ്ങളോടുതന്നെ ഈ ചോദ്യം ചോദിക്കുക. സമൂഹത്തിലെ എല്ലാവർക്കും യോജിച്ചുപോകാൻ കാരണമാവുന്ന ചില അടിസ്ഥാന നിയമങ്ങളുടെ ഉള്ളടക്കം എന്തായിരിക്കണമെന്നാണ് നിങ്ങൾ കരുതുന്നത്?

ഭരണഘടന അതിൽ അംഗമാകുന്നവരുടെ സ്വാതന്ത്ര്യവും സമത്വവും എത്രമാത്രം സംരക്ഷിക്കുന്നുവോ അതിനനുസൃതമായി അത് വിജയിക്കാനുള്ള സാദ്ധ്യതയും കൂടും. വിശാലമായ അർത്ഥത്തിൽ ഇന്ത്യൻ ഭരണഘടന എല്ലാവർക്കും അതിനോട് യോജിക്കാൻ കഴിയുന്ന ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നുണ്ടോ? ഈ പുസ്തകം പഠിച്ചതിനുശേഷം ഇതിനെ സാധൂകരിക്കുന്ന ഉത്തരങ്ങൾ നൽകുവാൻ നിങ്ങൾക്ക് കഴിയും.

## സന്തുലിത സ്ഥാപന രൂപരേഖ (Balanced institutional design)

ഭരണഘടന സാധാരണയായി അട്ടിമറിക്കപ്പെടുന്നത് ജനങ്ങളാലല്ല മറിച്ച് തങ്ങളുടെ അധികാരം വർദ്ധിപ്പിക്കാനാഗ്രഹിക്കുന്ന ആളുകളാൽ ആണ്. മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഭരണഘടനകൾ സമൂഹത്തിൽ അധികാരം വിഭജിച്ചു നൽകുകയും ഭരണഘടന അട്ടിമറിക്കപ്പെടുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നു. ഒരു സ്ഥാപനവും അധികാരത്തിന്റെ കുത്തക നേടുന്നില്ല എന്ന് ബുദ്ധിപരമായ രൂപകൽപ്പനയിലൂടെ ഉറപ്പാക്കുകയാണ് ഒരു മാർഗ്ഗം. വിവിധ സ്ഥാപനങ്ങൾക്കിടയിൽ അധികാരം വിഭജിച്ച് നൽകുന്നതിലൂടെയാണ് ഇത് നടപ്പാക്കുക. ഉദാഹരണത്തിന് ഇന്ത്യൻ ഭരണഘടന, നിയമനിർമ്മാണ വിഭാഗം,

**കാർട്ടൂൺ കാണുക**




"Castle of Cards", Ares, copyright Cagle Cartoons, SEP05

എന്തുകൊണ്ടാണ് കാർട്ടൂണിസ്റ്റ് ഇറാഖി ഭരണഘടനയെ ചീട്ടുകൊട്ടാരം എന്ന് വിശേഷിപ്പിക്കുന്നത്. ഈ വിശേഷണം ഇന്ത്യൻ ഭരണഘടനയ്ക്ക് ബാധകമാണോ?

കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം, ഭരണഘടനാ സ്ഥാപനമായ തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നീ സ്ഥാപനങ്ങൾക്കിടയിൽ അധികാരം സമാന്തരമായി വിഭജിച്ചു നൽകുന്നു. ഏതെങ്കിലും ഒരു സ്ഥാപനം ഭരണഘടനയെ അട്ടിമറിക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് നിയന്ത്രിക്കാൻ മറ്റ് സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് ഇതിലൂടെ ഉറപ്പാക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ വിജയകരമായ നിലനിൽപ്പിന് സഹായകമായി മാറിയത് ഇത്തരത്തിൽ ബുദ്ധിപരമായി രൂപം നൽകിയ പരസ്പര നിയന്ത്രW h pw k ´ pe⅄ h pw (Checks and Balances) ആണ്.

ഭരണഘടനകൾ ചില മൂല്യങ്ങൾ, ആശയങ്ങൾ, നടപടികൾ എന്നിവ ആധികാരികമെന്ന നിലയ്ക്ക് മുറുകെ പിടിക്കുകയും അതേസമയം അതിന്റെ പ്രവർത്തനത്തിൽ പരമാവധി വഴക്കം കാണിച്ചുകൊണ്ട് മാറിവരുന്ന ആവശ്യങ്ങളും സാഹചര്യങ്ങളും ഉൾക്കൊണ്ട് സന്തുലിതാവസ്ഥ സൃഷ്ടിക്കുകയും വേണം എന്നതാണ് ബുദ്ധിപരമായ സ്ഥാപന നിർമ്മിതിയുടെ മറ്റൊരു പ്രധാന വശം. വളരെയധികം ദൃഢമായ (rigid) ഭരണഘടനകൾ മാറ്റത്തിനുവേണ്ടിയുള്ള മുറവിളിയാൽ തകരാനാണ് സാദ്ധ്യത. അതേസമയം വളരെയധികം അയവുള്ള (Flexible) ഭരണഘടനയാണെങ്കിൽ ജനങ്ങൾക്ക് സുരക്ഷയോ, ദീർഘ ദർശിത്വമോ, സ്വത്വമോ നൽകുകയില്ല. വിജയകരമായ ഭരണഘടനകൾ അതുകൊണ്ട് അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിലും സാഹചര്യങ്ങൾക്കനുസൃതമായി മാറുന്നതിലും ശരിയായ സന്തുലിതാവസ്ഥ നിലനിർത്തുന്നു. "ഭരണഘടന ഒരു സജീവ പ്രമാണമെന്ന \ re b nÂ " F ¶ A ² ymb-¯ nÂ (Chapter IX) ഇന്ത്യൻ ഭരണഘടനാ നിർമ്മാതാക്കളുടെ ഈ ധിഷണ നിങ്ങൾക്കു കാണുവാൻ കഴിയും. ഇന്ത്യൻ ഭരണഘടനയെ ഒരു ജീവനുള്ള ഒരു പ്രമാണമായി കണക്കാക്കുന്നു. വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനുള്ള സാദ്ധ്യതയും എന്നാൽ അത്തരത്തിലുള്ള മാറ്റങ്ങൾക്കുള്ള പരിധിയും തമ്മിലുള്ള ഒരു സന്തുലിതാവസ്ഥ നിലനിർത്തുന്നതിലൂടെ ഭരണഘടന ജനങ്ങൾ ആദരിക്കുന്ന ഒരു പ്രമാണമായി നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നു. ഒരു വിഭാഗത്തിനും ഭരണഘടനയെ അട്ടിമറിക്കാൻ കഴിയില്ല എന്നും ഈ സംവിധാനത്തിലൂടെ ഉറപ്പാക്കപ്പെടുന്നു. അതുകൊണ്ടു തന്നെ ഭരണഘടന ആധികാരികമാണോ എന്ന് നിർണ്ണയിക്കുന്നത് സംബന്ധിച്ച് നിങ്ങൾക്ക് മൂന്നു ചോദ്യങ്ങൾ സ്വയം ഉന്നയിക്കാം.

- ഭരണഘടന തയ്യാറാക്കിയ വ്യക്തികൾ വിശ്വാസയോഗ്യരാണോ? ഈ അദ്ധ്യായത്തിന്റെ ബാക്കി ഭാഗത്ത് ഈ ചോദ്യത്തിന് ഉത്തരം നൽകാം.

- രണ്ടാമതായി ഭരണഘടനയെ അട്ടിമറിക്കാൻ ആർക്കും കഴിയാത്ത തരത്തിൽ അധികാരം ബുദ്ധിപൂർവ്വം വിതരണം ചെയ്തിട്ടുണ്ട് എന്ന് ഭരണഘടന ഉറപ്പാക്കുന്നുണ്ടോ? അതുപോലെതന്നെ ഭരണഘടനയുമായി ഒത്തുപോകുവാൻ അത് ഓരോരുത്തർക്കും എന്തെങ്കിലും നൽകുന്നുണ്ടോ? ഈ ചോദ്യത്തെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്.
- അതുപോലെ തന്നെ ജനങ്ങളുടെ പ്രതീക്ഷകൾ, അഭിലാഷങ്ങൾ എന്നിവക്ക് ഭരണഘടന ഉചിതമായ സ്ഥാനം നൽകുന്നുണ്ടോ? ജനങ്ങളുടെ സ്വമനസ്സാലെയുള്ള അംഗീകാരം അഥവാ കൂറ് ഭരണഘടനയ്ക്ക് ലഭിക്കുന്നത് ഭരണഘടന നീതിയുക്തമാണോ എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ അന്തർലീനമായിരിക്കുന്ന നീതിയുടെ തത്ത്വങ്ങൾ എന്തെല്ലാമാണ്? ഈ പുസ്തകത്തിന്റെ അവസാന അദ്ധ്യായം ഇതിനുള്ള ഉത്തരം നൽകും.

## ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയതെങ്ങനെ?
## (How was the Indian Constitution made?)

ഇന്ത്യൻ ഭരണഘടന എങ്ങനെയാണ് രൂപപ്പെടുത്തിയത് എന്ന് നമുക്ക് പരിശോധിക്കാം. അവിഭക്ത ഇന്ത്യയ്ക്കുവേണ്ടി തെരഞ്ഞെടുത്ത ഭരണഘടനാ നിർമ്മാണ സഭയാണ് (Constituent Assembly) ഔപചാരികമായി ഭരണഘടന രൂപീകരിച്ചത്. ആദ്യ സമ്മേളനം 1946 ഡിസംബർ 9–ാം തീയതി നടന്നു. ഇന്ത്യാ വിഭജനത്തെ തുടർന്നു ഭരണഘടനാ നിർമ്മാണ സഭയെന്ന നിലയിൽ 1947 – ആഗസ്റ്റ് 14 ന് വീണ്ടും സമ്മേളിച്ചു. 1935 – ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റിലൂടെ സ്ഥാപിക്കപ്പെട്ട പ്രവിശ്യാ നിയമ നിർമ്മാണ സഭകളിലെ അംഗങ്ങൾ പരോക്ഷ തെരഞ്ഞെടുപ്പിലൂടെയാണ് ഭരണഘടനാ നിർമ്മാണസഭയിലെ അംഗങ്ങളെ തെരഞ്ഞെടുത്തത്. ക്യാബിനറ്റ് മിഷൻ എന്നറിയപ്പെട്ട ബ്രിട്ടീഷ് ക്യാബിനറ്റ് കമ്മിറ്റി നിർദ്ദേശിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് ഭരണഘടനാ നിർമ്മാണ സഭ രൂപീകരിച്ചത്. ഈ പദ്ധതിയനുസരിച്ച് :

- ജനസംഖ്യാനുപാതികമായി ഓരോ പ്രവിശ്യയ്ക്കും ഓരോ നാട്ടുരാജ്യത്തിനും അല്ലെങ്കിൽ രാജ്യങ്ങളുടെ കൂട്ടത്തിനും സീറ്റുകൾ അനുവദിക്കുകയുണ്ടായി. 1 : 10,00,000 എന്നതായിരുന്നു ഏകദേശ അനുപാതം. ഇതിന്റെ ഫലമായി ബ്രിട്ടീഷ് പ്രവിശ്യകളിൽ നിന്നും (ബ്രിട്ടന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ) 292 അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. നാട്ടുരാജ്യങ്ങൾക്ക് 93 സീറ്റുകളും അനുവദിച്ചു.
- ഓരോ പ്രവിശ്യയിലെയും സീറ്റുകൾ അവരവരുടെ ജനസംഖ്യാനുപാതമനുസരിച്ച് മുസ്ലീങ്ങൾ, സിഖുകാർ, പൊതുവിഭാഗം (General) എന്നിങ്ങനെ മൂന്നു മുഖ്യവിഭാഗങ്ങൾക്കിടയിൽ വീതിച്ചു നൽകി.
- ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിലെ ഏക കൈമാറ്റ വോട്ടു സമ്പ്രദായമനുസരിച്ച് (Single Transferable Vote system) പ്രവിശ്യാ നിയമ നിർമ്മാണ

സഭയിലെ ഓരോ സമുദായത്തിലുംപെട്ട അംഗങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു.

- നാട്ടുരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ കൂടിയാലോചനയിലൂടെ നിശ്ച യിക്കുവാനും തീരുമാനിച്ചു.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: http://parliamentofindia.nic.in/ls/debates/facts.htm

**നമ്മുടെ രാഷ്ട്രീയ ജനാധിപത്യത്തെ ഒരു സാമൂഹ്യ ജനാധിപത്യമാക്കി നാം മാറ്റേണ്ടതുണ്ട്. സാമൂഹ്യ ജനാധിപത്യത്തിന്റെ അടിത്തറയിലല്ലാതെ രാഷ്ട്രീയ ജനാധിപത്യത്തിന് കൂടുതൽ കാലം നിലനിൽക്കാൻ കഴിയില്ല. സാമൂഹ്യ ജനാധിപത്യം കൊണ്ട് അർത്ഥമാക്കുന്നതെന്താണ്? സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ജീവിത തത്ത്വങ്ങളെ അംഗീകരിക്കുന്ന ഒരു ജീവിത രീതിയെന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ത്രിത്വത്തിലെ (trinity) വ്യത്യസ്ത ഘടകങ്ങളെന്ന രീതിയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്ത്വങ്ങൾ കണക്കാക്കേണ്ടതില്ല. ഒന്നിനെ മറ്റൊന്നിൽ നിന്നും വേർപെടുത്താനുള്ള ശ്രമം ജനാധിപത്യത്തിന്റെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തുന്നതിന് തുല്യമാകും. സ്വാതന്ത്ര്യത്തെ സമത്വത്തിൽ നിന്നും സമത്വത്തെ സ്വാതന്ത്ര്യത്തിൽ നിന്നും വേർപിരിക്കുക സാദ്ധ്യമല്ല. സമത്വമില്ലാത്ത സ്വാതന്ത്ര്യം ഭൂരിപക്ഷത്തിനുമേൽ ചുരുക്കം ചിലരുടെ മേധാവിത്വത്തിന് ഇടയാക്കും. സ്വാതന്ത്ര്യമില്ലാത്ത സമത്വം വ്യക്തികളുടെ മുൻകൈയ്യെടുക്കൽ ഇല്ലാതാക്കും. സാഹോദര്യമില്ലാതെ സ്വാതന്ത്ര്യവും സമത്വവും സ്വാഭാവികത കൈവരിക്കില്ല.**

ഡോ. ബി.ആർ. അംബേദ്കർ, സി.എ.ഡി., Vol.XI, പേജ്.979,25 നവംബർ 1949

*സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ തത്ത്വങ്ങൾ നിങ്ങളുടെ ക്ലാസ്മുറികളിൽ നിലനിൽക്കുന്നുണ്ടോ? അവ എങ്ങനെയാണ് സഹവർത്തിത്വം പുലർത്തുന്നത്: ഇത് നിങ്ങളുടെ സുഹൃത്തുക്കളുമായി ചർച്ച ചെയ്യുക.*

ഒരു ഭരണഘടനയെ കാര്യക്ഷമവും ആദരണീയവുമാക്കുന്ന മൂന്ന് ഘടകങ്ങളാണ് ഇതിന് മുൻപ് ചർച്ച ചെയ്തത്. ഇന്ത്യൻ ഭരണഘടന ഈ പരീക്ഷയിൽ എത്രത്തോളം വിജയിച്ചു?

## ഭരണഘടനാനിർമ്മാണ സഭയുടെ ഘടന
## (Composition of the Constituent Assembly)

1947 ജൂൺ 3 ലെ പദ്ധതി അടിസ്ഥാനമാക്കി ഇന്ത്യ വിഭജിച്ചതിന്റെ ഫലമായി പാക്കിസ്ഥാനിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ ഭരണഘടനാനിർമ്മാണ സഭയിലെ അംഗങ്ങളല്ലാതായി. ഇതോടെ ഭരണഘടനാ നിർമ്മാണ സഭയിലെ അംഗസംഖ്യ 299 ആയി കുറഞ്ഞു. 1949 നവംബർ 26ന് ഈ ഭരണഘടന അംഗീകരിക്കപ്പെട്ടു. അവരിൽ 284 പേർ 1950 ജനുവരി 24 ന് അന്തിമമായി ഭരണഘടന പാസ്സാക്കിയപ്പോൾ ഒപ്പുവയ്ക്കാനുണ്ടായിരുന്നു. 1950 ജനുവരി 26ന് ഈ ഭരണഘടന നിലവിൽ വന്നു. ഉപഭൂഖണ്ഡത്തിന്റെ വിഭജനത്തെ തുടർന്ന് കെട്ടഴിച്ചുവിട്ട ഭീകരമായ അക്രമങ്ങളുടെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ഭരണഘടന തയ്യാറാക്കിയത്. തീവ്രമായ സമ്മർദ്ദത്തിൽ നിന്നുകൊണ്ടും വിഭജനത്തെ തുടർന്നുണ്ടായ സങ്കൽപ്പിക്കാൻ കഴിയാത്ത കലാപങ്ങളിൽ നിന്ന് ശരിയായ പാഠമുൾക്കൊണ്ടും ഭരണഘടന തയ്യാറാക്കുന്നതിൽ അസാമാന്യമായ മനക്കരുത്ത് ഭരണഘടനാ നിർമ്മാ



ഇന്ത്യയിലെ എല്ലാ ജനങ്ങളും ചേർന്ന് ഭരണഘടനാനിർമ്മാണ സഭയെ തെരഞ്ഞെടുത്തിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അത് ഇപ്പോഴത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുക്കുമോ?

താക്കൾ പ്രകടിപ്പിച്ചു. ഒരു പുതിയ പൗരത്വ സങ്കൽപ്പത്തിന് ഭരണഘടന രൂപം നൽകി. ഇവിടെ ന്യൂനപക്ഷ വിഭാഗങ്ങൾ സുരക്ഷിതരായിരിക്കുമെന്നും അതേ സമയം മതപരമായ സ്വത്വം പൗരത്വ അവകാശത്തിന് മാനദണ്ഡമായിരിക്കില്ലെന്നും വ്യക്തമാക്കപ്പെട്ടു.

നമ്മുടെ ഭരണഘടനാ നിർമ്മാണസഭയുടെ ഘടനയെക്കുറിച്ചുള്ള ഈ വിവരണം ഭരണഘടന എങ്ങനെ തയ്യാറാക്കി എന്നതിന്റെ ഉപരിപ്ലവമായ ഒരു ചിത്രീകരണം മാത്രമാണ്. സാർവ്വത്രിക വോട്ടവകാശത്തെ അടിസ്ഥാനമാക്കിയല്ല ഭരണഘടനാനിർമ്മാണ സഭയിലെ അംഗങ്ങളെ തെരഞ്ഞെടുത്തത്. എന്നിരുന്നാലും ഭരണഘടനാനിർമ്മാണ സഭയെ പ്രാതിനിധ്യ സ്വഭാവമുള്ളതാക്കാൻ ഗൗരവമായ ശ്രമങ്ങൾ നടന്നു. മുകളിൽ സൂചിപ്പിച്ച പദ്ധതിയനുസരിച്ച് എല്ലാ മതവിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകിയിരുന്നു. ഇതു കൂടാതെ, പട്ടികവിഭാഗത്തിൽപ്പെട്ട 28 അംഗങ്ങളും സഭയിൽ ഉണ്ടായിരുന്നു. രാഷ്ട്രീയപാർട്ടികളുടെ അടിസ്ഥാനത്തിലാണെങ്കിൽ 82% സീറ്റുകൾ കൈവശപ്പെടുത്തിയ കോൺഗ്രസ്സിനായിരുന്നു അസംബ്ലിയിൽ മേധാവിത്വം. എല്ലാവിധ അഭിപ്രായങ്ങളെയും ഉൾക്കൊള്ളുന്ന വൈവിദ്ധ്യങ്ങളെ അംഗീകരിക്കുന്ന പാർട്ടിയായിരുന്നു കോൺഗ്രസ്സ്.

## വിചിന്തന തത്ത്വം (The Principle of Deliberation)

പ്രാതിനിധ്യ സ്വഭാവത്തിൽ നിന്നു മാത്രമല്ല ഭരണഘടനാ നിർമ്മാണ സഭയുടെ ആധികാരികത വെളിവാകുന്നത്. ഭരണഘടന തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ, അതിലെ അംഗങ്ങൾ അവരുടെ ചർച്ചകളിൽ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ എന്നിവയും ആധികാരികത നിർണ്ണയിക്കുന്നതിൽ പ്രധാനഘടകങ്ങളാണ്. പ്രാതിനിധ്യ സ്വഭാവം അവകാശപ്പെടുന്ന ഒരു സഭയെന്ന നിലയിൽ, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ അതിൽ പങ്കെടുക്കുന്നത് സ്വന്തം സ്വത്വത്തിന്റെയോ സമുദായത്തിന്റെയോ പ്രതിനിധികൾ എന്ന നിലയിൽ മാത്രമല്ല, മറിച്ച് രാജ്യത്തിന്റെ മൊത്തം താൽപ്പര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടാണ്. അംഗങ്ങൾക്കിടയിൽ പലപ്പോഴും വിയോജിപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ ഇവയൊന്നും അംഗങ്ങളുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയായിരുന്നില്ല.

അടിസ്ഥാന തത്ത്വങ്ങളിൽ ന്യായമായും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. ഈ അഭിപ്രായ വ്യത്യാസങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയായിരുന്നു. ഇന്ത്യ സ്വീകരിക്കേണ്ടത് കേന്ദ്രീകൃത ഗവൺമെന്റാണോ വികേന്ദ്രീകൃത ഗവൺമെന്റാണോ? സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണം? നീതിന്യായ വിഭാഗത്തിന്റെ അധികാരം എന്തായിരിക്കണം? ഭരണഘടന സ്വത്തവകാശം സംരക്ഷിക്കേണ്ടതുണ്ടോ? എന്നിങ്ങനെ ആധുനിക രാഷ്ട്രത്തിന് അടി

ത്തറയിടുന്ന മിക്കവാറും എല്ലാ വിഷയങ്ങളും അതീവ താൽപ്പര്യത്തോടെ ചർച്ച ചെയ്യപ്പെട്ടു. ഭിന്നാഭിപ്രായമൊന്നും കൂടാതെ പാസ്സാക്കപ്പെട്ടത് ഭരണഘടനയിലെ ഒരേ ഒരു വകുപ്പാണ്. സാർവ്വത്രിക വോട്ടവകാശത്തെ സംബന്ധിച്ച് ആയിരുന്നു അത്. നിശ്ചിതപ്രായമെത്തിയ എല്ലാ പൗരന്മാർക്കും മതം, ജാതി, വിദ്യാഭ്യാസം, ലിംഗവ്യത്യാസം, വരുമാനം എന്നിവയൊന്നും പരിഗണിക്കാതെ വോട്ടുചെയ്യാനുള്ള അവകാശം നൽകുമെന്നാണ് അതിനർത്ഥം. ആർക്കെല്ലാം വോട്ടവകാശം നൽകണം എന്ന വിഷയം ചർച്ച ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചു. അതേസമയം മറ്റെല്ലാ വിഷയങ്ങളും ഗൗരവമായ ചർച്ചകൾക്കും സംവാദങ്ങൾക്കും വിധേയമാക്കി. ഭരണഘടനാനിർമ്മാണ സഭയുടെ ജനാധിപത്യ പ്രതിബദ്ധതക്ക് ഇതു തന്നെയാണ് ഏറ്റവും വലിയ സാക്ഷ്യപത്രം.



ഭരണഘടനാ നിർമ്മാണ സഭയുടെ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദും ഡ്രാഫ്റ്റിംങ് കമ്മിറ്റിയുടെ ചെയർമാൻ ഡോ. ബി.ആർ അംബേദ്കറും പരസ്പരം അഭിവാദ്യം ചെയ്യുന്നു.

...... ഡ്രാഫ്റ്റിങ് കമ്മിറ്റി അംഗങ്ങൾ, പ്രത്യേകിച്ചും അതിന്റെ ചെയർമാനായ ഡോ.ബി.ആർ. അംബേദ്കർ സ്വന്തം അനാരോഗ്യം പോലും വകവയ്ക്കാതെ അത്യുൽസാഹത്തോടും അർപ്പണമനോഭാവത്തോടെയും പ്രവർത്തിച്ചു എന്ന് മറ്റാരേക്കാളും നന്നായി ഞാൻ മനസ്സിലാക്കി. ഡ്രാഫ്റ്റിങ് കമ്മിറ്റിയിൽ അംഗമായും പിന്നീട് അതിന്റെ ചെയർമാനായും അംബേദ്കറെ നിയമിക്കാൻ നാമെടുത്ത തീരുമാനത്തിന്റെയത്രയും ശരിയായ മറ്റൊരു തീരുമാനവും നമുക്ക് എടുക്കുവാൻ കഴിയുമായിരുന്നില്ല. തന്റെ തെരഞ്ഞെടുക്കലിനെ അദ്ദേഹം അന്വർത്ഥമാക്കിയെന്നു മാത്രമല്ല, ഏൽപ്പിച്ച ജോലി ദീപ്തമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റിയിലെ അംഗങ്ങൾക്കിടയിൽ അവരുടെ പ്രവർത്തനങ്ങളെ വേർതിരിച്ചു കാണുക അനവസരത്തിലുള്ളതായിരിക്കും. ചെയർമാനെപ്പോലെതന്നെ അവരെല്ലാവരും അത്യുൽസാഹത്തോടും അർപ്പണമനോഭാവത്തോടും പ്രവർത്തിച്ചു എന്ന് എനിക്കറിയാം. അവർ രാജ്യത്തിന്റെ ആദരവും നന്ദിയും അർഹിക്കുന്നു. "

ഡോ. രാജേന്ദ്രപ്രസാദ്, സിഎഡി, Vol. XI, പേജ്.994, 26 നവംബർ 1949

'പൊതുകാരണം' (Public Reason) അടിസ്ഥാനമാക്കിയാണ് അംഗങ്ങൾ ഭരണഘടനാനിർമ്മാണ സഭയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത് എന്നതിൽനിന്നും ഭരണഘടന അതിന്റെ ആധികാരികത നേടുന്നു. ചർച്ചകൾക്കും യുക്തിസഹമായ വാദങ്ങൾക്കുമാണ് ഭരണഘടനാനിർമ്മാണ സഭയിലെ അംഗങ്ങൾ വലിയ ഊന്നൽ നൽകി. തങ്ങളുടെ സ്വന്തം താൽപ്പര്യങ്ങൾ വെറുതെ മുന്നോട്ടു വയ്ക്കുകയല്ല അവർ ചെയ്തത്. നേരെമറിച്ച്, തങ്ങളുടെ നിലപാടുകൾക്കുള്ള തത്ത്വാധിഷ്ഠിത കാരണങ്ങൾ മറ്റ് അംഗങ്ങളെ ബോധ്യപ്പെടുത്തി. നിങ്ങളുടെ നിലപാടുകളുമായി മറ്റുള്ളവർ ചേർന്നു പോകണമെങ്കിൽ അവർ എന്തുകൊണ്ട് അതുമായി ചേർന്നുപോകണമെന്ന് നിങ്ങൾ അവരെ ബോധ്യപ്പെടുത്തണം. ഭരണഘടനാനിർമ്മാണ സഭയിലെ ദീർഘമായ സംവാദങ്ങൾ വഴി ഭരണഘടനയിലെ ഓരോ വകുപ്പും സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കിയെന്നത് 'പൊതുകാരണ'ത്തിനുള്ള ഏറ്റവും വലിയ അംഗീകാരമാണ്. സ്വന്തം താല്പര്യങ്ങൾ മാത്രം എന്ന സങ്കുചിത ചിന്താഗതിയിൽനിന്ന് അകന്നുമാറുവാൻ മറ്റുള്ളവർക്ക് ന്യായമെന്ന് തോന്നുന്ന നിങ്ങളുടെ പ്രവർത്തികൾ നിങ്ങളെ സഹായിക്കും. ഫ്രഞ്ച്, അമേരിക്കൻ വിപ്ലവങ്ങളുടെ പ്രാധാന്യത്തിന് സമാനമായി, ഭരണഘടനാ രൂപീകരണ ചരിത്രത്തിലെ

ഏറ്റവും പ്രധാനപ്പെട്ട അധ്യായങ്ങളിലൊന്നായി സ്മരിക്കപ്പെടുവാൻ ഈ സംവാദങ്ങൾ അർഹമാണ്.

## നടപടിക്രമങ്ങൾ (Procedures)

ഭരണഘടനാ നിർമ്മാണ സഭയുടെ സാധാരണ നടപടിക്രമങ്ങളിലും പൊതുകാരണത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. വിവിധ വിഷയങ്ങൾക്കായി ഭരണഘടനാ നിർമ്മാണ സഭയിൽ 8 പ്രധാന കമ്മിറ്റികൾ ഉണ്ടായിരുന്നു. ഈ കമ്മിറ്റികളുടെ അദ്ധ്യക്ഷ സ്ഥാനം വഹിച്ചത് ജവഹർലാൽ നെഹ്റു, രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭായ് പട്ടേൽ, മൗലാനാ ആസാദ്, ഡോ.ബി.ആർ അംബേദ്കർ തുടങ്ങിയവരായിരുന്നു. പല കാര്യങ്ങളിലും ഇവർ തമ്മിൽ യോജിപ്പില്ലായിരുന്നു. കോൺഗ്രസ്സിന്റെയും ഗാന്ധിജിയുടെയും കടുത്ത വിമർശകനായിരുന്നു അംബേദ്കർ. പട്ടികജാതിക്കാരുടെ ഉന്നമനത്തിന് ആവശ്യമായതൊക്കെ ചെയ്യാതിരുന്നതിന് അവരെ അദ്ദേഹം കുറ്റപ്പെടുത്തി. പട്ടേലും നെഹ്റുവുമാകട്ടെ നിരവധി വിഷയങ്ങളിൽ വിയോജിപ്പുള്ളവരായിരുന്നു. എന്നിരുന്നാലും അവർ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിച്ചു. ഓരോ കമ്മിറ്റിയും ഭരണഘടനയുടെ പ്രത്യേക വ്യവസ്ഥകളുടെ കരട് തയ്യാറാക്കുകയും ഭരണഘടനാ നിർമ്മാണ സഭയിൽ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തു. എല്ലാവരും അംഗീകരിച്ച വ്യവസ്ഥകൾ ഏതെങ്കിലും പ്രത്യേക താല്പര്യത്തിന് ഹാനികരമല്ല എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ സമവായത്തിലെത്തുവാൻ സാധാരണയായി ശ്രമിച്ചിരുന്നു. എന്നാൽ ചില വ്യവസ്ഥകൾ വോട്ടെടുപ്പിന് വിധേയമായാണ് അംഗീകരിച്ചത്. ഓരോ തവണയും ഒരു ചെറിയ വാദഗതിയോ, തടസ്സവാദമോ, അഭിപ്രായമോ ഉയർന്നുവരുമ്പോൾ വളരെ അധികം സൂക്ഷ്മതയോടെയാണ് അവ കൈകാര്യം ചെയ്തിരുന്നത്. തടസ്സവാദങ്ങൾ എഴുതിയെടുത്താണ് പരിഗണിച്ചിരുന്നത്. അസംബ്ലി രണ്ട് വർഷത്തിനും പതിനൊന്ന് മാസത്തിനുമിടയിൽ നൂറ്റി അറുപത്തിയാറ് ദിവസങ്ങൾ യോഗം ചേർന്നു. ഈ യോഗങ്ങളിൽ പത്രപ്രവർത്തകർക്കും, പൊതുജനങ്ങൾക്കും പ്രവേശനാനുമതി ലഭിച്ചിരുന്നു.



*1937-ൽ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു? അല്ലെങ്കിൽ 1957 വരെ കാത്തിരിക്കേണ്ടി വന്നിരുന്നു എങ്കിലോ ? നമ്മുടെ ഭരണഘടന ഇന്നുള്ളതിൽ നിന്നും വളരെയധികം വ്യത്യാസമുള്ളതാകുമായിരുന്നോ?*

## ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകം (Inheritance of the nationalist movement)

എന്നാൽ ഒരു ഭരണഘടനയും അത് നിർമ്മിച്ച ഭരണഘടനാ നിർമ്മാണ സഭകളുടെ മാത്രം ഉൽപ്പന്നമല്ല. ഭരണഘടന ഉയർത്തി പിടിക്കേണ്ട പ്രധാന തത്ത്വങ്ങളെക്കുറിച്ച് അഭിപ്രായ സമന്വയത്തിന്റെ പശ്ചാത്തലം ഉണ്ടായിരുന്നില്ലെങ്കിൽ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയെപ്പോലെ വൈവിദ്ധ്യമുള്ള ഒരു സമിതിക്ക് പ്രവർത്തിക്കാൻ കഴിയുമായിരുന്നില്ല. ഈ തത്ത്വങ്ങൾ സ്വാതന്ത്ര്യ സമരകാലത്താണ് രൂപപ്പെട്ടത്. ദേശീയ പ്രസ്ഥാനത്തിൽ നിന്നും പൈതൃകമായി ലഭിച്ച തത്ത്വങ്ങൾക്ക് (ആശയങ്ങൾക്ക്) മൂർത്ത രൂപവും ആകൃതിയും നൽകുകയാണ് ഒരു

രീതിയിൽ ഭരണഘടനാനിർമ്മാണ സഭ ചെയ്തത്. ഭരണഘടനാ നിർമ്മാണത്തിന് മുൻപുള്ള ദശാബ്ദങ്ങളിൽ ഭരണഘടനാ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസക്തമായ അനേകം ചോദ്യങ്ങൾ ദേശീയ പ്രസ്ഥാനം ചർച്ച ചെയ്യുകയുണ്ടായി - ഇന്ത്യയ്ക്കുണ്ടായിരിക്കേണ്ട ഗവൺമെന്റിന്റെ രൂപം, അത് ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങൾ, അത് മറികടക്കേണ്ട അസമത്വങ്ങൾ തുടങ്ങി ഈ സംവാദങ്ങളിൽ ഉരുത്തിരിഞ്ഞ ഉത്തരങ്ങൾക്ക് ഭരണഘടനയിൽ അന്തിമ രൂപം നൽകി.

ഒരു പക്ഷേ, ദേശീയപ്രസ്ഥാനം ഭരണഘടനാ നിർമ്മാണ സഭയിൽ കൊണ്ടുവന്ന തത്ത്വങ്ങളുടെ ഏറ്റവും നല്ല ചുരുക്കെഴുത്താണ് 1946 ൽ നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയം (സഭയുടെ ലക്ഷ്യങ്ങൾ നിർവ്വചിച്ച പ്രമേയം). ഈ പ്രമേയം ഭരണഘടനയുടെ പിന്നിലുള്ള അഭിലാഷങ്ങളെയും മൂല്യങ്ങളെയും ഉൾക്കൊള്ളുന്നു. ഭരണഘടനയിലെ മുഖ്യവ്യവസ്ഥകൾ എന്ന ഭാഗത്ത് പരാമർശിക്കപ്പെട്ട മൂല്യങ്ങൾ ഈ ലക്ഷ്യപ്രമേയത്തിലുൾപ്പെടുത്തിയിരുന്നു. ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം, പരമാധികാരം, സാർവലൗകിക സ്വത്വം തുടങ്ങിയ അടിസ്ഥാന തത്വങ്ങൾക്ക് നമ്മുടെ ഭരണഘടന സ്ഥാപനപരമായ രൂപം നൽകി. ഇത്തരത്തിൽ നിയമങ്ങളും നടപടിക്രമങ്ങളും ഇഴപിരിഞ്ഞ കേവലമായ ഒന്നല്ല ഇന്ത്യൻ ഭരണഘടന, മറിച്ച് ജനങ്ങളുടെ മുമ്പാകെ ദേശീയപ്രസ്ഥാനം ഉയർത്തിപ്പിടിച്ച വിവിധ വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റിന് രൂപം നൽകുന്ന ധാർമ്മിക ഉത്തരവാദിത്വമാണ്.

**ലക്ഷ്യപ്രമേയത്തിലെ പ്രധാന ആശയങ്ങൾ**

* ഇന്ത്യ ഒരു സ്വതന്ത്ര, പരമാധികാര റിപ്പബ്ലിക്കാണ്.
* ഇന്ത്യ, ബ്രിട്ടീഷ് ഇന്ത്യൻ ഭൂപ്രദേശങ്ങളുടെയും, ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെയും, യൂണിയന്റെ ഭാഗമാകാനാഗ്രഹിക്കുന്ന ബ്രിട്ടീഷിന്ത്യയ്ക്ക് പുറത്തുണ്ടായിരുന്ന മറ്റ് ഭാഗങ്ങളുടെയും ഒരു യൂണിയനായിരിക്കും.
* യൂണിയനിൽ നിയോഗിക്കപ്പെട്ടുള്ളതോ നിഷിപ്തമോ ആയ പ്രദേശങ്ങളൊഴികെ യൂണിയനെ രൂപീകരിക്കുന്ന മുഴുവൻ പ്രദേശങ്ങളും സ്വയംഭരണാധികാരമുള്ള യൂണിറ്റുകളായിരിക്കുകയും ഗവൺമെന്റിന്റെയും ഭരണത്തിന്റെയും എല്ലാ അധികാരങ്ങളും ചുമതലകളും നിർവഹിക്കുകയും ചെയ്യും.
* സ്വതന്ത്ര പരമാധികാര ഇന്ത്യയുടെയും, ഭരണഘടനയുടെയും എല്ലാ അധികാരവും ജനങ്ങളിൽ നിന്നും ഉത്ഭവിക്കുന്നതാണ്.
* സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതി; പദവിയിലും അവസരങ്ങളിലുമുള്ള സമത്വം; നിയമത്തിനു മുമ്പിലെ തുല്യത; സംസാരിക്കുവാനും പ്രകടിപ്പിക്കുവാനും, വിശ്വസിക്കുവാനും ആരാധന നടത്തുവാനും, തൊഴിൽ ചെയ്യുവാനും സംഘടിക്കുവാനും പ്രവർത്തിക്കുവാനുമുള്ള മൗലിക സ്വാതന്ത്ര്യങ്ങൾ എന്നിവ നിയമത്തിനും പൊതു ധാർമികതയ്ക്കും വിധേയമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ഉറപ്പു നൽകുകയും സംരക്ഷിക്കുകയും ചെയ്യും.
* ന്യൂനപക്ഷങ്ങൾ, പിന്നോക്ക ഗോത്രവർഗ്ഗമേഖലകൾ, അടിച്ചമർത്തപ്പെട്ടവർ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ തുടങ്ങിയവർക്ക് മതിയായ സംരക്ഷണം നൽകണം.

* റിപ്പബ്ലിക്കിന്റെ ഭൂപ്രദേശപരമായ അഖണ്ഡതയും കര, കടൽ, ആകാശം എന്നിവയുടെ മേൽ അതിനുള്ള പരമാധികാര അവകാശങ്ങൾ നീതിക്കും നിയമത്തിനും അനുസൃതമായി നിലനിർത്തണം.
* ലോകസമാധനത്തിനും മാനവരാശിയുടെ ക്ഷേമത്തിനും വേണ്ടി ഈ രാഷ്ട്രം പൂർണമായും പരപ്രേരണ കൂടാതെ പ്രവർത്തിക്കും.

## സ്ഥാപനപരമായ രൂപരേഖ (Institutional arrangements)



അപ്പോൾ ഇതൊരു കടമെടുക്കപ്പെട്ട ഭരണഘടനയായിരുന്നോ ? ഒരിടത്തുനിന്നും ഒന്നും കടമെടുക്കാത്ത ഒരു ഭരണഘടന നമുക്കെന്തുകൊണ്ട് ഉണ്ടായില്ല?

ഗവൺമെന്റ് സ്ഥാപനങ്ങളുടെ സന്തുലിതമായ ക്രമീകരണമാണ് ഭരണഘടനയുടെ കാര്യക്ഷമത ഉറപ്പാക്കുന്ന മൂന്നാമത്തെ ഘടകം. ഗവൺമെന്റ് ജനാധിപത്യപരവും ജനങ്ങളുടെ ക്ഷേമത്തോട് പ്രതിബദ്ധത പുലർത്തുന്നതുമായിരിക്കണം എന്നതാണ് അടിസ്ഥാന തത്ത്വം. നിയമനിർമ്മാണ വിഭാഗം, കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നീ സ്ഥാപനങ്ങൾക്കിടയിൽ ശരിയായ സന്തുലനം രൂപപ്പെടുത്തുന്നതിന് ഭരണഘടനാ നിർമ്മാണസഭ ധാരാളം സമയം ചെലവഴിക്കുകയുണ്ടായി. നിയമനിർമ്മാണ വിഭാഗത്തിനും കാര്യനിർവ്വഹണ വിഭാഗത്തിനും അധികാരം വിഭജിച്ചു നൽകുന്ന പാർലമെന്ററി വ്യവസ്ഥയും കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ അധികാരം പങ്കിടുന്ന ഫെഡറൽ സമ്പ്രദായവും സ്വീകരിക്കുന്നതിന് ഇത് ഇടയാക്കി.

ഏറ്റവും സന്തുലിതമായ ഗവൺമെന്റ് സംവിധാനങ്ങൾക്ക് രൂപം നൽകുമ്പോൾ മറ്റുള്ള രാജ്യങ്ങളിലെ പരീക്ഷണങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഭരണഘടനാ നിർമ്മാതാക്കൾ യാതൊരു മടിയും കാട്ടിയില്ല. അതുകൊണ്ടുതന്നെ, മറ്റു രാജ്യങ്ങളുടെ ഭരണഘടനകളിൽനിന്നും കടംകൊള്ളുന്നതിന് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ വിമുഖത കാണിച്ചില്ല. വാസ്തവത്തിൽ, തങ്ങളുടെ മുമ്പിലുള്ള ജോലി യഥാസമയം പൂർത്തീകരിക്കുന്നതിനായി ഏതു ബൗദ്ധിക വാദഗതിയിലും അല്ലെങ്കിൽ ഏതു ചരിത്രവസ്തുതകളിലും കൈവയ്ക്കുവാനുള്ള വിശാലമായ അറിവ് അവർക്കുണ്ടായിരുന്നു എന്നതിന്റെ തെളിവാണിത്. അതുകൊണ്ടുതന്നെ വിവിധ രാജ്യങ്ങളിൽ നിന്നും ഒട്ടേറെ വ്യവസ്ഥകൾ അവർ കടമെടുത്തു.

> ലോകചരിത്രത്തിൽ, ഈ കാലത്ത് തയ്യാറാക്കപ്പെട്ട ഒരു ഭരണഘടനയിൽ എന്തെങ്കിലും പുതിയതായി ഉണ്ടാകുമോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു... പുതിയതായി എന്തെങ്കിലുമൊന്ന് ഉണ്ടാവുമെങ്കിൽ അത് നിലനിൽക്കുന്ന തെറ്റുകളെ ഇല്ലാതാക്കി രാജ്യത്തിന്റെ ആവശ്യങ്ങൾക്ക് അനുരൂപമാക്കുകയെന്നത് മാത്രമാണ്.
>
> ഡോ ബി ആർ. അംബേദ്കർ, സിഎഡി, Vol.VII, പേജ്.37, 4 നവംബർ 1948



## വിവിധ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്നും കടമെടുത്ത വ്യവസ്ഥകൾ (Provisions adopted from constitutions of different countries)

**ബ്രിട്ടീഷ് ഭരണഘടന**

* കേവല ഭൂരിപക്ഷ വ്യവസ്ഥ (FPTP)
* പാർലമെന്ററി ഭരണസമ്പ്രദായം
* നിയമവാഴ്ചയെന്ന ആശയം
* സ്പീക്കറുടെ സ്ഥാപനവും അവരുടെ പങ്കും
* നിയമനിർമ്മാണ നടപടിക്രമം.

**ഐറിഷ് ഭരണഘടന**

* രാഷ്ട്രനയവുമായി ബന്ധപ്പെട്ട നിർദ്ദേശക തത്ത്വങ്ങൾ

**ഫ്രാൻസിന്റെ ഭരണഘടന**

* സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്ത്വങ്ങൾ.

**അമേരിക്കൻ ഭരണഘടന**

* മൗലികാവകാശത്തെക്കുറിച്ചുള്ള അദ്ധ്യായം
* നീതിന്യായ പുനഃപരിശോധനാധികാരം
* നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം.

**കനേഡിയൻ ഭരണഘടന**

* അർദ്ധ ഫെഡറൽ ഗവൺമെന്റ് (ശക്തമായ കേന്ദ്ര ഗവൺമെന്റോടു കൂടിയ ഫെഡറൽ സമ്പ്രദായം)
* അവശിഷ്ടാധികാരമെന്ന ആശയം.

എന്നാൽ ഈ ആശയങ്ങളുടെ കടമെടുക്കൽ വെറും അനുകരണമായിരുന്നില്ല. ഇന്ത്യയുടെ പ്രശ്നങ്ങൾക്കും അഭിലാഷങ്ങൾക്കും കടമെടുത്ത ഓരോ വ്യവസ്ഥയും അനുയോജ്യമാണ് എന്ന് സാധൂകരിക്കേണ്ടതുണ്ടായിരുന്നു. സങ്കുചിത കാഴ്ചപ്പാടുകളിൽ നിന്നും വ്യത്യസ്തമായി ലോകത്ത് ലഭ്യമായതിൽ ഏറ്റവും മികച്ചതിനെ സ്വന്തമാക്കാൻ കെൽപ്പുള്ളതുമായ ഒരു ഭരണഘടനാ നിർമ്മാണ സഭയെ ലഭിച്ചതിൽ ഇന്ത്യ ഭാഗ്യം ചെയ്തു.

## ഉപസംഹാരം

ജനങ്ങളാൽ പങ്കുവെയ്ക്കപ്പെടുന്ന ഒട്ടനവധി അടിസ്ഥാനമൂല്യങ്ങളും ഉന്നതമായ അഭിലാഷങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രമാണം രാജ്യത്തിന് സമർപ്പിക്കപ്പെട്ടത് ഭരണഘടനാ നിർമ്മാതാക്കളുടെ ദീർഘ ദർശനത്തിനും ധിഷണയ്ക്കുമുള്ള ഉപഹാരമായാണ്. മറ്റനേകം ഭരണഘടനകൾ അവ ആദ്യം എഴുതപ്പെട്ട കടലാസ്സുകളുടെ ഒപ്പം നശിച്ചുപോയപ്പോൾ സങ്കീർണ്ണമായി രൂപകൽപ്പന ചെയ്ത പ്രമാണമായിട്ടുകൂടി ഇന്ത്യൻ ഭരണഘടന അതിജീവിക്കുകയും ഒരു ജീവിക്കുന്ന പ്രമാണമായി നിലകൊള്ളുകയും ചെയ്യുന്നത് ഇക്കാരണത്താലാണ്.

ഒരു അതുല്യമായ പ്രമാണമെന്ന നിലയിൽ ഇന്ത്യൻ ഭരണഘടന മറ്റനേകം ഭരണഘടനകൾക്ക് മാതൃകയാണ്, പ്രത്യേകിച്ചും ദക്ഷിണാഫ്രിക്കൻ ഭരണഘടനക്ക്. ശരിയായ ഒരു സന്തുലിതാവസ്ഥ കണ്ടെത്തുകയായിരുന്നു ഏകദേശം മൂന്നു വർഷത്തോളം നീണ്ടു നിന്ന ഭരണഘടനയ്ക്കുവേണ്ടിയുള്ള സുദീർഘമായ അന്വേഷണത്തിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ട്തന്നെ ഭരണഘടന രൂപം നൽകിയ സ്ഥാപനങ്ങൾ യാദൃശ്ചികമോ താൽക്കാലിക സംവിധാനമോ ആയിരുന്നില്ല. നേരെമറിച്ച്, വരും കാലങ്ങളിൽ ഇന്ത്യയിലെ ജനങ്ങളുടെ അഭിലാഷങ്ങളെ ഉൾക്കൊള്ളുവാൻ കഴിവുള്ളവയായിരുന്നു. ഈ പുസ്തകത്തിലെ ബാക്കി അദ്ധ്യായങ്ങൾ പഠിക്കുമ്പോൾ ഇതേക്കുറിച്ച് നിങ്ങൾ കൂടുതൽ മനസ്സിലാക്കും.

## അഭ്യാസം

1) ഇവയിൽ ഏതാണ് ഭരണഘടനയുടെ ചുമതല അല്ലാത്തത്?

   a. പൗരന്റെ അവകാശങ്ങൾ അത് ഉറപ്പുനൽകുന്നു.

   b. ഗവൺമെന്റിന്റെ വിവിധ ഘടകങ്ങളുടെ അധികാരമേഖല അത് രേഖപ്പെടുത്തുന്നു.

   c. നല്ല ആളുകൾ അധികാരത്തിൽ വരുന്നു എന്ന് അതുറപ്പാക്കുന്നു.

   d. പൊതുവായി പങ്കുവയ്ക്കപ്പെടുന്ന മൂല്യങ്ങളെ അത് പ്രകാശിപ്പിക്കുന്നു.

2) പാർലമെന്റിനേക്കാൾ ഉന്നതമാണ് ഭരണഘടനയുടെ ആധികാരികത എന്ന നിഗമനത്തിൽ എത്തിച്ചേരാനുള്ള പ്രധാന കാരണം താഴെ പറയുന്നവയിൽ ഏതാണ്?

   a. പാർലമെന്റ് നിലവിൽ വരുന്നതിന് മുൻപേ ഭരണഘടന തയ്യാറാക്കപ്പെട്ടു.

   b. പാർലമെന്റംഗങ്ങളേക്കാൾ പ്രഗൽഭരായ നേതാക്കന്മാരാണ് ഭരണഘടനാ നിർമ്മാതാക്കൾ.

   c. പാർലമെന്റ് എങ്ങനെ രൂപീകരിക്കണം, അതിന്റെ അധികാരങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുന്നത് ഭരണഘടനയാണ്.

   d. പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യാൻ കഴിയില്ല.

3) ഭരണഘടനയെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക.

   a. ഗവൺമെന്റിന്റെ രൂപീകരണം, അധികാരങ്ങൾ എന്നിവയെക്കുറിച്ചുള്ള ലിഖിത പ്രമാണമാണ് ഭരണഘടന.

   b. ജനാധിപത്യ രാജ്യങ്ങളിൽ മാത്രം ആവശ്യമുള്ളതും നിലനിൽക്കുന്നതുമായ ഒന്നാണ് ഭരണഘടന.

   c. ആശയങ്ങൾ, മൂല്യങ്ങൾ എന്നിവ കണക്കിലെടുക്കാത്ത നിയമസംഹിതയാണ് ഭരണഘടന.

   d. ഭരണഘടന പൗരന് ഒരു പുതിയ സ്വത്വം പ്രദാനം ചെയ്യുന്നു.

4) ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന അനുമാനങ്ങൾ ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക. നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്നതിനുള്ള വാദഗതികൾ എഴുതുക.

   a. എല്ലാ ജനങ്ങളും ചേർന്ന് തെരഞ്ഞെടുത്തതല്ല എന്നതിനാൽ ഭരണഘടനാ നിർമ്മാണ സഭ ഇന്ത്യൻ ജനതയെ പ്രതിനിധാനം ചെയ്യുന്നില്ല.

   b. നേതാക്കൾക്കിടയിൽ ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂട് (Basic Framework) സംബന്ധിച്ച് പൊതുധാരണ ഉണ്ടായിരുന്നതിനാൽ ഇതിന്റെ രൂപീകരണത്തിൽ പ്രധാന തീരുമാനങ്ങളൊന്നും എടുക്കാനുണ്ടായിരുന്നില്ല.

   c. മറ്റ് രാജ്യങ്ങളിൽ നിന്നും കടം കൊണ്ടതായതിനാൽ ഭരണഘടനയിൽ ഒട്ടും മൗലികതയുണ്ടായിരുന്നില്ല. (originality)

5) ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന നിഗമനങ്ങളെ അനുകൂലിക്കുന്ന രണ്ട് ഉദാഹരണങ്ങൾ എഴുതുക.

   a. ജനങ്ങളുടെ അംഗീകാരം നേടാൻകഴിഞ്ഞ വിശ്വാസ്യതയുള്ള നേതാക്കന്മാരാണ് ഭരണഘടന തയ്യാറാക്കിയത്.

   b. ഭരണഘടനയെ അട്ടിമറിക്കാൻ കഴിയാത്ത തരത്തിൽ അത് അധികാരം വിതരണം ചെയ്യുന്നു.

   c. ജനങ്ങളുടെ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും ആകെത്തുകയാണ് ഭരണഘടന.

6) ഒരു രാജ്യത്തെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഭരണഘടനയിൽത്തന്നെ കൃത്യമായി നിർണ്ണയിച്ചിരിക്കുന്നതെന്തുകൊണ്ടാണ്? അത്തരത്തിലുള്ള നിർണ്ണയത്തിന്റെ അഭാവത്തിൽ എന്ത് സംഭവിക്കും?

7) ഭരണാധികാരികളുടെമേൽ ഭരണഘടന നിയന്ത്രണം കൊണ്ടുവരേണ്ടതാവശ്യമായതെന്തുകൊണ്ട്? ജനങ്ങൾക്ക് യാതൊരു അധികാരവും നൽകാത്ത ഒരു ഭരണഘടനയുണ്ടാകുമോ?

8) രണ്ടാം ലോകമഹായുദ്ധത്തിലെ പരാജയത്തിനുശേഷം ജപ്പാൻ അമേരിക്കൻ പട്ടാളത്തിന്റെ നിയന്ത്രണത്തിലായിരിക്കുമ്പോഴാണ് ജപ്പാൻ ഭരണഘടന രൂപീകരിക്കപ്പെട്ടത്. അമേരിക്കയിലെ ഗവൺമെന്റിനിഷ്ടപ്പെടാത്ത ഒരു വ്യവസ്ഥയും ജപ്പാൻ ഭരണഘടനയിലുണ്ടാവുകയില്ല. ഇത്തരത്തിലുള്ള ഭരണഘടനാ രൂപീകരണത്തിൽ നിങ്ങൾ എന്തെങ്കിലും പ്രശ്നങ്ങൾ കാണുന്നുണ്ടോ? ഇതിൽനിന്നും ഇന്ത്യയുടെ അനുഭവം ഏതുതരത്തിലാണ് വ്യത്യസ്തമാവുന്നത്?

9) രജത് അവന്റെ ടീച്ചറോട് ഈ ചോദ്യം ചോദിച്ചു. ഭരണഘടനയ്ക്ക് എഴുപതു വർഷത്തോളം പഴക്കമുണ്ട്. ആയതിനാൽ അത് ഒരു കാലഹരണപ്പെട്ട പുസ്തകമാണ്. അത് നടപ്പാക്കുന്നതിന് ആരും എന്റെ അനുവാദം ചോദിച്ചില്ല. വളരെ കടുപ്പമുള്ള ഭാഷയിൽ എഴുതിയിരിക്കുന്നതിനാൽ എനിക്കത് മനസ്സിലാക്കാനും കഴിയില്ല. ഈ പ്രമാണം ഞാനെന്തിന് അനുസരിക്കണം? നിങ്ങളായിരുന്നു രജതിന്റെ അദ്ധ്യാപകനെങ്കിൽ ഈ ചോദ്യത്തിന് എങ്ങനെ ഉത്തരം നൽകും?

10) നമ്മുടെ ഭരണഘടനയുടെ പ്രവർത്തനത്തിലെ അനുഭവങ്ങൾ എന്ന ചർച്ചയിൽ പങ്കെടുത്ത മൂന്ന് പ്രാസംഗികർ മൂന്ന് വ്യത്യസ്ത നിലപാടുകളെടുക്കുകയുണ്ടായി.

ഹർബാൻ : ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ചട്ടക്കൂട് നമുക്ക് നൽകുന്നതിൽ ഇന്ത്യൻ ഭരണഘടന വിജയിച്ചു.

നേഹ : സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഉറപ്പാക്കുന്നതിന് നല്ല വാഗ്ദാനങ്ങൾ ഭരണഘടന നൽകി. എന്നാൽ ഇതുവരെ അത് നടപ്പിലാക്കാത്തതിനാൽ ഭരണഘടന പരാജയപ്പെട്ടു.

നസീമ : ഭരണഘടന നമ്മെ പരാജയപ്പെടുത്തിയിട്ടില്ല. നമ്മൾ ഭരണഘടനയെ ആണ് പരാജയപ്പെടുത്തിയത്.

ഇതിൽ ഏതെങ്കിലും നിലപാടുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? യോജിക്കുന്നില്ലെങ്കിൽ എന്താണ് നിങ്ങളുടെ നിലപാട്?

രാജ്യസഭ ടിവി പരമ്പര, *സംവിധാൻ: ഇന്ത്യൻ ഭരണഘടനാരൂപീകരണം, ഗാന്ധി, സർദാർ, ഡോ. ബാബസാഹബ് അംബേദ്കർ* തുടങ്ങിയവ നിങ്ങൾ കാണുകയും ചർച്ച ചെയ്യുകയും ചെയ്തേക്കാം. ഈ ദൃശ്യശ്രാവ്യ വിവരങ്ങൾ ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെട്ടതിനെക്കുറിച്ച് ആഴത്തിലുള്ള ധാരണ നിങ്ങൾക്കു പകർന്നു തരും. നമ്മുടെ ദേശീയ നേതാക്കന്മാരുടെ ജീവിതം, കാലഘട്ടം എന്നിവയെക്കുറിച്ച് പഠിക്കാനും അത് നിങ്ങളെ സഹായിക്കും.

I8A2C2

അധ്യായം 2

# ഇന്ത്യൻ ഭരണഘടനയിലെ അവകാശങ്ങൾ

## (RIGHTS IN THE INDIAN CONSTITUTION)

### ആമുഖം

*ഒരു ഭരണഘടന ഗവൺമെന്റിന്റെ വിവിധ വിഭാഗങ്ങളുടെ ഘടനയെക്കുറിച്ച് മാത്രമല്ല, അവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. കഴിഞ്ഞ അധ്യായത്തിൽ പഠിച്ചത് പോലെ ഭരണഘടനയെന്നുള്ളത് ഗവൺമെന്റിന്റെ അധികാരങ്ങൾക്കുമേൽ നിയന്ത്രണങ്ങൾ കൊണ്ടുവരികയും എല്ലാ വ്യക്തികൾക്കും അനുഭവിക്കാൻ കഴിയുന്ന ചില അവകാശങ്ങളോടുകൂടിയ ഒരു ജനാധിപത്യ വ്യവസ്ഥ ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു പ്രമാണമാണ്. ഈ അധ്യായത്തിൽ ഇന്ത്യൻ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മൗലികാവകാശങ്ങളെക്കുറിച്ച് നമ്മൾ പഠിക്കും. ഇന്ത്യൻ ഭരണഘടനയുടെ III -ാം ഭാഗം മൗലികാവകാശങ്ങൾ പട്ടികപ്പെടുത്തുന്നതോടൊപ്പം ഈ അവകാശങ്ങൾക്ക് മേലുള്ള പരിമിതികളെക്കുറിച്ചും സൂചിപ്പിക്കുന്നു. കഴിഞ്ഞ അറുപത്തൊമ്പതു വർഷത്തിനിടയിൽ ഈ അവകാശങ്ങളുടെ വ്യാപ്തി മാറുകയോ വിപുലമാകുകയോ ചെയ്തിട്ടുണ്ട്. ഈ അദ്ധ്യായം പഠിക്കുന്നതിലൂടെ താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാൻ കഴിയും.*

- *ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെട്ടിട്ടുള്ള വ്യത്യസ്ത മൗലികാവകാശങ്ങൾ ഏതെല്ലാമാണ്?*
- *ഈ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതെങ്ങനെ?*
- *ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും നീതിന്യായ വിഭാഗത്തിനുള്ള പങ്കെന്ത്?*
- *മൗലികാവകാശങ്ങളും രാഷ്ട്രനയത്തിന്റെ നിർദേശകതത്ത്വങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്?*

## അവകാശങ്ങളുടെ പ്രാധാന്യം (THE IMPORTANCE OF RIGHTS)

**1982 – ൽ** ഏഷ്യൻ ഗെയിംസിന്റെ നിർമാണ പ്രവർത്തനങ്ങൾ ഗവൺമെന്റ് ഏതാനും കുറച്ച് കോൺട്രാക്ടർമാരെ ഏല്പിച്ചു. മേൽപ്പാതകളും (Flyovers) സ്റ്റേഡിയങ്ങളും നിർമിക്കുന്നതിന് ഈ കരാറുകാർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ദരിദ്രരായ നിർമാണത്തൊഴിലാളികളെയാണ് ഉപയോഗിച്ചിരുന്നത്. മോശമായ ജീവിത സാഹചര്യത്തിലാണ് അവരെ പാർപ്പിച്ചത്. മിനിമം കൂലിപോലും നൽകുവാൻ അവർ തയ്യാറായിരുന്നില്ല.

അവരുടെ ദയനീയമായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തിയ സാമൂഹ്യ ശാസ്ത്രജ്ഞരുടെ ഒരു സംഘം സുപ്രീംകോടതിയിൽ ഇതിനെ സംബന്ധിച്ച് പരാതിപ്പെട്ടു. സർക്കാർ നിർദേശിച്ചിട്ടുള്ള കുറഞ്ഞ കൂലി നൽകാതെ ജോലി ചെയ്യിപ്പിക്കുന്നത് അടിമപ്പണിക്കോ (begar) അല്ലെങ്കിൽ നിർബന്ധിത ജോലിക്കോ (Forced labour) തുല്യമാണെന്നും അത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്നും വാദിച്ചു. ഈ വാദം കോടതി സ്വീകരിക്കുകയും ആയിരക്കണക്കിനു വരുന്ന ഈ തൊഴിലാളികൾക്ക് സർക്കാർ നിർദേശിച്ച മിനിമം കൂലി ലഭ്യമാകുന്നത് ഉറപ്പ് വരുത്തണമെന്ന് സർക്കാറിനോട് നിർദേശിക്കുകയും ചെയ്തു.

**മാച്ചൽ ലാലംങ്ങിനെ** 23 വയസ്സുള്ളപ്പോൾ ക്രിമിനൽ കുറ്റത്തിന് അറസ്റ്റു ചെയ്തു. അസ്സമിലെ ചുബുരി ഗ്രാമത്തിലെ നിവാസിയായിരുന്നു അദ്ദേഹം. വിചാരണ സമയത്ത് മാനസികനില തെറ്റിയതായി കാണപ്പെട്ടതിനാൽ അദ്ദേഹത്തെ തേജ്പൂരിലെ ലോക് പ്രിയ ഗോപിനാഥ് ബർദോളോയ് മാനസിക ആശുപത്രിയിലേക്ക് അയച്ചു.



മാച്ചൽ ഒരു സമ്പന്നനും അധികാരമുള്ളവനുമായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു? നിർമാണ തൊഴിലാളികൾ എൻജിനീയർമാരായിരുന്നെങ്കിൽ അവരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുമായിരുന്നോ?

1967–ലും 1996–ലും മാച്ചൽ ലാലംങ്ങിനെ ചികിത്സിച്ചിരുന്ന ഡോക്ടർമാർ അദ്ദേഹത്തിന്റെ ചികിത്സ വിജയകരമായതിന്റെ അടിസ്ഥാനത്തിൽ അയാൾ വിചാരണ നേരിടുവാൻ യോഗ്യനാണെന്ന് കാണിച്ച് ജയിലധികാരികൾക്ക് കത്തെഴുതി. പക്ഷേ ആരും ഈ എഴുത്തിന് ശ്രദ്ധകൊടുത്തില്ല. മാച്ചൽ ജുഡീൽഷ്യൽ കസ്റ്റഡിയിൽ തന്നെ തുടർന്നു.

മാച്ചൽ ലാലംങ്ങിനെ 2005 ജൂലൈയിൽ മോചിപ്പിച്ചു. അപ്പോൾ അദ്ദേഹത്തിന് 77 വയസ്സുണ്ടായിരുന്നു. 54 വർഷം അദ്ദേഹം കസ്റ്റഡിയിൽ ചെലവാക്കി. ആ കാലയളവിൽ അദ്ദേഹത്തിന്റെ കേസ് വിചാരണക്ക് വന്നതേയില്ല. സംസ്ഥാനത്ത് വിചാരണ ചെയ്യപ്പെടാതെ കിടന്നിരുന്ന കേസുകൾ പരിശോധിക്കുന്നതിനുവേണ്ടി മനുഷ്യാവകാശ കമ്മീഷൻ നിയമിച്ച ഒരു സംഘം ഇടപെട്ടത് കൊണ്ടാണ് അയാളെ മോചിപ്പിച്ചത്.

മാച്ചലിന്റെ ജീവിതം പൂർണമായും പാഴായി. കാരണം അദ്ദേഹത്തിനെതിരെ ശരിയായ രീതിയിലുള്ളൊരു വിചാരണ ഒരിക്കലും നടത്തു

കയുണ്ടായില്ല. നമ്മുടെ ഭരണഘടന ഓരോ പൗരനും ജീവിക്കാനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശം നൽകുന്നുണ്ട്. ന്യായവും കാലതാമസവുമില്ലാത്ത വിചാരണക്കുള്ള അവകാശം ഏതൊരു പൗരനും ഉണ്ടായിരിക്കണമെന്നതാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്. ഭരണഘടന നൽകുന്ന അവകാശങ്ങൾ ലഭിക്കാതെ വരുമ്പോൾ എന്തു സംഭവിക്കുന്നുവെന്ന് മാച്ചലിന്റെ അനുഭവം കാണിക്കുന്നു.

ആദ്യ ഉദാഹരണത്തിന്റെ കാര്യത്തിലും ഭരണഘടന നൽകിയിട്ടുള്ള അവകാശങ്ങളുടെ ലംഘനമുണ്ടായി. പക്ഷെ ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. അതിന്റെ ഫലമായി തൊഴിലാളികൾക്ക് അവകാശപ്പെട്ട വേതനം ലഭിക്കുകയും ചെയ്തു. അങ്ങനെ ഭരണഘടന ഉറപ്പുനൽകുന്ന ചൂഷണത്തിനെതിരെയുള്ള അവകാശം ഈ തൊഴിലാളികൾക്ക് നീതി ഉറപ്പുവരുത്തി.

## അവകാശ പത്രിക (Bill of Rights)

ഈ രണ്ട് ഉദാഹരണങ്ങളും കാണിക്കുന്നത് അവകാശങ്ങളുടെ പ്രാധാന്യത്തെയും അവയുടെ നടപ്പിലാക്കലിനെയുമാണ്. പൗരന്മാർക്ക് ചില അവകാശങ്ങളുണ്ടെന്നും ഗവൺമെന്റ് ഈ അവകാശങ്ങളെ അംഗീകരിക്കുന്നുണ്ടെന്നും ജനാധിപത്യം ഉറപ്പുവരുത്തണം. അതിനാൽ മിക്ക ജനാധിപത്യ രാജ്യങ്ങളുടെയും ഭരണഘടനയിൽ പൗരന്മാരുടെ അവകാശങ്ങളുടെ ഒരു പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചിട്ടുള്ള അത്തരം അവകാശങ്ങളുടെ പട്ടികയെയാണ് അവകാശ പത്രിക എന്ന് വിളിക്കുന്നത്. അവകാശ പത്രിക വ്യക്തികളുടെ അവകാശങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതിൽനിന്ന് ഗവൺമെന്റിനെ വിലക്കുകയും അവകാശ ലംഘനമുണ്ടായാൽ അതിനുള്ള പരിഹാരം ഉറപ്പാക്കുകയും ചെയ്യുന്നു.



ഒരു ടെലിവിഷൻ അല്ലെങ്കിൽ ഫാൻ വാങ്ങുമ്പോൾ വാറന്റി കാർഡ് ലഭിക്കുന്നത് പോലെയാണ് അവകാശ പത്രികയെന്ന് (Bill of Rights) എനിക്ക് മനസ്സിലായി. അങ്ങനെതന്നെയല്ലേ?

വ്യക്തിയുടെ അവകാശങ്ങളെ ഭരണഘടന സംരക്ഷിക്കേണ്ടത് ആരിൽ നിന്നാണ്? മറ്റൊരു വ്യക്തിയിൽ നിന്നോ സ്വകാര്യ സംഘടനകളിൽ നിന്നോ ഒരു വ്യക്തിയുടെ അവകാശങ്ങൾക്ക് ഭീഷണി നേരിടാം. അത്തരമൊരു സാഹചര്യത്തിൽ വ്യക്തിയ്ക്ക് ഗവൺമെന്റിന്റെ സംരക്ഷണം ആവശ്യമാണ്. അതുകൊണ്ട് വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. നേരെമറിച്ച് ഗവൺമെന്റിന്റെ വിവിധഘടകങ്ങളുടെ (നിയമനിർമാണ വിഭാഗം (legislature) കാര്യനിർവഹണം (Executive) ഉദ്യോഗസ്ഥവൃന്ദം (Bureaucracy), നീതിന്യായ വിഭാഗം (Judiciary), തുടങ്ങിയവയുടെ പ്രവർത്തനത്താൽ വ്യക്തിയുടെ അവകാശങ്ങൾ ലംഘിക്കപ്പെട്ടേക്കാം.

## ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾ (FUNDAMENTAL RIGHTS IN THE INDIAN CONSTITUTION)

സ്വാതന്ത്ര്യ സമരകാലത്ത് നമ്മുടെ ദേശീയ നേതാക്കന്മാർ മൗലികാവകാശങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുകയും ബ്രിട്ടീഷ് ഭരണാധികാരികളോട് അവ മാനിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

1928-ൽ തന്നെ മോത്തിലാൽ നെഹ്റു കമ്മിറ്റി അവകാശ പത്രിക വേണമെന്ന വാദം ഉന്നയിച്ചിരുന്നു. സ്വാതന്ത്ര്യം നേടി ഭരണഘടന രൂപീകരിക്കുന്ന വേളയിൽ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല. പ്രത്യേകം സംരക്ഷിക്കപ്പെടേണ്ട അവകാശങ്ങളുടെ ഒരു പട്ടിക തന്നെ ഭരണഘടനയിൽ ഉൾപ്പെടുത്തുകയുണ്ടായി. അവ മൗലികാവകാശങ്ങൾ (Fundamental Rights) എന്ന് അറിയപ്പെടുന്നു. മൗലികാവകാശങ്ങൾ വളരെ പ്രാധാന്യമേറിയതായതിനാൽ ഗവൺമെന്റ് തന്നെ അവ ലംഘിക്കുകയില്ലെന്ന് ഭരണഘടന ഉറപ്പ് വരുത്തിയിരിക്കുന്നു.

മൗലികാവകാശങ്ങൾ ലഭ്യമായ മറ്റ് അവകാശങ്ങളിൽ നിന്നും വ്യത്യസ്തമാണ്. സാധാരണയായി, നിയമപരമായ അവകാശങ്ങളെ സംരക്ഷിക്കുന്നതും നടപ്പിലാക്കുന്നതും സാധാരണ നിയമങ്ങൾ (Ordinary laws) ആണെങ്കിൽ മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതും ഉറപ്പ് വരുത്തുന്നതും രാജ്യത്തെ ഭരണഘടനയാണ്. സാധാരണ നിയമങ്ങളെ ലളിതമായ നടപടിക്രമത്തിലൂടെ ഭേദഗതി ചെയ്യുമ്പോൾ മൗലികാവകാശങ്ങളുടെ ഭേദഗതിയ്ക്ക് ഭരണഘടനാ ഭേദഗതിയിലൂടെ മാത്രമേ സാധ്യമാകൂ. ഗവൺമെന്റിന്റെ ഒരു ഘടകവും മൗലികാവകാശങ്ങളെ ലംഘിക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ പാടില്ല. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലൂടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ അവയെ സംരക്ഷിക്കുവാനുള്ള അധികാരവും ഉത്തരവാദിത്വവും നീതിന്യായ (Judiciary) വിഭാഗത്തിനുണ്ട്. ഇത് തുടർന്ന് വരുന്ന അധ്യായത്തിൽ നമ്മൾ

### ദക്ഷിണാഫ്രിക്കൻ ഭരണഘടനയിലെ അവകാശ പത്രിക (Bill of Rights in the South African Constitution)

1996 ഡിസംബറിലാണ് ദക്ഷിണാഫ്രിക്കൻ ഭരണഘടന നിലവിൽ വന്നത്. ദക്ഷിണാഫ്രിക്കയിലെ വർണവിവേചന ഗവൺമെന്റിന്റെ പിരിച്ചുവിടലിനെ തുടർന്നുണ്ടായ ആഭ്യന്തരയുദ്ധ ഭീഷണിയുടെ പശ്ചാത്തലത്തിലാണ് ഭരണഘടനയുടെ രൂപീകരണവും പ്രഖ്യാപനവും നടന്നത്. ജനാധിപത്യത്തിന്റെ മൂലക്കല്ലായിട്ടാണ് അവകാശ പത്രികയെ ദക്ഷിണാഫ്രിക്കൻ ഭരണഘടന വിശേഷിപ്പിക്കുന്നത്. ദക്ഷിണാഫ്രിക്കൻ ഭരണഘടന വർഗം (race), ലിംഗം (gender) , ഗർഭം (Pregnancy), വൈവാഹിക പദവി (Marital Status), വംശം (Ethnic), വർണം, വയസ്, വൈകല്യം (disability), മതം, മനഃസാക്ഷി (Conscience), വിശ്വാസം, സംസ്കാരം, ഭാഷ, ജനനം, എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം വിലക്കിയിരിക്കുന്നു. ഒരു പക്ഷെ പൗരന്മാർക്ക് ഏറ്റവും കൂടുതൽ അവകാശങ്ങൾ ലഭ്യമാക്കിയിട്ടുള്ള ഭരണഘടനയിലൊന്നാണിത്. ഒരു പ്രത്യേക ഭരണഘടനാ കോടതിയാണ് ഈ അവകാശങ്ങൾ നടപ്പിൽ വരുത്തുന്നത്.

ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ ഉൾപ്പെട്ടിട്ടുള്ള ചില അവകാശങ്ങൾ താഴെ പറയുന്നു.

- അന്തസിനുള്ള അവകാശം (Right to dignity)
- സ്വകാര്യതയ്ക്കുള്ള അവകാശം (Right to privacy)
- മാന്യമായ തൊഴിൽ ചെയ്യാനുള്ള അവകാശം (Right to fair labour practices)
- ആരോഗ്യകരമായ പരിസ്ഥിതിയ്ക്കും, പരിസ്ഥിതി സംരക്ഷണത്തിനുമുള്ള അവകാശം (Right to healthy environment and right to protection of environment)
- പാർപ്പിട സൗകര്യത്തിനുള്ള അവകാശം (Right to adequate housing)
- ആരോഗ്യപരിപാലനം, ഭക്ഷണം, ജലം, സാമൂഹിക സുരക്ഷ എന്നിവയ്ക്കുള്ള അവകാശം (Right to health care, food, water and social security)
- കുട്ടികളുടെ അവകാശങ്ങൾ (Children's rights)
- അടിസ്ഥാന വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനുമുള്ള അവകാശം (Right to basic and higher education)
- സാംസ്കാരികവും, മതപരവും, ഭാഷാപരവുമായ വിഭാഗങ്ങളുടെ അവകാശം (Right to cultural, religious and linguistic communities.)
- വിവരാവകാശം (Right to information)

പഠിക്കും. കാര്യനിർവഹണ വിഭാഗത്തിന്റെയും, നിയമനിർമാണ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ മൗലികാവകാശങ്ങളെ ലംഘിക്കുകയോ, അന്യായമായ രീതിയിൽ നിയന്ത്രിക്കുകയോ ചെയ്താൽ ഇത്തരം പ്രവർത്തികളെ നിയമവിരുദ്ധമായി പ്രഖ്യാപിക്കാനുള്ള അധികാരം നീതിന്യായ വിഭാഗത്തിനുണ്ട്. എങ്കിലും മൗലികാവകാശങ്ങൾ പരിപൂർണമോ (absolute) അനിയന്ത്രിതമോ (unlimited) അല്ല. അതിനുമേൽ ഗവൺമെന്റിന് യുക്തിപരമായ (Reasonable) നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

**പഠന പുരോഗതി വിലയിരുത്തുക**

ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളും ദക്ഷിണാഫ്രിക്കൻ ഭരണഘടനയിലെ അവകാശ പത്രികയും തമ്മിൽ താരതമ്യം ചെയ്ത് താഴെ പറയുന്ന അവകാശങ്ങളുടെ പട്ടിക തയാറാക്കുക

- രണ്ടിലും പൊതുവായിട്ടുള്ള അവകാശങ്ങൾ
- ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ ലഭ്യമായതും എന്നാൽ ഇന്ത്യൻ ഭരണഘടനയിൽ ലഭ്യമല്ലാത്തതും
- ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതും എന്നാൽ ഇന്ത്യൻ ഭരണഘടനയിൽ അന്തർലീനമായതുമായ അവകാശങ്ങൾ.

## സമത്വാവകാശം (Right to Equality)

താഴെ പറയുന്ന രണ്ട് സാഹചര്യങ്ങൾ പരിഗണിക്കുക. ഇവ സാങ്കൽപികമാണ്. എന്നാൽ ഇവയിൽ ചിലത് നിലവിൽ സംഭവിക്കുന്നതും, ഭാവിയിൽ സംഭവിച്ചേക്കാവുന്നതുമാണ്. മൗലികാവകാശങ്ങളുടെ ലംഘനം ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

- സ്വദേഷ് കുമാർ തന്റെ സുഹൃത്തുക്കളിൽ ഒരാളോടൊപ്പം ഗ്രാമത്തിലെ വഴിയോരക്കടയിൽ നിന്നും ചായ കുടിക്കാൻ തീരുമാനിച്ചു. കടക്കാരന് സ്വദേഷ് കുമാറിനെ അറിയാം. പക്ഷേ അവന്റെ സുഹൃത്തിന്റെ ജാതി അറിയുവാൻ വേണ്ടി അദ്ദേഹത്തിന്റെ പേര് ചോദിച്ചു. ഇതിന് ശേഷം ചായക്കടക്കാരൻ സ്വദേഷ് കുമാറിന് നല്ല പാത്രത്തിൽ ചായ കൊടുത്തപ്പോൾ ദളിതനായ സുഹൃത്തിന് മൺപാത്രത്തിലാണ് ചായ നൽകിയത്.
- ഒരു വാർത്താ ചാനൽ തങ്ങളുടെ നാല് വാർത്താ അവതാരകർക്കെതിരെ ഇനി മുതൽ അവർ വാർത്ത വായിക്കേണ്ടതില്ലെന്നുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചു. അവർ നാല് പേരും സ്ത്രീകളായിരുന്നു. 45 വയസ്സിനു മുകളിൽ പ്രായമുണ്ടെന്നതായിരുന്നു അവർക്കെതിരെ ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം. എന്നാൽ 45 വയസിനു മുകളിൽ പ്രായമുള്ള പുരുഷൻമാരായ രണ്ട് വാർത്താ അവതാരകർക്കെതിരെ ഈ വിലക്ക് ഏർപ്പെടുത്തിയതുമില്ല.

## ഇന്ത്യൻ ഭരണഘടന

### ഭാഗം III : മൗലിക അവകാശങ്ങൾ

**സമത്വത്തിനുള്ള അവകാശം (Right to Equality)**

- നിയമത്തിനുമുന്നിൽ തുല്യത.
- തുല്യ നിയമ പരിരക്ഷ.
- മതം, വർഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളുടെ നിരോധനം.
- ഹോട്ടലുകൾ, കടകൾ, കിണറുകൾ, കുളങ്ങൾ, പൊതു സ്നാനഘട്ടങ്ങൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിൽ തുല്യ പ്രവേശനം
- പൊതുജോലികളിൽ അവസരസമത്വം.
- അയിത്ത നിർമ്മാർജനം
- സ്ഥാനപ്പേരുകൾ നിർത്തലാക്കൽ.

**സ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Freedom)**

താഴെ പറയുന്ന സ്വാതന്ത്ര്യങ്ങൾക്കുള്ള അവകാശങ്ങൾ

- അഭിപ്രായ പ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം.
- സമാധാനപരമായി സമ്മേളിക്കാനുള്ള അവകാശം.
- സംഘടനകൾ രൂപികരിക്കുവാനുള്ള അവകാശം.
- ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം.
- ഇന്ത്യയിൽ എവിടെയും സ്ഥിരതാമസമാക്കാനുള്ള അവകാശം.
- ഇഷ്ടമുള്ള തൊഴിൽ ചെയ്യുന്നതിനും, വ്യവസായത്തിലും കച്ചവടത്തിലും ഏർപ്പെടുന്നതിനുമുള്ള അവകാശം.
- കുറ്റങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സംരക്ഷണം
- ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം.
- വിദ്യാഭ്യാസത്തിനുള്ള അവകാശം.
- ചില കേസുകളുമായി ബന്ധപ്പെട്ടുള്ള ശിക്ഷയിൽ നിന്നും അറസ്റ്റിൽ നിന്നുമുള്ള പരിരക്ഷ.

**ചൂഷണത്തിനെതിരെയുള്ള അവകാശം (Right against Exploitation)**

- മനുഷ്യ വ്യാപാരത്തിനെതിരെയും, നിർബന്ധിത ജോലിക്കെതിരെയുമുള്ള അവകാശം.
- കുട്ടികളെകൊണ്ട് അപകടകരമായ ജോലി ചെയ്യിക്കുന്നതിനുള്ള നിരോധനം

**മത സ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Freedom of Religion)**

- മനഃസാക്ഷി സ്വാതന്ത്ര്യം, മതവിശ്വാസത്തിനും മതാചരണത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം
- മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള അവകാശം.
- ഏതെങ്കിലും പ്രത്യേക മതത്തെ പരിപോഷിപ്പിക്കുന്നതിനായി നികുതി നൽകുന്നത് സംബന്ധിച്ച സ്വാതന്ത്ര്യം
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനത്തിലോ, ആരാധനയിലോ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട സ്വാതന്ത്ര്യം.

**സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (Cultural and Educational Rights)**

- ന്യൂനപക്ഷങ്ങളുടെ ഭാഷയുടെയും സംസ്ക്കാരത്തിന്റെയും സംരക്ഷണം.
- ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം.

**ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം. (Right to Constitutional Remedies)**

- മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി റിട്ടുകൾ (Writs), ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നതിനായി കോടതിയെ സമീപിക്കാനുള്ള അവകാശം.

വ്യക്തമായ വിവേചനത്തിന്റെ ഉദാഹരണങ്ങളാണ് ഇവ. ഒന്നാമത്തേത് ജാതിയുടെ അടിസ്ഥാനത്തിലാണെങ്കിൽ രണ്ടാമത്തേത് ലിംഗത്തിന്റെ അടിസ്ഥാനത്തിലാണ്. അത്തരത്തിലുള്ള വിവേചനം നീതീകരിക്കാവുന്നതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?



*സമകാലത്തിൽ ഇത്തരം കാര്യങ്ങൾ നമ്മുടെ രാജ്യത്ത് സംഭവിക്കുന്നുണ്ടോ? അതോ ഇതൊക്കെ വെറും സാങ്കല്പികം മാത്രമാണോ?*

സമത്വാവകാശം ഇത്തരത്തിലുള്ളതും അല്ലാത്തതുമായ എല്ലാ വിവേചനത്തെയും ദൂരീകരിക്കാൻ ശ്രമിക്കുന്നു. പൊതുസ്ഥലങ്ങളായ കടകൾ, ഭോജനശാലകൾ, വിനോദ കേന്ദ്രങ്ങൾ, കിണറുകൾ, സ്നാനഘട്ടങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലേക്ക് പ്രവേശിക്കാൻ ഇത് തുല്യ അവസരം നൽകുന്നു. ജനനം, മതം, ലിംഗം, വർണം, ജാതി, വർഗം എന്നിവയുടെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും പാടില്ല. മേൽ പറഞ്ഞ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പൊതു നിയമനങ്ങളിൽ യാതൊരു വിവേചനവും അനുവദിക്കുന്നില്ല. മുൻകാലങ്ങളിൽ നമ്മുടെ സമൂഹത്തിൽ ഇത്തരം തുല്യപ്രവേശനം പ്രാവർത്തികമാക്കിയിരുന്നില്ല. അത്കൊണ്ട് തന്നെ ഈ അവകാശങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

അയിത്താചരണം അസമത്വത്തിന്റെ പ്രാകൃതമായ രൂപമാണ്. സമത്വാവകാശം ഇതിനെ നിർമാർജനം ചെയ്തിരിക്കുന്നു. ഭരണഘടനയിലെ 18 –ാം വകുപ്പ് പ്രകാരം സ്ഥാനപ്പേരുകൾ നൽകുന്നത് നിർത്തലാക്കുന്നതിലൂടെ ഒരു വ്യക്തിക്ക് സൈനികവും വിദ്യാഭ്യാസപരവുമായ മികവിനൊഴികെ യാതൊരു സ്ഥാനപ്പേരും നൽകുന്നതിൽ നിന്ന് രാഷ്ട്രത്തെ വിലക്കുന്നു. അങ്ങനെ സമത്വാവകാശം തുല്യപദവിയും അന്തസ്സും ഉറപ്പ് വരുത്തിക്കൊണ്ട് ഇന്ത്യയെ ഒരു യഥാർഥ ജനാധിപത്യ രാഷ്ട്രമാക്കിത്തീർക്കാൻ പരിശ്രമിക്കുന്നു.

നമ്മുടെ ഭരണഘടനയുടെ ആമുഖം (Preamble) വായിച്ചിട്ടുണ്ടോ? ഇത് എങ്ങനെയാണ് സമത്വത്തെ വിശദീകരിക്കുന്നത്. സമത്വത്തെ സംബന്ധിച്ച് രണ്ട് കാര്യങ്ങൾ ആമുഖത്തിൽ പരാമർശിക്കുന്നതായി നിങ്ങൾക്ക് കാണാം. – തുല്യപദവി, അവസരസമത്വം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യ അവസരങ്ങൾ അനുഭവിക്കുവാൻ കഴിയുക എന്നതാണ് അവസരസമത്വം കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ വിവിധ തരത്തിലുള്ള അസമത്വങ്ങൾ നിലനിൽക്കുന്ന ഒരു

***അനുച്ഛേദം 16(4) പിന്നോക്ക വിഭാഗത്തിൽപെട്ട ജനവിഭാഗത്തിന് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് സ്റ്റേറ്റിന് ബോധ്യപ്പെടുന്നപക്ഷം ആ വിഭാഗത്തിന് അർഹമായ സംവരണം കൊണ്ടുവരുന്നതിൽ നിന്ന് ഈ വകുപ്പ് സർക്കാറിനെ വിലക്കുന്നില്ല.***

സമൂഹത്തിൽ അവസരസമത്വം കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? പിന്നോക്കം നിൽക്കുന്ന ചില വിഭാഗങ്ങളുടെ (സാമൂഹികവും, സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർ, സ്ത്രീകൾ, കുട്ടികൾ) ഉന്നമനത്തിനായി പ്രത്യേക പദ്ധതികളും നടപടികളും ഗവൺമെന്റിന് നടപ്പിലാക്കാവുന്നതാണെന്ന് ഭരണഘടന വ്യക്തമാക്കുന്നു. സമത്വത്തെ പിൻതുടരുമ്പോഴും, തൊഴിലിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിലും സംവരണം നൽകുന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ടാവാം. സംവരണം പോലുള്ള നയങ്ങളെ സമത്വാവകാശത്തിന്റെ ലംഘനമായി കാണാൻ കഴിയില്ലെന്ന് ഭരണഘടനയുടെ അനുച്ഛേദം 16 (4) ൽ വ്യക്തമായി വിശദീകരിക്കുന്നു. അവസരസമത്വത്തിനുള്ള അവകാശം പൂർണ്ണമായും സാക്ഷാത്കരിക്കുന്നതിന് ഇത് അനിവാര്യമാണെന്ന് ഭരണഘടനയുടെ അന്തഃസത്ത പരിശോധിച്ചാൽ നിങ്ങൾക്ക് ബോധ്യമാകും.

**നിങ്ങളാണ് ന്യായാധിപൻ (You are the Judge)**



ഒറീസയിലെ പുരി ജില്ലയിൽ നിന്ന് ദളിത് വിഭാഗത്തിൽപ്പെട്ട ഒരാളാണ് താൻ എന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ഹരിബന്ദു എന്ന വ്യക്തിയിൽ നിന്നും നിങ്ങൾക്കൊരു തപാൽ കാർഡ് ലഭിച്ചു. ഈ കത്തിൽ അദ്ദേഹം സൂചിപ്പിച്ചത് തങ്ങളുടെ സമുദായത്തിൽപ്പെട്ട പുരുഷൻമാർ അവിടെ നടന്ന ഒരു വിവാഹ ചടങ്ങിന്റെ ഭാഗമായി വരന്റെയും വരനോടൊപ്പം വന്ന ഉയർന്ന ജാതിയിൽപ്പെട്ട അതിഥികളുടേയും കാൽ കഴുകണമെന്ന ആചാരത്തെ നിരസിച്ചു എന്നതാണ്, ഇതിന്റെ പ്രതികാരമായി ഈ സമുദായത്തിൽപ്പെട്ട നാല് സ്ത്രീകളെ മർദ്ദിക്കുകയും മറ്റൊരാളെ നഗ്നയാക്കി നടത്തുകയും ചെയ്തു. തപാൽ കാർഡിൽ അദ്ദേഹം തുടർന്ന് ഇങ്ങനെ എഴുതി, “ഞങ്ങളുടെ കുട്ടികൾ വിദ്യാസമ്പന്നരാണ്. ആചാരങ്ങളുടെ ഭാഗമായി ഉന്നതജാതിയിൽപ്പെട്ടവരുടെ കാൽ കഴുകുന്നതും, എച്ചിലില എടുക്കുന്നതും, പാത്രങ്ങൾ കഴുകുന്നതിനും അവർ തയ്യാറല്ല.”

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ ശരിയാണെന്ന നിഗമനത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ നിങ്ങൾ തീരുമാനമെടുക്കുക.

- ഈ സംഭവത്തിൽ മൗലികാവകാശങ്ങളുടെ ലംഘനമുണ്ടായിട്ടുണ്ടോ?
- ഈ കാര്യത്തിൽ എന്ത് ചെയ്യുവാനാണ് നിങ്ങൾ ഗവൺമെന്റിനോട് ഉത്തരവിടുക?

***വകുപ്പ് 21. ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം - നിയമത്താൽ സ്ഥാപിതമായ നടപടി ക്രമങ്ങളിലൂടെയല്ലാതെ ഏതൊരു വ്യക്തിയുടെയും ജീവനോ, വ്യക്തിസ്വാതന്ത്ര്യമോ ഹനിക്കാൻ പാടില്ല.***

## സ്വാതന്ത്ര്യത്തിനുള്ള അവകാശം (RIGHT TO FREEDOM)

സമത്വവും സ്വാതന്ത്ര്യവും (equality and freedom) ജനാധിപത്യത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ രണ്ട് അവകാശങ്ങളാണ്. ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. സ്വാതന്ത്ര്യമെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ചിന്തയുടെയും, ആവിഷ്ക്കാരത്തിന്റെയും അവയുടെ പ്രയോഗത്തിന്റെയും സ്വാതന്ത്ര്യമാണ്. എന്നിരുന്നാലും ഒരാൾ ഇഷ്ടപ്പെടുന്നതുപോലെയോ, ആഗ്രഹിക്കുന്നത് പോലെയോ പ്രവർത്തിക്കാനുള്ളതല്ല സ്വാതന്ത്ര്യം എന്ന് വ്യക്തമാണ്. അങ്ങനെയായാൽ സമൂഹത്തിലെ വലിയ ഒരു വിഭാഗം ജനതയ്ക്ക് അവരുടെ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയാതെ വരും. അക്കാരണത്താൽ, മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെയും ക്രമസമാധാനം തകർക്കാതെയും ഓരോ വ്യക്തിയും അനുഭവിക്കുന്ന സ്വാതന്ത്ര്യത്തെ മാത്രമേ സ്വാതന്ത്ര്യമായി നിർവ്വചിക്കാൻ കഴിയൂ.

### ജീവിക്കുന്നതിനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം (Right to life and personal liberty)



ചില സാഹചര്യങ്ങളിൽ നിയമപ്രകാരം ചില വ്യക്തികളുടെ ജീവനെടുക്കാൻ കഴിയുമെന്നാണോ ഇത് കൊണ്ട് അർത്ഥമാക്കുന്നത്? വിചിത്രമല്ലേ ഇത്. നിങ്ങളുടെ മനസ്സിൽ എന്തെങ്കിലും ഉദാഹരണമുണ്ടോ?

സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജീവനും, വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശങ്ങൾ. നിയമത്താൽ സ്ഥാപിതമായ നടപടിക്രമങ്ങളിലൂടെയല്ലാതെ (Procedure established by law) ഏതൊരാളുടേയും ജീവനോ, വ്യക്തിസ്വാതന്ത്ര്യമോ ഹനിക്കാൻ പാടില്ല. ഇത് കൊണ്ട് അർത്ഥമാകുന്നത് അറസ്റ്റിന് ആസ്പദമായ കാരണം ധരിപ്പിക്കാതെ ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യാൻ പാടില്ല എന്നതാണ്. അഥവാ അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിക്ക് അയാൾ തെരഞ്ഞെടുക്കുന്ന അഭിഭാഷകനുമായി ആലോചിക്കുവാനും അദ്ദേഹം മുഖേന പ്രതിരോധിക്കുന്നതിനുമുള്ള അവകാശമുണ്ടായിരിക്കും. അതുപോലെ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ 24 മണിക്കൂറിനകം ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുൻപാകെ പോലീസ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പോലിസിന്റെ ഭാഗമല്ലാത്ത മജിസ്ട്രേറ്റ് ഈ അറസ്റ്റ് നീതിയുക്തമാണോ അല്ലയോ എന്ന കാര്യത്തിൽ തീരുമാനമെടുക്കും.

ഒരു വ്യക്തിയുടെ ജീവിക്കാനുള്ള അവകാശത്തെ സംരക്ഷിക്കുക എന്നത് മാത്രമല്ല, മറിച്ച് വിശാലമായ ഒരു പ്രായോഗികതയും ഇതിനുണ്ട്. സുപ്രീംകോടതിയുടെ വിവിധ വിധിന്യായങ്ങൾ ഈ അവകാശത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. ചൂഷണമുക്തമായി അന്തസ്സോടെ ജീവിക്കുവാനുള്ള മനുഷ്യന്റെ അവകാശം ഈ അവകാശത്തിൽപ്പെടുന്നുവെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ജീവനോപാധിയില്ലാതെ ഒരു വ്യക്തിക്കും ജീവിക്കാൻ കഴിയില്ല എന്നും ജീവിക്കാനുള്ള അവകാശത്തിൽ പാർപ്പിടത്തിനും ഉപജീവനത്തി

നുമുള്ള അവകാശങ്ങൾ കൂടി ഉൾപ്പെടുന്നുവെന്നും സുപ്രീംകോടതി വ്യക്തമാക്കുന്നു.

## കരുതൽ തടങ്കൽ (Preventive detention)

സാധാരണയായി ഒരു വ്യക്തി അറസ്റ്റ് ചെയ്യപ്പെടുന്നത് അയാൾ ഏതെങ്കിലും കുറ്റകൃത്യത്തിൽ ഏർപ്പെട്ടതിനു ശേഷമാണ്. എന്നിരുന്നാലും ചില അപവാദങ്ങളുണ്ട്. ചില സന്ദർഭങ്ങളിൽ കുറ്റം ചെയ്യുന്നതിനു മുൻപായി കുറ്റം ചെയ്യാൻ സാധ്യതയുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ കുറച്ച് സമയത്തേക്ക് മുകളിൽ സൂചിപ്പിച്ച നടപടിക്രമങ്ങളൊന്നും കൂടാതെ അറസ്റ്റ് ചെയ്യാം. ഇത് കരുതൽ തടങ്കൽ (Preventive detention) എന്നറിയപ്പെടുന്നു. അതായത് ഒരു വ്യക്തി രാഷ്ട്രത്തിന്റെ സുരക്ഷക്കോ, ക്രമസമാധാനത്തിനോ ഭീഷണി ഉയർത്തുമെന്ന് ഗവൺമെന്റിന് തോന്നുകയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യാനും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാനും ഗവൺമെന്റിന് അധികാരമുണ്ട്. മൂന്ന് മാസം വരെയാണ് കരുതൽ തടങ്കൽ നീട്ടിക്കൊണ്ട് പോകാൻ കഴിയുക. മൂന്ന് മാസത്തിന് ശേഷം ഈ കേസ് ഒരു ഉപദേശകസമിതിക്ക് മുൻപാകെ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.

സാമൂഹിക വിരുദ്ധ ശക്തികളെയും ദേശവിരുദ്ധരെയും ഫലപ്രദമായി നേരിടുവാനുള്ള ഒരു ഉപകരണമായി ഇതിനെ കാണാവുന്നതാണ്. എന്നാൽ ഗവൺമെന്റ് പലപ്പോഴും ഈ നിയമത്തെ ദുരുപയോഗം ചെയ്തിട്ടുണ്ട്. നീതീകരിക്കാനാവാത്ത കാരണങ്ങളാൽ ഒരു വ്യക്തിക്കെതിരെ ഈ നിയമം ദുർവിനിയോഗം ചെയ്യുന്നതിൽ നിന്നും കൂടുതൽ സുരക്ഷിതത്വം വേണമെന്ന് ജനങ്ങളിൽ ചിലരെങ്കിലും ചിന്തിക്കുന്നുണ്ട്. വാസ്തവത്തിൽ ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശവും കരുതൽ തടങ്കലും തമ്മിൽ പരസ്പര വൈരുദ്ധ്യം നിലനിൽക്കുന്നു.

## മറ്റു സ്വാതന്ത്ര്യങ്ങൾ (Other freedoms)

സ്വാതന്ത്ര്യത്തിനുള്ള അവകാശമെന്നതിൽ മറ്റു പല അവകാശങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്. എന്നിരുന്നാലും ഈ അവകാശങ്ങൾ പൂർണ്ണമല്ല. ഓരോ അവകാശവും ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

ഉദാഹരണത്തിന് അഭിപ്രായ സ്വാതന്ത്ര്യം, ആവിഷ്ക്കാര സ്വാതന്ത്ര്യം എന്നിവ ക്രമസമാധാനം, സമാധാനം, ധാർമ്മികത തുടങ്ങിയവയുടെ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. അതുപോലെ തന്നെ സമ്മേളനത്തിനുള്ള സ്വാതന്ത്ര്യം ആയുധമില്ലാതെ സമ്മേളനത്തിനുള്ള സ്വാതന്ത്ര്യം എന്ന നിയന്ത്രണത്തിന് വിധേയമാണ്. എന്നാൽ ചില പ്രദേശങ്ങളിൽ അഞ്ചോ അതിൽ അധികമോ ആളുകൾ ഒത്തുചേരുന്നതിന് ഗവൺമെന്റിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താം. എന്നാൽ ഇത്തരം അധികാരങ്ങൾ ഭരണസംവിധാനത്തിന് നിഷ്പ്രയാസം ദുർവിനിയോഗം ചെയ്യാം. ഗവൺമെന്റിന്റെ ഒരു നടപടിക്കെതിരെയോ അതിന്റെ നയത്തിനെതിരെയോ ഉള്ള യഥാർത്ഥ പ്രതിഷേധത്തിനുള്ള അനുവാദം പോലും നിഷേധിക്കപ്പെടാം. എന്നാൽ

ജനങ്ങൾ തങ്ങളുടെ അവകാശങ്ങളിൻമേൽ ജാഗരൂകരായിരിക്കുകയും ബോധവാന്മാരായിരിക്കുകയും ചെയ്താൽ ഇത്തരത്തിലുള്ള ദുരുപയോഗം കുറയ്ക്കാം. അവകാശങ്ങൾക്ക് മീതെയുള്ള നിയന്ത്രണങ്ങളെ സംബന്ധിച്ച് ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾ തന്നെ അതൃപ്തി പ്രകടിപ്പിച്ചിരുന്നു.

"ഈ മൗലികാവകാശങ്ങളിൽ ഭൂരിഭാഗവും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് രൂപപ്പെടുത്തിയതാണെന്ന് എനിക്ക് തോന്നുന്നു. വളരെ കുറച്ച് അവകാശങ്ങൾ മാത്രമാണ് യഥാർഥത്തിൽ അംഗീകരിച്ചിട്ടുള്ളത്. മിക്കവാറുമുള്ള എല്ലാ അവകാശങ്ങൾക്കും പിന്നിൽ ചേർത്തിരിക്കുന്ന നിബന്ധനകൾ അവകാശങ്ങളെ ഏതാണ്ട് മുഴുവനായും ഇല്ലാതാക്കുന്നു. എന്തായിരിക്കണം മൗലികാവകാശങ്ങളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട്? നമ്മുടെ ജനതയ്ക്ക് ലഭ്യമാവണമെന്ന് നാം ആഗ്രഹിക്കുന്ന എല്ലാ അവകാശങ്ങളും അതിൽ ഉൾപ്പെടുത്തേണ്ടതാണ്."

സോമനാഥ് ലാഹിരി, സി.എ.ഡി, Vol. III, പേജ് 404, ഏപ്രിൽ 29 1947



## കുറ്റാരോപിതർക്കുള്ള അവകാശങ്ങൾ (Rights of accused)

വിവിധ കുറ്റങ്ങൾ ആരോപിക്കപ്പെട്ട വ്യക്തികൾക്ക് വേണ്ടത്ര സംരക്ഷണം ലഭിക്കണമെന്ന് ഭരണഘടന നിഷ്ക്കർഷിക്കുന്നു. മിക്കപ്പോഴും കുറ്റം ആരോപിക്കപ്പെട്ട ഏതൊരു വ്യക്തിയും കുറ്റക്കാരനാണെന്ന് നമ്മൾ വിശ്വസിക്കുന്നു. കുറ്റം ചെയ്തിട്ടുണ്ടെന്ന് കോടതി കണ്ടെത്തിയാൽ മാത്രമേ അയാൾ കുറ്റവാളിയാകുന്നുള്ളൂ. കുറ്റാരോപിതനായ ഏതൊരു വ്യക്തിക്കും സ്വയം പ്രതിരോധിക്കുവാനുള്ള അവസരവും ലഭ്യമാക്കേണ്ടതാണ്. കോടതികളിൽ ന്യായമായ വിചാരണ ഉറപ്പ് വരുത്തുവാൻ ഭരണഘടന മൂന്ന് അവകാശങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്.

- ഒരേ കുറ്റത്തിന് ഒരു വ്യക്തിയേയും ഒന്നിൽ കൂടുതൽ തവണ ശിക്ഷിക്കാൻ പാടില്ല.
- ഏതൊരു മുൻകാല കുറ്റകൃത്യത്തെയും പിൽക്കാലത്തുണ്ടായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയമ വിരുദ്ധമായി പ്രഖ്യാപിക്കാനോ ശിക്ഷിക്കാനോ പാടില്ല.
- ഒരു വ്യക്തിയേയും അയാൾക്കെതിരായി തെളിവു നൽകുന്നതിനായി നിർബന്ധിക്കാൻ പാടില്ല.

### പഠന പുരോഗതി വിലയിരുത്തുക

സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന്മേൽ താഴെ പറയുന്ന സാഹചര്യങ്ങളിൽ നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ ? നിങ്ങളുടെ ഉത്തരങ്ങളെ സാധൂകരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുക.

- വർഗീയ ലഹളക്കു ശേഷം ജനങ്ങൾ സമാധാന ജാഥയ്ക്കായി നഗരത്തിൽ ഒത്തു ചേർന്നു.
- ഒരു ക്ഷേത്രത്തിൽ ദളിതർക്ക് പ്രവേശനം വിലക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ക്ഷേത്രത്തിൽ ബലമായി പ്രവേശിക്കുവാൻ വേണ്ടി ഒരു പ്രക്ഷോഭയാത്ര സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.
- നൂറു കണക്കിന് ഗോത്ര വർഗ്ഗക്കാർ, വ്യവസായത്തിനായി സർക്കാർ ഏറ്റെടുത്ത അവരുടെ ഭൂമി തിരിച്ച് കൊടുക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് റോഡ് ഉപരോധിക്കുന്നു.
- ജാതി മാറി വിവാഹം കഴിച്ച യുവദമ്പതികൾക്ക് നൽകേണ്ട ശിക്ഷ തീരുമാനിക്കുവാൻ വേണ്ടി ജാതി പഞ്ചായത്ത് യോഗം ചേരുന്നു.

## ചൂഷണത്തിനെതിരെയുള്ള അവകാശം (RIGHT AGAINST EXPLOITATION)

നമ്മുടെ രാജ്യത്ത് ദശലക്ഷക്കണക്കിന് ആളുകൾ നിസ്സഹായരും, മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ടവരുമാണ്. സഹജീവികളായ മനുഷ്യരാൽ തന്നെ അവർ ചൂഷണത്തിന് വിധേയമാകാം. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന അടിമപ്പണി അല്ലെങ്കിൽ കൂലി നൽകാതെ നിർബന്ധിത വേല ചെയ്യിപ്പിക്കൽ എന്നിവ അത്തരത്തിലുള്ള ഒരു ചൂഷണമാണ്. മനുഷ്യവ്യാപാരവും അവരെ അടിമകളാക്കി ഉപയോഗിക്കുക എന്നതും മറ്റൊരു തരത്തിലുള്ള ചൂഷണമാണ്. ഭരണഘടനാപ്രകാരം ഇവ രണ്ടും നിരോധിക്കപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ ഭൂപ്രഭുക്കന്മാരും പണം വായ്പയ്ക്ക് കൊടുക്കുന്നവരും, മറ്റു സമ്പന്ന വ്യക്തികളുമായിരുന്നു നിർബന്ധിത തൊഴിലെടുപ്പിച്ചിരുന്നത്. പ്രത്യേകിച്ച് ഇഷ്ടിക നിർമ്മാണം പോലുള്ള ചില മേഖലകളിൽ. അടിമപ്പണി ഇന്നും നിലനിൽക്കുന്നു. ഇത് ഇപ്പോൾ ശിക്ഷാർഹമായ ഒരു കുറ്റകൃത്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.



ഏത് മൗലിക അവകാശത്തിന്റെ ലംഘനമാണ് ഈ ചിത്രത്തിൽ പ്രതിഫലിച്ചിരിക്കുന്നതെന്നു കണ്ടെത്തുക.

വ്യവസായ ശാലകൾ, ഖനികൾ എന്നിവ പോലെയുള്ള അപകടകരമായ മേഖലകളിൽ 14 വയസ്സിൽ താഴെയുള്ള കുട്ടികളെ കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കുന്നത് ഭരണഘടന വിലക്കിയിരിക്കുന്നു. ബാലവേല നിയമവിരുദ്ധമാക്കിയതും വിദ്യാഭ്യാസത്തിനുള്ള അവകാശം കുട്ടികളുടെ മൗലികാവകാശമായി മാറ്റുകയും ചെയ്തത് ചൂഷണത്തിനെതിരെയുള്ള അവകാശം കൂടുതൽ അർത്ഥവത്തായി മാറാൻ സഹായിച്ചു.

## മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (RIGHT TO FREEDOM OF RELIGION)

എല്ലാ പൗരന്മാർക്കും തങ്ങളുടെ ഇഷ്ടമനുസരിച്ചുള്ള മതം തെരഞ്ഞെടുക്കുന്നതിനും പിന്തുടരുവാനുമുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകിയിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ മുഖമുദ്രയായി കണക്കാക്കപ്പെടുന്നു. സ്വന്തം രാജ്യത്തെ നിവാസികൾക്ക് മതസ്വാതന്ത്ര്യം അനുവദിക്കാതിരുന്ന അനേകം ഭരണാധികാരികളും ചക്രവർത്തിമാരും ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിരുന്നു. ഭരണാധികാരികളുടെ മതത്തിൽ നിന്നും വ്യത്യസ്തമായ മതം പിൻതുടർന്നവർ ഒന്നുകിൽ പീഡിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ ഭരണാധികാരികളുടെ മതത്തിലേക്ക് പരിവർത്തനം ചെയ്യാൻ നിർബന്ധിതരാവുകയോ ചെയ്തു. അതിനാൽ ഒരാളുടെ ഇഷ്ടത്തിനനുസരിച്ചുള്ള മതം പിന്തുടരാനുള്ള സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലൊന്നായി എന്നും നിലകൊള്ളുന്നു.

### വിശ്വാസത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യം (Freedom of faith and worship)

ഇന്ത്യയിൽ ഏതൊരു പൗരനും ഏത് മതം തെരഞ്ഞെടുക്കാനും അത് അനുഷ്ഠിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മതസ്വാതന്ത്ര്യം അപ്രകാരം അവനവന്റെ മനസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നതാണ്. ഒരു വ്യക്തിക്ക് ഏത് മതം സ്വീകരിക്കുവാനും അല്ലെങ്കിൽ ഒരു മതവും സ്വീകരിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട് എന്നാണ് ഇത് കൊണ്ട് അർത്ഥമാകുന്നത്. മതസ്വാതന്ത്ര്യം എന്നത് ഏതൊരു മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നതാണ്. മതസ്വാതന്ത്ര്യം ചില നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ക്രമസമാധാനം, ധാർമ്മികത, ആരോഗ്യം എന്നിവയെ സംരക്ഷിക്കുന്നതിന് വേണ്ടി മതസ്വാതന്ത്ര്യത്തിനുമേൽ സർക്കാരിന് ചില നിയന്ത്രണങ്ങൾ ചുമത്താൻ കഴിയും. മതസ്വാതന്ത്ര്യം അനിയന്ത്രിതമായ ഒരവകാശമല്ല എന്നതാണ് ഇതുകൊണ്ട് അർത്ഥമാകുന്നത്. ചില സാമൂഹിക തിന്മകൾ (evils) പിഴുതെറിയുന്നതിന് സർക്കാരിന് മതകാര്യങ്ങളിൽ ഇടപെടാം. ഉദാഹരണമായി സതി, ബഹുഭാര്യാത്വം, അല്ലെങ്കിൽ ബഹുഭർതൃത്വം, നരബലി പോലെയുള്ള അനുഷ്ഠാനങ്ങൾ തുടങ്ങിയവ നിരോധിച്ചുകൊണ്ട് മുൻകാലങ്ങളിൽ സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്. അത്തരം നിയന്ത്രണങ്ങളെ മതസ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൻമേലുള്ള ഇടപെടലുകളാണെന്ന പേരിൽ എതിർക്കാൻ കഴിയില്ല.

മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൻമേലുള്ള നിയന്ത്രണങ്ങൾ ഗവൺമെന്റും വിവിധ മതങ്ങളുടെ അനുയായികളും തമ്മിൽ എല്ലായ്പ്പോഴും സംഘർഷങ്ങൾക്ക് കാരണമാകുന്നു. ഏതെങ്കിലും മതവിഭാഗത്തിന്റെ ചില പ്രവർത്തനങ്ങളെ ഗവൺമെന്റ് നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ അത് തങ്ങളുടെ മതത്തിലുള്ള ഇടപെടലാണെന്ന് ആ മതത്തിന്റെ അനുയായികൾ കരുതുന്നു.

മറ്റു പല കാരണങ്ങൾ കൊണ്ടും മതസ്വാതന്ത്ര്യം രാഷ്ട്രീയ വിവാദത്തിന് കാരണമാകുന്നു. ഒരു വ്യക്തിയുടെ മതം പ്രചരിപ്പിക്കുന്നതിനുള്ള അവകാശം ഭരണഘടന ഉറപ്പ് നൽകുന്നു. ഒരു മതത്തിൽ നിന്ന് മറ്റൊരു മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടും. മതപരിവർത്തനം ഭീഷണിയുടെയും (intimidation) അല്ലെങ്കിൽ പ്രലോഭനങ്ങളുടെയും (inducement) അടിസ്ഥാനത്തിലാണെന്ന കാരണത്താൽ ചില ആളുകൾ അതിനോട് നീരസം പ്രകടിപ്പിക്കുന്നു. നമ്മുടെ ഭരണഘടന നിർബന്ധിത മതപരിവർത്തനം അനുവദിക്കുന്നില്ല. നമ്മുടെ മതത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുവാനും അതുവഴി മറ്റുള്ളവരെ അതിലേക്ക് ആകർഷിക്കുവാനും മാത്രമാണ് നമ്മുടെ, ഭരണഘടന അവകാശം നൽകുന്നത്.

## എല്ലാ മതങ്ങളുടെയും സമത്വം (Equality of all religions)

അനേകം മതങ്ങൾ നിലനിൽക്കുന്ന ഒരു രാജ്യമെന്ന നിലയിൽ വ്യത്യസ്ത മതങ്ങളോട് തുല്യ പരിഗണന നൽകുകയെന്നത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവശ്യമായ കാര്യമാണ്. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ ഗവൺമെന്റ് ഒരു മതത്തിനും പ്രത്യേക പരിഗണന നൽകുന്നില്ല. ഇന്ത്യയ്ക്ക് ഒരു ഔദ്യോഗിക മതമില്ല. പ്രധാനമന്ത്രിയോ പ്രസിഡന്റോ, ന്യായാധിപനോ അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനോ ആകാൻ ഏതെങ്കിലും പ്രത്യേക മതവിഭാഗത്തിൽ ഉൾപ്പെടണമെന്നില്ല. അതുപോലെ പൊതുജോലിയുടെ കാര്യത്തിൽ മതപരമായ വിവേചനങ്ങൾ ഒന്നുംതന്നെ ഗവൺമെന്റ് കാണിക്കാൻ പാടില്ലായെന്ന് സമത്വത്തിനുള്ള അവകാശം പഠിച്ചപ്പോൾ നാം മനസ്സിലാക്കിയിട്ടുണ്ട്. ഇത് തുല്യതയ്ക്കുള്ള അവകാശ (Right to Equality) ത്തിലൂടെ ഭരണഘടന ഉറപ്പ് നൽകുന്നതായി കാണാം. സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപ്രചരണമോ, മതബോധനമോ, ഏതെങ്കിലും മതസ്ഥർക്ക് പ്രത്യേക പരിഗണനയോ നൽകുന്നില്ല. മതേതരത്വം എന്ന തത്ത്വത്തെ നിലനിർത്തുകയും, പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഇത്തരം നിയമങ്ങളുടെ ലക്ഷ്യം.

**പ്രവർത്തനം**

- നിങ്ങളുടെ ഗ്രാമത്തിലോ അല്ലെങ്കിൽ പട്ടണത്തിലോ പരസ്യമായി നടക്കുന്ന മതപരിപാടികളുടെ ഒരു പട്ടിക തയ്യാറാക്കുക.
- ഇതിൽ ഏതെല്ലാം പരിപാടികളാണ് മതസ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരുന്നത്?
- നിങ്ങളുടെ പ്രദേശത്തുള്ള ജനങ്ങൾക്ക് ഈ അവകാശങ്ങൾ ലഭ്യമല്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.

## സംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (CULTURAL AND EDUCATIONAL RIGHTS)

ഇന്ത്യൻ സമൂഹത്തെക്കുറിച്ച് നാം സംസാരിക്കുമ്പോൾ ഇന്ത്യയുടെ വൈവിധ്യങ്ങൾ നമ്മുടെ മനസ്സിൽ പ്രതിഫലിക്കുന്നു. ഇന്ത്യൻ സമൂഹം ഒരു ഏകശിലാത്മക (monolithic) സമൂഹമല്ല. വൈവിധ്യങ്ങൾ നിറഞ്ഞ വിശാലമായ ഒരു സമൂഹമാണ് നമ്മുടേത്. അത്തരത്തിൽ വൈവിധ്യങ്ങൾ നിറഞ്ഞ ഒരു സമൂഹത്തിൽ മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് എണ്ണത്തിൽ ചെറുതായ സാമൂഹിക വിഭാഗങ്ങൾ ഉണ്ടായിരിക്കും. ഏതെങ്കിലും ഒരു വിഭാഗം ന്യൂനപക്ഷമാണെങ്കിൽ അവർ ഭൂരിപക്ഷത്തിന്റെ സംസ്കാരം സ്വീകരിക്കേണ്ടതുണ്ടോ?



ന്യൂനപക്ഷങ്ങളിൽ യഥാർത്ഥത്തിൽ ഒരു സുരക്ഷാബോധം ഉണ്ടാക്കുന്നതിന് ഭൂരിപക്ഷത്തിന് ഭാരിച്ച ഉത്തരവാദിത്വം ഉണ്ട്... ഒരു മതേതര രാഷ്ട്രത്തിൽമാത്രമേ ന്യൂനപക്ഷത്തിന് സുരക്ഷിതത്വം ഉണ്ടായിരിക്കുകയുള്ളൂ. അത് അവരെ ദേശീയവാദികളാക്കും. ഭൂരിപക്ഷസമുദായം തങ്ങളുടെ ദേശസ്നേഹത്തെ പൊലിപ്പിച്ചു കാട്ടേണ്ടതില്ല...അവർ ന്യൂനപക്ഷങ്ങളുടെ അവസ്ഥയിൽ തങ്ങളെ സ്വയം സങ്കല്പിച്ചുകൊണ്ട് അവരുടെ ഭീതിയെ മനസ്സിലാക്കാൻ ശ്രമിക്കണം. സുരക്ഷിതത്വത്തിനുവേണ്ടിയുള്ള എല്ലാ അവകാശവാദങ്ങളും ന്യൂനപക്ഷങ്ങളുടെ മനസ്സിലുള്ള ഭീതിയുടെ ഉൽപ്പന്നങ്ങളാണ്.. ഭാഷ, ലിപി അതുപോലെ തങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള ഭീതി.

സർദാർ ഹുക്കും സിങ്ങ്, സിഎഡി, VIII, പേജ് 322, 26 മേയ് 1949

വൈവിധ്യമാണ് നമ്മുടെ ശക്തിയെന്ന് നമ്മുടെ ഭരണഘടന വിശ്വസിക്കുന്നു. അതുകൊണ്ടു തന്നെ മൗലികാവകാശങ്ങളിലൊന്ന് ന്യൂനപക്ഷങ്ങൾക്ക് അവരുടെ സംസ്കാരം നിലനിർത്തുവാനുള്ള അവകാശമാണ്. ന്യൂനപക്ഷപദവി മതത്തെ മാത്രം ആശ്രയിച്ചുള്ളതല്ല. ഭാഷാപരവും, സാംസ്കാരികപരവുമായ ന്യൂനപക്ഷങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു. രാജ്യത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്തോ അല്ലെങ്കിൽ രാജ്യത്തൊട്ടാകെയോ മറ്റ് വിഭാഗങ്ങളെക്കാൾ എണ്ണത്തിൽ കുറവുള്ളവരും ഒരു പൊതുഭാഷയോ മതമോ ഉള്ളവരുമായ വിഭാഗങ്ങളാണ് ന്യൂനപക്ഷങ്ങൾ. അത്തരം സമുദായങ്ങൾക്ക് അവരുടേതായ ഒരു സംസ്ക്കാരവും, ഭാഷയും ലിപിയും ഉണ്ടായിരിക്കുകയും അവർക്ക് അവയെ സംരക്ഷിക്കാനും വികസിപ്പിക്കാനുമുള്ള അവകാശവുമുണ്ടായിരിക്കുകയും ചെയ്യും.

മതപരവും ഭാഷാപരവുമായ എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശമുണ്ട്. അതിലൂടെ അവർക്ക് സ്വന്തം സംസ്കാരത്തെ സംരക്ഷിക്കുവാനും വികസിപ്പിക്കുവാനും കഴിയും. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ ന്യൂനപക്ഷ സമുദായ മാനേജ്മെന്റുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളോട് സർക്കാർ വിവേചനം കാണിക്കുകയില്ല.



*ഞാൻ എന്റെ പ്രദേശത്ത് ന്യൂനപക്ഷമാണ്, പക്ഷേ പട്ടണത്തിൽ ഭൂരിപക്ഷവും. എന്റെ ഭാഷ നോക്കുകയാണെങ്കിൽ ഞാൻ ന്യൂനപക്ഷം. മതം നോക്കുകയാണെങ്കിൽ ഭൂരിപക്ഷവും. എങ്കിൽ നമ്മളെല്ലാം ന്യൂനപക്ഷമല്ലേ!?*

## ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം (RIGHT TO CONSTITUTIONAL REMEDIES)

വളരെയധികം മതിപ്പുളവാകുന്ന മൗലികാവകാശങ്ങളുടെ പട്ടിക ഉൾക്കൊള്ളുന്നതാണ് നമ്മുടെ ഭരണഘടനയെന്ന് ആരും തന്നെ സമ്മതിക്കുന്നതാണ്. എന്നാൽ കേവലം അവകാശങ്ങളുടെ ഒരു പട്ടിക എഴുതിവച്ചത് കൊണ്ട് മാത്രം കാര്യമില്ല. അവകാശങ്ങൾ പ്രായോഗിക തലത്തിൽ യാഥാർത്ഥ്യമാക്കുന്നതിനും അവക്കെതിരെയുള്ള ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനുമുള്ള ഒരു മാർഗവും ഉണ്ടാവേണ്ടതുണ്ട്. ഇത് നേടിയെടുക്കാനുള്ള മാർഗ്ഗമാണ് ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം (Right to constitutional remedies). ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശത്തെ ഭരണഘടനയുടെ ഹൃദയവും ആത്മാവു (heart and soul) മെന്നാണ് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ചിട്ടുള്ളത്. ഇതിനു കാരണം ഏതെങ്കിലും ഒരു മൗലികാവകാശത്തിന്റെ ലംഘനമുണ്ടായാൽ അത് പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി ഏതൊരു വ്യക്തിക്കും ഹൈക്കോടതിയേയോ സുപ്രീംകോടതിയേയോ സമീപിക്കുവാനുള്ള അവകാശം ഭരണഘടനാപരിഹാരമാർഗ്ഗത്തിലൂടെ ഉറപ്പ് നൽകുന്നു. സുപ്രീംകോടതിക്കും, ഹൈക്കോടതിക്കും ഇത്തരം അവകാശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാരിന് ഉത്തരവുകളും നിർദ്ദേശങ്ങളും നൽകാൻ കഴിയും. കോടതികൾക്ക് റിട്ടുകൾ (writs) എന്ന പേരിൽ നിരവധി പ്രത്യേക ഉത്തരവുകൾ ഇതിനായി പുറപ്പെടുവിക്കാം.

- **ഹേബിയസ് കോർപ്പസ് (Habeas Corpus):** അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ കോടതിക്ക് മുൻപാകെ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന ഉത്തരവിനെയാണ് ഹേബിയസ് കോർപ്പസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യാനുണ്ടായ കാരണങ്ങളോ അതിന്റെ രീതിയോ നിയമാനുസൃതമോ, തൃപ്തികരമോ അല്ലെങ്കിൽ ആ വ്യക്തിയെ സ്വതന്ത്രമാക്കാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.
- **മാൻഡമസ് (Mandamus):** ഒരു ഉദ്യോഗസ്ഥൻ തന്റെ നിയമപരമായ കർത്തവ്യം നിറവേറ്റാതിരിക്കുന്നതുമൂലം മറ്റൊരു വ്യക്തിയുടെ അവകാശം ഹനിക്കപ്പെടുന്നതായി കോടതി കണ്ടെത്തുമ്പോൾ പുറപ്പെടുവിക്കുന്ന റിട്ടാണ് മാൻഡമസ്.

- **പ്രൊഹിബിഷൻ (Prohibition):** തങ്ങളുടെ അധികാരപരിധിയിൽ വരാത്ത ഒരു കേസ് കീഴ്ക്കോടതികൾ പരിഗണിക്കുന്നത് വിലക്കികൊണ്ടുള്ള മേൽക്കോടതിയുടെ (സുപ്രീംകോടതിയോ ഹൈക്കോടതിയോ) ഉത്തരവാണ് പ്രൊഹിബിഷൻ.
- **ക്വോവാറന്റോ (Quo Warranto):** ഒരു ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് അർഹതയില്ലാത്ത സ്ഥാനം വഹിക്കുന്നതായി കോടതി കണ്ടെത്തുകയാണെങ്കിൽ അദ്ദേഹത്തെ അതിൽ നിന്ന് തടഞ്ഞുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന റിട്ടാണ് ക്വോവാറന്റോ.
- **സെർഷ്യോററി (Certiorari):** ഒരു കീഴ്ക്കോടതിയിലെയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ മുൻപാകെ പരിഗണനയിൽ ഇരിക്കുന്ന ഒരു കേസ് മേൽക്കോടതിയിലേക്കോ അല്ലെങ്കിൽ ഉന്നത അധികാര സ്ഥാനത്തിലേക്കോ കൈമാറ്റം ചെയ്യാനുള്ള ഉത്തരവാണ് ഈ റിട്ട്.

പിന്നീടുള്ള വർഷങ്ങളിൽ ജുഡീഷറിയെ കൂടാതെ, അവകാശങ്ങളുടെ സംരക്ഷണത്തിനായി മറ്റു പല സംവിധാനങ്ങളും രൂപവൽക്കരിച്ചു. ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ദേശീയ വനിതാകമ്മീഷൻ, ദേശീയ പട്ടികജാതി കമ്മീഷൻ മുതലായവയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകും. ഈ സ്ഥാപനങ്ങൾ യഥാക്രമം സ്ത്രീകളുടെയും ന്യൂനപക്ഷങ്ങളുടെയും ദളിതരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നു. ഇതു കൂടാതെ മൗലികാവകാശങ്ങളും മറ്റു തരത്തിലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നതിന് മനുഷ്യാവകാശ കമ്മിഷനും രൂപീകരിച്ചിട്ടുണ്ട്.

### ദേശീയ മനുഷ്യാവകാശ കമ്മീഷൻ
### (National Human Rights Commission)

ഏത് ഭരണഘടനയും നൽകുന്ന അവകാശങ്ങൾ പരിശോധിക്കപ്പെടുന്നത് അവ എങ്ങനെ നടപ്പാക്കുന്നു എന്നതിലൂടെയാണ്. നിരക്ഷരർ, ദരിദ്രർ തുടങ്ങിയ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും അവരുടെ അവകാശങ്ങൾ വിനിയോഗിക്കാൻ കഴിയണം. സ്വതന്ത്രസംഘടനകളായ പീപ്പിൾസ് യൂണിയൻ ഫോർ ലിബർട്ടി (പി.യു.സി.എൽ.) അതുപോലെ പീപ്പിൾസ് യൂണിയൻ ഫോർ ഡെമോക്രാറ്റിക് റൈറ്റ്സ് (പി.യു.ഡി.ആർ.) തുടങ്ങിയവ അവകാശ ലംഘനങ്ങൾക്കെതിരെ കാവൽഭടന്മാരെപ്പോലെ പ്രവർത്തിച്ച് വരുന്നു. ഈ പശ്ചാത്തലത്തിലാണ് 1993 ൽ ഗവൺമെന്റ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിച്ചത്.

സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ്, സുപ്രീംകോടതിയിലെ മുൻ ജഡ്ജി, ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസ് കൂടാതെ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച വിഷയങ്ങളിൽ അറിവും പ്രായോഗിക പരിചയവുമുള്ള രണ്ട് അംഗങ്ങൾ, എന്നിവർ ഉൾക്കൊള്ളുന്നതാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഘടന.

സ്വന്തമായി മുൻകൈയ്യെടുത്തോ, അല്ലെങ്കിൽ മനുഷ്യാവകാശ ലംഘനത്തിന് ഇരയായ വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിലോ അന്വേഷണം നടത്തുക, ജയിലുകൾ സന്ദർശിച്ച് തടവുകാരുടെ അവസ്ഥയെക്കുറിച്ച് പഠിക്കുക, മനുഷ്യാവകാശവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുകയും അത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ.

കമ്മീഷന് ഓരോ വർഷവും ആയിരക്കണക്കിന് പരാതികൾ ലഭിക്കുന്നു. കസ്റ്റഡി മരണം, കസ്റ്റഡിയിൽ വെച്ചുള്ള ബലാൽസംഗം, ആളുകളെ കാണാതാകൽ, പോലീസ് അതിക്രമങ്ങൾ, നടപടികൾ എടുക്കുന്നതിലുള്ള പോരായ്മ, സ്ത്രീകളോട് അപമര്യാദയോടെ പെരുമാറൽ തുടങ്ങിയവ ഇതിൽപ്പെടുന്നു. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇടപെടലിൽ ഒന്നായ പഞ്ചാബിൽ നിന്ന് കാണാതായ യുവാക്കളുടെ കേസുകളുടെ അന്വേഷണത്തിലും ഗുജറാത്ത് കലാപ കേസുകളുടെ വിചാരണയിലും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടൽ ഫലപ്രദമാണെന്ന് തെളിഞ്ഞു.

കമ്മീഷന് ശിക്ഷിക്കാനുള്ള അധികാരമില്ല. കമ്മീഷൻ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ശുപാർശകൾ നൽകാനോ അല്ലെങ്കിൽ കോടതികളോട് നടപടിക്രമങ്ങൾ ആരംഭിക്കാൻ ശുപാർശ ചെയ്യാനോ മാത്രമേ അധികാരമുള്ളൂ.

കൂടുതൽ വിശദാംശങ്ങൾക്ക് സന്ദർശിക്കുക http//www.nhrc.nic.in

## രാഷ്ട്രനയത്തിന്റെ നിർദേശക തത്ത്വങ്ങൾ (DIRECTIVE PRINCIPLES OF STATE POLICY)

സ്വതന്ത്ര ഇന്ത്യ അനേകം വെല്ലുവിളികളെ നേരിടേണ്ടി വരുമെന്ന് നമ്മുടെ ഭരണഘടനാ ശിൽപ്പികൾക്ക് അറിയാമായിരുന്നു. എല്ലാ പൗരൻമാർക്കും സമത്വവും ക്ഷേമവും കൊണ്ടുവരിക എന്ന വെല്ലുവിളിയായിരുന്നു ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചില നയനിർദ്ദേശങ്ങൾ ആവശ്യമാണെന്നും അവർ ചിന്തിച്ചു. എന്നാൽ അതേസമയം തന്നെ ചില പ്രത്യേക നയ രൂപീകരണ തീരുമാനങ്ങൾ ഭാവി ഗവൺമെന്റുകൾക്കുമേൽ അടിച്ചേൽപ്പിക്കണമെന്ന് ഭരണഘടനയ്ക്ക് ഉദ്ദേശമില്ലായിരുന്നു.



അതുകൊണ്ടുതന്നെ നിയമം മൂലം നടപ്പാക്കാൻ കഴിയാത്ത ചില മാർഗരേഖകൾ ഭരണഘടനയിൽ ഉൾപ്പെടുത്തുകയുണ്ടായി. അതായത് ഏതെങ്കിലും ഒരു ഗവൺമെന്റ് ഇതിൽ ഉൾപ്പെട്ടിട്ടുള്ള എന്തെങ്കിലും ഒരു പ്രത്യേക മാർഗ്ഗരേഖ

നടപ്പിലാക്കിയില്ല എങ്കിൽ ആ നയം നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം ഗവൺമെന്റിന് നൽകണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിക്കാൻ കഴിയില്ല. അതായത് ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഭരണഘടനയുടെ ന്യായവാദാർഹമല്ലാത്ത ഭാഗങ്ങളാണ് (Non -justiciable). അതായത് ഇവ കോടതി മുഖേന നടപ്പിലാക്കാൻ കഴിയില്ല. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് പിന്നിലുള്ള ധാർമ്മിക ശക്തി ഗവൺമെന്റിനെ അർഹിക്കുന്ന ഗൗരവത്തോടെ അവ നടപ്പിലാക്കാൻ പ്രേരിപ്പിക്കുമെന്ന് ഭരണഘടനാ ശിൽപ്പികൾ ചിന്തിച്ചു. കൂടാതെ ഈ മാർഗ്ഗനിർദ്ദേശക തത്ത്വങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വബോധം ഗവൺമെന്റിൽ സൃഷ്ടിക്കാൻ ജനങ്ങൾ പരിശ്രമിക്കുമെന്നും അവർ പ്രതീക്ഷിച്ചു. അപ്രകാരം നയപരമായ മാർഗ്ഗരേഖകളുടെ ഒരു വേറിട്ട പട്ടിക നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തി. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ പട്ടികയെ രാഷ്ട്രനയത്തിന്റെ നിർദ്ദേശക തത്ത്വങ്ങൾ (Directive Principles of State Policy) എന്നു പറയുന്നു.

## എന്താണ് നിർദ്ദേശക തത്ത്വങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത്? (What do the Directive Principles contain?)

ഈ അദ്ധ്യായത്തിൽ പ്രധാനമായും നിർദ്ദേശകതത്വങ്ങളെ സംബന്ധിച്ചുള്ള മൂന്ന് കാര്യങ്ങളാണ് പട്ടികപ്പെടുത്തുന്നത്.

- ഒരു സമൂഹമെന്ന നിലയിൽ നാം സ്വീകരിക്കേണ്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ
- മൗലികാവകാശത്തിന് പുറമെ വ്യക്തികൾ അനുഭവിക്കേണ്ടതായ ചില അവകാശങ്ങൾ
- ഗവൺമെന്റ് സ്വീകരിക്കേണ്ടതായ ചില നയങ്ങൾ. .

താഴെ കാണുന്ന ചില നിർദ്ദേശക തത്ത്വങ്ങളെ പരിശോധിക്കുന്നതിലൂടെ ഭരണഘടനാ ശിൽപ്പികളുടെ കാഴ്ചപ്പാടിനെക്കുറിച്ച് ചില ആശയങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നതാണ്. ചില നിർദ്ദേശക തത്ത്വങ്ങൾ നടപ്പിലാക്കുന്നതിന് അതാത് കാലഘട്ടങ്ങളിലെ സർക്കാരുകൾ ശ്രമിച്ചിട്ടുണ്ട്. ജന്മിത്ത നിരോധന നിയമങ്ങൾ, ബാങ്കുകളുടെ ദേശസാൽക്കരണം, നിരവധി ഫാക്ടറി നിയമങ്ങൾ, കുറഞ്ഞ കൂലി നിശ്ചയിക്കൽ, ചെറുകിട കുടിൽ വ്യവസായങ്ങളുടെ പ്രോത്സാഹനം, പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനുള്ള സംവരണം എന്നീ നിയമങ്ങൾ പാസ്സാക്കപ്പെട്ടു. വിദ്യാഭ്യാസത്തിനുള്ള അവകാശം, രാജ്യമൊട്ടാകെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ രൂപീകരണം, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗികമായിട്ടെങ്കിലും ജോലി ചെയ്യാനുള്ള അവകാശം, കൂടാതെ ഉച്ചഭക്ഷണ പദ്ധതി മുതലായവയും നിർദേശക തത്ത്വങ്ങളെ അടിസ്ഥാനമാക്കി നടപ്പിലാക്കിയവയാണ്.

**പൗരന്മാരുടെ മൗലിക ചുമതലകൾ (Fundamental Duties of citizens)**

- 1976 – ൽ 42 -ാം മത്തെ ഭരണഘടന ഭേദഗതി പാസ്സാക്കപ്പെട്ടു. മറ്റു വിഷയങ്ങളോടൊപ്പം പൗരന്മാരുടെ മൗലിക ചുമതലകൾ ഉൾക്കൊള്ളുന്ന ഒരു പട്ടിക ഈ ഭേദഗതിയിൽ ചേർക്കപ്പെട്ടു. ആകെ പത്ത് ചുമതലകൾ എഴുതിച്ചേർക്കപ്പെട്ടു. എന്നിരുന്നാലും ഈ ചുമതലകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണഘടന മൗനം പാലിക്കുന്നു.
- പൗരന്മാർ എന്ന നിലയിൽ ഭരണഘടനയെ അനുസരിക്കുക, രാജ്യത്തെ പ്രതിരോധിക്കുക, എല്ലാ പൗരന്മാർക്കിടയിലും സൗഹാർദ്ദത്തെ പരിപോഷിപ്പിക്കുക, പരിസറിതി സംരക്ഷിക്കുക തുടങ്ങിയവ മൗലിക കടമകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- എന്നിരുന്നാലും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടത് അവകാശങ്ങൾ അനുഭവിക്കണമെങ്കിൽ ചുമതലകൾ നിർവഹിക്കണമെന്ന് യാതൊരു നിബന്ധനയും ഭരണഘടനയിൽ ഉണ്ടായിട്ടില്ലായെന്നതാണ്. ഈ അർത്ഥത്തിൽ മൗലിക കർത്തവ്യങ്ങളുടെ കൂട്ടിച്ചേർക്കൽ വഴി മൗലികാവകാശങ്ങളുടെ പദവിക്ക് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല.

**പഠനപുരോഗതി പരിശോധിക്കുക**

ഇന്ത്യയിൽ ഏകദേശം 33 ദശലക്ഷം നഗരവാസികൾ വീടില്ലാത്തവരാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ ജനതയുടെ 5% ആളുകൾക്ക് രാത്രികാലങ്ങളിൽ അഭയസ്ഥലം ലഭ്യമല്ല. നൂറ് കണക്കിന് വീടില്ലാത്ത വൃദ്ധരും, രോഗികളുമായ ജനങ്ങൾ ശൈത്യകാലത്ത് ശീതക്കാറ്റേറ്റ് മരണപ്പെടുന്നു. ഗാർഹിക രേഖകളുടെ അഭാവത്തിൽ റേഷൻ കാർഡോ, വോട്ടിങ്ങ് കാർഡോ അവർക്ക് ലഭ്യമാകുന്നില്ല. ഇവർ ഗവൺമെന്റിന്റെ സഹായം ആവശ്യമുള്ളവരാണെങ്കിലും ഇത്തരം രേഖകളുടെ അഭാവത്തിൽ അവർക്ക് സർക്കാർ സഹായം ലഭിക്കാറില്ല. ഭവനരഹിതരായ ഈ ആളുകളിൽ ഭൂരിഭാഗവും വളരെ തുച്ഛമായ വേതനം ലഭിക്കുന്ന താൽക്കാലിക ജീവനക്കാരാണ്. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഇവർ തൊഴിൽ തേടി നഗരങ്ങളിലേക്ക് സഞ്ചരിക്കുന്നു. ഈ വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ഭരണഘടനാ പരിഹാരമാർഗ്ഗങ്ങൾക്കുള്ള അവകാശമെന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സുപ്രീംകോടതിയ്ക്ക് ഒരു പരാതി എഴുതുക. താങ്കളുടെ പരാതിയിൽ താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിക്കണം.

- ഭവനരഹിതരായ ഇവരുടെ നിത്യജീവിതത്തിൽ ഏതെല്ലാം മൗലികാവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത്?
- ഏതുതരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കാനാണ് നിങ്ങൾ സുപ്രീം കോടതിയോട് അപേക്ഷിക്കുക?

## മൗലികാവകാശങ്ങളും നിർദേശക തത്വങ്ങളും തമ്മിലുള്ള ബന്ധം (RELATIONS BETWEEN FUNDAMENTAL RIGHTS AND DIRECTIVE PRINCIPLES)

മൗലികാവകാശങ്ങളും നിർദ്ദേശക തത്വങ്ങളും പരസ്പര പൂരകങ്ങളാണെന്ന് നമുക്ക് കാണാൻ കഴിയുന്നു. മൗലികാവകാശങ്ങൾ ഗവൺമെന്റിനെ ചില കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് വിലക്കുമ്പോൾ നിർദേശക തത്ത്വങ്ങൾ ചില കാര്യങ്ങൾ ചെയ്യുവാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നു.

### നിർദേശക തത്ത്വങ്ങൾ (Directive Principles)

**ലക്ഷ്യങ്ങൾ (Goals)**

- ജനക്ഷേമം;
  സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതി.
- ജീവിത നിലവാരം മെച്ചപ്പെടുത്തൽ;
  വിഭവങ്ങളുടെ തുല്യവിതരണം
  അന്തർദേശീയ സമാധാനം പരിപോഷിപ്പിക്കുക.

**നയങ്ങൾ (Policies)**

- ഏകീകൃത സിവിൽ കോഡ്
- ലഹരി പാനീയങ്ങളുടെ ഉപയോഗം നിരോധിക്കുക.
- കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുക.
- ഉപയോഗമുള്ള കന്നുകാലികളുടെ കശാപ്പ് നിരോധിക്കുക.
- ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുക.

**ന്യായവാദാർഹമല്ലാത്ത അവകാശങ്ങൾ (Non - Justiciable Rights)**

- മതിയായ ഉപജീവനമാർഗം
- പുരുഷനും സ്ത്രീക്കും തുല്യ ജോലിക്ക് തുല്യ വേതനം
- സാമ്പത്തിക ചൂഷണത്തിനെതിരെയുള്ള അവകാശം
- തൊഴിലിനുള്ള അവകാശം
- ശിശുപരിപാലനവും ആറ് വയസിനു താഴെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും



*ഒരു കോടതിക്കും നടപ്പിലാക്കാൻ കഴിയാത്ത ഭരണഘടനയിലെ മനോഹരമായ കാര്യങ്ങൾ എന്നോട് പറയുന്നതിന്റെ ഉദ്ദേശം എന്താണ്?*

മൗലികാവകാശങ്ങൾ പ്രധാനമായും വ്യക്തികളുടെ അവകാശങ്ങളെ സംരക്ഷിക്കുമ്പോൾ നിർദേശക തത്ത്വങ്ങൾ സമൂഹത്തിലെ എല്ലാവരുടേയും ക്ഷേമം ഉറപ്പ് വരുത്തുന്നു.

എന്നിരുന്നാലും നിർദേശക തത്ത്വങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ച ചില സന്ദർഭങ്ങളിൽ പൗരന്റെ മൗലികാവകാശങ്ങളുമായി ചില ഏറ്റുമുട്ടലുകൾ ഉണ്ടായിട്ടുണ്ട്.

ജന്മിത്തം ഇല്ലായ്മ ചെയ്യാൻ നിയമനിർമാണം നടത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചപ്പോഴാണ് ഈ പ്രശ്നം ഉടലെടുത്തത്. സ്വത്താവകാശം ലംഘിച്ചുവെന്നതിന്റെ പേരിൽ ഈ നടപടികൾ എതിർക്കപ്പെട്ടു. വ്യക്തി താൽപ്പര്യത്തിനുപരിയായി സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് പരിഗണന നൽകിയ ഗവൺമെന്റ് ഈ നിർദ്ദേശക തത്ത്വത്തെ പ്രയോഗത്തിൽ വരുത്തുന്നതിന് ഭരണഘടനയിൽ ഭേദഗതി കൊണ്ടുവന്നു. ഇത് ദീർഘകാല നിയമയുദ്ധത്തിലേക്ക് നയിച്ചു. ഇതിൽ കാര്യനിർവഹണ, നീതിന്യായ വിഭാഗങ്ങൾ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചു. നിർദേശക തത്ത്വങ്ങളെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് അവകാശങ്ങളെ വെട്ടിച്ചുരുക്കാം എന്ന വാദമാണ് ഗവൺമെന്റ് മുന്നോട്ട് വെച്ചത്. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് അവകാശങ്ങൾ തടസ്സമായി നിൽക്കുന്നു എന്ന വാദമാണ് ഇവർ മുന്നോട്ട് വെച്ചത്. നേരെമറിച്ച് മൗലികാവകാശങ്ങൾ വളരെ പ്രധാനപ്പെട്ടതും പവിത്രവുമാണെന്നും നിർദേശക തത്ത്വങ്ങൾ നടപ്പിലാക്കുന്നതിനായി ഇവ പരിമിതപ്പെടുത്താനാവില്ലെന്ന കാഴ്ചപ്പാടാണ് കോടതി മുന്നോട്ട് വെച്ചത്.

### സ്വത്തവകാശം (Right to Property)

അവകാശങ്ങളും നിർദേശക തത്ത്വങ്ങളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുള്ള വിവാദത്തിന് പിന്നിലുള്ള പ്രധാന കാരണം യഥാർത്ഥ ഭരണഘടനയിൽ മൗലികാവകാശമായി ഉൾപ്പെട്ടിരുന്ന സ്വത്ത് നേടാനും, കൈവശം വെക്കാനും, നിലനിർത്താനുമുള്ള അവകാശമായിരുന്നു. എന്നാൽ ഗവൺമെന്റിന് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്വത്ത് ഏറ്റെടുത്ത് ഉപയോഗിക്കാമെന്ന് ഭരണഘടന വ്യക്തമാക്കിയിരിക്കുന്നു. 1950 മുതൽ സ്വത്തവകാശത്തെ പരിമിതപ്പെടുത്തുവാൻ ഗവൺമെന്റ് നിരവധി നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവകാശങ്ങളും നിർദേശക തത്ത്വങ്ങളും തമ്മിലുള്ള ബന്ധത്തിൻമേൽ ദീർഘകാലം നീണ്ടുനിന്ന സംവാദത്തിന്റെ കേന്ദ്രം ഈ അവകാശമായിരുന്നു. അവസാനം 1973-ൽ സ്വത്തവകാശം ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗമല്ലെന്നും അതുകൊണ്ട് തന്നെ ഭരണഘടനാ ഭേദഗതിയിലൂടെ ഈ അവകാശം പരിമിതപ്പെടുത്താൻ പാർലമെന്റിന് അധികാരമുണ്ടെന്നും സുപ്രീംകോടതി വിധിച്ചു. അങ്ങനെ 1978 -ൽ 44 -ാം ഭരണഘടന ഭേദഗതിയിലൂടെ മൗലികാവകാശങ്ങളുടെ ലിസ്റ്റിൽ നിന്ന് സ്വത്തവകാശമെന്ന അവകാശത്തെ മാറ്റുകയും നിയമാനുസൃതമായ അവകാശമായി അനുച്ഛേദം 300 A യുടെ ഭാഗമായി മാറ്റുകയും ചെയ്തു.

ഇത് സങ്കീർണ്ണമായ മറ്റൊരു സംവാദത്തിന് വഴിയൊരുക്കി. ഇത് ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ടതായിരുന്നു. പാർലമെന്റിന് ഭരണഘടനയുടെ ഏത് ഭാഗവും ഭേദഗതി ചെയ്യാൻ കഴിയും എന്നായിരുന്നു ഗവൺമെന്റ് വാദിച്ചിരുന്നത്. മൗലികാവകാശങ്ങളെ ലംഘിച്ചുകൊണ്ടുള്ള ഒരു ഭരണഘടന ഭേദഗതിയും പാർലമെന്റിന് വരുത്താൻ കഴിയുകയില്ല എന്നതായിരുന്നു കോടതിയുടെ നിലപാട്. കേശവാനന്ദ ഭാരതി കേസിലെ സുപ്രധാന വിധിയിലൂടെയാണ് സുപ്രീംകോടതി ഈ തർക്കത്തിന് തീർപ്പ് കൽപിച്ചിച്ചത്. ഈ കേസിൽ ഭരണഘടനയക്ക് ചില അടിസ്ഥാന സവിശേഷതകൾ ഉണ്ടെന്നും അത് പാർലമെന്റിന് ഭേദഗതി ചെയ്യാൻ കഴിയാത്തതാണെന്നും സുപ്രീം കോടതി പറഞ്ഞു. അദ്ധ്യായം – 9 ൽ 'ഭരണഘടന: ഒരു സജീവ പ്രമാണമെന്ന നിലയിൽ' എന്ന പാഠഭാഗത്ത് ഈ വിഷയം നാം വളരെ വിശദമായി ചർച്ച ചെയ്യുന്നതാണ്.



### പഠന പുരോഗതി വിലയിരുത്തുക

ദക്ഷിണാഫ്രിക്കൻ ഭരണഘടനയിലെ അവകാശ പത്രികയിൽ ഉൾപ്പെട്ട പ്രധാന സൂചകങ്ങളും ഇന്ത്യൻ ഭരണഘടനയിലെ രാഷ്ട്ര നയത്തിലെ നിർദേശക തത്വങ്ങളും വായിക്കുക. രണ്ട് പട്ടികയിലും പൊതുവായത് എന്തെല്ലാമാണ്? ദക്ഷിണാഫ്രിക്കൻ ഭരണഘടന എന്തുകൊണ്ടാണ് ഇവയെല്ലാം അവകാശ പത്രികയിൽ ഉൾപ്പെടുത്തിയത്?

ഒരു പുതിയരാജ്യത്തിന് നിങ്ങൾ ഭരണ ഘടന എഴുതുകയാണെങ്കിൽ എന്ത് നിർദേശമാണ് മുന്നോട്ട് വയ്ക്കാനുള്ളത്?

## ഉപസംഹാരം

മഹാരാഷ്ട്രയിൽ നിന്നുള്ള സാമൂഹിക പരിഷ്കർത്താവായ ജ്യോതി റാവു ഫൂലേ (1827 - 1890) യുടെ ലേഖനങ്ങളിൽ അവകാശമെന്നതിൽ സ്വാതന്ത്ര്യവും സമത്വവും ഉൾക്കൊള്ളുന്നു എന്ന പഴയകാല കാഴ്ചപ്പാടുകൾ പ്രകടമാകുന്നതായി കാണാം. ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ അവകാശങ്ങളെക്കുറിച്ചുള്ള ഈ ആശയം കൂടുതൽ ശക്തമാക്കപ്പെടുകയും അത് ഭരണഘടനാ അവകാശങ്ങളിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്തു. നമ്മുടെ ഭരണഘടന ഈ മഹത് പാരമ്പര്യം പ്രതിഫലിപ്പിക്കുകയും മൗലികാവകാശങ്ങളുടെ ഭാഗമാക്കുകയും ചെയ്തു. 1950 - മുതൽ തന്നെ നീതിന്യായവ്യവസ്ഥ അവകാശങ്ങളുടെ പ്രധാന സംരക്ഷകനെന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

നീതിന്യായ വ്യാഖ്യാനങ്ങൾ അവകാശങ്ങളുടെ വ്യാപ്തി പല രീതിയിലും വിപുലപ്പെടുത്തി. നമ്മുടെ ഭരണകൂടവും അതുപോലെ ഭരണവിഭാഗവും ഇതിന്റെ ചട്ടക്കൂടിനകത്ത് നിന്ന് പ്രവർത്തിക്കുന്നു. അവകാശങ്ങൾ സർക്കാറിന്റെ പ്രവർത്തനങ്ങൾക്ക് പരിധി നിശ്ചയിക്കുകയും അതുപോലെ രാജ്യത്ത് ജനാധിപത്യ ഭരണക്രമം ഉറപ്പു വരുത്തുകയും ചെയ്യുന്നു.

## അഭ്യാസം

1. തന്നിരിക്കുന്ന ഓരോ പ്രസ്താവനയും ശരിയോ തെറ്റോ എന്നെഴുതുക.

എ) ഒരു രാജ്യത്ത് ജനങ്ങൾ അനുഭവിക്കുന്ന അവകാശങ്ങൾ അവകാശപത്രിക മുന്നോട്ട് വയ്ക്കുന്നു

ബി) ഒരു വ്യക്തിയുടെ സ്വാതന്ത്ര്യങ്ങളെ അവകാശ പത്രിക സംരക്ഷിക്കുന്നു.

സി) ലോകത്ത് എല്ലാ രാജ്യങ്ങൾക്കും ഒരു അവകാശ പത്രികയുണ്ട്.

ഡി) അവകാശ ലംഘനങ്ങൾക്കെതിരായ പരിഹാരങ്ങൾ ഭരണഘടന ഉറപ്പ് നൽകുന്നു.

2. താഴെ തന്നിരിക്കുന്നവയിൽ മൗലികാവകാശങ്ങളെക്കുറിച്ചുള്ള ഏറ്റവും നല്ല വിവരണം ഏതാണ്?

എ) ഒരു വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട എല്ലാ അവകാശങ്ങളും

ബി) നിയമപരമായി പൗരന് നൽകിയിരിക്കുന്ന എല്ലാ അവകാശങ്ങളും

സി) ഭരണഘടന നൽകുന്നതും സംരക്ഷിക്കുന്നതുമായ അവകാശങ്ങൾ

ഡി) ഭരണഘടന നൽകുന്നതും പരിമിതപ്പെടുത്താൻ കഴിയാത്തതുമായ അവകാശങ്ങൾ

3. താഴെ പറയുന്ന സാഹചര്യങ്ങൾ പരിഗണിച്ച് ഓരോ സാഹചര്യത്തിലും ഏത് മൗലികാവകാശമാണ് ഉപയോഗിക്കുകയോ അല്ലെങ്കിൽ ലംഘിക്കുകയോ ചെയ്തിട്ടുള്ളത്? എപ്രകാരം?

എ) വിമാനത്തിനുള്ളിലെ അമിതഭാരമുള്ള പുരുഷ ജോലിക്കാരെ ദേശീയ വിമാന കമ്പനി സ്ഥാനക്കയറ്റത്തിന് അനുവദിച്ചപ്പോൾ സഹപ്രവർത്തകരായ സ്ത്രീ ജോലിക്കാരെ ഇതേ കാരണത്താൽ മാറ്റിനിർത്തി.

ബി) സർക്കാറിന്റെ നയങ്ങളെ വിമർശിക്കുന്ന ഒരു ഡോക്യുമെന്ററി സിനിമ ഒരു സംവിധായകൻ നിർമ്മിച്ചു.

സി) വലിയ ഒരു അണക്കെട്ടിന്റെ നിർമാണത്തെ തുടർന്ന് കുടിയൊഴിപ്പിക്കപ്പെട്ട ജനങ്ങൾ പുനരധിവാസം ആവശ്യപ്പെട്ടുകൊണ്ട് ഒരു റാലി സംഘടിപ്പിച്ചു.

ഡി) ആന്ധ്രാപ്രദേശിന് പുറത്ത് ആന്ധ്രക്കാർ തെലുങ്ക് ഭാഷാ പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ നടത്തുന്നത്.

4. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളെ പറ്റി താഴെ പറയുന്ന വ്യാഖ്യാനങ്ങളിൽ ശരിയായത് ഏത്?

എ) ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികൾക്ക് മാത്രം വേണ്ടി ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആ വിഭാഗത്തിലെ കുട്ടികൾക്ക് മാത്രമേ പഠിക്കാൻ കഴിയൂ.

ബി) ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികൾക്ക് അവരുടെ സംസ്കാരവും വിശ്വാസവും പരിചയപ്പെടുത്തുന്നുണ്ട് എന്ന് സർക്കാർ സ്കൂളുകൾ ഉറപ്പ് വരുത്തണം.

സി) ഭാഷാപരവും മതപരവുമായ ന്യൂനപക്ഷവിഭാഗത്തിന് അവരുടെ കുട്ടികൾക്കുവേണ്ടി സ്കൂളുകൾ ആരംഭിക്കുവാനും അത് അവർക്കു വേണ്ടി സംവരണം ചെയ്യാനും സാധിക്കും.

ഡി) തങ്ങൾ സ്വന്തമായി നടത്തുന്ന സ്ഥാപനത്തിലല്ലാതെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കരുതെന്ന് ഭാഷാ മത ന്യൂനപക്ഷ വിഭാഗത്തിന് ആവശ്യപ്പെടാം.

5. താഴെ പറയുന്നവയിൽ ഏതാണ് മൗലികാവകാശ ലംഘനം? എന്തുകൊണ്ട്?

എ) അടിസ്ഥാന വേതനം നൽകാത്തത്

ബി) ഒരു പുസ്തകത്തിന്റെ നിരോധനം

സി) രാത്രി 9 മണിക്കുശേഷമുള്ള ഉച്ചഭാഷിണികൾക്കുള്ള നിരോധനം.

ഡി) ഒരു പ്രഭാഷണം നടത്തുന്നത്

6. പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു സാമൂഹ്യപ്രവർത്തകൻ പറയുന്നത് അവർക്ക് മൗലികാവകാശങ്ങളല്ല വേണ്ടത് മറിച്ച് നിയമസാധുതയുള്ള നിർദേശക തത്വങ്ങളാണ് എന്നാണ്. ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണം വ്യക്തമാക്കുക.

7. തൂപ്പ് ജോലി ചെയ്ത്കൊണ്ടിരിക്കുന്ന ജാതി വിഭാഗത്തെ അതേ ജോലിയിൽ തുടരാൻ നിർബന്ധിക്കുകയും, അധികാരത്തിലിരിക്കുന്നവർ അവർക്ക് മറ്റ് ജോലികൾ നിഷേധിക്കുന്നതുമായിട്ടാണ് പല റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്. കൂടാതെ അവരുടെ കുട്ടികളെ വിദ്യാഭ്യാസം നേടുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ ഇവരുടെ ഏതെല്ലാം മൗലികവകാശങ്ങളാണ് ലംഘിക്കപ്പെടുന്നത്?

8. രാജ്യത്തെ പട്ടിണിക്കാരുടെ, ദാരിദ്ര്യത്തിന്റെ അവസ്ഥയെക്കുറിച്ച് ഒരു മനുഷ്യാവകാശ ഗ്രൂപ്പ് അവരുടെ പരാതിയിലൂടെ, കോടതിയുടെ ശ്രദ്ധയിൽപെടുത്തി. 5 കോടി ടണ്ണിലധികം ഭക്ഷ്യവസ്തുക്കൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നു. ന്യായവില ഷോപ്പുകളിൽ നിന്നും എത്ര അളവ് ഭക്ഷ്യവസ്തുക്കളാണ് തങ്ങൾക്ക് വാങ്ങാൻ കഴിയുക എന്നതിനെക്കുറിച്ച് ഭൂരിഭാഗം റേഷൻ കാർഡ് ഉടമകൾക്കും അറിയില്ല എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ ഗവൺമെന്റിനോട് ഉത്തരവിടാൻ അവർ കോടതിയോട് അപേക്ഷിച്ചു.

എ) ഏതെല്ലാം വ്യത്യസ്തങ്ങളായ അവകാശങ്ങളാണ് ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ളത്? എപ്രകാരമാണ് ഈ അവകാശങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്?

ബി) ഇത്തരത്തിലുള്ള അവകാശങ്ങൾ ജീവിക്കുവാനുള്ള അവകാശത്തിന്റെ ഭാഗമാണോ?

9. ഈ അദ്ധ്യായത്തിൽ ഉദ്ധരിക്കപ്പെട്ട, സോമനാഥ് ലാഹിറിന്റെ ഭരണഘടനാനിർമാണസഭയിൽ നടത്തിയ പ്രസ്താവന വായിക്കുക. അദ്ദേഹത്തിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ അത് തെളിയിക്കാൻ ആവശ്യമായ ഉദാഹരണം നൽകുക. അല്ലെങ്കിൽ അദ്ദേഹത്തിന്റെ നിലപാടിനെതിരായുള്ള വാദങ്ങൾ സമർത്ഥിക്കുക.

10. നിങ്ങളുടെ അഭിപ്രായത്തിൽ ഏറ്റവും പ്രധാനപ്പെട്ട മൗലികാവകാശം ഏത്? അതിലെ വ്യവസ്ഥകളെ ക്രോഡീകരിച്ചുകൊണ്ട് എന്തുകൊണ്ടാണ് അത് പ്രാധാന്യമർഹിക്കുന്നതെന്ന് സമർത്ഥിക്കുക.

L7F9I1

# അധ്യായം 3

# തെരഞ്ഞെടുപ്പും പ്രാതിനിധ്യവും (ELECTION AND REPRESENTATION)

## ആമുഖം

നിങ്ങൾ എപ്പോഴെങ്കിലും ചെസ് കളിച്ചിട്ടുണ്ടോ? ചെസ് കളിക്കുമ്പോൾ 'കുതിര' അതിന്റെ സാധാരണ മുന്നേറ്റത്തിൽ നിന്ന് വ്യത്യസ്തമായി വേഗത്തിൽ മുന്നോട്ട് സഞ്ചരിച്ചാൽ (സഞ്ചാരപഥം മാറ്റിയാൽ) എന്താവും സംഭവിക്കുക? അമ്പയർ ഇല്ലാത്ത ക്രിക്കറ്റ് മത്സരത്തെക്കുറിച്ച് ചിന്തിക്കാൻ നിങ്ങൾക്ക് കഴിയുമോ? എല്ലാ കായിക ഇനങ്ങളും ചില നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. നിബന്ധനകളിൽ മാറ്റം വരുത്തുക വഴി മത്സരഫലം തന്നെ വ്യത്യാസപ്പെടുന്നു. അതുപോലെ തന്നെ എല്ലാവരും അംഗീകരിക്കുന്ന പൊതുസമ്മതനും നിഷ്പക്ഷനുമായ അമ്പയറുടെ സാന്നിധ്യം ആവശ്യമാണ്. മത്സരം തുടങ്ങുന്നതിനു മുമ്പു തന്നെ നിബന്ധനകളെയും അമ്പയറെയും സംബന്ധിച്ച് പൊതു സ്വീകാര്യത ഉറപ്പ് വരുത്തേണ്ടതുണ്ട്. കായിക മത്സരങ്ങളെക്കുറിച്ച് മുകളിൽ പറഞ്ഞ കാര്യങ്ങളൊക്കെത്തന്നെ ഒരു തെരഞ്ഞെടുപ്പിനെ സംബന്ധിച്ചും പ്രസക്തമാണ്. തെരഞ്ഞെടുപ്പ് നടത്തുന്നതിന് ചില ചട്ടങ്ങളും ചില വ്യവസ്ഥകളും ഒക്കെ ഉണ്ട്. തെരഞ്ഞെടുപ്പിന്റെ പരിണിതഫലം നാം സ്വീകരിച്ച ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. പക്ഷപാതരഹിതമായ ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് നമുക്ക് പ്രത്യേകമായി ഒരു സംവിധാനം ആവശ്യമാണ്. മുമ്പ് പ്രതിപാദിച്ച ഈ രണ്ടു തീരുമാനങ്ങളും തെരഞ്ഞെടുപ്പിന് മുമ്പ്തന്നെ കൈക്കൊള്ളേണ്ടതുകൊണ്ട്. ഇത് ഏതെങ്കിലും ഗവൺമെന്റിനു വിട്ടുനൽകാനാവില്ല. അതിനാലാണ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച അടിസ്ഥാന തീരുമാനങ്ങളെല്ലാം തന്നെ ജനാധിപത്യരാജ്യത്തിന്റെ ഭരണഘടനയിൽ എഴുതി വെയ്ക്കപ്പെട്ടിരിക്കുന്നത്.

തെരഞ്ഞെടുപ്പ്, പ്രാതിനിധ്യം എന്നിവയെ സംബന്ധിച്ചുള്ള ഭരണഘടനാ വ്യവസ്ഥകളെക്കുറിച്ച് ഈ അധ്യായത്തിൽ നമുക്ക് പഠിക്കാം. നമ്മുടെ ഭരണഘടന സ്വീകരിച്ചിരിക്കുന്ന തെരഞ്ഞെടുപ്പ് രീതികളുടെ പ്രാധാന്യത്തെയും അതുപോലെ തന്നെ പക്ഷപാതരഹിതമായ തെരഞ്ഞെടുപ്പ് സംവിധാനത്തെ പരാമർശിക്കുന്ന ഭരണഘടനാവ്യവസ്ഥകളുടെ അർത്ഥതലങ്ങളിലും നമുക്ക് ശ്രദ്ധയൂന്നാം. കൂടാതെ ഇതുമായി ബന്ധപ്പെട്ട ഭരണഘടനാവകുപ്പുകളിൽ നിർദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികളും നമുക്ക് പരിശോധിക്കാം. ഈ അധ്യായം വായിച്ചു കഴിയുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ നിങ്ങൾ മനസിലാക്കും.

- *വിവിധ തെരഞ്ഞെടുപ്പ് രീതികൾ*
- *നമ്മുടെ രാജ്യത്ത് സ്വീകരിച്ചിരിക്കുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായത്തിന്റെ സവിശേഷതകൾ*
- *സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് വ്യവസ്ഥകളുടെ പ്രാധാന്യം*
- *തെരഞ്ഞെടുപ്പ് പരിഷ്കരണങ്ങളെക്കുറിച്ചുള്ള സംവാദങ്ങൾ*

## തെരഞ്ഞെടുപ്പും ജനാധിപത്യവും (ELECTIONS AND DEMOCRACY)

തെരഞ്ഞെടുപ്പുകളെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും ലളിതമായ രണ്ട് ചോദ്യങ്ങൾ സ്വയം ചോദിച്ചു കൊണ്ട് നമുക്ക് തുടങ്ങാം.

തെരഞ്ഞെടുപ്പുകൾ കൂടാതെ നമുക്ക് ജനാധിപത്യം സാധ്യമാണോ?

ജനാധിപത്യം ഇല്ലാതെ നമുക്ക് തെരഞ്ഞെടുപ്പുകൾ നടത്താൻ കഴിയുമോ?

മുൻ ക്ലാസുകളിൽ നാം പഠിച്ചതിനെ അടിസ്ഥാനപ്പെടുത്തിയും അതിൽ നിന്ന് ഉദാഹരണങ്ങൾ ഉൾക്കൊണ്ടും ഈ രണ്ട് ചോദ്യങ്ങളെ ക്കുറിച്ച് നമുക്കൊരു ചർച്ചയാകാം.

### കാർട്ടൂൺ വായിക്കുക




തെരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിന്റെ ആഘോഷമാണെന്ന് അവർ പറയുന്നു. എന്നാൽ ഈ കാർട്ടൂൺ അതിന്റെ കുഴപ്പങ്ങളാണ് ചിത്രീകരിക്കുന്നത്. തെരഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളം എല്ലായ്പ്പോഴും ഇത് ശരിയാണോ? ജനാധിപത്യത്തിന് ഇത് ഭൂഷണമാണോ?

ഒരു ബൃഹത്തായ ജനാധിപത്യത്തിൽ പ്രാതിനിധ്യസമ്പ്രദായം അനിവാര്യമാണെന്ന് ഒന്നാമത്തെ ചോദ്യം നമ്മെ ഓർമ്മിപ്പിക്കുന്നു. എല്ലാ തീരുമാനങ്ങളും എടുക്കുന്നതിൽ എല്ലാ പൗരന്മാർക്കും നേരിട്ട് പങ്കെടുക്കാൻ കഴിയില്ല. അതുകൊണ്ട് ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ഇങ്ങനെയാണ് തെരഞ്ഞെടുപ്പുകൾ പ്രാധാന്യം കൈവരിച്ചത്. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണെന്ന് നാം വിചാരിക്കുമ്പോഴൊക്കെ അവസാനമായി നടന്ന തെരഞ്ഞെടുപ്പാണ് നമ്മുടെ മനസ്സിലേക്ക് വരിക. ഇന്ന് തെരഞ്ഞെടുപ്പുകൾ ജനാധിപത്യ പ്രക്രിയയുടെ ഏറ്റവും പ്രത്യക്ഷമായ പ്രതീകമായി മാറിയിട്ടുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായ ജനാധിപത്യങ്ങളെ നാം പലപ്പോഴും വേർതിരിക്കാറുണ്ട്. ഗവൺമെന്റിന്റെ ദൈനംദിന തീരുമാനമെടുക്കൽ പ്രക്രിയയിലും ഗവൺമെന്റിനെ നയിച്ചുകൊണ്ടുപോകുന്നതിലും പൗരന്മാർ നേരിട്ട് പങ്കെടുക്കുന്ന ഒന്നാണ് പ്രത്യക്ഷ ജനാധിപത്യം. ഗ്രീസിലെ പുരാതന നഗരരാഷ്ട്രങ്ങൾ പ്രത്യക്ഷ ജനാധിപത്യത്തിന്

ഉദാഹരണമാണ്. പ്രാദേശിക ഗവൺമെന്റുകളെ പ്രത്യേകിച്ചും ഗ്രാമസഭകൾ പ്രത്യക്ഷ ജനാധിപത്യത്തോട് ചേർന്ന് നിൽക്കുന്ന ഒന്നായി പലരും കണക്കാക്കുന്നു. ലക്ഷക്കണക്കിന് അല്ലെങ്കിൽ കോടിക്കണക്കിന് ജനങ്ങൾ ചേർന്ന് ഒരു തീരുമാനം എടുക്കേണ്ടതായി വരുമ്പോൾ ഇത്തരത്തിലുള്ള പ്രത്യക്ഷ ജനാധിപത്യവ്യവസ്ഥ പ്രായോഗികമല്ല. അതുകൊണ്ടാണ് ജനങ്ങളുടെ ഭരണം എന്നത് സാധാരണയായി ജനപ്രതിനിധികളുടെ ഭരണം എന്നർത്ഥമാക്കുന്നത്.

അത്തരം ഒരു സംവിധാനത്തിൽ ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും അവർ രാജ്യത്തിന്റെ അധികാര പ്രയോഗത്തിലും ഭരണ നിർവ്വഹണത്തിലും സജീവമായി പങ്കെടുക്കുകയും ചെയ്യും. ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് പിന്തുടരുന്ന ഈ രീതിയെ പൊതുവെ തെരഞ്ഞെടുപ്പ് (Election) എന്ന് വിശേഷിപ്പിക്കുന്നു. അങ്ങനെ വരുമ്പോൾ പ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഭരണം നടത്തിക്കൊണ്ടുപോകുന്നതിനും പൗരന്മാർക്ക് പരിമിതമായ പങ്കാണ് ഉണ്ടാവുക. പരോക്ഷമായി തങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികളിലൂടെ മാത്രമാണ് അവർ ഇടപെടുക. ഈ സംവിധാനത്തിൽ എല്ലാ പ്രധാന തീരുമാനങ്ങളും എടുക്കുന്നത് ജനപ്രതിനിധികളാണ്. അതുകൊണ്ടുതന്നെ ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയ്ക്ക് വളരെ പ്രാധാന്യമുണ്ട്.

എല്ലാ തെരഞ്ഞെടുപ്പുകളും ജനാധിപത്യപരമല്ലെന്ന് രണ്ടാമത്തെ ചോദ്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ധാരാളം ജനാധിപത്യേതര രാജ്യങ്ങളും തെരഞ്ഞെടുപ്പ് നടത്താറുണ്ട്. വാസ്തവത്തിൽ ജനാധിപത്യേതര രാജ്യങ്ങളിലെ ഭരണാധികാരികൾ പോലും തങ്ങൾ ജനാധിപത്യവാദികളാണെന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കാറുണ്ട്. തങ്ങളുടെ ഭരണത്തിന് ഭീഷണി ഉണ്ടാകാത്ത തരത്തിൽ തെരഞ്ഞെടുപ്പ് നടത്തികൊണ്ടാണ് അവർ അങ്ങനെ ചെയ്യുക. ഇങ്ങനെ ജനാധിപത്യപരമല്ലാതെ നടത്തിയ തെരെഞ്ഞെടുപ്പുകൾക്ക് ചില ഉദാഹരണങ്ങൾ നിങ്ങൾക്ക് പറയാമോ?



ഈ നിയമങ്ങളെല്ലാം ഭരണഘടനയിൽ എഴുതി വയ്ക്കേണ്ട ആവശ്യം എന്താണ്? ഇതൊക്കെ പാർലമെന്റിനു തീരുമാനിച്ചുകൂടെ? അല്ലെങ്കിൽ ഓരോ തെരഞ്ഞെടുപ്പിനു മുൻപും എല്ലാ പാർട്ടികൾക്കും കൂടി തീരുമാനിച്ചുകൂടെ?

ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകളെ അങ്ങനെയല്ലാത്ത തെരഞ്ഞെടുപ്പിൽ നിന്നും വേർതിരിക്കുന്നതെന്താണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഒരു രാജ്യത്തെ തെരഞ്ഞെടുപ്പുകൾ ജനാധിപത്യ മാർഗത്തിലൂടെയാണ് നടത്തപ്പെടുന്നത് എന്ന് ഉറപ്പാക്കുന്നതിന് എന്താണ് ചെയ്യാൻ കഴിയുക?

ഇവിടെയാണ് ഭരണഘടന കടന്നുവരുന്നത്. ഒരു ജനാധിപത്യ രാജ്യത്തിലെ ഭരണഘടനയിൽ തെരഞ്ഞെടുപ്പുകൾ ജനാധിപത്യ രീതിയിൽ നടത്തുന്നതിനുവേണ്ട അടിസ്ഥാന നിയമങ്ങൾ പ്രതിപാദിച്ചിട്ടുണ്ടാവും.

നിയമനിർമാണ സഭകൾ പാസാക്കുന്ന നിയമങ്ങളിലൂടെ വിശദാംശങ്ങൾക്ക് രൂപം നൽകുകയുമാണ് ചെയ്യുന്നത്. ഇത്തരം അടിസ്ഥാന നിയമങ്ങളിൽ പൊതുവെ പ്രതിപാദിക്കുക;

- വോട്ടുചെയ്യാൻ അർഹതയുള്ളവർ ആരൊക്കെയാണ്.?
- ആർക്കൊക്കെയാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കാനാവുക?
- ആരാണ് തെരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുക?
- വോട്ടർമാർ എങ്ങനെയാണ് തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുക?
- വോട്ടെണ്ണലും ജനപ്രതിനിധികളെ തെരഞ്ഞെടുക്കലും എങ്ങനെയാണ്?

മറ്റു മിക്ക ജനാധിപത്യരാജ്യങ്ങളിലെയും ഭരണഘടനപോലെതന്നെ ഇന്ത്യൻ ഭരണഘടനയും ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. ആദ്യത്തെ മൂന്ന് ചോദ്യങ്ങളും തെരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിനെക്കുറിച്ചും അതുവഴി ജനാധിപത്യപരമാകുന്നതിനെപ്പറ്റിയുമാണ്. അവസാന രണ്ടു ചോദ്യങ്ങളാകട്ടെ നീതിപൂർവ്വമായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനെക്കുറിച്ചുമാണ്. മുകളിൽ പറഞ്ഞ രണ്ടു കാര്യങ്ങളെയും സംബന്ധിച്ച ഭരണഘടനാവകുപ്പുകളെ കുറിച്ച് ഈ അധ്യായത്തിൽ നിങ്ങൾ മനസ്സിലാക്കും.

**പ്രവർത്തനം**

ഇന്ത്യയിലെയും മറ്റേതെങ്കിലും ഒരു രാജ്യത്തിലെയും തെരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിക്കുക. താഴെ പറയുന്ന വിഭാഗങ്ങളായി അവയെ തരം തിരിക്കുക.

എ. പ്രാതിനിധ്യ സമ്പ്രദായം

ബി. സമ്മതിദായകരുടെ യോഗ്യത

സി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പങ്ക്.

നിങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യമുണ്ടെങ്കിൽ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റ്, http://eci.nicin, ACE പ്രോജക്ട്, ദ ഇലക്ടറൽ നോളജ് നെറ്റ്‌വർക്ക്, http://aceproject.org എന്നീ വെബ്സൈറ്റുകൾ സന്ദർശിച്ച് മുകളിൽ പറഞ്ഞ വിവരങ്ങൾ കുറഞ്ഞത് നാലു രാജ്യങ്ങളുടെയെങ്കിലും ശേഖരിക്കുക.

## ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായം
## (ELECTION SYSTEM IN INDIA)

മുകളിൽ പറഞ്ഞിരിക്കുന്ന വിവിധ തരത്തിലുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങളും രീതികളും നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ? ഇതെല്ലാം എന്താണെന്ന് നിങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടാകും. വിവിധതരം പ്രചരണ രീതികളെക്കുറിച്ച് അല്ലെങ്കിൽ പ്രചരണ സമ്പ്രദായങ്ങളെക്കുറിച്ചും നിങ്ങൾ വായിക്കുകയോ കാണുകയോ ചെയ്തിട്ടുണ്ടാകും. എന്നാൽ എന്തൊക്കെയാണ് വിവിധ തെരഞ്ഞെടുപ്പ് രീതികൾ? തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഒരു വ്യവസ്ഥ ഉണ്ട്. മാത്രമല്ല, ഈ ഉത്തരവാദിത്വം നിക്ഷിപ്തമായ ഒരു അധികാര കേന്ദ്രവും. എന്തുചെയ്യാം, എന്തുചെയ്യരുത് എന്നതിനെപ്പറ്റി

ചട്ടങ്ങളുമുണ്ട്. തെരഞ്ഞെടുപ്പ് സംവിധാനമെന്നാൽ ഇതുമാത്രമാണോ? വോട്ടുകൾ എങ്ങനെ എണ്ണണം എന്നതിനെ കുറിച്ചും പ്രതിനിധികളെ എങ്ങനെ തെരഞ്ഞെടുക്കണം എന്നതിനെ സംബന്ധിച്ചും ഭരണഘടനയിൽ പരമാർശിച്ചിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന കാര്യത്തിൽ നിങ്ങൾക്ക് അത്ഭുതം തോന്നിയിട്ടുണ്ടാകും. ജനങ്ങൾ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നു. എറ്റവും കൂടുതൽ വോട്ടുകൾ കിട്ടുന്ന സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടുന്നു. അത് തീർച്ചയല്ലേ? ലോകത്തെവിടെയും തെരഞ്ഞെടുപ്പുകൾ ഇങ്ങനെയാണ്. അതിനെപ്പറ്റി ഇത്ര വിശദമായി ചിന്തിക്കേണ്ടതിന്റെ ആവശ്യം എന്താണ്?

തീർച്ചയായും ചിന്തിക്കേണ്ടതുണ്ട്, എന്തുകൊണ്ടെന്നാൽ ഇതു പ്രത്യക്ഷത്തിൽ നാം കരുതുന്നതുപോലെ അത്ര ലളിതമല്ല. നമ്മുടെ രാജ്യത്തെ തെരഞ്ഞെടുപ്പ് സമ്പ്രദായവുമായി അത്രമേൽ ഇഴുകിചേർന്നിരിക്കുന്നതിനാൽ മറ്റൊരു മാർഗവുമില്ലെന്ന് നാം ചിന്തിക്കും. ഒരു ജനാധിപത്യപരമായ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകുന്ന മുൻഗണനയാണ് മത്സര വിജയിയെ നിശ്ചയിക്കുന്നത്. എന്നാൽ ജനങ്ങൾക്ക് തങ്ങളുടെ പ്രതിനിധിയെ തെരഞ്ഞെടുക്കാനും അവരുടെ മുൻഗണന വിലയിരുത്താനും വിവിധതരത്തിലുള്ള മാർഗ്ഗങ്ങളും സമ്പ്രദായങ്ങളും ഉണ്ട്. ചില ചട്ടങ്ങൾ വലിയ പാർട്ടികൾക്ക് അനുകൂലമായിരിക്കും. എന്നാൽ ചിലതാകട്ടെ ചെറിയ പാർട്ടികളെ സഹായിക്കും. ചിലത് ഭൂരിപക്ഷ സമുദായങ്ങൾക്കായിരിക്കും അനുകൂലമാകുക. എന്നാൽ മറ്റു ചിലത് ന്യൂനപക്ഷങ്ങളെയാവും സംരക്ഷിക്കുക. ഇത് എങ്ങനെ സംഭവിക്കുന്നു എന്നത് ഒരു ഉദാഹരണത്തിലൂടെ നമുക്ക് നിരീക്ഷിക്കാം.

### പ്രവർത്തനം

ക്ലാസിലേക്കുള്ള നാല് പ്രതിനിധികളെ കണ്ടെത്താൻ നിങ്ങളുടെ ക്ലാസ്സിൽ അനുകരണ തെരഞ്ഞെടുപ്പ് (Mock election) നടത്തുക. മൂന്ന് വ്യത്യസ്ത മാർഗങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുക.

- ഒരു വിദ്യാർത്ഥിക്ക് ഒരു വോട്ടാണ് നൽകാൻ കഴിയുന്നത്. ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന നാല് പേർ തെരഞ്ഞെടുക്കപ്പെടും.
- ഓരോ വിദ്യാർത്ഥിക്കും നാല് വോട്ട്, എല്ലാ വോട്ടും ഒരു സ്ഥാനാർത്ഥിക്കോ അതല്ലെങ്കിൽ വിവിധ സ്ഥാനാർത്ഥികൾക്ക് വീതം വച്ചോ നല്കാവുന്നതാണ്. ഇവിടെയും ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്ന നാലുപേർ തെരഞ്ഞെടുക്കപ്പെടുന്നു.
- ഓരോ വോട്ടറും സ്ഥാനാർത്ഥികൾക്ക് മുൻഗണന നല്കുകയും താഴെ വിവരിച്ചിട്ടുള്ള രാജ്യസഭാ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നിയമങ്ങൾ അനുസരിച്ച് വോട്ടെണ്ണുകയും ചെയ്യുന്നു.

ഈ മൂന്നുരീതിയിലും നടത്തിയ തെരഞ്ഞെടുപ്പിൽ വിജയിച്ച നാല് പേരും ഒരേ വ്യക്തികൾ ആണോ? അല്ലെങ്കിൽ, എന്തു വ്യത്യാസമാണുണ്ടായത്? എന്തു കൊണ്ട്?

## കേവല ഭൂരിപക്ഷ വ്യവസ്ഥ (First Past the Post System)

*നൽകിയിരിക്കുന്ന പത്രവാർത്ത നോക്കുക*



# नवभारत टाइम्स

रविवारीय संस्करण

## पहली बार कांग्रेस को तीन-चौथाई बहुमत

## हेगड़े सरकार का इस्तीफा

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു ചരിത്ര മുഹൂർത്തത്തെക്കുറിച്ചാണ് ഇത് പറയുന്നത്. 1984 ൽ നടന്ന ലോകസഭ തെരഞ്ഞെടുപ്പിൽ ആകെയുള്ള 543 സീറ്റുകളിൽ 415 സീറ്റുകളിലും വിജയിച്ച്, കോൺഗ്രസ് പാർട്ടി അധികാരത്തിലെത്തി. 80 ശതമാനം സീറ്റുകളിലധികം നേടി ലോക്സഭാ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇന്നുവരെ മറ്റൊരു പാർട്ടിക്കും ഇത്തരം ഒരു വിജയം നേടാനായിട്ടില്ല. ഈ തെരഞ്ഞെടുപ്പ് ഫലം കാണിക്കുന്നതെന്താണ്?



50 ശതമാനത്തിൽ താഴെ വോട്ടുകളും എന്നാൽ 80 ശതമാനത്തിലധികം സീറ്റുകളും. ഇത് അനീതിയല്ലേ? ഇത്തരത്തിലുള്ള അനീതികരമായ ഒരു തെരഞ്ഞെടുപ്പ് വ്യവസ്ഥിതിയെ നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾക്ക് എങ്ങനെ അംഗീകരിക്കാൻ കഴിഞ്ഞു?

കോൺഗ്രസ് പാർട്ടി അഞ്ചിൽ നാല് ഭാഗം സീറ്റുകളിൽ വിജയിച്ചു. ഇന്ത്യയിലെ സമ്മതിദായകരിൽ അഞ്ച് പേരിൽ നാല് പേർ കോൺഗ്രസിന് വോട്ടു ചെയ്തുവെന്നാണോ ഇതുകൊണ്ട് അർത്ഥമാക്കേണ്ടത്? എന്നാൽ യഥാർത്ഥത്തിൽ അങ്ങനെയല്ല. താഴെ തന്നിട്ടുള്ള പട്ടിക പരിശോധിക്കുക. നാൽപ്പത്തിയെട്ടു ശതമാനം വോട്ടുകളാണ് കോൺഗ്രസ് പാർട്ടിക്ക് ലഭിച്ചത്. ഇതിനർത്ഥം ആകെ വോട്ട് ചെയ്തവരിൽ 48% പേർ മാത്രമാണ് കോൺഗ്രസ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്തിട്ടുള്ളത് എന്നാണ്. എന്നിട്ടും ലോക്സഭയിലെ 80 ശതമാനത്തിലധികം സീറ്റുകളിൽ വിജയിക്കാൻ കോൺഗ്രസ് പാർട്ടിക്ക് കഴിഞ്ഞു. മറ്റു പാർട്ടികളുടെ പ്രകടനം ഒന്ന് പരിശോധിക്കുക. ബി.ജെ.പി.ക്ക് 7.4% വോട്ടുകൾ ലഭ്യമായെങ്കിലും ഒരു ശതമാനത്തിൽ താഴെ സീറ്റുകൾ മാത്രമാണ് വിജയിക്കാനായത്. അതെങ്ങനെ സംഭവിച്ചു?

**1984 ലോക്സഭ തെരഞ്ഞെടുപ്പിൽ പ്രധാന പാർട്ടികൾക്കു ലഭിച്ച വോട്ടുകളും സീറ്റുകളും**

| പാർട്ടി | വോട്ടുകൾ(%) | സീറ്റുകൾ |
|---|---|---|
| കോൺഗ്രസ് | 48.0 | 415 |
| ബിജെപി | 7.4 | 2 |
| ജനത | 6.7 | 10 |
| ലോക്ദൾ | 5.7 | 3 |
| സി പി ഐ(എം) | 5.7 | 22 |
| തെലുങ്കുദേശം | 4.1 | 30 |
| ഡി.എം.കെ | 2.3 | 2 |
| എഐഎഡിഎംകെ | 1.6 | 12 |
| അകാലിദൾ | 1.0 | 7 |
| എജിപി | 1.0 | 7 |

നമ്മുടെ രാജ്യത്ത് പിന്തുടരുന്ന തെരഞ്ഞെടുപ്പു രീതിയുടെ പ്രത്യേകതമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ സമ്പ്രദായപ്രകാരം:

- രാജ്യത്തെ മൊത്തം 543 നിയോജകമണ്ഡലമായി വിഭജിച്ചിരിക്കുന്നു;
- ഓരോ നിയോജകമണ്ഡലവും ഒരു പ്രതിനിധിയെ വീതം തെരഞ്ഞെടുക്കുന്നു;
- ഓരോ നിയോജകമണ്ഡലത്തിലും ഏറ്റവും കൂടുതൽ വോട്ടുകിട്ടുന്ന സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നു.

മറ്റു സ്ഥാനർത്ഥികളെക്കാൾ കൂടുതൽ വോട്ടുകൾ കിട്ടുന്ന സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിക്കപ്പെടുമെന്നതാണ് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുത. വിജയിക്കുന്ന സ്ഥാനാർത്ഥിക്ക് ആ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം വോട്ടുകൾ കിട്ടണമെന്നില്ല. ഈ പ്രാതിനിധ്യവ്യവസ്ഥയെ കേവലഭൂരിപക്ഷ വ്യവസ്ഥ അഥവാ ആപേക്ഷിക ഭൂരിപക്ഷ വ്യവസ്ഥ അല്ലെങ്കിൽ ഫസ്റ്റ് പാസ്റ്റ് ദി പോസ്റ്റ് (First Past The Post System FPTP) വ്യവസ്ഥ എന്നു പറയുന്നു. 'തെരഞ്ഞെടുപ്പു മത്സരത്തിൽ മറ്റുള്ളവരെക്കാൾ മുന്നിലെത്തുന്ന സ്ഥാനാർത്ഥിയാണ് വിജയി'. ഈ വ്യവസ്ഥയെ 'ബഹുത്വ വ്യവസ്ഥ' (Plurality System) എന്നും വിളിക്കാറുണ്ട്. തെരഞ്ഞെടുപ്പിൽ ഈ രീതിയാണ് ഇന്ത്യൻ ഭരണഘടന നിശ്ചയിച്ചിട്ടുള്ളത്.

ഇനി നമുക്ക് നമ്മുടെ ഉദാഹരണത്തിലേക്ക് തിരിച്ചുപോകാം. കോൺഗ്രസ് പാർട്ടിക്കു ലഭിച്ച വോട്ടുവിഹിതത്തെക്കാൾ കൂടുതൽ വിഹിതം സീറ്റുകളിൽ അവർ വിജയിച്ചു. എന്തുകൊണ്ടെന്നാൽ വിജയിച്ച ധാരാളം നിയോജകമണ്ഡലങ്ങളിൽ 50%ത്തിൽ താഴെ വോട്ടുകൾമാത്രമാണ് അവർ നേടിയത്. ധാരാളം സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ടെങ്കിൽ വിജയിയാകുന്ന സ്ഥാനാർത്ഥിക്ക് മിക്കപ്പോഴും അൻപത് ശതമാനത്തിൽ വളരെ താഴെയാകും വോട്ടുകൾ ലഭിക്കുക. പരാജയപ്പെടുന്ന

സ്ഥാനാർത്ഥികൾക്ക് ലഭിക്കുന്ന വേട്ടുകൾ പാഴായി പോകുന്നു. ഈ വോട്ടുകളിൽ നിന്ന് സ്ഥാനാർഥികൾക്കോ പാർട്ടികൾക്കോ സീറ്റൊന്നും ലഭിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ ഇരുപത്തി അഞ്ചോ അതിൽ താഴെയോ ശതമാനം വോട്ടുകൾ നേടുക വഴി പാർട്ടിക്ക് മിക്ക സീറ്റുകളിലും വിജയിക്കാനാകും.

## ആനുപാതിക പ്രാതിനിധ്യം (Proportional Represention)



ഇത് വളരെയധികം ചിന്താകുഴപ്പം ഉണ്ടാക്കുന്നതാണല്ലോ? ഈ വ്യവസറയിൽ എന്റെ എം.പി.യും എം.എൽ എയും ആരാണെന്ന് ഞാൻ എങ്ങനെയാണ് അറിയുക? എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ഞാൻ ആരുടെ അടുത്തേക്കാണ് പോകേണ്ടത്?

ഈ സമ്പ്രദായത്തെ, ഇസ്രയേലിൽ ഇന്ന് നിലവിലുള്ള മറ്റൊരു തെരഞ്ഞെടുപ്പ് രീതിയുമായി താരതമ്യം ചെയ്തു നോക്കാം. ഇസ്രായേലിൽ വോട്ടുകൾ എണ്ണി കഴിഞ്ഞാൽ ഓരോ പാർട്ടികൾക്കും ലഭിക്കുന്ന വോട്ടുകൾക്ക് ആനുപാതികമായി പാർലമെന്റിൽ സീറ്റുകൾ അനുവദിക്കുന്നു (പട്ടിക കാണുക). ഓരോ പാർട്ടിയും ആനുപാതികമായി തങ്ങൾക്ക് ലഭ്യമായ സീറ്റുകളിലേക്ക് തെരഞ്ഞെടുപ്പിനു മുൻപുതന്നെ മുൻഗണന ക്രമത്തിൽ നിശ്ചയിച്ചിട്ടുള്ള സറാനാർത്ഥികളുടെ പട്ടികയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ഈ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം (Proportional Representation) എന്നു പറയുന്നു. ഈ സമ്പ്രദായത്തിൽ ഒരു പാർട്ടിക്ക് തങ്ങൾക്ക് ലഭിച്ച വോട്ടിന്റെ അനുപാതത്തിലായിരിക്കും സീറ്റുകൾ ലഭിക്കുക.

ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിന് രണ്ട് രീതികൾ ഉണ്ട്. പ്രത്യേകിച്ച് ഇസ്രയേൽ, നെതർലാന്റ് പോലുള്ള ചിലരാജ്യങ്ങളിൽ രാജ്യം മുഴുവൻ ഒറ്റ മണ്ഡലമായി കണക്കാക്കുന്നു. ദേശീയ തെരഞ്ഞെടുപ്പിൽ ഓരോ പാർട്ടിക്കും ലഭിക്കുന്ന വോട്ടു വിഹിതത്തിന്റെ അടിസറാനത്തിൽ സീറ്റുകൾ അനുവദിച്ചു നല്കുന്നു. അർജന്റീനയിലും പോർച്ചുഗലിലും ഉള്ളതു പോലെ രാജ്യം മുഴുവൻ വിവിധ ബഹു അംഗ മണ്ഡലങ്ങളായി വിഭജിക്കുന്ന മാർഗ്ഗമാണ് മറ്റൊന്ന്. ഇവിടെ ഓരോ മണ്ഡലത്തിൽ നിന്നും എത്ര പേരെ തെരഞ്ഞെടുക്കണം എന്നതിന്റെ അടിസറാനത്തിൽ ഓരോ പാർട്ടിയും സ്ഥാനാർത്ഥികളുടെ ഒരു പട്ടിക ഓരോ നിയോജക മണ്ഡലത്തിലേക്കും ഉണ്ടാക്കുന്നു. ഈ രണ്ടു രീതികളിലും വോട്ടർമാർ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നത് സ്ഥാനാർത്ഥിക്കല്ല. മറിച്ച് പാർട്ടിക്കൾക്കാണ്. ഒരു പാർട്ടിക്ക് രേഖപ്പെടുത്തിയ വോട്ടുകളുടെ അടിസ്ഥാനത്തിലാകും മണ്ഡലങ്ങളിലെ സീറ്റുകളുടെ വിതരണം നിശ്ചയിക്കുന്നത്. അതുകൊണ്ടു തന്നെ ഒരു മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ വിവിധ പാർട്ടികളിൽപ്പെട്ടവരായിരിക്കും. ഇന്ത്യയിൽ ആനുപാതിക സമ്പ്രദായം പരിമിതമായ തോതിൽ പരോക്ഷ തെരഞ്ഞെടുപ്പുകളിൽ (indirect election) സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭ, വിധാൻ പരിഷത്ത് (Legislative Council) എന്നിവിടങ്ങളിൽ മൂന്നാമതൊരു തരത്തിലുള്ള സങ്കീർണ്ണമായ ആനുപാതിക സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്.

## ഇസ്രയേലിലെ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം

ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമാണ് ഇസ്രയേൽ പിന്തുടരുന്നത്. ഇസ്രയേലിന്റെ നിയമനിർമ്മാണ സഭ (നെസ്സറ്റ്)യിലേക്ക് നാലുവർഷത്തിലൊരിക്കലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഓരോ പാർട്ടിയും അവരുടെ സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കും. വോട്ടർമാർ സ്ഥാനാർത്ഥിക്കല്ല പാർട്ടിക്കാണ് വോട്ടു ചെയ്യുന്നത്. ഓരോ പാർട്ടിക്കും ലഭ്യമായ വോട്ടുകളുടെ അനുപാതം അനുസരിച്ചാണ് നിയമസഭയിൽ സീറ്റുകൾ ലഭിക്കുന്നത്. ചെറിയതോതിൽ ജനപിന്തുണയുള്ള ചെറുപാർട്ടികൾക്കു പോലും ഇതുവഴി പ്രാതിനിധ്യം ലഭിക്കുന്നു. (നിയമസഭയിൽ സീറ്റ് ലഭിക്കുന്നതിന് ഒരു പാർട്ടിക്ക് ഏറ്റവും കുറഞ്ഞത് 3.25 ശതമാനം വോട്ടെങ്കിലും ലഭിച്ചിരിക്കണം) ഇത് മിക്കപ്പോഴും ഒരു കൂട്ടുകക്ഷി സർക്കാരിന്റെ രൂപീകരണത്തിന് കാരണമാകാറുണ്ട്.

2015 ൽ നെസ്സറ്റിലേക്ക് നടന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ പട്ടിക താഴെ കൊടുത്തിരിക്കുന്നു. ഓരോ പാർട്ടിക്കും എത്രശതമാനം സീറ്റുകൾ ലഭിച്ചു എന്ന് നിങ്ങൾക്ക് കണ്ടെത്താം.

| പാർട്ടി | വോട്ടുകളുടെ വിഹിതം ശതമാനത്തിൽ | സീറ്റുകൾ | സീറ്റുവിഹിതം ശതമാനതത്തിൽ |
|---|---|---|---|
| ലിക്കുഡ് | 23.40 | 30 | |
| സയണിസ്റ്റ് ക്യാമ്പ് | 18.67 | 24 | |
| ജോയിന്റ് ലിസ്റ്റ് (ഹഡേഷ്, നാഷണൽ ഡമോക്രാറ്റിക് അസംബ്ലി, അറബ് മൂവ്മെന്റ് ഫോർ റിന്യൂവൽ, യുണൈറ്റഡ് അറബ് ലിസ്റ്റ്) | 10.61 | 13 | |
| യേഷ് അതിദ് | 8.82 | 11 | |
| കുലാനു | 7.49 | 10 | |
| ഹബായിത് ഹയെഹുതി | 6.74 | 8 | |
| ഷാസ് | 5.74 | 7 | |
| ഇസ്രായേൽ ബൈത്തനു | 5.10 | 6 | |
| യുണൈറ്റഡ് തോറ ജൂഡായിസം | 4.99 | 6 | |
| ഇസ്രായേൽസ് ലെഫ്റ്റ് | 3.93 | 5 | |
| മറ്റു പാർട്ടികൾ | 4.51 | 0 | |
| ആകെ | 100 | 120 | |

**കേവലഭൂരിപക്ഷ സമ്പ്രദായവും (FPTP)**
**ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയും (PR) തമ്മിലുള്ള താരതമ്യം**

| കേവല ഭൂരിപക്ഷം (FPTP) | ആനുപാതിക പ്രാധിനിത്യം (PR) |
|---|---|
| നിയോജകമണ്ഡലങ്ങൾ അല്ലെങ്കിൽ ജില്ലകൾ എന്നു വിളിക്കുന്ന ചെറിയ ഭൂപ്രദേശ യൂണിറ്റുകളായി രാജ്യത്തെ വിഭജിച്ചിരിക്കുന്നു | വലിയ ഭൂപ്രദേശത്തെ നിയോജകമണ്ഡലളായി നിജപ്പെടുത്തിയിരിക്കുന്നു. ചില പ്പോൾ രാജ്യം മുഴുവൻ ഒറ്റ നിയോജകമണ്ഡലമായിരിക്കും |
| എല്ലാ നിയോജകമണ്ഡലത്തിൽ നിന്നും ഒരോ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. | ഒരു നിയോജകമണ്ഡലത്തിൽ നിന്നു തന്നെ ഒന്നിലധികം പ്രതിനിധികളെ തെരഞ്ഞെടുക്കാം |
| വോട്ടർമാർ ഒരു സ്ഥാനാർത്ഥിക്കാണ് വോട്ടു നല്കുന്നത് | വോട്ടർമാർ പാർട്ടിക്കാണ് വോട്ടു നല്ക്കുന്നത്. |
| ഒരു പാർട്ടിക്ക് കിട്ടിയ വോട്ടിന്റെ ശതമാനത്തെക്കാൾ കൂടുതൽ സീറ്റ് നിയമനിർമ്മാണ സഭയിൽ ലഭിക്കാം. | ഓരോ പാർട്ടിക്കും അവർക്ക് ലഭിച്ച വോട്ടിന് ആനുപാതികമായി സീറ്റ് ലഭിക്കുന്നു. |
| വിജയിക്കുന്ന സ്ഥാനാർത്ഥിക്ക് ഭൂരിപക്ഷം (50% +1) വോട്ട് ലഭിക്കണമെന്നില്ല. | വിജയിക്കുന്ന സ്ഥാനാർത്ഥിക്ക് ഭൂരിപക്ഷം വോട്ട് ലഭിക്കുന്നു. |
| ഉദാഹരണം : ബ്രിട്ടൻ, ഇന്ത്യ | ഉദാഹരണം: ഇസ്രയേൽ, നെതർലാന്റ്സ് |

## രാജ്യസഭ തെരഞ്ഞെടുപ്പിൽ ആനുപാതിക പ്രാതിനിധ്യം എങ്ങനെ പ്രവർത്തിക്കുന്നു? (How does PR work in Rajya Sabha elections?)

ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലെ മൂന്നാമത്തെ ഇനമായ ഏക ssl anä th mkpk {¼ Znb w(Single transferable vote system -STV) ആണ് രാജ്യസഭ തെരഞ്ഞെടുപ്പിൽ പിന്തുടരുന്നത്. ഓരോ സംസ്ഥാനത്തിനും രാജ്യസഭയിൽ നിശ്ചിത പങ്ക് (Quota) സീറ്റുകൾ ഉണ്ടായിരിക്കും. അതാത് സംസ്ഥാന നിയമനിർമ്മാണ സഭകളാണ് (State Legislative Assembly) രാജ്യസഭാ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്, സംസ്ഥാനത്തെ എം.എൽ.എ മാരാണ് വോട്ടർമാർ. ഓരോ വോട്ടറും സ്ഥാനാർത്ഥിക്ക് തങ്ങളുടെ വോട്ട് മുൻഗണനാക്രമം അനുസരിച്ച് രേഖപ്പെടുത്തണം. ഒരു സ്ഥാനാർത്ഥിയുടെ വിജയത്തിന് ഒരു നിശ്ചിത ക്വോട്ട വോട്ട് ലഭിച്ചിരിക്കണം. അത് നിശ്ചയിക്കുന്നത് തന്നിരിക്കുന്ന സൂത്രവാക്യമനുസരിച്ചാണ്.

$$\left[\frac{\text{മൊത്തം രേഖപ്പെടുത്തിയ വോട്ടുകളുടെ എണ്ണം}}{\text{മൊത്തം തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനാർത്ഥികളുടെ എണ്ണം} + 1}\right] + 1$$

ഉദാഹരണത്തിന് രാജസ്ഥാനിലെ 200 എം.എൽ.എ മാർ ചേർന്ന് നാല് രാജ്യസഭാ അംഗങ്ങളെ തെരഞ്ഞെടുക്കണമെങ്കിൽ വിജയിക്ക് (200/4+1 = 40+1)41 വോട്ട് ലഭിച്ചിരിക്കണം. വോട്ടുകൾ എണ്ണുമ്പോൾ ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച ഒന്നാം വോട്ടുകളാണ് ആദ്യം എണ്ണുക. എല്ലാ ഒന്നാം മുൻഗണനന വോട്ടുകളും എണ്ണിക്കഴിയുമ്പോൾ നിശ്ചയിച്ച പങ്ക് വോട്ട് ലഭിക്കുന്ന സ്ഥാനാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിക്കും. എല്ലാം ഒന്നാം മുൻഗണനാ വോട്ടുകളും എണ്ണിക്കഴിഞ്ഞിട്ടും ആവശ്യമായ അത്രയും സ്ഥാനാർഥികൾ നിശ്ചിത പങ്ക് വോട്ട് നേടുന്നതിൽ പരാജയപ്പെട്ടാൽ ഏറ്റവും കുറവ് മുൻഗണനാ വോട്ടുകൾ കിട്ടിയ സ്ഥാനാർത്ഥിയെ ഒഴിവാക്കുകയും പ്രസ്തുത സ്ഥാനാർത്ഥിയുടെ മുൻഗണനാ വോട്ടുകൾ ആ ബാലറ്റിൽ രണ്ടാം മുൻഗണനാ വോട്ട് ലഭിച്ച സ്ഥാനാർഥിക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. ആവശ്യമുള്ള അത്രയും എണ്ണം സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടുന്നതുവരെ ഈ പ്രക്രിയ തുടരുകയും അവർ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്യും.

## എന്തുകൊണ്ടാണ് ഇന്ത്യ കേവലഭൂരിപക്ഷ സമ്പ്രദായം സ്വീകരിച്ചത്? (Why did India adopt the FPTP system?)

ഇതിനുള്ള ഉത്തരം ഊഹിച്ചെടുക്കുക അത്ര പ്രയാസകരമല്ല. രാജ്യസഭാ തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന കോളം (Box) വ്യക്തമായി വായിച്ചിട്ടുണ്ടെങ്കിൽ ഈ സമ്പ്രദായം വളരെ സങ്കീർണ്ണമാണെന്നും അതിനാൽ തന്നെ ചെറിയ രാജ്യങ്ങളിലാണ് അതു പ്രാവർത്തികമാക്കാനാകുക എന്നും ബോദ്ധ്യപ്പെടും. ഇന്ത്യയെപ്പോലെയുള്ള ഉപഭൂഖണ്ഡത്തിന് സമാനമായ രാജ്യത്ത് ഈ രീതി നടപ്പിലാക്കുക വളരെ പ്രയാസകരമാണ്. ലളിതമായ നടപടിക്രമങ്ങളാണ് കേവല ഭൂരിപക്ഷ സമ്പ്രദായത്തിന്റെ വിജയത്തിനും ജനകീയതയ്ക്കും ആധാരം. തെരഞ്ഞെടുപ്പുകളെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും സവിശേഷ ജ്ഞാനമില്ലാത്ത സാധാരണ സമ്മതിദായകനുപോലും ഈ സമ്പ്രദായം വളരെ ലളിതമായി പെട്ടെന്ന് മനസ്സിലാക്കാം. തെരഞ്ഞെടുപ്പ് സമയത്തു സമ്മതിദായകന് തെരഞ്ഞെടുക്കേണ്ട സ്ഥാനാർത്ഥികളെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു. വോട്ടിംഗിലൂടെ താൻ ഏതു പാർട്ടിയെ അല്ലെങ്കിൽ ഏതു സ്ഥാനാർത്ഥിയെ സ്വീകരിക്കുന്നു എന്ന കാര്യമാണ് വ്യക്തമാക്കുന്നത്. യഥാർത്ഥ രാഷ്ട്രീയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ സമ്മതിദായകൻ പാർട്ടിക്കോ, സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ അവ രണ്ടിനും തുല്യമായോ പ്രാധാന്യം നൽകുന്നു. കേവല ഭൂരിപക്ഷ സമ്പ്രദായം ഇഷ്ടപ്പെട്ട പാർട്ടിയെ തെരഞ്ഞെടുക്കാൻ മാത്രമല്ല മറിച്ച് ഇഷ്ടപ്പെട്ട പ്രത്യേക സ്ഥാനാർഥിയെപ്പോലും

തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു. എന്നാൽ മറ്റ് തെരഞ്ഞെടുപ്പ് രീതികളിൽ പ്രത്യേകിച്ചും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ വോട്ടർമാരോട് പാർട്ടിയെ തെരഞ്ഞെടുക്കുവാനാകും ആവശ്യപ്പെടുക. പാർട്ടി പട്ടികയിൽ നിന്നാകും (Party list) പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്. തത്ഫലമായി ഒരു പ്രത്യേക പ്രദേശത്തെ പ്രതിനിധീകരിക്കുന്നതോ ആ പ്രദേശത്തോട് പൂർണ്ണ ഉത്തരവാദിത്വമുള്ള ഏക പ്രതിനിധി ഉണ്ടാവുകയില്ല. നിയോജക മണ്ഡല അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന കേവല ഭൂരിപക്ഷ സമ്പ്രദായത്തിൽ **(FPTP)** തങ്ങളുടെ പ്രതിനിധി ആരാണെന്ന് മനസ്സിലാക്കാം എന്നുമാത്രമല്ല ആ മണ്ഡലത്തോട് പ്രത്യേക പ്രതിബദ്ധതയുള്ളവരായി അവരെ നിലനിർത്തുകയും ചെയ്യുന്നു.

**കാർട്ടൂൺ വായിക്കുക**



Shankar, Copyright: Children's Book Trust

ഭരണപക്ഷത്തെ അംഗങ്ങൾ 'കൊച്ചു' പ്രതിപക്ഷത്തെ കേൾക്കാൻ ശ്രമിക്കുന്നു!
ഇത് നമ്മുടെ തെരഞ്ഞെടുപ്പ് വ്യവസ്ഥയുടെ പ്രതിഫലനമാണോ?

ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അടിസ്ഥാനപ്പെടുത്തിയുള്ള തെരഞ്ഞെടുപ്പുകൾ ഒരു പാർലമെന്ററി ജനാധിപത്യത്തിൽ സ്ഥിരതയാർന്ന ഗവൺമെന്റുകൾ പ്രദാനം ചെയ്യാൻ അനുയോജ്യമല്ല എന്നതായിരുന്നു ഇന്ത്യൻ ഭരണഘടനാ നിർമ്മാതാക്കളുടെ കാഴ്ചപ്പാട്. പാർലമെന്ററി സമ്പ്രദായത്തിലെ കാര്യനിർവ്വഹണ വിഭാഗ (Executive) ത്തിന്റെ സ്വഭാവത്തെക്കുറിച്ച് നാം അടുത്ത അധ്യായത്തിൽ പഠിക്കും. ഈ വ്യവസ്ഥയിൽ കാര്യനിർവ്വഹണ വിഭാഗത്തിന് (Executive) നിയമനിർമ്മാണ സഭയിൽ ഭൂരിപക്ഷം ആവശ്യമാണ്. വോട്ടു വിഹിതത്തിന്റെ അടിസ്ഥാനത്തിൽ സീറ്റുകൾ പങ്കുവെക്കപ്പെട്ടിരിക്കുന്നതിനാൽ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ വ്യക്തമായ ഒരു ഭൂരിപക്ഷം ഉണ്ടാകുകയില്ല എന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. കേവല ഭൂരിപക്ഷ സമ്പ്രദായം പൊതുവെ വലിയ പാർട്ടിക്കോ

## പഠനപുരോഗതി വിലയിരുത്തുക

2016 ലെ തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം ഇവിടെ കൊടുത്തിരിക്കുന്നു.

- ഇസ്രയേലിലെപ്പോലെ ആനുപാതിക പ്രാതിനിധ്യ (PR System) വ്യവസ്ഥയായിരുന്നു അവിടെയെങ്കിൽ നിയമസഭയുടെ ഘടന എന്താകുമായിരുന്നു?
- ഏതു പാർട്ടിക്കായിരിക്കും ഭൂരിപക്ഷം ഉണ്ടായിരിക്കുക?
- ആര് ഗവൺമെന്റ് രൂപീകരിക്കും?
- രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ബന്ധത്തിൽ ഈ വ്യവസ്ഥ എന്തു സ്വാധീനമാണ് ഉണ്ടാക്കുക?

| ആകെ സീറ്റുകൾ : 234 | തെരഞ്ഞെടുപ്പ് നടന്നത് 232 | | |
|---|---|---|---|
| **പാർട്ടി അനുസരിച്ച് സീറ്റുകൾ** | **വോട്ടിന്റെ ശതമാനം** | **സീറ്റുകൾ** | **സീറ്റുകൾ ആനുപാതിക പ്രാതിനിധ്യത്തിൽ** |
| എ.ഐ.എ.ഡി.എം.കെ. | 40.77 | 135 | |
| ഡി.എം.കെ | 31.64 | 88 | |
| കോൺഗ്രസ് | 6.42 | 8 | |
| പി.എം.കെ. | 5.32 | 0 | |
| ബി.ജെ.പി. | 2.84 | 0 | |
| ഡി.എം.ഡി.കെ. | 2.39 | 0 | |
| സി.പി.ഐ. | 0.79 | 0 | |
| ഐ.യു.എം.എൽ. | 0.73 | 1 | |
| മറ്റുള്ളപാർട്ടികൾ | 6.37 | 0 | |
| സ്വതന്ത്രർ | 1.43 | 0 | |
| നോട്ട | 1.30 | - | |

മുന്നണിക്കോ വോട്ടുവിഹിതത്തെക്കാൾ കുറച്ചധികം സീറ്റുകൾ നൽകുന്നു. അങ്ങനെ ഈ സമ്പ്രദായം സ്ഥിരതയാർന്ന ഒരു ഗവൺമെന്റിനെ പ്രദാനം ചെയ്യുക വഴി ഒരു പാർലമെന്ററി ഗവൺമെന്റിന്റെ സുഗമവും കാര്യക്ഷമമായതുമായ പ്രവർത്തനത്തിന് കാരണമാകുന്നു. അവസാനമായി, ഒരു പ്രദേശത്തെ വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്ക് തെരഞ്ഞെടുപ്പിൽ ഒരുമിച്ച് നിന്ന് വിജയിക്കാൻ കേവലഭൂരിപക്ഷ (FPTP) സമ്പ്രദായം അവസരമൊരുക്കുന്നു. ഇന്ത്യപോലെ വൈവിധ്യങ്ങൾ പുലർത്തുന്ന ഒരു രാജ്യത്ത് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം ഓരോ സാമുദായിക വിഭാഗങ്ങൾക്കും അവരുടേതായ ദേശ

വ്യാപക പാർട്ടി രൂപീകരിക്കുന്നതിന് വേണ്ട പ്രോത്സാഹനം പ്രദാനം ചെയ്യും. നമ്മുടെ ഭരണഘടനാ നിർമ്മാതാക്കളുടെ മനസ്സിൽ ഇത്തരം കാര്യങ്ങൾ കൂടി ഭരണഘടനാ നിർമ്മാണവേളയിൽ ഉണ്ടായിരുന്നിരിക്കണം.

ഭരണഘടനയുടെ ഇതുവരെയുള്ള പ്രവർത്തനം ഭരണഘടനാ നിർമ്മാതാക്കളുടെ പ്രതീക്ഷകളെ ഊട്ടിയുറപ്പിച്ചിട്ടുണ്ട്. കേവലഭൂരിപക്ഷ സമ്പ്രദായം (FPTP System) ലളിതവും സാധാരണ വോട്ടർമാർക്കുപോലും പരിചിതവുമാണെന്ന് തെളിയിച്ചിട്ടുമുണ്ട്. വലിയ രാഷ്ട്രീയ കക്ഷികളെ കേന്ദ്ര സംസ്ഥാന തലങ്ങളിൽ വ്യക്തമായ ഭൂരിപക്ഷം നേടുന്നതിന് ഈ രീതി സഹായിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഒരു സമുദായത്തിൽ നിന്നോ ജാതിയിൽ നിന്നോ മുഴുവൻ വോട്ടുകളും ഒരു പാർട്ടിക്ക് ലഭ്യമാകുന്നതിനെ ഈ വ്യവസ്ഥ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. സാധാരണയായി കേവല ഭൂരിപക്ഷ സമ്പ്രദായം ദ്വി പാർട്ടി സമ്പ്രദായത്തിന് കാരണമായിത്തീരുന്നു. അധികാരത്തിനുവേണ്ടി രണ്ടു പാർട്ടികൾമാത്രം മത്സരിക്കാനുണ്ടാവുകയും മിക്കപ്പോഴും അധികാരം മാറിമാറി ഇവർക്കിടയിൽ പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്നു എന്നതാണ്. ഇവിടെ അധികാര മത്സരത്തിനും പങ്കുവയ്ക്കലിനു പുതിയ ഒരു പാർട്ടിയോ മൂന്നാമതൊരു പാർട്ടിയോ കടന്നുവരിക പ്രയാസകരമാണ്. ഈ വിധത്തിൽ നോക്കിയാൽ ഇന്ത്യയിലെ കേവലഭൂരിപക്ഷ സമ്പ്രദായത്തിന് നേരിയ ചില വ്യത്യാസങ്ങൾ കാണാം. സ്വാതന്ത്ര്യാനന്തരം നമ്മൾ കേവലഭൂരിപക്ഷ സമ്പ്രദായമാണ് സ്വീകരിച്ചതെങ്കിലും ഒന്നിലധികം ചെറുപാർട്ടികൾ നിലനിൽക്കത്തന്നെ ഒരു ഏകകക്ഷി മേധാവിത്വം ഉടലെടുത്തു. 1989 നുശേഷം ഇന്ത്യ ഒരു ബഹുകക്ഷി മുന്നണി സമ്പ്രദായത്തിന് സാക്ഷ്യം വഹിച്ചു. അതേസമയം തന്നെ പല സംസ്ഥാനങ്ങളിലും മത്സരാടിസ്ഥാനത്തിലുള്ള ദ്വികക്ഷി സമ്പ്രദായം വളർന്നു വരുന്നു. കാലക്രമേണ കൂട്ടുകക്ഷി രാഷ്ട്രീയത്തിന്റെ ഉദയം ധാരാളം പുതിയ പാർട്ടികൾക്കും ചെറുപാർട്ടികൾക്കും തെരഞ്ഞെടുപ്പ് മത്സരത്തിൽ പങ്കെടുക്കാൻ അവസരമൊരുക്കി എന്നതാണ് ഇന്ത്യൻ പാർട്ടി സമ്പ്രദായത്തെ വ്യത്യസ്തമാക്കിയത്.

## നിയോജക മണ്ഡലങ്ങളുടെ സംവരണം (Reservation of Constituencies)

കേവല ഭൂരിപക്ഷ സമ്പ്രദായത്തിൽ ഒരു പ്രത്യേക നിയോജക മണ്ഡലത്തിൽ ഏറ്റവും കൂടുതൽ വോട്ട് നേടുന്ന സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുമെന്ന് നാം കണ്ടുകഴിഞ്ഞു. ചെറിയ സാമൂഹിക വിഭാഗങ്ങൾക്ക് ഇത് മിക്കപ്പോഴും കോട്ടം വരുത്തുന്നതാണ്. ഇന്ത്യയുടെ സാമൂഹിക സാഹചര്യത്തിൽ ഇത് കൂടുതൽ പ്രാധാന്യമർഹിക്കുന്നുണ്ട്. ജാതി അടിസ്ഥാനത്തിലുള്ള വിവേചനത്തിനത്തിന്റെ ഒരു ചരിത്രം തന്നെ നമുക്കുണ്ട്. അത്തരം ഒരു സാമൂഹിക വ്യവസ്ഥയിൽ കേവലഭൂരിപക്ഷം സ്വീകരിച്ചാൽ മേധാവിത്വമുള്ള സാമൂഹിക വിഭാഗങ്ങളും ജാതികളും എല്ലായിടത്തും വിജയിക്കുകയും അടിച്ചമർത്തപ്പെട്ട സാമൂഹിക വിഭാഗങ്ങൾ പ്രാതിനിധ്യമില്ലാതെ തുടരു

> "പ്രത്യേക തെരഞ്ഞെടുപ്പ് മണ്ഡലങ്ങൾ (separate electorate) ഇന്ത്യയ്ക്ക് എന്നും ഒരു ശാപമായിരുന്നു, ഇതാകട്ടെ ഈ രാജ്യത്തിന് കണക്കാക്കാനാകാത്തത്ര ദോഷം ചെയ്യുകയും ചെയ്തു... പ്രത്യേക തെരഞ്ഞെടുപ്പ് മണ്ഡലങ്ങൾ നമ്മുടെ പുരോഗതിയെ തടസപ്പെടുത്തി ഞങ്ങൾക്ക് (മുസ്ലീംങ്ങൾക്ക്) ഈ ദേശത്തോടൊപ്പം ഒന്നായി ചേരണം... മുസ്ലീം സമുദായത്തിന്റെ സംവരണം എന്നതിൽ ദൈവത്തെ ഓർത്ത് നിങ്ങൾ കൈവയ്ക്കരുത്."
>
> താജാമുൽ ഹുസൈൻ, സിഎഡി, *Vol.VIII.* പേജ് *333. 26* മെയ് *1949*

കയും ചെയ്യും. നമ്മുടെ ഭരണഘടനാ ശിൽപികൾ ഇത്തരം പ്രയാസങ്ങളെക്കുറിച്ച് ബോധ്യമുള്ളവരായിരുന്നു. അടിച്ചമർത്തപ്പെട്ട സാമൂഹിക വിഭാഗങ്ങൾക്ക് സ്വതന്ത്രവും നീതിപൂർവ്വവുമായ പ്രാതിനിധ്യം ഉറപ്പുവരുത്താനുള്ള ഒരു മാർഗ്ഗത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധ്യം അവർക്കുണ്ടായിരുന്നു.

ഈ പ്രശ്നം സ്വാതന്ത്ര്യത്തിനുമുൻപുതന്നെ വളരെയധികം ചർച്ചചെയ്യപ്പെട്ടിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റാകട്ടെ പ്രത്യേക തെരഞ്ഞെടുപ്പ് മണ്ഡലം (seperate electorate) എന്ന ആശയം നടപ്പിലാക്കുകയും ചെയ്തു. ഈ വ്യവസ്ഥ പ്രകാരം ഒരു പ്രത്യേക സമുദായത്തിൽനിന്നും ഒരു സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കണമെങ്കിൽ അതേ സമുദായത്തിൽപ്പെടുന്ന ആളുകൾക്കു മാത്രമാകും വോട്ടുചെയ്യുവാനുള്ള യോഗ്യത. ഭരണഘടനാ നിർമ്മാണ സഭയിൽ നമ്മുടെ ലക്ഷ്യം നേടുന്നതിന് ഈ സമ്പ്രദായം അനുയോജ്യമല്ലെന്ന ആശങ്ക ഭരണഘടനാ നിർമാണസഭയിൽ പല അംഗങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ 'സംവരണ മണ്ഡലങ്ങൾ' എന്ന ആശയം നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ വ്യവസ്ഥപ്രകാരം, ഒരു മണ്ഡലത്തിലെ എല്ലാ വോട്ടർമാർക്കും വോട്ടവകാശമുണ്ട്, എന്നാൽ സ്ഥാനാർത്ഥി നിർബന്ധമായും സംവരണം ചെയ്തിട്ടുള്ള പ്രത്യേക സമുദായത്തിലോ സാമൂഹികവിഭാഗത്തിലോ ഉൾപ്പെടുന്ന ആളായിരിക്കണം.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ചില സാമൂഹികവിഭാഗങ്ങൾ ചിന്നിച്ചിതറി കിടക്കുന്നുണ്ട്. അവർ ഏതെങ്കിലും ഒരു പ്രത്യേക മണ്ഡലത്തിലെ വിജയത്തെ സ്വാധീനിക്കാനുള്ള ശക്തിയുള്ള വിഭാഗമായിരിക്കില്ല. എന്നാൽ രാജ്യം ആകമാനം നോക്കുമ്പോൾ അവർ നിർണായക വിഭാഗവുമാണ്. അവരുടെ ശരിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് സംവരണം ആവശ്യമായിവന്നു. ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ടവർക്ക് ഭരണഘടന സീറ്റ് സംവരണം ചെയ്തിരിക്കുന്നു. തുടക്കത്തിൽ ഇത് പത്തു വർഷത്തേക്കാണ് നൽകിയത്. പിന്നീട് തുടർച്ചയായ ഭരണഘടനാഭേദഗതികളിലൂടെ ഇത് 2020 വരെ ദീർഘിപ്പിക്കുകയും ചെയ്തു. സംവരണത്തിന്റെ കാലാവധി കഴിയുമ്പോൾ, അത് ദീർഘിപ്പിച്ചുകൊണ്ട് പാർലമെന്റിന് തീരുമാനമെടുക്കാവുന്നതാണ്.
C´ yb rse P\ k wl yb rÂ Cu c- ph ri mK¯ ri papÅ ] ¦ ri vB \ p] m

തികമായിട്ടാണ് സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നത്. ലോക്സഭയിലെ തെരഞ്ഞെടുക്കപ്പെടാവുന്ന ആകെയുള്ള 543 സീറ്റുകളിൽ 84 എണ്ണം പട്ടികജാതി വിഭാഗങ്ങൾക്കായും 47 എണ്ണം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായും സംവരണം ചെയ്തിരിക്കുന്നു. (2012 സെപ്റ്റംബർ 1 അനുസരിച്ച്)

"... എന്നാൽ ഇന്ത്യയിലെ ആദിവാസികളെ പ്രതിനിധീകരിച്ച് ചില കാര്യങ്ങൾ പറയുവാനാണ് ഞാൻ എത്തിയിരിക്കുന്നത്. ഭൂതകാല ഇന്ത്യയിൽ ഒരു മൃഗശാലയിൽ എന്ന പോലെ ഞങ്ങളെ ഒറ്റപ്പെടുത്തി നിർത്തിയിരുന്നതിൽ പ്രധാന രാഷ്ട്രീയ പാർട്ടികളോടും ബ്രിട്ടീഷ് ഗവൺമെന്റിനോടും പ്രബുദ്ധരായ ഇന്ത്യൻ പൗരന്മാരോടും ഞങ്ങൾ നന്ദിയുള്ളവരാണ്... ഞങ്ങൾ നിങ്ങളോട് ഇടകലർന്നു പോകുവാൻ തയ്യാറാണ്. ആ കാരണം കൊണ്ടാണ്... നിയമസഭകളിലേക്ക് സംവരണം ഞങ്ങൾ ശഠിച്ചത്. ഞങ്ങൾ ഒരിക്കലും പ്രത്യേക തെരഞ്ഞെടുപ്പ് മണ്ഡലങ്ങൾ (Separate electorate) ചോദിച്ചിരുന്നില്ല... 1935 ലെ ആക്ട് പ്രകാരം ഇന്ത്യയിലെ മൊത്തം നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 1585 ആയിരിക്കെ ആദിവാസി എം എൽ എ മാരുടെ എണ്ണം വെറും 24 ആയിരുന്നു..... കേന്ദ്രത്തിലാകട്ടെ ഒരു പ്രതിനിധിപോലും ഉണ്ടായിരുന്നില്ല."

ജയ്പാൽസിംഗ്, സിഎഡി, *Vol.V,* പേജ് *209, 27* ആഗസ്റ്റ് *1947*

ഏതൊക്കെ നിയോജകമണ്ഡലങ്ങളാണ് സംവരണം ചെയ്യേണ്ടത് എന്ന് തീരുമാനിക്കുന്നത് ആരാണ്? ഈ തീരുമാനം എടുക്കുന്നത് എന്തടിസ്ഥാനത്തിലാണ്? നിയോജകമണ്ഡല പുനർനിർണയ കമ്മീഷൻ (Delimitation Commission) എന്ന് വിളിക്കുന്ന ഒരു സ്വതന്ത്ര സമിതിയാണ് ഇതിൽ തീരുമാനം എടുക്കുന്നത്. നിയോജക മണ്ഡല പുനർനിർണയ കമ്മീഷനെ നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്. ഇന്ത്യയുടെ തെരഞ്ഞെടുപ്പു കമ്മീഷനുമായി സഹകരിച്ചുകൊണ്ടാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. ഇന്ത്യയിലെ മുഴുവൻ മണ്ഡലങ്ങളുടേയും അതിർത്തികൾ നിർണ്ണയിക്കുക എന്നതാണ് ഈ കമ്മീഷന്റെ ലക്ഷ്യം. ഓരോ സംസ്ഥാനങ്ങളിലും എത്ര സംവരണമണ്ഡലങ്ങൾ ഉണ്ടാകണം എന്നത് ആ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണത്തിനാനുപാതികമായിട്ടാണ് നിശ്ചയിച്ചയിക്കുന്നത്. അതിനു ശേഷം ഈ കമ്മീഷൻ അവിടെയുള്ള ജനസംഖ്യയുടെ ഘടന പരിശോധിക്കുന്നു. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗവിഭാഗ അനുപാതമുള്ള മണ്ഡലമാണ് അവർക്കായി സംവരണം ചെയ്യുക. പട്ടികജാതി വിഭാഗങ്ങളുടെ കാര്യത്തിൽ അതിർത്തി നിർണയ കമ്മീഷൻ രണ്ടു കാര്യങ്ങളാണ് പരിഗണിക്കുന്നത്. ഏറ്റവും കൂടുതൽ പട്ടികജാതി ജനസംഖ്യാ അനുപാതമുള്ള മണ്ഡലങ്ങൾ സംവരണത്തിനായി എടുക്കുന്നു. കൂടാതെ രാജ്യത്തിന്റെ വിവിധ പ്രദേ

ശങ്ങളിലേക്ക് സംവരണ മണ്ഡലങ്ങൾ വിതരണം നടത്തുന്ന കാര്യത്തിലും ശ്രദ്ധിക്കുന്നു. പട്ടികജാതി വിഭാഗങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം തുല്യമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. അതിർത്തി നിർണ്ണയ നടപടികൾ കൈകൊള്ളുമ്പോൾ ഈ സംവരണ മണ്ഡലങ്ങൾ ഒരോ തവണയും മാറി വരാറുണ്ട്.

മറ്റു ദുർബല വിഭാഗങ്ങളുടെ കാര്യത്തിലാകട്ടെ ഇത്തരം ഒരു സംവരണരീതി ഭരണഘടന പരിഗണിച്ചിട്ടില്ല. കാലക്രമേണ ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് സീറ്റുകൾ സംവരണം ചെയ്യണമെന്ന ആവശ്യം ശക്തമായി ഉയർന്നു വന്നു. പ്രാതിനിത്യ സഭകളിൽലേക്ക് കുറച്ചു സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും മൂന്നിലൊന്നു സീറ്റുകൾ സംവരണം എന്ന ആവശ്യവും ശക്തമായി ഉന്നയിക്കപ്പെട്ടു. നഗര - ഗ്രാമ തദ്ദേശ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് സീറ്റുകൾ സംവരണം നല്കിയിട്ടുണ്ട്. തദ്ദേശ ഗവൺമെന്റുകളെ സംബന്ധിക്കുന്ന കൂടുതൽ കാര്യങ്ങൾ പ്രാദേശിക ഗവൺമെന്റുകൾ എന്ന അധ്യായത്തിൽ നമ്മൾ ചർച്ചചെയ്യും. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും (വിധാൻ സഭ) സീറ്റുകൾ സംവരണം ചെയ്യുന്നതിന് ഒരു ഭരണഘടനാഭേദഗതി അനിവാര്യമാണ്. അത്തരം ഭേദഗതി പലതവണ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി. എന്നാൽ ഇന്നുവരെ ഇത് പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

**പഠന പുരോഗതി വിലയിരുത്തുക**

ഇന്ത്യയിലെ ജനസംഖ്യയുടെ ഏകദേശം 14.2 ശതമാനം മുസ്ലീങ്ങളാണ്. എന്നാൽ ലോക്സഭയിലെ മുസ്ലീം എം.പി. മാരുടെ എണ്ണം 6% ത്തിൽ താഴെമാത്രമാണ്. ഇത് അവരുടെ ജനസംഖ്യാ വിഹിതത്തിന്റെ പകുതിയിൽ താഴെയാണ്. ഈ സാഹചര്യം പല നിയമ സഭകളിലും നിലനില്ക്കുന്നു. ഈ വസ്തുതയെ പറ്റി മൂന്നു വിദ്യാർത്ഥികൾ വ്യത്യസ്തമായ നിഗമനങ്ങളിലെത്തുന്നു. നിങ്ങൾ അവരോട് എന്തുകൊണ്ട് യോജിക്കുന്നു അല്ലെങ്കിൽ വിയോജിക്കുന്നു എന്ന് രേഖപ്പെടുത്തുക.

ഹിലാൽ : ഇത് കേവല ഭൂരിപക്ഷ സമ്പ്രദായത്തിന്റെ (FPTP) അനീതിയാണ് പ്രതിഫലിപ്പിക്കുന്നത് നമ്മൾ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ സ്വീകരിക്കണം

ആരിഫ് : ഇത് പട്ടികജാതി പട്ടിക വർഗ്ഗത്തിന് സംവരണം നല്കിയതിന്റെ യുക്തിയെയാണ് കാണിക്കുന്നത്. പട്ടിക ജാതി വർഗ്ഗങ്ങൾക്ക് നല്കുന്നതുപോലെ മുസ്ലീങ്ങൾക്ക് സംവരണം നല്കേണ്ടത് ആവശ്യമാണ്.

സാബ : മുസ്ലീങ്ങളെ മുഴുവൻ ഒറ്റയായി കണ്ട് സംസാരിക്കുന്നതിൽ കഴമ്പില്ല. ഏതൊരു വ്യവസ്ഥ പ്രകാരവും മുസ്ലീം സ്ത്രീകൾക്ക് ഒരുവിധ പ്രാതിനിധ്യവും ലഭിക്കുകയില്ല. മുസ്ലീം സ്ത്രീകൾക്ക് ഒരു പ്രത്യേക ക്വാട്ട നൽകുകയാണ് ആവശ്യം.

## സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് (FREE AND FAIR ELECTIONS)

സ്വതന്ത്രവും നീതി പൂർവ്വവുമായ തെരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുക എന്നതാണ് ഏതൊരു ഇലക്ഷൻ സമ്പ്രദായത്തിന്റെയും ശരിയായ വിലയിരുത്തൽ. ജനാധിപത്യത്തെ യാഥാർഥ്യത്തിലേക്ക് പരിവർത്തനം ചെയ്യാൻ നാം ആഗ്രഹിക്കുകയാണെങ്കിൽ തെരഞ്ഞെടുപ്പ് സമ്പ്രദായം നിഷ്പക്ഷവും സുതാര്യവുമായിരിക്കേണ്ടത് പരമപ്രധാനമാണ്. തെരഞ്ഞെടുപ്പ് ഫലത്തിലൂടെ തന്റെ അഭിലാഷത്തിന് നിയമപരമായ പ്രതിഫലനം കണ്ടെത്താൻ സമ്മതിദായകന് സാധിക്കണം.

## സാർവത്രിക വോട്ടവകാശവും മത്സരിക്കാനുള്ള അവകാശവും

## (Universal franchise and right to contest)

ഒരു തെരഞ്ഞെടുപ്പ് സമ്പ്രദായം നല്കുന്നതിനു പുറമേ, ഭരണഘടന രണ്ട് അടിസ്ഥാന ചോദ്യങ്ങൾക്ക് കൂടി മറുപടി നല്കുന്നു. ആരെല്ലാമാണ് വോട്ടർമാർ? ആർക്കൊക്കെയാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധിക്കുക? നമ്മുടെ ഭരണഘടന ഈ രണ്ടു കാര്യത്തിലും വളരെ സുസ്ഥാപിതമായ ജനാധിപത്യ സമ്പ്രദായമാണ് പിന്തുടരുന്നത്.



*ഞാൻ പ്രായപൂർത്തിയായ ആളാണോ അതോ അല്ലയോ? ഞാൻ എന്റെ ജീവിതപങ്കാളിയെ തെരഞ്ഞെടുക്കാൻ തക്ക പക്വമതിയാണ്, ഡ്രൈവിംഗ് ലൈസൻസ് എടുക്കാൻ തക്ക പ്രായമുള്ള ആളാണ്. എന്നാൽ വോട്ടു ചെയ്യാൻ തക്ക പ്രായമായില്ലത്രേ? നിയമങ്ങൾ എനിക്കും ബാധകമാകുകയാണെങ്കിൽ ആ നിയമങ്ങൾ ആരു നിർമ്മിക്കണമെന്ന് എന്തുകൊണ്ട് എനിക്ക് തീരുമാനിക്കാൻ കഴിയുന്നില്ല?*

ജനാധിപത്യ തെരഞ്ഞെടുപ്പിന് ആ രാജ്യത്തെ പ്രായപൂർത്തിയായ മുഴുവൻ പൗരൻമാരും തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ യോഗ്യരായിരിക്കേണ്ടത് ആവശ്യമാണെന്ന് നിങ്ങൾ ഇതിനകം തന്നെ മനസ്സിലാക്കിയിട്ടുണ്ട്. ഇതാണ് സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം എന്നറിയപ്പെടുന്നത്. ഈ അവകാശത്തിനു വേണ്ടി പല രാജ്യങ്ങളിലും ജനങ്ങൾക്ക് ദീർഘമായ സമരപോരാട്ടങ്ങൾ നടത്തേണ്ടിവന്നു. സമരങ്ങൾക്കൊടുവിൽ വളരെ വൈകിയാണ് സ്ത്രീകൾക്ക് ഈ അവകാശം ലഭിച്ചത്. നമ്മുടെ ഇന്ത്യയിലെ ഭരണഘടനാ നിർമ്മാതാക്കളുടെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളിൽ ഒന്ന് പ്രായപൂർത്തിയായ എല്ലാ പൗരൻമാർക്കും വോട്ടവകാശം ഉറപ്പുവരുത്തുക എന്നതായിരുന്നു.

1989 വരെ ഇന്ത്യയിൽ പ്രായപൂർത്തിയായവർ എന്നതിന്റെ അർത്ഥം 21 വയസ്സിന് മുകളിൽ പ്രായമുള്ളവർ എന്നായിരുന്നു. എന്നാൽ 1989 ലെ ഒരു ഭരണഘടനാ ഭേദഗതിയിലൂടെ വോട്ടുചെയ്യാനുള്ള പ്രായം 18 വയസ്സാക്കി കുറച്ചു. എല്ലാ പൗരൻമാർക്കും അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ പങ്കാളികളാകാനുള്ള അവസരം പ്രായപൂർത്തി വോട്ടവകാശം ഉറപ്പവരുത്തി. ഇത് നാം അവകാശങ്ങൾ എന്ന അധ്യായത്തിൽ പഠിച്ച സമത്വം, വിവേചനം അരുത് മുതലായ തത്ത്വങ്ങളോട് ഉൾച്ചേർന്നു നില്ക്കുന്നു. വിദ്യാഭ്യാസ യോഗ്യത കണക്കിലെടുക്കാതെ എല്ലാവർക്കും വോട്ടവകാശം നൽകുന്നത് ശരിയായ നടപടിയല്ലെന്ന് ഇക്കാലത്തുപോലും നിരവധി

യാളുകൾ ചിന്തിക്കുന്നു. എന്നാൽ സമൂഹത്തിന്റെയും രാജ്യത്തിന്റെയും അവരുടെ മണ്ഡലത്തിന്റെയും നന്മ തീരുമാനിക്കാനുള്ള ശേഷിയും മൂല്യബോധവും പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും തുല്യമാണെന്ന കാര്യത്തിൽ നമ്മുടെ ഭരണഘടനാ നിർമ്മാതക്കൾക്ക് ഉറച്ച വിശ്വാസമാണുണ്ടായിരുന്നത്.

വോട്ടു ചെയ്യുന്നതിൽ ഏതാണോ ശരിയായിട്ടുള്ളത് അതു തന്നെയാണ് മത്സരിക്കുന്നതിനും ബാധകമാകുക. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും പ്രതിനിധിയാക്കുന്നതിനും എല്ലാ പൗരന്മാർക്കും അവകാശമുണ്ട്. എന്നിരുന്നാലും വിവിധ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് വ്യത്യസ്തങ്ങളായ പ്രായപരിധി ആവശ്യമുണ്ട്. ഉദാഹരണത്തിന് ലോക്സഭ അല്ലെങ്കിൽ നിയമസഭ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് സ്ഥാനാർത്ഥിക്ക് 25 വയസ്സെങ്കിലും തികഞ്ഞിരിക്കണം. കൂടാതെ മറ്റുചില നിയന്ത്രണങ്ങളുമുണ്ട്. ഉദാഹ രണത്തിന്, രണ്ട് വർഷമോ അതിലധികമോ തടവുശിക്ഷ അനുഭവിച്ച വ്യക്തികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യരാണ്. എന്നാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശത്തിന് ധനം, വിദ്യാഭ്യാസം, വംശം, വർഗ്ഗം, ലിംഗം, തുടങ്ങിയ യാതൊരു നിയന്ത്രണങ്ങളുമില്ല. ഈ അർത്ഥത്തിൽ നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായം എല്ലാ പൗരന്മാർക്കുമായി തുറന്നിട്ടിരിക്കുന്നു.

**കാർട്ടൂൺ വായിക്കുക**




ഒക്ടോബർ 21, 1951

പ്രായപൂർത്തി വോട്ടവകാശത്തെ ആനയുമായി താരതമ്യം ചെയ്യുന്നതെന്തുകൊണ്ടാണ്? ഇതു മെരുങ്ങാത്തതായതുകൊണ്ടാണോ? അതോ ഓരോരുത്തരും ആനയുടെ ഓരോ ഭാഗങ്ങൾ തൊട്ടുനോക്കി ആന എന്താണെന്ന് ചിത്രീകരിക്കുന്ന കഥപോലെയാണോ?

Shankar, Copyright: Children's Book Trust

## സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ (Independent Election Commission)

തെരഞ്ഞെടുപ്പ് വ്യവസ്ഥിതിയും പ്രക്രിയയും സ്വതന്ത്രവും നീതിപൂർവ്വവുമാണെന്ന് ഉറപ്പുവരുത്തുന്നതിന് ഇന്ത്യ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനും സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പ് കമ്മീഷന്റെ രൂപീകരണം എന്നതാണ് ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. പല രാജ്യങ്ങളിലും തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി ഒരു സ്വതന്ത്ര സംവിധാനമില്ല എന്ന കാര്യം നിങ്ങൾക്ക് അറിയാമോ?

ഭരണഘടനയുടെ 324-ാം വകുപ്പു പ്രകാരം ഇന്ത്യയിൽ 'വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കുന്നതിനും

നിർദ്ദേശങ്ങൾ നൽകുന്നതിനും നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്നതിനും' ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉണ്ട്. ഭരണഘടനയിലെ ഈ വാക്കുകൾ വളരെ പ്രധാനപ്പെട്ടതാണ്. കാരണം അത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും തെരഞ്ഞെടുപ്പ് കമ്മീഷന് സുപ്രധാനപങ്ക് നൽകുന്നു. ഭരണഘടനയുടെ ഈ വ്യാഖ്യാനം സുപ്രീം കോടതിയും അംഗീകരിച്ചിട്ടുണ്ട്.

*വകുപ്പ് 324 (1)*

***വോട്ടർപ്പട്ടികയുടെ മേൽനോട്ടവും മാർഗ്ഗ നിർദ്ദേശം നൽകലും നിയന്ത്രണവും ഈ ഭരണഘടനപ്രകാരം, പാർമെന്റിലേക്കും ഓരോ സംസ്ഥാനത്തിന്റെ നിയമ നിർമ്മാണമണ്ഡലത്തിലേക്കും നടത്തുന്ന എല്ലാ തെരെഞ്ഞടുപ്പുകൾക്കും വേണ്ട സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതുന്നതിന്റെയും അവയിലേക്കുള്ള എല്ലാതെരഞ്ഞെടുപ്പുകളും നടത്തുന്നതിന്റെയും രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും സ്ഥാനങ്ങളിലേക്ക് നടത്തുന്ന തെരെഞ്ഞടുപ്പുകളുടെയും മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും (ഈ ഭരണഘടനയിൽ തെരെഞ്ഞടുപ്പ് കമ്മിഷൻ എന്ന് പരാമർശിക്കുന്ന) ഒരു കമ്മിഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.***

ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷനെ സഹായിക്കുന്നതിന് ഓരോ സംസ്ഥാനങ്ങളിലും ഒരു മുഖ്യതെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ (Chief Electoral Officer) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ഉത്തരവാദിത്വം ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമല്ല. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും വ്യത്യസ്തമായി സംസ്ഥാനത്ത് സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർമാരാണ് തദ്ദേശ ഗവൺമെന്റിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നിയന്ത്രിക്കുന്നതും നടത്തുന്നതും. രണ്ടിനും അവരുടേതായ പ്രവർത്തന മണ്ഡലങ്ങളുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പ്രാദേശിക ഗവൺമെന്റുകൾ എന്ന അധ്യായത്തിൽ നാം പഠിക്കും.

ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു ഏകാംഗ സമിതിയോ ഒരു ബഹു അംഗ സമിതിയോ ആകാം. 1989 വരെ ഇതൊരു ഏകാംഗ കമ്മീഷൻ ആയിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് കമ്മീഷനെ ഒരു ബഹുഅംഗ സമിതിയാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി 1989-ലെ പൊതു തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് രണ്ടു തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ കൂടി നിയമിച്ചു. എന്നാൽ തെരഞ്ഞെടുപ്പിന് ശേഷം വളരെ പെട്ടെന്നു തന്നെ ഇത് വീണ്ടും ഒരു ഏകാംഗ കമ്മീഷനായി പുനഃക്രമീകരിച്ചു. എന്നാൽ 1993-ൽ രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷനെ വീണ്ടും ഒരു ബഹുഅംഗ സമിതിയാക്കി മാറ്റി. അന്നുമുതൽ ഇതൊരു ബഹുഅംഗ കമ്മീഷനായി തുടരുന്നു. ബഹുഅംഗ കമ്മീഷനെ കുറിച്ച് തുടക്കത്തിൽ വളരെയധികം ആശങ്കകൾ

ഉണ്ടായിരുന്നു. ആർക്കാണ് ഏറ്റവും കൂടുതൽ അധികാരം എന്നതിനെ സംബന്ധിച്ചും എത്രത്തോളം അധികാരമുണ്ട് എന്നതിനെ സംബന്ധിച്ചും, അന്നത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് മറ്റു കമ്മീഷണർമാരുമായി വ്യക്തമായ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. സുപ്രീം കോടതിക്ക് ഈ പ്രശ്നം പരിഹരിക്കേണ്ടതായും വന്നു. കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്നതിന് അധികാരം വിഭജിച്ചു നൽകിക്കൊണ്ടുള്ള ഒരു ബഹു അംഗ തെരഞ്ഞെടുപ്പ് കമ്മീഷനാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളതെന്ന കാര്യത്തിൽ ഒരു അഭിപ്രായ സമന്വയം ഇന്ന് രൂപപ്പെട്ടിട്ടുണ്ട്.



ഈ പ്രശ്നം ഇപ്പോഴെങ്കിലും പരിഹരിക്കപ്പെട്ടിട്ടുണ്ടോ? സർക്കാരിന് ഒരു ഏകാംഗ തെരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് മടങ്ങിപ്പോകാൻ കഴിയുമോ? ഭരണഘടന ഈ കളി (game) അംഗീകരിക്കുന്നുണ്ടോ?

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ആണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അധ്യക്ഷൻ. എന്നാൽ മറ്റു തെരഞ്ഞെടുപ്പ് കമ്മീഷണർമാരെക്കാൾ കൂടുതൽ അധികാരങ്ങൾ അദ്ദേഹത്തിന് ഇല്ല. ഒരു കൂട്ടായ സമിതി എന്ന നിലക്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കും കമ്മീഷൻ അംഗങ്ങൾക്കും തുല്ല്യ അധികാരമാണ് ഉണ്ടാവുക. മന്ത്രിസഭയുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രപതിയാണ് തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കുന്നത്. അതുകൊണ്ടുതന്നെ ഭരിക്കുന്ന പാർട്ടിയോട് ആഭിമുഖ്യമുള്ള വ്യക്തികളെ കമ്മീഷൻ അംഗങ്ങളായി നിയമിക്കുന്നതിനും തെരഞ്ഞെടുപ്പിൽ ഇവർ തങ്ങളെ നിയോഗിക്കുന്ന പാർട്ടികളോട് ചായ്‌വ് പുലർത്തുന്നതിനുമുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്. ഈ പോരായ്മ നിലനില്ക്കുന്നതു കൊണ്ട് നിയമന നടപടിക്രമം മാറ്റേണ്ടതുണ്ടെന്ന് ധാരാളം ആളുകൾ നിർദ്ദേശിക്കുന്നു. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെയും മറ്റു കമ്മീഷണർമാരുടെയും നിയമനത്തിന് സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായും പ്രതിപക്ഷ നേതാവുമായും കൂടിയാലോചനകൾ നടത്തേണ്ടതാണെന്നുള്ള ഒരു നിർദ്ദേശം പലരും മുന്നോട്ട് വച്ചിട്ടുണ്ട്.

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെയും തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും കാലാവധിയുടെ സംരക്ഷണം ഭരണഘടന ഉറപ്പു നൽകുന്നു. ആറ് വർഷമോ അഥവാ 65 വയസ്സ് വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആണ് അവരുടെ നിയമന കാലാവധി. പാർലമെന്റിന്റെ ഇരു സഭകളും പ്രത്യേക ഭൂരിപക്ഷത്തോടെ (Special Majority) ഒരു പ്രമേയം പാസ്സാക്കിയാൽ ഇന്ത്യൻ രാഷ്ട്രപതിക്ക് കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ പുറത്താക്കാവുന്നതാണ്. തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് അനുകൂലമായി തീരുമാനങ്ങൾ കൈക്കൊണ്ടില്ല എന്നതിന്റെ പേരിൽ ഭരണകക്ഷി മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറെ മാറ്റാൻ ശ്രമിച്ചാൽ അതിൽനിന്നും അദ്ദേഹത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ ഇന്ത്യൻ രാഷ്ട്രപതിക്ക് നീക്കം ചെയ്യാവുന്നതാണ്.

**പ്രത്യേക ഭൂരിപക്ഷം**

പ്രത്യേക ഭൂരിപക്ഷം എന്നതു കൊണ്ടർത്ഥമാക്കുന്നത്:

- പങ്കെടുത്ത് വോട്ടുചെയ്യുന്നവരുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം
- സഭയിലെ മൊത്തം അംഗസംഖ്യയുടെ കേവല ഭൂരിപക്ഷം

പ്രത്യേക ഭൂരിപക്ഷത്തോടു കൂടി നിങ്ങളുടെ ക്ലാസ്സിൽ ഒരു പ്രമേയം പാസ്സാക്കേണ്ടതുണ്ടെന്നിരിക്കട്ടെ. നിങ്ങളുടെ ക്ലാസ്സിൽ 57 വിദ്യാർത്ഥികൾ ഉണ്ടെന്നു സങ്കല്പിക്കുക. എന്നാൽ തെരഞ്ഞെടുപ്പ് ദിവസം 51 കുട്ടികൾ ഹാജരാറുകയും അതിൽ 50 പേർ വോട്ടെടുപ്പിൽ പങ്കെടുക്കുകയും ചെയ്തു എന്നും വിചാരിക്കുക. ഇത്തരം ഒരു സാഹചര്യത്തിൽ പ്രമേയം പ്രത്യേക ഭൂരിപക്ഷത്തോടെ പാസ്സാക്കി എന്ന് എപ്പോൾ പറയാനാകും?

ഈ പുസ്തകത്തിൽ കുറഞ്ഞത് മറ്റു മൂന്ന് അധ്യായത്തിലെങ്കിലും നിങ്ങൾക്ക് പ്രത്യേക ഭൂരിപക്ഷത്തെപറ്റി പരാമർശങ്ങൾ കാണാനാകും. ഇതിൽ ഒന്ന് കാര്യനിർവ്വഹണ വിഭാഗം (Executive) എന്ന അടുത്ത അധ്യായത്തിൽ രാഷ്ട്രപതിയുടെ ഇംപീച്ച്മെന്റുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോഴാണ്. പ്രത്യേക ഭൂരിപക്ഷത്തെപ്പറ്റി ചർച്ച ചെയ്യുന്ന മറ്റു രണ്ടു സന്ദർഭങ്ങൾ കണ്ടെത്തുക.

ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷന് ധാരാളം ചുമതലകളുണ്ട്.

- നാളിതുവരെയുള്ള വോട്ടർമാരുടെ പട്ടിക തയ്യാറാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള പേരുകൾ പട്ടികയിൽ ഉണ്ടാകാതിരിക്കുക, അനർഹരുടെ പേരുകളും നിലവിലില്ലാത്തവരുടെ പേരുകളും കടന്നുകൂടുക തുടങ്ങിയ തെറ്റുകൾ ഒഴിവാക്കി വോട്ടർപട്ടിക കുറ്റമറ്റതുമാക്കുന്നതിന് എല്ലാ പരിശ്രമങ്ങളും തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്നു.

- തെരഞ്ഞെടുപ്പിന്റെ സമയക്രമം നിശ്ചയിക്കുകയും തെരഞ്ഞെടുപ്പ് പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പ് വിജ്ഞാപനം, നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട തീയതി, പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി, സൂക്ഷ്മ പരിശോധനാ തീയതി, പത്രിക പിൻവലിക്കാനുള്ള അവസാന തീയതി, തെരഞ്ഞെടുപ്പ് തീയതി, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ് തെരഞ്ഞെടുപ്പ് പദ്ധതി.

- സ്വതന്ത്രവും നീതിപൂർവ്വകവുമായ ഒരു തെരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിന് തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ ഏതു ഘട്ടത്തിലും തീരുമാനമെടുക്കാനുള്ള അധികാരം തെരഞ്ഞെടുപ്പ് കമ്മീഷനുണ്ട്. രാജ്യത്തോ ഏതെങ്കിലും ഒരു സംസ്ഥാനത്തോ അല്ലെങ്കിൽ ഒരു മണ്ഡലത്തിലോ തെരഞ്ഞെടുപ്പ് അന്തരീക്ഷം കലുഷിതമാവുകയും സ്വതന്ത്രവും നീതിപൂർവ്വകവുമായ ഒരു തെരഞ്ഞെടുപ്പ് സാധ്യമല്ലാതെ വരുകയും ചെയ്യുന്ന സന്ദർഭത്തിൽ തെരഞ്ഞെടുപ്പ് നീട്ടി വയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം തെരഞ്ഞെടുപ്പ് കമ്മീഷനുണ്ട്. കൂടാതെ രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും ഒരു മാതൃകാ പെരുമാറ്റ ചട്ടം കമ്മീഷൻ നടപ്പിലാക്കാറുണ്ട്. ഒരു

പ്രത്യേക മണ്ഡലത്തിൽ വീണ്ടും വോട്ടെടുപ്പ് (re-poll) ആവശ്യമായി വന്നാൽ അതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനും കമ്മീഷന് സാധിക്കും. സ്വതന്ത്രവും നീതി പൂർണ്ണവുമായല്ല വോട്ടെണ്ണൽ നടന്നതെന്ന് കമ്മീഷന് ബോധ്യം വന്നാൽ വീണ്ടും വോട്ടെണ്ണൽ (re-count) പ്രഖ്യാപിക്കാനുള്ള അധികാരവും കമ്മീഷനുണ്ട്.

- രാഷ്ട്രീയ പാർട്ടികൾക്കുള്ള അംഗീകാരം നൽകുകയും അവർ ഓരോരുത്തർക്കുള്ള ചിഹ്നം അനുവദിച്ചു നൽകുന്നതും തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

തെരഞ്ഞെടുപ്പ് കമ്മീഷന് സ്വന്തമായുള്ള ഉദ്യോഗസ്ഥരുടെ എണ്ണം വളരെ കുറവാണ്. ഗവൺമെന്റിന്റെ ഭരണ സംവിധാനത്തിന്റെ സഹായത്തോടെയാണ് കമ്മീഷൻ തെരഞ്ഞെടുപ്പുകൾ നടത്തുന്നത്. എന്നിരുന്നാലും ഒരിക്കൽ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചു കഴിഞ്ഞാൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെമേലും ഭരണസംവിധാനത്തിന്റെമേലും തെരഞ്ഞെടുപ്പ് കമ്മീഷന് നിയന്ത്രണങ്ങളുണ്ടായിരിക്കും. തെരഞ്ഞെടുപ്പ് പ്രക്രിയാവേളയിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ തെരഞ്ഞെടുപ്പു കമ്മീഷൻ നിശ്ചയിച്ചു നൽകുന്നു. അവരുടെമേൽ പൂർണ്ണ നിയന്ത്രണം തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഉദ്യോഗസ്ഥരെ സ്ഥലംമാറ്റാനും അവരുടെ സ്ഥലംമാറ്റം റദ്ദാക്കാനും രാഷ്ട്രീയ നിഷ്പക്ഷതയോടെ പ്രവർത്തിക്കാത്തവർക്കെതിരെ നടപടിയെടുക്കാനും കമ്മീഷന് സാധിക്കും.

തെരഞ്ഞെടുപ്പ് പ്രക്രീയയിൽ നീതിയുക്തത ഉറപ്പാക്കുന്ന രീതിയിൽ നിശ്ചയദാർഢ്യത്തോടെ തങ്ങളുടെ അധികാരങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന ഒരു പ്രാമാണിക സ്ഥാപനമായി തെരഞ്ഞെടുപ്പ് കമ്മീഷൻ മാറിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്പക്ഷമായും ചായ്‌വില്ലാതെയും പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് നിയമപരമോ ഭരണഘടനാപരമോ ആയ മാറ്റം അനിവാര്യമല്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചരിത്രം കാണിച്ചുതരുന്നു. ആദ്യ ഇരുപത് വർഷങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ സ്വതന്ത്രവും ആധികാരികവുമാണ് ഇപ്പോഴുള്ള തെരഞ്ഞെടുപ്പ് കമ്മീഷൻ എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.ഇത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അധികാരവും ഭരണഘടനാപരമായ സംരക്ഷണവും വീണ്ടും വർദ്ധിപ്പിച്ചതുകൊണ്ടല്ല, മറിച്ച് ഭരണഘടന നേരത്തെ തന്നെ നൽകിയ അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പു കമ്മീഷന് ഇത് സാധ്യമായത്.

കഴിഞ്ഞ 65 വർഷങ്ങളിലായി 16 ലോക്സഭാ തെരഞ്ഞെടുപ്പുകൾ നടന്നു. അതിനെക്കാൾ കൂടുതൽ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകളും ഉപതെരഞ്ഞെടുപ്പുകളും തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുകയുണ്ടായി. ആസ്സാം, പഞ്ചാബ്, ജമ്മുകാശ്മീർ തുടങ്ങിയ ഭീകരവാദ സാന്നിദ്ധ്യമുണ്ടായിരുന്ന മേഖലകളിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷന് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. കൂടാതെ 1991-ൽ, മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി

തെരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് കൊല്ലപ്പെട്ടതിനെത്തുടർന്ന് തെരഞ്ഞെടുപ്പ് പ്രക്രിയ പാതിവഴിക്ക് നിർത്തിവെക്കേണ്ടി വന്ന സാഹചര്യവും തെരഞ്ഞെടുപ്പ് കമ്മീഷന് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. 2002-ൽ തെരഞ്ഞെടുപ്പ് കമ്മീഷന് മറ്റൊരു നിർണ്ണായക സാഹചര്യം നേരിടേണ്ടി വന്നു. ഗുജറാത്ത് നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തേണ്ടി വന്ന സന്ദർഭമായിരുന്നു അത്. എന്നാൽ ഗുജറാത്തിലെ അനിയന്ത്രിതമായ അക്രമം കാരണം അവിടെ പെട്ടെന്ന് സ്വതന്ത്രവും നീതിപൂർവവുമായ ഒരു തെരഞ്ഞെടുപ്പ് ഉടൻ നടത്തുക സാധ്യമല്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വിലയിരുത്തി. സംസ്ഥാന നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് ഏതാനും മാസത്തേക്ക് നീട്ടിവയ്ക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. സുപ്രീം കോടതി തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ തീരുമാനത്തെ ശരിവച്ചു.

### കാർട്ടൂൺ വായിക്കുക.



*Watch out! Winning the elections is going to be tough. We'll have to face new situations like the code of conduct, fair and free polling, strict . . . !*

R K Laxman in The Times of India.

നേതാവ് തെരഞ്ഞെടുപ്പ് കമ്മീഷനെ ഭയപ്പെടുന്നു. എന്തു കൊണ്ടാണ് നേതാക്കൾ തെരഞ്ഞെടുപ്പ് കമ്മീഷനെ ഭയപ്പെടുന്നത്? ഇത് ജനാധിപത്യത്തിന് ഭൂഷണമാണോ?



നിയമത്തിൽ മാറ്റം വരുത്തികൊണ്ട് നമുക്ക് തെരഞ്ഞെടുപ്പിലെ പണത്തിന്റെയും കയ്യൂക്കിന്റെയും സ്വാധീനം കുറയ്ക്കുവാൻ കഴിയുമോ? നിയമത്തിൽ മാറ്റം വരുത്തുന്നത് കൊണ്ട് യഥാർഥത്തിൽ എന്തെങ്കിലും മാറ്റം സംഭവിക്കുമോ?

### പഠനപുരോഗതി വിലയിരുത്തുക

തെരഞ്ഞടുപ്പ് കമ്മീഷന് താഴെപറയുന്ന പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഉണ്ടെന്ന് എന്തുകൊണ്ടാണ് നിങ്ങൾ ചിന്തിക്കുന്നത്? ഇവ നിലവില്ലായിരുന്നുവെങ്കിൽ എന്താണ് സംഭവിക്കാൻ സാധ്യത?

തെരഞ്ഞെടുപ്പ് സംബന്ധമായ ഏതുജോലിയിലും ഏർപ്പെട്ടിട്ടുള്ള ഗവൺമെന്റ് ജീവനക്കാർക്ക് ഉത്തരവ് നൽകാൻ തെരഞ്ഞെടുപ്പ് കമ്മീഷന് കഴിയും.

ഗവൺമെന്റിന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ പുറത്താക്കാൻ കഴിയില്ല.

നീതിയുക്തമല്ല എന്നുതോന്നുന്ന പക്ഷം തെരഞ്ഞെടുപ്പ് കമ്മീഷന് ഒരു തെരഞ്ഞെടുപ്പ് റദ്ദാക്കാൻ കഴിയും.

”

## തെരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങൾ (ELECTORAL REFORMS)

**കാർട്ടൂൺ വായിക്കുക.**



*Forget that old habit and face the camera! Remember you have been nominated and are standing for the election now!*

R K Laxman in The Times of India.

ഗൗരവമേറിയ കുറ്റകൃത്യത്തിന് ആരോപണ വിധേയനായ വ്യക്തിയെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് വിലക്കേണ്ടതല്ലേ?

ഒരു തെരഞ്ഞെടുപ്പ് വ്യവസ്ഥിതിയും ഒരിക്കലും കുറ്റമറ്റതല്ല. അവയുടെ യഥാർത്ഥ നടത്തിപ്പിൽ ധാരാളം കുറ്റങ്ങളും കുറവുകളും ഉണ്ടാകും. തെരഞ്ഞെടുപ്പുകൾ പരമാവധി സ്വതന്ത്രവും നീതിയുക്തവുമാക്കുന്നതിനുള്ള സംവിധാനത്തിനുവേണ്ടി ഏതൊരു ജനാധിപത്യ സമൂഹവും നിരന്തരം അന്വേഷിച്ചു കൊണ്ടേയിരിക്കും. പ്രായപൂർത്തി വോട്ടവകാശം, തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള സ്വാതന്ത്ര്യം, സ്വതന്ത്രമായ തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നിവയിലൂടെ സ്വതന്ത്രവും നീതിപൂർവ്വവുമായ ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കു വേണ്ടുന്ന എല്ലാം ഉറപ്പാക്കാൻ ഇന്ത്യ പരിശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും കഴിഞ്ഞ 65 വർഷത്തെ തെരഞ്ഞെടുപ്പ് അനുഭവങ്ങൾ ഇന്ത്യൻ തെരഞ്ഞെടുപ്പ് വ്യവസ്ഥിതി കുറ്റമറ്റതാക്കുന്നതിനുള്ള ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. തെരഞ്ഞെടുപ്പ് കമ്മീഷൻ, രാഷ്ട്രീയ പാർട്ടികൾ, നിരവധി സ്വതന്ത്ര സംഘടനകൾ, ഈ രംഗത്തെ വിദഗ്ദ്ധർ എന്നിവർ ധാരാളം പരിഷ്കാര നിർദ്ദേശങ്ങളുമായി മുന്നോട്ടു വന്നു. ഇതിൽ ചില നിർദ്ദേശങ്ങളാകട്ടെ, ഈ അധ്യായത്തിൽ നാം ചർച്ച ചെയ്ത ചില ഭരണഘടനാ വകുപ്പുകളിൽ മാറ്റം വരുത്തുന്നതിനെകുറിച്ചുള്ളതാണ്.

- നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായം കേവല ഭൂരിപക്ഷസമ്പ്രദായത്തിൽ **(FPTP)** നിന്ന് ആനുപാതിക പ്രാതിനിധ്യസമ്പ്രദായത്തിന്റെ ഏതെങ്കിലും ഒരു മാതൃകയിലേക്ക് മാറ്റണം. കഴിയുന്നത്ര രീതിയിൽ പാർട്ടികൾക്ക് ലഭിക്കുന്ന വോട്ടുകൾക്ക് ആനുപാതികമായ സീറ്റുകൾ അവർക്ക് ഉറപ്പുവരുത്തുന്നതാവണം.

- പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും മൂന്നിലൊന്ന് പ്രാതിനിധ്യം സ്ത്രീകൾക്ക് ഉറപ്പാക്കുന്നതരത്തിൽ പ്രത്യേക വകുപ്പുകൾ ഭരണഘടനയിൽ ഉൾപ്പെടുത്തണം.
- തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പണത്തിന്റെ സ്വാധീനം നിയന്ത്രിക്കുന്നതിന് കർശനമായ നിയന്ത്രണങ്ങളും വകുപ്പുകളുമുണ്ടാകണം. തെരഞ്ഞെടുപ്പ് ചെലവുകൾ മുഴുവൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ച് അതിൽ നിന്നും ഗവൺമെന്റ് വഹിക്കണം.
- ക്രിമിനൽ കേസ് നിലവിലുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് വിലക്കണം; അവർ സമർപ്പിച്ച അപ്പീൽ ഒരു കോടതിയുടെ പരിഗണനയിലാണെങ്കിൽപ്പോലും.
- തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ജാതി-മത പ്രീണനങ്ങളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കണം.
- സുതാര്യവും ജനാധിപത്യപരവുമായാണ് രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും പ്രത്യേക നിയമങ്ങൾ ഉണ്ടാകണം.

ഇവയെല്ലാം കുറച്ച് നിർദ്ദേശങ്ങൾ മാത്രമാണ്. ഈ നിർദ്ദേശങ്ങളിൽ സമവായം രൂപപ്പെട്ട് വന്നിട്ടില്ല. അഥവാ സമവായം ഉണ്ടായാൽപ്പോലും നിയമങ്ങൾക്കും ഔപചാരിക വകുപ്പുകൾക്കും ചെയ്യാനാവുന്ന കാര്യങ്ങൾക്ക് ചില പരിമിതിയുണ്ട്. സ്ഥാനാർത്ഥികളും, പാർട്ടികളും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാകുന്ന മറ്റുള്ളവരും ഒരു യഥാർത്ഥ ജനാധിപത്യ മത്സരത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ മാത്രമേ സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പുകൾ സാധ്യമാവുകയുള്ളൂ.

നിയമപരമായ പരിഷ്കാരങ്ങൾ കൂടാതെ തെരഞ്ഞെടുപ്പുകൾ ജനങ്ങളുടെ പ്രതീക്ഷകളും ജനാധിപത്യ അഭിലാഷങ്ങളും പ്രതിഫലിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് രണ്ട് പ്രധാന മാർഗ്ഗങ്ങൾ കൂടിയുണ്ട്. ജനങ്ങൾ ജാഗരൂകരായും ക്രിയാത്മകമായും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക എന്നതാണ് ഒന്നാമത്തെ മാർഗ്ഗം. എന്നാൽ സാധാരണ ജനങ്ങൾക്ക് നിരന്തരമായി രാഷ്ട്രീയവുമായി ബന്ധപ്പെട്ട് എത്രത്തോളം പ്രവർത്തിക്കാനാകും എന്ന കാര്യത്തിൽ ചില പരിമിതികൾ ഉണ്ട്. അതുകൊണ്ട് തന്നെ സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുന്നതിന് വിവിധ രാഷ്ട്രീയ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും വളരെ ജാഗരൂകരായി കാവൽ നായ്ക്കളെപോലെ സജീവമായി പ്രവർത്തിക്കണം.

## ഉപസംഹാരം

പ്രാതിനിധ്യ ജനാധിപത്യം പിൻതുടരുന്ന രാജ്യങ്ങളിൽ ജനാധിപത്യം കൂടുതൽ കാര്യക്ഷമവും വിശ്വാസപൂർണ്ണവുമായി നടത്തിക്കൊണ്ടുപോകുന്നതിന് തെരഞ്ഞെടുപ്പും തെരഞ്ഞെടുപ്പിലെ പ്രാതിനിധ്യസ്വഭാവവും മുഖ്യഘടകങ്ങളാണ്. ഇന്ത്യൻ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിന്റെ വിജയം ധാരാളം ഘടകങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

- നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായം വോട്ടർമാർക്ക് തങ്ങളുടെ പ്രതിനിധികളെ സ്വതന്ത്രമായി തെരഞ്ഞെടുക്കുവാനുള്ള അവസരം നൽകുന്നു എന്ന് മാത്രമല്ല സംസ്ഥാനത്തിലും കേന്ദ്രത്തിലും സമാധാനപരമായി ഗവൺമെന്റുകളുടെ മാറ്റം ഉണ്ടാകുകയും ചെയ്യുന്നു.
- രണ്ടാമതായി വോട്ടർമാർ സറിരതയോടെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ താൽപര്യം കാണിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന സറാനാർത്ഥികളുടെയും പാർട്ടികളുടെയും എണ്ണം കൂടിവന്നുകൊണ്ടിരിക്കുന്നു.
- മൂന്നാമതായി, ഇന്ത്യൻ തെരഞ്ഞെടുപ്പ് സമ്പ്രദായം വിവിധ വിഭാഗങ്ങൾക്ക് ഇടം നൽകുന്നതും (accommodative) ഉൾക്കൊള്ളുന്നതുമാണെന്ന് (inclusive) തെളിയിച്ചിട്ടുണ്ട്. നമ്മുടെ പ്രതിനിധികളുടെ സാമൂഹിക ഘടനയിൽ സാവധാനം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. വനിതാസാമാജികരുടെ എണ്ണത്തിൽ സംതൃപ്തമായ തരത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടില്ല എങ്കിലും ഇന്ന് നമ്മുടെ പ്രതിനിധികൾ വിവിധ സാമൂഹിക വിഭാഗങ്ങളിൽ നിന്ന് ഉള്ളവരാണെന്ന് കാണാം.
- നാലാമതായി, രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലെയും തെരഞ്ഞെടുപ്പു ഫലങ്ങളിൽ ക്രമക്കേടോ ബൂത്തുപിടുത്തമോ പ്രതിഫലിക്കാറില്ല. ചില സ്ഥലങ്ങളിൽ തീർച്ചയായും ബൂത്തുപിടുത്തം നടക്കാറുണ്ട്. വോട്ടർപട്ടികയിൽ നിന്ന് പേരുകൾ അപ്രത്യക്ഷമായതിനെക്കുറിച്ചും, വോട്ടർമാരെ ഭീഷണിപ്പെടുത്തുന്ന പരാതികളെക്കുറിച്ചും ഒക്കെ നിങ്ങൾ കേട്ടിട്ടുണ്ടാകും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില അക്രമസംഭവങ്ങൾ ഉണ്ടായതിന്റെ വാർത്തയും നിങ്ങൾ വായിച്ചിട്ടുണ്ടാകും. ഇങ്ങനെയുള്ള സംഭവങ്ങൾ അപൂർവ്വമായി ഉണ്ടാകാറുണ്ടെങ്കിലും തെരഞ്ഞെടുപ്പ് ഫലത്തെ അത് കാര്യമായി ബാധിക്കാറില്ല.
- അവസാനമായി, ഏറ്റവും പ്രധാനപ്പെട്ട കാര്യം തെരഞ്ഞെടുപ്പുകൾ നമ്മുടെ ജനാധിപത്യ ജീവിതത്തിന്റെ അടിസ്ഥാന ഘടകമായി മാറി എന്നതാണ്. ഒരു തെരഞ്ഞെടുപ്പിന്റെ അന്തിമഫലം ഒരു ഗവൺമെന്റും തിരസ്ക്കരിക്കുന്നതിനെ കുറിച്ച് ആർക്കും ഇന്ന് ചിന്തിക്കാൻ പോലും കഴിയില്ല. അതുപോലെതന്നെ തെരഞ്ഞെടുപ്പുകൾ കൂടാതെ ഒരു സർക്കാർ രൂപീകരിക്കുന്നതിനെക്കുറിച്ചും ഇന്ന്

> ചിന്തിക്കാനാകില്ല. യഥാർത്ഥത്തിൽ കൃത്യമായ ഇടവേളകളിൽ നടത്തുന്ന തെരഞ്ഞെടുപ്പുകൾ, ഒരു ജനാധിപത്യ പരീക്ഷണമെന്ന നിലയ്ക്ക്, ഇന്ത്യയ്ക്ക് യശസ്സും കീർത്തിയും ഉണ്ടാക്കിക്കൊടുത്തു.

മുകളിൽ പരാമർശിക്കപ്പെട്ട ഘടകങ്ങൾ കൊണ്ടുതന്നെ ഇന്ത്യൻ തെരഞ്ഞെടുപ്പ് സംവിധാനത്തിന് രാഷ്ട്രത്തിനകത്തും പുറത്തും ആദരവും വിശ്വാസവും ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ വോട്ടർമാർ വിശ്വാസം ആർജിച്ചെടുത്തിരിക്കുന്നു. ജനങ്ങളുടെ കാഴ്ചപ്പാടിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശ്വാസ്യതയും നിയമസാധുതയും വർദ്ധിച്ചിട്ടുണ്ട്. ഇത് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ കൈക്കൊണ്ട തീരുമാനത്തെ നീതീകരിക്കുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ കുറ്റമറ്റതാവുകയാണെങ്കിൽ നാം വോട്ടർമാർ എന്ന നിലയിലും പൗരനെന്ന നിലയിലും കൂടുതൽ കാര്യക്ഷമതയോടെ ജനാധിപത്യത്തിന്റെ മഹോത്സവത്തിൽ പങ്കാളികളാവുകയും അതിനെ കൂടുതൽ അർത്ഥവത്താക്കി മാറ്റുകയും വേണം.

## അഭ്യാസം

1. താഴെ തന്നിട്ടുള്ളതിൽ പ്രത്യക്ഷ ജനാധിപത്യവുമായി സാദൃശ്യമുള്ളത് ഏതാണ്?
   - (a) കുടുംബ യോഗത്തിലെ ചർച്ചകൾ
   - (b) ക്ലാസ് മോണിട്ടറുടെ തെരെഞ്ഞെടുപ്പ്
   - (c) ഒരു രാഷ്ട്രീയ പാർട്ടി തങ്ങളുടെ സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുന്നത്.
   - (d) ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ
   - (e) മാധ്യമങ്ങൾ നടത്തിയ അഭിപ്രായവോട്ടെടുപ്പ്
2. താഴെ പറയുന്നവയിൽ ഏതെല്ലാം ഉത്തരവാദിത്വങ്ങളാണ് തെരെഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമല്ലാത്തത് ?
   - (a) വോട്ടർപട്ടിക തയ്യാറാക്കുക
   - (b) സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക
   - (c) പോളിംഗ് ബൂത്ത് സജ്ജമാക്കൽ
   - (d) മാതൃകാ പെരുമാറ്റചട്ടം നടപ്പിലാക്കൽ
   - (e) പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കൽ

3. താഴെ പറയുന്നവയിൽ ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങളുടെ തെരഞ്ഞെടുപ്പ് രീതിയിൽ പൊതുവായത് ഏത്?

   (a) 18 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ പൗരന്മാരും വോട്ടു ചെയ്യാൻ അർഹരാണ്

   (b) വ്യത്യസ്ത സ്ഥാനാർത്ഥികൾക്ക് മുൻഗണനാക്രമത്തിൽ വോട്ടു രേഖപ്പെടുത്താൻ കഴിയും.

   (c) ഓരോ വോട്ടിന്റെയും മൂല്യം തുല്യമാണ്

   (d) വിജയിക്ക് പകുതിയിൽ കൂടുതൽ വോട്ടുകൾ ലഭിച്ചിരിക്കണം

4. കേവലഭൂരിപക്ഷ സമ്പ്രദായത്തിൽ വിജയിയായി പ്രഖ്യാപിക്കുന്ന സ്ഥാനാർത്ഥി:

   (a) ഏറ്റവും കൂടുതൽ തപാൽ വോട്ട് നേടിയ ആൾ.

   (b) രാജ്യത്ത് ഏറ്റവും കൂടുതൽ വോട്ടുകൾ ലഭിക്കുന്ന പാർട്ടിയിൽ ഉൾപ്പെടുന്ന ആളായിരിക്കണം

   (c) ആ നിയോജകമണ്ഡലത്തിൽ മറ്റുള്ള സ്ഥാനാർത്ഥികളേക്കാൾ കൂടുതൽ വോട്ട് ലഭിച്ചിരിക്കണം.

   (b) 50 ശതമാനത്തിലധികം വോട്ടുകൾ നേടി ഒന്നാമതെത്തിയ ആൾ ആയിരിക്കണം

5. സംവരണ മണ്ഡലവും പ്രത്യേക തെരഞ്ഞെടുപ്പ് മണ്ഡലവും (Separate electorate) തമ്മിലുള്ള വ്യത്യാസം എന്താണ്? പ്രത്യേക തെരഞ്ഞെടുപ്പ് മണ്ഡലം (Separate electorate) ഭരണഘടനാനിർമ്മാതാക്കൾ നിരാകരിച്ചത് എന്തുകൊണ്ടാണ്?

6. താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തവ ഏത്? ഒരു വാക്കോ ഒരു വാചകമോ പകരം വച്ചുകൊണ്ടോ, പുതുതായി ചേർത്തുകൊണ്ടോ അല്ലെങ്കിൽ പുനഃക്രമീകരിച്ചു കൊണ്ടോ പ്രസ്താവനയെ ശരിയാക്കുക

   (a) ഇന്ത്യയിലെ മുഴുവൻ തെരഞ്ഞെടുപ്പുകളിലും കേവലഭൂരിപക്ഷ സമ്പ്രദായ (**FPTP**)മാണ്പിന്തുടരുന്നത്

   (b) പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ, നഗരസഭാ തെരഞ്ഞെടുപ്പുകൾ എന്നിവയുടെ മേൽനോട്ടം തെരഞ്ഞെടുപ്പ് കമ്മീഷൻ വഹിക്കുന്നില്ല.

   (c) ഇന്ത്യയിൽ തെരഞ്ഞെടുപ്പ് കമ്മീഷണറെ പുറത്താക്കാൻ രാഷ്ട്രപതിക്ക് കഴിയില്ല

   (d) തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഒന്നിലധികം കമ്മീഷണർമാരെ നിയമിക്കേണ്ടത് നിർബന്ധമാണ്.

7. സാമൂഹികമായി അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രാതിനിധ്യം ഇന്ത്യൻ തെരഞ്ഞെടുപ്പ് സമ്പ്രദായം ലക്ഷ്യമിടുന്നു. എന്നിരുന്നാലും നമ്മുടെ നിയമ നിർമ്മാണസഭകളിൽ 12% സ്ത്രീപ്രാതിനിധ്യം മാത്രമാണുള്ളത്. ഈ സാഹചര്യം മെച്ചപ്പെടുത്താൻ നിങ്ങൾ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിർദ്ദേശിക്കുന്നത്?

8. പുതിയൊരു രാജ്യത്തിന്റെ ഭരണഘടന ചർച്ചചെയ്യുന്നതിനുള്ള സമ്മേളനത്തിൽ പ്രകടിപ്പിക്കപ്പെട്ട ചില ആഗ്രഹങ്ങൾ ഇവിടെ പരാമർശിച്ചിരിക്കുന്നു. ഓരോന്നിനും നേരെ, ഈ ആഗ്രഹങ്ങളുടെ സാധൂകരണത്തിനായി കേവല ഭൂരിപക്ഷ സമ്പ്രദായമാണോ, അതോ ആനുപാതിക പ്രാതിനിധ്യസമ്പ്രദായമാണോ യോജിച്ചത് എന്ന് രേഖപ്പെടുത്തുക

   (a) ജനങ്ങൾ അവരുടെ പ്രതിനിധിയെ ആരെന്ന് വ്യക്തമായി അറിഞ്ഞിരിക്കണം. അതുകൊണ്ടുതന്നെ അവരെ വ്യക്തിപരമായി ഉത്തരവാദിത്വമുള്ളവരായി നിലനിർത്താൻ കഴിയും.

   (b) രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി വ്യാപപിച്ചു കിടക്കുന്ന ചെറിയ ഭാഷാ ന്യൂനപക്ഷങ്ങളുണ്ട്. ന്യായമായ പ്രാതിനിധ്യം നാം അവർക്ക് ഉറപ്പുവരുത്തണം

   (c) വിവിധ രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം വോട്ടുകളും സീറ്റുകളും തമ്മിൽ പൊരുത്തക്കേട് ഉണ്ടായിരിക്കരുത്.

   (d) ഒരു നല്ല സ്ഥാനാർത്ഥിയെ അയാളുടെ/അവരുടെ രാഷ്ട്രീയ പാർട്ടിയെ ഇഷ്ടമല്ലെങ്കിൽ കൂടിയും ജനങ്ങൾക്ക് തെരഞ്ഞെടുക്കാൻ കഴിയാണം.

9. ഒരു മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഒരു രാഷ്ട്രീയ പാർട്ടിയിൽ ചേരുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ വീക്ഷണങ്ങളാണുള്ളത്. മുൻ തെരഞ്ഞെടുപ്പ് കമ്മീഷണർ ഒരു സ്വാതന്ത്ര പൗരനാണെന്നും അദ്ദേഹത്തിന് ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ ചേരുന്നതിനും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അവകാശം ഉണ്ട് എന്നതാണ് അതിലൊന്ന്. ഇത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിഷ്പക്ഷതയെ ബാധിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാമെന്നതാണ് മറ്റൊരു വാദം. അതിനാൽ മുൻതെരഞ്ഞെടുപ്പ് കമ്മീഷണർമാരെ തെരഞ്ഞടുപ്പിൽ മത്സരിക്കാൻ അനുവദിക്കരുത്. ഇതിൽ ഏത് നിലപാടിനോടാണ് താങ്കൾ യോജിക്കുന്നത്. കാരണം വ്യക്തമാക്കുക?



10. പാകപ്പെടാത്ത കേവലഭൂരിപക്ഷ സമ്പ്രദായത്തിൽ നിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിന് ഇന്ത്യൻ ജനാധിപത്യം

ഇപ്പോൾ പാകപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? യോജിക്കുന്നു എങ്കിലും വിയോജിക്കുന്നു എങ്കിലും അതിനുള്ള കാരണം നിങ്ങൾ രേഖപ്പെടുത്തുക.

**ദേശീയ സമ്മതിദായക ദിന പ്രതിജ്ഞ**

ജനാധിപത്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഇന്ത്യൻ പൗരന്മാരായ ഞങ്ങൾ രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യവും, സ്വാതന്ത്ര്യവും, നീതിയുക്തവും സമാധാന പൂർണവുമായ തെരഞ്ഞെടുപ്പിന്റെ അന്തസും കാത്തുസൂക്ഷിക്കുമെന്നും, ജാതി, മതം, ഭാഷ തുടങ്ങിയ പരിഗണനകൾക്കോ മറ്റേതെങ്കിലും പ്രലോഭനങ്ങൾക്കോ വശംവദരാകാതെ എല്ലാ തെരഞ്ഞെടുപ്പുകളിലും സധൈര്യം വോട്ടു ചെയ്യുമെന്നും ഇതിനാൽ പ്രതിജ്ഞചെയ്യുന്നു.

X9S2A7

## അദ്ധ്യായം 4

# കാര്യനിർവഹണ വിഭാഗം

## (EXECUTIVE)

### ആമുഖം

*നിയമനിർമ്മാണ സഭ (Legislature), കാര്യനിർവ്വഹണ വിഭാഗം (Executive), നീതിന്യായ വിഭാഗം (Judiciary) എന്നിവ ഗവൺമെന്റിന്റെ മൂന്ന് ഘടകങ്ങളാണ്. ക്രമസമാധാനപാലനം, ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കൽ തുടങ്ങിയ ഗവൺമെന്റ് ചുമതലകൾ ഈ മൂന്ന് ഘടകങ്ങളും ചേർന്നാണ് നിർവ്വഹിക്കുന്നത്. ഈ മൂന്ന് ഘടകങ്ങളുടേയും യോജിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തുകയും ഇവയുടെ സംതുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക എന്നത് ഭരണഘടന ഉറപ്പാക്കുന്നു. ഒരു പാർലമെന്ററി വ്യവസ്ഥിതിയിൽ കാര്യനിർവ്വഹണ വിഭാഗവും നിയമനിർമ്മാണ വിഭാഗവും പരസ്പരാശ്രയത്വം പുലർത്തുന്നു. നിയമനിർമ്മാണ വിഭാഗം കാര്യനിർവ്വഹണ വിഭാഗത്തെയും കാര്യനിർവ്വഹണ വിഭാഗം നിയമ നിർമ്മാണ വിഭാഗത്തെയും നിയന്ത്രിക്കുന്നു. ഈ അദ്ധ്യായത്തിൽ കാര്യനിർവ്വഹണ വിഭാഗത്തിന്റെ ഘടനയും (Structure), ചുമതല (Function) കളുമാണ് ചർച്ച ചെയ്യുന്നത്. ആനുകാലിക പ്രായോഗിക രാഷ്ട്രീയത്തിന്റെ ഭാഗമായി കാര്യ നിർവ്വഹണ വിഭാഗത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും വന്ന മാറ്റങ്ങളും ഈ പാഠഭാഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്. ഈ പാഠഭാഗത്തിലൂടെ കടന്നുപോകുന്ന ഒരു പഠിതാവിന് താഴെ പറയുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുന്നു.*

- *പാർലമെന്ററി, പ്രസിഡൻഷ്യൽ എക്സിക്യൂട്ടീവുകൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ.*
- *ഇന്ത്യൻ രാഷ്ട്രപതിയുടെ ഭരണഘടനാപദവി മനസ്സിലാക്കാൻ*
- *മന്ത്രിസഭയുടെ ഘടനയും പ്രവർത്തനവും പ്രധാനമന്ത്രിയുടെ പ്രാധാന്യവും മനസ്സിലാക്കാൻ*
- *ഭരണസംവിധാനത്തിന്റെ പ്രാധാന്യവും പ്രവർത്തനവും മനസ്സിലാക്കാൻ*

## കാര്യനിർവഹണ വിഭാഗം എന്നാൽ എന്ത്? (WHAT IS AN EXCEUTIVE?)

നിങ്ങളുടെ സ്കൂളിന്റെ ഭരണ നിർവ്വഹണ ചുമതല ആർക്കാണ്? ഒരു സ്കൂളിലോ ഒരു സർവ്വകലാശാലയിലോ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നത് ആരാണ്? ഏതൊരു സ്ഥാപനത്തിലും തീരുമാനങ്ങളെടുക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഒരു അധികാരി ഉണ്ടായിരിക്കും. ഈ പ്രവർത്തനത്തെ ഭരണം എന്നോ മാനേജ്മെന്റ് എന്നോ പറയും. എന്നാൽ നയരൂപീകരണം, ഭരണനിർവ്വഹണം എന്നിവയ്ക്ക് ഉയർന്നതലത്തിൽ ഒരു സംവിധാനം ഉണ്ടായിരിക്കണം. ദൈനംദിന ഭരണത്തെ ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് ഈ വിഭാഗമാണ്. വിവിധ ബാങ്കുൾ, വ്യവസായ ശാലകൾ, വലിയ വ്യാപാരശാലകൾ എന്നിവയിലെ എക്സിക്യൂട്ടീവിനെകുറിച്ച് നിങ്ങൾ കേട്ടിരിക്കുമല്ലോ? ഏതൊരു സറാപനത്തിലും ഭരണനിർവ്വഹണത്തിനായി ഒരു മുഖ്യ ഭരണാധികാരിയോ കാര്യനിർവ്വഹണ വിഭാഗമോ ഉണ്ടായിരിക്കും. ചില അധികാരികൾ നയങ്ങളുടേയും ചട്ടങ്ങളുടേയും രൂപീകരണത്തിനു നേതൃത്വം കൊടുക്കുമ്പോൾ മറ്റൊരു വിഭാഗം ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ഈ തീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. ചട്ടങ്ങളും നയങ്ങളും നടപ്പിലാക്കാൻ ചുമതലപ്പെട്ട ഒരു വ്യക്തിയേയോ ഒരു സംഘം വ്യക്തികളെയോ ആണ് കാര്യനിർവ്വഹണ വിഭാഗം എന്നതുകൊണ്ടർത്ഥമാക്കുന്നത്.

ഗവൺമെന്റിലും ഒരു വിഭാഗം ചട്ടങ്ങളും നയങ്ങളും ആയി ബന്ധപ്പെട്ട തീരുമാനമെടുക്കുകയും മറ്റൊരു വിഭാഗം ഈ ചട്ടങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. നയങ്ങൾ നടപ്പിലാക്കൽ, ഭരണനിർവ്വഹണം എന്നീ ചുമതലകൾ നിർവ്വഹിക്കുന്ന ഗവൺമെന്റിന്റെ ഘടകമാണ് കാര്യനിർവ്വഹണ വിഭാഗം.

കാര്യനിർവ്വഹണ വിഭാഗത്തിന്റെ മുഖ്യ ചുതമലകൾ എന്തെല്ലാമാണ്? നിയമനിർമ്മാണ സഭ രൂപം നൽകിയ നിയമങ്ങളും നയങ്ങളും നടപ്പിലാക്കുന്നത് കാര്യനിർവ്വഹണവിഭാഗമാണ്. മിക്കപ്പോഴും നയരൂപീകരണത്തിലും കാര്യനിർവ്വഹണവിഭാഗം പങ്കുവഹിക്കുന്നുണ്ട്. കാര്യനിർവഹണ വിഭാഗത്തിന്റെ ഔദ്യോഗിക പദവികൾ ഓരോ രാജ്യത്തിനും വ്യത്യാസപ്പെട്ടിരിക്കുന്നു. ചില രാജ്യങ്ങൾക്ക് പ്രസിഡന്റാണുള്ളത്. മറ്റു ചില രാജ്യങ്ങൾക്ക് ചാൻസിലറും. പ്രസിഡന്റ്, പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവർ മാത്രം അടങ്ങുന്നതല്ല കാര്യനിർവ്വഹണ വിഭാഗം. ദൈനംദിന ഭരണനിർവ്വഹണം നടത്തുന്ന ഉദ്യോഗസറവിഭാഗവും ഇതിന്റെ ഭാഗമാണ് (Civil servants). ഗവൺമെന്റിന്റെ നയരൂപീകരണം നടത്തുന്നതിന് ചുമതലയുള്ള



ജനാധിപത്യത്തിൽ കാര്യനിർവ്വഹണ വിഭാഗം ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു എന്ന് ചിലർ പറഞ്ഞത് ഞാനോർക്കുന്നു. ഇത് വലിയ കമ്പനികളുടെ ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിലും സത്യമാണോ? അവരെ സി.ഇ.ഒ (CEO) എന്നല്ലേ വിളിക്കപ്പെടുന്നത്. അവർക്ക് ആരോടാണ് ഉത്തരവാദിത്വം?

ഗവൺമെന്റ് തലവനും മന്ത്രിമാരും ഉൾപ്പെടുന്ന വിഭാഗത്തെ രാഷ്ട്രീയ കാര്യനിർവ്വഹണ വിഭാഗം (Political Executive) എന്നറിയപ്പെടുന്നു. എന്നാൽ ദൈനംദിന ഭരണ നിർവ്വഹണം നിർവ്വഹിക്കുന്നതിന് ചുമതലയുള്ള വിഭാഗത്തെ സ്ഥിരം കാര്യനിർവ്വഹണ വിഭാഗം (Permanent Executive) എന്നു അറിയപ്പെടുന്നു.

## വിവിധതരം കാര്യനിർവ്വഹണ വിഭാഗങ്ങൾ ഏതെല്ലാമാണ്? (WHAT ARE THE DIFFERENT TYPES OF EXECUTIVE?)

എല്ലാ രാജ്യങ്ങളിലെയും കാര്യനിർവ്വഹണ വിഭാഗം ഒരേ തരത്തിലുള്ളതല്ല. അമേരിക്കൻ പ്രസിഡന്റിനെകുറിച്ചും ബ്രിട്ടീഷ് രാജ്ഞിയെകുറിച്ചും നിങ്ങൾ കേട്ടിരിക്കുമല്ലോ. അമേരിക്കൻ പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും ഇന്ത്യൻ പ്രസിഡന്റിന്റെ അധികാരത്തിൽനിന്നും വ്യത്യസ്തമാണ്. അതുപോലെതന്നെ ബ്രിട്ടീഷ് രാജ്ഞിയുടേയും ഭൂട്ടാൻ രാജാവിന്റെയും അധികാരങ്ങൾ വ്യത്യസ്തമാണ്. ഇന്ത്യയിലും ഫ്രാൻസിലും പ്രധാനമന്ത്രിമാർ ഉണ്ടെങ്കിലും അവരുടെയും അധികാരങ്ങൾ വ്യത്യസ്തമാണ്. ഇത് എന്തുകൊണ്ട്?

### പ്രവർത്തനം (Activity)



സാർക്ക് ഉച്ചകോടിയുടേയോ, ജി-എട്ട് സമ്മേളനത്തിന്റെയോ ഫോട്ടോകൾ ശേഖരിച്ച് പങ്കെടുത്ത നേതാക്കളുടെ പട്ടിക തയ്യാറാക്കുക. എന്തുകൊണ്ടാണ് ഇവർ പങ്കെടുത്തതെന്നും പകരം മറ്റാരെങ്കിലും പങ്കെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്നും കണ്ടെത്താൻ ശ്രമിക്കുമല്ലോ?

ഈ ചോദ്യത്തിനുള്ള ഉത്തരം നൽകുന്നതിന് ഇത്തരം രാജ്യങ്ങളിൽ നിലവിലിരിക്കുന്ന എക്സിക്യൂട്ടീവുകളുടെ സ്വഭാവത്തെ ചുരുക്കി പ്രതിപാദിക്കേണ്ടതുണ്ട്. അമേരിക്കയിൽ കാര്യനിർവഹണ അധികാരങ്ങളെല്ലാം പ്രസിഡന്റിൽ നിക്ഷിപ്തമായിട്ടുള്ള പ്രസിഡൻഷ്യൽ സമ്പ്രദായമാണ് നിലവിലുള്ളത്. കാനഡയിൽ ആകട്ടെ ഭരണഘടനാപരമായ രാജവാഴ്ചയുള്ള പാർലമെന്ററി ഭരണസമ്പ്രദായമാണ് നിലനിൽക്കുന്നത്. അവിടെ എലിസബത്ത് രാജ്ഞി II രാഷ്ട്രത്തലവനും പ്രധാനമന്ത്രി ഭരണത്തലവനുമാണ്. അർദ്ധ പ്രസിഡൻഷ്യൽ സമ്പ്രദായം നിലനിൽക്കുന്ന ഫ്രാൻസിൽ പ്രധാനമന്ത്രിയും പ്രസിഡന്റും എക്സിക്യൂട്ടീവിന്റെ ഭാഗമാണ്. ഫ്രാൻസിൽ പ്രധാനമന്ത്രിയെയും മന്ത്രിമാരെയും നിയമിക്കുന്നത് പ്രസിഡന്റാണെങ്കിലും അവരെ പിരിച്ചുവിടാനുള്ള അധികാരം അദ്ദേഹത്തിനില്ല, കാരണം അവർക്ക് പാർലമെന്റിനോടാണ് ഉത്തരവാദിത്വമുള്ളത്. ഭരണത്തലവൻ പ്രധാനമന്ത്രിയും രാഷ്ട്രത്തലവൻ ചക്രവർത്തിയുമായിട്ടുള്ള ഒരു പാർലമെന്ററി സംവിധാനമാണ് ജപ്പാനിൽ നിലനിൽക്കുന്നത്. അതുപോലെതന്നെ രാഷ്ട്രത്തലവൻ പ്രസിഡന്റും, ഭരണത്തലവൻ പ്രധാനമന്ത്രിയുമായിട്ടുള്ള ഒരു പാർലമെന്ററി സമ്പ്രദായമാണ് ഇറ്റലിയിൽ നിലനിൽക്കുന്നത്. പ്രസിഡന്റ് രാഷ്ട്രത്തലവനും അദ്ദേഹം നിയമിക്കുന്ന പ്രധാനമന്ത്രി ഭരണത്തലവനുമായുള്ള ഒരു അർദ്ധ പ്രസിഡൻഷ്യൽ സമ്പ്രദായമാണ് റഷ്യയിലേത്. എന്നാൽ


വിവിധതരം എക്സിക്യൂട്ടിവുകൾ
(Types of Executive)
കൂട്ടായ നേതൃത്വം എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസ്ഥ
ഒരു വ്യക്തിയുടെ നേതൃത്വം അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസ്ഥ
പാർലമെന്ററി വ്യവസ്ഥ
• സാധാരണയായി ഭരണത്തലവൻ അറിയപ്പെടുന്നത് പ്രധാനമന്ത്രിയെന്നാണ്
• നിയമനിർമാണ സഭയിലെ ഭൂരിപക്ഷ പാർട്ടിയുടെ നേതാവായിരിക്കും പ്രധാനമന്ത്രി
• പ്രധാനമന്ത്രിക്ക് നിയമനിർമാണ സഭയോട് ഉത്തരവാദിത്വമുണ്ടായിരിക്കും.
രാഷ്ട്രത്തലവൻ രാജാവ് അല്ലെങ്കിൽ പ്രസിഡന്റ്
അർദ്ധപ്രസിഡൻഷ്യൻ സമ്പ്രദായം
• പ്രസിഡന്റ് രാഷ്ട്രത്തലവനായിരിക്കും
• ഭരണത്തലവൻ പ്രധാനമന്ത്രിയായിരിക്കും
• പ്രധാനമന്ത്രിക്കും മന്ത്രിസഭക്കും നിയമനിർമ്മാണ സഭയോട് ഉത്തരവാദിത്വമുണ്ടായിരിക്കും.
പ്രസിഡൻഷ്യൻ
• പ്രസിഡന്റ് രാഷ്ട്രത്തലവനാണ്.
• അദ്ദേഹം ഭരണത്തലവനും ആണ്.
• സാധാരണഗതിയിൽ പ്രസിഡന്റിനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.
• പ്രസിഡന്റിന് നിയമനിർമാണ സഭയോട് ഉത്തരവാദിത്വമുണ്ടായിരിക്കില്ല.
ഭരണഘടനാധിഷ്ഠിതമായ രാജവാഴ്ച
പാർലമെന്ററി റിപ്പബ്ലിക്
ആലങ്കാരിക എക്സിക്യൂട്ടീവ്

### ശ്രീലങ്കയിലെ അർദ്ധ പ്രസിഡൻഷ്യൽ സമ്പ്രദായം (Semi-Presidential Executive in Sri Lanka)

1978-ൽ ശ്രീലങ്ക അതിന്റെ ഭരണഘടനയിൽ ഭേദഗതി വരുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് പ്രസിഡൻസി (Executive Presidency) സമ്പ്രദായം നടപ്പിലാക്കി. ഈ സമ്പ്രദായത്തിൽ ജനങ്ങൾ നേരിട്ട് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നു. ഈ വ്യവസ്ഥയിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഒരേ രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരോ വ്യത്യസ്ത കക്ഷികളിൽപ്പെട്ടവരോ ആകാം.

ഭരണഘടന പ്രകാരം പ്രസിഡന്റിന് വിപുലമായ അധികാരങ്ങളാണുള്ളത്. പാർലമെന്റിൽ ഭൂരിപക്ഷമുള്ള രാഷ്ട്രീയ കക്ഷിയിൽ നിന്നാണ് പ്രസിഡന്റ് പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നത്. പ്രധാനമന്ത്രിയും മന്ത്രിമാരും പാർലമെന്റംഗങ്ങളായിരിക്കുമെങ്കിലും, അവരെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യാനുള്ള അധികാരം പ്രസിഡന്റിനുണ്ട്. ശ്രീലങ്കയുടെ തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രത്തലവനും സർവ്വസൈന്യാധിപനും ഭരണത്തലവനും പ്രസിഡന്റാണ്.

പ്രസിഡന്റിന്റെ കാലാവധി ആറുവർഷമാണ്. എന്നാൽ കാലാവധിക്കു മുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാനുള്ള അധികാരം പാർലമെന്റിനുണ്ട്. പാർലമെന്റിലെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നതിലൂടെ മാത്രമേ പ്രസിഡന്റിനെ നീക്കം ചെയ്യാനാവൂ. പാർലമെന്റിലെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങളുടെ പിന്തുണയോടെ ഒരു പ്രമേയം പാസ്സാവുകയും, പ്രസിഡന്റിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ അന്വേഷണം ആവശ്യമാണെന്ന് സ്പീക്കർക്ക് ബോധ്യപ്പെടുകയും ചെയ്താൽ, സ്പീക്കർക്ക് ഈ വിഷയം സുപ്രീംകോടതിയുടെ പരിഗണനക്ക് വിടാവുന്നതാണ്.

ശ്രീലങ്കൻ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുടെ സ്ഥാനം ഇന്ത്യൻ പ്രസിഡന്റ് (രാഷ്ട്രപതി), പ്രധാനമന്ത്രി എന്നിവരുടേതിൽ നിന്ന് എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? ഈ രണ്ട് രാജ്യങ്ങളിലേയും, പ്രസിഡന്റുമാരെ കുറ്റവിചാരണ (impeachment) ചെയ്ത് തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്നതിൽ സുപ്രീം കോടതികൾക്കുള്ള അധികാരം താരതമ്യപ്പെടുത്തുക

ജർമ്മനിയിലാകട്ടെ ചാൻസലർ ഭരണത്തലവനും നാമമാത്രമായ അധികാരങ്ങളുള്ള പ്രസിഡന്റ് രാഷ്ട്രത്തലവനുമായിട്ടുള്ള ഒരു പാർലമെന്ററി സംവിധാനമാണുള്ളത്.

ഒരു പ്രസിഡൻഷ്യൽ സമ്പ്രദായത്തിൽ രാഷ്ട്രത്തലനും ഭരണത്തലവനും പ്രസിഡന്റായിരിക്കും. ഈ വ്യവസ്ഥയിൽ പ്രസിഡന്റിന് തത്ത്വത്തിലും പ്രയോഗത്തിലും വിപുലമായ അധികാരങ്ങൾ ഉണ്ടായിരിക്കും. അമേരിക്കയും, ബ്രസീലുൾപ്പെടെയുള്ള മിക്ക ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ഈ സമ്പ്രദായമാണ് നിലനിൽക്കുന്നത്.

പാർലമെന്ററി വ്യവസ്ഥയിൽ പ്രധാനമന്ത്രിയാണ് ഭരണത്തലവൻ. മിക്ക പാർലമെന്ററി വ്യവസ്ഥയിലും ഒരു നാമമാത്ര ഭരണത്തലവൻ ഉണ്ടായിരിക്കും. അത് രാജാവാകാം അല്ലെങ്കിൽ പ്രസിഡന്റാകാം. അത്തരം വ്യവസ്ഥയിൽ രാജാവിന്റെയോ പ്രസിഡന്റിന്റെയോ സ്ഥാനം തികച്ചും ആലങ്കാരികമായിരിക്കും. യഥാർത്ഥ അധികാരം കൈയ്യാളുന്നത് പ്രധാനമന്ത്രി നയിക്കുന്ന മന്ത്രിസഭയായിരിക്കും. ജർമ്മനി, ഇറ്റലി, ജപ്പാൻ, ബ്രിട്ടൻ, പോർച്ചുഗൽ തുടങ്ങിയ

രാജ്യങ്ങളിൽ ഈ വ്യവസ്ഥ നിലനിൽക്കുന്നു. ഒരു അർദ്ധ പ്രസിഡൻഷ്യൽ വ്യവസ്ഥയിൽ പ്രസിഡന്റും പ്രധാനമന്ത്രിയും ഉണ്ടായിരിക്കും. എന്നാൽ പാർലമെന്ററി വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി, ഈ സമ്പ്രദായത്തിൽ പ്രസിഡന്റിന് രാഷ്ട്രത്തിന്റെ ദൈനംദിന ഭരണകാര്യങ്ങളിൽ ഇടപെടാനുള്ള അധികാരമുണ്ടായിരിക്കും. ഈ വ്യവസ്ഥയിൽ പ്രസിഡന്റും പ്രധാനമന്ത്രിയും ഒരേ രാഷ്ട്രീയ കക്ഷിയിൽപ്പെടുന്നവരാകണമെന്നില്ല. ഫ്രാൻസ്, റഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങൾ അർദ്ധ പ്രസിഡൻഷ്യൽ സമ്പ്രദായത്തിന് ഉദാഹരണങ്ങളാണ്.

---

**പഠന പുരോഗതി വിലയിരുത്തുക**

നേഹ : ഇത് വളരെ ലളിതമാണ്. ഒരു രാജ്യത്ത് പ്രസിഡന്റ് ഉണ്ടെങ്കിൽ അത് പ്രസിഡൻഷ്യൽ സമ്പ്രദായവും പ്രധാനമന്ത്രി ഉണ്ടെങ്കിൽ അത് പാർലമെന്ററി സമ്പ്രദായവുമാണ്.

നേഹയുടെ ഈ അഭിപ്രായം എല്ലായ്പ്പോഴും ശരിയല്ല എന്ന് നിങ്ങൾ എങ്ങനെ വിശദമാക്കും?

---



*നമുക്ക് ശക്തരായ പ്രധാനമന്ത്രിമാരുണ്ടായിരുന്നില്ലേ? പാർലമെന്ററി വ്യവസ്ഥ വ്യക്തിപൂജയിൽ നിന്നും പൂർണ്ണമായും മുക്തമല്ല എന്നല്ലേ ഇത് കാണിക്കുന്നത്? അതായത് ജനങ്ങളും നിയമനിർമ്മാണ വിഭാഗവും എപ്പോഴും ജാഗരൂകരായിരിക്കണം!*

## ഇന്ത്യയിലെ പാർലമെന്ററി എക്സിക്യൂട്ടീവ് (PARLIAMENTARY EXECUTIVE IN INDIA)

ഇന്ത്യൻ ഭരണഘടന എഴുതപ്പെട്ട സമയത്തുതന്നെ, 1919 ലേയും 1935ലെയും ഇന്ത്യാഗവൺമെന്റ് നിയമത്തെ അടിസ്ഥാനമാക്കിയുള്ള പാർലമെന്ററി വ്യവസ്ഥ നടപ്പിലാക്കിയതിന്റെ ചില അനുഭവങ്ങൾ ഇന്ത്യക്ക് ഉണ്ടായിരുന്നു. പാർലമെന്ററി വ്യവസ്ഥയിൽ എക്സിക്യൂട്ടീവിനെ ഫലപ്രദമായി നിയന്ത്രിക്കാൻ ജനപ്രതിനിധികൾക്ക് കഴിയുമെന്ന് ഈ അനുഭവങ്ങൾ തെളിയിച്ചു. ഗവൺമെന്റ് ജനങ്ങളോട് ഉത്തരവാദിത്വമുള്ളതായിരിക്കണമെന്നും അവരുടെ പ്രതീക്ഷകളോട് ക്രിയാത്മകമായി പ്രതികരിക്കുമെന്നും ഉറപ്പു വരുത്തുവാൻ ഭരണഘടനാ നിർമ്മാതാക്കൾ ആഗ്രഹിച്ചു. പാർലമെന്ററി എക്സിക്യൂട്ടീവിന് ബദലായുള്ളത് പ്രസിഡൻഷ്യൽ രീതിയിലുള്ള ഗവൺമെന്റ് ആണ്. പക്ഷേ പ്രസിഡൻഷ്യൽ എക്സിക്യൂട്ടീവിൽ

എല്ലാ എക്സിക്യൂട്ടീവ് അധികാരങ്ങളും പ്രസിഡന്റിനാണ്. പക്ഷേ വ്യക്തിപൂജ (personality cult) എന്ന അപകടം എല്ലായ്പ്പോഴും ഈ സമ്പ്രദായത്തിനുണ്ട്. ശക്തമായ ഒരു എക്സിക്യൂട്ടീവ് വിഭാഗം ഉണ്ടാവണമെന്നും എന്നാൽ വ്യക്തിപൂജാ സമ്പ്രദായത്തിനെതിരെ വേണ്ട മുൻകരുതലുകളെടുക്കാനും ഭരണഘടനാ നിർമ്മാതാക്കൾ ശ്രദ്ധിച്ചിരുന്നു. പാർലമെന്ററി വ്യവസ്ഥയിൽ നിയമനിർമ്മാണ സഭക്ക് എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുന്നതിനും ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും ധാരാളം ഉപാധികളുണ്ട്. അതുകൊണ്ടാണ് നമ്മുടെ ഭരണഘടന കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പാർലമെന്ററി എക്സിക്യൂട്ടീവ് വ്യവസ്ഥ സ്വീകരിച്ചിരിക്കുന്നത്.

പ്രസിഡന്റ് ഔപചാരിക രാഷ്ട്രത്തലവനായുള്ള ഈവ്യവസ്ഥയിൽ പ്രധാനമന്ത്രിയും മന്ത്രിസഭയുമാണ് ദേശീയ തലത്തിലെ ഗവൺമെന്റിനെ നയിക്കുന്നത്. സംസ്ഥാനതലത്തിൽ ഗവർണറും മുഖ്യമന്ത്രിയും മന്ത്രിസഭയും ചേർന്നതാണ് എക്സിക്യൂട്ടീവ്.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് കേന്ദ്രഗവൺമെന്റിന്റെ എല്ലാ എക്സിക്യൂട്ടീവ് അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമാണ്. യഥാർത്ഥത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലൂടെയാണ് ഈ അധികാരങ്ങൾ പ്രസിഡന്റ് നിർവ്വഹിക്കുന്നത്. പ്രസിഡന്റിന്റെ കാലാവധി അഞ്ചു വർഷമാണ്. ജനങ്ങൾ നേരിട്ടല്ല പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് സാധാരണ പൗരന്മാരാരല്ല മറിച്ച് തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എമാരാലും എം.പിമാരാലുമാണ് എന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയനുസരിച്ചുള്ള ഏകകൈമാറ്റ വോട്ടു രീതിയിലൂടെയാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്.

ഭരണഘടനാ ലംഘന കുറ്റത്തിന്മേൽ പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടുകൂടി രാഷ്ട്രപതിയെ പുറത്താക്കാവുന്നതാണ്. ഈ നടപടിയെ 'ഇംപീച്ച്മെന്റ്' (impeachment) എന്നു പറയുന്നു. ഈ പ്രക്രിയക്ക് പാർലമെന്റിന്റെ ഇരു സഭകളുടേയും പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. ഭരണഘടനാലംഘനത്തിന്റെ സാഹചര്യത്തിൽ മാത്രമേ ഇംപീച്ചമെന്റ് സാധ്യമാകുകയുള്ളൂ.

## രാഷ്ട്രപതിയുടെ അധികാരവും സ്ഥാനവും (Power and position of President)

***അനുച്ഛേദം 74 (1) (Article 74 (1) : രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതും, രാഷ്ട്രപതി, തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ, അങ്ങനെയുള്ള ഉപദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.***

***എന്നാൽ, രാഷ്ട്രപതിക്ക് അങ്ങനെയുള്ള ഉപദേശം പൊതുവായോ അല്ലാതെയോ പുനരാലോചിക്കുവാൻ മന്ത്രിസഭയോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള പുനരാലോചനയ്ക്കു ശേഷം നൽകിയ ഉപദേശമനുസരിച്ച് രാഷ്ട്രപതി പ്രവർത്തിക്കേണ്ടതും ആകുന്നു.***

മുകളിൽ പറഞ്ഞിരിക്കുന്ന അനുച്ഛേദം എന്താണർത്ഥമാക്കുന്നത്? മന്ത്രിസഭയുടെ ഉപദേശം സ്വീകരിക്കാൻ പ്രസിഡന്റ് ബാധ്യസ്ഥനാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പ്രസിഡന്റിന്റെ അധികാര പരിധിയെ സംബന്ധിച്ച വിവാദങ്ങളുടെ പശ്ചാത്തലത്തിൽ മന്ത്രിസഭയുടെ ഉപദേശം സ്വീകരിക്കാൻ പ്രസിഡന്റ് ബാധ്യസ്ഥനാണെന്ന് ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് പ്രത്യേകം സൂചിപ്പിച്ചു. പിന്നീട് മറ്റൊരു ഭേദഗതിയിലൂടെ പ്രസിഡന്റിന് ഉപദേശം പുനഃപരിശോധനയ്ക്കായി തിരിച്ചയക്കാമെന്നും പക്ഷേ അതേ ഉപദേശം തന്നെ വീണ്ടും മന്ത്രിസഭ നൽകുകയാണെങ്കിൽ പ്രസിഡന്റ് അത് സ്വീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

രാഷ്ട്രപതി രാഷ്ട്രത്തിന്റെ നാമമാത്രഭരണാധികാരിയാണെന്ന് നമ്മൾ മനസ്സിലാക്കിയല്ലോ. ഔപചാരികമായി, പ്രസിഡന്റിന് വിശാലമായ നിയമനിർമ്മാണ (Legislative), കാര്യനിർവഹണ (Executive), നീതിന്യായ (Judicial), അടിയന്തിരാവസ്ഥ പ്രഖ്യാപന (Emergency) ആധികാരങ്ങളുണ്ട്. എന്നാൽ പാർലമെന്ററി സംവിധാനത്തിൽ പ്രസിഡന്റിന് ഈ അധികാരങ്ങൾ മന്ത്രിസഭയുടെ ഉപദേശമനുസരിച്ചു മാത്രമേ വിനിയോഗിക്കാൻ കഴിയുകയുള്ളൂ. പ്രധാനമന്ത്രിക്കും മന്ത്രിസഭക്കും ലോകസഭയുടെ ഭൂരിപക്ഷ പിന്തുണ ഉണ്ടായിരിക്കുന്നതിനാൽ പാർലമെന്ററി സംവിധാനത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ യഥാർത്ഥ എക്സിക്യൂട്ടീവായി പ്രവർത്തിക്കുന്നു. രാഷ്ട്രപതി മിക്കപ്പോഴും മന്ത്രിസഭ നൽകുന്ന ഉപദേശങ്ങൾ സ്വീകരിക്കാറാണുള്ളത്.



*"നമ്മൾ അദ്ദേഹത്തിന് യഥാർത്ഥ അധികാരങ്ങളൊന്നും നൽകുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പദവി അന്തസ്സുറ്റതും ആധികാരികവുമാണ്. ഭരണഘടന ഒരു യഥാർത്ഥ എക്സിക്യൂട്ടീവിനെയോ ആലങ്കാരിക പദവി വഹിക്കുന്ന രാഷ്ട്രത്തലവനെയോ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നില്ല. നേരെമറിച്ച് അധികാര വാഴ്ചക്കോ ഭരണവാഴ്ചക്കോ ഇടം നൽകാത്ത ഒരു ഉന്നത പദവി സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്....."*

*ജവഹർലാൽ നെഹ്റു*
സിഎഡി. Vol. VI. പേജ് 734

## രാഷ്ട്രപതിയുടെ വിവേചനാധികാരങ്ങൾ (Discretionary Powers of the President)

മുകളിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു സാഹചര്യത്തിലും രാഷ്ട്രപതിക്ക് വിവേചനാധികാരങ്ങൾ ഇല്ല എന്ന നിഗമനത്തിൽ എത്താൻ കഴിയുമോ? ഇത് തെറ്റായ വിലയിരുത്തലായിരിക്കും. ഭരണഘടനാപരമായി രാഷ്ട്രപതിക്ക് മന്ത്രിസഭ എടുക്കുന്ന എല്ലാ തീരുമാനങ്ങളെക്കുറിച്ചും അറിയുവാനുള്ള അധികാരമുണ്ട്. രാഷ്ട്രപതി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും നൽകാൻ പ്രധാനമന്ത്രി ബാധ്യസ്ഥനാണ്. രാഷ്ട്രപതി പലപ്പോഴും പ്രധാനമന്ത്രിക്ക് എഴുതുകയും രാജ്യം നേരിടുന്ന വിഷയങ്ങളിൽ തന്റെ കാഴ്ചപ്പാട് പ്രകടിപ്പിക്കുകയും ചെയ്യുന്നു.



*ഞാൻ വെറുമൊരു നാമമാത്ര അധികാരിയാണോ? ഞാൻ ഉന്നയിക്കുന്നത് യഥാർത്ഥ ചോദ്യങ്ങളാണോ? ഞാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുവാനുള്ള അവകാശം പുസ്തക രചയിതാക്കൾ എനിക്ക് നൽകിയിട്ടുണ്ടോ? അവരുടെ മനസ്സിലുള്ള ചോദ്യങ്ങളാണോ ഞാൻ ചോദിക്കേണ്ടത്?*

ഇതുകൂടാതെ ചുരുങ്ങിയത് മൂന്ന് സാഹചര്യങ്ങളിലെങ്കിലും രാഷ്ട്രപതിക്ക് തന്റെ വിവേചനാധികാരം ഉപയോഗിച്ച് പ്രവർത്തിക്കാനാവും. ഒന്നാമതായി മന്ത്രിസഭ നൽകുന്ന ഉപദേശം പുനഃപരിശോധനക്കായി തിരിച്ചയക്കാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്. മന്ത്രിസഭയുടെ ഉപദേശങ്ങളിൽ നിയമപരമായ പഴുതുകളോ പിഴവുകളോ കണ്ടെത്തുകയോ രാജ്യത്തിന്റെ ഉത്തമ താൽപര്യത്തിന് വിരുദ്ധമോ ആണെങ്കിൽ മന്ത്രിസഭയോട് തീരുമാനം പുനഃപരിശോധിക്കാൻ ആവശ്യപ്പെടാൻ രാഷ്ട്രപതിക്ക് കഴിയും. എന്നിരുന്നാലും പ്രസ്തുത ഉപദേശം മന്ത്രിസഭ വീണ്ടും നൽകിയാൽ നടപ്പിലാക്കാൻ രാഷ്ട്രപതി ബാധ്യസ്ഥനാണ്. പുനഃപരിശോധിക്കാനുള്ള രാഷ്ട്രപതിയുടെ അഭ്യർത്ഥനയ്ക്ക് സ്വാഭാവികമായും വലിയ പരിഗണന ലഭിക്കാറുണ്ട്. ആയതിനാൽ രാഷ്ട്രപതിക്ക് വിവേചനാധികാരം ഉപയോഗിക്കാൻ കഴിയുന്ന ഒരു മാർഗ്ഗമാണിത്.



*രാഷ്ട്രപതി സ്ത്രീയോ പുരുഷനോ ആകാമെങ്കിലും എപ്പോഴെങ്കിലും ഒരു സ്ത്രീ രാഷ്ട്രപതിയായിട്ടുണ്ടോ?*

ബില്ലിൽ ഒപ്പുവയ്ക്കുന്നതിന് പ്രസിഡന്റിന് സമയപരിധി ഇല്ല എന്ന കാര്യം കണ്ടുവല്ലോ. ഇത്തരമൊരു സന്ദർഭം ഇന്ത്യയിൽ സംഭവിച്ചിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമോ? 1986-ൽ പാർലമെന്റ് പാസ്സാക്കിയ ഇന്ത്യൻ പോസ്റ്റ് ഓഫീസ് ഭേദഗതി ബിൽ, പത്രസ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്ന് പരക്കെ വിമർശനമുണ്ടായി. അന്നത്തെ രാഷ്ട്രപതി ഗ്യാനിസെയിൽ സിംഗ് ബില്ലിനെ സംബന്ധിച്ച് ഒരു തീരുമാനവുമെടുത്തില്ല. അടുത്ത രാഷ്ട്രപതി ശ്രീ.വെങ്കട്ടരാമൻ പുനഃപരിശോധനയ്ക്കായി ബിൽ പാർലമെന്റിലേക്കയച്ചു. ബിൽ കൊണ്ടുവന്ന ഗവൺമെന്റ് ആ സമയത്ത് (1989) മാറുകയും പുതിയ ഗവൺമെന്റ് അധികാരത്തിലെത്തുകയും ചെയ്തു. അതൊരു മുന്നണി ഗവൺമെന്റ് ആയിരുന്നതിനാൽ ആ ഗവൺമെന്റ് ബില്ല് തിരികെ പാർലമെന്റിൽ കൊണ്ടുവന്നില്ല. അതായത് സെയിൽ സിംഗ് ബില്ലിന് അംഗീകാരം കൊടുക്കുന്നത് നീട്ടിവയ്ക്കാനെടുത്ത തീരുമാനത്തിലൂടെ ആ ബില്ല് നിയമമാകുന്നതിനെ ഫലപ്രദമായി തടയുവാൻ സാധിച്ചു.

രണ്ടാമതായി പാർലമെന്റ് പാസ്സാക്കി അയക്കുന്ന ബില്ലുകൾ (ധനകാര്യ ബില്ലുകളൊഴികെ) തടഞ്ഞുവയ്ക്കുകയോ അനുമതി നിഷേധിക്കുകയോ sN¿ ml pÅ hdämA [ rl mcw(veto power) പ്രസിഡന്റിനുണ്ട്. പാർലമെന്റ് പാസ്സാക്കുന്ന ബില്ലുകൾ നിയമമാകുന്നതിനു മുമ്പ് രാഷ്ട്രപതിയുടെ അംഗീകാരം നേടേണ്ടതുണ്ട്. രാഷ്ട്രപതിക്ക് പുനഃപരിശോധനക്കുവേണ്ടി ബില്ലുകൾ പാർലമെന്റിലേക്ക് തിരിച്ചയ്ക്കാനുള്ള വീറ്റോ അധികാരം പരിമിതമാണ്. കാരണം അതേ ബില്ല് പാർലമെന്റ് വീണ്ടും പാസ്സാക്കി പ്രസിഡന്റിന് സമർപ്പിച്ചാൽ അംഗീകാരം നൽകാൻ പ്രസിഡന്റ് ബാധ്യസ്ഥനാണ്. രാഷ്ട്രപതിക്ക് ഒരു ബില്ല് എത്രകാലം കൈവശം വച്ചിരിക്കാം എന്നതിനെകുറിച്ച് ഭരണഘടന പരാമർശിക്കുന്നില്ല. അതായത് പ്രസിഡന്റിന് പാർലമെന്റ് പാസ്സാക്കി അയക്കുന്ന ബില്ല് എത്രകാലം വേണമെങ്കിലും കൈവശം വയ്ക്കാം. ഇത് രാഷ്ട്രപതിക്ക് മറ്റൊരു രീതിയിൽ വീറ്റോ അധികാരം പ്രയോഗിക്കാൻ അവസരം നൽകും. ഇത് 'പോക്കറ്റ് വീറ്റോ' (pocket veto) എന്നറിയപ്പെടുന്നു.

രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ചാണ് മൂന്നാമത്തെ വിവേചനാധികാരം ഉയർന്നുവരുന്നത്. സാധാരണയായി ലോകസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ തലവനെയാണ് പ്രധാനമന്ത്രിയായി നിയമിക്കുന്നത്. അത്തരം സാഹചര്യത്തിൽ പ്രസിഡന്റിന് വിവേചനാധികാരം ഉപയോഗിക്കാൻ കഴിയില്ല. എന്നാൽ ലോകസഭയിൽ ഒരു കക്ഷിക്കും ഭൂരിപക്ഷമില്ലാതാകുകയും രണ്ടോ മൂന്നോ നേതാക്കൾ സഖ്യം രൂപീകരിച്ചു ഗവൺമെന്റുണ്ടാക്കാൻ അവകാശവാദമുന്നയിക്കുകയും ചെയ്താൽ ആരെ പ്രധാനമന്ത്രിയായി നിയമിക്കണമെന്ന് രാഷ്ട്രപതിക്ക് തീരുമാനിക്കാം. ഈ അവസരത്തിൽ രാഷ്ട്രപതി തന്റെ വിവേചനാധികാരം ഉപയോഗിച്ച് ലോകസഭയിൽ ഭൂരിപക്ഷ പിന്തുണ ലഭിക്കാൻ സാധ്യതയുള്ള കക്ഷിയെ ഗവൺമെന്റുണ്ടാക്കാൻ ക്ഷണിക്കുന്നു.

1989 മുതൽ ഉണ്ടായിട്ടുള്ള രാഷ്ട്രീയമാറ്റങ്ങൾ രാഷ്ട്രപതിയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു. 1989 മുതൽ 1998 വരെ നടന്ന നാല് തെരഞ്ഞെടുപ്പുകളിൽ ഒരു

**പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നതിൽ രാഷ്ട്രപതിയുടെ പങ്ക്**
**(President's role in choosing the Prime Minister)**

1977-നു ശേഷം ഇന്ത്യൻ രാഷ്ട്രീയം കൂടുതൽ മത്സരാധിഷ്ഠിതവും, പല സന്ദർഭങ്ങളിലും, ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യവുമുണ്ടായി. അത്തരം സാഹചര്യത്തിൽ രാഷ്ട്രപതി എന്താണ് ചെയ്യുന്നത്? 1998-ലെ തെരഞ്ഞെടുപ്പിൽ BJPക്കും സഖ്യകക്ഷികൾക്കും 251 സീറ്റ് ലഭിച്ചു. ഭൂരിപക്ഷത്തിന് 21 സീറ്റ് കുറവുണ്ടായിരുന്നു. രാഷ്ട്രപതി കെ.ആർ.നാരായണൻ വളരെ ജാഗ്രതയോടെയുള്ള നടപടിക്രമം സ്വീകരിച്ചു. സഖ്യത്തിന്റെ നേതാവായ അടൽബിഹാരി വാജ്പേയിയോട് അദ്ദേഹത്തിന്റെ അവകാശവാദത്തെ സാധൂകരിക്കുന്നതിന് അദ്ദേഹത്തെ പിന്തുണക്കുന്ന രാഷ്ട്രീയ കക്ഷികളുടെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു. അതുമാത്രമല്ല, അധികാരത്തിലേറി പത്തു ദിവസങ്ങൾക്കുള്ളിൽ വിശ്വാസവോട്ട് തേടാനും ആവശ്യപ്പെട്ടു.

കക്ഷിയോ മുന്നണിയോ ഭൂരിപക്ഷം നേടിയില്ല. ഈ സാഹചര്യങ്ങളിൽ ഗവൺമെന്റ് രൂപീകരണത്തിനും ലോകസഭയിൽ ഭൂരിപക്ഷം തെളിയിക്കാനാവാത്ത പ്രധാനമന്ത്രിമാരുടെ ലോകസഭ പിരിച്ചുവിടാനുള്ള അഭ്യർത്ഥനയുടെ കാര്യത്തിലും രാഷ്ട്രപതിക്ക് ഇടപെടേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് രാഷ്ട്രപതിയുടെ വിവേചനാധികാരം രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ഥിരതയില്ലാത്ത സർക്കാരുകളും മുന്നണിഭരണവും രാഷ്ട്രപതിയുടെ അധികാരം വർദ്ധിപ്പിക്കുന്നു.

മിക്കപ്പോഴും രാഷ്ട്രപതി ഔപചാരികമായ അധികാരിയും ആലങ്കാരികമായ രാഷ്ട്രത്തലവനും ആണ്. ഇത്തരത്തിൽ ഒരു രാഷ്ട്രപതി ആവശ്യമുണ്ട് എന്നത് നിങ്ങളെ അതിശയിപ്പിച്ചേക്കാം. പാർലമെന്ററി വ്യവസ്ഥയിൽ മന്ത്രിസഭ നിയമനിർമ്മാണസഭയിലെ ഭൂരിപക്ഷത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതായത്, ഏതു സമയവും മന്ത്രിസഭ പുറത്താക്കപ്പെടുകയും പുതിയ മന്ത്രിസഭ അധികാരത്തിൽ വരികയും ചെയ്യാം. ഇത്തരം സാഹചര്യത്തിൽ പ്രതീകാത്മക മായി രാജ്യത്തെ പ്രതിനിധീകരിക്കുന്നതിനും പ്രധാനമന്ത്രിയെ നിയമിക്കാനും ചുമതലയുള്ള ഒരു രാഷ്ട്രപതി ആവശ്യമാണ്. ഇതാണ് സാധാരണ സാഹ ചര്യങ്ങളിൽ രാഷ്ട്രപതിയുടെ കർത്തവ്യം. ഇതുകൂടാതെ ആർക്കും ഭൂരിപക്ഷം ലഭിക്കാത്ത അവസ്ഥ വന്നാൽ ഗവൺമെന്റിനെ നയിക്കാൻ ഒരു പ്രധാനമന്ത്രിയെ നിയമിക്കാനുള്ള അധിക ബാധ്യതയും പ്രസിഡന്റിനുണ്ട്.

**ഇന്ത്യയുടെ ഉപരാഷ്ട്രപതി (The Vice President of India)**

ഉപരാഷ്ട്രപതിയെ അഞ്ച് വർഷത്തേക്കാണ് തെരഞ്ഞെടുക്കുന്നത്. രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതിനുള്ള രീതി തന്നെയാണ് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന ഇലക്ടറൽ കോളേജിൽ പാർലമെന്റിലെ ഇരു സഭകളിലെയും അംഗങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. സംസ്ഥാന നിയമസഭാംഗങ്ങൾ ഈ ഇലക്ടറൽ കോളേജിന്റെ ഭാഗമല്ല. രാജ്യസഭ ഭൂരിപക്ഷ ത്തോടെ പാസ്സാക്കുകയും ലോകസഭ അംഗീകരിക്കുകയും ചെയ്യുന്ന പ്രമേയത്തിലൂടെ മാത്രമേ ഉപരാഷ്ട്രപതിയെ പുറത്താക്കാൻ സാധിക്കുകയുള്ളൂ. ഉപരാഷ്ട്രപതി രാജ്യസഭയുടെ എക്സ് ഒഫിഷ്യോ ചെയർമാനാണ്. മരണം, രാജി, പുറത്താക്കൽ (ഇംപീച്ച്മെന്റ്) എന്നീ കാരണങ്ങളാൽ രാഷ്ട്രപതിയുടെ സ്ഥാനം ഒഴിവു വരികയാണെങ്കിൽ ഉപരാഷ്ട്രപതി രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നു. പുതിയ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതുവരെയോ പരമാവധി ആറ് മാസം വരെയോ മാത്രമേ ഉപരാഷ്ട്രപതിക്ക് രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. രാഷ്ട്രപതിയായിരുന്ന ഫക്രുദീൻ അലി അഹമ്മദ് അന്തരിച്ചപ്പോൾ പുതിയ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതുവരെ ഉപരാഷ്ട്രപതിയായിരുന്ന ബി.ഡി.ജട്ടി രാഷ്ട്രപതിയായി പ്രവർത്തിക്കുകയുണ്ടായി.

**പഠന പുരോഗതി വിലയിരുത്തുക**

ദളിത് വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത് രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ പ്രധാനമന്ത്രി ആഗ്രഹിക്കുന്നു എന്ന് സങ്കല്പിക്കുക. പക്ഷേ രാഷ്ട്രപതിയുടെ നിലപാട് വ്യത്യസ്തമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ മാത്രമേ രാഷ്ട്രപതി ഭരണം പോലെയുള്ള കടുത്ത നടപടികളിലേക്കു പോകാവൂ. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഏതു നടപടിയായിരിക്കും രാഷ്ട്രപതി സ്വീകരിക്കുക.

a. രാഷ്ട്രപതി ഭരണം പ്രഖ്യാപിക്കുന്നതിനുള്ള ഉത്തരവിൽ ഒപ്പുവയ്ക്കില്ല എന്ന് പ്രധാനമന്ത്രിയെ അറിയിക്കും.
b. പ്രധാനമന്ത്രിയെ പിരിച്ചുവിടുക
c. സംസ്ഥാനത്ത് CRPF -നെ അയയ്ക്കാൻ പ്രധാനമന്ത്രിയോട് ആവശ്യപ്പെടുക.
d. പ്രധാനമന്ത്രിയുടെ നിലപാടിലെ തെറ്റ് ചൂണ്ടികാണിച്ചു കൊണ്ട് പത്രപ്രസ്താവന പുറപ്പെടുവിക്കുക.
e. പ്രധാനമന്ത്രിയുമായി ചർച്ച ചെയ്ത് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിക്കുക. പക്ഷേ പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ആവശ്യത്തിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ രാഷ്ട്രപതി ഭരണത്തിനുള്ള ഉത്തരവിൽ ഒപ്പുവയ്ക്കുക.

## പ്രധാനമന്ത്രിയും മന്ത്രിസഭയും
## (PRIME MINISTER AND COUNCIL OF MINISTERS)

പ്രധാനമന്ത്രിയുടെ ഓഫീസിനെകുറിച്ച് സൂചിപ്പിക്കാതെ ഗവൺമെന്റിനെ കുറിച്ചോ ഇന്ത്യയുടെ രാഷ്ട്രീയത്തെ കുറിച്ചോ ചർച്ചകൾ ഉണ്ടാകാറില്ല. ഇത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ?

**കാർട്ടൂൺ വായിക്കാം**



22 ആഗസ്റ്റ് 1954

Shankar. Copyright: Children's Book Trust.

പ്രധാനമന്ത്രിയില്ലാതെ മന്ത്രിസഭയില്ല. പ്രധാനമന്ത്രി എങ്ങനെയാണ് മന്ത്രിസഭയെ 'നയിക്കു'ന്നത് എന്നാണ് ഈ കാർട്ടൂൺ കാണിക്കുന്നത്!

പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ ഉപദേശാനുസരണമാണ് രാഷ്ട്രപതി തന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നത് എന്ന് ഈ പാഠത്തിന്റെ ആദ്യഭാഗത്ത് നമ്മൾ ചർച്ച ചെയ്തിരുന്നു. പ്രധാനമന്ത്രിയാണ് മന്ത്രിസഭയുടെ തലവൻ. ആയതിനാൽ മന്ത്രിസഭയുടെ തലവൻ എന്ന നിലയിൽ പ്രധാനമന്ത്രി നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഭരണാധികാരിയായി മാറുന്നു.

### കാർട്ടൂൺ വായിക്കാം




*Is that all that matters, the portfolio? The house, the car, the servants, travel, the foreign trips, the security, the secretaries, etc., don't they mean anything to you?*

R K Laxman in The Times of India.

എന്തുകൊണ്ടാണ് ആളുകൾ മന്ത്രിമാരാകാൻ ആഗ്രഹിക്കുന്നത്? ഈ കാർട്ടൂൺ കാണിക്കുന്നത് ആനുകൂല്യങ്ങൾക്കും പദവിക്കും വേണ്ടി മാത്രമാണെന്നാണ്! അതല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ചില വകുപ്പുകൾ ലഭിക്കുന്നതിനുവേണ്ടി ഇവർ മത്സരിക്കുന്നത്?

പാർലമെന്ററി വ്യവസ്ഥയിൽ പ്രധാനമന്ത്രിക്ക് ലോകസഭയുടെ ഭൂരിപക്ഷ പിന്തുണ ഉണ്ടായിരിക്കണം. ഈ ഭൂരിപക്ഷം പ്രധാനമന്ത്രിയുടെ അധികാരത്തെ കൂടുതൽ ശക്തമാക്കുന്നു. ഭൂരിപക്ഷ പിന്തുണ നഷ്ടപ്പെടുന്ന അവസരത്തിൽതന്നെ പ്രധാനമന്ത്രിക്ക് അധികാരം നഷ്ടപ്പെടുന്നു. സ്വതന്ത്ര ഇന്ത്യയിൽ ഏറെക്കാലം കോൺഗ്രസ് കക്ഷിക്ക് ഭൂരിപക്ഷം ലഭിക്കുകയും ആ കക്ഷിയുടെ നേതാവ് പ്രധാനമന്ത്രിയാവുകയും ചെയ്തിട്ടുണ്ട്. 1989 മുതൽ ഒരു കക്ഷിക്കും ലോകസഭയിൽ ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ വിവിധ കക്ഷികൾ ചേർന്ന് മുന്നണി രൂപീകരിച്ച് സഭയിൽ ഭൂരിപക്ഷം നേടുന്നു. അത്തരം സാഹചര്യത്തിൽ മുന്നണിക്ക് ഏറ്റവും സ്വീകാര്യനായ നേതാവാണ് പ്രധാനമന്ത്രിയാവുന്നത്. ഔപചാരികമായി ലോകസഭയിൽ ഭൂരിപക്ഷം ലഭിക്കുന്നയാളെ രാഷ്ട്രപതി പ്രധാനമന്ത്രിയായി നിയമിക്കുന്നു.

മന്ത്രി സഭാംഗങ്ങൾ ആരെല്ലാമാണെന്ന് തീരുമാനിക്കുന്നത് പ്രധാനമന്ത്രിയാണ്. അവരുടെ വകുപ്പുകളും പദവിയും ഏതെല്ലാമാണെന്ന് തീരുമാനിക്കുന്നതും അദ്ദേഹംതന്നെയാണ്. ഓരോരുത്തരുടെയും പ്രവർത്തനപരിചയവും രാഷ്ട്രീയ പ്രാധാന്യവും കണക്കിലെടുത്താണ് ക്യാബിനറ്റ് മന്ത്രി, സഹമന്ത്രി, ഉപമന്ത്രി തുടങ്ങിയ പദവികൾ (rank) തീരുമാനിക്കുന്നത്. സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിയാണ് സ്വന്തം പാർട്ടിയിൽ നിന്നോ ഘടക കക്ഷികളിൽ നിന്നോ മന്ത്രിമാരെ തെരഞ്ഞെടുക്കുന്നത്. പ്രധാനമന്ത്രിയും മന്ത്രിമാരും പാർലമെന്റംഗങ്ങൾ ആയിരിക്കണം. പാർലമെന്റംഗമല്ലാത്ത ഒരാൾ മന്ത്രിയോ പ്രധാനമന്ത്രിയോ ആകുകയാണെങ്കിൽ ആറു മാസത്തിനുള്ളിൽ പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കണം.

ഭരണഘടനാ നിർമ്മാണ സഭയിലെ ചില അംഗങ്ങൾക്ക് മന്ത്രിമാരെ പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ തീരുമാനിക്കുന്നതിനു പകരം നിയമ നിർമ്മാണസഭ നേരിട്ട് തെരഞ്ഞെടുക്കണമെന്ന അഭിപ്രായമുള്ളവരായിരുന്നു.

എന്റെ കാഴ്ചപ്പാടിൽ സ്വിസ്സ് സംവിധാനത്തിലേതുപോലെ എക്സിക്യൂട്ടീവിനെ നിയമനിർമ്മാണ സഭ നിശ്ചിതകാലത്തേക്ക് തെരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് പ്രവിശ്യകൾക്ക് ഏറ്റവും അഭികാമ്യം. ഏകകൈമാറ്റ വോട്ടു വ്യവസ്ഥയാണ് എക്സിക്യൂട്ടീവിനെ തെരഞ്ഞെടുക്കാൻ ഏറ്റവും നല്ല മാർഗ്ഗം. കാരണം, എല്ലാ വിഭാഗങ്ങളുടേയും താൽപര്യങ്ങൾക്ക് ഇതുവഴി പ്രാതിനിധ്യം ലഭിക്കുകയും തങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചില്ല എന്ന തോന്നൽ ഒരു കക്ഷിക്കും ഉണ്ടാവുകയുമില്ല".

_ dKwsF k nk vdk qÂ , k rF Ụ n̦ t h nfi ywIV, പേജ് 631, 17 ജൂലൈ 1947

## മന്ത്രിസഭയുടെ വലുപ്പം (Size of the Council of Ministers)

2003-ലെ 91-ാം ഭരണഘടനാ ഭേദഗതി നിയമത്തിനു മുമ്പ് മന്ത്രിസഭയുടെ വലുപ്പം നിശ്ചയിച്ചിരുന്നത് അതാത് കാലത്തെ അടിയന്തിരസ്ഥിതിയും സാഹചര്യങ്ങളുടെ സമ്മർദ്ദവും കണക്കിലെടുത്തു കൊണ്ടായിരുന്നു. എന്നാൽ ഇത് വളരെ വലുപ്പമുള്ള മന്ത്രിസഭകളുടെ രൂപീകരണത്തിനു കാരണമായി, കൂടാതെ ഒരു പാർട്ടിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്ത അവസ്ഥയിൽ മന്ത്രിസ്ഥാനം വാഗ്ദാനം നൽകി ഭൂരിപക്ഷം ഉറപ്പാക്കുന്ന പ്രവണത ഉണ്ടായി. പല സംസ്ഥാനങ്ങളിലും ഇത്തരം പ്രവണത ഉണ്ടായിരുന്നു. അതിനാൽ മന്ത്രിമാരുടെ എണ്ണം ലോകസഭയുടെ ആകെ അംഗസംഖ്യയുടെ (സംസ്ഥാനങ്ങളിൽ നിയമ നിർമ്മാണ സഭകളിലെ) പതിനഞ്ചു ശതമാനത്തിൽ കവിയരുതെന്ന് വ്യവസ്ഥ ചെയ്യുന്ന ഭേദഗതി നടപ്പിലാക്കേണ്ടി വന്നു.

എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുന്നതിന് പാർലമെന്റ് ഉപയോഗപ്പെടുത്തുന്ന വിവിധ മാർഗങ്ങളെക്കുറിച്ച് നിങ്ങൾ നിയമനിർമ്മാണ വിഭാഗം എന്ന അദ്ധ്യായത്തിൽ പഠിക്കും. കാര്യനിർവ്വഹണ വിഭാഗം നിയമനിർമ്മാണ വിഭാഗത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുക എന്നതാണ് പാർലമെന്ററി എക്സിക്യൂട്ടീവിന്റെ പ്രധാന സവിശേഷത എന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം.

മന്ത്രിസഭക്ക് ലോകസഭയോടാണ് കൂട്ടുത്തരവാദിത്വമുള്ളത്. ലോകസഭയുടെ വിശ്വാസം നഷ്ടപ്പെട്ടാൽ മന്ത്രിസഭ രാജിവയ്ക്കണം എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. പാർലമെന്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയെന്ന നിലയിൽ മന്ത്രിസഭ പാർലമെന്റിനുവേണ്ടി കൂട്ടായ്മയോടെ ഭരണം നടത്തുന്നു എന്ന തത്ത്വത്തിനാണ് ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത്. കൂട്ടുത്തരവാദിത്വം എന്നത് മന്ത്രിസഭയുടെ ഐക്യം എന്ന തത്ത്വത്തിൽ അധിഷ്ഠിതമാണ്. അതായത് ഒരു മന്ത്രിക്കെതിരെയുള്ള അവിശ്വാസം മന്ത്രിസഭയുടെതന്നെ രാജിയിലേക്കു നയിക്കും

എന്നർത്ഥം. അതുപോലെതന്നെ ഒരു മന്ത്രിക്ക് മന്ത്രിസഭയുടെ തീരുമാനങ്ങളിൽ വിജോയിപ്പുണ്ടെങ്കിൽ തീരുമാനമെന്തായാലും അദ്ദേഹം നിർബന്ധമായും അത് അംഗീകരിക്കുകയോ രാജിവയ്ക്കുകയോ വേണം. കൂട്ടുത്തരവാദിത്വം നിലനിൽക്കുമ്പോൾ മന്ത്രിസഭയുടെ ഏതൊരു നയവും പിന്തുടരാൻ എല്ലാമന്ത്രിമാരും ബാധ്യസ്ഥരാണ്.

ഇന്ത്യയിൽ പ്രധാനമന്ത്രിക്ക് ഗവൺമെന്റിൽ ഉന്നതമായ സ്ഥാന മാണുള്ളത്. പ്രധാനമന്ത്രിയില്ലാതെ മന്ത്രിസഭ നിലനിൽക്കില്ല. പ്രധാനമന്ത്രി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റതിനു ശേഷമാണ് മന്ത്രിസഭ നിലവിൽ വരുന്നത്. പ്രധാനമന്ത്രിയുടെ മരണമോ രാജി യോ സ്വാഭാവികമായും മന്ത്രിസഭയുടെ അന്ത്യത്തിലേക്ക് നയി ക്കുന്നു. അതേ സമയം ഒരു മന്ത്രിയുടെ പുറത്താക്കലോ രാജിയോ ആ മന്ത്രിയുടെ ഒഴിവ് മാത്രമേ സൃഷ്ടിക്കുന്നുള്ളൂ. മന്ത്രിസഭയേയും രാഷ്ട്രപതിയേയും പാർലമെന്റിനേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് പ്രധാനമന്ത്രി. അതുകൊണ്ടാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയെ 'ഗവൺമെന്റിന്റെ അച്ചാണി' (linchpin of Government) എന്ന് വിശേഷിപ്പിച്ചത്. മന്ത്രിസഭയുടെ ഭരണസംബന്ധമായ തീരുമാനങ്ങൾ, നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങൾ എന്നിവ രാഷ്ട്രപതിയെ അറിയിക്കാനുള്ള ഭരണഘട നാപരമായ ഉത്തരവാദിത്വം പ്രധാനമന്ത്രിക്കുണ്ട്. ഗവൺമെന്റിന്റെ സുപ്രധാന തീരുമാനങ്ങളിലും നയരൂപീകരണത്തിലും പ്രധാന മന്ത്രിക്ക് സുപ്രധാന പങ്കുണ്ട്. മന്ത്രിസഭയുടെ മേലുള്ള നിയന്ത്രണം, ലോകസഭയിലെ നേതൃത്വം, ബ്യൂറോക്രസിയുടെ മേലുള്ള ആജ്ഞാ ശക്തി, മാധ്യമസ്വാധീനം, തെരഞ്ഞെടുപ്പിൽ ഉയർത്തിക്കാട്ടുന്ന വ്യക്തിവൈശിഷ്ട്യങ്ങൾ, അന്തർദ്ദേശീയ ഉച്ചകോടികളിലും വിദേശ പര്യടനങ്ങളിലും ഉണ്ടാകുന്ന ദേശീയനേതാവ് എന്ന പ്രതിച്ഛായ തുടങ്ങി വ്യത്യസ്തരൂപങ്ങളിലാണ് പ്രധാനമന്ത്രിയുടെ അധികാര ങ്ങൾ പ്രകടമാവുന്നത്.



ഒരു വ്യക്തി പ്രധാനമന്ത്രിയാ കുന്നത് അയാൾ ശക്തനാ യതുകൊണ്ടാണോ അതോ പ്രധാനമന്ത്രിയായ ശേഷ മാണോ ഒരാൾ ശക്തനാകു ന്നത്?

എന്നിരുന്നാലും പ്രധാനമന്ത്രിയുടെ അധികാരവും അതിന്റെ യഥാർത്ഥ പ്രയോഗവും നിലവിലുള്ള രാഷ്ട്രീയ സാഹചര്യ ങ്ങൾക്കനുസരിച്ചായിരിക്കും. ലോകസഭയിൽ ഭൂരിപക്ഷമുള്ള ഒരു കക്ഷിയിൽ നിന്നുള്ളവരാണ് പ്രധാനമന്ത്രിയും മന്ത്രിസഭയുമെങ്കിൽ പ്രധാനമന്ത്രിയുടെ സ്ഥാനം ചോദ്യം ചെയ്യാൻ കഴിയാത്ത വിധം ശക്തമാണ്. എന്നാൽ മുന്നണി ഗവൺമെന്റുകൾ അധികാരത്തിൽ വരുമ്പോൾ സ്ഥിതി വ്യത്യസ്തമാകുന്നു. 1989 മുതൽ വിവിധ മുന്നണി ഗവൺമെന്റുകൾ അധികാരത്തിൽ വന്നതിന് നമ്മൾ സാക്ഷികളാണ്. അവയിൽ പലതും ലോകസഭയുടെ കാലാവധി തികച്ചിട്ടില്ല. അവർ ഭൂരിപക്ഷം നഷ്ടപ്പെട്ട് രാജിവക്കുകയോ പുറത്താക്കപ്പെടുകയോ

ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ പാർലമെന്ററി എക്സിക്യൂട്ടീവിന്റെ പ്രവർത്തനത്തെ ബാധിച്ചു.

ഒന്നാമതായി, പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നതിൽ രാഷ്ട്രപതിക്കുള്ള വിവേചനാധികാരം വർദ്ധിപ്പിക്കുന്നതിന് ഈ സംഭവവികാസങ്ങൾ ഇടവരുത്തി.

രണ്ടാമതായി, മുന്നണി രാഷ്ട്രീയം, രാഷ്ട്രീയ പങ്കാളികൾ തമ്മിൽ കൂടുതൽ ചർച്ചകൾ അനിവാര്യമാക്കിത്തീർത്തു. ഇത് പ്രധാന മന്ത്രിയുടെ അധികാരച്ചോർച്ചയിലേക്ക് നയിക്കുന്നു. മൂന്നാമതായി, മന്ത്രിമാരെ നിശ്ചയിക്കുക, അവരുടെ പദവിയും വകുപ്പുകളും തീരുമാനിക്കുക തുടങ്ങിയ പ്രധാനമന്ത്രിയുടെ വിശേഷാധികാരങ്ങളുടെ മേൽ മുന്നണി രാഷ്ട്രീയം നിയന്ത്രണം കൊണ്ടുവന്നു. നാലാമതായി, ഗവൺമെന്റിന്റെ നയങ്ങളും പരിപാടികളും പ്രധാനമന്ത്രിക്ക് ഒറ്റക്ക് തീരുമാനിക്കാൻ കഴിയാതായി. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളുള്ള രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പിനു മുമ്പോ തെരഞ്ഞെടുപ്പിനു ശേഷമോ ഗവൺമെന്റുകൾ രൂപീകരിക്കുന്നതിനായി മുന്നണികളുണ്ടാക്കി. ഇവർ നിരന്തരമായ ചർച്ചകൾക്കും ഒത്തുതീർപ്പുകൾക്കും ശേഷമാണ് നയങ്ങൾ രൂപീകരിച്ചിരുന്നത്. അതിനാൽ ഈ പ്രക്രിയയിലാകെ ഗവൺമെന്റിന്റെ തലവൻ എന്നതിനെക്കാൾ ഒരു മധ്യസ്ഥൻ എന്ന നിലക്കാണ് പ്രധാനമന്ത്രിക്ക് പ്രവർത്തിക്കേണ്ടി വരുന്നത്.

ചില വ്യത്യാസങ്ങളോടെയുള്ള പാർലമെന്ററി എക്സിക്യൂട്ടീവ് തന്നെയാണ് സംസ്ഥാനതലങ്ങളിലും നിലനിൽക്കുന്നത്. സംസ്ഥാനത്ത് രാഷ്ട്രപതി നിയമിക്കുന്ന ഗവർണർ (കേന്ദ്ര ഗവൺമെന്റിന്റെ ഉപദേശാനുസരണം) ഉണ്ടായിരിക്കും എന്നതാണ് പ്രധാന വ്യത്യാസം. പ്രധാനമന്ത്രിയെപ്പോലെ മുഖ്യമന്ത്രിയും നിയമനിർമ്മാണ സഭയിലെ ഭൂരിപക്ഷ കക്ഷിയുടെ നേതാവാണെങ്കിലും ഗവർണർക്ക് കൂടുതൽ വിവേചനാധികാരങ്ങൾ ഉണ്ട്. എന്നിരുന്നാലും സംസ്ഥാനതലത്തിലും പാർലമെന്ററി വ്യവസ്ഥയുടെ പ്രധാന തത്ത്വങ്ങൾ നിലനിൽക്കുന്നു.

**കാർട്ടൂൺ വായിക്കാം**




*My troubles are not over - I won the confidence vote!*

വിശ്വാസപ്രമേയം വിജയിച്ച ശേഷവും മുഖ്യമന്ത്രി അസന്തുഷ്ടനാണ്! എന്തുകൊണ്ടാണ് ഇങ്ങനെയെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ?

*R K Laxman in The Times of India.*

**പഠന പുരോഗതി വിലയിരുത്തുക**

പ്രധാനമന്ത്രിയാണ് മന്ത്രിമാരെ നിശ്ചയിക്കുന്നതെന്ന് കരുതുക. അദ്ദേഹം എന്താണ് ചെയ്യുക?

a. വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെ തെരഞ്ഞെടുക്കും.

b. സ്വന്തം കക്ഷിയിലെ ആളുകളെ മാത്രം തെരഞ്ഞെടുക്കും.

c. വ്യക്തിപരമായി തന്നോട് വിശ്വാസവും കൂറുമുള്ളവരെ തെരഞ്ഞെടുക്കും.

d. ഗവൺമെന്റിനെ പിന്തുണയ്ക്കുന്നവരെ തെരഞ്ഞെടുക്കും.

c. വ്യത്യസ്ത സ്ഥാനമോഹികളിൽനിന്ന് അവരുടെ രാഷ്ട്രീയ പിൻബലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു

## സ്ഥിരം എക്സിക്യൂട്ടീവ് : ബ്യൂറോക്രസി (PERMANENT EXECUTIVE : BUREAUCRACY)

മന്ത്രിമാരുടെ തീരുമാനങ്ങൾ ആരാണ് നടപ്പിലാക്കുന്നത്?

ഗവൺമെന്റിന്റെ എക്സിക്യൂട്ടീവ് ഘടകത്തിൽ പ്രധാനമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥവൃന്ദം (bureaucracy) അഥവാ ഭരണയന്ത്രം എന്നിവർ ഉൾപ്പെടുന്നു. സൈനികസേവനത്തിൽ നിന്ന് ഇതിനുള്ള വ്യത്യാസം അടിവരയിടുന്നതിനാണ് ഇതിനെ സിവിൽ സർവ്വീസ് എന്നു വിളിക്കുന്നത്. ഭരണകാര്യങ്ങളിൽ വൈദഗ്ധ്യവും പരിശീലനവും നേടിയിട്ടുള്ള ഗവൺമെന്റിന്റെ സ്ഥിരം ഉദ്യോഗസ്ഥർ നയങ്ങൾ രൂപീകരിക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും മന്ത്രിമാരെ സഹായിക്കുന്നു.

ജനാധിപത്യത്തിൽ ഭരണത്തിന്റെയും ഗവൺമെന്റിന്റെയും നിയന്ത്രണവും മേൽനോട്ടവും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും മന്ത്രിമാർക്കുമായിരിക്കും. പാർലമെന്ററി വ്യവസ്ഥിതിയിൽ നിയമനിർമ്മാണ വിഭാഗം ഭരണകൂടത്തെ നിയന്ത്രിക്കുന്നുണ്ട്. നിയമനിർമ്മാണവിഭാഗം സ്വീകരിക്കുന്ന നയങ്ങൾ ഉദ്യോഗസ്ഥർ ലംഘിക്കാൻ പാടില്ല. ഭരണസംവിധാനത്തിനുമേൽ രാഷ്ട്രീയ നിയന്ത്രണം നിലനിർത്തുക എന്നത് മന്ത്രിമാരുടെ ഉത്തരവാദിത്വമാണ്. ഇന്ത്യ കാര്യക്ഷമതയുള്ള ഒരു ഭരണസംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഭരണസംവിധാനത്തിന് രാഷ്ട്രീയമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുമ്പോൾ തന്നെ അതിന്റെ ഉദ്യോഗസ്ഥവൃന്ദം രാഷ്ട്രീയമായ നിഷ്പക്ഷത പുലർത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതായത്, നയപരമായ കാര്യങ്ങളിൽ ഉദ്യോഗസ്ഥവൃന്ദം രാഷ്ട്രീയ ചായ്‌വുകൾ പ്രകടിപ്പിക്കുകയില്ല എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. തെരഞ്ഞെടുപ്പിൽ ഒരു പാർട്ടി പരാജയപ്പെടുകയും പുതിയ ഗവൺമെന്റിന് മുൻ ഗവൺമെന്റിന്റെ

നയങ്ങൾക്കു പകരം പുതിയ നയങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്യുക എന്നത് ജനാധിപത്യത്തിൽ സാധ്യമാണ്. അത്തരം സാഹചര്യത്തിൽ നയരൂപീകരണത്തിലും അവ നടപ്പാക്കുന്നതിലും വിശ്വസ്തതയോടും കാര്യക്ഷമമായും പ്രവർത്തിക്കുക എന്നത് ഭരണസംവിധാനത്തിന്റെ ഉത്തരവാദിത്വമാണ്.

ഇന്ത്യയിലെ ബ്യൂറോക്രസി ഇന്നൊരു സങ്കീർണ്ണമായ വ്യവസ്ഥയാണ്. അഖിലേന്ത്യാ സർവ്വീസുകൾ, സംസ്ഥാന സർവ്വീസുകൾ, പ്രാദേശിക ഗവൺമെന്റിലെ ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്ന സാങ്കേതിക, മാനേജീരിയൽ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്മാർ എന്നിവർ അതിൽ ഉൾപ്പെടുന്നു. രാഷ്ട്രീയ നിഷ്പക്ഷതയും വൈവിദ്ധ്യവും പുലർത്തുന്ന ഒരു ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രാധാന്യത്തെകുറിച്ച് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ബോധവാന്മാരായിരുന്നു. സിവിൽ സർവ്വീസ് അഥവാ ഉദ്യോഗസ്ഥവൃന്ദത്തെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിഷ്പക്ഷമായി തെരഞ്ഞെടുക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. ഇന്ത്യാ ഗവൺമെന്റിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ (Civil servants) തെരഞ്ഞെടുക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെയാണ് (UPSC) സമാനമായി, സംസ്ഥാനങ്ങൾക്കും പബ്ലിക് സർവ്വീസ് കമ്മീഷനുകൾ ഉണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങളെ ഒരു നിശ്ചിത കാലയളവിലേക്കാണ് നിയമിക്കുന്നത്. സുപ്രീംകോടതി ജഡ്ജിയുടെ അന്വേഷണത്തിനു വിധേയമായി മാത്രമേ അവരെ നീക്കം ചെയ്യാനോ സസ്പെൻഡു ചെയ്യാനോ പാടുള്ളൂ.

യോഗ്യതയുടേയും കാര്യക്ഷമതയുടേയും അടിസ്ഥാനത്തിലാണ് സിവിൽ സർവ്വീസിനെ നിയമിക്കുന്നതെങ്കിലും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങൾക്കും പൊതു ഉദ്യോഗസ്ഥവൃന്ദത്തിൽ സ്ഥാനം ലഭിക്കുന്നതിനുള്ള അവസരവും ഭരണഘടന ഉറപ്പുവരുത്തുന്നു. ഈ ഉദ്ദേശത്തോടെ ദളിതർക്കും ആദിവാസികൾക്കും ഭരണഘടന തൊഴിൽ സംവരണം ഉറപ്പു നൽകുന്നു. പിൽക്കാലത്ത് സ്ത്രീകൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും സംവരണത്തിന് വ്യവസ്ഥ ചെയ്യുകയുണ്ടായി. ഈ വ്യവസ്ഥകൾ ഉദ്യോഗസ്ഥ വൃന്ദത്തെ കൂടുതൽ പ്രാതിനിധ്യമുള്ളതും ഒപ്പം തന്നെ സിവിൽ സർവ്വീസിലേക്കുള്ള നിയമനത്തിൽ സാമൂഹിക അസമത്വങ്ങൾ കടന്നു വരുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.



ഉദ്യോഗസ്ഥർ ജനങ്ങളെ സേവിക്കാനുള്ളവരാണെന്ന് എനിക്കറിയാം. എന്നാൽ ജനങ്ങളെല്ലായ്പോഴും ഈ ഉദ്യോഗസ്ഥരെ ഭയപ്പെടുകയും ഉദ്യോഗസ്ഥർ യജമാനന്മാരെപ്പോലെ പെരുമാറുകയും ചെയ്യുന്നു!

യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷൻ തെരഞ്ഞെടുക്കുന്ന ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇന്ത്യൻ പൊലീസ് സർവ്വീസ് എന്നിവയിലെ ഉദ്യോഗസ്ഥരാണ് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്നത്. ജില്ലാതലത്തിൽ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥനാണ് ജില്ലാ കളക്ടർ. കളക്ടർ സാധാരണയായി ഒരു ഐ.എ.എസ്. ഓഫീസറാണെന്നും

### സിവിൽ സർവ്വീസുകളുടെ വർഗ്ഗീകരണം
### (Classification of Civil Services)

| അഖിലേന്ത്യാ സർവ്വീസുകൾ (All India Services) | കേന്ദ്രസർവ്വീസുകൾ (Central Services) | സംസ്ഥാന സർവ്വീസുകൾ (State Services) |
|---|---|---|
| ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് | ഇന്ത്യൻ റവന്യൂ സർവ്വീസ് | സെയിൽസ് ടാക്സ് ഓഫീസേഴ്സ് |
| ഇന്ത്യൻ പോലീസ് സർവ്വീസ് | ഇന്ത്യൻ റയിൽവേ സർവ്വീസ് | |

കേന്ദ്ര ഗവൺമെന്റിന്റെ സേവന വേതന വ്യവസ്ഥകൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും നിങ്ങൾക്കറിയാമോ? ഒരു പ്രത്യേക സംസ്ഥാനത്തിൽ നിയമിതനാകുന്ന ഒരു ഐ.എ.എസ്. അല്ലെങ്കിൽ ഐ.പി.എസ്. ഓഫീസർ സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു. എന്നിരുന്നാലും കേന്ദ്രഗവൺമെന്റാണ് ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാരെ നിയമിക്കുന്നത്. അവർക്ക് കേന്ദ്ര സർവ്വീസിലേക്ക് തിരിച്ചുപോകാവുന്നതാണ്. ഏറ്റവും പ്രധാനമായി, അവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിനു മാത്രമേ കഴിയുകയുള്ളൂ. സംസ്ഥാനങ്ങളിലെ പ്രധാന ഉദ്യോഗസ്ഥർ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നു. യു.പി.എസ്.സി. നിയമിക്കുന്ന ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരെ കൂടാതെ, സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരും ചേർന്നാണ് സംസ്ഥാന ഭരണ നിർവ്വഹണം നടത്തുന്നത്. ഈ സവിശേഷത സംസ്ഥാനങ്ങളുടെ ഭരണത്തിനുമേൽ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണം ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഫെഡറലിസം എന്ന അദ്ധ്യായത്തിൽ നാം പിന്നീട് പഠിക്കും.

ഗവൺമെന്റിന്റെ ക്ഷേമ പദ്ധതികൾ ജനങ്ങളിൽ എത്തിച്ചേരാനുള്ള ഉപകരണമാണ് ഉദ്യോഗസ്ഥവൃന്ദം. എന്നാൽ മിക്കപ്പോഴും സർക്കാർ ഉദ്യോഗസ്ഥനെ സമീപിക്കാൻ ആളുകൾ ഭയപ്പെടുന്നു. സാധാരണ ജനങ്ങളുടെ ആവശ്യങ്ങളോടും പ്രതീക്ഷകളോടും അനുകൂലമല്ലാത്ത പ്രതികരണമാണ് ഉദ്യോഗസ്ഥവൃന്ദം സ്വീകരിച്ചിട്ടുള്ളത് എന്നതാണ് പൊതുവായ അനുഭവം. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾ ഉദ്യോഗസ്ഥ വൃന്ദത്തെ നിയന്ത്രിച്ചാൽ മാത്രമേ ചിലപ്രശ്നങ്ങളെങ്കിലും ഫലപ്രദമായി കൈകാര്യം ചെയ്യാൻ സാധിക്കൂ. അതേസമയംതന്നെ, അമിതമായ രാഷ്ട്രീയ ഇടപെടൽ ഉദ്യോഗസ്ഥവൃന്ദത്തെ രാഷ്ട്രീയക്കാരുടെ കൈകളിലെ ഉപകരണമായി മാറ്റുകയും ചെയ്യും. ഭരണഘടന, ഉദ്യോഗസ്ഥ വൃന്ദത്തിന്റെ നിയമനത്തിനുവേണ്ടി ഒരു സ്വതന്ത്ര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥരെ അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ രാഷ്ട്രീയ ഇടപെടലിൽനിന്നും സംരക്ഷിക്കാൻ ഒരു വ്യവസ്ഥയും ഇല്ല എന്ന് ധാരാളം ആളുകൾ ചിന്തിക്കുന്നു. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പൗരന്മാരോടുള്ള ഉത്തരവാദിത്വം ഉറപ്പാക്കുന്നതിന് ആവശ്യമായ വകുപ്പുകൾ ഇല്ല എന്ന തോന്നലും നിലനിൽക്കുന്നു. വിവരാവകാശംപോലുള്ള നടപടികൾ ചെറിയൊരളവുവരെ ഉദ്യോഗസ്ഥവൃന്ദത്തെ ചുമതലാബോധമുള്ളവരും ഉത്തരവാദിത്വമുള്ളവരാക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

## ഉപസംഹാരം

ആധുനിക കാലത്തെ കാര്യനിർവ്വഹണ വിഭാഗം ഗവൺമെന്റിന്റെ ശക്തമായ ഒരു സ്ഥാപനമാണ്. മറ്റു വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉന്നതമായ അധികാരങ്ങളാണ് കാര്യനിർവ്വഹണ വിഭാഗത്തിനുള്ളത്. ഇത് കാര്യനിർവ്വഹണ വിഭാഗത്തിനുമേൽ ജനാധിപത്യപരമായ ഒരു നിയന്ത്രണം അനിവാര്യമാക്കുന്നു. കാര്യനിർവ്വഹണ വിഭാഗം നിരന്തരമായ മേൽനോട്ടത്തിനും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണമെന്നുള്ള ഒരുൾക്കാഴ്ച ഭരണഘടന നിർമ്മാതാക്കൾക്കുണ്ടായിരുന്നു. അതുകൊണ്ടാണവർ പാർലമെന്ററി സമ്പ്രദായം സ്വീകരിച്ചത്. നിശ്ചിത ഇടവേളകളിലെ തെരഞ്ഞെടുപ്പുകളും അധികാരനിർവ്വഹണത്തിലുള്ള ഭരണഘടനാപരമായ നിയന്ത്രണവും ജനാധിപത്യരാഷ്ട്രീയവും ചേർന്ന് കാര്യനിർവ്വഹണ വിഭാഗത്തെ ഉത്തരവാദ പൂർണ്ണരാക്കി മാറ്റുന്നു.

## അഭ്യാസം

1. ഒരു പാർലമെന്ററി കാര്യനിർവ്വഹണ വിഭാഗം എന്നാൽ:

   a. ഒരു പാർലമെന്റുള്ള കാര്യനിർവഹണ വിഭാഗം.

   b. പാർലമെന്റ് തെരഞ്ഞെടുക്കുന്ന കാര്യനിർവ്വഹണ വിഭാഗം

   c. പാർലമെന്റ് കാര്യനിർവ്വഹണ വിഭാഗമായി പ്രവർത്തിക്കുന്നു.

   d. കാര്യനിർവ്വഹണ വിഭാഗം പാർലമെന്റിലെ ഭൂരിപക്ഷ പിന്തുണയെ ആശ്രയിക്കുന്നു.

2. ഈ സംഭാഷണം വായിക്കുക. ഏത് വാദഗതിയോടാണ് നിങ്ങൾ യോജിക്കുന്നത്? എന്തുകൊണ്ട്?

   അമിത് : ഭരണഘടന വ്യവസ്ഥകൾ പരിശോധിച്ചാൽ പ്രസിഡന്റ് ഒരു റബ്ബർ സ്റ്റാമ്പ് (Rubber stamp) ആണെന്ന് തോന്നും.

   ശ്യാമ : പ്രധാനമന്ത്രിയെ രാഷ്ട്രപതി നിയമിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന് പ്രധാനമന്ത്രിയെ മാറ്റാൻ അധികാരമുണ്ട്.

   രാജേഷ് : നമുക്ക് ഒരു രാഷ്ട്രപതിയുടെ ആവശ്യമില്ല. തെരഞ്ഞെടുപ്പിനുശേഷം, പാർലമെന്റ് ചേർന്ന് ഒരു നേതാവിനെ പ്രധാനമന്ത്രിയായി തെരഞ്ഞെടുത്താൽ മതിയാകും.

3. ചേരുംപടി ചേർക്കുക.

| | |
|---|---|
| i. നിയമിക്കപ്പെട്ട സംസ്ഥാനത്തിൽ ജോലി ചെയ്യുന്നു. | ഇന്ത്യൻ വിദേശ സർവ്വീസ് |
| ii. രാജ്യത്തിന്റെ തലസ്ഥാനത്തോ, രാജ്യത്തിനകത്തുള്ള മറ്റേതെങ്കിലും സ്ഥലത്തോ ഉള്ള കേന്ദ്രഗവൺമെന്റ് ഓഫീസിൽ ജോലി ചെയ്യുന്നു. | സംസ്ഥാന സിവിൽ സർവ്വീസ് |
| iii. അനുവദിക്കപ്പെടുന്ന പ്രത്യേക സംസ്ഥാനത്ത് ജോലി ചെയ്യുന്നു. താൽക്കാലികമായി കേന്ദ്രത്തിലേക്കും അയയ്ക്കപ്പെടാവുന്നതാണ് | അഖിലേന്ത്യാ സർവ്വീസ് |
| iv. ഇന്ത്യൻ ദൗത്യത്തിനുവേണ്ടി വിദേശത്ത് പ്രവർത്തിക്കുന്നു. | കേന്ദ്രസർവ്വീസ് |

4. താഴെപ്പറയുന്ന വാർത്തകൾ പുറപ്പെടുവിക്കുന്ന മന്ത്രാലയം കണ്ടെത്തുക. ഇത് കേന്ദ്രഗവൺമെന്റ് മന്ത്രാലയമാണോ? അതോ സംസ്ഥാന ഗവൺമെന്റിന്റെയോ? എന്തുകൊണ്ട്?

a. ഔദ്യോഗിക വിജ്ഞാപന പ്രകാരം 2004 – 05 ൽ VII, X, XI ക്ലാസ്സുകളിലെ പാഠപുസ്തകത്തിന്റെ നവീകരിച്ച പതിപ്പുകൾ തമിഴ്നാട് പാഠപുസ്തക കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

b. ഇരുമ്പയിര് കയറ്റുമതിക്കാരെ സഹായിക്കുന്നതിനുവേണ്ടി തിരക്കേറിയ തിരുവള്ളുർ–ചെന്നൈ മേഖലയിലൂടെ ഒരു പുതിയ റെയിൽപ്പാത കടന്നുപോകും. ഏകദേശം 80 കിലോമീറ്റർ നീളമുള്ള ഈ പുതിയ പാത പുട്ടൂരിൽ വച്ച് വഴിതിരിഞ്ഞ് തുറമുഖത്തിനു സമീപമുള്ള അത്തിപ്പട്ടു വരെ എത്തും.

c. രാമായൺ പേട്ട മണ്ഡലത്തിലെ കർഷക ആത്മഹത്യയെകുറിച്ച് പരിശോധിക്കുന്നതിനുവേണ്ടി രൂപീകരിച്ച 3 അംഗങ്ങളുള്ള സബ് ഡിവിഷണൽ കമ്മറ്റി, വിളവിലെ പരാജയം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് ഈ മാസം രണ്ട് കർഷകർ ആത്മഹത്യ ചെയ്തതെന്ന് കണ്ടെത്തി.

5. പ്രധാനമന്ത്രിയെ നിയമിക്കുമ്പോൾ, രാഷ്ട്രപതി തെരഞ്ഞെടുക്കുന്നത്:

a. ലോകസഭയിലെ ഏറ്റവും വലിയ കക്ഷിയുടെ നേതാവിനെ

b. ലോകസഭയിൽ ഭൂരിപക്ഷപിന്തുണയുള്ള മുന്നണിയിലെ വലിയ കക്ഷിയുടെ നേതാവിനെ

c. രാജ്യസഭയിലെ ഏറ്റവും വലിയ കക്ഷിയുടെ നേതാവിനെ

d. ലോകസഭയിൽ ഭൂരിപക്ഷ പിന്തുണയുള്ള മുന്നണിയുടെയോ കക്ഷിയുടെയോ നേതാവിനെ

6. ഈ ചർച്ച പരിശോധിച്ച് ഇന്ത്യക്ക് ബാധകമായിട്ടുള്ള വസ്തുത കണ്ടെത്തുക.

അലോക് : പ്രധാനമന്ത്രി ഒരു രാജാവിനെപ്പോലെയാണ്, അദ്ദേഹമാണ് നമ്മുടെ രാജ്യത്തെ എല്ലാ കാര്യങ്ങളും, തീരുമാനിക്കുന്നത്.

ശേഖർ : പ്രധാനമന്ത്രിക്ക് പ്രത്യേക അധികാരം യാതൊന്നും തന്നെയില്ല. അദ്ദേഹം 'തുല്യരിൽ ഒന്നാമൻ' മാത്രമാണ്. എല്ലാ മന്ത്രി മാർക്കും പ്രധാനമന്ത്രിക്കും ഒരേ അധികാരം തന്നെയാണ്.

ബോബി : ഗവൺമെന്റിന് പിന്തുണ നൽകുന്നവരുടേയും പാർട്ടി അംഗങ്ങ ളുടേയും പ്രതീക്ഷകൾക്ക് പരിഗണന നൽകേണ്ട ചുമതല പ്രധാന മന്ത്രിക്കുണ്ട്. എന്നാൽ എല്ലാറ്റിനുമുപരിയായി നയരൂപീകരണത്തിലും മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിനും പ്രധാനമന്ത്രിക്ക് വലിയ പങ്കുണ്ട്.

7. മന്ത്രിസഭയുടെ ഉപദേശം സ്വീകരിക്കാൻ പ്രസിഡന്റ് ബാധ്യസ്ഥനാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ട്? 100 വാക്കുകളിൽ കുറയാതെ നിങ്ങളുടെ ഉത്തരം നൽകുക.

8. പാർലമെന്ററി വ്യവസ്ഥയിലുള്ള കാര്യനിർവ്വഹണ വിഭാഗത്തിൽ കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കാനായി നിയമനിർമ്മാണ സഭക്ക് ഒട്ടനവധി അധികാരങ്ങൾ ഉണ്ട്. കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കേണ്ടതുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ട്?

9. ഭരണയന്ത്രത്തിന്റെ പ്രവർത്തനത്തിൽ അമിതമായ രാഷ്ട്രീയ സ്വാധീനമുണ്ടെന്ന് പറയപ്പെടുന്നു. മന്ത്രിമാരോട് ഉത്തരവാദിത്വം ഇല്ലാത്ത കൂടുതൽ സ്വയംഭരണസ്ഥാപനങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശി ക്കപ്പെട്ടിട്ടുണ്ട്.

   a ഭരണം കൂടുതൽ ജനകീയമാക്കുന്നതിന് ഇത് സഹായകരമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

   b. ഇത് ഭരണം കൂടുതൽ കാര്യക്ഷമമാക്കുമെന്ന് നിങ്ങൾ കരുതുന്നുവോ?

   c. ഭരണത്തിനുമേൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുള്ള പൂർണ്ണ നിയന്ത്രണം എന്നതാണോ ജനാധിപത്യം കൊണ്ട് അർത്ഥ മാക്കുന്നത്?

10. നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥവൃന്ദത്തിനു പകരം തെരഞ്ഞെടു ക്കപ്പെടുന്ന ഉദ്യോഗസ്ഥവൃന്ദം എന്ന നിർദ്ദേശത്തെക്കുറിച്ച് ഇരുന്നൂറ് വാക്കുകളിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

B4U3P5

## അധ്യായം 5

# നിയമനിർമാണ സഭ

## (LEGISLATURE)

### ആമുഖം

*ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യത്തെക്കുറിച്ചും അതിന് നാം സ്വീകരിച്ച രീതികളെക്കുറിച്ചും മുൻ അധ്യായത്തിൽ നിങ്ങൾ പഠിച്ചുവല്ലോ ? നിയമ നിർമ്മാണ സഭകൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുകയും അവ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുത്ത നിയമ നിർമ്മാണ സഭകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും ജനാധിപത്യ ഗവൺമെന്റുകളെ നിലനിർത്തുന്നതിൽ അവ എങ്ങനെ സഹായിക്കുന്നുവെന്നും നാം ഈ പാഠഭാഗത്തിൽ പഠിക്കുന്നു. ഇന്ത്യൻ പാർലമെന്റ്, സംസ്ഥാന നിയമ നിർമ്മാണ സഭകൾ എന്നിവയുടെ ഘടന, പ്രവർത്തനം, ജനാധിപത്യ ഗവൺമെന്റുകളിലുള്ള അവയുടെ പ്രാധാന്യം എന്നിവയെപ്പറ്റി നമുക്ക് ഈ പാഠഭാഗത്ത് നിന്നും മനസ്സിലാക്കുവാൻ സാധിക്കും. ഈ അധ്യായം വായിക്കുന്നതിലൂടെ:*

- *നിയമ നിർമ്മാണ സഭകളുടെ പ്രാധാന്യം;*
- *ഇന്ത്യൻ പാർലമെന്റിന്റെ ഘടന, അധികാരം, പ്രവർത്തനം;*
- *നിയമ നിർമ്മാണ പ്രക്രിയ;*
- *പാർലമെന്റ് കാര്യനിർവഹണ വിഭാഗത്തെ എങ്ങനെ നിയന്ത്രിക്കുന്നു;*
- *എങ്ങനെ പാർലമെന്റ് സ്വയം നിയന്ത്രിക്കപ്പെടുന്നു എന്നിവയെല്ലാം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.*

## നമുക്ക് ഒരു നിയമനിർമ്മാണ സഭയുടെ ആവശ്യമെന്ത്? (WHY DO WE NEED A PARLIAMENT?)

നിയമ നിർമ്മാണ സഭ കേവലം നിയമം നിർമ്മിക്കുവാൻമാത്രമുള്ള ഒരു സമിതി അല്ല. അവയുടെ വിവിധ പ്രവർത്തനങ്ങളിൽ ഒന്നുമാത്രമാണ് നിയമനിർമ്മാണം. എല്ലാ ജനാധിപത്യ രാഷ്ട്രീയ പ്രക്രിയകളുടെയും സിരാകേന്ദ്രമാണ് നിയമനിർമ്മാണ സഭകൾ. സഭ ബഹിഷ്ക്കരിക്കൽ, പ്രതിഷേധങ്ങൾ, പ്രകടനങ്ങൾ, ഐക്യപ്പെടലുകൾ, സഹകരണങ്ങൾ എന്നിവയൊക്കെ സഭയുടെ പ്രവർത്തനത്തിൽ മിക്കപ്പോഴും ദൃശ്യമാണ്. ഇവയിലോരോന്നിനും ചില അടിസ്ഥാന ലക്ഷ്യങ്ങളുമുണ്ട്. കാര്യക്ഷമവും ഫലപ്രദവും പ്രാതിനിധ്യ സ്വഭാവവുമുള്ള നിയമനിർമാണ സഭകൾ ഒരു ജനാധിപത്യത്തിന്റെ വിജയത്തിന് തീർച്ചയായും അനിവാര്യമാണ്. ജനപ്രതിനിധികൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണ സഭകൾക്ക് വലിയ പങ്കുണ്ട്. തീർച്ചയായും ഇത് പ്രാതിനിധ്യ ജനാധിപത്യത്തിന്റെ അടിസ്ഥാന തത്ത്വമാണ്.

മിക്കവാറും ജനാധിപത്യ രാജ്യങ്ങളിൽ കേന്ദ്രസ്ഥാനം നിയമനിർമ്മാണ സഭയിൽ നിന്നും കാര്യനിർവ്വഹണ വിഭാഗത്തിലേക്ക് വഴിമാറുന്നതായി കാണാം. നയങ്ങൾ രൂപീകരിക്കുന്നതും ഭരണത്തിന്റെ അജണ്ട തീരുമാനിക്കുന്നതും അവ നടപ്പിലാക്കുന്നതും കാബിനറ്റാണ്. ഇന്ത്യയിലും ഇതാണ് സ്ഥിതി. ഇത്തരം കാരണങ്ങളാൽ വിമർശകർ പാർലമെന്റിന്റെ സ്ഥാനം ക്ഷയിച്ചു വരികയാണെന്ന് അഭിപ്രായപ്പെടുന്നുണ്ട് എത്ര ശക്തമായ കാബിനറ്റാണ് നിലവിലുള്ളതെങ്കിൽ പോലും അതിന് നിയമനിർമ്മാണ സഭയിൽ ഭൂരിപക്ഷം അനിവാര്യമാണ്. എത്ര ശക്തനായ നേതാവാണെങ്കിലും അദ്ദേഹം പാർലമെന്റിനെ അഭിമുഖീകരിക്കുകയും അവിടെ നിന്നുയരുന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ തരത്തിൽ മറുപടി നൽകേണ്ടതായുംവരും. ഇവിടെയാണ് പാർലമെന്റിന്റെ യഥാർത്ഥ ജനാധിപത്യ ശക്തി കുടികൊള്ളുന്നത്. ഏറ്റവും ജനാധിപത്യപരവും തുറന്നതുമായ സംവാദങ്ങളുടെ മികച്ച വേദികളിലൊന്നായി ഇത് കരുതപ്പെടുന്നു. ഗവൺമെന്റിന്റെ മറ്റേത് ഘടകങ്ങളെക്കാളും ഏറ്റവും പ്രാതിനിധ്യ സ്വഭാവമുള്ള ഘടകമാണ് പാർലമെന്റെന്ന് അതിന്റെ ഘടന പരിശോധിച്ചാൽ മനസ്സിലാകും. മുകളിൽ പറഞ്ഞതിനുപരിയായി ഗവൺമെന്റിനെ തെരഞ്ഞെടുക്കുവാനും പിരിച്ചുവിടുവാനും പാർലമെന്റിന് അധികാരമുണ്ട്.

**പ്രവർത്തനം**

താഴെ കൊടുത്തിരിക്കുന്ന പത്ര വാർത്തകൾ വായിച്ചതിനുശേഷം നിയമനിർമ്മാണ സഭകൾ ഇല്ലാതിരുന്നാൽ എന്താണ് സംഭവിക്കുകയെന്ന് ചിന്തിക്കുക. ഓരോ പത്ര റിപ്പോർട്ടും വായിച്ചതിനു ശേഷം എങ്ങനെയാണ് നിയമനിർമ്മാണ സഭ, കാര്യനിർവഹണ വിഭാഗത്തെ നിയന്ത്രിക്കുന്നതിൽ വിജയിക്കുന്നതും പരാജയപ്പെടുന്നതെന്നും പ്രസ്താവിക്കുക.

- 2002 ഫെബ്രുവരി – 28: കേന്ദ്ര ധനകാര്യമന്ത്രി ജസ്വന്ത് സിങ്ങ്, കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശത്തിൽ 50 കിലോഗ്രാം യൂറിയയുടെ ചാക്കിന്മേൽ 12 രൂപയുടെ വർധനവും മറ്റു രണ്ടു രാസവളങ്ങളിൽ ഏകദേശം 5 ശതമാനത്തിന്റെ ചെറിയ വിലവർദ്ധനവും പഖ്യാപിച്ചു. നിലവിൽ ഒരു ടൺ യൂറിയയുടെ വിലയായ 4830 രൂപയുടെ 80 ശതമാനംവരെ സബ്സിഡിയായി ലഭിച്ചിരുന്നു.
- 2002 മാർച്ച് 11 ന് കേന്ദ്രധനകാര്യമന്ത്രിക്ക് പ്രതിപക്ഷത്തിന്റെ ശക്തമായ പ്രധിഷേധത്തെ തുടർന്ന് രാസവളങ്ങളുടെ വിലവർധനാ തീരുമാനം പിൻവലിക്കേണ്ടി വന്നു. (ദി ഹിന്ദു, 2002 മാർച്ച് 12)
- 1998 ജൂൺ 4 ന് ലോകസഭ, യൂറിയയുടെയും പെട്രാളിന്റെയും വില വർധനവിനെതിരെയുള്ള ശക്തമായ പ്രതിഷേധത്തിന് സാക്ഷ്യംവഹിച്ചു. മുഴുവൻ പ്രതിപക്ഷ കക്ഷികളും സഭ ബഹിഷ്ക്കരിച്ചു. ഈ വിഷയം രണ്ടു ദിവസത്തോളം സഭയെ ഇളക്കി മറിക്കലിനും സഭാ ബഹിഷ്ക്കരണത്തിനും വഴിവെച്ചു യുറിയയുടെ സബ്സിഡി കുറയ്ക്കുന്നതിന്റെ ഭാഗമായി ധനകാര്യമന്ത്രി കിലോഗ്രാമിന് 50 പൈസയുടെ വർദ്ധന ബഡ്ജറ്റിൽ നിർദ്ദേശച്ചിരുന്നു. എന്നാൽ പ്രതിപക്ഷത്തിന്റെ ശക്തമായ പ്രതിഷേധം ധനകാര്യമന്ത്രി യശ്വന്ത് സിൻഹയെ വിലകുറക്കുന്നതിനു പ്രേരിപ്പിച്ചു. (ഹിന്ദുസറാൻ ടൈംസ്, 1998 ജൂൺ 4, 5)
- 1983 ഫെബ്രുവരി 22ന് ഒരു അസാധാരണ നീക്കത്തിലൂടെ ലോകസഭ ഇന്ന് അതിന്റെ ഔദ്യോഗിക നടപടികൾ നിർത്തിവെച്ചു കൊണ്ട് ആസാം പ്രശ്നം ചർച്ചചെയ്യുന്നതിന് മുൻഗണന നൽകി. ആസാമിൽ താമസിച്ചു കൊണ്ടിരിക്കുന്ന വ്യത്യസ്ത സമുദായങ്ങളും വിഭാഗങ്ങളും തമ്മിൽ സഹകരണം വളർത്തിയെടുക്കുന്നതിന് സഭയിലെ എല്ലാ അംഗങ്ങളും അവരുടെ നയകാഴ്ചപ്പാടുകൾക്കതീതമായി സഹകരിക്കണമെന്ന് ആഭ്യന്തര മന്ത്രി പി.സി. സേത്തി ഒരു പ്രസ്താവന നടത്തി. ഇപ്പോൾ വേണ്ടത് വിദ്വേഷമല്ല മറിച്ച് സാന്ത്വന സ്പർശമാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. (ഹിന്ദുസ്ഥാൻ ടൈംസ്, 1983 ഫെബ്രുവരി 22)
- ആന്ധ്രപ്രദേശിലെ ഹരിജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളിൽ പ്രതിഷേധിച്ച് കോൺഗ്രസ്സ് അംഗങ്ങൾ സഭയിൽ പ്രതിഷേധമുയർത്തി (ദ ഹിന്ദു, 1985 മാർച്ച് 3)

## നമുക്ക് രണ്ട് സഭകളുള്ള പാർലമെന്റിന്റെ ആവശ്യമെന്ത്? (WHY DO WE NEED TWO HOUSES OF PARLIAMENT?)

ദേശീയ നിയമനിർമ്മാണ സഭയാണ് പാർലമെന്റ്. സംസ്ഥാനങ്ങളുടെ നിയമ നിർമ്മാണ സഭയാണ് സംസ്ഥാന നിയമസഭ (State legislature).ഇന്ത്യൻ പാർലമെന്റിന് രണ്ടു സഭകളുണ്ട്. രണ്ട് സഭകളുള്ള നിയമനിർമ്മാണ സഭയെ ദ്വിമണ്ഡല നിയമനിർമ്മാണ സഭയെന്നാണ് (bicameral legislature) വിളിക്കുന്നത്. ഇന്ത്യൻ പാർലമെന്റിന്റെ രണ്ട് സഭകളാണ് രാജ്യസഭയും ലോകസഭയും. രാജ്യസഭയെ സംസ്ഥാനങ്ങളുടെ കൗൺസിൽ (Council of States) എന്നും ലോകസഭയെ ജനങ്ങളുടെ സഭയെന്നും (House of People) എന്നും അറിയപ്പെടുന്നു. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഏക മണ്ഡല നിയമനിർമ്മാണ സഭയോ (unicameral legislature) ദ്വിമണ്ഡല നിയമനിർമ്മാണ സഭയോ സ്വീകരിക്കുവാനുള്ള അവകാശം ഭരണഘടന നൽകിയിട്ടുണ്ട്. ഇന്ത്യയിൽ ഇപ്പോൾ 7 സംസ്ഥാനങ്ങളിൽ ദ്വിമണ്ഡല നിയമനിർമ്മാണ സഭയുണ്ട്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ എല്ലാ മേഖലകൾക്കും പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് വളരെ




ഇന്ത്യയിൽ ദ്വിമണ്ഡല നിയമ നിർമ്മാണസഭകളുള്ള സംസ്ഥാനങ്ങൾ,
ആന്ധ്രാപ്രദേശ്,
ബീഹാർ,
ജമ്മുകാശ്മീർ,
കർണ്ണാടക,
മഹാരാഷ്ട്ര,
തെലുങ്കാന,
ഉത്തർപ്രദേശ്

വലുതും വൈവിധ്യങ്ങൾ നിറഞ്ഞതുമായ രാജ്യങ്ങൾ ദ്വിമണ്ഡല നിയമനിർമ്മാണ സഭകൾ സ്വീകരിച്ചിട്ടുള്ളത്. ദ്വിമണ്ഡല നിയമനിർമ്മാണ സഭയ്ക്ക് മറ്റൊരു നേട്ടം കൂടിയുണ്ട്. ദ്വിമണ്ഡല നിയമനിർമ്മാണ സഭകൾ എല്ലാ തീരുമാനങ്ങളും പുനഃപരിശോധനക്കുള്ള അവസരം ഉറപ്പു വരുത്തുന്നുണ്ട്. ഒരു സഭ എടുക്കുന്ന എല്ലാ തീരുമാനങ്ങളും മറ്റ് സഭയിലേക്കും അംഗീകാരത്തിനായി അയക്കുന്നു. ഇതിന്റെ അർത്ഥം ഓരോ ബില്ലും നയവും രണ്ടു പ്രാവശ്യം ചർച്ച ചെയ്യപ്പെടുന്നു എന്നതാണ്. ഇത് എല്ലാ കാര്യങ്ങളിലും ഒരു ഇരട്ട പരിശോധന ഉറപ്പുവരുത്തുന്നു. മാത്രമല്ല, വേണ്ടത്ര കൂടിയാലോചനകൾ കൂടാതെ ഒരു സഭ തിരക്കിട്ട് തീരുമാനമെടുത്താൽപോലും അത് മറ്റേ സഭയിൽ പുനഃപരിശോധിക്കുവാനുള്ള അവസരം ദ്വിമണ്ഡല നിയമനിർമ്മാണ സഭയിൽ സാധ്യമാകും.

> "....... പുനപ്പരിശോധന നടത്തുന്ന സമിതി എന്ന നിലയിൽ... ഉപരിസഭ ഉപകാരപ്രദമായ ചുമതല നിർവഹിക്കുന്നു... അതിന്റെ വോട്ടുകളല്ല, കാഴ്ചപ്പാടുകകളായിരിക്കും പരിഗണിക്കപ്പെട്ടേക്കുക... പ്രശ്നകലുഷിതമായ സജീവ രാഷ്ട്രീയത്തിൽ ഇടപെടാൻ സാധിക്കാത്തവർക്ക് അധോസഭയെ ഉപദേശിക്കുവാൻ സാധിക്കും"
>
> പൂർണിമ ബാനർജി
> സിഎഡി, Vol.IX, പേജ് 33,30 ജൂലൈ 1949

## രാജ്യ സഭ (Rajya Sabha)

പാർലമെന്റിന്റെ ഇരു സഭകളിലേക്കുമുള്ള പ്രാതിനിധ്യത്തിന്റെ അടിസ്ഥാനം വ്യത്യസ്തമാണ്. രാജ്യസഭ ഇന്ത്യയിലെ സംസ്ഥാനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. പരോക്ഷമായ തിരഞ്ഞെടുപ്പ് രീതിയിലൂടെയാണ് രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. സംസ്ഥാന നിയമ സഭയിലേക്ക് ജനങ്ങൾ നേരിട്ട് പ്രതിനിധികളെ തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ പ്രതിനിധികൾ (MLA മാർ) അവരവരുടെ സംസ്ഥാനങ്ങളിലെ രാജ്യസംഭാംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

രാജ്യസഭയിലേക്ക് പ്രാതിനിധ്യം നൽകുന്നതുമായി ബന്ധപ്പെട്ട് രണ്ട് തത്ത്വങ്ങൾ നിലനിൽക്കുന്നു. ഒരു രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങൾക്കും/പ്രദേശങ്ങൾക്കും അതിന്റെ വലിപ്പമോ ജനസംഖ്യയോ പരിഗണിക്കാതെ തുല്യമായ പ്രാതിനിധ്യം നൽകുന്നതാണ് ഒന്നാമത്തെ തത്ത്വം. ഇതിനെ സമതുലിത പ്രാതിനിധ്യം എന്നാണ് വിളിക്കുന്നത് (symmetrical representation) എന്നാൽ രണ്ടാമത്തെ തത്ത്വമനുസരിച്ച് സംസ്ഥാനങ്ങളിലെ/പ്രദേശങ്ങളിലെ ജനസംഖ്യക്കാനുപാതികമായി രണ്ടാം മണ്ഡലത്തിലേക്കുള്ള പ്രാതിനിധ്യം അനുവദിക്കുന്നു. ഇതു പ്രകാരം കൂടുതൽ ജനസംഖ്യയുള്ള പ്രദേശങ്ങൾക്ക്/സംസ്ഥാനങ്ങൾക്ക് കൂടുതൽ അംഗങ്ങളെ രണ്ടാമത്തെ മണ്ഡലത്തിലേക്ക് തെരഞ്ഞെടുക്കുവാൻ സാധിക്കും.

അമേരിക്കയിൽ എല്ലാ സംസ്ഥാനങ്ങൾക്കും സെനറ്റിൽ തുല്യ പ്രാതിനിധ്യമാണുള്ളത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും തുല്യത ഉറപ്പുവരുത്തുന്നു. ചെറിയ

സംസ്ഥാനങ്ങൾക്കും വലിയ സംസ്ഥാനങ്ങൾക്കും തുല്യമായ പ്രാതിനിധ്യം ലഭിക്കുന്നുവെന്നതാണ് ഇതുകൊണ്ടർത്ഥാക്കുന്നത്. ഇന്ത്യയിലെ രാജ്യസഭയിൽ നാം സ്വീകരിച്ച പ്രാതിനിധ്യ സമ്പ്രദായം അമേരിക്കയിൽ നിന്നും വ്യത്യസ്തമാണ്. ഓരോ സംസ്ഥാനത്ത് നിന്നും രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം ഭരണഘടനയുടെ നാലാം പട്ടികയിൽ നൽകിയിട്ടുണ്ട്.

അമേരിക്കയിൽ നിലനിൽക്കുന്ന തുല്യ പ്രാതിനിധ്യം എന്ന വ്യവസ്ഥ നാം രാജ്യസഭയിൽ പിന്തുടരുകയാണെങ്കിൽ എന്താണ് സംഭവിക്കുക? 1998.12 ലക്ഷം ജനങ്ങളുള്ള ഉത്തർപ്രദേശിനും കേവലം 6.10 ലക്ഷം ജനങ്ങളുള്ള സിക്കിമിനും തുല്യമായ പ്രാതിനിധ്യം മാത്രമേ ലഭിക്കുകയുള്ളൂ. ഭരണഘടനാ നിർമാതാക്കൾ അത്തരം വിവേചനങ്ങൾ തടയുവാൻ ആഗ്രഹിച്ചു. ഇന്ത്യയിൽ കുറഞ്ഞ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന പ്രതിനിധികളെക്കാൾ കൂടുതൽ പ്രതിനിധികളെ ജനസംഖ്യ കൂടുതലുള്ള സംസ്ഥാനങ്ങൾക്കു ലഭിക്കും. ഇതു പ്രകാരം കൂടുതൽ ജനസംഖ്യയുള്ള ഉത്തർപ്രദേശിന് 31 അംഗങ്ങളെ രാജ്യസഭയിലേക്ക് അയക്കുവാൻ സാധിക്കുമ്പോൾ കുറഞ്ഞ ജനസംഖ്യയുള്ള സിക്കിമിന് ഒരു സീറ്റ് മാത്രമേ രാജ്യ സഭയിൽ ഉണ്ടാവുകയുള്ളൂ.

രാജ്യസഭയിലെ അംഗങ്ങളെ 6 വർഷ കാലയളവിലേക്ക് തെരഞ്ഞെടുക്കുന്നു. അംഗങ്ങൾക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ട്. രാജ്യസഭയിലെ എല്ലാ അംഗങ്ങളുടെയും കാലാവധി പൂർത്തിയാകുന്നത് ഒരേ സമയത്തല്ല. ഓരോ രണ്ടു വർഷം കൂടുമ്പോഴും രാജ്യസഭയിലെ കാലാവധി പൂർത്തീകരിച്ച് മൂന്നിൽ ഒന്ന് അംഗങ്ങൾ പിരിഞ്ഞുപ്പോവുകയും ആ ഒഴിവിലേക്ക് പുതിയ തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്യുന്നു.

**ജർമ്മനിയിലെ ദ്വിമണ്ഡല വ്യവസ്ഥ**

ദ്വിമണ്ഡല നിയമനിർമ്മാണ സഭയാണ് ജർമ്മനിയിലുള്ളത്. ഫെഡറൽ അസംബ്ലി (Bundestag) ഫെഡറൽ കൗൺസിൽ (Bundesrat) എന്നീ പേരുകളിലാണ് ജർമ്മനിയിലെ രണ്ടു സഭകൾ അറിയപ്പെടുന്നത്. പ്രത്യക്ഷ പ്രാതിനിധ്യവും ആനുപാതിക പ്രാതിനിധ്യവും യോജിപ്പിച്ചുകൊണ്ടുള്ള ഒരു സങ്കീർണ്ണ പ്രക്രിയയിലൂടെ 4 വർഷക്കാലത്തേക്കാണ് ഫെഡറൽ അസംബ്ലിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത്.

ജർമനിയിലെ 16 ഫെഡറൽ സംസ്ഥാനങ്ങളാണ് ഫെഡറൽ കൗൺസിലിനെ പ്രതിനിധീകരിക്കുന്നത്. ഫെഡറൽ കൗൺസിലിലെ (Bundesrat) 69 സീറ്റുകൾ ജനസംഖ്യാനുപാതികയായി സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നു. സംസ്ഥാനതലത്തിലെ മന്ത്രിമാരായിരിക്കും സാധരണഗതിയിൽ ഫെഡറൽ കൗൺസിലിലെ അംഗങ്ങൾ; ഫെഡറൽ സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളാൽ ഇവർ നിയമിക്കപ്പെടുകയാണ് ചെയ്യുന്നത് അല്ലാതെ തെരഞ്ഞെടുക്കപ്പെടുകയല്ല. ജർമനിയിലെ നിയമമനുസരിച്ച് സംസ്ഥാന ഗവൺമെന്റുകളുടെ നിർദേശാനുസരണം ഒരു സംസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒരു ഗ്രൂപ്പായിട്ടാണ് ഫെഡറൽ കൗൺസലിൽ വോട്ട് രേഖപ്പെടുത്തേണ്ടത്. സംസ്ഥാനങ്ങളിൽ ചിലപ്പോഴൊക്കെ കൂട്ടുകക്ഷി ഗവൺമെന്റായിതിനാൽ അംഗങ്ങൾ തമ്മിൽ സമവായത്തിലെത്തുവാൻ സാധിക്കാതെ വരികയും അവർ വിട്ടുനിൽക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നു.

എല്ലാ നിയമനിർമ്മാണ പ്രക്രിയയിലും ഫെഡറൽ കൗൺസിൽ വോട്ട് രേഖപ്പെടുത്താറില്ല. എന്നാൽ ഫെഡറൽ സംസ്ഥാനങ്ങൾക്ക് കൺ കറന്റ് അധികാരമുള്ള എല്ലാ നയപരമായ കാര്യങ്ങളിൽ ഫെഡറൽ കൗൺസിലിന്റെ അംഗീകാരത്തോടെ പാസ്സാക്കിയിരിക്കണം. ഇത്തരം വിഷയങ്ങളിലുള്ള നിയമനിർമ്മാണത്തെ വീറ്റോ ചെയ്യുവാനും ഫെഡറൽ കൗൺസിലിനധികാരമുണ്ട്.

ഈ കാരണത്താൽ രാജ്യസഭ ഒരിക്കലും പിരിച്ചു വിടാറില്ല. അതിനാൽ ഇതിനെ പാർലമെന്റിന്റെ സ്ഥിരം സഭയെന്നാണ് വിളിക്കുന്നത്. ലോകസഭ പിരിച്ചു വിടുകയും പുതിയ തിരഞ്ഞെടുപ്പ് നടക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ പോലും രാജ്യസഭ വിളിച്ചു കൂട്ടാനും അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനും ഇതുമൂലം സാധിക്കുന്നു.

രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ കൂടാതെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുണ്ട്. സാഹിത്യം, കല, സാമൂഹ്യസേവനം, സയൻസ് തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വ്യക്തികളിൽ നിന്നും 12 അംഗങ്ങളെ രാജ്യസഭയിലേക്ക് നാമ നിർദ്ദേശം ചെയ്യാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്

**പ്രവർത്തനം**

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണം കണ്ടെത്തുക. 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനങ്ങളുടെ ജനസംഖ്യയും അവരുടെ രാജ്യസഭ പ്രാതിനിധ്യവും കാണിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.



*കായികതാരങ്ങളെയും കലാകാരൻമാരെയും ശാസ്ത്രജ്ഞരെയും രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആരെയാണ് അവർ പ്രതിനിധീകരിക്കുന്നത്? അവർ യഥാർത്ഥത്തിൽ രാജ്യസഭയുടെ നടപടിക്രമങ്ങളിൽ എന്തെങ്കിലും സംഭാവന ചെയ്യുന്നുണ്ടോ?*

## ലോക സഭ (Lok Sabha)

ലോക സഭയിലേക്കും സംസ്ഥാന നിയമസഭയിലേക്കുമുള്ള പ്രതിനിധികളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. ലോകസഭയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി രാജ്യത്തെ (സംസ്ഥാന നിയമസഭയാണെങ്കിൽ, സംസ്ഥാനത്തെ) ഏകദേശം തുല്യ ജനസംഖ്യാനുപാതത്തിലുള്ള വിവിധ നിയോജക മണ്ഡലങ്ങളാക്കി തിരിച്ചിരിക്കുന്നു. സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനപ്പെടുത്തി ഓരോ മണ്ഡലത്തിൽ നിന്നും ഒരുപ്രതിനിധിയെ വീതം തെരഞ്ഞെടുക്കുന്നു. സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശപ്രകാരം ഓരോ വ്യക്തിയുടെയും, വോട്ടിന്റെ മൂല്യം തുല്യമായിരിക്കും. രാജ്യത്ത് നിലവിൽ 543 ലോകസഭ നിയോജക മണ്ഡലങ്ങളാണ് ഉള്ളത്. 1971 മുതൽ ഇതിന് മാറ്റം വന്നിട്ടില്ല.

ലോകസഭയുടെ പരമാവധി കാലാവധി 5 വർഷമാണ്. കാര്യ നിർവഹണ വിഭാഗം എന്ന മുൻ അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, രാഷ്ട്രീയ പാർട്ടികൾക്കോ കൂട്ടുകക്ഷി മുന്നണികൾക്കോ തെരഞ്ഞെടുപ്പിനു ശേഷം ഒരു ഗവൺമെന്റിന് രൂപം കൊടുക്കാൻ സാധിക്കാതെ വരികയോ അല്ലെങ്കിൽ പ്രധാനമന്ത്രി രാഷ്ട്രപതിയോട് ലോകസഭ പിരിച്ചു വിട്ട് പുതിയ തിരഞ്ഞെടുപ്പ് നടത്തുവാൻ ഉപദേശിക്കുകയോ ചെയ്യുകയാണെങ്കിൽ കാലാവധിയ്ക്ക് മുമ്പ് ലോകസഭ പിരിച്ചു വിടാവുന്നതാണ്.

### പഠനപുരോഗതി വിലയിരുത്തുക

- രാജ്യസഭയുടെ ഘടന ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പദവിയെ സംരക്ഷിക്കുന്നുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- രാജ്യസഭയിലേക്കുള്ള പരോക്ഷ തെരഞ്ഞെടുപ്പിനു പകരം പ്രത്യക്ഷ തെരഞ്ഞെടുപ്പ് നടപ്പിലാക്കുന്നതിനോടുള്ള നിങ്ങളുടെ അഭിപ്രായം എന്താണ്? ഇതിന്റെ ഗുണങ്ങളും ദോഷങ്ങളും എന്തായിരിക്കും?
- 1971 മുതൽ ലോക്സഭ സീറ്റുകളുടെ എണ്ണത്തിന് മാറ്റം വന്നിട്ടില്ല. ലോകസഭ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അങ്ങനെയാണെങ്കിൽ അതിന്റെ അടിസ്ഥാനം എന്തായിരിക്കണം?

## പാർലമെന്റ് ചെയ്യുന്നത് എന്തെല്ലാമാണ്? (WHAT DOES THE PARLIAMENT DO?)

നിയമ നിർമ്മാണ സഭയുടെ ചുമതലകൾ എന്തെല്ലാമാണ്? പാർലമെന്റിന്റെ രണ്ടു സഭകളുടെയും പ്രവർത്തനങ്ങൾ ഒരുപോലെയാണോ? രണ്ടുസഭകളുടെയും അധികാരങ്ങളിൽ വ്യത്യാസമുണ്ടോ?

നിയമനിർമ്മാണം കൂടാതെ മറ്റു പല ചുമതലകളും പാർലമെന്റ് നിർവഹിക്കുന്നുണ്ട്. പാർലമെന്റിന്റെ ചുമതലകളെ നമുക്ക് ക്രമപ്പെടുത്താം.

- നിയമനിർമ്മാണ ചുമതലകൾ: രാജ്യത്തിനുവേണ്ടി നിയമനിർമ്മാണം നടത്തുന്നത് പാർലമെന്റാണ്. നിയമനിർമ്മാണമാണ് പാർലമെന്റിന്റെ മുഖ്യ ചുമതലയെങ്കിലും പലപ്പോഴും പാർലമെന്റ് നിയമനിർമ്മാണത്തിനു അംഗീകാരം കൊടുക്കുകമാത്രമേ ചെയ്യാറുള്ളൂ. ഒരു ബില്ലിന്റെ കരട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരാണ്. ഒരു ബില്ലിന്റെ ഉള്ളടക്കവും അതിന്റെ അവതരണ സമയവും തീരുമാനിക്കുന്നത് കാബിനറ്റാണ്. കാബിനറ്റിന്റെ അംഗീകാരമില്ലാതെ പ്രധാന ബില്ലുകളൊന്നും പാർലമെന്റിൽ അവതരിപ്പിക്കുവാൻ സാധിക്കുകയില്ല. മന്ത്രിമാരല്ലാത്ത അംഗങ്ങൾക്കും പാർലമെന്റിൽ ബില്ലുകൾ അവതരിപ്പിക്കാമെങ്കിലും ഗവൺമെന്റിന്റെ പിന്തുണയില്ലാതെ പാസ്സാക്കിയെടുക്കുവാൻ സാധിക്കുകയില്ല.
- കാര്യനിർവണ വിഭാഗത്തെ നിയന്ത്രിക്കുകയും അതിന്റെ ഉത്തരവാദിത്വനിർവഹണം ഉറപ്പുവരുത്തുകയും ചെയ്യുക: കാര്യനിർവഹണ വിഭാഗം അതിന്റെ അധികാര പരിധി ലംഘിക്കുന്നില്ലെന്നും തെരഞ്ഞെടുത്ത ജനങ്ങളോട് ഉത്തരവാദിത്വം പുലർത്തുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത് പാർലമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ്. പാർലമെന്റിന്റെ ഈ ചുമതലയെക്കുറിച്ച് ഈ അധ്യായത്തിന്റെ മറ്റൊരു ഭാഗത്ത് വിശദമായി നമുക്ക് പരിശോധിക്കാം.
- സാമ്പത്തിക ചുമതല: ഗവൺമെന്റ് പലകാര്യങ്ങൾക്കും വേണ്ടി ധാരാളം പണം ചെലവഴിക്കുന്നുണ്ട്. ഈ പണം എവിടെ നിന്നും ലഭിക്കുന്നു? ഗവൺമെന്റിന്റെ

പ്രവർത്തനങ്ങൾക്കുള്ള പണം (വിഭവങ്ങൾ) കണ്ടെത്തുന്നത് പലതരം നികുതികളിലൂടെയാണ്. ഒരു ജനാധിപത്യ വ്യവസ്ഥയിൽ നികുതി ചുമത്തൽ പ്രക്രിയയെയും ഗവൺമെന്റിന്റെ പണം ചെലവഴിക്കുന്ന മാർഗ്ഗങ്ങളെയും നിയന്ത്രിക്കുന്നത് നിയമനിർമ്മാണ സഭകളാണ്. ലോകസഭയുടെ അംഗീകാരത്തോടെ മാത്രമേ ഇന്ത്യാഗവൺമെന്റിന് പുതിയ നികുതി ചുമത്തുവാൻ സാധിക്കുകയുള്ളു. ഗവൺമെന്റിന് അതിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള വിഭവങ്ങൾ അനുവദിക്കുന്നത് പാർലമെന്റിന്റെ സാമ്പത്തിക അധികാരത്തിൽപ്പെട്ടതാണ്. സമാഹരിക്കാനാഗ്രഹിക്കുന്ന വിഭവങ്ങളെക്കുറിച്ചും ചെലവഴിച്ച പണത്തെക്കുറിച്ചുമുള്ള ഒരു കണക്ക് ഗവൺമെന്റുകൾ നിയമനിർമ്മാണ സഭയ്ക്ക് മുന്നിൽ അവതരിപ്പിച്ചിരിക്കണം. സർക്കാർ പണം ദുർവിനിയോഗം ചെയ്യുന്നില്ലെന്നും അതുപോലെ അമിതമായി പണം ചെലവഴിക്കുന്നില്ലെന്നും നിയമനിർമ്മാണസഭ ഉറപ്പുവരുത്തുന്നു. സർക്കാരിന്റെ വാർഷിക ധനകാര്യ അവലോകനത്തിലൂടെയും ബജറ്റിലൂടെയുമാണ് ഇത് സാധ്യമാകുന്നത്.

**കാർട്ടൂൺ വായിക്കുക**

Shankar. Copyright: Children's Book Trust.




3 April 1955

പാർലമെന്റ് എന്ന യജമാനനുമുമ്പിൽ മന്ത്രിമാർ വളരെ വിനീതരാണ്. വിവിധ മന്ത്രാലയങ്ങൾക്ക് പണം അനുവദിക്കുന്നതിനുള്ള പാർലമെന്റിന്റെ അധികാരമാണ് ഇതിനുകാരണം.

- പ്രാതിനിധ്യം: രാജ്യത്തിന്റെ വിവിധ മേഖലകളുടെ, പ്രാദേശിക സാമൂഹിക-സാമ്പത്തിക മതവിഭാഗങ്ങളുടെ വീക്ഷണങ്ങളെ പാർലമെന്റ് പ്രതിനിധാനം ചെയ്യുന്നു.
- ചർച്ചാപരമായ ചുമതല: രാജ്യത്തിന്റെ ഏറ്റവും ഉന്നതമായ ചർച്ചാവേദിയാണ് പാർലമെന്റ്. ചർച്ചകൾ നടത്തുന്നതിനുള്ള പാർലമെന്റിന്റെ അധികാരത്തിന്

പരിമിതികളില്ല. അംഗങ്ങൾക്ക് ഏതു വിഷയവും നിർഭയമായി പാർലമെന്റിൽ ചർച്ച ചെയ്യാവുന്നതാണ്. രാജ്യം നേരിടുന്ന ഏതൊരു വിഷയത്തെയും വിശകലനം നടത്താൻ ഇത് പാർലമെന്റിനെ പ്രാപ്തമാക്കുന്നു. ജനാധിപത്യപരമായ തീരുമാനങ്ങളുടെ അടിസ്ഥാനം ഇത്തരം കാതലായ ചർച്ചകളാണ്.

ഭരണഘടനാപരമായ ചുമതല: ഭരണഘടനാ ഭേദഗതി ചർച്ച ചെയ്യാനും നടപ്പിലാക്കാനും പാർലമെന്റിന് അധികാരമുണ്ട്. ഈ പ്രവർത്തനത്തിൽ പാർലമെന്റിലെ രണ്ടു സഭയ്ക്കും തുല്യ അധികാരമാണുള്ളത്. എല്ലാ ഭരണഘടനാ ഭേദഗതികളും പാർലമെന്റിന്റെ ഇരുസഭകളും പ്രത്യേക ഭൂരിപക്ഷത്തോടെ അംഗീകരിക്കണം.

- തെരെഞ്ഞെടുപ്പ് ചുമതല: തെരെഞ്ഞെടുപ്പ് സംബന്ധമായ ചില ചുമതലകളും പാർലമെന്റ് നിർവഹിക്കുന്നുണ്ട്. ഇന്ത്യയുടെ രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരെഞ്ഞടുക്കുന്നത് പാർലമെന്റാണ്.

- നീതിന്യായ ചുമതലകൾ: രാഷ്ട്രപതി, ഉപരാഷ്ട്രപതി, സുപ്രീംകോടതി - ഹൈക്കോടതി ജഡ്ജിമാർ എന്നിവരെ പുറത്താക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാനുള്ള അധികാരം പാർലമെന്റിന്റെ നീതിന്യായ ചുമതലയിൽപ്പെട്ടതാണ്.

## രാജ്യസഭയുടെ അധികാരങ്ങൾ **(Powers of Rajya Sabha)**

പാർലമെന്റിന്റെ പൊതുവായ ചുമതലകളാണ് മുകളിൽ ചർച്ച ചെയ്ത്. എന്നാൽ ഒരു ദ്വിമണ്ഡല നിയമനിർമ്മാണ സഭയിൽ രണ്ടു സഭകളുടെയും അധികാരങ്ങളിൽ ചില വ്യത്യാസങ്ങളുണ്ട്. അവയെക്കുറിച്ച് താഴെ നൽകിയ പട്ടികയിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

| ലോകസഭയുടെ അധികാരങ്ങൾ | രാജ്യ സഭയുടെ അധികാരങ്ങൾ |
|---|---|
| • യൂണിയൻ ലിസ്റ്റിലും കൺകറന്റ് ലിസ്റ്റിലും ഉൾപ്പെട്ട വിഷയങ്ങളിൽ നിയമ നിർമ്മാണം നടത്തുന്നു. ധന-ധനേതര ബില്ലുകൾ അവതരിപ്പിക്കുകയും നിയമ നിർമ്മാണം നടത്തുകയും ചെയ്യുന്നു.<br>• നികുതി ചുമത്തൽ, വാർഷിക സാമ്പത്തിക കണക്കുകൾ, ബഡ്ജറ്റ് എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു.<br>• ചോദ്യങ്ങൾ, ഉപചോദ്യങ്ങൾ, തീരുമാനങ്ങൾ പ്രമേയങ്ങൾ, അവിശ്വാസ പ്രമേയങ്ങൾ, തുടങ്ങിയവയിലൂടെ കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നു.<br>• ഭരണഘടന ഭേദഗതി ചെയ്യുന്നു.<br>• അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തെ അംഗീകരിക്കുന്നു.<br>• രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുന്നു.<br>• രാഷ്ട്രപതി, ഉപരാഷ്ട്രപതി, സുപ്രീംകോടതി - ഹൈക്കോടതി ജഡ്ജിമാർ എന്നിവരെ നീക്കം ചെയ്യുന്നു.<br>• കമ്മറ്റികളെയും, കമ്മീഷനുകളെയും നിയമിക്കുകയും അവയുടെ റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്യുന്നു. | • ധനേതര ബില്ലുകൾ പരിഗണിക്കുകയും, അംഗീകരിക്കുകയും ധന ബില്ലുകൾക്ക് ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുക.<br>• ഭരണഘടനാ ഭേദഗതികൾ അംഗീകരിക്കുക.<br>• ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ടും കാര്യ നിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുക.<br>• രാഷ്ട്രപതിയെയും, ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നു. ഉപരാഷ്ട്രപതിയെ നീക്കം ചെയ്യുന്ന പ്രക്രിയക്ക് മുൻകൈ എടുക്കുന്നത് രാജ്യസഭയാണ്. സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരെ നീക്കം ചെയ്യുന്നു.<br>• സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളിൽ നിയമ നിർമ്മാണം നടത്തുന്നതിനുള്ള അധികാരം പാർലമെന്റിന് നൽകുവാൻ കഴിയുന്നത് രാജ്യ സഭയ്ക്കാണ്. |

## രാജ്യസഭയുടെ പ്രത്യേക അധികാരങ്ങൾ (Special powers of Rajyasabha)

സംസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം നൽകുന്നതിനുവേണ്ടിയുള്ളസ്ഥാപനപരമായ ഒരു സംവിധാനമാണ് രാജ്യസഭയെന്ന് നിങ്ങൾക്ക് അറിയാമല്ലോ. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ സംരക്ഷിക്കുകയാണ് അതിന്റെ ലക്ഷ്യം. ആയതിനാൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിഷയവും നിർബന്ധമായും രാജ്യസഭയുടെ പരിഗണനക്കും അംഗീകാരത്തിനും വിട്ടിരിക്കണം. സംസ്ഥാന ലിസ്റ്റിൽപ്പെട്ട ഏതെങ്കിലുമൊരു വിഷയം (സംസ്ഥാന നിയമസഭയ്ക്ക് മാത്രം നിയമം നിർമ്മിക്കാൻ പറ്റുന്നത്.) രാജ്യത്തിന്റെ പൊതു താല്പര്യം പരിഗണിച്ച് യൂണിയൻ ലിസ്റ്റിലേക്കോ കൺകറന്റ് ലിസ്ററിലേക്കോ മാറ്റാൻ പാർലമെന്റ് ആഗ്രഹിക്കുകയാണെങ്കിൽ രാജ്യസഭയുടെ അംഗീകാരം അനിവാര്യമാണ്. ഈ വ്യവസ്ഥ രാജ്യസഭയുടെ കരുത്ത് വർദ്ധിപ്പിക്കുന്നു. എന്നാൽ നമ്മുടെ അനുഭവത്തിൽ രാജ്യസഭാംഗങ്ങൾ സ്വന്തം സംസ്ഥാനത്തിനോടുള്ളതിനേക്കാൾ കൂറ് സ്വന്തം രാഷ്ട്രീയകക്ഷിയോട് പുലർത്തുന്നതായി കാണാവുന്നതാണ്.

ലോകസഭയ്ക്ക് മാത്രമായുള്ള ചില അധികാരങ്ങൾ: ലോകസഭയ്ക്ക് മാത്രമായി ചില പ്രത്യേക അധികാരങ്ങളുണ്ട്. ധനബില്ലുകൾക്ക് തുടക്കം കുറിക്കാനോ, നിരാകരിക്കുവാനോ, ഭേദഗതി വരുത്തുവാനോ രാജ്യസഭയ്ക്ക് അധികാരമില്ല. ഇതിനുള്ള അധികാരം ലോകസഭയ്ക്കാണ്. മന്ത്രിസഭയ്ക്ക് ലോകസഭയോടാണ് ഉത്തരവാദിത്വമുള്ളത്. അല്ലാതെ രാജ്യസഭയോടല്ല. ആയതിനാൽ രാജ്യസഭയ്ക്ക് ഗവൺമെന്റിനെ വിമർശിക്കുവാനല്ലാതെ നീക്കം ചെയ്യുവാൻ കഴിയുകയില്ല. ഇതിനുള്ള കാരണം എന്തെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന നിയമസഭകളിലെ അംഗങ്ങളാണ് (M L A), അല്ലാതെ ജനങ്ങൾ നേരിട്ടല്ല. ആയതിനാൽ തന്നെ ഭരണഘടന രാജ്യസഭയ്ക്ക് ചില അധികാരങ്ങൾ നൽകിയിട്ടില്ല. ഇന്ത്യൻ ഭരണഘടന അംഗീകരിച്ച ജനാധിപത്യ വ്യവസ്ഥയിൽ അന്തിമ അധികാരം ജനങ്ങൾക്കാണ്. ആയതിനാൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്കാണ് ഗവൺമെന്റിനെ പുറത്താക്കാനും സാമ്പത്തിക കാര്യങ്ങളെ നിയന്ത്രിക്കാനുമുള്ള അധികാരമുള്ളത്.



ഖജനാവ് നിയന്ത്രിക്കുന്നത് ലോകസഭയാണ്! അങ്ങനെയെങ്കിൽ ഇതുതന്നെയായിരിക്കും കൂടുതൽ അധികാരമുള്ള സഭ.

എന്നാൽ ധനേതര ബില്ലുകൾ പാസ്സാക്കൽ, ഭരണഘടന ഭേദഗതി, രാഷ്ട്രപതിയുടെ ഇമ്പീച്ച്മെന്റ്, ഉപരാഷ്ട്രപതിയെ പുറത്താക്കൽ തുടങ്ങിയകാര്യങ്ങളിൽ ലോകസഭയ്ക്കും രാജ്യസഭയ്ക്കും തുല്യ അധികാരമാണുള്ളത്.

## എങ്ങനെയാണ് പാർലമെന്റ് നിയമം നിർമ്മിക്കുന്നത്? (HOW DOES THE PARLIAMENT MAKE LAWS?)

ഏതൊരു നിയമനിർമ്മാണ സഭയുടെയും അടിസ്ഥാന ചുമതല ജനങ്ങൾക്കു വേണ്ടി നിയമ നിർമ്മാണം നടത്തുക എന്നതാണ്. നിയമനിർമ്മാണ പ്രക്രിയയ്ക്ക് വ്യക്തമായൊരു നടപടിക്രമമുണ്ട്. നിയമനിർമ്മാണത്തിനുള്ള ചില നടപടിക്രമങ്ങൾ ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ചിലത് കീഴ്‌വഴക്കങ്ങളിലൂടെ (conventions) രൂപം കൊള്ളുന്നവയാണ്. താഴെ കൊടുത്തിരിക്കുന്ന നിയമനിർമ്മാണ പ്രക്രിയയുടെ വിവിധഘട്ടങ്ങളെ സൂചിപ്പിക്കുന്ന ചാർട്ട് പരിശോധിച്ചാൽ നിയമനിർമ്മാണ പ്രക്രിയ സാങ്കേതികവും സങ്കീർണ്ണവുമാണ് എന്ന് നിങ്ങൾക്ക് വ്യക്തമായി കാണുവാൻ സാധിക്കും.



നിർമ്മിക്കാനുദ്ദേശിക്കുന്ന നിയമത്തിന്റെ ഒരു കരട് രൂപമാണ് ബില്ല്. ബില്ലുകൾ വിവിധതരത്തിലുണ്ട്. മന്ത്രിയല്ലാത്തൊരാൾ അവതരിപ്പിക്കുന്ന ബില്ലിനെ സ്വകാര്യ ബിൽ(private members bill) എന്നു വിളിക്കുന്നു. എന്നാൽ മന്ത്രിയായ ഒരാൾ അവതരിപ്പിക്കുന്ന ബില്ലിനെ ഗവൺമെന്റ് ബില്ല് എന്നാണ് വിളിക്കുന്നത്. ഒരു ബില്ല് നിയമമാക്കുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ എന്തെന്നു നമുക്ക് പരിശോധിക്കാം.




പാർലമെന്റിൽ ഒരു ബില്ല് അവതരിപ്പിക്കുന്നതിന് മുൻപുതന്നെ അത്തരമൊരു ബില്ല് അവതരിപ്പിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ധാരാളം ചർച്ചകൾ നടക്കുന്നു. തെരെഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പൂർത്തീകരിക്കാനോ വരാൻ പോകുന്ന തെരെഞ്ഞെടുപ്പിൽ തങ്ങളുടെ വിജയസാധ്യത മെച്ചപ്പെടുത്തുന്നതിനോവേണ്ടി സാധാരണയായി രാഷ്ട്രീയ പാർട്ടികൾ ബില്ലുകൾ അവതരിപ്പിക്കുന്നതിന് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താറുണ്ട്. താൽപര്യ ഗ്രൂപ്പുകൾ, മാധ്യമങ്ങൾ, പൗരവേദികൾ തുടങ്ങിയവയും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനു വേണ്ടി ഗവൺമെന്റിനെ പ്രേരിപ്പിക്കാറുണ്ട്. അതായത്, നിയമനിർമ്മാണം കേവലം ഒരു നിയമപരമായ നടപടിക്രമം മാത്രമല്ല അതൊരു രാഷ്ട്രീയ കർമ്മപദ്ധതി കൂടിയാണെന്ന് നമുക്ക് മനസ്സിലാക്കാം. നിയമം നടപ്പിലാക്കുവാനാവശ്യമായ വിഭവങ്ങൾ, ഒരു ബില്ലിനു ലഭിക്കുന്ന പിന്തുണ അല്ലെങ്കിൽ എതിർപ്പ്, ഭരണ

കക്ഷിയുടെ തെരഞ്ഞെടുപ്പ് വിജയത്തിലുണ്ടാകുന്ന സാധ്യതകൾ തുടങ്ങിയ കാര്യങ്ങൾ ഒരു ബില്ല് തയ്യാറാക്കുമ്പോൾ സാധാരണയായി പരിഗണിക്കപ്പെടുന്നു. മുന്നണി രാഷ്ട്രീയത്തിന്റെ കാലഘട്ടത്തിൽ പ്രത്യേകിച്ചും ഗവൺമെന്റ് നിർദ്ദേശിക്കുന്ന ബില്ലുകൾ മുന്നണിയിലെ എല്ലാ കക്ഷികൾക്കും സ്വീകാര്യമായിരിക്കണം. ഇത്തരം പരിഗണനകൾ അവഗണിക്കുക സാധ്യമല്ല. ഒരു നിയമനിർമ്മാണം നടത്തുവാനുള്ള തീരുമാനമെടുക്കുന്നതിനു മുൻപ് ക്യാബിനറ്റ് ഇത്തരം കാര്യങ്ങളും പരിഗണിക്കുന്നു.

നിർമ്മിക്കാനുദ്ദേശിക്കുന്ന നിയമത്തിന്റെ നയം കാബിനറ്റ് അംഗീകരിക്കുന്നതോടെയാണ് ഒരു ബില്ലിന്റെ കരട് തയ്യാറാക്കൽ പ്രവർത്തനം ആരംഭിക്കുന്നത്. ഏതൊരു ബില്ലിന്റെയും കരട് രൂപം തയ്യാറാക്കുന്നത് ബന്ധപ്പെട്ട മന്ത്രാലയമാണ്. ഉദാഹരണത്തിന് പെൺകുട്ടികളുടെ വിവാഹ പ്രായം 18 -ൽ നിന്നും 21 ആക്കി ഉയർത്തുന്നതിനുള്ള ബില്ല് തയ്യാറാക്കുന്നത് നിയമ മന്ത്രാലയമാണ്. വനിതാ-ശിശു ക്ഷേമ മന്ത്രാലയവും ഇതിൽ പങ്കാളിയാവും. ബില്ലുകൾ സാധാരണ പാർലമെന്റിന്റെ ഏതു സഭയിലും ആ സഭയിലെ ഒരു അംഗത്തിന് അവതരിപ്പിക്കാവുന്നതാണ്. എന്നാൽ സാധാരണ മന്ത്രിയാണ് ബില്ല് അവതരിപ്പിക്കാറുള്ളത്. ധനകാര്യ ബില്ലുകൾ ലോകസഭയിൽ മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ. ലോകസഭ ധനകാര്യ ബില്ലുകൾ പാസ്സാക്കികഴിഞ്ഞാൽ രാജ്യസഭയിലേക്ക് അയക്കും.

ബില്ലിനെ കുറിച്ചുള്ള ചർച്ചകളുടെ പ്രധാന ഭാഗങ്ങൾ നടക്കുന്നത് കമ്മിറ്റികളിൽ വെച്ചാണ്. കമ്മിറ്റി നൽകുന്ന ശുപാർശകൾ പിന്നീട് സഭകളിലേക്ക് അംഗീകാരത്തിനായി അയക്കുന്നു. ഇതിനാലാണ് കമ്മിറ്റികളെ നിയമനിർമാണ സഭയുടെ 'ലഘുരൂപം' (Miniature) എന്നു വിളിക്കുന്നത്. നിയമനിർമ്മാണ പ്രക്രിയയുടെ രണ്ടാം ഘട്ടമാണിത്. മൂന്നാമത്തെയും അവസാനത്തെയും ഘട്ടത്തിലാണ് ബില്ല് പാസ്സാക്കുന്നതിന് വേണ്ടി വോട്ടിനിടുന്നത്. ഒരു ധനേതര ബില്ല് ഒരു സഭ പാസ്സാക്കി ക്കഴിഞ്ഞാൽ അത് അടുത്ത സഭയിലേക്ക് അയക്കുകയും അവിടെ ഇതേ നടപടിക്രമങ്ങളിലൂടെ ഈ ബില്ല് കടന്നു പോവുകയും ചെയ്യും .

**കാർട്ടൂൺ വായിക്കുക**



OK, let's not argue! Let's settle the issue through consensus! You support the bill and I will oppose it!

R K Laxman in The Times of India.

ഈ രീതിയിലാണോ അവർ 'കളി (Game) നിയമങ്ങൾ' പിന്തുടരുന്നത്?

ഒരു ബില്ല് നിയമമാകണമെങ്കിൽ രണ്ടു സഭകളും പാസ്സാക്കിയിരിക്കണമെന്ന് നിങ്ങൾക്കറിയാമല്ലോ. ഒരു നിർദ്ദിഷ്ട ബില്ലിനെക്കുറിച്ച് പാർലമെന്റിന്റെ ഇരു സഭകളും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാവുകയാണെങ്കിൽ ഇരു സഭകളുടെയും സംയുക്ത സമ്മേളനം വിളിച്ചു ചേർത്ത് അത് പരിഹരിക്കുവാൻ ശ്രമിക്കും. ഇങ്ങനെ ഇരു സഭകളുടെയും സംയുക്ത സമ്മേളനം വിളിച്ചു ചേർത്ത സന്ദർഭങ്ങളിലെല്ലാം തീരുമാനങ്ങൾ ലോകസഭക്കനുകൂലമായിട്ടാണ് വന്നിട്ടുള്ളത്.

ഒരു ധനബില്ലിന്റെ കാര്യത്തില്‍ രാജ്യസഭയ്ക്ക് അത് അംഗീകരിക്കുകയോ അല്ലെങ്കില്‍ വേണ്ട മാറ്റങ്ങള്‍ നിര്‍ദ്ദേശിക്കുകയോ ചെയ്യാം. എന്നാല്‍ അത് തള്ളിക്കളയുവാന്‍ കഴിയില്ല. രാജ്യസഭ 14 ദിവസത്തിനകം ധനബില്ലില്‍ നടപടി എടുത്തിട്ടില്ലെങ്കില്‍ അത് രാജ്യസഭ പാസ്സാക്കിയതായി പരിഗണിക്കും. ധനബില്ലില്‍ രാജ്യസഭ നിര്‍ദ്ദേശിക്കുന്ന ഭേദഗതികള്‍ ലോകസഭയ്ക്ക് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. ഒരു ബില്ല് ഇരു സഭകളും പാസ്സാക്കിക്കഴിഞ്ഞാല്‍ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുക്കും. രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതോടെ ഒരു ബില്‍ നിയമമായി മാറും.

*അനുച്ഛേദം 109*

***ധനബില്ലുമായി ബന്ധപ്പെട്ട പ്രത്യേക നടപടി ക്രമങ്ങള്‍.-(1)***

***ഒരു ധനബില്ല് രാജ്യസഭയില്‍ അവതരിപ്പിക്കുവാന്‍ പാടില്ല.***

**പഠന പുരോഗതി വിലയിരുത്തുക**

- നിയമനിര്‍മ്മാണ പ്രക്രിയയെ സംബന്ധിച്ച ഈ ചര്‍ച്ചയില്‍ നിന്നും ബില്ലുകളുടെ വിശദമായ ചര്‍ച്ചക്കുവേണ്ടി പാര്‍ലമെന്റ് ആവശ്യമായ സമയം ചെലവഴിക്കുന്നുണ്ടെന്ന് നിങ്ങള്‍ കരുതുന്നുവോ? ഇല്ലെങ്കില്‍ ഈ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നിര്‍ദ്ദേശങ്ങളാണ് നിങ്ങള്‍ക്ക് മുന്നോട്ടു വയ്ക്കാനുള്ളത്?

## പാര്‍ലമെന്റ് എങ്ങനെയാണ് കാര്യനിര്‍വ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നത്?
## (How does the Parliament control the Executive?)

ഒരു പാര്‍ലമെന്ററി ജനാധിപത്യ പ്രക്രിയയില്‍ ലോകസഭയില്‍ ഭൂരിപക്ഷമുള്ള പാര്‍ട്ടിയോ മുന്നണിയോ ആണ് കാര്യനിര്‍വഹണ വിഭാഗം (എക്സിക്യൂട്ടീവ്) രൂപീകരിക്കുന്നത്. ഇത് ഭൂരിപക്ഷ പാര്‍ട്ടിയുടെ പിന്തുണയോടെ ഏകപക്ഷീയവും അനിയന്ത്രിതവുമായ അധികാരം ഉപയോഗിക്കുവാന്‍ കാര്യനിര്‍വഹണ വിഭാഗത്തിന് അവസരം നല്‍കുന്നു. ഇത്തരമൊരു സാഹചര്യത്തില്‍ പാര്‍ലമെന്ററി ജനാധിപത്യം മന്ത്രിസഭയുടെ ഏകാധിപത്യത്തിലേക്ക് വഴുതി വീഴുകയും കാബിനറ്റ് നയിക്കുന്ന വഴിയെ സഭ സഞ്ചരിക്കുകയും ചെയ്യുന്നു. പാര്‍ലമെന്റ് ജാഗരൂകവും സജീവവും ആയി പ്രവര്‍ത്തിച്ചാല്‍ മാത്രമെ അവര്‍ക്ക് നിരന്തരവും കാര്യക്ഷമവുമായി കാര്യനിര്‍വഹണവിഭാഗത്തെ നിയന്ത്രിക്കുവാന്‍ സാധിക്കുകയുള്ളൂ. പാര്‍ലമെന്റിന് പല മാര്‍ഗ്ഗങ്ങളിലൂടെയും കാര്യനിര്‍വഹണവിഭാഗത്തെ നിയന്ത്രിക്കാന്‍ സാധിക്കും. അതില്‍ ഏറ്റവും അടിസ്ഥാനമായത് സഭയിലെ

അംഗങ്ങൾക്ക് ജനപ്രതിനിധികളെന്ന നിലയിൽ ഫലപ്രദമായും നിർഭയമായും പ്രവർത്തിക്കുവാനുള്ള അധികാരവും സ്വാതന്ത്ര്യവും ഉണ്ടെന്നുള്ളതാണ്. ഉദാഹരണത്തിന് സഭാംഗങ്ങൾക്ക് ഏതൊരു കാര്യത്തെ സംബന്ധിച്ചും സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കാതെ സഭയിൽ പറയുവാനുള്ള അധികാരമുണ്ട്. അതിന്റെ പേരിൽ സഭാംഗങ്ങൾക്കെതിരെ ഒരു നടപടിയും എടുക്കുവാൻ സാധ്യമല്ല. ഇതിനെയാണ് പാർലമെന്റിന്റെ വിശേഷാനുകൂല്യം (parliamentary privilege) എന്നു വിളിക്കുന്നത്. സഭാംഗങ്ങൾ ഈ വിശേഷാനുകൂല്യം ലംഘിച്ചിട്ടുണ്ടോ എന്ന് തീരുമാനിക്കാനുള്ള അധികാരം സഭാധ്യക്ഷനിലായിരിക്കും.

ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നതിനും കാര്യനിർവഹണത്തിനുമേൽ ഫലപ്രദമായ നിയന്ത്രണങ്ങൾ നടത്തുന്നതിനും വേണ്ടി സഭാംഗങ്ങളെ പ്രാപ്തരാക്കുന്നതിനാണ് സഭാംഗങ്ങൾക്ക് വിശേഷാധികാരം നൽകിയിരിക്കുന്നത്. എങ്ങനെയാണ് പാർലമെന്റ് ഇത്തരം നിയന്ത്രണങ്ങൾ നടത്തുന്നത്? ഇതിന് പാർലമെന്റിന്റെ കൈവശമുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്? കാര്യനിർവഹണവിഭാഗത്തിന്റെ അമിതാധികാരത്തെ നിയന്ത്രിക്കുവാൻ പാർലമെന്ററി നിയന്ത്രണങ്ങൾ പര്യാപ്തമാണോ?

## പാർലമെന്ററി നിയന്ത്രണത്തിനുള്ള ഉപാധികൾ (Instruments of Parliamentary Control)

ഒരു പാർലമെന്ററി വ്യവസ്ഥയിൽ നിയമനിർമ്മാണ സഭ കാര്യനിർവഹണവിഭാഗത്തിന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്തേണ്ടത് പല ഘട്ടങ്ങളിലായിട്ടാണ്. നയരൂപീകരണഘട്ടം, നിയമം അല്ലെങ്കിൽ നയം നടപ്പിലാക്കുമ്പോഴും നടപ്പാക്കിയതിനു ശേഷവുമുള്ള ഘട്ടം എന്നിവയാണവ. നിയമനിർമ്മാണ സഭകൾ ഇത് ചെയ്യുന്നത് പല മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടാണ്.



ഒളിക്യാമറ പ്രവർത്തനങ്ങൾ നിലനിൽക്കുന്ന ഈ സാഹചര്യത്തിലും പാർലമെന്റ് അംഗങ്ങൾക്ക് എന്തും എവിടെയും പറയാനുള്ള സ്വാതന്ത്ര്യം ഉണ്ടോ?

- പര്യാലോചനകളും ചർച്ചകളും
- നിയമങ്ങൾ അംഗീകരിക്കൽ അല്ലെങ്കിൽ തിരസ്ക്കരിക്കൽ
- സാമ്പത്തിക നിയന്ത്രണം
- അവിശ്വാസ പ്രമേയം

*പര്യാലോചനകളും ചർച്ചകളും:* നിയമനിർമ്മാണ പ്രക്രിയയുടെ അവസരത്തിൽ സഭാംഗങ്ങൾക്ക് എക്സിക്യൂട്ടീവിന്റെ നയസമീപനം, അത് നടപ്പാക്കുന്നതിനുള്ള രീതികൾ എന്നിവയെ സംബന്ധിച്ച് വ്യക്തമായി ചർച്ചചെയ്യാൻ അവസരം ലഭിക്കുന്നു. കൂടാതെ ഇത്തരം ചർച്ചാവേളയിലല്ലാതെ സഭയിലെ പൊതുചർച്ചാവേളകളിലും എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാൻ സഭാംഗങ്ങൾക്ക് അവസരം ലഭിക്കും. എല്ലാ ദിവസവും പാർലമെന്റിലെ ചോദ്യോത്തര വേളയിൽ സഭാംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ മന്ത്രിമാർ ബാധ്യസ്ഥരാണ്. ശൂന്യവേളയിൽ (Zero Hour) സഭാംഗങ്ങൾക്ക് പ്രധാനമെന്ന് കരുതുന്ന ഏത് വിഷയവും ഉന്നയിക്കാവുന്നതാണ്. എന്നാൽ, ഇത്തരം വിഷയങ്ങൾക്ക് മറുപടി നൽകാൻ മന്ത്രിമാർക്ക് ബാധ്യതയുണ്ടാവ

ണമെന്നില്ല. പൊതു പ്രാധാന്യമുള്ള വിഷയങ്ങളെ ബന്ധപ്പെടുത്തി പാർലമെന്റിൽ നടക്കുന്ന അരമണിക്കൂർ ചർച്ച, അടിയന്തിര പ്രമേയം തുടങ്ങിയവയും എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുവാനുള്ള മറ്റു മാർഗ്ഗങ്ങളാണ്.

ഒരു പക്ഷേ എക്സിക്യൂട്ടീവിനെയും സർക്കാരിന്റെ വിവിധ ഭരണവിഭാഗങ്ങളെയും ജാഗരൂകരാക്കാൻ ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ചോദ്യോത്തരവേള. പാർലമെന്റിലെ അംഗങ്ങൾ ചോദ്യോത്തരവേളയിൽ സഭയിൽ ഹാജരാകുവാൻ വലിയ താല്പര്യം കാണിക്കും. ഈ സമയത്താണ് പരമാവധി അംഗങ്ങൾ സഭയിൽ ഹാജരാകുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. വിലക്കയറ്റം, ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, സമൂഹത്തിലെ പിന്നോക്കവിഭാഗങ്ങൾക്കെതിരായുള്ള അക്രമങ്ങൾ, കലാപങ്ങൾ, കരിഞ്ചന്ത തുടങ്ങിയ പൊതുതാല്പര്യമുള്ള വിഷയങ്ങളിലുള്ള സർക്കാരിന്റെ നിലപാടുകൾ അറിയുന്നതിനുവേണ്ടിയാണ് ചോദ്യോത്തരവേളയിൽ ബഹുഭൂരിപക്ഷം ചോദ്യങ്ങളും ഉന്നയിക്കുന്നത്. തങ്ങളുടെ നിയോജക മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ ഉന്നയിക്കുവാനും ഗവൺമെന്റിനെ വിമർശിക്കുവാനും അംഗങ്ങൾ ചോദ്യോത്തര വേളയിലെ അവസരം വിനിയോഗിക്കുന്നു. ചോദ്യോത്തരവേള ചൂടേറിയ ചർച്ചകൾക്ക് വേദിയൊരുക്കുന്നു. അംഗങ്ങൾ ശബ്ദമുയർത്തുന്നതും സഭയുടെ നടുത്തളത്തിലിറങ്ങുന്നതും ഇറങ്ങിപ്പോക്ക് നടത്തുന്നതും ഈ അവസരത്തിൽ സാധാരണമാണ്. ഇത്തരം നടപടികൾ നിയമനിർമ്മാണ സഭയുടെ വിലപ്പെട്ട സമയം അപഹരിക്കുന്നതിന് കാരണമാകും. അതേസമയം ഇത്തരം പ്രവർത്തനങ്ങളെല്ലാം ഗവൺമെന്റിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ടിയുള്ള രാഷ്ട്രീയ തന്ത്രങ്ങളാണെന്ന് നാം ഓർക്കേണ്ടതുണ്ട്. ഇത്തരം തന്ത്രങ്ങൾ എക്സിക്യൂട്ടീവിനെ അതിന്റെ ഉത്തരവാദിത്വം നിർവഹിക്കുന്നതിനു നിർബന്ധിക്കുന്നു.



ഒരു മന്ത്രിയായിരിക്കുന്നത് എത്ര ബുദ്ധിമുട്ടായിരിക്കും. എല്ലാ ദിവസവും പരീക്ഷ നൽകുന്നതുപോലെയായിരിക്കും ഇത്!

*നിയമങ്ങൾ അംഗീകരിക്കൽ അല്ലെങ്കിൽ തിരസ്ക്കരിക്കൽ:* നിയമങ്ങൾക്ക് അംഗീകാരം നൽകുവാനുള്ള അധികാരമുപയോഗിച്ചും പാർലമെന്റിന് എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാം. പാർലമെന്റിന്റെ അംഗീകാരത്തോടുകൂടി മാത്രമെ ഒരു ബിൽ നിയമമായി മാറുകയുള്ളൂ. വ്യക്തമായ ഭൂരിപക്ഷമുള്ള ഗവൺമെന്റിന് സഭയിൽ ബില്ലുകൾ നിഷ്പ്രയാസം പാസ്സാക്കിയെടുക്കുവാൻ സാധിക്കും. എന്നിരുന്നാലും ഇത് അത്രമേൽ പരിഗണിക്കേണ്ട കാര്യമല്ല. കാരണം ഭരിക്കുന്ന പാർട്ടിയിലെ അംഗങ്ങൾക്കിടയിലോ, മുന്നണിയിലെ കക്ഷികൾ തമ്മിലോ ഗവൺമെന്റും പ്രതിപക്ഷവും തമ്മിലോ, ഉള്ള ശക്തമായ വിലപേശലുകൾക്കു ശേഷമായിരിക്കും ഇത്തരമൊരു അംഗീകാരം ലഭിക്കുന്നത്. ലോകസഭയിൽ ഭൂരിപക്ഷമുള്ള ഗവൺമെന്റിന് രാജ്യസഭയിൽ ഭൂരിപക്ഷമില്ലാത്ത സാഹചര്യവും ഉണ്ടാകാറുണ്ട്. 1977 -ലെ ജനതാപാർട്ടി ഗവൺമെന്റിനും 2000 -ത്തിലെ ദേശീയ ജനാധിപത്യസഖ്യ ഗവൺമെന്റിനും രാജ്യസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ രണ്ടു സഭകളിലും ഒരു ബിൽ പാസ്സാക്കിയെടുക്കുന്നതിന് ഗവൺമെന്റിന് വലിയ വിട്ടുവീഴ്ച്ചകൾ

ചെയ്യേണ്ടിവന്നു. ലോക്പാൽ പോലെ ധാരാളം ബില്ലുകൾ പാസാക്കി എടുക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടു. 2002 –ലെ ഭീകരവാദം തടയുന്നതിനുള്ള ബിൽ (POTA) രാജ്യസഭ നിരാകരിക്കുകയുണ്ടായി.

*ധനപരമായ നിയന്ത്രണം*: ഗവൺമെന്റിന്റെ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക വിഭവങ്ങൾ അഥവാ പണം അനുവദിക്കുന്നത് ബഡ്ജറ്റിലൂടെയാണ്. ബഡ്ജറ്റ് തയ്യാറാക്കുകയും അവ നിയമനിർമ്മാണ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നത് ഗവൺമെന്റിന്റെ ഭരണഘടനാപരമായ ബാധ്യതയാണ്. ഈ ബാധ്യത ഗവൺമെന്റിന്റെ ധനവിനിയോഗത്തിനുമേൽ നിയന്ത്രണം ചെലുത്തുന്നതിന് നിയമനിർമ്മാണ സഭയ്ക്ക് അവസരം ഒരുക്കുന്നു. ഗവൺമെന്റിന് വിഭവങ്ങൾ അനുവദിക്കുന്നത് നിയമനിർമ്മണ സഭക്ക് നിരാകരിക്കാം. എന്നാൽ പാർലമെന്ററി വ്യവസ്ഥയിൽ ഭൂരിപക്ഷത്തിന്റെ പിന്തുണയോടെ ഭരിക്കുന്നതിനാൽ ഗവൺമെന്റിന് അപൂർവ്വമായേ ഇങ്ങനെ സംഭവിക്കാറുള്ളൂ എന്നിരുന്നാലും ഗവൺമെന്റിനു പണം അനുവദിക്കുന്നതിനു മുമ്പ് അതിനുള്ള കാരണം ലോകസഭക്ക് ചർച്ചചെയ്യാം. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെയും പബ്ലിക്ക് അക്കൗണ്ട് കമ്മറ്റികളുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോകസഭയ്ക്ക് ഗവൺമെന്റിന്റെ ധന ദുർവിനിയോഗത്തിനെതിരെ അന്വേഷണം നടത്താം. ഗവൺമെന്റിന്റെ സമ്പത്തിന്റെ യുക്തിഭദ്രമായ വിനിയോഗം മാത്രമല്ല സഭയുടെ നിയന്ത്രണം കൊണ്ട് ലക്ഷ്യം വെക്കുന്നത്. ബഡ്ജറ്റിലൂടെ പ്രതിഫലിപ്പിക്കുന്ന ഗവൺമെന്റിന്റെ നയങ്ങളുടെയും നിയന്ത്രണവും ഇത് ലക്ഷ്യം വെക്കുന്നു. അതായത് സാമ്പത്തികനിയന്ത്രണത്തിലൂടെ നിയമനിർമ്മാണ സഭ ഗവൺമെന്റിന്റെ നയങ്ങളെ നിയന്ത്രിക്കുന്നു.

*അവിശ്വാസ പ്രമേയം*: എക്സിക്യൂട്ടിവിന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിന് പാർലമെന്റിനെ സഹായിക്കുന്ന ഏറ്റവും ശക്തമായ ആയുധമാണ് അവിശ്വാസ പ്രമേയം. ഭരിക്കുന്ന പാർട്ടിക്കോ അല്ലെങ്കിൽ മുന്നണിക്കോ സഭയിൽ ഭൂരിപക്ഷം ഉള്ളിടത്തോളം ഗവൺമെന്റിനെ പുറത്താക്കുക എന്നത് യാഥാർത്ഥ്യത്തിലുപരി സങ്കല്പം മാത്രമാണ്. എന്നിരുന്നാലും 1989 നു ശേഷം സഭയിൽ വിശ്വാസം നഷ്ടപ്പെട്ടതിന്റെ പേരിൽ പല ഗവൺമെന്റുകളും രാജിവെയ്ക്കുവാൻ നിർബന്ധിതമായിട്ടുണ്ട്. മുന്നണിയിലെ ഘടകകക്ഷികളുടെ പിന്തുണ ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെട്ടതാണ് ഈ ഗവൺമെന്റുകൾക്ക് സഭയുടെ വിശ്വാസം നഷ്ടപ്പെടാൻ കാരണമായത്.

ഇങ്ങനെ പാർലമെന്റിന് എക്സിക്യൂട്ടീവിനെ ഫലപ്രദമായി നിയന്ത്രിക്കുവാനും ഗവൺമെന്റിനെ കൂടുതൽ ഉത്തരവാദിത്ത ബോധമുള്ളതാക്കാനും സാധിക്കുന്നു. എന്നാൽ ഇതിന് സഭാകാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടത്ര സമയം, സഭാംഗങ്ങളുടെ ചർച്ചയിലെ സജീവ പങ്കാളിത്തം, ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള വിട്ടുവീഴ്ചാ മനോഭാവം എന്നിവ അനിവാര്യമാണ്. കഴിഞ്ഞ രണ്ടു

ദശാബ്ദങ്ങളായി ലോകസഭയുടെയും സംസ്ഥാന നിയമസഭകളുടെയും സമ്മേളനങ്ങൾ ചർച്ചകൾക്കായി ചെലവഴിക്കുന്ന സമയവും ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിലെല്ലാം ഉപരിയായി ക്വാറം തികയാതെ പാർലമെന്റിന്റെ സഭകൾ നിർത്തിവെയ്ക്കേണ്ടിവരുക, പ്രതിപക്ഷത്തിന്റെ സഭാ ബഹിഷ്ക്കരണം എന്നിവ എക്സിക്യൂട്ടീവിനെ ചർച്ചയിലൂടെ നിയന്ത്രിക്കുവാനുള്ള സഭയുടെ അധികാരത്തെ കുറയ്ക്കുന്നു.

**പ്രവർത്തനം**

ദൂരദർശൻ സംപ്രേഷണം ചെയ്യുന്ന പാർലമെന്റ് സമ്മേളനങ്ങൾ തുടർച്ചയായി മൂന്ന് ദിവസം വീക്ഷിക്കുക. അല്ലെങ്കിൽ തുടർച്ചയായി മൂന്ന് ദിവസത്തെ പത്ര റിപ്പോർട്ടുകൾ ശേഖരിച്ചുകൊണ്ട് ഒരു ചുവർപത്രിക നിർമ്മിക്കുക. ചർച്ച ചെയ്യുന്ന വിഷയങ്ങൾ, സ്പീക്കറുടെ പങ്ക്, സഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾ, പ്രതിനിധികളുടെ രാഷ്ട്രീയ പാർട്ടികൾ, നിങ്ങളുടെ പ്രദേശത്തുനിന്നുമുള്ള പ്രതിനിധികൾ, ചർച്ചചെയ്യുന്ന വിഷയങ്ങളുടെ സ്വഭാവം ദേശീയമാണോ പ്രാദേശികമാണോ എന്നീ കാര്യങ്ങൾ നിരീക്ഷിക്കുക.

## പാർലമെന്ററി കമ്മിറ്റികൾ എന്തൊക്കെ ചെയ്യുന്നു? (WHAT DO THE COMMITTEES OF PARLIAMENT DO?)

നിയമ നിർമ്മാണാവശ്യങ്ങൾക്കായി അനേകം കമ്മിറ്റികൾ നിയമിക്കപ്പെടാറുണ്ട്. ഇത് നിയമനിർമ്മാണ പ്രക്രിയയുടെ ഒരു മുഖ്യ സവിശേഷതയാണ്. സഭയുടെ ദൈനംദിന പ്രവർത്തനത്തിൽ മാത്രമല്ല നിയമനിർമ്മാണ പ്രവർത്തനങ്ങളിലും ഈ കമ്മിറ്റികൾ മുഖ്യ പങ്കുവഹിക്കുന്നുണ്ട്. പാർലമെന്റ് സമ്മേളിക്കുന്നത് സമ്മേളന കാലയളവിൽ മാത്രമായതിനാൽ അതിന്റെ പ്രവർത്തന സമയം വളരെ പരിമിതമാണ്. എന്നാൽ നിയമനിർമ്മാണം നടത്തേണ്ട വിഷയത്തിൽ ആഴത്തിലുള്ള പഠനം അനിവാര്യമായതിനാൽ കൂടുതൽ ശ്രദ്ധയും സമയവും ആവശ്യമാണ്. അതുപോലെ വിവിധ മന്ത്രാലയങ്ങൾ ആവശ്യപ്പെടുന്ന ഗ്രാന്റിനെകുറിച്ചുള്ള പഠനം, ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചെലവുകൾ പരിശോധിക്കൽ, അഴിമതി കേസുകളിൽ അന്വേഷണം നടത്തൽ തുടങ്ങിയ പ്രധാനപ്പെട്ട പ്രവൃത്തികളെല്ലാം നടത്തുന്നത് പാർലമെന്ററി കമ്മറ്റികളാണ്. 1983 മുതൽ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഇന്ത്യ രൂപം കൊടുക്കുകയുണ്ടായി. വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട അത്തരത്തിലുള്ള ഇരുപതിൽപ്പരം കമ്മിറ്റികൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ, അവയുടെ ബഡ്ജറ്റ്, ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് സഭയിൽ അവതരിപ്പിക്കുന്ന ചെലവുകൾ, ബില്ലുകൾ എന്നിവയുടെ മേൽനോട്ടം ഇത്തരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു പുറമേ, സംയുക്ത പാർലമെന്ററി കമ്മിറ്റികൾക്ക് (JPCs) നമ്മുടെ രാജ്യത്ത് ശ്രേഷ്ഠമായ സ്ഥാനമുണ്ട്. ഒരു പ്രത്യേക ബില്ലിനെ കുറിച്ച് ചർച്ച ചെയ്യുന്നതിനും സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിനുമാണ് ഇത്തരം കമ്മിറ്റികളെ നിയമിക്കുന്നത്. സംയുക്ത പാർലമെന്ററി കമ്മിറ്റിയിലെ അംഗങ്ങളെ ഇരു സഭകളിൽ നിന്നുമായി തെരഞ്ഞെടുക്കുന്നു.

കമ്മിറ്റി സമ്പ്രദായം പാർലമെന്റിന്റെ പ്രവർത്തനഭാരം ലഘൂകരിക്കുന്നു. പല പ്രധാനപ്പെട്ട ബില്ലുകളും കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാറുണ്ട്. കമ്മിറ്റികൾ പൂർത്തീകരിച്ച പ്രവൃത്തികളെ ചുരുക്കം ചില ഭേദഗതികളോടെ പാർലമെന്റ് അംഗീകരിക്കുകയാണ് പതിവ്. നിയമപരമായി പറഞ്ഞാൽ പാർലമെന്റിന്റെ അംഗീകാരമില്ലാതെ ഒരു ബില്ലും നിയമമാവുകയോ ഒരു ബഡ്ജറ്റും പാസ്സാക്കപ്പെടുകയോ ചെയ്യില്ല. എന്നാൽ പാർലമെന്ററി കമ്മിറ്റികൾ നൽകുന്ന നിർദ്ദേശങ്ങളെ അപൂർവ്വമായേ പാർലമെന്റ് തിരസ്കരിക്കാറുള്ളൂ.

**കാർട്ടൂൺ വായിക്കുക**




ഗവൺമെന്റിനെതിരെ പ്രതിപക്ഷം തുടർച്ചയായി ഉപയോഗിക്കുന്ന ഒരു മാർഗ്ഗമാണ് സഭാബഹിഷ്ക്കരണം. എന്തിനും ഏതിനും ഉപയോഗപ്പെടുത്തേണ്ട ഒരു ആയുധമാണോ സഭാ ബഹിഷ്ക്കരണം?

നിയമനിർമ്മാണ സഭയുടെ സ്വഭാവം പരിഗണിക്കുമ്പോൾ അതിന്റെ നടപടി ക്രമങ്ങളിൽ മാത്രമാണ് നിയന്ത്രണങ്ങളുള്ളത്. എന്നാൽ അതിന്റെ സത്തയിൽ നോക്കിയാൽ നിയമ നിർമ്മാണ സഭയുടെ അല്ലെങ്കിൽ, പാർലമെന്റിന്റെ പരമാധികാരത്തിന് നിയന്ത്രണങ്ങളോ പരമിതികളോ ഇല്ല.



എൻ. വി. ഗാഡ്ഗിൽ, സിഎഡി, Vol. XI, പേജ് 659, 1949 നവംബർ 18

## പാർലമെന്റ് എങ്ങനെയാണ് സ്വയം നിയന്ത്രിക്കുന്നത്?
## (HOW DOES THE PARLIMENT REGULATE ITSELF?)



അങ്ങനെ നിയമ നിർമാതാക്കൾ പോലും ചില പ്രത്യേക നിയമങ്ങൾക്ക് വിധേയരാണ്!

മുൻപ് സൂചിപ്പിച്ചതുപോലെ പാർലമെന്റ് ഒരു ചർച്ചാവേദിയാണ്. ചർച്ചകളിലൂടെയാണ് പാർലമെന്റ് പ്രധാനപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. അതിനാൽ ചർച്ചകളെല്ലാം അർത്ഥപൂർണ്ണവും ക്രമപ്രകാരവുമായിരിക്കണം. എങ്കിൽ മാത്രമേ സഭയുടെ അന്തസ്സിന് കളങ്കമേൽക്കാതെ അതിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. സഭകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനുവേണ്ടി ചില വ്യവസ്ഥകൾ ഭരണഘടനയിൽതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സഭാനടപടികൾ നിയന്ത്രിക്കുന്നതിനുള്ള അന്തിമ അധികാരം സഭാധ്യക്ഷനിൽ നിക്ഷിപ്തമായിരിക്കും.

**കാർട്ടൂൺ വായിക്കുക**

*Irfan*




"ഞങ്ങൾ വാക്കൗട്ട് നടത്തുകയല്ല, നമ്മളോട് പുറത്തേക്ക് പോകുവാൻ കൽപ്പിക്കപ്പെട്ടതാണ്". പാർലമെന്റംഗങ്ങൾ പറഞ്ഞു. ഇത്തരം സാഹചര്യങ്ങൾ സഭയിൽ എല്ലായ്പോഴും സംഭവിക്കാറുണ്ടോ?

സഭാധ്യക്ഷൻമാർക്ക് സഭയിലെ അംഗങ്ങളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുവാൻ മറ്റൊരു മാർഗ്ഗം കൂടിയുണ്ട്. കൂറുമാറ്റ നിരോധന നിയമത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ? ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെ ടിക്കറ്റിൽ മത്സരിച്ച് വിജയിച്ചിട്ടാണ് മിക്കവാറും ആളുകൾ സഭാംഗങ്ങളാവുന്നത്. തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം അവർ സ്വന്തം പാർട്ടിയിൽനിന്നും വിട്ടുപോകാൻ

തീരുമാനിച്ചാൽ എന്താണ് സംഭവിക്കുക? സ്വാതന്ത്ര്യത്തിനുശേഷം വർഷങ്ങളോളം ഈ പ്രശ്നം പരിഹരിക്കപ്പെടാതെ നിലനിന്നിരുന്നു. എന്നാൽ രാഷ്ട്രീയ പാർട്ടിയുടെ ബാനറിൽ മത്സരിച്ച് വിജയിച്ച ഒരാൾ മറ്റൊരു രാഷ്ട്രീയ പാർട്ടിയിലേക്ക് കൂറുമാറുന്നത് തടയുവാൻ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ധാരണയായി. ഇതിനുവേണ്ടി 1985 ൽ കൊണ്ടുവന്ന 52-ാം ഭരണഘടന ഭേദഗതിയാണ് കൂറുമാറ്റ നിരോധന നിയമം. 91-ാം ഭരണഘടനഭേദഗതി ഈ നിയമത്തിൽ ചില പരിഷ്കാരങ്ങൾ കൊണ്ടുവന്നു. കൂറുമാറ്റ നിരോധനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്തിമമായ തീരുമാനം എടുക്കുവാനുള്ള അധികാരം സഭാധ്യക്ഷനായിരിക്കും. ഒരു അംഗം കൂറുമാറിയതായി സഭാധ്യക്ഷൻ പ്രഖ്യാപിച്ചാൽ ആ അംഗത്തിന് സഭാംഗത്വം നഷ്ടപ്പെടും. കൂടാതെ അദ്ദേഹത്തിന്റെ മന്ത്രിപദം പോലെയുള്ള പദവികൾ വഹിക്കുവാനുള്ള യോഗ്യതയും ഇല്ലാതാവും.



അവർ എന്തിനു വേണ്ടിയാണ് പാർട്ടി മാറുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരിക്കൽ വിട്ടുപോയ രാഷ്ട്രീയ പാർട്ടികളിലേക്ക് അവർ വീണ്ടും തിരിച്ചുവരിക പോലും ചെയ്യുന്നുണ്ടല്ലോ?

എന്താണ് കൂറുമാറ്റം? നേതൃത്വത്തിന്റെ നിർദ്ദേശം അവഗണിച്ച് സഭയിൽ ഹാജരാകാതിരിക്കുകയോ പാർട്ടി നിർദ്ദേശങ്ങൾക്കെതിരായി വോട്ടു ചെയ്യുകയോ അല്ലെങ്കിൽ പാർട്ടി അംഗത്വം സ്വമേധയാ ഉപേക്ഷിക്കുകയും ചെയ്യുമ്പോഴാണ് ഒരംഗം കൂറുമാറിയതായി പ്രഖ്യാപിക്കപ്പെടുന്നത്.

കൂറുമാറ്റ നിരോധന ഭേദഗതി നിയമം നിലവിൽ വന്നെങ്കിലും അതിന് കൂറുമാറ്റത്തെ തടയുവാൻ സാധിച്ചിട്ടില്ലെന്നാണ് കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങൾ വെളിവാക്കുന്നത്. എന്നാൽ പാർട്ടി നേതൃത്വത്തിനും സഭാധ്യക്ഷനും അംഗങ്ങളുടെമേൽ കൂടുതൽ അധികാരം നൽകുന്നതിന് ഇത് കാരണമായി.

## ഉപസംഹാരം

പാർലമെന്ററി നടപടിക്രമങ്ങളുടെ തൽസമയ സംപ്രേക്ഷണം നിങ്ങൾ കണ്ടിട്ടുണ്ടോ? രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുന്ന വർണ്ണാഭമായ വസ്ത്രങ്ങൾ അണിഞ്ഞ തികഞ്ഞ ഒരു മഴവില്ലുപോലെയാണ് ഇന്ത്യൻ പാർലമെന്റെന്ന് നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. അംഗങ്ങൾ വ്യത്യസ്ത ഭാഷകളിലാണ് പാർലമെന്റ് നടപടിക്രമങ്ങളിൽ സംസാരിക്കുന്നത്. അവർ വ്യത്യസ്ത ജാതിയെയും മതങ്ങളെയും വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്നു. അവർ പരസ്പരം ശക്തമായ എതിർപ്പുകൾ പുലർത്താറുണ്ട്. അവർ രാജ്യത്തിന്റെ പണവും സമയവും നഷ്ടപ്പെടുത്തുകയാണെന്ന് ഒരു ധ്വനി പലപ്പോഴും സൃഷ്ടിക്കുന്നു. എന്നാൽ

ഇതേ പാർലമെന്റിനുതന്നെ എക്സിക്യൂട്ടീവിനെ കാര്യക്ഷമമായി നിയന്ത്രിക്കുവാൻ സാധിക്കുമെന്ന് നമുക്ക് ഈ പാഠഭാഗത്തുനിന്നും മനസ്സിലാക്കുവാൻ സാധിച്ചു. സമൂഹത്തിന്റെ വ്യത്യസ്തവിഭാഗങ്ങളുടെ താൽപര്യങ്ങളെ അവർക്ക് സംരക്ഷിക്കുവാൻ സാധിക്കുന്നു. ഗവൺമെന്റ് ഘടകങ്ങളിൽ ഏറ്റവും പ്രാതിനിധ്യമുള്ള ഘടകമാണ് നിയമനിർമ്മാണ വിഭാഗം. വ്യത്യസ്ത സാമൂഹിക പശ്ചാത്തലത്തിൽനിന്ന് വരുന്ന പ്രതിനിധികളുള്ളതിനാൽ നിയമനിർമ്മാണ സഭകൾ കൂടുതൽ പ്രാതിനിധ്യ സ്വഭാവവും ജനങ്ങളുടെ പ്രതീക്ഷക്കൊത്ത പ്രതികരണവും നടത്തുന്നു.ഒരു പാർലമെന്ററി ജനാധിപത്യത്തിൽ ജനങ്ങളുടെ അഭിലാഷങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഘടകം എന്ന നിലക്ക് നിയമനിർമ്മാണ സഭക്ക് ഉന്നത അധികാരവും ഉത്തരവാദിത്വവുമുണ്ട്. ഇവിടെയാണ് പാർലമെന്റിന്റെ ജനാധിപത്യശക്തി കുടികൊള്ളുന്നത്.

## അഭ്യാസം

1. ജനങ്ങളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനുവേണ്ടി കാര്യക്ഷമമായ ഒരു ഗവൺമെന്റ് രാജ്യത്തിനാവശ്യമുണ്ടെന്ന് അലോക് കരുതുന്നു. നമ്മൾ പ്രധാനമന്ത്രിയെയും മന്ത്രിമാരെയും തെരഞ്ഞെടുക്കുകയും ഗവൺമെന്റിന്റെ ജോലി അവരെ ഏൽപ്പിക്കുകയും ചെയ്താൽ നമുക്ക് ഒരു നിയമനിർമ്മാണ സഭയുടെ ആവശ്യമില്ല. നിങ്ങൾ ഈ ആശയത്തോട് യോജിക്കുന്നുണ്ടോ? കാരണം നൽകുക.
2. ദ്വിമണ്ഡല നിയമനിർമ്മാണ സഭയുടെ മേന്മകളെക്കുറിച്ച് നിങ്ങളുടെ ക്ലാസ്സിൽ നടന്നുകൊണ്ടിരിക്കുന്ന ചർച്ചയിൽ താഴെ പറയുന്ന വാദഗതികൾ ഉയർന്നുവന്നു. ഈ വാദഗതികൾ വായിച്ച് ഇതിനോട് നിങ്ങൾ യോജിക്കുന്നുവോ അതോ വിയോജിക്കുന്നുവോ എന്ന് കാരണസഹിതം വിശദീകരിക്കുക
   - ദ്വിമണ്ഡല നിയമനിർമ്മാണ സഭകൾ ഒരു ലക്ഷ്യവും പൂർത്തീകരിക്കുന്നില്ലെന്ന് നേഹ പറഞ്ഞു.
   - രണ്ടാമത്തെ മണ്ഡലത്തിൽ വിദഗ്ധരായവരെ നാമനിർദ്ദേശം ചെയ്യണമെന്ന് ശ്യാമ വാദിച്ചു.
   - ഒരു രാജ്യത്ത് ഫെഡറൽ വ്യവസ്ഥിതിയല്ല നിലനിൽക്കുന്നതെങ്കിൽ രണ്ടാമത്തെ മണ്ഡലത്തിന്റെ ആവശ്യകതയില്ലെന്ന് ത്യദിബ് പറഞ്ഞു.

3. എന്തുകൊണ്ടാണ് ലോകസഭയ്ക്ക് രാജ്യസഭയേക്കാൾ കാര്യക്ഷമമായി എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുവാൻ സാധിക്കുന്നത്?
4. എക്സിക്യൂട്ടീവിനെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിലുപരി ലോക സഭ ജനങ്ങളുടെ പ്രതീക്ഷകളെയും അഭിലാഷങ്ങളെയും പ്രകടിപ്പി ക്കുന്ന വേദിയാണ്. ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണം വ്യക്തമാക്കുക.
5. പാർലമെന്റിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഇതിനോട് നിങ്ങൾ യോജിക്കുന്നുവോ വിയോജിക്കുന്നുവോ എന്ന് കാരണസഹിതം വ്യക്തമാക്കുക. ഈ നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെടുകയാണെങ്കിൽ അതിന്റെ പരിണതഫലം എന്തായിരിക്കും? വിശദീകരിക്കുക.
   - പാർലമെന്റ് കൂടുതൽ സമയം പ്രവർത്തിക്കണം.
   - പാർലമെന്റിലെ അംഗങ്ങൾക്ക് ഹാജർ നിർബന്ധമാക്കണം.
   - സഭാ നടപടികൾ തടസ്സപ്പെടുത്തുന്നവരെ ശിക്ഷിക്കാൻ സ്പീക്കർക്ക് അധികാരമുണ്ടായിരിക്കണം.
6. പ്രധാനപ്പെട്ട ബില്ലുകളെല്ലാം മന്ത്രിമാർ നിർദ്ദേശിക്കുകയും സഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെ മന്ത്രിമാർ അവതരിപ്പിക്കുന്ന ഗവൺമെന്റ് ബില്ലുകളെല്ലാം പാസ്സാക്കപ്പെടുകയും ചെയ്താൽ പിന്നെ പാർല മെന്റിന് നിയമനിർമ്മാണ പ്രക്രിയയിൽ എന്ത് പങ്കാണ് വഹിക്കുവാനു ള്ളതെന്ന് ആരിഫ് അറിയുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് എന്ത് മറുപടിയാണ് നിങ്ങൾക്ക് നൽകുവാൻ സാധിക്കുക?
7. താഴെ കൊടുത്തിരിക്കുന്ന ഏതെല്ലാം പ്രസ്താവനകളോടാണ് നിങ്ങൾ കൂടുതൽ യോജിക്കുന്നത്? കാരണം നൽകുക.
   - നിയമനിർമ്മാണ സഭയിലെ അംഗങ്ങൾക്ക് ഇഷ്ടമുള്ള പാർട്ടിയിൽ ചേരുവാൻ അവസരം നൽകണം.
   - കൂറുമാറ്റ നിരോധന നിയമം നിയമസഭാസമാജികർക്കുമേൽ പാർട്ടി നേതാക്കൾക്കൊരു മേധാവിത്വം നൽകുന്നുണ്ട്.
   - കൂറുമാറ്റം എല്ലായ്പ്പോഴും സ്വന്തം താൽപര്യ സംരക്ഷണത്തിനു വേണ്ടി നടത്തുന്നതാകയാൽ മറ്റുപാർട്ടിയിൽ ചേരുവാനാഗ്ര ഹിക്കുന്ന നിയമസഭാ സാമാജികരെ അടുത്ത രണ്ടുവർഷത്തേക്ക് മന്ത്രിയാക്കുന്നതിൽനിന്നും അയോഗ്യരാക്കണം.

8. അടുത്ത കാലത്തായുള്ള പാർലമെന്റിന്റെ കാര്യക്ഷമതയെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചുമാണ് ഡോളിയും സുധയും സംവാദം നടത്തുന്നത്. സഭയുടെ പ്രവർത്തനങ്ങളിൽ വരുന്ന തടസ്സങ്ങൾ, സഭാബഹിഷ്കരണം തുടങ്ങിയവ മൂലം, ചർച്ചകൾക്കും സംവാദങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്ന സമയം കുറഞ്ഞുവരുന്നുവെന്നും ഇത് പാർലമെന്റിന്റെ പ്രവർത്തനക്ഷയത്തിന് കാരണമാകുന്നുവെന്നും ഡോളി വിശ്വസിക്കുന്നു. എന്നാൽ, പല ഗവൺമെന്റുകളുടെയും ലോകസഭയിലെ പതനം പാർലമെന്റിന്റെ ചലനാത്മകതക്ക് തെളിവാണെന്ന് സുധ വാദിക്കുന്നു. ഡോളിയുടെയും സുധയുടെയും വാദങ്ങളെ എതിർത്തും അനുകൂലിച്ചും മറ്റ് എന്ത് വാദങ്ങളാണ് നിങ്ങൾക്ക് നൽകുവാൻ സാധിക്കുക?

9. ഒരു ബില്ല് നിയമമായി മാറുന്നതിന്റെ വിവിധ ഘട്ടങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. അവയെ ശരിയായി ക്രമപ്പെടുത്തുക.
   - ഒരു ബില്ല് ചർച്ചക്കെടുക്കുന്നതിനുവേണ്ടി ഒരു പ്രമേയം പാസ്സാക്കുന്നു.
   - ബില്ല് രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് വിടുന്നു. രാഷ്ട്രപതി അതിനു അംഗീകാരം നൽകിയിട്ടില്ലങ്കിൽ പിന്നീട് അതിനു എന്ത് സംഭവിക്കുന്നുവെന്ന് എഴുതുക.
   - ബില്ല് പാസ്സാക്കുന്നതിനുവേണ്ടി അടുത്ത സഭയിലേക്ക് അയക്കുന്നു. അത് പാസ്സാവുകയും ചെയ്യുന്നു.
   - ബിൽ നിർദ്ദേശിക്കപ്പെട്ട സഭയിൽതന്നെ പാസ്സാക്കുന്നു.
   - ബില്ലിന്റെ ഓരോ വകുപ്പുകളും വായിക്കുകയും അത് വോട്ടിനിടുകയും ചെയ്യുന്നു.
   - ബില്ല് സബ്കമ്മറ്റിയുടെ പരിഗണനക്ക് വിടുന്നു. കമ്മറ്റി ആവശ്യമായ തിരുത്തലുകൾ വരുത്തി സഭയുടെ ചർച്ചക്കുവേണ്ടി അയക്കുന്നു.
   - ബന്ധപ്പെട്ട മന്ത്രി ബില്ലിന്റെ ആവശ്യകതയെക്കുറിച്ച് സഭയിൽ വിശദീകരിക്കുന്നു.
   - നിയമ മന്ത്രാലയം ബില്ലിന്റെ കരട് തയ്യാറാക്കുന്നു.

10. പാർലമെന്ററി കമ്മിറ്റി സംവിധാനം പാർലമെന്റിന്റെ നിയമനിർമ്മാണ മേൽനോട്ടത്തെയും വിലയിരുത്തലിനെയും എങ്ങനെ ബാധിച്ചു?

# അധ്യായം 6

# നീതിന്യായ വിഭാഗം

**(JUDICIARY)**

## ആമുഖം

*വ്യക്തികൾ തമ്മിലോ, സ്വകാര്യ സ്ഥാപനങ്ങൾ തമ്മിലോ ഉള്ള തർക്കങ്ങൾ തീർപ്പാക്കുന്ന മദ്ധ്യസ്ഥർ എന്ന നിലയിലാണ് പലപ്പോഴും കോടതികളെ കാണാറുള്ളത്. എന്നാൽ നീതിന്യായ വിഭാഗത്തിന് ചില രാഷ്ട്രീയ ചുമതലകൾ കൂടിയുണ്ട്. നീതിന്യായ വിഭാഗം ഗവൺമെന്റിന്റെ ഒരു പ്രധാന ഘടകമാണ്. ലോകത്തിലെതന്നെ ഏറ്റവും ശക്തമായ കോടതികളിലൊന്നാണ് ഇന്ത്യയുടെ സുപ്രീം കോടതി. ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിലും, അതിനെ സംരക്ഷിക്കുന്നതിലും 1950 മുതൽ തന്നെ വളരെ പ്രധാനപ്പെട്ട പങ്കാണ് നീതിന്യായ വിഭാഗം വഹിച്ചുവരുന്നത്. നീതിന്യായ വിഭാഗത്തിന്റെ പങ്കിനെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചുമാണ് ഈ അധ്യായത്തിൽ നിങ്ങൾ പഠിക്കുന്നത്. നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നീതിന്യായ വിഭാഗത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് 'മൗലികാവകാശങ്ങൾ' എന്ന അധ്യായത്തിൽ നമ്മൾ വായിച്ചതാണല്ലോ. താഴെ പറയുന്ന കാര്യങ്ങൾ ഗ്രഹിക്കുന്നതിന് ഈ അധ്യായത്തിന്റെ പഠനം നമ്മെ സഹായിക്കും.*

* *'നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം' എന്നതിന്റെ അർത്ഥം.*
* *നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ഇന്ത്യൻ നീതിന്യായ വിഭാഗത്തിന്റെ പങ്ക്.*
* *ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിൽ നീതിന്യായ വിഭാഗത്തിന്റെ പങ്ക്.*
* *ഇന്ത്യയിൽ പാർലമെന്റും നീതിന്യായ വിഭാഗവും തമ്മിലുള്ള ബന്ധം.*

## നമുക്ക് ഒരു സ്വതന്ത്ര നീതിന്യായ വിഭാഗത്തിന്റെ ആവശ്യകതയെന്ത്? (WHY DO WE NEED AN INDEPENDENT JUDICIARY?)

ഏതൊരു സമൂഹത്തിലും, വ്യക്തികൾ തമ്മിലും, വ്യക്തികളും സംഘങ്ങളും (groups) തമ്മിലും, വ്യക്തികളും സംഘങ്ങളും ഗവൺമെന്റും തമ്മിലും തർക്കങ്ങളുണ്ടാവുക സ്വാഭാവികമാണ്. നിയമവാഴ്ച (Rule of Law) എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര സ്ഥാപനം ഇത്തരത്തിലുള്ള എല്ലാ തർക്കങ്ങളും തീർപ്പാക്കണം. എല്ലാ വ്യക്തികളും, സമ്പന്നരും ദരിദ്രരും, സ്ത്രീകളും പുരുഷൻമാരും, മുന്നോക്കക്കാരും പിന്നോക്കക്കാരും ഒരേ നിയമത്തിന് വിധേയരാണ് എന്നാണ് നിയമവാഴ്ചകൊണ്ട് അർത്ഥമാക്കുന്നത്. നീതിന്യായവിഭാഗത്തിന്റെ മുഖ്യചുമതല നിയമവാഴ്ച സംരക്ഷിക്കുകയും നിയമത്തിന്റെ പരമാധികാരം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ്. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, നിയമപരമായി തർക്കങ്ങൾ തീർപ്പാക്കുക, ജനാധിപത്യം ഒരു വ്യക്തിയുടെയോ സംഘത്തിന്റെയോ സ്വേച്ഛാധിപത്യത്തിലേക്ക് വഴി മാറുന്നില്ല എന്നുറപ്പുവരുത്തുക എന്നിവയും നീതിന്യായ വിഭാഗത്തിന്റെ മറ്റ് ചുമതലകളാണ്. ഈ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കണമെങ്കിൽ നീതിന്യായ വിഭാഗം, രാഷ്ട്രീയ സമ്മർദങ്ങളിൽ നിന്ന് പൂർണമായും സ്വതന്ത്രമാകേണ്ടതാണ്.

കാർട്ടൂൺ വായിക്കുക




. . . as an eminent lawyer you ought to know that your action is tantamount to, under section B. Sub-section G.VIX, read along with I.P.C. (A) XI (B), notwithstanding. . .

R K Laxman in The Times of India.

‘മുഷ്ടിയുദ്ധം വേണ്ട, ഇത് നിയമവാഴ്ചയാണ്’

നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്? എങ്ങനെ ഈ സ്വാതന്ത്ര്യം ഉറപ്പുവരുത്താം?

## നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം (Independence of Judiciary)

ലളിതമായി പറഞ്ഞാൽ നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്,

- ഗവൺമെന്റിന്റെ മറ്റ് ഘടകങ്ങളായ നിയമനിർമ്മാണ സഭയും (Legislature) കാര്യനിർവ്വഹണ വിഭാഗവും (Executive) നീതിന്യായ വിഭാഗത്തിന്റെ (Judiciary) ചുമതലകൾ നിർവ്വഹിക്കുന്നതിൽ തടസ്സം സൃഷ്ടിക്കാതിരിക്കുക;

- നീതിന്യായ വിഭാഗത്തിന്റെ തീരുമാനങ്ങളിൽ, ഗവൺമെന്റിന്റെ മറ്റ് രണ്ട് ഘടകങ്ങളായ നിയമനിർമ്മാണ സഭയും, കാര്യനിർവ്വഹണ വിഭാഗവും ഇടപെടാതിരിക്കുക.

- ഭയമോ പക്ഷഭേദമോ ഇല്ലാതെ, ന്യായാധിപൻമാർക്ക് തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയുക എന്നിവയാണ്.



രണ്ടാം അധ്യായത്തിൽ സൂചിപ്പിച്ച മാച്ചലിന്റെ കേസ് എനിക്കോർമ്മയുണ്ട്. 'വൈകി ലഭിക്കുന്ന നീതി, നിഷേധിക്കപ്പെടുന്ന നീതി'യാണെന്നല്ലേ അവർ പറയുന്നത്? ഇക്കാര്യത്തിൽ ആരെങ്കിലും എന്തെങ്കിലും ചെയ്യേണ്ടതുണ്ട്.

അനിയന്ത്രിതമായ അധികാരമെന്നോ ഉത്തരവാദിത്വമില്ലായ്മ എന്നോ സ്വതന്ത്ര നീതിന്യായ വിഭാഗം എന്നതുകൊണ്ട് അർത്ഥമാക്കുന്നില്ല. രാജ്യത്തെ ജനാധിപത്യ രാഷ്ട്രീയ സംവിധാനത്തിന്റെ ഒരു ഭാഗമാണ് നീതിന്യായ വിഭാഗം. അതിനാൽത്തന്നെ നീതിന്യായ വിഭാഗത്തിന് രാജ്യത്തിന്റെ ഭരണഘടനയോടും ജനാധിപത്യ പാരമ്പര്യത്തോടും ജനങ്ങളോടും ഉത്തരവാദിത്വമുണ്ട്.

നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം എങ്ങിനെയാണ് സംരക്ഷിക്കുകയും ഉറപ്പു വരുത്തുകയും ചെയ്തിട്ടുള്ളത്?

വിവിധ നടപടികളിലൂടെ ഇന്ത്യയുടെ ഭരണഘടന നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം ഉറപ്പുവരുത്തിയിരിക്കുന്നു. ന്യായാധിപൻമാരുടെ നിയമന പ്രക്രിയയിൽ നിയമനിർമ്മാണസഭ ഇടപെടുന്നില്ല. അതുകൊണ്ട് തന്നെ ഇവരുടെ നിയമനത്തിൽ കക്ഷിരാഷ്ട്രീയത്തിന് കാര്യമായ പങ്കൊന്നുമില്ലെന്ന് വിശ്വസിക്കപ്പെടുന്നു. ഒരാൾ, ന്യായാധിപനായി നിയമിക്കപ്പെടണമെങ്കിൽ ഒന്നുകിൽ ഒരു നിയമപണ്ഡിതനായിരിക്കണം, അല്ലെങ്കിൽ അഭിഭാഷകനായി അനുഭവ പരിചയം ഉണ്ടാവണം. ഒരാളുടെ രാഷ്ട്രീയാഭിപ്രായമോ, രാഷ്ട്രീയ വിധേയത്വമോ ന്യായാധിപനായി നിയമിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളല്ല.

ന്യായാധിപൻമാർക്ക് ഒരു നിശ്ചിതമായ ഔദ്യോഗിക കാലാവധിയുണ്ട്. അവർക്ക് വിരമിക്കൽ പ്രായം എത്തുന്നതുവരെ ജോലിയിൽ തുടരാവുന്നതാണ്. വളരെ അപൂർവ്വമായി മാത്രമേ അവരെ ജോലിയിൽ നിന്നും നീക്കം ചെയ്യാറുള്ളൂ. അവരുടെ ജോലി സ്ഥിരത ഉറപ്പു വരുത്തിയിട്ടുണ്ട്. ഭയമോ പക്ഷഭേദമോ ഇല്ലാതെ ജോലി ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുന്നത് ഈ തൊഴിൽ സുരക്ഷിതത്വമാണ്. ന്യായാധിപൻമാരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് വളരെ പ്രയാസമേറിയ ഒരു നടപടിക്രമമാണ് ഭരണഘടന നിർദ്ദേശിക്കുന്നത്. ന്യായാധിപൻമാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഭരണഘടനാ നിർമ്മാതാക്കൾ ഇത്തരത്തിലൊരു നടപടിക്രമം നിർദ്ദേശിച്ചത്.

സാമ്പത്തികമായ കാര്യങ്ങൾക്കായി നീതിന്യായവിഭാഗത്തിന്, നിയമ നിർമ്മാണസഭയേയോ, കാര്യനിർവ്വഹണ വിഭാഗത്തെയോ ആശ്രയിക്കേണ്ടതില്ല. ന്യായാധിപൻമാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നിയമ നിർമ്മാണ സഭയുടെ അംഗീകാരത്തിന് വിധേയമല്ല എന്ന് ഭരണഘടന വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുപോലെതന്നെ അവരുടെ തീരുമാനങ്ങൾക്കും നടപടികൾക്കും, വ്യക്തിപരമായ വിമർശനങ്ങളിൽനിന്നും സംരക്ഷണം നൽകിയിരിക്കുന്നു. അത്തരത്തിൽ വിമർശിക്കുന്നവരെ കോടതിയലക്ഷ്യകുറ്റം (contempt of court) ചുമത്തി വിചാരണ ചെയ്യുന്നതിന് കോടതിക്ക് അധികാരമുണ്ട്. നീതിയുക്തമല്ലാത്ത വിമർശനങ്ങളിൽനിന്നും ന്യായാധിപൻമാരെ സംരക്ഷിക്കുന്നതിന് കോടതിയുടെ ഈ അധികാരം ഫലപ്രദമാണ്. ഒരു ന്യായാധിപനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനായി ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായല്ലാതെ ന്യായാധിപരുടെ പെരുമാറ്റം സംബന്ധിച്ച് ചർച്ച ചെയ്യാൻ പാർലമെന്റിന് കഴിയുകയില്ല. വിമർശന വിധേയമാകും എന്ന ഭയം കൂടാതെ നീതിനിർവ്വഹണം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ഇതുവഴി നീതിന്യായ വിഭാഗത്തിന് ലഭിക്കുന്നു.

**പഠനപ്രവർത്തനങ്ങൾ**

താഴെ പറയുന്ന വിഷയത്തിൽ ക്ലാസ്സിൽ ഒരു സംവാദം സംഘടിപ്പിക്കുക.

താഴെ കൊടുത്തിട്ടുള്ളതിൽ ഏതൊക്കെ ഘടകങ്ങളാണ് വിധി പ്രസ്താവിക്കുന്നതിൽ ന്യാധിപൻമാർക്ക് നിയന്ത്രണങ്ങളാവുന്നത്? ഇത് നീതീകരിക്കത്തക്കതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

- ഭരണഘടന
- കീഴ്‌വഴക്കങ്ങൾ
- മറ്റ് കോടതികളുടെ അഭിപ്രായം
- പൊതുജനാഭിപ്രായം
- നിയമത്തിന്റെ പാരമ്പര്യം
- നിയമങ്ങൾ
- സമയത്തിന്റേയും ഉദ്യോഗസ്ഥരുടെയും അപര്യാപ്തത
- പൊതുജന വിമർശനത്തോടുള്ള ഭയം
- കാര്യനിർവ്വഹണ വിഭാഗത്തിന്റെ ഇടപെടലുണ്ടാകുമോ എന്ന ഭയം (Fear of action by Executive)



എനിക്ക് ഭയമുണ്ട്, ഞാൻ ആശങ്കാകുലനാണ്. ഒരു ജനാധിപത്യത്തിൽ നിങ്ങൾക്ക് പ്രധാനമന്ത്രിയേയോ, പ്രസിഡന്റിനെപ്പോലുമോ വിമർശിക്കാം. പക്ഷെ ന്യായാധിപൻമാരെ വിമർശിക്കാനാവില്ല. എന്താണ് ഈ കോടതിയലക്ഷ്യം? ഈ കാര്യങ്ങളെക്കുറിച്ച് ഞാൻ ചോദ്യങ്ങൾ ചോദിച്ചാൽ അത് കോടതിയലക്ഷ്യമാവുമോ?

## ജഡ്ജിമാരുടെ നിയമനം (Appointment of Judges)

ജഡ്ജിമാരുടെ നിയമനം ഒരു കാലത്തും രാഷ്ട്രീയ വിവാദങ്ങളിൽ നിന്നും മുക്തമായിരുന്നില്ല. ഇത് രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമാണ്. ഭരണഘടന എങ്ങനെയാണ് വ്യാഖ്യാനിക്കപ്പെടുന്നത് എന്നത് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ജഡ്ജിമാരായി സേവനമനുഷ്ഠിക്കുന്നവരെ ആശ്രയിച്ച് വ്യത്യാസപ്പെട്ടിരിക്കും. ന്യായാധിപന്മാരുടെ രാഷ്ട്രീയദർശനം, സജീവവും ദൃഢവുമായ ജ്യുഡിഷ്യറി അല്ലെങ്കിൽ പ്രതിബദ്ധയുള്ളതും നിയന്ത്രിതവുമായ നീതിന്യായവിഭാഗത്തെക്കുറിച്ചുള്ള ന്യയാധിപന്മാരുടെ കാഴ്ചപ്പാടുകൾ തുടങ്ങിയവ നിർമിക്കപ്പെട്ട നിയമങ്ങളുടെ ഭാഗധേയത്തെത്തന്നെ സ്വാധീനിക്കുന്നു. മന്ത്രിസഭ, ഗവർണർമാർ, മുഖ്യമന്ത്രിമാർ, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നിവരെല്ലാം ന്യായാധിപൻമാരുടെ നിയമന പ്രക്രിയയെ സ്വാധീനിക്കുന്നുണ്ട്.

സുപ്രീം കോടതി ചീഫ് ജസ്റ്റിസിന്റെ നിയനമത്തെ സംബന്ധിച്ചിടത്തോളം, വർഷങ്ങളായിട്ടുള്ള ഒരു കീഴ്‌വഴക്കം സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന ജഡ്ജിയെ, ചീഫ് ജസ്റ്റിസായി നിയമിക്കുക എന്നതാണ്. അങ്ങനെയാണെങ്കിലും ഈ കീഴ്‌വഴക്കം രണ്ടു തവണ ലംഘിക്കപ്പെട്ടിട്ടുണ്ട്. സുപ്രീം കോടതിയിലെ മുതിർന്ന മൂന്നു ജഡ്ജിമാരെ മറികടന്നുകൊണ്ടാണ് 1973 ൽ ജസ്റ്റിസ് എ.എൻ. റായ് (Justice A.N.Ray) ചീഫ് ജസ്റ്റിസായി നിയമിക്കപ്പെട്ടത്. വീണ്ടും 1975 ൽ ജസ്റ്റിസ് എച്ച്. ആർ.ഖന്നയെ മറികടന്നുകൊണ്ട് ജസ്റ്റിസ് എം.എച്ച്. ബേഗ് (Justice M.H. Beg) സുപ്രീം കോടതി ചീഫ് ജസ്റ്റിസായി നിയമിക്കപ്പെട്ടു.



ജഡ്ജിമാരുടെ നിയമനത്തിൽ മന്ത്രിസഭക്ക് ഒരു പ്രധാന പങ്ക് ഉണ്ടായേക്കുമെന്ന് തന്നെയാണ് ഞാൻ ചിന്തിക്കുന്നത്. അല്ലെങ്കിൽ സ്വയം നിയമിക്കുന്ന ഒരു സമിതി ആണോ നീതിന്യായ വിഭാഗം?

സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ചശേഷമാണ് സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാരെയും ഹൈക്കോടതി ജഡ്ജിമാരെയും പ്രസിഡന്റ് നിയമിക്കുന്നത്. ഫലത്തിൽ ഇതിനർത്ഥം ഇവരുടെ നിയമനത്തിൽ അന്തിമ തീരുമാനം എടുക്കാനുള്ള അധികാരം മന്ത്രിസഭയിൽ നിക്ഷിപ്തമാണ് എന്നതാണ്. അങ്ങിനെയാണെങ്കിൽ ചീഫ് ജസ്റ്റിസുമായുള്ള കൂടികാഴ്ചയുടെ പ്രസക്തി എന്താണ്?

ഈ കാര്യം സുപ്രീം കോടതിയുടെ മുമ്പാകെ 1982 മുതൽ 1998 വരെയുള്ള കാലയളവിൽ നിരവധി തവണ വരികയുണ്ടായി. ചീഫ് ജസ്റ്റിസിന്റെ പങ്ക് വിദഗ്ധാഭിപ്രായം നൽകുക എന്നതു മാത്രമാണെന്നാണ് തുടക്കത്തിൽ കോടതിക്ക് തോന്നിയത്. ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം പ്രസിഡന്റ് സ്വീകരിക്കേണ്ടതാണെന്ന് പിന്നീട് കോടതി നിലപാടെടുത്തു. അവസാനം, കോടതി നൂതനമായ ഒരു നടപടി ക്രമം നിർദ്ദേശിച്ചു. സുപ്രീം കോടതിയിലെ നാല് മുതിർന്ന ജഡ്ജിമാരു

മായി കൂടിയാലോചിച്ച് നിയമിക്കപ്പെടേണ്ടവരുടെ പേരുകൾ ചീഫ് ജസ്റ്റിസ് ശുപാർശ ചെയ്യുക. അങ്ങനെ നിയമനത്തിനായി ശുപാർശ ചെയ്യുന്നതിന് 'കൊളീജിയാലിറ്റി സമ്പ്രദായം' (Principle of Collegiality) സുപ്രീം കോടതി വ്യവസ്ഥ ചെയ്തു. അങ്ങിനെ, നിലവിൽ നിയമന കാര്യത്തിൽ സുപ്രീംകോടതിയിലെ മുതിർന്ന നാല് ജഡ്ജിമാരടങ്ങുന്ന സമിതിയുടെ അഭിപ്രായത്തിനാണ് മുൻതൂക്കം. അങ്ങിനെ, നീതിന്യായ വിഭാഗത്തിലെ നിയമനകാര്യത്തിൽ സുപ്രീം കോടതിയും, മന്ത്രിസഭയും പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു.

## ന്യായാധിപൻമാരെ നീക്കംചെയ്യൽ (Removal of Judges)

സുപ്രീംകോടതിയിലെയും, ഹൈക്കോടതികളിലെയും ന്യായാധിപൻമാരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുക എന്നത് അത്യധികം ബുദ്ധിമുട്ടുള്ള കാര്യമാണ്. തെളിയിക്കപ്പെട്ട പെരുമാറ്റ ദൂഷ്യത്തിന്റേയോ പ്രാപ്തിയില്ലായ്മയുടെയോ അടിസ്ഥാനത്തിൽ മാത്രമേ ഇവരെ നീക്കം ചെയ്യാനാവൂ. ജഡ്ജിക്കെതിരായി ഉന്നയിക്കുന്ന ആരോപണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രമേയം പാർലമെന്റിന്റെ രണ്ട് സഭകളും പ്രത്യേക ഭൂരിപക്ഷത്തോടെ (Special Majority) അംഗീകരിച്ചിരിക്കണം. പ്രത്യേക ഭൂരിപക്ഷം എന്നാൽ എന്താണ് എന്ന് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? തെരഞ്ഞെടുപ്പിനെകുറിച്ചുള്ള അദ്ധ്യായത്തിൽ നമ്മളത് പഠിച്ചിട്ടുണ്ട്. ഒരു ന്യായാധിപനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യാൻ വളരെ ബുദ്ധിമുട്ടാണെന്ന് ഈ നടപടിക്രമങ്ങൾ വ്യക്തമാക്കുന്നു. പാർലമെന്റ് അംഗങ്ങൾക്കിടയിൽ പൊതുവായ ഒരു സമവായമില്ലെങ്കിൽ ഒരു ന്യായാധിപനെ നീക്കം ചെയ്യാനാവില്ല. പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ന്യായാധിപൻമാരുടെ നിയമനത്തിൽ കാര്യനിർവഹണ വിഭാഗത്തിനും, അവരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുന്നതിൽ നിയമനിർമ്മാണ സഭക്കുമാണ് നിർണായക പങ്കുള്ളത്. ഇത് നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യവും അധികാര സന്തുലനവും (Balance of power) ഉറപ്പുവരുത്തിയിരിക്കുന്നു. ഇതേവരെ ഒരു തവണമാത്രമാണ് സുപ്രീം കോടതിയിലെ ഒരു ന്യായാധിപനെ നീക്കം ചെയ്യാനുള്ള ഒരു പ്രമേയം പാർലമെന്റിന്റെ പരിഗണനക്ക് വന്നിട്ടുള്ളത്. മൂന്നിൽ രണ്ട് ഭൂരിപക്ഷം ആ പ്രമേയത്തിന് അനുകൂലമായി ലഭിച്ചുവെങ്കിലും സഭയുടെ ആകെ അംഗസംഖ്യയുടെ ഭൂരിപക്ഷം (absolute majority) ലഭിക്കാതെ പോയതിനാൽ ന്യായാധിപനെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാനായില്ല.

### ഒരു ന്യായാധിപനെ നീക്കം ചെയ്യുന്നതിനുള്ള വിഫല ശ്രമം

ഒരു സുപ്രീം കോടതി ന്യായാധിപനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള ഇന്ത്യയിലെ ആദ്യത്തെ പ്രമേയത്തിന് അനുകൂലമായി 1991 ൽ പാർലമെന്റിലെ 108 അംഗങ്ങൾ ഒപ്പു വച്ചു. പഞ്ചാബ് ഹൈക്കോടതി ചീഫ് ജസ്റ്റിസായി പ്രവർത്തിക്കുന്ന കാലയളവിൽ പൊതുധനം ദുരുപയോഗം ചെയ്തു എന്നതായിരുന്നു ജസ്റ്റിസ് രാമസ്വാമിക്കെതിരെയുള്ള ആക്ഷേപം. സ്ഥാനഭ്രഷ്ടനാക്കൽ നടപടികൾ പാർലമെന്റിലാരംഭിച്ച് ഒരു വർഷത്തിന് ശേഷം

1992 ൽ സുപ്രീം കോടതി ജഡ്ജിമാരടങ്ങുന്ന ഒരു ഉന്നതതല അന്വേഷണ കമ്മീഷൻ ജസ്റ്റിസ് രാമസ്വാമി കുറ്റക്കാരനാണെന്ന് കണ്ടെത്തി. ധാർമ്മികതയുടെ അധഃപതനം, ഔദ്യോഗിക പദവിയുടെ ബോധപൂർവ്വവും പ്രകടവുമായ വൻതോതിലുള്ള ദുരുപയോഗം, നിയമപരമായ ചട്ടങ്ങളുടെ ലംഘനം, സ്വകാര്യ ആവശ്യങ്ങൾക്കായി പൊതുധനം ദുരുപയോഗം ചെയ്യൽ എന്നിവ പഞ്ചാബ്-ഹരിയാന ചീഫ് ജസ്റ്റിസായിരിക്കെ ജസ്റ്റിസ് രാമസ്വാമി ചെയ്തതായി അന്വേഷണ കമ്മീഷൻ കണ്ടെത്തി. ഇത്ര ശക്തമായ കുറ്റപത്രം ഉണ്ടായിരുന്നിട്ടുപോലും തനിക്കെതിരെയുള്ള പാർലമെന്റിന്റെ പുറത്താക്കൽ പ്രമേയത്തെ ജസ്റ്റിസ് രാമസ്വാമി അതിജീവിച്ചു. സഭയിൽ ഹാജരായി വോട്ടുചെയ്ത അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം പ്രമേയത്തിന് അനുകൂലമായി ലഭിച്ചുവെങ്കിലും, കോൺഗ്രസ് പാർട്ടി സഭയിലെ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. വോട്ടെടുപ്പിൽ നിന്നും കോൺഗ്രസ് പാർട്ടി വിട്ടുനിന്നതിനാൽ സഭയുടെ ആകെ അംഗസംഖ്യയുടെ പകുതിപേരുടെ പിന്തുണ പ്രമേയത്തിന് അനുകൂലമായി കിട്ടാതെ പോവുകയും പ്രമേയം പരാജയപ്പെടുകയും ചെയ്തു.

**പഠന പുരോഗതി പരിശോധിക്കുക**

- ജുഡീഷറിയുടെ സ്വാതന്ത്ര്യം എന്തുകൊണ്ട് പ്രധാനപ്പെട്ടതാകുന്നു?
- കാര്യനിർവഹണ വിഭാഗത്തിന് (Executive) ജഡ്ജിമാരെ നിയമിക്കാനുള്ള അധികാരം ഉണ്ടായിരിക്കണമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ എന്തു മാറ്റങ്ങളാണ് നിങ്ങൾ നിർദ്ദേശിക്കുക?

## നീതിന്യായ വിഭാഗത്തിന്റെ ഘടന (STRUCTURE OF THE JUDICIARY)

ഒരു ഏക സംയോജിത നീതിന്യായ വ്യവസ്ഥയാണ് ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നത്. ഇതുകൊണ്ടർത്ഥമാക്കുന്നത്, മറ്റ് പല ഫെഡറൽ രാജ്യങ്ങളിലുമുള്ളതുപോലെ ഇന്ത്യയിൽ സംസ്ഥാനങ്ങൾക്ക് പ്രത്യേകമായ നീതിന്യായ സംവിധാനം ഇല്ല എന്നതാണ്. ഇന്ത്യയിലെ നീതിന്യായ വിഭാഗത്തിന്റെ ഘടന ഒരു പിരമിഡിന്റെ ആകൃതിയിലാണ്. ഏറ്റവും മുകളിലായി സുപ്രീം കോടതി അതിന് താഴെയായി ഹൈക്കോടതികൾ, അതിനും താഴെയായി ജില്ലാ കോടതി, ഏറ്റവും താഴെയായി കീഴ്ക്കോടതികളും (താഴെ കൊടുത്തിട്ടുള്ള ഡയഗ്രം നോക്കുക). കീഴ്ക്കോടതികൾ മേൽക്കോടതികളുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്.




## സുപ്രീം കോടതിയുടെ അധികാരപരിധി (Jurisdiction of Supreme Court)

ലോകത്തിലെ ഏറ്റവും അധികാരമുള്ള കോടതികളിൽ ഒന്നാണ് ഇന്ത്യയുടെ സുപ്രീം കോടതി. എന്നിരുന്നാലും ഭരണഘടന നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലാണ് അത് പ്രവർത്തിക്കുന്നത്. സുപ്രീംകോടതിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഭരണഘടന നിർവചിച്ചിട്ടുണ്ട്. സുപ്രീം കോടതിക്ക് കൃത്യമായ അധികാരപരിധിയുണ്ട്.




## തനതധികാരം (Original Jurisdiction)

ചില വ്യവഹാരങ്ങൾ കീഴ്ക്കോടതികളിലെത്താതെ തന്നെ നേരിട്ട് സുപ്രീം കോടതിയിൽ പരിഗണനക്കെടുക്കാവുന്നതാണ്. മുകളിൽ തന്നിരിക്കുന്ന ഡയഗ്രത്തിൽ നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടാവും, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ നേരിട്ട് സുപ്രീം കോടതിയുടെ പരിഗണനക്കാണ് വരിക. ഫെഡറൽ കാര്യങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ സുപ്രീം കോടതിയ്ക്ക് ഒരു മധ്യസ്ഥന്റെ പങ്ക് ഉറപ്പിക്കുന്നതാണ് തനത് അധികാരം. ഫെഡറൽ സമ്പ്ര

ദായത്തിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും തമ്മിലും വിവിധ സംസ്ഥാന ഗവൺമെന്റുകൾ തമ്മിലും നിയമപരമായ തർക്കങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ഇത്തരത്തിലുള്ള വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് സുപ്രീം കോടതിയിലാണ്. ഇതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ സുപ്രീംകോടതിയാണ് പരിഗണിക്കേണ്ടത്. സുപ്രീം കോടതിക്ക് മാത്രമുള്ള ഈ അധികാരത്തെയാണ് തനത് അധികാരം (Original jurisdiction) എന്ന് പറയുന്നത്. ഇത്തരം വിഷയങ്ങൾ പരിഗണിക്കുന്നതിനുള്ള അധികാരം ഹൈക്കോടതികൾക്കോ, മറ്റ് കീഴ്ക്കോടതികൾക്കോ ഇല്ല. ഈ അധികാരമുപയോഗിച്ച് സുപ്രീം കോടതി കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാനങ്ങളുടെയും ഭരണഘടനാപരമായ അധികാരങ്ങളെ വ്യാഖ്യാനിക്കുകയും അവർക്കിടയിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്നു.

### റിട്ടധികാരം (Writ Jurisdiction)

മൗലികാവകാശങ്ങൾ എന്ന അദ്ധ്യായത്തിൽ പഠിച്ചതുപോലെ, ഏതൊരു വ്യക്തിക്കും, അയാളുടെ ഏതെങ്കിലും ഒരു മൗലികാവകാശം ലംഘിക്കപ്പെട്ടു എന്നു തോന്നിയാൽ, പരിഹാരത്തിനായി നേരിട്ട് സുപ്രീം കോടതിയെ സമീപിക്കാവുന്നതാണ്. മൗലികാവകാശം പുനഃസ്ഥാപിക്കുന്നതിനായി റിട്ടുകളുടെ രൂപത്തിൽ സുപ്രീം കോടതിക്ക് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്. ഹൈക്കോടതികൾക്കും ഇത്തരത്തിൽ റിട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരമുണ്ട്. മൗലികാവകാശ ലംഘനമുണ്ടാവുമ്പോൾ ഒരു വ്യക്തിക്ക് നേരിട്ട് സുപ്രീം കോടതിയേയോ അല്ലെങ്കിൽ ഹൈക്കോടതിയേയോ പരിഹാരത്തിനായി സമീപിക്കാവുന്നതാണ്. കാര്യ നിർവ്വഹണ വിഭാഗം, ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കുവാനോ, പ്രവർത്തിക്കാതിരിക്കുവാനോ വേണ്ടി റിട്ടുകളിലൂടെ കോടതികൾക്ക് ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയും.

### അപ്പീലധികാരം (Appellate Jurisdiction)

ഇന്ത്യയിലെ ഏറ്റവും ഉയർന്ന അപ്പീൽ കോടതിയാണ് സുപ്രീം കോടതി. ഹൈക്കോടതിയുടെ തീർപ്പുകൾക്കെതിരെ ഒരു വ്യക്തിക്ക് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള നിയമത്തിന്റേയോ, ഭരണഘടനയുടെയോ ഗൗരവതരമായ വ്യാഖ്യാനം ആവശ്യപ്പെടുന്നതും അപ്പീൽ നൽകാൻ യോഗ്യമാണെന്ന് ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്ന വ്യവഹാരങ്ങളാണ് സുപ്രീം കോടതിയുടെ പരിഗണനക്ക് വരുക. ഇത് കൂടാതെ ക്രിമിനൽ കുറ്റങ്ങളിൽ കീഴ്ക്കോടതി വധശിക്ഷ വിധിച്ച ഒരാൾക്ക് ഹൈക്കോടതിയേയോ, സുപ്രീം കോടതിയേയോ അപ്പീലുമായി സമീപിക്കാവുന്നതാണ്. അതേസമയം ഹൈക്കോടതി അപ്പീൽ അനുവദിച്ചിട്ടില്ലാത്ത വ്യവഹാരങ്ങളിലും സുപ്രീം കോടതിക്ക് സ്വമേധയാ അപ്പീൽ അനുവദിക്കാനും, ഹൈക്കോടതിയുടെ വിധി പുനഃപരിശോധിക്കാനും തീർച്ചയായും അധികാരമുണ്ട്. ഒരു വ്യവഹാരവും അതുമായി ബന്ധപ്പെട്ട നിയമ പ്രശ്നങ്ങളും പുനഃപരിശോധിക്കുക എന്നതാണ് അപ്പീലധികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കീഴ്കോടതി മനസ്സിലാക്കിയതിൽ

നിന്നും വ്യത്യസ്തമായി നിയമത്തിനോ ഭരണഘടനക്കോ മറ്റൊരു അർത്ഥതലമുണ്ടെന്ന് സുപ്രീം കോടതി വിചാരിക്കുന്ന പക്ഷം കീഴ്ക്കോടതിയുടെ വിധിന്യായം തിരുത്തുകയും, ബന്ധപ്പെട്ട വകുപ്പുകൾക്ക് പുതിയ വ്യാഖ്യാനം നൽകുകയും ചെയ്യാവുന്നതാണ്.

കീഴ്ക്കോടതികളുടെ വിധികൾക്കുമേൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഹൈക്കോടതികൾക്കുണ്ട്.

**ഉപദേശാധികാരം (Advisory Jurisdiction)**

തനതധികാരം, അപ്പീലധികാരം എന്നിവയ്ക്ക് പുറമെ സുപ്രീംകോടതിയുടെ മറ്റൊരധികാരമാണ് ഉപദേശാധികാരം (Advisory Jurisdiction). പൊതു പ്രാധാന്യമുള്ളതോ അല്ലെങ്കിൽ ഭരണഘടനാ വ്യാഖ്യാനം ആവശ്യമായതോ ആയ ഏതൊരു കാര്യത്തിലും പ്രസിഡന്റിന് സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണ്. എന്നാൽ ഉപദേശം നൽകാൻ സുപ്രീം കോടതിയോ, ഉപദേശം സ്വീകരിക്കാൻ പ്രസിഡന്റോ ബാദ്ധ്യസ്ഥരല്ല.

അങ്ങനെയെങ്കിൽ, സുപ്രീം കോടതിയുടെ ഉപദേശാധികാരത്തിന്റെ പ്രാധാന്യം എന്താണ്? ഇതിന്റെ പ്രാധാന്യം രണ്ട് തരത്തിലാണ്, ഒന്നാമതായി ഒരു നടപടി സ്വീകരിക്കുന്നതിന് മുമ്പ്, ആ വിഷയത്തിൽ ഒരു നിയമോപദേശം തേടാൻ ഗവൺമെന്റിന് കഴിയുന്നു. പിന്നീടുണ്ടാകാവുന്ന വ്യവഹാരങ്ങൾ ഒഴിവാക്കാൻ ഇത് സഹായിക്കുന്നു. രണ്ടാമതായി, സുപ്രീം കോടതിയുടെ ഉപദേശത്തിന്റെ വെളിച്ചത്തിൽ ഗവൺമെന്റിന് അതിന്റെ പ്രവർത്തനങ്ങളിലും നിയമ നിർമ്മാണത്തിലും ആവശ്യമായ മാറ്റം വരുത്താൻ കഴിയുന്നു.



ഉപദേശം നൽകുന്നതും, അവ സ്വീകരിക്കുന്നതും ഐച്ഛികം (optional) ആണെന്നത് കൗതുകകരമാണ്. ഞാൻ കരുതിയിരുന്നത് കോടതി നൽകുന്ന ഉപദേശങ്ങൾ സ്വീകരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണെന്നാണ്!

***അനുച്ഛേദം 137***

***........................ സുപ്രീം കോടതിക്ക് അതിന്റെ തന്നെ ഉത്തരവുകളോ വിധിന്യായങ്ങളോ പുനഃപരിശോധിക്കുന്നതിനുള്ള അധികാരമുണ്ട്.***

***അനുച്ഛേദം 144***

***ഇന്ത്യൻ ഭൂപ്രദേശത്തിലെ സിവിലോ ജുഡീഷ്യലോ ആയ എല്ലാ അധികാരസ്ഥാപനങ്ങളും സുപ്രീംകോടതിക്ക് സഹായകമായി പ്രവർത്തിക്കണം.***

മുകളിൽ നൽകിയിരിക്കുന്ന അനുച്ഛേദങ്ങൾ വായിക്കുക. ഇന്ത്യയിലെ നീതിന്യായ വ്യവസ്ഥയുടെ ഏകീകൃത സ്വഭാവം, സുപ്രീം കോടതിയുടെ അധികാരങ്ങൾ എന്നിവയെക്കുറിച്ച് ശരിയായ ധാരണയുണ്ടാക്കാൻ ഇവ നമ്മളെ സഹായിക്കും. സുപ്രീം കോടതിയുടെ തീരുമാനങ്ങൾ ഇന്ത്യയിലെ എല്ലാ കോടതികൾക്കും ബാധകമാണ്. സുപ്രീം കോടതിയുടെ ഉത്തരവുകൾ ഇന്ത്യയിൽ എല്ലായിടത്തും നടപ്പാക്കപ്പെടേണ്ടതാണ്. സുപ്രീം



എന്തിനാണ് സുപ്രീം കോടതിയെ അതിന്റെ തന്നെ വിധി ന്യായങ്ങൾ തിരുത്താൻ അനുവദിച്ചിരിക്കുന്നത്? കോടതികൾക്കും തെറ്റു പറ്റാം എന്നുള്ളതുകൊണ്ടാണോ? ആദ്യം വിധി പുറപ്പെടുവിച്ച ബഞ്ചിൽ അംഗമായിരുന്ന ന്യായാധിപന് തന്നെ അതേ വിധി പരിഷ്ക്കരിക്കുമ്പോൾ ആ ബഞ്ചിലും അംഗമാകാൻ കഴിയുമോ?

കോടതിക്ക് ഏതു സമയത്തും അതിന്റെ തന്നെ തീരുമാനങ്ങൾ പുനഃപരിശോധിക്കാം. കൂടാതെ സുപ്രീംകോടതി തന്നെയാണ് അതിനെതിരെയുള്ള കോടതിയലക്ഷ്യക്കേസുകൾ പരിഗണിക്കുന്നത്.

**നിങ്ങളുടെ പഠന പുരോഗതി വിലയിരുത്തുക.**

*ചേരുംപടി ചേർക്കുക.*

| | |
|---|---|
| • ബീഹാർ സംസ്ഥാനവും കേന്ദ്ര ഗവൺമെന്റും തമ്മിലുള്ള തർക്കം ഏതു കോടതിയാണ് കേൾക്കുക | • ഹൈക്കോടതി |
| • ഹരിയാന ജില്ലാ കോടതിയിൽ നിന്നുള്ള ഒരു അപ്പീൽ ഏതു കോടതിലേക്കാണ് പോവുക | • ഉപദേശാധികാരം |
| • ഏക സംയോജിത നീതിന്യായ വിഭാഗം | • നീതിന്യായ പുനഃപരിശോധന |
| • ഒരു നിയമത്തെ ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കൽ | • തനത് അധികാരം |
| | • സുപ്രീം കോടതി |
| | • ഏക ഭരണഘടന |

### ജുഡീഷ്യൽ ആക്ടിവിസം (JUDICIAL ACTIVISM)

'ജുഡീഷ്യൽ ആക്റ്റിവിസം', 'പൊതുതാൽപര്യ ഹർജി' എന്നീ പദങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടോ?

അടുത്ത കാലത്തായി, നീതിന്യായ സംവിധാനത്തെകുറിച്ചുള്ള ചർച്ചകളിൽ പലപ്പോഴും ഉപയോഗിക്കാറുള്ള പദങ്ങളാണിവ. നീതിന്യായ സംവിധാനത്തിന്റെ പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി അതിനെ ജനകീയമാക്കിയ രണ്ട് കാര്യങ്ങളാണിവ എന്ന് പലരും കരുതുന്നു.

പൊതു താല്പര്യ ഹർജി, സാമൂഹ്യ പ്രവർത്തന ഹർജി എന്നിവയിലൂടെയാണ് ഇന്ത്യയിൽ ജുഡീഷ്യൽ ആക്ടിവിസം ശക്തിപ്പെട്ടത്. എന്താണ് പൊതുതാൽപര്യഹർജി (Public Interest Litigation) അല്ലെങ്കിൽ സാമൂഹ്യപ്രവർത്തന ഹർജി (Social Action Litigation)? എങ്ങനെ, എപ്പോഴാണ് അത് രൂപപ്പെട്ട് വന്നത്? സാധാരണ ഗതിയിൽ ഒരു വ്യക്തി കോടതിയെ സമീപിക്കുന്നത് വ്യക്തിപരമായി അയാൾ കക്ഷിയാവുമ്പോഴോ, അവകാശങ്ങൾ ആയാൾക്ക് നിഷേധിക്കപ്പെടുമ്പോഴോ, തർക്കങ്ങളിൽ ഉൾപ്പെടുമ്പോഴോ ആണ്. 1979 ൽ ഈ സങ്കൽപ്പത്തിന് മാറ്റം സംഭവിച്ചു. സാമ്പ്രദായിക രീതിയിൽ നിന്നും മാറി ഒരു പ്രത്യേക വ്യവഹാരം കേൾക്കുന്നതിന് 1979 ൽ കോടതി

**കാർട്ടൂൺ വായിക്കുക**




Irfan

ബന്ദ്, ഹർത്താൽ എന്നിവ നിയമ വിരുദ്ധമാണ് എന്ന സമീപകാലത്തെ വിധിന്യായങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

തീരുമാനിച്ചതോടെയാണ്, ആ പുതിയ രീതിക്ക് തുടക്കം കുറിച്ചത്. ആ വ്യവഹാരത്തിന്റെ പ്രത്യേകത, അത് കോടതിയിൽ ബോധിപ്പിച്ചത് അതിന്റെ ഇരകളായിരുന്നില്ല, മറിച്ച് അവർക്കുവേണ്ടി മറ്റുള്ളവരായിരുന്നു എന്നതാണ്. പൊതുതാൽപര്യമുള്ള ഒരു പ്രശ്നം അതിലടങ്ങിയിരിക്കുന്നു എന്ന പരിഗണനയിൽ ആ വ്യവഹാരം സ്വീകരിക്കപ്പെടുകയും അത്തരത്തിലുള്ള വ്യവഹാരങ്ങൾ പിന്നീട് പൊതുതാൽപര്യ ഹർജികൾ എന്ന് അറിയപ്പെടുകയും ചെയ്തു. ഏതാണ്ട് അതേ സമയത്ത് തന്നെയാണ് ജയിൽ അന്തേവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച വ്യവഹാരം സുപ്രീ കോടതി പരിഗണനക്കെടുത്തത്. നിലവിലുള്ള അവകാശങ്ങളുടെ സംരക്ഷണം, ദരിദ്രരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ, പരിസ്ഥിതിയുടെ സംരക്ഷണം തുടങ്ങിയ പൊതു താൽപര്യമുള്ള മറ്റു പല പ്രശ്നങ്ങളിലും നീതിന്യായ വിഭാഗത്തിന്റെ ഇടപെടൽ തേടിക്കൊണ്ട് പൊതു ബോധമുള്ള പൗരൻമാർക്കും ജനകീയ സംഘടനകൾക്കും കോടതിയെ സമീപിക്കുന്നതിനുള്ള മാർഗ്ഗം തുറന്നുകിട്ടുന്നതിന് അത് കാരണമായി. പൊതു താൽപര്യ ഹർജികൾ, ജുഡീഷ്യൽ ആക്റ്റിവിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപകരണമായി മാറി.

പരമ്പരാഗതമായി, തങ്ങൾക്ക് മുമ്പിലെത്തുന്ന വ്യവഹാരങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന നീതിന്യായ വിഭാഗം, പത്ര വാർത്തകളുടെ അടിസ്ഥാനത്തിലും, തപാലിലൂടെ തങ്ങൾക്ക് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും വ്യവഹാരങ്ങൾ പരിഗണിക്കാൻ ആരംഭിച്ചു. ആയതിനാൽ, നീതിന്യായ വിഭാഗത്തിന്റെ പങ്കിനെക്കുറിച്ചുള്ള കൂടുതൽ ജനകീയമായ വിവരണമായി ജുഡീഷ്യൽ ആക്റ്റിവിസം മാറി.

### ചില ആദ്യകാല പൊതു താൽപര്യ ഹർജികൾ

- വിചാരണത്തടവുകാരെകുറിച്ച് 1979 ൽ വർത്തമാനപത്രങ്ങൾ വാർത്തകൾ പ്രസിദ്ധീകരിച്ചു. നീണ്ട വർഷങ്ങൾ ജയിലിൽ ചെലവഴിച്ച നിരവധി തടവുകാർ ബീഹാറിലുണ്ടായിരുന്നു. അവർ ഏത് കുറ്റത്തിനാണോ അറസ്റ്റ് ചെയ്യപ്പെട്ടത്, ആ കുറ്റകൃത്യത്തിന് അവർ ശിക്ഷിക്കപ്പെട്ടിരുന്നാൽ പോലും, അവർക്ക് ലഭിക്കുമായിരുന്ന പരമാവധി ശിക്ഷാ കാലയളവിനേക്കാൾ കൂടുതൽ കാലം ജയിലിൽ കഴിഞ്ഞവർ. ഈ വാർത്തയെ അടിസ്ഥാനമാക്കി ഒരു വക്കീൽ കോടതിയിൽ ഒരു പരാതി നൽകി. സുപ്രീം കോടതി ഈ കേസ് കേൾക്കുകയും, ആദ്യകാല പൊതുതാൽപര്യ ഹർജികളിലൊന്നായി ഇത് പ്രശസ്തമാവുകയും ചെയ്തു. ഇതാണ് ഹുസൈനാര ഖാത്തൂൺ vs ബീഹാർ കേസ് (Hussainara Khatoon vs Bihar).
- 1980 ൽ, തടവുകാർക്കെതിരെയുള്ള ശാരീരിക പീഢനങ്ങൾ വിവരിച്ചുകൊണ്ട്, തീഹാർ ജയിലിലെ ഒരു തടവുകാരൻ, കുത്തിക്കുറിച്ച ഒരു കഷണം കടലാസ്, സുപ്രീം കോടതി ജഡ്ജിയായിരുന്ന വി.ആർ. കൃഷ്ണയ്യർക്ക് അയച്ചുകൊടുക്കുകയുണ്ടായി. ജഡ്ജി അതൊരു പരാതിയായി പരിഗണിക്കുകയായിരുന്നു. കത്തുകൾ പരാതിയായി സ്വീകരിക്കുന്ന സമ്പ്രദായം പിന്നീട് കോടതി ഉപേക്ഷിച്ചെങ്കിലും, സുനിൽ ബാത്ര vs ഡൽഹി ഭരണകൂടം എന്നറിയപ്പെട്ട ഈ വ്യവഹാരം (Sunil Batra vs Delhi Administration) (1980) ആദ്യകാല പൊതു താൽപര്യ ഹർജികളിലൊന്നായി കണക്കാക്കപ്പെടുന്നു.



പി.ഐ.എൽ. എന്നാൽ 'പ്രൈവറ്റ് ഇന്ററസ്റ്റ് ലിറ്റിഗേഷൻ' എന്ന് ചിലർ പറയുന്നത് ഞാൻ കേട്ടു. അതെന്തുകൊണ്ടാണ്?

പൊതുതാൽപര്യ ഹർജികളിലൂടെ, അവകാശം എന്ന ആശയത്തെ കോടതി വിപുലമാക്കി. ശുദ്ധ വായു, മലിനമാകാത്ത ജലം, അന്തസായ ജീവിതം മുതലായവ പൊതു സമൂഹത്തിന്റെ അവകാശമാണ്. ആയതിനാൽ എവിടെയൊക്കെയാണോ അവ ലംഘിക്കപ്പെടുന്നത്, അവിടെയൊക്കെ, വ്യക്തികൾക്ക് സമൂഹത്തിന്റെ ഭാഗമെന്ന നിലക്ക്, നീതിക്കായി ശ്രമിക്കാനുള്ള അവകാശമുണ്ടാവണമെന്ന തോന്നൽ കോടതികൾക്കുണ്ടായി.



നിയമനിർമ്മാണ സഭയും, കാര്യനിർവഹണ വിഭാഗവും എന്ത് ചെയ്യണം എന്നതുമായി ബന്ധപ്പെട്ടാണ് ജുഡിഷ്യൽ ആക്ടിവിസം സംസാരിക്കുന്നതെന്നാണ് ഞാൻ കരുതിയത്. നിയമനിർമ്മാണ സഭയും, കാര്യനിർവഹണ വിഭാഗവും നീതിനിർവഹണം എന്ന കാര്യം ചെയ്യാൻ തുടങ്ങിയാൽ എന്താണ് സംഭവിക്കുക?

രണ്ടാമതായി, കോടതികളെ എളുപ്പത്തിൽ സമീപിക്കാൻ കഴിവില്ലാത്തവരായ സമൂഹത്തിലെ ദുർബല ജന വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സന്നദ്ധത, 1980 നു ശേഷം, പൊതു താൽപര്യ ഹർജികളിലൂടെയും ജുഡീഷ്യൽ ആക്റ്റിവിസത്തിലൂടെയും നീതിന്യായ വിഭാഗം പ്രകടിപ്പിക്കുകയുണ്ടായി. ഈ ലക്ഷ്യം നേടുന്നതിനാണ് നീതി നിഷേധിക്കപ്പെട്ടവർക്കും ആവശ്യക്കാർക്കും വേണ്ടി പരാതികൾ ബോധിപ്പിക്കുന്നതിന് പൊതുബോധമുള്ള പൗരൻമാരെയും സാമൂഹ്യ സംഘടനകളെയും നീതിന്യായ വിഭാഗം അനുവദിച്ചിട്ടുള്ളത്.

"ഇതുവരെ കോടതിയുടെ ശ്രദ്ധ നേടിയിരുന്ന പ്രശ്നങ്ങളിൽ നിന്നും ഗുണപരമായി ഏത്രയോ വ്യത്യസ്തമാണ് ദരിദ്രരുടെ പ്രശ്നങ്ങൾ എന്ന് ഓർക്കേണ്ടതുണ്ട്. ആയതിനാൽ, വ്യത്യസ്തമായ ഒരു നീതിന്യായ സമീപനം അവരുടെ കാര്യത്തിൽ ആവശ്യമാണ്. അവരുടെ വ്യവഹാരങ്ങളിൽ പ്രതിലോമകരമായ നടപടിക്രമങ്ങൾ നമ്മൾ അന്ധമായി പിൻതുടർന്നാൽ അവർക്കൊരിക്കലും അവരുടെ മൗലികാവകാശങ്ങൾ സാധ്യമാക്കി കിട്ടുകയില്ല".

(ബന്ദുവ മുക്തി മോർച്ച VS യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ജസ്റ്റിസ് ഭഗവതിയുടെ വാക്കുകൾ, 1984)



**പ്രവർത്തനം**

ഏതെങ്കിലും ഒരു പൊതുതാൽപര്യ ഹർജിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച്, എങ്ങിനെയാണ് ഈ വ്യവഹാരം ഒരു പൊതു താൽപര്യം സംരക്ഷിക്കുന്നതിന് സഹായകരമായത് എന്ന് പഠിക്കുക.

PpU qj yÂ B l ämh nk wyC´ y° cnjn {Sdb h yh Ø b nÂ \ m\ mh nj -anb {] X yHL nX§ Ä k rj Sn p h yà n Ä¡ panXaÃ, h yà n f psS l qk§ Ä¡ pw(groups) കോടതികളിലേക്ക് പ്രവേശനം അനുവദിക്കപ്പെട്ടതിലൂടെ അത് നീതിന്യായ വിഭാഗത്തെ കൂടുതൽ ജനാധിപത്യവത്ക്കരിച്ചു. കാര്യനിർവഹണ വിഭാഗത്തിന്റെ ഉത്തരവാദിത്വത്തെ ഇത് കൂടുതൽ നിർബന്ധിതമാക്കി. തെരഞ്ഞെടുപ്പ് സമ്പ്രദായത്തെ കൂടുതൽ സ്വതന്ത്രവും നീതിയുക്തവുമാക്കുന്നതിന് അത് ശ്രമിക്കുകയുണ്ടായി. വ്യക്തമായ ധാരണയോടുകൂടി ജനങ്ങൾക്ക് അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ കഴിയുന്നതിനായി സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിൽ (affidavits) അവരുടെ വിദ്യാഭ്യാസ യോഗ്യതകൾക്കൊപ്പം സാമ്പത്തിക ആസ്തിയും വരുമാനവും കൂടി ഉൾപ്പെടുത്തണമെന്ന് കോടതി ആവശ്യപ്പെടുകയുണ്ടായി.

വർദ്ധിച്ച തോതിലുള്ള പൊതു താൽപര്യ ഹർജികൾക്കും സജീവ നീതിന്യായ വിഭാഗം എന്ന ആശയത്തിനും പ്രതികൂലമായ ഒരു വശം കൂടിയുണ്ട്. ഒന്നാമതായി ഇത് കോടതികളുടെ ജോലിഭാരം വർദ്ധിപ്പിച്ചു. രണ്ടാമതായി, ജുഡീഷ്യൽ ആക്റ്റിവിസം നിയമനിർമ്മാണ സഭയ്ക്കും കാര്യനിർവഹണ വിഭാഗത്തിനുമിടയിലുള്ള അതിർവരമ്പും, അതുപോലെ ഇവയ്ക്കും നീതിന്യായ വിഭാഗത്തിനുമിടയിലെ അതിർവരമ്പും ദുർബലമാക്കി. കാര്യ നിർവഹണ വിഭാഗം അഭിസംബോധന ചെയ്യേണ്ട ചോദ്യങ്ങൾക്ക് പരിഹാരം കാണാനായി കോടതിയുടെ ഇടപെടലുണ്ടായി. ഉദാഹരണത്തിന് വായു, ശബ്ദ മലിനീകരണങ്ങൾ കുറക്കുക, അഴിമതിക്കേസുകൾ അന്വേഷിക്കുക, തെരഞ്ഞെടുപ്പു പരിഷ്ക്കാരങ്ങൾ കൊണ്ടുവരിക എന്നിവയൊന്നുംതന്നെ നീതിന്യായ വിഭാഗത്തിന്റെ കർത്തവ്യങ്ങളല്ല. ഇവ നിയമനിർമ്മാണ സഭയുടെ മേൽനോട്ടത്തിൽ ഭരണവിഭാഗം കൈകാര്യം ചെയ്യേണ്ട കാര്യങ്ങളാണ്. ആയതിനാൽ ഗവൺമെന്റിന്റെ മൂന്ന് ഘടകങ്ങൾക്കിടയിലെ അധികാര സന്തുലനം (Balance of power) ജുഡീഷ്യൽ ആക്റ്റിവിസം ലോലമാക്കിയതായി ചിലർ കരുതുന്നു. ഗവൺമെന്റിന്റെ ഓരോ ഘടകവും മറ്റ് ഘടകങ്ങളുടെ അധികാരങ്ങളും അധികാരപരിധിയും ബഹുമാനിക്കുക എന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം. ജുഡീഷ്യൽ ആക്റ്റിവിസം ഈ ജനാധിപത്യ തത്വത്തെ ദുർബലപ്പെടുത്തുന്നു.

**നിങ്ങളാണ് ന്യായാധിപൻ (You are the Judge)**



ഒരു നഗരത്തിലെ ഏതാനും പൗരൻമാർ ഒരു പൊതു താൽപര്യ ഹർജിയുമായി കോടതിയെ സമീപിക്കുന്നു. നഗരത്തിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനായി നഗരത്തിലുള്ള ചേരികൾ നീക്കം ചെയ്ത് നഗരം മോടിപിടിപ്പിക്കണമെന്ന്, മുൻസിപ്പൽ അധികാരികൾക്ക് നിർദ്ദേശം നൽകുന്ന ഉത്തരവ് പുറപ്പെടുവിക്കണം എന്നതാണവരുടെ ആവശ്യം. ഇതിൽ ഒരു പൊതു താൽപര്യമുണ്ട് എന്നാണവരുടെ വാദം. ജീവിക്കുവാനുള്ള തങ്ങളുടെ അവകാശത്തിൻ മേലുള്ള കടന്നുകയറ്റമെന്നനിലയിലാണ് ചേരി നിവാസികൾ ഇതിനോട് പ്രതികരിച്ചത്. ജീവിക്കാനുള്ള തങ്ങളുടെ അവകാശമാണ് യഥാർത്ഥപൊതുതാൽപ്പര്യമെന്നും 'വൃത്തിയുള്ളനഗരം' എന്ന അവകാശത്തിലുപരിയാണിതെന്നും അവർ വാദിച്ചു. നിങ്ങളാണ് ന്യായാധിപൻ എന്ന് സങ്കൽപ്പിക്കുക.

ഇതിൽ ഒരു പൊതു താൽപര്യമുണ്ടോ എന്ന് പരിശോധിച്ച് ഒരു വിധിന്യായം തയ്യാറാക്കുക..

## നീതിന്യായ വിഭാഗവും അവകാശങ്ങളും
**(JUDICIARY AND RIGHTS)**

വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം നീതിന്യായ വിഭാഗത്തിന്റെതാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞല്ലോ. അവകാശ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ സുപ്രീം കോടതിക്ക് രണ്ട് രീതിയിൽ പരിഹാരം കാണാമെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നു.

- ഒന്നാമതായി, ഹേബിയസ് കോർപ്പസ്, മാൻഡമസ് തുടങ്ങിയ (അനുച്ഛേദം 32) റിട്ടുകൾ പുറപ്പെടുവിച്ചുകൊണ്ട് സുപ്രീം കോടതിക്ക് മൗലികാവകാശങ്ങൾ പുനഃസ്ഥാപിക്കാം. ഹൈക്കോടതികൾക്കും ഇത്തരത്തിലുള്ള റിട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരമുണ്ട്. (അനുച്ഛേദം 226).
- രണ്ടാമതായി സുപ്രീം കോടതിക്ക് ബന്ധപ്പെട്ട നിയമം ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ച് അതുവഴി പ്രസ്തുത നിയമം പ്രയോഗക്ഷമമല്ലാതാക്കാം. (അനുച്ഛേദം 13)

ഭരണഘടനയുടെ വ്യാഖ്യാനം, പൗരൻമാരുടെ അവകാശസംരക്ഷണം എന്നിവ സുപ്രീം കോടതിയുടെ അധികാരവും ഉത്തരവാദിത്വവുമാണെന്ന് ഈ രണ്ട് ഭരണഘടനാ വകുപ്പുകൾ വ്യക്തമായി സ്ഥാപിക്കുന്നു. മുകളിൽ സൂചിപ്പിച്ച മാർഗ്ഗങ്ങളിൽ രണ്ടാമത്തെതാണ് നീതിന്യായ പുനഃപരിശോധന (Judicial Review) യുമായി ബന്ധപ്പെട്ടിരിക്കുന്നത്.



ഞാൻ ചിന്തിക്കുന്നത്, ഒരു ന്യായാധിപനാകുന്നതാണ് നല്ലതെന്നാണ്. അങ്ങിനെയെങ്കിൽ എനിക്ക് തെരഞ്ഞെടുപ്പിനെകുറിച്ചോ, പൊതുജന പിന്തുണയെക്കുറിച്ചോ ആശങ്കപ്പെടേണ്ടതില്ല. അതേ സമയം നിരവധി അധികാരങ്ങൾ ഉണ്ടാവുകയും ചെയ്യും.

ഒരു പക്ഷേ സുപ്രീം കോടതിയുടെ ഏറ്റവും പ്രധാനപ്പെട്ട അധികാരം ഈ നീതിന്യായ പുനഃപരിശോധനയായിരിക്കും (Judicial Review). ഒരു നിയമത്തിന്റെ ഭരണഘടനാസാധുത പരിശോധിച്ച് ആ നിയമം ഭരണഘടനാ തത്ത്വങ്ങൾക്ക് വിരുദ്ധമാണെങ്കിൽ, അതിനെ ഭരണഘടനാ വിരുദ്ധമെന്നും പ്രയോഗപരതയില്ലാത്തതെന്നും പ്രഖ്യാപിക്കുവാനുള്ള സുപ്രീം കോടതിയുടെ (അല്ലെങ്കിൽ ഹൈക്കോടതികളുടെ) അധികാരത്തെയാണ് നീതിന്യായ പുനഃപരിശോധന എന്ന് പറയുന്നത്. ഭരണഘടനയിലൊരിടത്തും നീതിന്യായ പുനഃപരിശോധന എന്ന പദം പരാമർശിക്കപ്പെട്ടിട്ടില്ല. എഴുതപ്പെട്ട ഭരണഘടനയുള്ള ഇന്ത്യയിൽ മൗലികാവകാശത്തിന് വിരുദ്ധമെങ്കിൽ ഏതൊരു നിയമവും റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സുപ്രീം കോടതിക്കുണ്ട്. ഇതിൽ നീതിന്യായ പുനഃപരിശോധന എന്ന അധികാരം അന്തർലീനമായിട്ടുണ്ട്.

കൂടാതെ ഫെഡറൽ തത്ത്വങ്ങളുടെ കാര്യത്തിലും, ഭരണഘടന ആനുശാസിക്കുന്ന അധികാര വിഭജനത്തിന് വിരുദ്ധമെങ്കിൽ ഒരു നിയമം നീതിന്യായ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള അധികാരം സുപ്രീം കോടതിക്കുണ്ട്. ഉദാഹരണത്തിന് കേന്ദ്ര ഗവൺമെന്റ് നിർമ്മിച്ച ഒരു നിയമം സംസ്ഥാന ലിസ്റ്റിൽ (State List) ഉൾപ്പെടുന്നതാണെന്ന് ഏതെങ്കിലും സംസ്ഥാനത്തിന് തോന്നുന്ന പക്ഷം അവർക്ക് സുപ്രീം

കോടതിയെ സമീപിക്കാവുന്നതാണ്. അവരുടെ നിലപാട് ശരിയാണെന്ന് സുപ്രീം കോടതിക്ക് ബോധ്യപ്പെട്ടാൽ ആ നിയമം ഭരണഘടനാവിരുദ്ധമായി സുപ്രീം കോടതി പ്രഖ്യാപിക്കും. ഈ അർത്ഥത്തിൽ മൗലികാവകാശങ്ങളുടെ ലംഘനമാകുന്നതോ, ഫെഡറൽ സംവിധാനത്തിലെ അധികാരവിഭജനത്തിന് വിരുദ്ധമാകുന്നതോ ആയ നിയമങ്ങൾ പുനഃപരിശോധിക്കുന്നതിനുള്ള അധികാരം സുപ്രീം കോടതിയുടെ നീതിന്യായ പുനഃപരിശോധനാധികാരത്തിൽ ഉൾക്കൊണ്ടിട്ടുണ്ട്. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിർമ്മിക്കുന്ന നിയമങ്ങളും പുനഃപരിശോധനാധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

റിട്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരവും നീതിന്യായ പുനഃപരിശോധനാധികാരവും നീതിന്യായ വിഭാഗത്തെ വളരെ ശക്തമാക്കുന്നു. കൃത്യമായി പറഞ്ഞാൽ, പുനഃപരിശോധനാധികാരം എന്നതുകൊണ്ടർത്ഥമാക്കുന്നത്, രാജ്യത്തിന്റെ ഭരണഘടനയും നിയമനിർമ്മാണ സഭ നിർമ്മിക്കുന്ന നിയമങ്ങളും കോടതിക്ക് വ്യാഖ്യാനിക്കാൻ കഴിയും എന്നതാണ്. ഭരണഘടനയെയും, പൗരൻമാരുടെ അവകാശങ്ങളെയും ഫലപ്രദമായി സംരക്ഷിക്കുന്നതിന് ഈ അധികാരം നീതിന്യായ വിഭാഗത്തെ പ്രാപ്തമാക്കുന്നുണ്ട് എന്ന് നിരവധിപേർ കരുതുന്നു. പൊതുതാൽപര്യ ഹർജികളുടെ സ്വീകാര്യത, പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലുള്ള നീതിന്യായ വിഭാഗത്തിന്റെ അധികാരം വിപുലപ്പെടുത്തി.

പല രാജ്യങ്ങളിലും പൊതുതാൽപര്യ ഹർജി എന്ന സമ്പ്രദായത്തിന്റെ സ്വീകാര്യത വർദ്ധിച്ചുവരുന്നതായി നിങ്ങൾക്കറിയുമോ? ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കോടതികളിൽ, പ്രത്യേകിച്ച് തെക്കെ ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിൽ ഇന്ത്യയിലേതിന് സമാനമായ തരത്തിലുള്ള ജുഡീഷ്യൽ ആക്റ്റിവിസം നിലവിലുണ്ട്. ദക്ഷിണാഫ്രിക്കൻ ഭരണഘടന അവകാശങ്ങളുടെ പട്ടികയിൽ (Bill of rights) പൊതു താൽപര്യ ഹർജിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ മറ്റൊരാളുടെ നിഷേധിക്കപ്പെട്ട അവകാശം പുനഃസ്ഥാപിക്കുന്നതിനായി ദക്ഷിണാഫ്രിക്കയിൽ ഏതൊരാൾക്കും ഭരണഘടനാ കോടതിയെ സമീപിക്കാം. അവിടെ ഇതൊരു പൗരന്റെ മൗലികാവകാശമാണ്.

അവകാശങ്ങളെക്കുറിച്ചുള്ള അദ്ധ്യായത്തിൽ ചൂഷണത്തിനെതിരെയുള്ള അവകാശത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നത് നിങ്ങൾക്കോർമ്മയുണ്ടോ? നിർബന്ധിത ജോലി, മനുഷ്യവ്യാപാരം, അപകടകരമായ സാഹചര്യത്തിൽ കുട്ടികളെ തൊഴിലിലേർപ്പെടുത്തൽ എന്നിവയെ ഈ അവകാശം വിലക്കുന്നു. എന്നാൽ ചോദ്യമിതാണ്. അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഇവർക്കെങ്ങനെ കോടതിയെ സമീപിക്കാനാവും? ഇത്തരത്തിലുള്ള അവകാശ ലംഘനങ്ങൾ പരിഗണിക്കുന്നതിന്, പൊതു താൽപര്യ ഹർജിയും, ജുഡീഷ്യൽ ആക്റ്റിവിസവും കോടതികളെ പ്രാപ്തരാക്കുന്നു. ജയിൽ അന്തേവാസികളെ പോലീസ് അന്ധരാക്കി മാറ്റിയത്, കരിങ്കൽ ക്വാറികളിലെ തൊഴിലാളികളുടെ മനുഷ്യത്വരഹിതമായ തൊഴിൽ സാഹചര്യം,

കുട്ടികളെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കൽ മുതലായ ഒരു കൂട്ടം വ്യവഹാരങ്ങൾ ഇങ്ങനെ കോടതി പരിഗണിക്കുകയുണ്ടായി. ഇത് ദരിദ്രരുടെയും അവഗണിക്കപ്പെട്ടവരുടെയും അവകാശങ്ങളെ അർത്ഥവത്താക്കി.

**പഠന പുരോഗതി വിലയിരുത്തുക**

- എപ്പോഴാണ് കോടതി നീതിന്യായ പുനഃപരിശോധനാധികാരം ഉപയോഗിക്കുന്നത്?
- നീതിന്യായ പുനഃപരിശോധനയും റിട്ടുകളും തമ്മിലുള്ള വ്യത്യാസമെന്ത്?

## നീതിന്യായ വിഭാഗവും പാർലമെന്റും (JUDICIARY AND PARLIAMENT)

അവകാശങ്ങളുടെ കാര്യത്തിൽ വളരെ ക്രിയാത്മകമായ ഒരു നിലപാട് സ്വീകരിക്കുന്നതിനൊപ്പം, പ്രായോഗിക രാഷ്ട്രീയത്തിലൂടെ ഭരണഘടന അട്ടിമറിക്കപ്പെടുന്ന സാഹചര്യം തടയുന്നതിലും കോടതികൾ സജീവമാണ്. ഇങ്ങനെ, പ്രസിഡന്റിന്റെയും, ഗവർണറുടെയും അധികാരങ്ങൾ പോലെയുള്ള നീതിന്യായ പുനഃപരിശോധനയുടെ പരിധിക്ക് പുറത്തുവരുന്ന മേഖലകൾ കൂടി കോടതിയുടെ അധികാരപരിധിക്കുള്ളിലേക്ക് കൊണ്ടുവരികയുണ്ടായി.

കാര്യനിർവഹണ വിഭാഗത്തിന്റെ ഏജൻസികൾക്ക് നിർദ്ദേശങ്ങൾ നൽകുകവഴി, നീതി നിർവഹണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സുപ്രീം കോടതി സ്വമേധയാ സജീവമായി ഇടപെട്ടതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ഹവാല കേസ്, നരസിംഹറാവു കേസ്, അനധികൃത പെട്രോൾ പമ്പ് അനുവദിക്കൽ കേസ് എന്നിവയിലൊക്കെ രാഷ്ട്രീയ നേതാക്കൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ കേസെടുത്ത് അന്വേഷണം നടത്തണമെന്ന് സുപ്രീം കോടതി സി.ബി.ഐ യോട് നിർദ്ദേശിക്കുകയുണ്ടായി. ഇതിൽ ചില വ്യവഹാരങ്ങളെപറ്റി നിങ്ങൾ കേട്ടിട്ടുണ്ടാവും. ജുഡീഷ്യൽ ആക്ടിവിസത്തിന്റെ ഉത്പന്നമാണ് ഈ വ്യവഹാരങ്ങളിൽ മിക്കതും.

പരിമിതമായ അധികാരവിഭജനം, നിയന്ത്രണവും സന്തുലനവും (Checks and Balances) എന്നീ ലോലമായ തത്ത്വങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ അടിത്തറ. ഗവൺമെന്റിന്റെ ഓരോ ഘടകത്തിനും വ്യക്തമായ ഒരു പ്രവർത്തന മേഖലയുണ്ടെന്നാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്. നിയമം നിർമ്മിക്കുന്നതിലും, ഭരണഘടന ഭേദഗതി ചെയ്യുന്നതിലും, പാർലമെന്റിനാണ് പരമാധികാരം. എന്നാൽ കാര്യനിർവ്വഹണം, കാര്യ നിർവ്വഹണ സഭയുടെ (Executive) പരമാധികാരമാണ്.

നിയമങ്ങൾ നിർമ്മിക്കുന്നത് ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമായിട്ടാണോ എന്ന് പരിശോധിക്കുകയും തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുകയും ചെയ്യുക എന്നത് നീതിന്യായ വിഭാഗത്തിന്റെ പരമാധികാരമാണ്. കൃത്യമായ അധികാര വിഭജനം ഉണ്ടെങ്കിൽപ്പോലും, പാർലമെന്റും നീതിന്യായ വിഭാഗവും തമ്മിലും, കാര്യ നിർവ്വഹണ വിഭാഗവും, നീതിന്യായ വിഭാഗവും തമ്മിലുമുള്ള സംഘർഷ ങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

സ്വത്തവകാശത്തെ സംബന്ധിച്ചും, ഭരണ ഘടന ഭേദഗതി ചെയ്യുന്നതിനുള്ള പാർല മെന്റിന്റെ അധികാരത്തെ സംബന്ധിച്ചും, നീതിന്യായ വിഭാഗത്തിനും പാർലമെന്റി നുമിടയിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ നേരത്തെ സൂചിപ്പിച്ചുവല്ലോ. നമു ക്കതൊന്ന് സംഗ്രഹിക്കാം.

ഭരണഘടന പ്രാബല്യത്തിൽ വന്ന ഉടനെതന്നെ സ്വത്തവകാശത്തിനുമേൽ (Right to property) നിയന്ത്രണമേർപ്പെടുത്തുന്നതിനുള്ള പാർലമെന്റിന്റെ അധികാരം സംബന്ധിച്ച് വിവാദം ഉയരുകയുണ്ടായി. ഭൂപരിഷ്ക്കരണം നടപ്പിൽ വരുത്തുന്ന തിനായി, സ്വത്ത് കൈവശം വെക്കാനുള്ള പൗരന്റെ അവകാശത്തിനുമേൽ ചില നിയന്ത്രണങ്ങളേർപ്പെടുത്താൻ പാർലമെന്റ് ആഗ്രഹിച്ചു. മൗലികാവകാശ ങ്ങൾക്കുമേൽ നിയന്ത്രണമേർപ്പെടുത്താൻ പാർലമെന്റിന് അധികാരമില്ല എന്ന നിലപാടാണ് കോടതി സ്വീകരിച്ചത്. പിന്നീടാണ് ഭരണഘടന ഭേദഗതി ചെയ്യുന്ന തിനുള്ള ശ്രമം പാർലമെന്റ് നടത്തിയത്. പക്ഷെ ഒരു ഭരണഘടനാ ഭേദഗതിയി ലൂടെപോലും മൗലികാവകാശത്തെ പരിമിതപ്പെടുത്തുവാനോ, എടുത്തുകളയു വാനോ കഴിയില്ല എന്ന് കോടതി പ്രസ്താവിച്ചു.

പാർലമെന്റും, നീതിന്യായ വിഭാഗവും തമ്മിലുണ്ടായ ഈ വിവാദത്തിന്റെ കേന്ദ്ര ബിന്ദു താഴെ പറയുന്ന പ്രശ്നങ്ങളായിരുന്നു.

- സ്വത്തവകാശ (Right to property) നിയമത്തിന്റെ വ്യാപ്തി എന്താണ്?
- മൗലികാവകാശങ്ങൾ പരിമിതപ്പെടുത്തുക, എടുത്ത് കളയുക, അസാധുവാ ക്കുക എന്നീ കാര്യങ്ങളിൽ പാർലമെന്റിന്റെ അധികാരത്തിന്റെ വ്യാപ്തി എന്താണ്?
- ഭരണഘടനാ ഭേദഗതി ചെയ്യുന്നതിനുള്ള പാർലമെന്റിന്റെ അധികാരത്തിന്റെ വ്യാപ്തി എന്താണ്?
- നിർദ്ദേശകതത്വങ്ങൾ നടപ്പിൽ വരുത്തുമ്പോൾ മൗലികാവകാശം പരിമിത പ്പെടുത്തുന്നതിനോ എടുത്ത് കളയുന്നതിനോ അസാധുവാക്കുന്നതിനോ പാർലമെന്റിന് അധികാരമുണ്ടോ?



നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം പരിപാലിക്കപ്പെടണം എന്ന ആവശ്യത്തിൽ രണ്ടഭിപ്രായം ഉണ്ടാവാനിടയില്ലെങ്കിലും ഒരു പ്രധാന തത്ത്വം കൂടി കണക്കിലെടുക്കേണ്ടത് അത്യാവശ്യമാണ്. ഒരു സൂപ്പർ ലജിസ്ലേച്ചർ അല്ലെങ്കിൽ ഒരു സൂപ്പർ എക്സിക്യൂട്ടീവ് എന്ന നിലയിൽ പ്രവർത്തിക്കുവാൻ, നീതിന്യായ വിഭാഗത്തെ പ്രാപ്തമാക്കുന്ന തരത്തിൽ, 'നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം' എന്നത് "ചോദ്യം ചെയ്യാൻ പാടില്ലാത്ത ഒരു സിദ്ധാ ´ WF ¶ \ reb rie¡ \Db À¯ mî ] mSìÀ. ഭരണഘടന നിർവ്വചിക്കാനും, അവകാശങ്ങൾ നിയമപരമായി നടപ്പിലാക്കുവാനുമാണ് നീതിന്യായ വിഭാഗമുള്ളത്.

അല്ലാഡി കൃഷ്ണസ്വാമി അയ്യർ, സിഎഡി, Vol.XI, പേജ് 837, 23 നവംബർ 1949.

1967 മുതൽ 1973 വരെയുള്ള കാലയളവിൽ ഈ വിവാദം കൂടുതൽ ഗൗരവമുള്ളതായി. ഭൂപരിഷ്കരണ നിയമങ്ങൾക്ക് പുറമെ, കരുതൽ തടങ്കൽ നടപ്പാക്കൽ നിയമങ്ങൾ, തൊഴിൽ സംവരണ നിയമങ്ങൾ, പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കൽ ക്രമീകരണങ്ങൾ, അത്തരത്തിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ എന്നിവയെല്ലാം നിയമനിർമ്മാണ സഭയും നീതിന്യായ വിഭാഗവും തമ്മിലുള്ള സംഘർഷങ്ങൾക്ക് ചില ഉദാഹരണങ്ങളാണ്.

നിയമനിർമ്മാണസഭയും, നീതിന്യായ വിഭാഗവും തമ്മിലുള്ള ബന്ധത്തെ ക്രമീകരിക്കുന്നതിൽ, 1973 ൽ സുപ്രീം കോടതി പുറപ്പെടുവിച്ച ഒരു ഉത്തരവ് സുപ്രധാനമായി. കേശവാനന്ദ ഭാരതി കേസ് എന്ന വിഖ്യാതമായ കേസിലായിരുന്നു ഈ ഉത്തരവ്. ഭരണഘടനക്ക് ഒരു അടിസ്ഥാന ഘടന (Basic Structure) യുണ്ടെന്നും, ഒരാൾക്കും, പാർലമെന്റിനു പോലും ഈ അടിസ്ഥാന ഘടന ലംഘിക്കാനുള്ള അധികാരമില്ലെന്നും ഈ കേസിൽ സുപ്രീം കോടതി വിധി പ്രസ്താവിക്കുകയുണ്ടായി. കൂടാതെ കോടതി രണ്ട് കാര്യങ്ങൾ കൂടി ചെയ്തു. ഒന്നാമതായി സ്വത്തവകാശം (തർക്ക വിഷയം) ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ ഉൾപ്പെടുന്നതല്ലെന്നും ആയതിനാൽ യോജിച്ച രീതിയിൽ പരിമിതപ്പെടുത്താവുന്നതാണെന്നും പറഞ്ഞു. രണ്ടാമതായി, ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ വരുന്നതെന്തൊക്കെയാണന്ന് തീരുമാനിക്കുന്നതിനുള്ള അവകാശം സുപ്രീം കോടതിയിൽ മാത്രം നിക്ഷിപ്തമാക്കി. ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിനുള്ള തങ്ങളുടെ അധികാരത്തെ, നീതിന്യായ വിഭാഗം സമർത്ഥമായി ഉപയോഗിക്കുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഒരു പക്ഷെ കേശവാനന്ദഭാരതി കേസ്.

നിയമനിർമ്മാണസഭക്കും, നീതിന്യായ വിഭാഗത്തിനുമിടയിലുണ്ടായിരുന്ന തർക്കങ്ങളുടെ സ്വഭാവത്തെ ഈ കോടതി വിധി മാറ്റി മറിച്ചു. നമ്മൾ നേരത്തേ പഠിച്ചതുപോലെ, 1979 ൽ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും സ്വത്തവകാശം (Rights to

property) നീക്കം ചെയ്തു. അതും, ഗവൺമെന്റിന്റെ ഈ രണ്ട് ഘടകങ്ങൾക്കിടയിലെ ബന്ധത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്താൻ സഹായിച്ചു.

നിയമനിർമ്മാണസഭയുടെ പ്രവർത്തനത്തിൽ ഇടപെടാനും അതിനെ ക്രമീകരിക്കാനും നീതി ന്യായ വിഭാഗത്തിന് കഴിയുമോ? ഇതു പോലെ ചില പ്രശ്നങ്ങൾ ഇപ്പോഴും ഈ രണ്ട് ഘടകങ്ങൾക്കിടയിലെ തർക്ക വിഷയമാണ്. സ്വയം നയിക്കുന്നതിനും (നിയന്ത്രിക്കുന്നതിനും) അതിലെ അംഗങ്ങളുടെ പെരുമാറ്റത്തെ ക്രമീകരിക്കുന്നതിനുമുള്ള അധികാരം, ഒരു പാർലമെന്ററി സമ്പ്രദായത്തിൽ നിയമനിർമ്മാണസഭയ്ക്കുണ്ട്. ഇപ്രകാരം നിയമനിർമ്മാണ സഭയുടെ പ്രത്യേകാവകാശങ്ങൾ (Privileges) ലംഘിച്ചു എന്ന കുറ്റത്തിന് ഒരു വ്യക്തിയെ ശിക്ഷിക്കുവാൻ അതിന് കഴിയും. പാർലമെന്റിന്റെ പ്രത്യേകാവകാശങ്ങളുടെ (Privileges) ലംഘനം എന്ന കുറ്റം ആരോപിക്കപ്പെടുന്ന ഒരു വ്യക്തിക്ക് കോടതിയുടെ സംരക്ഷണം തേടാമോ? നിയമ നിർമ്മാണ സഭ അച്ചടക്ക നടപടി സ്വീകരിച്ച ഒരു നിയമ സഭാംഗത്തിന് കോടതിയുടെ സംരക്ഷണം ലഭ്യമാകുമോ? നിയമനിർമാണ സഭയും നീതിന്യായ വിഭാഗവും തമ്മിലുള്ള തർക്കങ്ങൾക്ക് ഹേതുവും ഇതുവരെ പരിഹരിക്കാൻ കഴിയാത്തതുമായ പ്രശ്നങ്ങളാണിവ. അതുപോലെ തന്നെയാണ് ജഡ്ജിമാരുടെ പെരുമാറ്റം (conduct) പാർലമെന്റിന് ചർച്ച ചെയ്യാനാവില്ല എന്ന ഭരണഘടനാ വ്യവസ്ഥ. നീതിന്യായ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള നിരവധി സംഭവങ്ങൾ പാർലമെന്റിലും, നിയമനിർമ്മാണ സഭകളിലും ഉണ്ടായിട്ടുണ്ട്. അതു പോലെതന്നെ നീതിന്യായ വിഭാഗവും, നിയമനിർമ്മാണസഭകളെ വിമർശിക്കുകയും, നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 'പാർലമെന്റിന്റെ പരമാധികാരം' (Parliamentary Sovereignty) എന്ന തത്ത്വത്തിന്റെ ലംഘനമായാണ് നിയമ നിർമ്മാണ സഭകൾ ഇതിനെ കാണുന്നത്.



ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ (Basic structure) എന്തൊക്കെ വ്യവസ്ഥകൾ ഉൾപ്പെടുന്നു എന്ന് ഒരിക്കലെങ്കിലും (ഒരൊറ്റ തവണ, എല്ലാവർക്കുമായി) എന്തുകൊണ്ട് കോടതിക്ക് പറയാനാവുന്നില്ല?

ഗവൺമെന്റിന്റെ രണ്ട് ഘടകങ്ങൾക്കിടയിലെ സന്തുലനം എത്ര ലോലമാണെന്നും, ഒരു ജനാധിപത്യ വ്യവസ്ഥയിൽ, ഗവൺമെന്റിന്റെ ഓരോ ഘടകവും മറ്റ് ഘടകങ്ങളുടെ അധികാരത്തെ ബഹുമാനിക്കേണ്ടത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും ഈ വിഷയങ്ങൾ സൂചിപ്പിക്കുന്നു.

### പഠനപുരോഗതി വിലയിരുത്തുക

നീതിന്യായ വിഭാഗവും, പാർലമെന്റും തമ്മിലുള്ള സംഘർഷത്തിന്റെ കാരണങ്ങൾ താഴെ പറയുന്നവയിൽ ഏതൊക്കെയാണ്?

- ജഡ്ജിമാരുടെ നിയമനം,
- ജഡ്ജിമാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും,
- ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള പാർലമെന്റിന്റെ അധികാരത്തിന്റെ വ്യാപ്തി
- നീതിന്യായ വിഭാഗത്തിന്റെ പ്രവർത്തനത്തിലുള്ള പർലമെന്റിന്റെ ഇടപെടൽ

## കാർട്ടൂൺ വായിക്കുക



അവസാനം ഞാൻ കുറ്റ വിമുക്തനാക്കപ്പെട്ടു. കഴിഞ്ഞതെല്ലാം ഒരു ദുഃസ്വപ്നമായിരുന്നു. ഞാൻ ഇനി ഒരിക്കലും അഴിമതി ചെയ്യുകയില്ലെന്ന് സത്യം ചെയ്യുന്നു.

പൊതു ജീവിതത്തിലെ അഴിമതി തടയുന്നതിൽ നീതിന്യായ വിഭാഗം എത്രത്തോളം സജീവമാണ്?

## ഉപസംഹാരം

നമ്മുടെ ജനാധിപത്യ ഘടനയിൽ നീതിന്യായ വിഭാഗത്തിന്റെ പങ്കിനെകുറിച്ചാണ് ഈ അദ്ധ്യായത്തിൽ നമ്മൾ പഠിച്ചത്. കാര്യ നിർവ്വഹണ വിഭാഗവും, നിയമനിർമ്മാണ വിഭാഗവും തമ്മിൽ പലപ്പോഴും സംഘർഷങ്ങളുണ്ടാവാറുണ്ടെങ്കിലും നീതിന്യായ വിഭാഗത്തിന്റെ പ്രതാപം കഴിഞ്ഞ കാലങ്ങളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതേ സമയം നീതിന്യായ വിഭാഗത്തിലുള്ള പ്രതീക്ഷകളും വളരെയേറെയാണ്. എങ്ങിനെയാണ് ചില യാളുകൾക്ക് വളരെ എളുപ്പത്തിൽ കുറ്റവിമുക്തരാവാൻ കഴിയുന്നതെന്നും എങ്ങിനെയാണ് സമ്പന്നർക്കും ശക്തന്മാർക്കും അനുകൂലമായി സാക്ഷികൾക്ക് മൊഴികൾ മാറ്റാൻ കഴിയുന്നതെന്നും സാധാരണ പൗരൻമാർ അത്ഭുതപ്പെടാറുണ്ട്. നമ്മുടെ നീതിന്യായ വിഭാഗവും ആശങ്കപ്പെടുന്ന ചില പ്രശ്നങ്ങളാണിവ.

നീതിന്യായ വിഭാഗം ഇന്ത്യയിൽ വളരെ ശക്തമായ ഒരു സ്ഥാപനമാണെന്ന് ഈ അദ്ധ്യായത്തിൽ നിങ്ങൾ കണ്ടുകഴിഞ്ഞു. ഈ അധികാരം ഈ സ്ഥാപനത്തിന് മേൽ അത്യധികം ആദരവും ഏറെ പ്രതീക്ഷകളും സൃഷ്ടിച്ചിട്ടുണ്ട്.

ഇന്ത്യയിലെ നീതിന്യായ വിഭാഗം അതിന്റെ സ്വാതന്ത്ര്യം കൊണ്ടുകൂടിയാണ് അറിയപ്പെടുന്നത്. നീതിന്യായ വിഭാഗം, വിവിധ വിധി ന്യായങ്ങളിലൂടെ പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും, ഭരണഘടനക്ക് പുത്തൻ വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ ജനാധിപത്യം നീതിന്യായ വിഭാഗത്തിനും പാർലമെന്റിനുമിടയിലെ ലോലമായ അധികാര സന്തുലനന(Balance of power) ലാണ് തിരിയുന്നതെന്നും ഈ രണ്ടു സ്ഥാപനങ്ങളും ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുള്ള പരിധിക്കുള്ളിൽനിന്നാണ് പ്രവർത്തിക്കേണ്ടതെന്നുമാണ് ഈ അധ്യായത്തിലൂടെ നാം മനസ്സിലാക്കുന്നത്.


NATIONAL NETWORK
RAJYA SABHA Election of members from states they do not belong to challenged
SC to hear petition by month-end
मामले में दखल का हक नहीं
Cash-for-query: Centre wants cases of MP
Judiciary a partner in development: Kalam
स्कूली शिक्षकों की उपेक्षा से हाई कोर्ट नाराज
नियुक्तियों के मामले में न्यायपालिका का कोई दखल नहीं: हाई कोर्ट
Supreme Court indicts Governor
Holds dissolution of Bihar Assembly illegal, says Cabinet should have verified the facts

# അഭ്യാസം

1. ഏതൊക്കെ വ്യത്യസ്ത രീതികളിലൂടെയാണ് നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം ഉറപ്പുവരുത്തിയിട്ടുള്ളത്? യോജിക്കാത്തത് കണ്ടെത്തുക.
   - (i) സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനക്കു ശേഷമാണ് സുപ്രീം കോടതിയിലെ മറ്റു ജഡ്ജിമാരെ നിയമിക്കുന്നത്.
   - (ii) ജഡ്ജിമാരെ സാധാരണയായി അവരുടെ വിരമിക്കൽ പ്രായം എത്തുന്നതിനുമുമ്പ് തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാറില്ല
   - (iii) ഒരു ഹൈക്കോടതി ജഡ്ജിയെ മറ്റൊരു ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റാനാവില്ല.
   - (iv) ജഡ്ജിമാരുടെ നിയമനത്തിൽ പാർലമെന്റിന് യാതൊരു അധികാരവുമില്ല.
2. നീതിന്യായ വിഭാഗത്തിന് ആരോടും ഉത്തരവാദിത്വമില്ല എന്നതാണോ നീതി ന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം (Independence of Judiciary) എന്നതു കൊണ്ടർത്ഥമാക്കുന്നത്? നൂറുവാക്കിൽ കവിയാതെ ഉത്തരമെഴുതുക.
3. നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം നിലനിർത്തുന്നതിനുള്ള ഭരണഘടനാ വ്യവസ്ഥകൾ എന്തെല്ലാം?
4. ഇവിടെ കൊടുത്തിട്ടുള്ള വാർത്താകുറിപ്പ് വായിച്ച് താഴെപറയുന്ന കാര്യങ്ങൾ കണ്ടെത്തുക.
   - √ ഈ വ്യവഹാരം (Case) എന്തുമായി ബന്ധപ്പെട്ടതാണ്?
   - √ ഈ വ്യവഹാരത്തിലെ ഗുണഭോക്താവ് (benefeciary) ആരായിരുന്നു?
   - √ ഈ വ്യവഹാരത്തിലെ പരാതിക്കാരൻ ആരാണ്?
   - √ കമ്പനി മുമ്പോട്ടുവച്ച വ്യത്യസ്തമായ വാദമുഖങ്ങൾ എന്തൊക്കെയായിരുന്നിരിക്കും എന്ന് സങ്കൽപ്പിക്കുക.
   - √ കർഷകർ മുമ്പോട്ടു വച്ച വാദമുഖങ്ങൾ എന്തൊക്കെയായിരുന്നിരിക്കും?

**ദഹാനു കർഷകർക്ക് REL (Reliance Energy Limited) 300 കോടി രൂപ നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു.**

*കോർപ്പറേറ്റ് ബ്യൂറോ, 24 മാർച്ച് 2005*

**മുംബൈ:** മുംബൈ നഗരത്തിന്റെ പ്രാന്തപ്രദേശമായ ദഹാനു മേഖലയിൽ ചിക്കു പഴങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് 300 കോടി രൂപ റിലയൻസ് എനർജി നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. റിലയൻസ് തെർമൽ പവർ പ്ലാന്റ് ഉണ്ടാക്കിയ മലിനീകരണത്തിനെതിരെ ചിക്കു കർഷകർ കോടതിയിൽ നൽകിയ പരാതിയെ തുടർന്നാണ് ഉത്തരവ്.

മുംബൈ നഗരത്തിൽ നിന്നും 150 കിലോമീറ്റർ അകലെ മത്സ്യസമ്പത്തിനും, വനങ്ങൾക്കും പേരുകേട്ട സ്വയം പര്യാപ്തമായ കാർഷിക സമ്പദ്ഘടനയുള്ള ഒരു പ്രദേശമായിരുന്നു ഒരു ദശാബ്ദം മുമ്പ് വരെ, ദഹാനു. പക്ഷെ 1989 ൽ ഒരു തെർമൽ പവ്വർ പ്ലാന്റ് ഈ പ്രദേശത്ത് പ്രവർത്തനമാരംഭിച്ചതോടുകൂടി ഇവിടം തകർന്ന് തരിപ്പണമായി. തൊട്ടടുത്ത വർഷം ഈ ഫലഭൂയിഷ്ഠമായ പ്രദേശം ആദ്യത്തെ 'വിള തകർച്ച' നേരിട്ടു. മഹാരാഷ്ട്രയുടെ 'പഴക്കൂട' (Fruit bowl) എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശത്തെ 70 ശതമാനം വിളയും ഇന്ന്

നശിച്ചിരിക്കുന്നു. മത്സ്യോത്പാദന കേന്ദ്രങ്ങൾ അടച്ചുപൂട്ടുകയും, വനസമ്പത്ത് ശുഷ്കമാവുകയും ചെയ്തിരിക്കുന്നു. പവർ പ്ലാന്റിൽ നിന്നുള്ള പറന്നുയരുന്ന ചാരം (fly ash) ഭൂഗർഭജലത്തിൽ കലരുക വഴി മുഴുവൻ ജൈവ വ്യവസ്ഥയെയും അത് മലിനമാക്കുകയാണ് എന്ന് കർഷകരും, പരിസറിതി വാദികളും അഭിപ്രായപ്പെടുന്നു. അന്തരീക്ഷത്തിലേക്കുള്ള സൾഫറിന്റെ പുറന്തള്ളൽ കുറക്കുന്നതിനായി ഒരു മലിനീകരണ നിയന്ത്രണ യൂണിറ്റ് തെർമൽ സ്റ്റേഷനിൽ ആരംഭിക്കണമെന്ന് ദഹാനു താലൂക്ക് പരിസറിതി സംരക്ഷണ അതോറിറ്റി ഉത്തരവിടുകയും ആ ഉത്തരവ് സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു. എന്നിട്ടും 2002 വരെ മലിനീകരണ നിയന്ത്രണ യൂണിറ്റ് തെർമൽ പവർ പ്ലാന്റിൽ സ്ഥാപിച്ചില്ല. 2003 ൽ റിലയൻസ്, തെർമൽ പ്ലാന്റ് ഏറ്റെടുക്കുകയും, മലിനീകരണ നിയന്ത്രണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയക്രമം പുനഃക്രമീകരിച്ച് 2004 ൽ സമർപ്പിക്കുകയും ചെയ്തു. മലിനീകരണ നിയന്ത്രണ യൂണിറ്റ് ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ, ദഹാനു താലൂക്ക് പരിസറിതി സംരക്ഷണ സമിതി, 300 കോടി രൂപ ബാങ്ക് ഗ്യാരണ്ടിയായി നൽകണമെന്ന് റിലയൻസിനോട് ആവശ്യപ്പെട്ടു.

5. താഴെ കൊടുത്തിട്ടുള്ള വാർത്താക്കുറിപ്പ് വായിച്ച്,
   - √ വ്യത്യസ്ത തലങ്ങളിലെ ഗവൺമെന്റുകളെ തിരിച്ചറിയുക.
   - √ സുപ്രീം കോടതിയുടെ പങ്ക് തിരിച്ചറിയുക.
   - √ നീതിന്യായ വിഭാഗത്തിന്റെയും, കാര്യ നിർവ്വഹണ വിഭാഗത്തിന്റെയും ഏതൊക്കെ ഘടകങ്ങളാണ് ഇതിൽ പ്രവർത്തിക്കുന്നതെന്ന് തിരിച്ചറിയുക.
   - √ ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള നയപ്രശ്നങ്ങൾ, നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നിയമത്തിന്റെ നടപ്പിൽ വരുത്തൽ അതിന്റെ വ്യാഖ്യാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവ തിരിച്ചറിയുക.

**കേന്ദ്രവും ഡൽഹിയും സി.എൻ.ജി വിഷയത്തിൽ കൈകോർക്കുന്നു**

*സ്റ്റാഫ് റിപ്പോർട്ടർ, ദ ഹിന്ദു, 23 സെപ്തംബർ 2001*

ന്യൂഡൽഹി, സെപ്തംബർ 22. സി.എൻ.ജി അല്ലാത്ത എല്ലാ വാണിജ്യ വാഹനങ്ങളും തലസ്ഥാനത്ത് നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിന് അടുത്തയാഴ്ച സംയുക്തമായി സുപ്രീം കോടതിയെ സമീപിക്കാൻ കേന്ദ്രവും ഡൽഹി ഗവൺമെന്റും ധാരണയിലെത്തി. മുഴുവൻ ഗതാഗത സംവിധാനവും ഒരൊറ്റ ഇന്ധനത്തെ ആശ്രയിക്കുന്നത് അപകടകരവും, ദുരന്ത കാരണവുമായേക്കാം എന്നതിനാൽ ഒരൊറ്റ ഇന്ധനത്തെ ആശ്രയിക്കുന്നത് നിർത്തലാക്കി ഡൽഹി നഗരത്തിൽ ഒരു ഇരട്ട ഇന്ധനനയം സ്വീകരിക്കാനും തീരുമാനിച്ചു.

തലസ്ഥാനത്ത് സ്വകാര്യ വാഹന ഉടമകൾ സി.എൻ.ജി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താനും തീരുമാനമായി. ഡൽഹി നഗരത്തിൽ 0.05 ശതമാനം താഴ്ന്ന സൾഫർ ഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിന് അനുവാദത്തിനായി ഇരു ഗവൺമെന്റുകളും സമ്മർദം ചെലുത്തിയേക്കും. മാത്രവുമല്ല, യൂറോ II നിലവാരം പുലർത്തുന്ന വാണിജ്യ വാഹനങ്ങളെ മാത്രമേ നഗരത്തിലൂടെ ഓടാൻ അനുവദിക്കാവൂ എന്നും കോടതിയിൽ വാദിച്ചേക്കാം. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പ്രത്യേകം പ്രത്യേകം സത്യവാങ്മൂലങ്ങൾ

സമർപ്പിക്കുമെങ്കിലും രണ്ടിലും, ഒരേ വാദമുഖങ്ങളാണുണ്ടാവുക. സി.എൻ.ജി യുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റ് ഡൽഹി ഗവൺമെന്റിന്റെ നിലപാടിന് തുറന്ന പിന്തുണ നൽകിയേക്കും. ഡൽഹി മുഖ്യമന്ത്രി ശ്രീമതി. ഷീലാ ദീക്ഷിതും കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രി ശ്രീ. രാം നായിക്കും തമ്മിൽ നടന്ന കൂടിക്കാഴ്ചയിലാണ് ഈ തീരുമാനങ്ങളെടുക്കുന്നത്.

രാജ്യത്ത് പൊതുവായി ഒരു വാഹന ഇന്ധന നയം (Auto fuel policy) നിർദ്ദേശിക്കുന്നതിനായി ഡോ. ആർ.എ. മാഷേൽക്കറുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കപ്പെട്ടിട്ടുള്ളതിനാലും, നിർദ്ദിഷ്ട സമയത്തിനുള്ളിൽ പതിനായിരത്തോളം ബസുകൾ സി.എൻ.ജി.യിലേക്ക് മാറ്റുക ബുദ്ധിമുട്ടായതിനാലും, സി.എൻ.ജി യിലേക്ക് മാറ്റുന്നതിനുള്ള സമയപരിധി നീട്ടികൊടുക്കുന്നത് ഉചിതമായിരിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് സുപ്രീം കോടതിയോട് അപേക്ഷിക്കുമെന്ന് ശ്രീമതി. ഷീല ദീക്ഷിത് പറഞ്ഞു. മാഷേൽക്കർ കമ്മിറ്റി ആറു മാസത്തിനുള്ളിൽ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോടതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സമയം വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കോടതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗങ്ങളും രീതികളും, ഡൽഹിയുടെ മൊത്തം സി.എൻ.ജി ഇന്ധനത്തിന്റെ ആവശ്യകത, സി.എൻ.ജി നിറക്കുന്ന കേന്ദ്രങ്ങളിലെ തിരക്ക് അവസാനിപ്പിക്കൽ, സി.എൻ.ജി യിൽ ഓടേണ്ട വാഹനങ്ങളുടെ എണ്ണം ഇങ്ങനെ എല്ലാ വിശദാംശങ്ങളും പരിഗണിക്കുമെന്ന് ഈ സംയുക്ത സമീപനത്തെ പരാമർശിച്ചുകൊണ്ട് ശ്രീമതി. ദീക്ഷിത് പറഞ്ഞു.

നഗരത്തിലെ ബസുകൾ സി.എൻ.ജി ഉപയോഗിക്കണമെന്ന നിർദ്ദേശത്തിൽ ഇളവ് നൽകാൻ കോടതി വിസമ്മതിച്ചു. എന്നാൽ ടാക്സികളും ഓട്ടോറിക്ഷകളും സി.എൻ.ജി തന്നെ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല എന്നും കോടതി പറഞ്ഞു. മുഴുവൻ യാത്ര സംവിധാനങ്ങളും സി.എൻ.ജി യെ മാത്രം ആശ്രയിക്കുന്നത് ദുരന്തമായി മാറിയേക്കാം എന്നതിനാൽ ബസുകളിൽ ലോ സൾഫർ ഡീസൽ ഉപയോഗിക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ടെന്ന് നായിക്ക് പറഞ്ഞു. തലസ്ഥാനത്ത് സി.എൻ.ജി. വിതരണം പൈപ്പ് ലൈനിലൂടെ ആയതിനാൽ, ഏതെങ്കിലും തരത്തിലുള്ള തടസ്സം വിതരണത്തിലുണ്ടായാൽ അത് പൊതു യാത്രാ സംവിധാനത്തെ മുഴുവൻ താറുമാറാക്കും.

6. താഴെ കൊടുത്തിരിക്കുന്നത് ഇക്വഡോറിനെ സംബന്ധിക്കുന്ന ഒരു പ്രസ്താവനയാണ്. ഈ ഉദാഹരണവും ഇന്ത്യൻ നീതിന്യായ വ്യവസ്ഥയും തമ്മിലുള്ള എന്തൊക്കെ സാദൃശ്യങ്ങളും വ്യത്യാസങ്ങളുമാണ് നിങ്ങൾ കാണുന്നത്?

“ഒരു പൊതു നിയമമോ, നിയമപരമായ കീഴ്വഴക്കമോ ഉണ്ടായിരുന്നെങ്കിൽ ഒരു പത്രപ്രവർത്തകന്റെ അവകാശങ്ങൾ വ്യക്തമാക്കുന്നതിന് അത് സഹായകരമാകുമായിരുന്നു. നിർഭാഗ്യവശാൽ, ഇക്വഡോറിന്റെ കോടതി ആ രീതിയിലല്ല പ്രവർത്തിക്കുന്നത്. ഉയർന്ന കോടതികൾ മുൻകാല വ്യവഹാരങ്ങളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങൾ ബഹുമാനിക്കാൻ ജഡ്ജിമാർ നിർബന്ധിക്കപ്പെടുന്നില്ല. എന്തുകൊണ്ട് ഈ വ്യത്യാസം എന്ന് വിശദീകരിക്കാതെ ഒരു സമാനമായ വ്യവഹാരത്തിൽ ഒരേ ന്യായാധിപൻ തന്നെ ഇന്ന് ഒരു തരത്തിലും, നാളെ ആദ്യത്തേതിന് വിരുദ്ധമായി മറ്റൊരു തരത്തിലും വിധി പുറപ്പെടുവിച്ചേക്കാം.”

7. താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകൾ വായിക്കുക. തനതധികാരം, അപ്പീലധികാരം, ഉപദേശാധികാരം എന്നിങ്ങനെ സുപ്രീം കോടതിയുടെ വിവിധ അധികാരങ്ങളുമായി അതിനെ ചേരുംപടി ചേർക്കുക.

   √ ജമ്മു കാശ്മീരിലെ പാക് അധീന പ്രദേശത്ത് താമസിക്കുന്നവരുടെ പൗരത്വ പദവിയെ സംബന്ധിച്ച് ഒരു നിയമമുണ്ടാക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് അറിയാനാഗ്രഹിക്കുന്നു.

   √ കാവേരി നദീജല തർക്കം പരിഹരിക്കുന്നതിനായി തമിഴ്നാട് ഗവൺമെന്റ് കോടതിയെ സമീപിക്കാനാഗ്രഹിക്കുന്നു.

   √ അണക്കെട്ടിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും ആളുകളെ ഒഴിവാക്കുന്നതിനെതിരെ ജനങ്ങൾ നൽകിയ അപ്പീൽ കോടതി നിരാകരിച്ചു.

8. പൊതുതാൽപ്പര്യ ഹർജികൾക്ക് ഏതൊക്കെ രീതിയിൽ ദരിദ്രരെ സഹായിക്കാൻ കഴിയും?

9. ജുഡീഷ്യൽ ആക്റ്റിവിസം, നീതിന്യായവിഭാഗവും കാര്യനിർവ്വഹണ വിഭാഗവും തമ്മിലുള്ള സംഘർഷത്തിലേക്ക് നയിക്കും എന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?

10. ജുഡീഷ്യൽ ആക്റ്റിവിസം മൗലികാവകാശങ്ങളുടെ സംരക്ഷണവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? അത് മൗലികാവകാശങ്ങളുടെ വ്യാപ്തി വിപുലീകരിക്കുന്നതിന് സഹായകരമായിട്ടുണ്ടോ?

T3E8F3

# അധ്യായം 7

# ഫെഡറലിസം (FEDARALISM)

## ആമുഖം

*1947 ലെയും 2017 ലെയും രാഷ്ട്രീയ ഭൂപടങ്ങൾ നോക്കിയാൽ (അവ അടുത്ത രണ്ടു പേജുകളിലായി കൊടുത്തിരിക്കുന്നു) അവയിൽ വന്നിരിക്കുന്ന നാടകീയ മാറ്റങ്ങൾ കാണാൻ കഴിയും. സംസ്ഥാനങ്ങളുടെ അതിർത്തികൾ, പേരുകൾ, അവയുടെ എണ്ണം എന്നിവയിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധി യുടെ സമയത്ത് ബ്രിട്ടീഷ്കാർ അവരുടെ ഭരണ സൗകര്യത്തിനനുസരിച്ച് രൂപീക രിച്ച നിരവധി പ്രവിശ്യകളായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത്. ഇവയോടൊപ്പം നിരവധി നാട്ടു രാജ്യങ്ങളും ഇന്ത്യയിൽ ലയിപ്പിക്കുകയുണ്ടായി. ഇതാണ് നിങ്ങൾ ആദ്യത്തെ ഭൂപടത്തിൽ കാണുന്നത്. അതിനു ശേഷം നിരവധി തവണ സംസ്ഥാ നങ്ങളുടെ അതിർത്തികൾ പുനഃനിർണ്ണയിക്കപ്പെട്ടു. ഈ കാലയളവിൽ സംസ്ഥാ നങ്ങളുടെ അതിർത്തി മാത്രമല്ല ജനകീയ അഭിലാഷത്തെ തുടർന്നു അവയുടെ പേരുകളും മാറുകയുണ്ടായി. അങ്ങനെ മൈസൂർ കർണ്ണാടകയായും മദ്രാസ് തമിഴ്നാടായും മാറി. കഴിഞ്ഞ എഴുപതുവർഷകാലയളവിലുണ്ടായ വലിയ തോതി ലുള്ള മാറ്റങ്ങൾ ഈ ഭൂപടങ്ങൾ പരിശോധിച്ചു മനസ്സിലാക്കാവുന്നതാണ്. മറ്റൊരു തരത്തിൽ, ഈ ഭൂപടങ്ങൾ ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ പ്രവർത്തന ചരിത്രവും നമുക്ക് പറഞ്ഞ് തരുന്നു.*

*ഈ അദ്ധ്യായം പഠിക്കുന്നതിലൂടെ നിങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ മനസ്സി ലാക്കാൻ കഴിയും.*

- *എന്താണ് ഫെഡറലിസം?*
- *ഇന്ത്യൻ ഭരണ ഘടനയിലെ ഫെഡറൽ വ്യവസ്ഥകൾ.*
- *കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള തർക്ക വിഷയങ്ങൾ.*
- *സവിശേഷമായ ഘടനയും ചരിത്രപരമായ പ്രത്യേകതകളും കൊണ്ട് ചില സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രത്യേക അധികാരങ്ങൾ*


INDIA IN 1947
TIBET
CHINA
SIAM
BURMA
AFGHANISTAN
IRAN
WEST PAKISTAN
NEPAL
SIKKIM
BHUTAN
ASSAM
KASHMIR
PUNJAB
RAJPUTANA
UNITED PROVINCES
BIHAR
CENTRAL INDIA
CENTRAL PROVINCES
ORISSA
GUJARAT
BOMBAY
HYDERABAD
MYSORE
MADRAS
TRAVANCORE
CEYLON
ARABIAN SEA
BAY OF BENGAL
INDIAN OCEAN
Gilgit
Shrinagar
Leh
Chitral
Peshawar
Rawalpindi
Jammu
Amritsar
Jalandhara
Lahore
Quetta
Kalat
Karachi
Hyderabad
Jaisalmer
Barmer
Ajmer
Jaipur
Mathura
Agra
Aligarh
Delhi
Lucknow
Allahabad
Benares
Patna
Gangtok
Punakha
Shillong
Imphal
Dacca
Calcutta
Chittagong
Mandalay
Rangoon
Moulmein
Jabalpur
Bhopal
Indore
Ahmadabad
Baroda
Nagpur
Cuttack
Vishakhapatnam
Bombay
Poona
Hyderabad
Goa (Portuguese)
Bangalore
Mercara
Nellore
Madras
Pondicherry (French)
Calicut
Cochin
Trivandrum
International Boundary
Pakistan (entire Sind, Baluchistan, N.W.F.P. Greater part of Punjab and Bengal Bahawalpur State)
Indian Protected States


INDIA
2017
PAKISTAN
C H I N A
( T I B E T )
N E P A L
BHUTAN
BANGLADESH
MYANMAR
SRI LANKA
ARABIAN SEA
BAY OF BENGAL
INDIAN OCEAN
JAMMU AND KASHMIR
Srinagar
HIMACHAL PRADESH
Shimla
PUNJAB
Chandigarh
UTTARAKHAND
Dehra Dun
HARYANA
DELHI
UTTAR PRADESH
Lucknow
RAJASTHAN
Jaipur
SIKKIM
Gangtok
ARUNACHAL PRADESH
Itanagar
ASSAM
Dispur
NAGALAND
Kohima
MEGHALAYA
Shillong
MANIPUR
Imphal
BIHAR
Patna
JHARKHAND
Ranchi
WEST BENGAL
Kolkata
TRIPURA
Agartala
MIZORAM
Aizawl
Tropic of Cancer
GUJARAT
Gandhinagar
MADHYA PRADESH
Bhopal
DAMAN (D&D)
DIU (D&D)
DADRA & NAGAR HAVELI
Silvassa
Mumbai
MAHARASHTRA
CHHATTISGARH
Raipur
ODISHA
Bhubaneshwar
New Moore Is. (India)
TELANGANA
Hyderabad
Amaravati
Yanam (PUDUCHERRY)
ANDHRA PRADESH
Panaji
GOA
KARNATAKA
Bengaluru
Chennai
PUDUCHERRY
Mahe (PUDUCHERRY)
TAMIL NADU
Karaikal (PUDUCHERRY)
KERALA
Kavaratti
LAKSHADWEEP (INDIA)
Thiruvananthapuram
Port Blair
ANDAMAN & NICOBAR ISLANDS (INDIA)
International Boundary
State Boundary
0 200 400 600 km
I N D I A
68°E 72° 76° 80° 84° 88° 92° 96°E
36°N 32° 28° 24° 20° 16° 12° 8°N
72°E 76° 84° 88° 92°E

## എന്താണ് ഫെഡറലിസം?
## (WHAT IS FEDERALISM?)

ലോകത്തിലെ വൻ ശക്തികളിൽ ഒന്നായിരുന്നു സോവിയറ്റ് യൂണിയൻ. പക്ഷേ 1989 നു ശേഷം അത് തകർന്ന് നിരവധി സ്വതന്ത്ര രാഷ്ട്രങ്ങളായി മാറി. അധികാര കേന്ദ്രീകരണവും സമഗ്രാധിപത്യവുമാണ് സോവിയറ്റ് യൂണിയന്റെ തകർച്ചക്ക് വഴിതെളിച്ചത്. തനതായ ഭാഷയും സംസ്കാരവുമുള്ള മറ്റു പ്രദേശങ്ങളുടെ മേലുള്ള റഷ്യൻ ആധിപത്യവും തകർച്ചക്ക് ആക്കം കൂട്ടി. ഉദാഹരണമായി ഉസ്ബക്കിസ്ഥാൻ. അതുപോലെ തന്നെ ചെക്കൊസ്ലവാക്കിയ, യൂഗോസ്ലാവിയ, പാകിസ്താൻ തുടങ്ങിയ രാജ്യങ്ങളും വിഭജിക്കപ്പെടുകയുണ്ടായി. ഫ്രഞ്ച് ഭാഷ സംസാരിക്കുന്നവരും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നവരും തമ്മിലുള്ള തർക്കം മൂലം കാനഡയും ഒരു വിഭജന ഭീഷണി നേരിടുന്നു. വിഭജനത്തിന്റെ വേദനാജനകമായ അനുഭവങ്ങളിലൂടെ സ്വാതന്ത്ര്യം നേടിയ ഇന്ത്യ കഴിഞ്ഞ എഴുപത് വർഷമായി ഒരു ഒറ്റ രാഷ്ട്രമായി തുടരുന്നത് വലിയ നേട്ടമല്ലേ? എന്താണ് ഈ നേട്ടത്തിനു പിന്നിലെ കാരണങ്ങൾ? ഇന്ത്യൻ ഭരണഘടനയിലൂടെ നടപ്പിലാക്കിയിട്ടുള്ള ഫെഡറൽ സംവിധാനമാണോ ഈ നേട്ടങ്ങൾക്ക് പിന്നിൽ? മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ രാഷ്ട്രങ്ങളും ഫെഡറേഷനുകളായിരുന്നിട്ടും വിഭജനത്തെ ഒഴിവാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട്, ഒരു ഫെഡറൽ വ്യവസ്ഥ സ്വീകരിക്കുന്നതോടൊപ്പം ആ ഫെഡറൽ വ്യവസ്ഥയുടെ സ്വഭാവവും അതിന്റെ പ്രയോഗവും വളരെ പ്രധാനം തന്നെയാണ്.

**വെസ്റ്റ് ഇൻഡീസിലെ ഫെഡറലിസം**
**(Federlism in West Indies)**

വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് ടീമിനെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ. പക്ഷേ വെസ്റ്റ് ഇൻഡീസ് എന്ന പേരിൽ ഒരു രാഷ്ട്രമുണ്ടോ?

ഇന്ത്യയെപോലെ വെസ്റ്റ് ഇൻഡീസും ഒരു ബ്രിട്ടീഷ് കോളനിയായിരുന്നു. 1958 ൽ വെസ്റ്റ് ഇൻഡീസ് ഒരു ഫെഡറേഷനായിമാറി. പ്രവിശ്യകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യമുള്ള ദുർബലമായ കേന്ദ്രഗവൺമെന്റോടുകൂടിയ ഫെഡറേഷനായിരുന്നു അത്. ഈ പ്രത്യേകതകളും പ്രവിശ്യകൾ തമ്മിലുള്ള രാഷ്ട്രീയ മത്സരവും വെസ്റ്റ് ഇൻഡീസ് ഫെഡറേഷൻ 1962 ൽ ഔദ്യോഗികമായി പിരിച്ചുവിടുന്നതിനു കാരണമായി. പിന്നീട് 1973 ലെ ചിഗുരമാസ് (Chiguaramas) ഉടമ്പടിയിലൂടെ ഒരു പൊതു നിയമസഭ, സുപ്രീംകോടതി, നാണയം, പൊതുകമ്പോളം എന്നിവരൂപീകരിച്ചുകൊണ്ട് സ്വതന്ത്ര ദ്വീപുകൾ ഒരു രാഷ്ട്രീയ ഏകീകരണത്തിനു ശ്രമിച്ചു. കരീബിയൻ സമൂഹത്തിനു പൊതുവായ ഒരു കാര്യനിർവഹണ വിഭാഗമുണ്ട്. അംഗരാഷ്ട്രങ്ങളുടെ തലവൻമാരെല്ലാം ഇതിൽ അംഗങ്ങളാണ്.

അതുകൊണ്ട് തന്നെ പ്രവിശ്യകൾക്ക് ഒരു രാഷ്ട്രമെന്ന നിലയിൽ ഒരുമിച്ചു നില്ക്കാനോ വേർപിരിഞ്ഞ് സ്വതന്ത്രമായി നിൽക്കാനോ കഴിയാതെയായി!

ഒരു ഭൂഖണ്ഡത്തിന് സമാനമായ വൈവിധ്യത്തോട് കൂടിയ വിശാലമായ ഭൂപ്രദേശമാണ് ഇന്ത്യ. ഇവിടെ 22-ഓളം പ്രധാന ഭാഷകളും നൂറുകണക്കിനു ചെറുഭാഷകളുമുണ്ട്. ചില പ്രധാന മതങ്ങളുടെ ഉത്ഭവ കേന്ദ്രവും ഇവിടെയാണ്. ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ദശലക്ഷക്കണക്കിനു തദ്ദേശീയരായ ജനങ്ങൾ അധിവസിക്കുന്നുണ്ട്. ഇങ്ങനെയുള്ള എല്ലാവിധ വൈവിധ്യങ്ങൾക്കും ഉപരിയായി നമുക്ക് ഒരു ഏകീകൃത ഭൂമി ശാസ്ത്രമാണുള്ളത്. ഒരു പൊതു ചരിത്രത്തിൽ നമുക്കെല്ലാം പങ്കാളിത്തം ഉണ്ട്. പ്രത്യേകിച്ച് സ്വാതന്ത്ര്യ സമര പോരാട്ടത്തിലൂടെ നമ്മളും ഒരു പൊതു ചരിത്രത്തിന്റെ ഭാഗമായി. ഈ ഘടകങ്ങൾ നാനാത്വത്തിൽ ഏകത്വം എന്ന വീക്ഷണത്തിലുള്ള ഇന്ത്യയെ വിഭാവനം ചെയ്യുന്നതിന് നമ്മുടെ ദേശീയ നേതാക്കന്മാരെ പ്രേരിപ്പിച്ചു. ചിലപ്പോഴൊക്കെ ഇതിനെ വൈവിധ്യങ്ങളുടെ ഐക്യം എന്നും വിളിക്കാറുണ്ട്.



എനിക്ക് മനസ്സിലായി! ഇത് നമ്മുടെ സ്കൂളിനെപ്പോലെയാണ്. വിദ്യാർത്ഥികൾ എന്ന നിലക്ക് പതിനൊന്നാം ക്ലാസ്, പന്ത്രണ്ടാം ക്ലാസ്സ് ഇങ്ങനെ വിവിധ സ്വത്വങ്ങൾ നമുക്കുണ്ടായിരിക്കും. അതുകൊണ്ട് തന്നെ വിവിധ ഡിവിഷനുകൾക്കിടയിൽ മൽസരവും ഉണ്ടാകും. എന്നിരുന്നാലും നമ്മൾ സ്കൂളിന്റെ ഭാഗമായിരിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു.

ഫെഡറലിസം എന്നത് വ്യത്യസ്തമായ ചരിത്ര സാഹചര്യങ്ങൾക്കനുപക്ഷണീയമായ സുനിശ്ചിതമായ തത്ത്വങ്ങളല്ല. മറിച്ച് വ്യത്യസ്തമായ സാഹചര്യങ്ങളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ഗവൺമെന്റിന്റെ വൈവിധ്യമാർന്ന തത്ത്വങ്ങളാണ്. ഒരു ഫെഡറൽ രാഷ്ട്രീയ വ്യവസ്ഥ എന്ന നിലയിൽ ആദ്യം രൂപം കൊണ്ട അമേരിക്കൻ ഫെഡറലിസം മറ്റു ഫെഡറേഷനുകളായ ഇന്ത്യയിൽ നിന്നും ജർമനിയിൽ നിന്നും വ്യത്യസ്തമാണ്. എങ്കിലും ഫെഡറലിസത്തിനു ചില അടിസ്ഥാന ആശയങ്ങളും സങ്കൽപ്പങ്ങളുമുണ്ട് (Concepts).

- രണ്ടു തരത്തിലുള്ള ഗവൺമെന്റുകളെ ഉൾക്കൊള്ളുന്ന രാഷ്ട്രീയ സംവിധാനമാണ് ഫെഡറലിസം - ഒന്ന് ദേശിയ തലത്തിലും മറ്റൊന്ന് പ്രാദേശിക തലത്തിലും. ഓരോ ഗവൺമെന്റും തങ്ങളുടെ മേഖലയിൽ സ്വയം ഭരണം ഉള്ളവരായിരിക്കും. ചില ഫെഡറേഷനുകളിൽ ദ്വിപൗരത്വ സമ്പ്രദായം തന്നെയുണ്ട്. ഇന്ത്യയിൽ ഏക പൗരത്വമാണുള്ളത്.

- അതു പോലെതന്നെ ജനങ്ങൾക്ക് രണ്ടു തരത്തിലുള്ള സ്വത്വങ്ങളും കൂറും ഉണ്ടായിരിക്കും - ഒന്നു പ്രാദേശികവും മറ്റൊന്നു ദേശീയവും. ഉദാഹരണമായി നമ്മൾ ഇന്ത്യക്കാരാണെന്നതുപോലെ തമിഴൻമാരോ, മലയാളികളോ, ഗുജറാത്തികളോ ആണ്. രാഷ്ട്രീയ വ്യവസ്ഥകളുടെ ഓരോ തലത്തിലും വ്യത്യസ്തമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും പ്രത്യേക ഗവൺമെന്റ് സംവിധാനവും ഉണ്ടായിരിക്കും.

- ഈ രണ്ടു തലത്തിലുമുള്ള ഗവൺമെന്റുകളുടെയും വിശദാംശങ്ങൾ എഴുതപ്പെട്ട ഒരു ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പരമാധികാര ഭരണഘടനയാണ് രണ്ടു ഗവൺമെന്റുകളുടെയും അധികാരത്തിന്റെ പ്രധാന ഉറവിടം. രാഷ്ട്രത്തെ മുഴുവൻ ബാധിക്കുന്ന ചില വിഷയങ്ങൾ ഉദാഹരണമായി നാണയങ്ങൾ, പ്രതിരോധം, എന്നിവ കൈകാര്യം ചെയ്യുന്നത് കേന്ദ്രഗവൺമെന്റായിരിക്കും. അതുപോലെ പ്രാദേശികമായ കാര്യങ്ങളുടെ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമായിരിക്കും.

- കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് അവിടെ ഒരു സ്വതന്ത്ര നീതിന്യായ വ്യവസ്ഥ ഉണ്ടായിരിക്കും. അധികാര വിഭജനത്തിന്റെ കാര്യത്തിൽ കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരം നീതിന്യായ വിഭാഗത്തിനാണ്.



അതെ, ഒന്നാമത്തെ അധ്യായത്തിൽ നമ്മൾ വായിച്ചതെന്തെന്ന് ഞാൻ ഓർക്കുന്നു. ആർക്കൊക്കെ എത്രത്തോളം അധികാരം ഉണ്ടെന്നു തീരുമാനിക്കുന്നത് ഭരണഘടനയാണെന്ന്.

യഥാർത്ഥ രാഷ്ട്രീയം, സംസ്കാരം, പ്രത്യയശാസ്ത്രം, ചരിത്രം എന്നിവ ഒരു ഫെഡറേഷന്റെ യഥാർത്ഥ പ്രവർത്തനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. പരസ്പര വിശ്വാസം, സഹകരണം, ബഹുമാനം, നിയന്ത്രണം എന്നിവ ഒരു ഫെഡറേഷന്റെ സുഗമമായ പ്രവർത്തനത്തെ സഹായിക്കുന്നു. രാഷ്ട്രീയ പാർട്ടികളും ഒരു ഭരണഘടനയുടെ പ്രവർത്തന രീതിയെ സ്വാധീനിക്കുന്നുണ്ട്. ഏതെങ്കിലും ഒരു സംസ്ഥാനമോ, ഭാഷാവിഭാഗമോ, പ്രത്യയശാസ്ത്രമോ മുഴുവൻ ഫെഡറൽ സംവിധാനത്തിലും തങ്ങളുടെ ആധിപത്യം സ്ഥാപിക്കുകയാണെങ്കിൽ അതു മറ്റു വിഭാഗങ്ങളുടെ അമർഷത്തിനു കാരണമാകും. ഇത്തരം ഒരു സാഹചര്യം സംസ്ഥാനങ്ങൾ പിരിഞ്ഞു പോകുന്നതിലേക്കോ ആഭ്യന്തര യുദ്ധത്തിലേക്കോ നയിച്ചേക്കാം. നിരവധി രാഷ്ട്രങ്ങൾ ഇത്തരം വിഘടനവാദ ഭീഷണികൾ നേരിടുന്നുണ്ട്.



UP gets Rs 19,000 cr, Yadav says satisfied

ENS & AGENCIES

NEW DELHI DECEMBER 22

THE Planning Commission today approved Rs 19,000 crore to Uttar Pradesh for the year 2006-07. The state had been granted Rs 13,501 crore last year.

"The Planning Commission has given up Rs 19,000 for 2006-07. I get what I had demanded. I am fully satisfied

नए राज्यपाल की नियुक्ति राज्य सरकार की सहमति से हो: नीतीश

6 CENTRESTAGE

NEW DELHI JANUARY 29, 2006

'For long governors have been in rows. We too want an independent person'

Governors being used to destabilise State Governments, says Mulayam Singh

SP is the Congress' most favourite target; politics of vendetta

## നൈജീരിയയിലെ ഫെഡറലിസം (Federalism in Nigeria)

പ്രവിശ്യകളും വിവിധ സമൂഹങ്ങളും തമ്മിൽ പരസ്പര വിശ്വാസമില്ലെങ്കിൽ ഐക്യം ഉണ്ടാക്കിയെടുക്കുന്നതിൽ ഒരു ഫെഡറേഷൻ പോലും പരാജയപ്പെട്ടാം എന്നുള്ളതിനു ഏറ്റവും നല്ല ഉദാഹരണമാണ് നൈജീരിയ.

1914 വരെ ഉത്തര നൈജീരിയയും ദക്ഷിണ നൈജീരിയയും ബ്രിട്ടന്റെ രണ്ട് പ്രത്യേക കോളനികളായിരുന്നു. 1950 ലെ ഇബദാൻ (Ibadan) ഭരണഘടന സമ്മേളനത്തിൽ വച്ച് നൈജീരിയൻ നേതാക്കൾ ഒരു ഫെഡറൽ ഭരണഘടന രൂപീകരിക്കാൻ തീരുമാനിച്ചു. നൈജീരിയയുടെ പടിഞ്ഞാറും കിഴക്കും വടക്കും പ്രദേശങ്ങൾ നിയന്ത്രിച്ചിരുന്നത് യഥാക്രമം യോറുബ (Yoruba), ഇബോ (Ibo), ഹൗസ-ഫുലാനി (Hausa - Fulani) എന്നീ മൂന്ന് വംശീയ വിഭാഗങ്ങളായിരുന്നു. മറ്റ് പ്രദേശങ്ങളുടെമേൽ ആധിപത്യം ചെലുത്താനുള്ള അവരുടെ ശ്രമങ്ങൾ സംഘർഷങ്ങൾക്ക് കാരണമായി. ഈ സാഹചര്യങ്ങൾ നൈജീരിയയുടെ ഭരണം സൈന്യം പിടിച്ചെടുക്കുന്നതിനു വഴിതെളിച്ചു. 1960 ലെ ഭരണഘടനയനുസരിച്ച് കേന്ദ്രത്തിനും പ്രാദേശിക ഗവൺമെന്റുകൾക്കും നൈജീരിയൻ പോലിസിനുമേൽ കൂട്ടായ നിയന്ത്രണമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ സൈന്യത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കപ്പെട്ട 1970-ലെ ഭരണഘടന ഒരു സംസ്ഥാനത്തിനും സിവിൽ പോലീസിനെ അനുവദിച്ചില്ല.

1999 ൽ നൈജീരിയയിൽ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടെങ്കിലും മതപരമായ ഭിന്നതകളും എണ്ണയുടെ വരുമാനത്തെ സംബന്ധിച്ച തർക്കങ്ങളും നൈജീരിയൻ ഫെഡറേഷനു വലിയ ഭീഷണികൾ ഉയർത്തിക്കൊണ്ടിരിക്കുന്നു. പ്രാദേശിക വംശീയ വിഭാഗങ്ങൾ എണ്ണയുടെ കേന്ദ്രീകൃത നിയന്ത്രണത്തെ പ്രതിരോധിച്ചു. പ്രവിശ്യകൾക്കിടയിലുള്ള മതപരവും, വംശീയവും, സാമ്പത്തികവുമായ വിഭാഗീയതകൾ കെട്ടുപിണഞ്ഞ് കിടക്കുന്ന രാജ്യത്തിനുദാഹരണമാണ് നൈജീരിയ.

**പഠന പുരോഗതി വിലയിരുത്തുക**

- ഒരു ഫെഡറേഷനിലെ കേന്ദ്ര ഗവൺമെന്റിന്റെ അധികാരങ്ങൾ ആരാണ് നിശ്ചയിക്കുന്നത്?
- ഒരു ഫെഡറേഷനിൽ കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും തമ്മിലുള്ള തർക്കങ്ങൾ എങ്ങനെ പരിഹരിക്കപ്പെടും

## ഫെഡറലിസം ഇന്ത്യൻ ഭരണഘടനയിൽ (FEDERALISM IN THE INDIAN CONSTITUTION)

സ്വാതന്ത്ര്യം ലഭിക്കുംമുമ്പ് തന്നെ ഇന്ത്യയെപ്പോലെ വളരെ ബൃഹത്തായ ഒരു രാഷ്ട്രത്തിന്റെ ഭരണത്തിന് അധികാരം, കേന്ദ്ര – പ്രവിശ്യ ഗവൺമെന്റുകൾക്കിടയിൽ വിഭജിക്കപ്പെടണമെന്ന് നമ്മുടെ ദേശീയ നേതാക്കൾക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. ഇന്ത്യൻ സമൂഹത്തിന്റെ ഭാഷാപരവും പ്രാദേശികവുമായ വൈവിധ്യത്തെക്കുറിച്ച് അവർ ബോധവാൻമാരായിരുന്നു. ഈ വൈവിധ്യങ്ങൾക്ക് അംഗീകാരം ആവശ്യമായിരുന്നു. വിവിധ ഭാഷകൾ സംസാരിക്കുന്ന പ്രാദേശിക ജനതക്ക് ഭരണത്തിൽ പങ്കാളിത്തം ഉണ്ടാവേണ്ടിയിരുന്നു. അതുപോലെ ഓരോ പ്രദേശത്തിന്റെയും ഭരണം അതാത് ജനതക്ക് തന്നെ ആയിരിക്കുകയും വേണം. ഒരു ജനാധിപത്യ ഗവൺമെന്റ് എന്ന ആവിശ്യത്തിൻ മേലുള്ള യുക്തി ഇതാണ്.

ഇവിടെ ഒരേ ഒരു ചോദ്യം മേഖലാ ഗവൺമന്റുകൾക്ക് എത്രത്തോളം അധികാരം ഉണ്ടായിരിക്കണം എന്നതാണ്. വിഭജനത്തിനു മുമ്പേ മുസ്ലീങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം എന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് മുസ്ലീം ലീഗ് നടത്തിയ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ഒരു സമവായം എന്ന നിലയിൽ പ്രവിശ്യകൾക്ക് കൂടുതൽ ഭരണം എന്നത് ചർച്ചചെയ്യപ്പെട്ടിരുന്നു. ഇന്ത്യ വിഭജനത്തിനുള്ള തീരുമാനമെടുത്തതിനു ശേഷം, ഭരണഘടന നിർമാണസഭ കേന്ദ്രസംസഥാന ഗവൺമെന്റുകൾ തമ്മിലുള്ള ഐക്യത്തിന്റെയും സഹകരണത്തിന്റെയും അടിസഥാനത്തിലുള്ള ഒരു ഭരണ സമ്പ്രദായം സ്വീകരിക്കാനാണ് തീരുമാനിച്ചത്. അവിടെ സംസഥാനങ്ങൾക്ക് പ്രത്യേകമായ അധികാരങ്ങൾ നൽകിയിരുന്നു. സഹകരണത്തിന്റെ അടിസ്ഥാനത്തിലുള്ള കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ എന്നതായിരുന്നു ഇന്ത്യൻ ഭരണഘടന സ്വീകരിച്ച ഫെഡറലിസത്തിന്റെ ഏറ്റവും വലിയ സവിശേഷത. അങ്ങനെ വൈവിധ്യത്തെ അംഗീകരിക്കുന്നതോടൊപ്പം ഭരണഘടന ഐക്യത്തിനും ഊന്നൽ നൽകുന്നു.

ഇന്ത്യൻ ഭരണഘടനയിൽ ഫെഡറേഷൻ എന്ന വാക്ക് ഒരിടത്തും പരാമർശിച്ചിട്ടില്ല എന്ന കാര്യം നിങ്ങൾക്കറിയാമോ? ഇന്ത്യൻ ഭരണഘടന സംസ്ഥാനങ്ങളെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുന്നു.



ചുരുക്കത്തിൽ, ഒത്തൊരുമയോടെ ജീവിക്കുക എന്നതിന്റെ ലക്ഷ്യം നമ്മൾ എല്ലാവരും സന്തോഷത്തോടെ ജീവിക്കുകയും മറ്റുള്ളവരുടെ സന്തോഷം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്.

*അനുച്ഛേദം 1 :*

***(1) ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കുന്നതാണ്.***

***(2) സംസ്ഥാനങ്ങളും അവയുടെ ഭൂപ്രദേശങ്ങളും ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളവിധം ആയിരിക്കുന്നതാണ്.***



എനിക്ക് തോന്നുന്നത് സംസ്ഥാനങ്ങൾക്ക് സ്വന്തമായി വളരെക്കുറച്ച് വരുമാനം മാത്രമാണുള്ളത് എന്നാണ്. എങ്ങനെ അവർ അവരുടെ ആവശ്യങ്ങൾ നിറവേറ്റും? ചില കുടുംബങ്ങളിൽ പണം ഭർത്താവ് കൈവശം സൂക്ഷിക്കുകയും വീട്ടുകാര്യങ്ങൾ ഭാര്യ നിർവ്വഹിക്കേണ്ടി വരുകയും ചെയ്യുന്ന അവസ്ഥയെയാണ് ഇത് ഓർമിപ്പിക്കുന്നത്.

## അധികാര വിഭജനം (Division of Powers)

ഇന്ത്യൻ ഭരണഘടന രണ്ടു തരത്തിലുള്ള ഗവൺമെന്റുകൾക്ക് രൂപം നൽകിയിരിക്കുന്നു - ഒന്നു രാഷ്ട്രത്തിനു മൊത്തത്തിലുള്ള ഒരു കേന്ദ്ര ഗവൺമെന്റും മറ്റൊന്നു മേഖലാടിസ്ഥാനത്തിലുള്ള സംസ്ഥാന ഗവൺമെന്റുകളും. ഈ രണ്ടു ഗവൺമെന്റുകൾക്കും ഭരണഘടനാ പദവിയും വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള അധികാരങ്ങളും ഉണ്ടായിരിക്കും. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള അധികാരങ്ങളെ സംബന്ധിച്ച തർക്കങ്ങൾ ഭരണഘടനാ ചട്ടങ്ങൾക്കനുസരിച്ച് നീതിന്യായ വിഭാഗം പരിഹരിക്കുന്നതായിരിക്കും. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ വരുന്ന വിഷയങ്ങളെ ഭരണഘടന കൃത്യമായി വിഭജിച്ചിരിക്കുന്നു. (അടുത്ത പേജിൽ കൊടുത്തിരിക്കുന്ന ചാർട്ട് പരിശോധിച്ചാൽ എങ്ങനെയാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കിടയിൽ അധികാരം വിഭജിച്ചിരിക്കുന്നതെന്ന് വ്യക്തമായി അറിയാൻ കഴിയും.) ഈ അധികാര വിഭജനത്തിന്റെ പ്രധാന സവിശേഷത ഭരണഘടനാ പരമായി സാമ്പത്തിക - ധനകാര്യ അധികാരങ്ങളിൽ മേൽക്കൈ കേന്ദ്രഗവൺമെന്റിനാണ് എന്നതാണ്. സംസ്ഥാനങ്ങൾക്ക് ധാരാളം കടമകൾ നിർവഹിക്കാനുണ്ടെങ്കിലും പരിമിതമായ വരുമാന സ്രോതസ്സുകൾ മാത്രമാണുള്ളത്.

## ഇന്ത്യൻ ഭരണഘടനയിലെ അധികാരവിഭജനം

### കേന്ദ്ര ലിസ്റ്റ്

- പ്രതിരോധം
- ആണവോർജം
- വിദേശകാര്യം
- യുദ്ധവും സമാധാനവും
- ബാങ്കിങ്
- റെയിൽ ഗതാഗതം
- തപാൽ കമ്പി തപാൽ
- വ്യോമയാനം
- തുറമുഖങ്ങൾ
- വിദേശവ്യാപാരം
- നാണയവ്യവസ്ഥ

കേന്ദ്ര നിയമനിർമ്മാണസഭക്ക് മാത്രമാണ് ഈ വിഷയങ്ങളിൽ നിയമം നിർമിക്കാനുള്ള അധികാരം.

### സംസ്ഥാന ലിസ്റ്റ്

- കൃഷി
- പോലീസ്
- ജയിൽ
- പ്രാദേശിക ഗവൺമെന്റ്
- പൊതുജനാരോഗ്യം
- ഭൂമി
- മദ്യം
- വാണിജ്യവും വ്യാപാരവും
- കന്നുകാലി പരിപാലനം
- സംസ്ഥാന പബ്ലിക്ക് സർവ്വീസുകൾ

സംസ്ഥാന നിയമനിർമ്മാണസഭക്ക് മാത്രമാണ് ഈ വിഷയങ്ങളിൽ നിയമം നിർമിക്കാനുള്ള അധികാരം

### സംയുക്ത ലിസ്റ്റ്

- വിദ്യാഭ്യാസം
- കൃഷിഭൂമി ഒഴിച്ചുള്ള സ്വത്തിന്റെ കൈമാറ്റം
- വനങ്ങൾ
- തൊഴിലാളി സംഘടനകൾ
- മായം ചേർക്കൽ
- ദത്തെടുക്കലും പിന്തുടർച്ചവകാശവും

കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾക്ക് ഈ വിഷയങ്ങളിൽ നിയമം നിർമിക്കാവുന്നതാണ്

### അവശിഷ്ടാധികാരങ്ങൾ

- ഈ മൂന്നു ലിസ്റ്റിലും പരാമർശിക്കപ്പെടാത്ത വിഷയങ്ങൾ അവശിഷ്ടാധികാരങ്ങളിൽപ്പെടുന്നു.
- സൈബർ നിയമങ്ങൾ
- ഇന്ത്യയിൽ അവശിഷ്ടാധികാരങ്ങളിൽ നിയമം നിർമിക്കാനുള്ള അധികാരം കേന്ദ്രഗവൺമെന്റിനുമാത്രമാണ്.

## ശക്തമായ കേന്ദ്ര ഗവൺമെന്റോടുകൂടിയ ഫെഡറലിസം (FEDERALISM WITH A STRONG CENTRAL GOVERNMENT)

ഇന്ത്യൻ ഭരണഘടന ശക്തമായ ഒരു കേന്ദ്ര ഗവൺമെന്റിനു രൂപം നൽകിയിരിക്കുന്നു എന്നുള്ളത് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഒരു ഭൂഖണ്ഡത്തിനു തുല്യമായ വൈവിധ്യങ്ങളും സാമൂഹിക പ്രശ്നങ്ങളുമുള്ള രാഷ്ട്രമാണ് ഇന്ത്യ. ഈ വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഒരു ഫെഡറൽ സംവിധാനമാണ് നമുക്ക് ആവശ്യമെന്നു ഭരണഘടനാ നിർമ്മാതാക്കൾ വിശ്വസിച്ചിരുന്നു. അതേ സമയം തന്നെ ശിഥിലീകരണം തടയുന്നതിനും സാമൂഹിക രാഷ്ട്രീയ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഒരു ശക്തമായ കേന്ദ്രഗവൺമെന്റിന്റെ പങ്കിനെക്കുറിച്ച് അവർ ബോധവാൻമാരായിരുന്നു. ഇന്ത്യ സ്വതന്ത്രമായ സമയത്ത് ഇന്ത്യയിൽ ബ്രിട്ടീഷുകാർ രൂപീകരിച്ച പ്രവിശ്യകൾക്ക് പുറമേ ഭിന്നിച്ചു നിന്നിരുന്ന 500 ഓളം നാട്ടുരാജ്യങ്ങളുമുണ്ടായിരുന്നു. ഇവയെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിനും പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനും ശക്തമായ അധികാരങ്ങളുള്ള ഒരു കേന്ദ്രഗവൺമെന്റ് അനിവാര്യമായിരുന്നു.

"ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങളേ, ഞാൻ പറഞ്ഞുകൊള്ളട്ടെ, ... എല്ലാ ഭരണഘടനയുടെയും ചായ്‌വ് കേന്ദ്രത്തിലേക്കാണ്... പോലീസ് രാഷ്ട്രങ്ങൾ ക്ഷേമരാഷ്ട്രമായി കൊണ്ടിരിക്കുന്ന ആധുനിക സാഹചര്യത്തിൽ യൂണിറ്ററിയായാലും ഫെഡറൽ ആയാലും രാജ്യത്തിന്റെ സാമ്പത്തിക അഭിവൃദ്ധിയുടെ ആത്യന്തിക ഉത്തരവാദിത്വം മുഴുവനും കേന്ദ്ര ഗവൺമെന്റിനാണ്"

ടി.ടി. കൃഷ്ണമാചാരി, സിഎഡി, Vol.XI, പേജ് 955-956, 25 നവംബർ 1949



അഖണ്ഡതയെക്കുറിച്ചുള്ള ഉത്കണ്ഠ മാത്രമല്ല, സംസ്ഥാനങ്ങളുടെ സഹകരണത്തോടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശക്തമായ കേന്ദ്രഗവൺമെന്റ് ആവശ്യമാണെന്ന് ഭരണഘടനാനിർമാതാക്കൾ വിശ്വസിച്ചിരുന്നു. ദാരിദ്ര്യം, നിരക്ഷരത, സാമ്പത്തിക അസമത്വം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആസൂത്രണവും ഏകോപനവും ആവശ്യമാണ്. അങ്ങനെ അഖണ്ഡതയും വികസനവും ഉയർത്തിയ ഉത്കണ്ഠകളാണ് ശക്തമായ കേന്ദ്രഗവൺമെന്റ് എന്ന ആശയത്തിലേക്ക് ഭരണഘടനാ നിർമാതാക്കളെ നയിച്ചത്.
ശക്തമായ ഒരു കേന്ദ്രഗവൺമെന്റ് വിഭാവനം ചെയ്യുന്ന പ്രധാനപ്പെട്ട വ്യവസ്ഥകൾ നമുക്ക് പരിശോധിക്കാം.

- ഒരു സംസറാനത്തിന്റെ നിലനില്പ്പും അതിന്റെ ഭൂമിശാസ്ത്രപരമായ അഖണ്ഡതയും പാർലമെന്റിന്റെ കൈകളിലാണ്. ഒരു സംസറാനത്തെ വിഭജിച്ചോ അല്ലെങ്കിൽ ഒന്നിലധികം സംസ്ഥാനങ്ങളെ കൂട്ടിച്ചേർത്തോ പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കാനുള്ള അധികാരം പാർലമെന്റിനുണ്ട്. പാർലമെന്റിന് ഒരു സംസ്ഥാനത്തിന്റെ അതിർത്തികൾ പുനർനിർണയിക്കുവാനോ അല്ലെങ്കിൽ അതിന്റെ പേരു പോലും മാറ്റുവാനോ അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട സംസറാന നിയമസഭകളുടെ കാഴ്ചപ്പാട് ആരായുന്നതിനുള്ള വ്യവസറകൾ പ്രദാനം ചെയ്യുന്നതിലൂടെ ഭരണഘടന സംസ്ഥാനങ്ങളുടെ താല്പര്യങ്ങളും സംരക്ഷിക്കുന്നു.
- ഇന്ത്യൻ ഭരണഘടനയിൽ അടിയന്തരാധികാരങ്ങൾക്കുള്ള വ്യവസ്ഥകളുണ്ട്. അടിയന്തരാവസ്ഥാ പ്രഖ്യാപനത്തെ തുടർന്നു ഫെഡറൽ രാഷ്ട്രീയ സംവിധാനം ഒരു കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറുന്നതുകാണാം. അടിയന്തരാവസറയുടെ സമയത്ത് അധികാരങ്ങൾ നിയമപരമായി തന്നെ കേന്ദ്രീകരിക്കപ്പെടുകയും സംസറാനത്തിന്റെ അധികാരത്തിനു കീഴിൽ വരുന്ന വിഷയങ്ങളിലും നിയമം നിർമ്മിക്കാൻ പാർലമെന്റിനു കഴിയുകയും ചെയ്യുന്നു.
- സാധാരണ നിലയിൽ തന്നെ കേന്ദ്രഗവൺമെന്റിന് ഫലപ്രദമായ ധനകാര്യ അധികാരങ്ങളും ഉത്തരവാദിത്വങ്ങളുമുണ്ട്. ഒന്നാമതായി വരുമാനത്തിന്റെ പ്രധാനപ്പെട്ട സ്രോതസ്സുകളെല്ലാം കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് തന്നെ സാമ്പത്തിക സഹായങ്ങൾക്ക് സംസറാന ഗവൺമെന്റുകൾ കേന്ദ്രഗവൺമെന്റിനെ ആശ്രയിക്കുന്നു. രണ്ടാമതായി ത്വരിതഗതിയിലുള്ള സാമ്പത്തിക പുരോഗതിക്കും വികസനത്തിനും ആസൂത്രണം എന്ന മാർഗമാണ് സ്വാതന്ത്ര്യാനന്തരം ഇന്ത്യ ആവിഷ്കരിച്ചത്. മാത്രമല്ല, ആസൂത്രണം കേന്ദ്രീകൃതമായ സാമ്പത്തിക തീരുമാനമെടുക്കൽ പ്രക്രിയയിലേക്ക് നയിച്ചു. കേന്ദ്ര ഗവൺമെന്റ് നിയമിക്കുന്ന ആസൂത്രണ കമ്മീഷനാണ് സംസറാനങ്ങളുടെ വിഭവ വിനിയോഗത്തിന്റെ നിയന്ത്രണവും മേൽനോട്ടവും. കൂടാതെ സാമ്പത്തിക സഹായങ്ങൾ സംസറാനങ്ങൾക്ക് നൽകുന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റിന് അതിന്റെ വിവേചനാധികാരം ഉപയോഗിക്കാവുന്നതാണ്. സാമ്പത്തിക വിഭവങ്ങളുടെ ഇങ്ങനെയുള്ള വിതരണം പലപ്പോഴും പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ അവഗണിക്കുന്നു എന്ന ആരോപണത്തിനും ഇടയാക്കിയിട്ടുണ്ട്.
- നിങ്ങൾ നേരത്തെ മനസ്സിലാക്കിയതുപോലെ ഗവർണർക്ക് സംസറാന ഗവൺമെന്റിനെയും നിയമസഭയെയും പിരിച്ചുവിടാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യാവുന്നതാണ്. കൂടാതെ സാധാരണ സാഹചര്യങ്ങളിൽപ്പോലും സംസ്ഥാന നിയമസഭകൾ പാസ്സാക്കിയ ഒരു ബിൽ കൈവശം വെക്കുവാനോ രാഷ്ട്രപതിയുടെ പരിഗണനക്കായി സമർപ്പിക്കാനോ അദ്ദേ



നമ്മുടെ ഭരണഘടന മറ്റുള്ളവയിൽ നിന്നും കടമെടുക്കുക മാത്രമല്ല ചെയ്തതെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. അത് നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് ഫെഡറലിസത്തെ രൂപകല്പന ചെയ്തിരിക്കുന്നു.

ഹത്തിന് അധികാരമുണ്ട്. ഇതുവഴി സംസ്ഥാനത്തിന്റെ നിയമ നിർമാണ പ്രക്രിയക്ക് കാലതാമസം വരുത്താനോ പ്രസ്തുത ബില്ലിനെ തന്നെ വീറ്റോ ചെയ്യാനോ ഉള്ള അവസരം കേന്ദ്രഗവൺമെന്റിനു ലഭിക്കുന്നു.

- ചില സാഹചര്യങ്ങളിൽ സംസ്ഥാന ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളിന്മേൽ കേന്ദ്രഗവൺമെന്റിന് നിയമ നിർമാണം നടത്തേണ്ടിവരും. രാജ്യസഭയുടെ അംഗീകാരത്തോടെ ഇത്തരത്തിലുള്ള നിയമ നിർമാണം നടത്താവുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾ സംസ്ഥാ ഗവൺമെന്റിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾക്കും മുകളിലാണെന്ന് ഭരണഘടന വ്യക്തമായി പറഞ്ഞിരിക്കുന്നു. ഇതു കൂടാതെ, ആവശ്യമെങ്കിൽ കേന്ദ്രഗവൺമെന്റിനു സംസ്ഥാന ഗവൺമെന്റുകൾക്ക് നിർദ്ദേശങ്ങൾ നല്കാവുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം ഇത് വ്യക്ത

***അനുഛേദം 257 (1):***
***ഓരോ സംസ്ഥാനത്തിന്റെയും കാര്യനിർവഹണ അധികാരങ്ങൾ ഉപയോഗിക്കുമ്പോൾ അത് കേന്ദ്ര ഗവൺമെന്റിന്റെ കാര്യ നിർവഹണ അധികാരങ്ങളെ ലംഘിക്കുന്ന രീതിയിലോ അതിനെക്കുറിച്ച് മുൻവിധിയോടെ സമീപിക്കുന്ന രീതിയിലോ ആകരുത്. അതുപോലെതന്നെ ആവശ്യമെങ്കിൽ ഒരു സംസ്ഥാനത്തിനു നിർദ്ദേശങ്ങൾ കൊടുക്കാൻ തക്ക വ്യാപ്തിയുള്ളതാണ് കേന്ദ്രത്തിന്റെ കാര്യ നിർവഹണ അധികാരങ്ങൾ.***



കേന്ദ്ര ഗവൺമെന്റ് വളരെ ശക്തമാണെന്നാണ് ഞാൻ മനസിലാക്കുന്നത്. സംസ്ഥാനങ്ങൾക്ക് അതിൽ പരാതിയൊന്നുമില്ലേ?

- നമ്മുടേത് ഒരു ഏകീകൃത ഭരണ സംവിധാനമാണെന്നുള്ളത് നിങ്ങൾ എക്സിക്യൂട്ടീവ് എന്ന അധ്യായത്തിൽ പഠിച്ചിട്ടുണ്ടല്ലോ. അഖിലേന്ത്യാ സർവ്വീസുകൾ ഇന്ത്യയുടെ മുഴുവൻ പ്രദശങ്ങളിലേക്കുള്ളതായതുകൊണ്ട് തന്നെ ഈ സർവ്വീസുകളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർ സംസ്ഥാനങ്ങളിലും സേവനം അനുഷ്ഠിക്കേണ്ടതുണ്ട്. അതുകൊണ്ട് കളക്ടറായി ചുമതലയുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥനും പോലീസ് കമ്മീഷണറായിട്ടുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥനും ആത്യന്തികമായി കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. സംസ്ഥാനങ്ങൾക്ക് ഈ ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കാനോ ജോലിയിൽ നിന്നും പിരിച്ചുവിടാനോ കഴിയില്ല.
- ഭരണഘടനയുടെ 33 ഉം, 34 ഉം അനുഛേദ പ്രകാരം കേന്ദ്രത്തിലോ സംസ്ഥാനത്തിലോ ജോലി നോക്കുന്ന ഉദ്യോഗസ്ഥന് അയാൾ പട്ടാള നിയമം നിലവിലിരിക്കുന്ന സമയത്ത് എടുത്ത നടപടികളിന്മേൽ പാർലമെന്റ് സംരക്ഷണം നൽകുന്നതായിരിക്കും. ഈ വ്യവസ്ഥകൾ കേന്ദ്രത്തിന്റെ അധികാരങ്ങൾ ഒന്നുകൂടി വർദ്ധിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേക സൈനികാധികാര നിയമം (Armed Forces Special Powers Act) നിർമ്മിച്ചിട്ടുള്ളത്. ഈ നിയമം പലപ്പോഴും ജനങ്ങളും സൈന്യവും തമ്മിലുള്ള സംഘർഷത്തിനു കാരണമായിട്ടുണ്ട്.

## ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയിലെ സംഘർഷങ്ങൾ (CONFLICTS IN INDIAN FEDERALISM)

ഈ പാഠഭാഗത്തിന്റെ മുൻഭാഗങ്ങളിൽ, ഭരണഘടന ശക്തമായ അധികാരങ്ങളാണ് കേന്ദ്ര ഗവൺമെന്റിനു നൽകിയിട്ടുള്ളതെന്നു നമ്മൾ കണ്ടുവല്ലോ. അതായത് ഭരണഘടന സംസ്ഥാനങ്ങളുടെ തനതായ സ്വത്വം അംഗീകരിക്കുമ്പോൾ തന്നെ കൂടുതൽ അധികാരങ്ങൾ കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. സംസ്ഥാനങ്ങളുടെ സ്വത്വം അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ സ്വാഭാവികമായും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ഭരണ നിർവ്വഹണത്തിൽ അവർ കൂടുതൽ പങ്കാളിത്തം പ്രതീക്ഷിക്കും. സംസ്ഥാനങ്ങൾ നിരവധി ആവശ്യങ്ങൾ മുന്നോട്ട് വക്കുന്നതിനു ഇത് കാരണമായി. കാലക്രമേണ സംസ്ഥാനങ്ങൾ കൂടുതൽ സ്വയംഭരണവും അധികാരങ്ങളും ആവശ്യപ്പെടാൻ തുടങ്ങി. ഇതു കേന്ദ്ര - സംസ്ഥാന ബന്ധങ്ങൾ കൂടുതൽ കലുഷിതമാക്കി. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള നിയമപരമായ തർക്കങ്ങൾക്ക് കോടതി മുഖാന്തിരം പരിഹാരം കാണാൻ കഴിയും. എന്നാൽ സ്വയംഭരണ ആവശ്യങ്ങൾ പോലെയുള്ള കൂടുതൽ രാഷ്ട്രീയ സ്വഭാവമുള്ള പ്രശ്നങ്ങൾ സമവായ ചർച്ചകളിലൂടെ മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ.

### കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ (Centre - State Relations)

1950 കളിലും 60 കളുടെ ആദ്യ പകുതിയിലും ഇന്ത്യൻ ഫെഡറലിസത്തിനു അടിത്തറയിട്ടത് ജവഹർലാൽ നെഹ്റുവാണ്. ഈ കാലഘട്ടത്തിൽ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് പാർട്ടിയുടെ ആധിപത്യമായിരുന്നു. പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണം ഒഴിച്ചുള്ള കാര്യങ്ങളിൽ കേന്ദ്ര - സംസ്ഥാന ബന്ധങ്ങൾ വളരെ സാധാരണ ഗതിയിലായിരുന്നു. കേന്ദ്രത്തിന്റെ ധനസഹായത്തോടെ തങ്ങൾക്ക് വികസനം കൈവരിക്കാമെന്ന പ്രതീക്ഷയായിരുന്നു സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്നത്. മാത്രമല്ല, കേന്ദ്രഗവൺമെന്റ് രൂപം നൽകിയ സാമൂഹിക - സാമ്പത്തിക വികസന നയങ്ങളോട് തികഞ്ഞ ശുഭാപ്തി വിശ്വാസവും നിലനിന്നിരുന്നു.



1960 കളുടെ മധ്യത്തോടെ കേന്ദ്രത്തിന്റെ ആധിപത്യത്തിനു തിരിച്ചടി ഏൽക്കുകയും നിരവധി സംസ്ഥാനങ്ങളിൽ പ്രതിപക്ഷ പാർട്ടികൾ അധികാരത്തിലെത്തുകയും



ഇത് വളരെ രസമുള്ളകാര്യമാണ്. നിയമങ്ങളും ഭരണഘടനയും മാത്രമല്ല എല്ലാകാര്യങ്ങളും തീരുമാനിക്കുന്നത്. എല്ലാത്തിനും ഉപരിയായി പ്രായോഗിക രാഷ്ട്രീയമാണ് നമ്മുടെ ഗവൺമെന്റിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്.

ചെയ്തു. ഇത് സംസ്ഥാനങ്ങൾക്കു കൂടുതൽ സ്വയം ഭരണവും അധികാരങ്ങളും നൽകണമെന്ന ആവശ്യത്തിനു ശക്തി പകർന്നു. യഥാർത്ഥത്തിൽ വ്യത്യസ്ത രാഷ്ട്രീയപാർട്ടികൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിലെത്തിയതിന്റെ അനന്തരഫലമായാണ് ഇത്തരം ആവശ്യങ്ങൾ ഉയർന്നുവന്നത്. അതുകൊണ്ട്തന്നെ കേന്ദ്രം ഭരിച്ച കോൺഗ്രസ്സിന്റെ അനാവശ്യ ഇടപെടലുകളിൽ സംസ്ഥാന ഗവൺമെന്റുകൾ പ്രതിഷേധിക്കാൻ തുടങ്ങി. കോൺഗ്രസ്സിനെ സംബന്ധിച്ചടത്തോളം പ്രതിപക്ഷ പാർട്ടികൾ നയിക്കുന്ന സംസ്ഥാന ഗവൺമെന്റുകളെ കൈകാര്യം ചെയ്യുന്നത് അത്ര സുഖകരമായിരുന്നില്ല. ഈ സവിശേഷ രാഷ്ട്രീയ സാഹചര്യം ഒരു ഫെഡറൽ വ്യവസ്ഥയിലെ സ്വയംഭരണം എന്ന കാഴ്ചപ്പാടിനെക്കുറിച്ചുള്ള ചർച്ചകൾക്ക് വഴിയൊരുക്കി.

1990 കളോടെ കേന്ദ്രത്തിൽ കോൺഗ്രസ്സ് ആധിപത്യം പൂർണ്ണമായും അപ്രത്യക്ഷമാകുകയും മുന്നണി രാഷ്ട്രീയത്തിന്റെ കാലഘട്ടത്തിലേക്ക് നമ്മൾ പ്രവേശിക്കുകയും ചെയ്തു. സംസ്ഥാനങ്ങളിലും വിവിധ പ്രാദേശിക - ദേശീയ പാർട്ടികൾ അധികാരത്തിൽ വന്നു. ഇത് സംസ്ഥാനങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുകയും വൈവിധ്യങ്ങളോട് ആദരവുള്ള പക്വമായ ഒരു ഫെഡറൽ വ്യവസ്ഥക്ക് തുടക്കം കുറിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ ഈ രണ്ടാം ഘട്ടത്തിൽ സ്വയംഭരണത്തിനുള്ള ആവശ്യം എന്ന പ്രശ്നം രാഷ്ട്രീയമായി കൂടുതൽ ശക്തി ആർജിക്കുന്നു.

## സ്വയംഭരണത്തിനുള്ള അവകാശവാദങ്ങൾ (Demands for Autonomy)



ശരിയാണ് ഹിന്ദി ഇന്ത്യയുടെ ഔദ്യോഗിക ഭാഷയാണെന്നെനിക്കറിയാം. പക്ഷേ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന എന്റെ സഹപാഠികൾക്ക് ഹിന്ദി അറിയില്ല!

നിരവധി സംസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും കാലാകാലങ്ങളിലായി കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ സ്വയംഭരണം ആവശ്യപ്പെടുന്നു. എന്നിരുന്നാലും സ്വയം ഭരണത്തെ സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകളാണ് വിവിധ സംസ്ഥാനങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ഉള്ളത്.

- ചിലരുടെ കാഴ്ചപ്പാടിൽ സംസ്ഥാനങ്ങൾക്കനുകൂലമായി അധികാര വിഭജനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി അതുവഴി കൂടുതൽ അധികാരങ്ങളും വളരെ പ്രധാനപ്പെട്ട അധികാരങ്ങളും സംസ്ഥാനങ്ങൾക്ക് ലഭിക്കണം. നിരവധി സംസ്ഥാനങ്ങളും (തമിഴ്നാട്, പഞ്ചാബ്, പശ്ചിമബംഗാൾ) അനവധി രാഷ്ട്രീയ പാർട്ടികളും [ഡി.എം.കെ., അകാലിദൾ, സി.പി.ഐ.(എം)] സമയാസമയങ്ങളിൽ ഇത്തരത്തിലുള്ള സ്വയംഭരണ ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ട്.
- സംസ്ഥാനങ്ങൾക്കു വരുമാനത്തിന്റെ സ്വന്തമായ ഉറവിടങ്ങളും വിഭവങ്ങളുടെമേൽ കൂടുതൽ നിയന്ത്രണവും ഉണ്ടായിരിക്കണമെന്നതാണ് മറ്റൊരാവശ്യം. ഇത് ധനകാര്യ സ്വയംഭരണം (Financial Autonomy) എന്ന് അറിയപ്പെടുന്നു. 1977 ൽ പശ്ചിമ ബംഗാളിലെ ഇടതുപക്ഷ ഗവൺമെന്റ് ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനഃസംഘടിപ്പിക്കണമെന്നു

ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പുറത്തിറക്കി. തമിഴ്നാടിന്റെയും പഞ്ചാബിന്റെയും സ്വയം ഭരണത്തിനുള്ള ആവശ്യത്തിലും ധനകാര്യ സ്വയം ഭരണം എന്നത് ഉൾക്കൊണ്ടിരിക്കുന്നു.

- മൂന്നാമതായി സ്വയം ഭരണത്തിനുള്ള ആവശ്യം സംസ്ഥാനങ്ങളുടെ ഭരണപരമായ അധികാരങ്ങളുമായി ബന്ധപ്പെട്ടതാണ്. കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഭരണയന്ത്രത്തിൻ മേലുള്ള നിയന്ത്രണത്തിൽ സംസ്ഥാനങ്ങൾക്ക് അമർഷമുണ്ട്.
- നാലാമതായി, സ്വയംഭരണത്തിനുള്ള ആവശ്യം സാംസ്കാരികവും ഭാഷാപരവുമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. ഹിന്ദി ഭാഷയുടെ മേധാവിത്വത്തിനെതിരെ തമിഴ്നാട്ടിൽ നടന്ന പ്രക്ഷോഭങ്ങളും അതുപോലെ തന്നെ പഞ്ചാബി ഭാഷയുടെയും സംസ്കാരത്തിന്റെയും വികസനത്തിനു വേണ്ടിയുള്ള ആവശ്യങ്ങളും ഇതിനുദാഹരണങ്ങളാണ്. ചില സംസ്ഥാനങ്ങളെ സംബന്ധിച്ച് ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങൾ മറ്റ് പ്രദേശങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുമെന്ന ഭീതിയുണ്ട്. യഥാർഥത്തിൽ 1960 കളിൽതന്നെ ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനെതിരെ വിവിധ സംസ്ഥാനങ്ങളിൽ നിരവധി പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുണ്ട്.

**കാർട്ടൂൺ വായിക്കുക**




ഭരണഘടനാ നിർമ്മാണ സഭയിലെ രാഷ്ട്രഭാഷയെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ മറ്റുള്ളവരോട് കൂടുതൽ സഹിഷ്ണുത കാട്ടാൻ ഹിന്ദി സംസാരിക്കുന്ന പ്രവിശ്യകളോട് നെഹ്റുവിന് അഭ്യർത്ഥിക്കേണ്ടിവന്നു.

*എന്നെ ഒഴിവാക്കരുത് ശങ്കർ, പേജ് 24*

Shaukar. Copyright: Children's Book Trust.

## രാഷ്ട്രപതിഭരണവും ഗവർണ്ണർമാരുടെ പങ്കും (Role of Governors and President's Rule)

കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലെ എക്കാലത്തെയും വിവാദ വിഷയം ഗവർണർമാരുടെ പങ്കിനെകുറിച്ചുള്ളതാണ്. ഗവർണറെ തെരഞ്ഞെടുക്കുകയല്ല ചെയ്യുന്നത്. മിക്ക ഗവർണർമാരും വിരമിച്ച പട്ടാള ഉദ്യോഗസ്ഥരോ സിവിൽ സർവ്വീസുകാരോ തലമുതിർന്ന രാഷ്ട്രീയക്കാരോ ആയിരിക്കും. കൂടാതെ, ഇവരെ നിയമിക്കുന്നത് കേന്ദ്ര ഗവൺമെന്റായതുകൊണ്ട്തന്നെ ഗവർണറുടെ പ്രവർത്തനം കേന്ദ്ര ഗവൺമെന്റിന്റെ സംസ്ഥാന ഭരണത്തിലുള്ള കൈകടത്തലായിട്ടാണ് കരുതുന്നത്. കേന്ദ്രത്തിലും സംസ്ഥാനത്തിലും വ്യത്യസ്ത പാർട്ടികൾ ഭരിക്കുന്ന സന്ദർഭങ്ങളിൽ ഗവർണ്ണറുടെ നടപടികൾ കൂടുതൽ വിവാദമാകാറുണ്ട്. കേന്ദ്ര – സംസ്ഥാന ബന്ധങ്ങളെക്കുറിച്ചു പഠിക്കാൻ 1983 ൽ കേന്ദ്രഗവൺമെന്റ് സർക്കാരിയ കമ്മീഷനെ നിയമിച്ചു. 1988 ൽ

**കാർട്ടൂൺ വായിക്കുക**




നെഹ്റു ഗവർണർമാരെ നിയമിച്ചപ്പോൾ മന്ത്രിക്കസേര വിട്ടൊഴിയാൻ ചിലർക്കു മടിയായിരുന്നു.

*എന്നെ ഒഴിവാക്കരുത് ശങ്കർ, പേജ് 33*

Shankar. Copyright: Children's Book Trust.

ഈ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ സർക്കാരിയ കമ്മീഷൻ നിർദ്ദേശിച്ചത് ഗവർണ്ണറുടെ നിയമനം കക്ഷി - രാഷ്ട്രീയത്തിനതീതമായിരിക്കണമെന്നാണ്.

ഗവർണ്ണറുടെ അധികാരങ്ങളും ചുമതലകളും ഇത്രയും വിവാദങ്ങളുള്ളതാകാൻ ഒരു കാരണം കൂടിയുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ ഏറ്റവും വിവാദങ്ങളുണ്ടാക്കുന്ന അനുഛേദങ്ങളിലൊന്നാണ് അനുഛേദം 356. ഈ അനുഛേദമനുസരിച്ചാണ് സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ഭരണം പ്രഖ്യാപിക്കുന്നത്. ഭരണഘടനാനുസൃതമായി ഭരണം നടത്തുന്നതിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെടുന്ന സാഹചര്യത്തിലാണ് ഈ വകുപ്പ് സാധാരണ ഉപയോഗിക്കുന്നത്. ഇതിന്റെ ഫലമായി സംസ്ഥാന ഭരണം കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുന്നു. രാഷ്ട്രപതിയുടെ പ്രഖ്യാപനത്തിനു പാർലമെന്റിന്റെ അംഗീകാരം ആവശ്യമാണ്. മൂന്നുവർഷം വരെ പ്രസിഡന്റ് ഭരണം ഏർപ്പെടുത്താവുന്നതാണ്. സംസ്ഥാനത്തിലെ ഗവൺമെന്റിനെയും നിയമ സഭയെയും പിരിച്ചു വിടാൻ ശുപാർശ ചെയ്യുന്നതിനുള്ള അധികാരം ഗവർണ്ണർക്കുണ്ട്. ഇത് നിരവധി പ്രശ്നങ്ങൾക്കു കാരണമാകുന്നു. 1959 ൽ നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന കേരള ഗവൺമെന്റിനെ പിരിച്ചുവിട്ടതുപോലെയും 1967 നു ശേഷം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളെ അവരുടെ ഭൂരിപക്ഷം പരിശോധിക്കാതെ പിരിച്ചുവിട്ടതു പോലെയുമുള്ള സംഭവങ്ങൾ ചിലപ്പോഴൊക്കെ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ചില കേസുകൾ കോടതിയിലെത്തുകയും ആ കേസുകളുടെ വിധിന്യായത്തിൽ പ്രസിഡന്റ് ഭരണത്തിന്റെ ഭരണഘടനാ സാധുത പരിശോധിക്കാനുള്ള അധികാരം തങ്ങൾക്കാണെന്നു കോടതി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

1967 വരെ 356-ാം വകുപ്പ് അപൂർവ്വമായേ ഉപയോഗിച്ചിരുന്നുള്ളു. 1967 നു ശേഷം നിരവധി സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിതര ഗവൺമെന്റുകൾ അധികാരത്തിലെത്തി. പക്ഷേ അപ്പോഴും കേന്ദ്രഭരണം കോൺഗ്രസ്സിനായിരുന്നു. കേന്ദ്രഗവൺമെന്റ് ഈ വകുപ്പുപയോഗിച്ച് സംസ്ഥാന ഗവൺമെന്റുകളെ പിരിച്ചുവിടുന്നത് പതിവായി. മാത്രമല്ല, സംസ്ഥാന ഗവർണ്ണറെ ഉപയോഗിച്ചുകൊണ്ട്, ഭൂരിപക്ഷം നേടിയ പാർട്ടിയോ മുന്നണിയോ അധികാരത്തിലെത്തുന്നതു തടയാനും അവർ ശ്രമിച്ചിരുന്നു. ഉദാഹരണമായി 1980 കളിൽ ആന്ധ്രപ്രദേശിലേയും ജമ്മുകാശ്മീരിലേയും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകളെ കേന്ദ്രഗവൺമെന്റ് പിരിച്ചുവിട്ടിരുന്നു.

**കാർട്ടൂൺ വായിക്കുക**




R.K. Laxman in Times of India

സംസ്ഥാന ഗവൺമെന്റുകളെ മറിച്ചിടുന്ന ഈ കളി എല്ലാവരും ഇഷ്ടപ്പെടുന്നു.

## പുതിയ സംസ്ഥാനങ്ങൾക്കായുള്ള അവകാശവാദങ്ങൾ (Demands for New States)

പുതിയ സംസ്ഥാനങ്ങൾക്കുള്ള ആവശ്യമായിരുന്നു ഫെഡറൽ സംവിധാനത്തിലെ സംഘർഷങ്ങളുടെ മറ്റൊരു തലം. ദേശീയ പ്രസ്ഥാനം ഒരു പാൻ - ഇന്ത്യൻ സ്വത്വം (Pan - Indian) രൂപീകരിച്ചതോടൊപ്പം ഭാഷ, പ്രദേശം, സംസ്കാരം തുടങ്ങിയവയെ ചുറ്റിപ്പറ്റിയുള്ള സവിശേഷ സ്വത്വങ്ങൾക്കും രൂപം നൽകി. നമ്മുടെ ദേശീയ പ്രസ്ഥാനം ജനാധിപത്യത്തിനു വേണ്ടിയുള്ള ഒരു പ്രസ്ഥാനം കൂടിയായിരുന്നു. അതുകൊണ്ട്, സംസ്ഥാനങ്ങളുടെ രൂപീകരണം, സാധ്യമാകുന്നിടത്തോളം ഭാഷകളുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന് സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ തന്നെ തീരുമാനിച്ചിരുന്നു.

അതായിരുന്നു ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം എന്ന ആവശ്യത്തിലേക്ക് സ്വാതന്ത്ര്യാനന്തരം നമ്മെ നയിച്ചത്. 1953 ഡിസംബറിൽ രൂപം കൊണ്ട സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ പ്രധാന ഭാഷാ വിഭാഗങ്ങൾക്കെങ്കിലും സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തു. 1956 ൽ സംസ്ഥാന പുനഃസംഘാടനത്തിലൂടെ ചില സംസ്ഥാനങ്ങൾ നിലിവിൽ വരുകയും ആ പ്രക്രിയ ഇപ്പോഴും തുടർന്നു കൊണ്ടേയിരിക്കുകയും ചെയ്യുന്നു. 1960 ലാണ് ഗുജറാത്തും, മഹാരാഷ്ട്രയും രൂപീകരിക്കപ്പെട്ടത്. പഞ്ചാബും ഹരിയാനയും 1966 ൽ നിലവിൽവന്നു. പിന്നീട് വടക്ക് കിഴക്കൻ പ്രദേശങ്ങളുടെ പുനഃ

**കാർട്ടൂൺ വായിക്കുക**



26 July 1953

പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനു വേണ്ടി പെരുകികൊണ്ടിരിക്കുന്ന അവകാശവാദങ്ങൾ

Shankar. Copyright: Children's Book Trust.

സംഘടനയിലൂടെ മണിപ്പൂർ, ത്രിപുര, മേഘാലയ, മിസോറാം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ നിലവിൽ വന്നു.



**പ്രവർത്തനം**

ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പട്ടിക തയാറാക്കി അവ ഓരോന്നും നിലവിൽ വന്ന വർഷം കണ്ടെത്തുക.

രണ്ടായിരാമാണ്ടിൽ പ്രത്യേക സംസ്ഥാനത്തിനു വേണ്ടിയുള്ള അവകാശവാദത്തെയും ഭരണ കാര്യക്ഷമതക്കു വേണ്ടിയുള്ള ആവശ്യത്തെയും മുൻ നിർത്തി ചില വലിയ സംസ്ഥാനങ്ങൾ വീണ്ടും വിഭജിക്കേണ്ടിവന്നു. അങ്ങനെ മധ്യപ്രദേശ്, ഉത്തർപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾ വിഭജിച്ച് യഥാക്രമം ഛത്തീസ്ഗഢ്, ഉത്തരാഖണ്ഡ്, ജാർഖണ്ഡ് എന്നിങ്ങനെ മൂന്നു സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടു. എങ്കിലും, ചില ഭാഷാവിഭാഗങ്ങളും പ്രദേശങ്ങളും പ്രത്യേക സംസ്ഥാന രൂപീകരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. മഹാരാഷ്ട്രയിൽ, വിദർഭ സംസ്ഥാനത്തിനായുള്ള അവകാശവാദം ഇതിനുദാഹരണമാണ്.

## അന്തർ സംസ്ഥാന സംഘർഷങ്ങൾ (Interstate Conflicts)



അതുകൊണ്ട്, ഫെഡറലിസം എന്നാൽ സംഘർഷങ്ങളാണോ! ആദ്യം നമ്മൾ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സംഘർഷത്തെക്കുറിച്ചും പിന്നീട് സംസ്ഥാനങ്ങൾ തമ്മിലുള്ളതിനെക്കുറിച്ചും സംസാരിച്ചു. നമുക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയുകയില്ലേ?

സ്വയംഭരണത്തിനും വരുമാന സ്രോതസ്സുകൾക്കും വേണ്ടി സംസ്ഥാനങ്ങൾ കേന്ദ്രവുമായി വിലപേശൽ നടത്തുന്നതുപോലെ സംസ്ഥാനങ്ങൾ തമ്മിലും നിരവധി സംഘർഷങ്ങളും തർക്കങ്ങളും നിലനിൽക്കുന്നുണ്ട്. ഈ തർക്കങ്ങൾക്ക് നിയമപരമായ പരിഹാരം കാണാൻ നീതിന്യായവ്യവസ്ഥ ശ്രമിക്കുന്നുണ്ടെങ്കിലും ഈ തർക്കങ്ങളൊന്നും വെറും നിയമപരമല്ലന്നതാണ് യാഥാർത്ഥ്യം. ഈ പ്രശ്നങ്ങൾക്ക് രാഷട്രീയ മാനങ്ങൾ ഉണ്ടായതുകൊണ്ട് തന്നെ ചർച്ചകളിലൂടെയും പരസ്പര വിശ്വാസത്തിലൂടെയും മാത്രമേ അവ ഫലപ്രദമായി പരിഹരിക്കാൻ കഴിയുകയുള്ളൂ.

വിശാലമായ അർത്ഥത്തിൽ രണ്ടു തരത്തിലുള്ള തർക്കങ്ങളാണ് പ്രധാനമായും ഇവിടെയുണ്ടാകുന്നത്. അതിർത്തി തർക്കങ്ങളാണ് അവയിൽ ഒന്ന്. ചില സംസ്ഥാനങ്ങൾ അയൽ സംസ്ഥാനങ്ങളുടെ ഭൂപ്രദേശങ്ങളിൽ അവകാശവാദം ഉന്നയിക്കുന്നു. ഭാഷാടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ അതിർത്തി നിർണ്ണയിച്ചതെങ്കിലും ഒന്നിലധികം ഭാഷ സംസാരിക്കുന്നവർ മിക്ക സംസ്ഥാനങ്ങളുടെയും അതിർത്തി പ്രദേശങ്ങളിൽ കാണാൻ കഴിയും. അതുകൊണ്ടുതന്നെ ഭാഷാ ഭൂരിപക്ഷം എന്ന മാനദണ്ഡത്തിലൂടെ എളുപ്പം പരിഹരി

ക്കാവുന്ന പ്രശ്നമല്ല ഇത്. മഹാരാഷ്ട്രയും കർണ്ണാടകയും തമ്മിൽ വളരെക്കാലമായി ബൽഗാം നഗരത്തെ സംബന്ധിക്കുന്ന അതിർത്തി തർക്കം നിലനിൽക്കുന്നുണ്ട്. അതുപോലെ തന്നെ മണിപ്പൂരും നാഗാലാന്റും തമ്മിൽ ദീർഘകാലമായി ഒരു അതിർത്തി തർക്കം നിലനില്ക്കുന്നു. പഞ്ചാബിൽ നിന്നും ഹരിയാന എന്ന സംസ്ഥാനത്തെ അടർത്തിമാറ്റിയത് രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾക്ക് മാത്രമല്ല തലസ്ഥാനമായ ചണ്ഡീഗഢിനു വേണ്ടിപ്പോലും തർക്കങ്ങൾക്ക് കാരണമായിരിക്കുന്നു. ചണ്ഡീഗഢ് എന്ന ഈ പട്ടണം ഇപ്പോൾ രണ്ടു സംസ്ഥാനങ്ങളുടെയും തലസ്ഥാനമാണ്. 1985-ൽ അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി പഞ്ചാബിന്റെ നേതൃത്വവുമായി ഒരു ധാരണയിലെത്തിച്ചേർന്നു. ഈ ധാരണ പ്രകാരം ചണ്ഡീഗഢ് പഞ്ചാബിനു കൈമാറേണ്ടതുണ്ടായിരുന്നു. പക്ഷെ ഇതുവരെയും ആ കൈമാറ്റം നടന്നിട്ടില്ല.



ശരിയാണ് ഗവർണ്ണർമാരുടെയും ഭാഷയുടെയും അതിർത്തിയുടെയും നദീ ജലത്തിന്റെയും പേരിൽ തർക്കങ്ങൾ ഉണ്ട്. എന്നാലും ഒരുമിച്ചു കഴിയാൻ നമ്മൾ ശീലിച്ചു കഴിഞ്ഞു!

അതിർത്തി തർക്കങ്ങൾ വൈകാരികമാണെങ്കിൽ നദീജല തർക്കങ്ങൾ അതിലും രൂക്ഷമായ പ്രശ്നങ്ങളാണുണ്ടാക്കുന്നത്. കാരണം അതു സംസ്ഥാനങ്ങളുടെ കുടിവെള്ളവും കൃഷിയുമായി ബന്ധപ്പെട്ട മേഖലകളെ നേരിട്ടു ബാധിക്കുന്നതാണ്. നിങ്ങൾ കാവേരി നദീജല തർക്കത്തെ കുറിച്ച് കേട്ടിട്ടുണ്ടായിരിക്കുമല്ലോ. തമിഴ്നാടും കർണ്ണാടകയും തമ്മിലുള്ള ഒരു പ്രധാന പ്രശ്നമാണിത്. ഈ രണ്ടു സംസ്ഥാനങ്ങളിലും കർഷകർ കാവേരി നദീജലത്തെ ആശ്രയിക്കുന്നവരാണ്. നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു ട്രൈബ്യൂണൽ ഉണ്ടെങ്കിലും കാവേരി നദീജല തർക്കം സുപ്രീം കോടതിയിൽ എത്തിയിരിക്കുകയാണ്. ഇതുപോലെതന്നെ മഹാരാഷ്ട്രയും ഗുജറാത്തും, മധ്യപ്രദേശും നർമ്മദ നദീജലത്തെ സംബന്ധിച്ചും സമാനമായ ഒരു തർക്കത്തിലേർപ്പെട്ടിരിക്കുകയാണ്. നദീജലം ഒരു സുപ്രധാന വിഭവമായതുകൊണ്ട്തന്നെ അതിൻമേലുള്ള തർക്കം സംസ്ഥാനങ്ങളുടെ സഹിഷ്ണുതയേയും സഹകരണമനോഭാവത്തെയും പരീക്ഷണ വിധേയമാക്കുന്നു.



**പ്രവർത്തനം**

രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുള്ള ഏതെങ്കിലും ഒരു നദീജല തർക്കത്തിന്റെ വിശദാംശങ്ങൾ ശേഖരിക്കുക.

**പാഠ പുരോഗതി വിലയിരുത്തുക**

എന്തുകൊണ്ടാണ് സംസ്ഥാനങ്ങൾക്ക് സ്വയംഭരണം ആവശ്യമായി വരുന്നത്?

സ്വയംഭരണവും വിഘടനവാദവും തമ്മിലുള്ള വ്യത്യാസം എന്താണ്?

## പ്രത്യേക വ്യവസ്ഥകൾ (SPECIAL PROVISIONS)

ഇന്ത്യൻ ഫെഡറൽ സമ്പ്രദായത്തിന്റെ അപൂർവ്വ സവിശേഷതയാണ് ചില സംസ്ഥാനങ്ങൾക്ക് അത് നൽകുന്ന പ്രത്യേക പരിഗണന. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ വലുപ്പവും ജനസംഖ്യയും വ്യത്യസ്തമായതുകൊണ്ട് തന്നെ അവരുടെ പാർലമെന്റിലെ പ്രാതിനിധ്യവും വ്യത്യസ്തമായിരിക്കുമെന്ന് നിയമനിർമ്മാണ സഭ എന്ന അധ്യായത്തിലൂടെ നമ്മൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ചെറിയ സംസ്ഥാനങ്ങൾക്ക് മിനിമം പ്രാതിനിധ്യം ഉറപ്പുവരുത്തുമ്പോൾ തന്നെ വലിയ സംസ്ഥാനങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം ഈ സംവിധാനം വഴി ലഭ്യമാക്കിയിരിക്കുന്നു.



ബുദ്ധിപരവും സന്തുലിതവുമായ രൂപകല്പന എന്ന് അവർ ഒന്നാമത്തെ അധ്യായത്തിൽ പറഞ്ഞതിന്റെ അർത്ഥം എനിക്കിപ്പോൾ മനസ്സിലായി.

അധികാര വിഭജനത്തിന്റെ കാര്യത്തിലും പൊതുവായ വ്യവസ്ഥകളാണ് എല്ലാ സംസ്ഥാനങ്ങൾക്കും ഭരണഘടന നൽകിയിരിക്കുന്നത്. എന്നിരുന്നാലും ചില സംസ്ഥാനങ്ങളുടെ സാമ്പത്തികവും ചരിത്രപരവുമായ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ചു കൊണ്ട് ഭരണഘടനയിൽ അവക്ക് പ്രത്യേക വകുപ്പുകൾ നൽകിയിരിക്കുന്നു. ഈ പ്രത്യേക വകുപ്പുകൾ കൂടുതലും നൽകിയിരിക്കുന്നത് ജനസംഖ്യയിൽ ഗണ്യമായ വിഭാഗം ആദിമ ഗോത്രവർഗങ്ങൾ ഉൾപ്പെടുന്ന വടക്കു - കിഴക്കൻ സംസ്ഥാനങ്ങളിലാണ് (ആസ്സാം, നാഗാലാന്റ്, അരുണാചൽ പ്രദേശ്, മിസോറാം തുടങ്ങിയവ). ഈ വിഭാഗങ്ങൾക്ക് അവരുടെ സവിശേഷമായ സാംസ്കാരിക തനിമ നിലനിർത്താൻ ഇത് അവരെ സഹായിക്കുന്നു. (അനുഛേദം 371). എന്നിരുന്നാലും ഈ പ്രദേശങ്ങളിലെ അന്യവത്കരണത്തെയും ഭീകരവാദത്തെയും ചെറുക്കാൻ ഈ വകുപ്പ് പര്യാപ്തമല്ല. അതുപോലെ പർവ്വത പ്രദേശങ്ങളിലെ സംസ്ഥാനമായ ഹിമാചൽ പ്രദേശിനും മറ്റു സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, ഗോവ, ഗുജറാത്ത്, മഹാരാഷ്ട്ര, സിക്കിം, തെലുങ്കാന തുടങ്ങിയവയ്ക്കുമുള്ള പ്രത്യേക വകുപ്പുകളും ഭരണഘടനയിലുണ്ട്.

## ജമ്മു കാശ്മീർ (Jammu and Kashmir)

ഇന്ത്യൻ ഭരണഘടന പ്രത്യേക പദവി നൽകിയിട്ടുള്ള മറ്റൊരു സംസ്ഥാനമാണ് ജമ്മു കാശ്മീർ (അനുഛേദം 370). സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാൻ അവസരവുണ്ടായിരുന്ന വലിയ നാട്ടു രാജ്യങ്ങളിൽ ഒന്നായിരുന്നു ജമ്മു കാശ്മീർ. സ്വാതന്ത്ര്യം ലഭിച്ച് കുറച്ച് നാളുകൾക്കകം തന്നെ ഇന്ത്യയും പാകിസ്ഥാനും കാശ്മീരിന്റെ പേരിൽ ഒരു യുദ്ധത്തിലേർപ്പെടുകയുണ്ടായി. ആ സാഹചര്യത്തിൽ കാശ്മീരിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ കാശ്മീർ മഹാരാജാവ് തീരുമാനിച്ചു.

മിക്കവാറും എല്ലാ മുസ്ലീം ഭൂരിപക്ഷ നാട്ടു രാജ്യങ്ങളും പാകിസ്ഥാനിൽ ചേർന്നപ്പോൾ കാശ്മീർ മാത്രം ഒഴിഞ്ഞു നിന്നു. ഈ സാഹചര്യത്തിലാണ് കാശ്മീരിന് ഇന്ത്യൻ ഭരണഘടനയിൽ ബൃഹത്തായ സ്വയംഭരണം നൽകി

യിരിക്കുന്നത്. ഭരണഘടനയുടെ 370-ാം അനുച്ഛേദപ്രകാരം കേന്ദ്ര ലിസ്റ്റിലും സംയുക്ത ലിസ്റ്റിലും ഉൾപ്പെടുന്ന വിഷയങ്ങളിലുള്ള നിയമ നിർമ്മാണം കാശ്മീരിനു ബാധകമാകണമെങ്കിൽ സംസ്ഥാനത്തിന്റെ അംഗീകാരം ആവശ്യമാണ്. മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇങ്ങനെയൊരു വ്യവസ്ഥയില്ല. അവിടെ മൂന്നു ലിസ്റ്റുകളിലൂടെയുമുള്ള അധികാര വിഭജനം സ്വാഭാവികമായി എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. പക്ഷേ ജമ്മു- കാശ്മീരിന്റെ കാര്യത്തിൽ കേന്ദ്രലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ കേന്ദ്രഗവൺമെന്റിനു പരിമിതമായ അധികാരങ്ങളേയുള്ളൂ. മാത്രമല്ല കേന്ദ്രലിസ്റ്റിലും സംസ്ഥാന ലിസ്റ്റിലും പറഞ്ഞിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനു സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണ്. ഇത് ജമ്മുകാശ്മീരിനു വലിയതോതിൽ സ്വയംഭരണം നൽകുന്നു.

പക്ഷേ പ്രായോഗിക തലത്തിൽ കാശ്മീരിനു 370-ാം അനുച്ഛേദത്തിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള സ്വയംഭരണം ലഭിക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പ്രസിഡന്റിന് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടെ കേന്ദ്ര-ലിസ്റ്റിലെ ഏതൊക്കെ ഭാഗങ്ങൾ ജമ്മു-കാശ്മീരിന് ബാധകമാക്കാമെന്ന് തിരുമാനിക്കാം എന്നൊരു ഭരണഘടനാ വ്യവസ്ഥയുണ്ട്. ജമ്മു കാശ്മീർ ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പുറത്തിറക്കിയ രണ്ട് പ്രസിഡൻഷ്യൽ ഉത്തരവ് വഴി കേന്ദ്ര ലിസ്റ്റിലെ ഭൂരിപക്ഷം വ്യവസ്ഥകളും ഇപ്പോൾ ജമ്മു കാശ്മീരിനു കൂടി ബാധകമാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി, ജമ്മു - കാശ്മീരിനു പ്രത്യേകം പതാകയും ഭരണഘടനയും ഉണ്ടെങ്കിൽ പോലും കേന്ദ്ര ലിസ്റ്റിൽ ഉൾപ്പെട്ട വിഷയങ്ങളിൽ കാശ്മീരിനുകൂടി ബാധകമായ നിയമങ്ങൾ നിർമ്മിക്കാനുള്ള പാർലമെന്റിന്റെ അധികാരം ഇപ്പോൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ആഭ്യന്തരക്കുഴപ്പങ്ങളുടെ പേരിൽ സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനു ജമ്മുകാശ്മീർ ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണെന്നുള്ളതാണ്, മറ്റു സംസ്ഥാനങ്ങളുമായി ഇപ്പോൾ കാശ്മീരിനുള്ള വ്യത്യാസം. അതുപോലെ ജമ്മു കാശ്മീരിൽ സാമ്പത്തിക അടിയന്തരാവസ്ഥ ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനു കഴിയില്ല. നിർദ്ദേശക തത്ത്വങ്ങൾ കാശ്മീരിനു ബാധകമല്ല. അതുപോലെ തന്നെ 368-ാം വകുപ്പനുസരിച്ചുള്ള ഭരണഘടനാ ഭേദഗതികൾ കാശ്മീരിനു ബാധകമാകണമെങ്കിൽ സംസ്ഥാനത്തിന്റെ അംഗീകാരം ആവശ്യമാണ്.

ഒരു ഫെഡറൽ സംവിധാനത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും അധികാര വിഭജനത്തിൽ തുല്യത ഉണ്ടായിരിക്കണമെന്ന് നിരവധി ആളുകൾ വിശ്വസിക്കുന്നുണ്ട്. അതുകൊണ്ട് പ്രത്യേക വകുപ്പുകൾക്കെതിരെ എല്ലായ്പ്പോഴും ശക്തമായ എതിർപ്പുകൾ ഉയർന്നുവരാറുമുണ്ട്. അതുപോലെ തന്നെ അത്തരം പ്രത്യേക വകുപ്പുകൾ വിഘടനവാദത്തിനു കാരണമായേക്കുമെന്നുള്ള ആശങ്കകളുമുണ്ട്. അതുകൊണ്ട് ഇത്തരം ഭരണഘടനാ വകുപ്പുകളെക്കുറിച്ചും നിരവധി വിവാദങ്ങൾ നിലനിൽക്കുന്നു.

## ഉപസംഹാരം

ഫെഡറലിസം ഒരു മഴവില്ലു പോലെയാണ്. വ്യത്യസ്ത നിറങ്ങൾ കൂടി ചേർന്നാണല്ലോ മനോഹരമായ ഒരു മഴവില്ലായി മാറുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സന്തുലിതമായ ബന്ധം തുടർച്ചയായി നിലനിർത്തുക എന്ന പ്രയാസകരമായ ദൗത്യമാണ് ഫെഡറലിസത്തിനു നിർവ്വഹിക്കാനുള്ളത്. നിയമവ്യവസ്ഥകൾ കൊണ്ടോ സ്ഥാപനങ്ങൾകൊണ്ടോ മാത്രം ഒരു ഫെഡറൽ രാഷ്ട്രത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ കഴിയില്ല. ആത്യന്തികമായി ജനങ്ങളും രാഷട്രീയ പ്രക്രിയയും ചേർന്നുള്ള സഹിഷ്ണുതയുടേയും പരസ്പര വിശ്വാസത്തിന്റെയും, സഹകരണത്തിന്റെയും ഒരു സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. ഫെഡറേഷൻ ഒരേ സമയം ഐക്യത്തേയും വൈവിധ്യത്തേയും ആഘോഷിക്കുന്നു. അഭിപ്രായ വ്യത്യാസങ്ങളെ നിരാകരിച്ചുകൊണ്ട് നേടാൻ കഴിയുന്ന ഒന്നല്ല, ദേശീയ ഐക്യം. ബലപ്രയോഗത്തിലൂടെ കൈവരിക്കുന്ന അത്തരം ഐക്യം സാമൂഹ്യ സംഘർഷങ്ങൾക്കും അന്യവൽക്കരണത്തിനും കാരണമാകുകയും ആത്യന്തികമായി അത് ദേശീയ ഐക്യത്തെ തകർക്കുകയും ചെയ്യും. വൈവിധ്യത്തെയും സ്വയംഭരണത്തിനു വേണ്ടിയുള്ള ആവശ്യങ്ങളെയും അനുഭാവ പൂർവ്വം നോക്കിക്കാണുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥക്കുമാത്രമേ ഒരു സഹകരണാത്മക ഫെഡറേഷന്റെ അടിത്തറയായി വർത്തിക്കാൻ കഴിയുകയുള്ളു.

## അഭ്യാസം

1. താഴെകൊടുത്തിരിക്കുന്ന സംഭവങ്ങളിൽ നിന്ന് ഫെഡറലിസത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതു കണ്ടെത്തി കാരണം വ്യക്തമാക്കുക.

   - കേന്ദ്രഗവൺമെന്റ്, ചൊവ്വാഴ്ച, ജി.എൻ.എൽ.എഫ്. നയിക്കുന്ന ഡാർജിലിംഗ് ഗൂർഖ ഹിൽ കൗൺസിലിനു ഭരണഘടനയുടെ 6-ാം പട്ടികയനുസരിച്ചുള്ള സ്വയം ഭരണം അനുവദിച്ചുകൊണ്ട് ഉത്തരവിടുകയുണ്ടായി. കേന്ദ്രഗവൺമെന്റ്, പശ്ചിമബംഗാൾ ഗവൺമെന്റ്, സുഭാഷ് ഗെയ്സിംഗ് നയിക്കുന്ന ഗൂർക്ക ദേശീയ വിമോചനമുന്നണി (ജി.എൻ.എൽ.എഫ്.) എന്നിവ ചേർന്നു രണ്ടു ദിവസം നീണ്ടു നിന്ന ചൂടേറിയ ചർച്ചകൾക്ക് ശേഷം ഒരു ത്രികക്ഷി ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയായിരുന്നു.
   - മഴക്കെടുതി ബാധിച്ച സംസ്ഥാനങ്ങൾക്കുള്ള ഗവൺമെന്റിന്റെ പ്രവർത്തന പദ്ധതി: മഴക്കെടുതിയിൽപ്പെട്ട സംസ്ഥാനങ്ങൾക്കുള്ള ദുരിതാശ്വാസ സഹായങ്ങൾ അതിവേഗം ലഭിക്കുന്നതിനു വിശദമായ പദ്ധതികൾ സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റ് പ്രസ്തുത സംസഥാനങ്ങളോട് ആവശ്യപ്പെട്ടു.
   - ഡൽഹിക്ക് പുതിയ കമ്മീഷണർ: തലസഥാനത്തിനു ഒരു പുതിയ മുൻസിപ്പൽ കമ്മീഷണറെ ലഭിക്കുവാൻപോകുന്നു. ഇക്കാര്യം ശരിവച്ചുകൊണ്ട് ഇപ്പോഴത്തെ മുൻസിപ്പൽ

കമ്മീഷണര്‍ രാകേഷ് മേത്ത പറയുന്നത്, അദ്ദേഹത്തിനു സ്ഥലം മാറ്റ ഉത്തരവ് ലഭിച്ചു കഴിഞ്ഞുവെന്നാണ്. പകരം ഇപ്പോള്‍ അരുണാചല്‍ പ്രദേശ് ചീഫ്സെക്രട്ടറിയായിട്ടുള്ള അശോക് കുമാര്‍ ഈ സ്ഥാനത്തേക്കു എത്തുന്നതായിരിക്കും. 1975 ബാച്ചിലെ ഐ.എ.എസ്. ഓഫീസറായ രാകേഷ് മേത്ത മൂന്നരവര്‍ഷകാലത്തോളം ഡല്‍ഹി മുന്‍സിപ്പല്‍ കോര്‍പ്പറേഷനെ നയിക്കുകയുണ്ടായി.

- മണിപ്പൂര്‍ സര്‍വ്വകലാശാലക്ക് കേന്ദ്രസര്‍വ്വകലാശാല പദവി: കഴിഞ്ഞ ബുധനാഴ്ച, രാജ്യസഭ, മണിപ്പൂര്‍ സര്‍വ്വകലാശാലയെ കേന്ദ്ര സര്‍വ്വകലാശാലയാക്കിക്കൊണ്ടുള്ള ബില്ലിനു അംഗീകാരം നല്‍കി. ഈ സന്ദര്‍ഭത്തില്‍ വടക്കുകിഴക്കന്‍ സംസ്ഥാനങ്ങളായ അരുണാചല്‍ പ്രദേശ്, ത്രിപുര, സിക്കിം എന്നീ സംസ്ഥാനങ്ങളിലും കേന്ദ്ര സര്‍വ്വകലാശാലകള്‍ സ്ഥാപിക്കുമെന്ന് മാനവവിഭവശേഷി വികസന മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി.

- തുക ലഭ്യമാക്കി: കേന്ദ്ര ഗവണ്‍മെന്റ് അതിന്റെ ഗ്രാമീണ ജലവിതരണ പദ്ധതിയില്‍ നിന്നും 553 ലക്ഷം രൂപ അരുണാചല്‍ പ്രദേശിന് നല്‍കി. ഇതിന്റെ ആദ്യഗഡു. 446.81 ലക്ഷം രൂപയായിരുന്നു.

- മുംബെയില്‍ എങ്ങനെ ജീവിക്കണമെന്ന് ബീഹാറികളെ നമ്മള്‍ പഠിപ്പിക്കും: നൂറോളം ശിവസേനക്കാര്‍ ജെ.ജെ. ആശുപത്രിയിലേക്ക് അതിക്രമിച്ചു കടന്നു. അതിന്റെ ദൈനംദിന പ്രവര്‍ത്തനങ്ങള്‍ സ്തംഭിപ്പിച്ചു. ഉച്ചത്തില്‍ മുദ്രാവാക്യങ്ങള്‍ മുഴുക്കിയ അവര്‍, മഹാരാഷ്ട്രക്കാരല്ലാത്ത വിദ്യാര്‍ത്ഥികള്‍ക്കെതിരെ നടപടി സ്വീകരിച്ചില്ലെങ്കില്‍, ഈകാര്യം അവര്‍ തന്നെ കൈകാര്യം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

- ഗവണ്‍മെന്റിനെ പുറത്താക്കാനുള്ള ആവശ്യം:

  അടുത്തിടെ കോണ്‍ഗ്രസ്സ് നിയമസഭാകക്ഷി (സി.എല്‍.പി.) ഗവര്‍ണ്ണര്‍ക്ക് നല്‍കിയ നിവേദനത്തില്‍ ഭരണകക്ഷിയായ 'നാഗാലാന്റ് ജനാധിപത്യ സഖ്യത്തെ (ഡി.എന്‍.എ) പിരിച്ചു വിടണമെന്ന് ആവശ്യപ്പെട്ടു. ഗവണ്‍മെന്റിന്റെ ധനദുര്‍വിനിയോഗവും പൊതുധനത്തിന്റെ ദുര്‍വ്യയവും സംബന്ധിച്ച ആരോപണങ്ങളെ മുന്‍നിര്‍ത്തിയാണ് കോണ്‍ഗ്രസ് ഈ ആവശ്യം ഉന്നയിച്ചത്.

- നക്സലൈറ്റുകളോട് കീഴടങ്ങാന്‍ എന്‍.ഡി.എ. ഗവണ്‍മെന്റ് ആവശ്യപ്പെട്ടു: ആര്‍.ജെ.ഡി. യും അതിന്റെ സഖ്യകക്ഷികളായ കോണ്‍ഗ്രസ്സും സി.പി.ഐ.(എം) ഉം നിയമസഭ ബഹിഷ്കരിച്ചതിനിടെ, ബീഹാര്‍ ഗവണ്‍മെന്റ്, നക്സലൈറ്റുകളോട് അക്രമണത്തിന്റെ പാത ഉപേക്ഷിക്കാന്‍ ആവശ്യപ്പെട്ടു. തൊഴിലില്ലായ്മ ഇല്ലാതാക്കി ബീഹാറിനെ വികസനത്തിന്റെ പുതുയുഗത്തിലേക്ക് നയിക്കുമെന്നും ഗവണ്‍മെന്റ് പ്രസ്താവിക്കുയുണ്ടായി.



2. താഴെ പറയുന്ന പ്രസ്താവനകളില്‍ ശരിയേതന്നു കണ്ടെത്തി കാരണം വ്യക്തമാക്കുക.

   - മറ്റുള്ളവര്‍, അവരുടെ സംസ്കാരത്തെ തങ്ങളുടെ മേല്‍ അടിച്ചേര്‍പ്പിക്കുമെന്ന ഭയമില്ലാതെ ജനങ്ങള്‍ക്ക് സംവദിക്കുന്നതിനുള്ള അവസരം ഫെഡറലിസം സൃഷ്ടിക്കുന്നു.

- വ്യത്യസ്ത വിഭവങ്ങളോടുകൂടിയ രണ്ട് പ്രദേശങ്ങൾ തമ്മിലുള്ള സ്വതന്ത്രമായ സാമ്പത്തിക വിനിമയങ്ങളെ ഫെഡറേഷൻ തടസപ്പെടുത്തുന്നു.
- കേന്ദ്രത്തിന്റെ അധികാരങ്ങൾക്ക് പരിധി ഏർപ്പെടുത്താൻ ഫെഡറൽ സമ്പ്രദായത്തിനു കഴിയുന്നു.

3. ബൽജിയം ഭരണഘടനയിലെ ആദ്യത്തെ ഏതാനും വകുപ്പുകൾ ചുവടെ കൊടുത്തിരിക്കുന്നു. ഇവയെ അടിസ്ഥാനമാക്കി ഫെഡറലിസത്തെ എങ്ങനെയാണ് ആ രാജ്യം വിഭാവനം ചെയ്തിരിക്കുന്നതെന്നു വിശദമാക്കുക. സമാനമായ വകുപ്പുകൾ ഇന്ത്യൻ ഭരണഘടനക്ക് വേണ്ടി എഴുതി തയ്യാറാക്കാൻ ശ്രമിക്കുക.

**ശിർഷകം:1 ബെൽജിയം ഫെഡറേഷനെയും അതിന്റെ ഘടകങ്ങളെയും ഭൂപ്രദേശത്തെയും സംബന്ധിച്ച്**

**അനുഛേദം 1:** സമുദായങ്ങളും പ്രദേശങ്ങളും കൂടിച്ചേർന്നാണ് ബൽജിയം ഫെഡറേഷൻ രൂപീകരിച്ചിരിക്കുന്നത്.

**അനുഛേദം 2:** മൂന്നു സമുദായങ്ങൾ ചേർന്നാണ് ബൽജിയം ഫെഡറേഷൻ രൂപീകരിച്ചിരിക്കുന്നത്: ഫ്രഞ്ച് സമുദായം, ഫ്ളെമിഷ് സമുദായം, ജർമ്മൻ സമുദായം.

**അനുഛേദം 3:** മൂന്നു പ്രദേശങ്ങൾ ചേർന്നതാണ് ബൽജിയം: വാലൂൺ പ്രദേശം, ഫ്ളെമിഷ് പ്രദേശം, ബ്രസ്സൽസ്സ് പ്രദേശം.

**അനുഛേദം 4:** ബൽജിയത്തിനു 4 ഭാഷാ പ്രദേശങ്ങളാണുള്ളത്: ഫ്രഞ്ച് സംസാരിക്കുന്ന പ്രദേശം, ഡച്ചു സംസാരിക്കുന്ന പ്രദേശം, തലസ്ഥാനമായ ബ്രസ്സൽസ് ഉൾപ്പെടുന്ന ദ്വിഭാഷാ പ്രദേശം, ജർമ്മൻ സംസാരിക്കുന്ന പ്രദേശം. രാജ്യത്തെ ഓരോ 'സമുദായവും' (commune) ഇതിലേതെങ്കിലും ഒരു ഭാഷാ പ്രദേശത്ത് ഉൾപ്പെട്ടിരിക്കും.

**അനുഛേദം 5:** വാലൂൺ പ്രദേശം താഴെപ്പറയുന്ന പ്രവിശ്യകൾ ചേർത്താണ് രൂപീകരിച്ചിരിക്കുന്നത്. വാലൂൺ ബ്രാബന്റ്, ഹെയ്നാൾട്ട്, ലിയേജ്, ലക്സംബർഗ്, നാമൂർ (Walloon Brabant, Hainault, Liege, Luxemburg and Namur) ഫ്ളെമിഷ് പ്രദേശം ചുവടെ കൊടുത്തിരിക്കുന്ന പ്രവശ്യകൾ ചേർന്നതാണ്. ആന്റ്‌വെർപ്പ് (Antwerp) ഫ്ളെമിഷ് ബ്രാബന്റ് (Flemish Brabant) വെസ്റ്റ് ഫ്ളാന്റേർസ് (West Flanders) ഈസ്റ്റ് ഫ്ളാന്റേർസ് (East Flanders) ലിംബർഗ് (Limburg) എന്നിവയാണവ.

4. നിങ്ങൾ ഫെഡറലിസത്തെ സംബന്ധിച്ച വകുപ്പുകൾ മാറ്റിയെഴുതുകയാണെന്ന് സങ്കൽപ്പി

ക്കുക. താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ 300 വാക്കുകളിൽ കുറയാത്ത ഒരു ഉപന്യാസമായി എഴുതുക.

a. കേന്ദ്ര സംസ്ഥാനങ്ങൾക്കിടയിലെ അധികാര വിഭജനം

b. ധനകാര്യ വിഭവങ്ങളുടെ വിതരണം

c. അന്തർ സംസ്ഥാന തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ.

d. ഗവർണ്ണറുടെ നിയമനം.

5. താഴെ പറയുന്നവയിൽ ഏതായിരിക്കണം സംസ്ഥാന രൂപീകരണത്തിനുള്ള അടിസ്ഥാനം? കാരണം വ്യക്തമാക്കുക.

a. പൊതുവായ ഭാഷ

b. പൊതുവായ സാമ്പത്തിക താൽപര്യങ്ങൾ

c. പൊതുമതം

d. ഭരണസൗകര്യം

6. വടക്കേ ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിൽ (രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തരപ്രദേശ്, ബീഹാർ) ഹിന്ദിയാണ് സംസാര ഭാഷ. ഈ സംസ്ഥാനങ്ങളെയെല്ലാം ചേർത്ത് ഒരു സംസ്ഥാനമാക്കുകയാണെങ്കിൽ അതു ഫെഡറലിസം എന്ന ആശയവുമായി ഒത്ത് പോകുമോ? നിങ്ങളുടെ വാദഗതികൾ നിരത്തുക.

7. സംസ്ഥാന ഗവൺമെന്റുകളേക്കാൾ കേന്ദ്ര ഗവൺമെന്റിനു അധികാരങ്ങൾ നൽകുന്ന ഭരണഘടനയുടെ നാല് സവിശേഷതകൾ എഴുതുക.

8. എന്തുകൊണ്ടാണ് നിരവധി സംസ്ഥാനങ്ങൾക്ക് ഗവർണ്ണറുടെ പങ്കിനെകുറിച്ച് അസംതൃപ്തിയുള്ളത്?

9. ഭരണഘടന വ്യവസ്ഥകൾക്കനുസരിച്ചല്ല സംസ്ഥാന ഭരണം നടക്കുന്നതെങ്കിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്താവുന്നതാണ്. താഴെപറയുന്ന സന്ദർഭങ്ങളിൽ ഏതിലൊക്കെയാണ് പ്രസിഡന്റ് ഭരണം ഏർപ്പെടുത്താൻ കഴിയുന്നതെന്നു കണ്ടെത്തുക. അതിനുള്ള കാരണങ്ങളും വിശദമാക്കുക.

- പ്രധാന പ്രതിപക്ഷ പാർട്ടികളിലെ രണ്ടു നിയമസഭാംഗങ്ങളെ ക്രിമിനലുകൾ കൊലപ്പെടുത്തി. അതിനെ തുടർന്നു പ്രതിപക്ഷം സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ടു.
- കുട്ടികളെ തട്ടികൊണ്ട്പോയി മോചനദ്രവ്യം ആവശ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിക്കുന്നു. അതുപോലെതന്നെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നുണ്ട്.
- അടുത്തിടെ സംസ്ഥാന നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും

ഭൂരിപക്ഷം കിട്ടിയില്ല. പണത്തിനുവേണ്ടി ചില കക്ഷികളിലെ അംഗങ്ങൾ ഒരു രാഷ്ട്രീയ കക്ഷിയെ പിന്തുണക്കുമെന്നും ഭയപ്പെടുന്നു.

- കടുത്ത എതിരാളികളായ വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ കേന്ദ്രത്തിലും സംസ്ഥാനത്തിലും അധികാരത്തിലിരിക്കുന്നു.
- ഏകദേശം 2000 ത്തിലധികം ആളുകൾ വർഗ്ഗീയ കലാപങ്ങളിൽ കൊല്ലപ്പെട്ടു.
- രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള നദീജല തർക്കത്തിൻമേലുള്ള സുപ്രീം കോടതി വിധിയെ അനുസരിക്കാൻ ഒരു സംസ്ഥാനം തയാറാകുന്നില്ല.

10. കൂടുതൽ സ്വയംഭരണ അവകാശം മുന്നോട്ട്വെയ്ക്കുന്ന സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ എന്തൊക്കെയാണ്?

11. ചില സംസ്ഥാനങ്ങളിൽ ഭരണം നടത്തേണ്ടത് പ്രത്യേക വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരിക്കണമോ? ഇത് മറ്റു സംസ്ഥാനങ്ങളെ പ്രകോപിപ്പിക്കില്ലേ? രാഷ്ട്രത്തിന്റെ ഐക്യത്തെ ഊട്ടി ഉറപ്പിക്കുന്നതിന് ഇത് സഹായിക്കുമോ?

S4Y1Q1

# അദ്ധ്യായം 8

# പ്രാദേശിക ഗവൺമെന്റ്

## (LOCAL GOVERNMENT)

**ആമുഖം**

*ഒരു ജനാധിപത്യ സമ്പ്രദായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും മാത്രം ഉള്ളത് അപര്യാപ്തമാണ്. പ്രാദേശിക കാര്യങ്ങൾ നോക്കി നടത്തുന്നതിന് പ്രാദേശികതലത്തിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾ ആവശ്യമാണ്. നമ്മുടെ രാജ്യത്തെ പ്രാദേശിക ഗവൺമെന്റുകളുടെ ഘടനയെക്കുറിച്ചാണ് നമ്മൾ ഈ അധ്യായത്തിൽ പഠിക്കുന്നത്. പ്രാദേശിക ഗവൺമെന്റിന്റെ പ്രാധാന്യത്തെക്കുറിച്ചും അവയുടെ സ്വതന്ത്ര അധികാരഘടനയെക്കുറിച്ചും ഇതിൽ പഠിക്കാം. ഈ അധ്യായം പഠിക്കുന്നതിലൂടെ നാം താഴെപ്പറയുന്ന കാര്യങ്ങൾ മനസിലാക്കും:*

- *പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യം.*
- *73 ഉം 74 ഉം ഭരണഘടനാ ഭേദഗതിയിലൂടെ കൂട്ടിച്ചേർക്കപ്പെട്ട വ്യവസ്ഥകൾ.*
- *പ്രാദേശിക ഗവൺമെന്റുകളുടെ ചുമതലകളും ഉത്തരവാദിത്തവും.*

## എന്തുകൊണ്ട് പ്രാദേശിക ഗവൺമെന്റുകൾ? (WHY LOCAL GOVERNMENTS?)



*മധ്യപ്രദേശിലെ സെഹോറാർ ജില്ലയിലെ ജമോനിയ തലാബ് ഗ്രാമപഞ്ചായത്താംഗമാണ് ശ്രീമതി ഗീത റാത്തോർ. 1995-ൽ ഒരു സംവരണ മണ്ഡലത്തിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അവർ അതുവരെ ആ നാട്ടിലെ ജനങ്ങൾക്കുവേണ്ടി ചെയ്ത സ്തുത്യർഹമായ സേവനത്തിന് പ്രതിഫലമെന്നോണം 2000-ൽ ഒരു പൊതു മണ്ഡലത്തിൽ നിന്നും ജനങ്ങൾ അവരെ വീണ്ടും തെരഞ്ഞെടുത്തു. കേവലം ഒരു വീട്ടമ്മയിൽനിന്ന് രാഷ്ട്രീയ ദീർഘവീക്ഷണത്തോടെയുള്ള ഒരു നേതാവായി അവർ വളർന്നുവന്നു. പഞ്ചായത്തിലെ സംയോജിത വിഭവശേഷി ഉപയോഗിച്ച് ഗ്രാമീണ നവീകരണത്തിനായി നിരവധി പദ്ധതികൾക്ക് തുടക്കമിടാനും പൂർത്തീകരിക്കാനും അവർക്കു കഴിഞ്ഞു. സ്കൂൾ കെട്ടിട നിർമ്മാണം, ഗ്രാമത്തിലേക്കുള്ള റോഡ്നിർമ്മാണം. കുടിവെള്ള ടാങ്കുകളുടെ നിർമ്മാണം, സ്ത്രീകൾക്കുനേരെയുള്ള ഗാർഹിക പീഡനത്തിനെതിരായ ശക്തമായ നിലപാടുകൾ, പരിസ്ഥിതി ബോധവൽക്കരണം, വനവൽക്കരണം, ജല വിഭവ മാനേജ്മെന്റ് എന്നിവ അവയിൽ ചിലതുമാത്രമാണ് - പഞ്ചായത്തി രാജ് അപ്ഡേറ്റ്, Vol. XI, No:3, ഫെബ്രുവരി 2004.*

*ഇത് മറ്റൊരു വനിതയുടെ വിജയ ഗാഥയാണ്. തമിഴ്നാട്ടിലെ വെംഗൈവാസൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്നു ഇവർ. 1997-ൽ തമിഴ്നാട് ഗവൺമെന്റ് 2 ഹെക്ടർ ഭൂമി 71 സർക്കാർ ജീവനക്കാർക്കായി അനുവദിച്ചു. ഈ ഭൂമി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പ്രദേശമായിരുന്നു. ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം കാഞ്ചീപുരം ജില്ലാ കളക്ടർ മുൻ നിശ്ചയിച്ചപ്രകാരമുള്ള പദ്ധതിക്ക് ഈ സ്ഥലം അനുവദിച്ചുകൊണ്ട് ഒരു പ്രമേയം പാസാക്കുവാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് ആവശ്യപ്പെട്ടു. ഗ്രാമ പഞ്ചായത്തും പഞ്ചായത്ത് പ്രസിഡന്റും കളക്ടറുടെ നിർദ്ദേശം നിരസിക്കുകയും ഇതിനെ തുടർന്ന് കളക്ടർ ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. കളക്ടറുടെ നടപടിക്കെതിരെ പഞ്ചായത്ത് മദ്രാസ് ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. ഹൈക്കോടതി സംഗിൾ ബെഞ്ച് കളക്ടരുടെ തീരുമാനം ശരിവെക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമില്ലന്ന് നിരീക്ഷക്കുകയും ചെയ്തു. സിംഗിൾ ബെഞ്ച് വിധിക്കെതിരെ പഞ്ചായത്ത് ഡിവിഷൻ ബെഞ്ചിനെ സമീപിച്ചു. സിംഗിൾ ബെഞ്ച് വിധി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. പ്രസ്തുത വിധി പഞ്ചായത്ത് അധികാരത്തിന്മേലുള്ള കടന്നുകയറ്റവും പഞ്ചായത്തിന്റെ ഭരണഘടനാ പദവിയിന്മേലുള്ള നഗ്നമായ ലംഘനവുമാണെന്ന് ഡിവിഷൻ ബെഞ്ച് പ്രസ്താവിച്ചു- പഞ്ചായത്തിരാജ് രാജ് അപ്ഡേറ്റ്, Vol- 12, Vol. XII, ജൂൺ 2005.*

ഈ രണ്ട് കഥകളും ഒറ്റപ്പെട്ട സംഭവങ്ങളല്ല. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകിയ 1993 മുതൽ രാജ്യവ്യാപകമായി നടക്കുന്ന വലിയ പരിവർത്തനത്തിന്റെ രണ്ട് ഉദാഹരണങ്ങളാണിവ.



ഗ്രാമപഞ്ചായത്തിലെ സ്ത്രീ സർപാഞ്ചുമാരെ പുരുഷന്മാർ അപമാനിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? സ്ത്രീകൾ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നതിൽ പുരുഷന്മാർ അസന്തുഷ്ടരാണോ?

പ്രാദേശിക ഗവൺമെന്റ് എന്നുപറയുന്നത് ഗ്രാമതലത്തിലും ജില്ലാതലത്തിലുമുള്ള ഗവൺമെന്റാണ്. സാധാരണക്കാരനോട് ഏറ്റവും അടുത്തു നിൽക്കുന്നതാണ് പ്രാദേശിക ഗവൺമെന്റുകൾ. പ്രാദേശിക ഗവൺമെന്റുകൾ സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിലും അവരുടെ പ്രശ്നങ്ങളിലും ഇടപെടുന്നവയാണ്. തദ്ദേശ ജ്ഞാനവും താൽപര്യങ്ങളും പ്രാദേശിക ജനാധിപത്യ തീരുമാനങ്ങളെടുക്കുന്നതിന് അത്യന്താപേക്ഷിതമാണ് എന്ന് പ്രാദേശിക ഗവൺമെന്റ് വിശ്വസിക്കുന്നു. കാര്യക്ഷമവും ജനസൗഹൃദവുമായ ഭരണസംവിധാനത്തിന് അത് അത്യാവശ്യമാണ്. പ്രാദേശിക ഗവൺമെന്റിന്റെ ഏറ്റവും പ്രധാനനേട്ടം ഇത് ജനങ്ങളോട് അടുത്തു നിൽക്കുന്നു എന്നുള്ളതാണ്. ജനങ്ങൾക്ക് ആവരുടെ പ്രശ്നങ്ങൾ വേഗത്തിലും കുറഞ്ഞ ചെലവിലും പരിഹരിക്കാനായി പ്രാദേശിക ഗവൺമെന്റുകളെ സമീപിക്കുവാൻ സാധിക്കും. ഗീതാറാത്തോറിന്റെ കഥയിൽ ജുമോനിയ തലാബ് ഗ്രാമപഞ്ചായത്തിൽ വലിയ മാറ്റം വരുത്തുവാൻ അവർക്കു കഴിഞ്ഞത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിലുള്ള അവരുടെ പ്രവർത്തനം മൂലമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റേയും കമ്മിറ്റി അംഗങ്ങളുടെയും നിരന്തര പരിശ്രമത്തിന്റെ ഫലമായാണ് വെംഗൈവാസൽ പഞ്ചായത്തിന് ആ ഭൂമിയിൻമേലുള്ള അവകാശം നിലനിർത്താൻ കഴിഞ്ഞതും ഭൂമി എന്തിനുപയോഗിക്കണമെന്നുള്ള തീരുമാനം എടുക്കാനുള്ള അവകാശം ലഭിച്ചതും. അതുകൊണ്ട്തന്നെ പ്രാദേശിക ജനതയുടെ താൽപര്യങ്ങൾ ഫലപ്രദമായി പരിഹരിക്കുവാൻ പ്രാദേശിക ഗവൺമെന്റുകൾക്കു കഴിയും.



പ്രാദേശികതലത്തിൽ മാത്രം ഗവൺമെന്റുകളും ദേശീയതലത്തിൽ ഒരു ഏകോപന സമിതിയും എന്ന രീതി സാധ്യമാണോ? മഹാത്മ ഗാന്ധിയുടെ ആശയങ്ങൾ ഈ ദിശയിലുള്ളതാണെന്ന് എനിക്കു തോന്നുന്നു.

ജനങ്ങളുടെ അർത്ഥപൂർണ്ണമായ പങ്കാളിത്തവും ഉത്തരവാദിത്വവുമാണ് ജനാധിപത്യം. ശക്തവും ഊർജ്ജസ്വലവുമായ പ്രാദേശിക ഗവൺമെന്റ് ജനങ്ങളുടെ സജീവ പങ്കാളിത്തവും സദുദ്ദേശപരമായ ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നു. ഗീതാറാത്തോറിന്റെ കഥ ഇത്തരത്തിൽ ഉത്തരവാദിത്വമുള്ള ജനപങ്കാളിത്തത്തിനുദാഹരണമാണ്. ഭൂമിയിന്മേലുള്ള അവകാശം സ്ഥാപിച്ചെടുക്കുന്നതിനായി നടത്തിയ വെംഗൈവാസൽ ഗ്രാമപഞ്ചായത്തിന്റെ വിശ്രമമില്ലാത്ത പോരാട്ടം അവരുടെ ഉത്തരവാദിത്വത്തിന്റെയും ആത്മാർത്ഥതയുടെയും ഉദാഹരണമാണ്. സാധാരണ ജനവിഭാഗങ്ങൾക്ക് അവരുടെ ജീവിതവും ആവശ്യങ്ങളും സർവ്വോപരി വികസനവും സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളികളാകാൻ കഴിയുന്നത് പ്രാദേശിക ഗവൺമെന്റ് തലത്തിൽ മാത്രമാണ്.

പ്രാദേശികമായി ചെയ്യാൻ പറ്റുന്ന ജോലികൾ പ്രാദേശിക ജനതയും അവരുടെ പ്രതിനിധികളും ചേർന്ന് ചെയ്യുന്നത് ജനാധിപത്യ പ്രക്രിയയിൽ അനിവാര്യമാണ്. സാധാരണ ജനങ്ങൾക്ക് സംസ്ഥാന, ദേശീയ ഗവൺമെന്റുകളേക്കാൾ അവരുടെ പ്രാദേശിക ഗവൺമെന്റുകളോടാണ് അടുപ്പം. പ്രാദേശിക ഗവൺമെന്റുകൾ എന്ത് ചെയ്യുന്നു എന്നതും അവരുടെ ചുമതലകൾ നിർവഹിക്കുന്നതിലുള്ള പരാജയവും ജനങ്ങളെ നേരിട്ട് ബാധിക്കുന്നതായതിനാൽ അവയുടെ കാര്യത്തിൽ ജനങ്ങൾ കൂടുതൽ ശ്രദ്ധാലുക്കളാണ്. അതുകൊണ്ട് പ്രാദേശിക ഗവൺ

മെന്റുകളെ ശക്തിപ്പെടുത്തുകയെന്നത് ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിന് തുല്യമാണ്.

**പഠന പുരോഗതി വിലയിരുത്തുക.**

- പ്രാദേശിക ഗവൺമെന്റുകൾ എങ്ങനെയാണ് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നത്?
- മുകളിൽ പറഞ്ഞ ഉദാഹരണത്തിൽ തമിഴ്നാട് ഗവൺമെന്റ് എന്ത് ചെയ്തു എന്നാണ് നിങ്ങൾ കരുതുന്നത്?

## പ്രാദേശിക ഗവൺമെന്റുകളുടെ വളർച്ച ഇന്ത്യയിൽ (GROWTH OF LOCAL GOVERNMENT IN INDIA)

ഇന്ത്യയിൽ എങ്ങനെയാണ് പ്രദേശിക ഗവൺമെന്റുകൾ വളർന്നതെന്നും നമ്മുടെ ഭരണഘടന എന്താണ് അതേക്കുറിച്ച് പറഞ്ഞിരിക്കുന്നതെന്നും നോക്കാം. സഭകൾ എന്ന പേരിൽ വിളിക്കപ്പെട്ടിരുന്ന സ്വയം ഭരണ ഗ്രാമീണ സമൂഹം വളരെക്കാലങ്ങൾക്ക് മുൻപ് തന്നെ ഇന്ത്യയിൽ നിലനിന്നിരുന്നതായി വിശ്വസിക്കപ്പെടുന്നു. കാലക്രമേണ ഇത് പഞ്ചായത്തുകളായി (അഞ്ചുപേരുടെ സഭ) രൂപപ്പെടുകയും ഇവ ഗ്രാമതലത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. വിവിധ കാലഘട്ടങ്ങളിൽ അവയുടെ ചുമതലകൾക്കും പ്രവർത്തനങ്ങൾക്കും മാറ്റം സംഭവിച്ചു.

ആധുനിക കാലഘട്ടത്തിൽ 1882 നുശേഷമാണ് തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക ഗവൺമെന്റുകൾ രൂപപ്പെട്ടത്. അന്നത്തെ വൈസ്രോയിയായിരുന്ന റിപ്പൺ പ്രഭുവാണ് ഇതിന്റെ രൂപീകരണത്തിന് മുൻകൈ എടുത്തത്. ഇവയെ പ്രാദേശിക ബോർഡുകൾ (local boards) എന്നു വിളിച്ചിരുന്നു. വളരെ മന്ദഗതിയിൽ പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപടികളെടുക്കുവാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗവൺമെന്റിനോട് അവശ്യപ്പെട്ടു. 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം ഇന്ത്യയിലെ ഏതാനും പ്രവിശ്യകളിൽ വില്ലേജ് പഞ്ചായത്തുകൾ സ്ഥാപിക്കപ്പെട്ടു. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനു ശേഷവും ഈ പ്രവണത തുടർന്നു.



കഴിഞ്ഞ കാലത്തെക്കുറിച്ച് എനിക്ക് അറിയില്ല. തെരഞ്ഞെടുക്കപ്പെടാത്ത ഒരു ഗ്രാമപഞ്ചായത്തിൽ സ്വാഭാവികമായും ഗ്രാമത്തിലെ മുതിർന്നവരും സമ്പന്നരും ഉപരിവർഗവും ആധിപത്യം സ്ഥാപിക്കില്ലേയെന്ന് ഞാൻ സംശയിക്കുന്നു.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ സാമ്പത്തിക രാഷ്ട്രീയ അധികാരങ്ങളുടെ വികേന്ദ്രീകരണത്തിനുവേണ്ടി മഹാത്മാഗാന്ധി ശക്തമായി വാദിച്ചു. ഗ്രാമ പഞ്ചായത്തുകളെ ശാക്തീകരിക്കുകയാണ് ഇതിനുള്ള മാർഗ്ഗമെന്ന് ഗാന്ധിജി വിശ്വസിച്ചു. എല്ലാ വികസന പ്രവർത്തനങ്ങളുടെയും വിജയത്തിന് പ്രാദേശിക ഇടപെടലുകൾ ആവശ്യമാണ്.

അധികാര വികേന്ദ്രീകരണത്തിന്റെയും പങ്കാളിത്ത ജനാധിപത്യത്തിന്റെയും ഉപകരണമായിട്ടാണ് ഗ്രാമപഞ്ചായത്തുകളെ കണ്ടത്. ഡൽഹി ആസ്ഥാനമായി ഭരണം നടത്തിയ ഗവർണർ ജനറലിൽ വലിയ തോതിലൽ അധികാരം കേന്ദ്രീകരിച്ചതിനെ നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനം ആശങ്കയോടെയാണ് കണ്ടത്. അതിനാൽ നമ്മുടെ ദേശീയ നേതാക്കളുടെ മനസ്സിൽ സ്വാതന്ത്ര്യമെന്നാൽ, നയരൂപികരണത്തിലും ഭരണ നിർവഹണത്തിലും അധികാരവികേന്ദ്രികരണം സാദ്ധ്യമാക്കുക എന്നതായിരുന്നു.

> ഇന്ത്യയുടെ സ്വാതന്ത്ര്യം എന്നാൽ മുഴുവൻ ഇന്ത്യയുടെയും സ്വാതന്ത്ര്യമാണ്... താഴെത്തട്ടിലാണ് സ്വാതന്ത്ര്യം ആരംഭിക്കേണ്ടത്. അതിനാൽ ഓരോ ഗ്രാമവും ഓരോ റിപ്പബ്ലിക്കാവുന്നു... ഓരോ ഗ്രാമവും സ്വയം പര്യാപ്തവും അവരുടെ കാര്യങ്ങൾ നിറവേറ്റാൻ പ്രാപ്തരുമായിരിക്കും. അസംഖ്യം ഗ്രാമങ്ങളാൽ നിർമ്മിതമായ ഈ ഘടന വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വലയങ്ങൾപോലെയാണ്. ഇവിടെ ജീവിതം അടിത്തറയുടെ ബലത്തെ ആശ്രയിച്ചു നില്ക്കുന്ന ഉപരിതലമുള്ള ഒരു പിരമിഡ് പോലെയാണ്- മഹാത്മാഗാന്ധി

ഭരണഘടന തയ്യാറാക്കിയപ്പോൾ, പ്രാദേശിക ഗവൺമെന്റുകൾ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാനങ്ങൾക്കാണ് നൽകിയത്. ഇത് രാജ്യത്തിന്റെ നിർദ്ദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തി ഇന്ത്യയിലെ എല്ലാ ഗവൺമെന്റുകൾക്കും ബാധകമാക്കിയിട്ടുണ്ട്. രണ്ടാം അദ്ധ്യായത്തിൽ പഠിച്ചതുപോലെ നിർദേശക തത്ത്വങ്ങളുടെ ഭാഗമായതിനാൽ ഭരണഘടനയിലെ തദ്ദേശ ഗവൺമെന്റുകൾ എന്ന വ്യവസ്ഥ കോടതി മുഖേന പരിഹാരം കാണാൻ കഴിയാത്തതും ഉപദേശ സ്വഭാവം മാത്രമുള്ളതുമാണ്.

പഞ്ചായത്തുകൾ ഉൾപ്പടെയുള്ള പ്രാദേശിക ഗവൺമെന്റുകൾക്ക് ഭരണഘടന തയ്യാറാക്കിയ സമയത്ത് മതിയായ പ്രാധാന്യം ലഭിച്ചില്ല. ഇത് എങ്ങനെ സംഭവിച്ചുവെന്ന് നിങ്ങൾക്കറിയാമോ? ചില കാരണങ്ങൾ ഇവിടെ സൂചിപ്പിക്കാം. ഒന്നാമതായി വിഭജനം സൃഷ്ടിച്ച പ്രശ്നങ്ങളാൽ ശക്തമായ ഒരു കേന്ദ്ര ഗവൺമെന്റാണ് ഭരണഘടന വിഭാവനം ചെയ്തത്. തീവ്രമായ തദ്ദേശീയവാദം (localism) ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും എതിരാണെന്നായിരുന്നു ജവഹർലാൽ നെഹ്രുവിന്റെ അഭിപ്രായം. രണ്ടാമതായി, വിഭാഗീയതയിലും ജാതി വ്യവസ്ഥയിലും അധിഷ്ഠിതമായ ഗ്രാമീണ സമൂഹം പ്രാദേശിക ഗവൺമെന്റുകളുടെ മഹത്തായ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തുമെന്ന് ഭരണഘടനാ നിർമ്മാണ സഭയിലെ നിർണ്ണായകമായ സാന്നിദ്ധ്യമായിരുന്ന ഡോ. അംബേദ്കർ വാദിക്കുകയുമുണ്ടായി.

എന്നിരുന്നാലും വികസന ആസൂത്രണത്തിലെ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെ ആരും എതിർത്തില്ല. ഭരണഘടനാ നിർമ്മാണ സഭയിലെ നിരവധി അംഗങ്ങൾ ഗ്രാമപഞ്ചായത്തുകളെ ജനാധിപത്യത്തിന്റെ അടിസ്ഥാനമായി കണ്ടുവെങ്കിലും ഇന്ത്യൻ ഗ്രാമങ്ങളുടെ വിഭാഗീയതയിലും മറ്റ് പോരായ്മകളിലും അവർ ആശങ്കാകുലരായിരുന്നു.

"..... ജനാധിപത്യത്തിന്റെ ഉത്തമ താൽപര്യം മുൻനിർത്തി ഗ്രാമങ്ങൾക്ക് സ്വയംഭരണ കലയിൽ പ്രായോഗിക പരിശീലനം നൽകേണ്ടതാണ്. അതിലൂടെ സ്വയം പര്യാപ്തതയിലേക്ക് നമ്മുടെ ഗ്രാമങ്ങളെ പരിവർത്തനപ്പെടുത്തുവാനും ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഗവൺമെന്റുകൾ അവിടങ്ങളിൽ രൂപീകരിക്കുവാനും നമുക്ക് കഴിയണം.



അനന്തശയനം അയ്യങ്കാർ, സിഎഡി, Vol. VII, പേജ് 428, നവംബർ 1948

## സ്വതന്ത്ര ഇന്ത്യയിലെ പ്രാദേശിക ഗവൺമെന്റുകൾ (LOCAL GOVERNMENTS IN INDEPENDENT INDIA)

ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികളോടെയാണ് നമ്മുടെ പ്രാദേശിക ഗവൺമെന്റുകൾക്ക് വലിയ മുന്നേറ്റമുണ്ടായത്. എന്നാൽ അതിനുമുൻപുതന്നെ പ്രാദേശിക ഗവൺമെന്റുകളുടെ രൂപീകരണത്തിന് ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഈ ദിശയിൽ നടന്ന ആദ്യത്തെ പ്രവർത്തനം 1952-ൽ ആരംഭിച്ച ഗ്രാമീണ വികസന പദ്ധതിയാണ്. ഇത് വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ജനപങ്കാളിത്ത ഗ്രാമീണ വികസനത്തിന് പ്രാധാന്യം നൽകുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ ഗ്രാമീണമേഖലകളിൽ ഒരു ത്രിതല പഞ്ചായത്ത് ഭരണ സമ്പ്രദായവും ശുപാർശ ചെയ്യുകയുണ്ടായി. 1960-കളോടുകൂടി ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ (ഉദാ: ഗുജറാത്ത്, മഹാരാഷ്ട്ര) തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സമിതികൾ രൂപീകരിച്ചു. എന്നാൽ മിക്ക സംസ്ഥാനങ്ങളിലും ഈ സമിതികൾക്ക് പ്രാദേശികമായ വികസനം സാധ്യമാക്കുന്നതിനാവശ്യമായ അധികാരങ്ങളും ചുമതലകളും ഇല്ലായിരുന്നു. സാമ്പത്തിക സഹായത്തിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെ ഇവർക്ക് ആശ്രയിക്കേണ്ടതായി വന്നു. പല സംസ്ഥാനങ്ങളും തെരഞ്ഞെടുത്ത പ്രാദേശിക സമിതികളുടെ ആവശ്യകതയെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. പ്രാദേശിക സമിതികളെ പിരിച്ചുവിട്ട് ഭരണം ഉദ്യോഗസ്ഥൻമാർക്ക് കൈമാറിയ നിരവധി സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ കുറെ സംസ്ഥാനങ്ങളിൽ പ്രാദേശിക സമിതികളിലേക്ക് പരോക്ഷ തെരഞ്ഞെടുപ്പാണ് നടത്തിയിരുന്നത്. നിരവധി സംസ്ഥാനങ്ങളിൽ പ്രാദേശിക സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് കാലാകാലങ്ങളായി മാറ്റിവെച്ചുകൊണ്ടിരുന്നു.



എല്ലാ രാഷ്ട്രീയ പാർട്ടിയിലും സംഘടനയിലും എന്തിന് എന്റെ ക്ലാസിൽ പോലും വിഭാഗീയതയുള്ളപ്പോൾ ഗ്രാമതലത്തിലുള്ള വിഭാഗീയ പ്രവർത്തനങ്ങളെ ജനങ്ങൾ ഭയപ്പെടുന്നത് എന്തുകൊണ്ടാണ്? ഗ്രൂപ്പുകളും വിഭാഗീയ പ്രവർത്തനങ്ങളും എല്ലായ്പ്പോഴും മോശമാണോ?

പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമായ ഒരു പുനരവലോകനം 1987 ന് ശേഷമുണ്ടായി. പ്രാദേശിക സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകണമെന്ന് 1989 – ലെ പി.കെ. തുംഗൻ കമ്മിറ്റി ശുപാർശ ചെയ്തു. പ്രാദേശിക ഭരണ സ്ഥാപനങ്ങളിലേക്ക് കാലാകാലങ്ങളിലുള്ള തെരഞ്ഞെടുപ്പ്, ഉചിതമായ ചുമതലകളുടെ പട്ടികപ്പെടുത്തൽ, മതിയായ ഫണ്ട് എന്നിവ ഉറപ്പാക്കുന്നതിനായി ഒരു ഭരണഘടനാ ഭേദഗതിക്ക് കമ്മിറ്റി ശുപാർശ ചെയ്തു.

**പഠന പുരോഗതി വിലയിരുത്തുക.**

- നെഹ്റുവും ഡോ. അംബേദ്കറും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര താല്പര്യം കാണിച്ചില്ല. പ്രാദേശിക ഗവൺമെന്റുകളെക്കുറിച്ച് രണ്ടു പേർക്കും ഒരേതരത്തിലുള്ള എതിർപ്പാണോ ഉണ്ടായിരുന്നത്?
- 1992–ന് മുൻപ് പ്രാദേശിക ഗവൺമെന്റ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ വ്യവസ്ഥ എന്തായിരുന്നു?
- ഏതെല്ലാം സംസ്ഥാനങ്ങളാണ് 1960–1970 കാലഘട്ടങ്ങളിൽ പ്രാദേശിക ഗവൺമെന്റുകൾ സ്ഥാപിച്ചത്?

## 73 ഉം 74 ഉം ഭേദഗതികൾ (73rd AND 74th AMENDMENTS)

1989-ൽ രണ്ടു ഭരണഘടനാ ഭേദഗതികൾ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നു. ഈ ഭേദഗതികൾ ലക്ഷ്യംവച്ചത് പ്രാദേശികഗവൺമെന്റുകളെ ശക്തിപ്പെടുത്തുകയും രാജ്യത്തുടനീളം ഇവയ്ക്ക് ഏകീകൃതഘടനയും ചുമതലകളും നൽകുക എന്നുള്ളതുമാണ്.

ബ്രസീലിയൻ ഭരണഘടന ബ്രസീലിൽ സംസ്ഥാനങ്ങളും ഫെഡറൽ ജില്ലകളും മുൻസിപ്പൽ കൗൺസിലുകളും രൂപികരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇവയ്ക്കോരോന്നിനും സ്വതന്ത്ര അധികാരങ്ങളും അധികാരപരിധിയും നൽകിയിട്ടുമുണ്ട്. ബ്രസീലിയൻ റിപ്പബ്ലിക്ക് സംസ്ഥാനങ്ങളുടെ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല (ഭരണഘടന നിശ്ചയിക്കുന്നതൊഴിച്ചാൽ) എന്നതുപോലെ സംസ്ഥാനങ്ങൾ മുൻസിപ്പിൽ കൗൺസിലുകളുടെ കാര്യത്തിലും ഇടപെടാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. ഈ വകുപ്പുകൾ പ്രാദേശിക ഗവൺമെന്റുകളുടെ അധികാരം സംരക്ഷിക്കുന്നു.

1992– ന് ശേഷം 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികൾ പാർലമെന്റ് പാസാക്കി. 73–ാം ഭേദഗതി ഗ്രാമീണ തലത്തിലുള്ള പ്രാദേശിക ഗവൺമെന്റുകളെക്കുറിച്ചും (ഇവയെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ അല്ലെങ്കിൽ PRIs എന്നു വിളിക്കുന്നു), 74–ാം ഭേദഗതി നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റുകളെക്കുറിച്ചും (നഗരപാലിക) പ്രതിപാദിക്കുന്നു. 73 ഉം 74 ഉം ഭേദഗതികൾ 1993 – ൽ പ്രാബല്യത്തിൽ വന്നു.



*ഞാൻ മനസ്സിലാക്കിയത് ശരിയാണെങ്കിൽ, പ്രാദേശിക ഗവൺമെന്റുകളെ പരിഷ്കരിക്കുന്നതിന് കേന്ദ്രം സംസ്ഥാനങ്ങളെ നിർബന്ധിക്കുന്നു. ഇതെന്തു തമാശയാണ്? ഒരു കേന്ദ്രീകരണ പ്രക്രിയയിലൂടെ നിങ്ങൾ വികേന്ദ്രീകരണം സ്വീകരിക്കുന്നു!*

പ്രാദേശിക ഗവൺമെന്റുകൾ സംസ്ഥാന പട്ടികയിൽപ്പെടുന്ന വിഷയമാണെന്ന് നമ്മൾ നേരത്തെ മനസ്സിലാക്കിയതാണ്. ഈ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് അവരുടേതായ നിയമം രൂപീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഒരിക്കൽ ഭരണഘടന ഭേദഗതി ചെയ്താൽ സംസ്ഥാനങ്ങൾക്ക് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് അവരുടെ നിയമത്തിൽ മാറ്റം വരുത്താൻ ഒരു വർഷത്തെ സമയം നൽകി.

## 73–ാം ഭേദഗതി (73rd Amendment)

73–ാം ഭരണ ഘടനാഭേദഗതി പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് പരിശോധിക്കാം.

### *ത്രിതല ഘടന (Three Tier Structure)*



*ഒരു ഗ്രാമത്തിന്റെ മൊത്തം ജനാധിപത്യ വേദിയാണോ ഗ്രാമസഭ? ഗ്രാമസഭകൾ ശരിയായി സമ്മേളിക്കാറുണ്ടോ?*

എല്ലാ സംസ്ഥാനങ്ങൾക്കും ഒരു ഏകീകൃത ത്രിതല പഞ്ചായത്തീരാജ് ഘടനയാണുള്ളത്. ഏറ്റവും അടിത്തട്ടിലുള്ളത് 'ഗ്രാമപഞ്ചായത്ത്'. ഒരു ഗ്രാമപഞ്ചായത്ത് ഒരുഗ്രാമത്തെയോ ഒരുകൂട്ടം ഗ്രാമങ്ങളെയോ പ്രതിനിധികരിക്കുന്നു. മധ്യസ്ഥാനത്തായി നിലകൊള്ളുന്നത് മണ്ഡൽ (ബ്ലോക്ക്, താലൂക്ക് എന്നീ പേരുകളിലും അറിയപ്പെടും) ഈ സ്ഥാപനങ്ങളെ മണ്ഡൽ അല്ലങ്കിൽ താലൂക്ക് പഞ്ചായത്തുകൾ എന്നു വിളിക്കുന്നു. ചെറിയ സംസ്ഥാനങ്ങളിൽ മധ്യ സമിതി രൂപീകരിക്കണമെന്ന നിർബന്ധമില്ല. ഏറ്റവും മുകൾത്തട്ടിൽ ജില്ലാ പഞ്ചായത്ത്. ജില്ലയിലെ എല്ലാ ഗ്രാമപ്രദേശങ്ങളെയും പ്രതിനിധീകരിക്കുന്നു.

എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും ഗ്രാമസഭകൾ രൂപീകരിക്കണമെന്ന് 73–ാം ഭരണഘടനാ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്ത് പ്രദേശത്തെ പ്രായപൂർത്തിയായ എല്ലാ വോട്ടർമാരും ഗ്രാമസഭയിലെ അംഗങ്ങളാണ്. സംസ്ഥാന നിയമനിർമാണ സഭയാണ് ഇതിന്റെ പ്രവർത്തനങ്ങളും ചുമതലകളും തീരുമാനിക്കുന്നത്.

## *തെരഞ്ഞെടുപ്പുകൾ (Elections)*

പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ മൂന്നുതലങ്ങളിലും ജനങ്ങൾ നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്. ഓരോ പഞ്ചായത്ത് സമിതിയുടെയും കാലാവധി 5 വർഷമാണ്. അഞ്ചുവർഷകാലാവധി തീരുന്നതിനുമുൻപ് സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തിനെ പിരിച്ചുവിടുകയാണെങ്കിൽ ആറുമാസത്തിനുള്ളിൽ പുതിയ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സ്ഥാപനങ്ങളുടെ നിലനിൽപ് ഈ വകുപ്പിലൂടെ (ചട്ടം) ഉറപ്പുവരുത്തുന്നു. 73-ാം ഭേദഗതിക്കു മുൻപ് പല സംസ്ഥാനങ്ങളിലും ജില്ലാതല സമിതികളിലേക്ക് പരോക്ഷ തെരഞ്ഞെടുപ്പ് നടന്നിരുന്നെങ്കിലും പിരിച്ചുവിട്ടതിനുശേഷം ഉടൻ തന്നെ തെരഞ്ഞെടുപ്പു നടത്തുവാൻ ചട്ടമുണ്ടായിരുന്നില്ല.



പാർലമെന്റിലും നിയമസഭകളിലും സ്ത്രീസംവരണത്തിനുള്ള ബിൽ പാസാക്കിയെടുക്കാൻ കഴിഞ്ഞില്ലായെന്ന് തെരഞ്ഞെടുപ്പുകളെ കുറിച്ചുള്ള അധ്യായത്തിൽ നാം വായിച്ചു. എങ്ങനെയാണ് പ്രാദേശിക ഗവൺമെന്റുകളിലെ സ്ത്രീ സംവരണം ഇത്ര എളുപ്പത്തിൽ അംഗീകരിക്കാൻ കഴിഞ്ഞത്?

## *സംവരണം (Reservations)*

എല്ലാ പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെയും മൂന്നിലൊന്ന് സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ജനസംഖ്യാനുപാതികമായി പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മൂന്നു പ്രാദേശിക സമിതികളിലും സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു. ആവശ്യമാണെങ്കിൽ സംസ്ഥാനങ്ങൾക്ക് മറ്റ് പിന്നോക്ക വിഭാഗങ്ങൾ (OBCs) ക്കും സംവരണം ഏർപ്പെടുത്താവുന്നതാണ്.

ഇവിടെ പ്രധാനമായി ശ്രദ്ധിക്കേണ്ടത് സംവരണം സാധാരണ അംഗങ്ങൾക്കുമാത്രമല്ല പഞ്ചായത്ത് അധ്യക്ഷയുടെയും സ്ഥാനത്തേക്കും ബാധകമാണ്. സ്ത്രീകൾക്കു നൽകിയിരിക്കുന്ന മൂന്നിൽ ഒന്ന് സംവരണം പൊതുവിഭാഗത്തിലെ സീറ്റുകൾക്കു മാത്രമല്ല പട്ടികജാതി - പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും കൂടിയുള്ളതാണ്. വനിതകൾക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകളുടെ മൂന്നിലൊന്ന് പട്ടികജാതി പട്ടികവർഗക്കാർക്കുള്ളതാണെന്നാണ് ഇതിനർഥം. അങ്ങനെ ഒരു ദളിത് സ്ത്രീയ്ക്കോ അല്ലെങ്കിൽ ആദിവാസി സ്ത്രീയ്ക്കോ സർപാഞ്ച് ആകാനുള്ള അവസരം ലഭിക്കുന്നു.

## *വിഷയങ്ങളുടെ കൈമാറ്റം (Transfer of Subjects)*

സംസ്ഥാന ലിസ്റ്റിൽനിന്നും 29 വിഷയങ്ങൾ കണ്ടെത്തി ഭരണഘടനയുടെ 11-ാം പട്ടികയിൽ ചേർത്തിരിക്കുന്നു. ഈ വിഷയങ്ങൾ എല്ലാം പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ട്. ഈ വിഷയങ്ങളിൽ കൂടുതലും പ്രാദേശിക ക്ഷേമവും വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ വിഷയങ്ങളുടെ യഥാർത്ഥ കൈമാറ്റം സംസ്ഥാനങ്ങളുടെ നിയമ നിർമ്മാണത്തെ ആശ്രയിച്ചാണിരിക്കുന്നത്. 29 വിഷയങ്ങളിൽ ഏതൊക്കെ പ്രാദേശിക ഗവൺമെന്റുകൾക്ക് നൽകണമെന്ന് സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാം.

*243 G വകുപ്പ് - പഞ്ചായത്തുകളുടെ അധികാരങ്ങളും പദവിയും ഉത്തരവാദിത്തങ്ങളും..... പതിനൊന്നാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങളെ ആധാരമാക്കികൊണ്ട് ഒരു സംസ്ഥാനത്തിന്റെ നിയമ സഭയ്ക്ക് നിയമനിർമ്മാണത്തിലൂടെ പഞ്ചായത്തുകൾക്ക് ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകാവുന്നതാണ്......*

**പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില വിഷയങ്ങൾ**
**(Some Subjects listed in the eleventh Schedule)**

1. കൃഷി. .......
3. ചെറുകിട ജലസേചനം, ജലവിഭവ മാനേജ്മെന്റ്, നീർത്തട വികസനം.
   .......
8. ചെറുകിട വ്യവസായങ്ങൾ, ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ ഉൾപ്പെടെ.
   .......
10. ഗ്രാമീണ ഭവന നിർമ്മാണം.
11. കുടിവെള്ളം
   .......
13. റോഡുകൾ, കലുങ്കുകൾ
14. ഗ്രാമീണ വൈദ്യുതീകരണം.
   .......
16. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ
17. വിദ്യാഭ്യാസം - പ്രൈമറി, സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെടെ.
18. സാങ്കേതിക പരിശീലനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും
19. വയോജന അനൗപചാരിക വിദ്യാഭ്യാസം.
20. ഗ്രന്ഥശാലകൾ
21. സാംസ്കാരിക പ്രവർത്തനങ്ങൾ
22. ചന്തകളും മേളകളും
23. ആരോഗ്യവും ശുചിത്വവും, ആശുപത്രികൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ഡിസ്പൻസറികൾ ഉൾപ്പടെ.
24. കുടുംബക്ഷേമം.
25. സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതി
26. സാമൂഹ്യക്ഷേമം. ......
27. ദുർബല വിഭാഗങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച് പട്ടികജാതി - പട്ടികവർഗ്ഗങ്ങളുടെ.
28. പൊതുവിതരണ സമ്പ്രദായം.



*എന്തുകൊണ്ടാണ് സംസ്ഥാന ലിസ്റ്റിൽ നിന്നു മാത്രം വിഷയങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത്? എന്തുകൊണ്ട് യൂണിയൻ ലിസ്റ്റിൽ നിന്നും ഒരു വിഷയവും കൈമാറ്റം ചെയ്യാത്തത്?*

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുള്ള ആദിവാസി മേഖലകളിൽ 73-ാം ഭേദഗതി നടപടിക്രമങ്ങൾ ബാധകമാക്കിയിരുന്നില്ല. 1996-ൽ ഒരു പ്രത്യേകം നിയമം പാസാക്കി പഞ്ചായത്തീരാജ് വ്യവസ്ഥകൾ ഈ മേഖലയിൽകൂടി വ്യാപിപ്പിച്ചു. പല ആദിവാസിസമൂഹങ്ങളും അവരുടേതായ പരമ്പരാഗത ആചാരപ്രകാരം പൊതുവിഭവങ്ങളായ വനം, ചെറു ജലസംഭരണികൾ എന്നിവയെ കൈകാര്യം ചെയ്തിരുന്നു. ഈ പുതിയ നിയമം വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവരുടെ അവകാശത്തെ അംഗീകരിക്കുന്നു. ഇതിനായി ഈ പ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് കൂടുതൽ അധികാരം നൽകി. അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പല കാര്യങ്ങളിലും ഈ ഗ്രാമസഭകളുടെ അനുമതി തേടേണ്ടതായി വന്നു. ആധുനിക തെരഞ്ഞെടുപ്പ് സമിതികൾ നടപ്പിൽവരുത്തുമ്പോൾ പരമ്പരാഗത - പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതുണ്ട് എന്നതാണ് ഈ നിയമത്തിന്റെ പിന്നിലെ ആശയം. ഇത് വികേന്ദ്രീകരണം, വൈവിധ്യം എന്നീ മൂല്യങ്ങളെ ഊട്ടി ഉറപ്പിക്കുന്നു.



സംസ്ഥാന ഗവൺമെന്റുകൾ ദരിദ്രരാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും അവർ പണം ആവശ്യപ്പെടുന്നതായി കഴിഞ്ഞ അധ്യായത്തിൽ നമ്മൾ വായിച്ചു. എങ്ങനെയാണ് അവയ്ക്ക് പ്രാദേശിക ഗവൺമെന്റിനു പണം നൽകുവാൻ കഴിയുക.

## സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർമാർ *(State Election Commissioners)*

പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്തുന്നതിൽ ഉത്തരവാദിത്വമുള്ള ഒരു സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനെ സംസ്ഥാന ഗവൺമെന്റുകൾ നിയമിക്കേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഒരു സംസ്ഥാന ഭരണ സംവിധാനമായിരുന്നു മുൻപ് ഈ പ്രവൃത്തി നിർവ്വഹിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷണർക്ക് ദേശീയ തെരഞ്ഞെടുപ്പു കമ്മീഷണറെപ്പോലെ സ്വയം ഭരണാവകാശമുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടേത് സ്വതന്ത്രമായ ഒരു പദവിയാണ്. അതിന് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷണറുമായി യാതൊരു ബന്ധവുമില്ല.

## സംസ്ഥാന ധനകാര്യ കമ്മീഷൻ *(State Finance Commission)*

ഓരോ 5 വർഷം കൂടുംതോറും ഒരു സംസ്ഥാന ധനകാര്യ കമ്മീഷനെ സംസ്ഥാന ഗവൺമെന്റ് നിയമിക്കേണ്ടതാണ്. സംസ്ഥാനത്തെ പ്രാദേശിക ഗവൺമെന്റുകളുടെ ധനസ്ഥിതി വിലയിരുത്തുന്നത് ഈ കമ്മീഷനാണ്. ഒരു വശത്ത് സംസ്ഥാന ഗവൺമെന്റിനും പ്രാദേശിക ഗവൺമെന്റുകൾക്കുമിടയിലെ വരുമാന വിതരണവും, മറുവശത്ത് ഗ്രാമീണ മേഖലയിലെ പ്രാദേശിക ഗവൺമെന്റുകളുടെയും നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റുകളുടെ ഇടയിലെ വരുമാന വിതരണവും ഇത് അവലോകനം ചെയ്യും. ഗ്രാമീണ മേഖലയിലെ പ്രാദേശിക ഗവൺമെന്റുകൾക്ക് ഫണ്ട് അനുവദിക്കുന്നത് ഒരു രാഷ്ട്രീയ വിഷയമല്ലെന്ന് ഈ നൂതന ആശയം ഉറപ്പുവരുത്തുന്നു.

**പ്രവർത്തനം**

- *നിങ്ങളുടെ സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തുകൾക്ക് കൈമാറിയ ചില അധികാരങ്ങൾ കണ്ടെത്തുക.*

## 74–ാം ഭേദഗതി (74th Amendment)

നാം മുമ്പ് സൂചിപ്പിച്ചതുപോലെ, 74–ാം ഭേദഗതി നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റുകൾ അഥവാ നഗരപാലികകളുമായി ബന്ധപ്പെട്ടുള്ളതാണ്.

എന്താണ് ഒരു നഗരപ്രദേശം? വലിയനഗരങ്ങളായ മുംബൈയേയോ കൊൽക്കത്തയേയോ തിരിച്ചറിയുന്നത് വളരെ എളുപ്പമായിരിക്കും. എന്നാൽ ചെറിയ നഗരപ്രദേശങ്ങൾ പ്രത്യേകിച്ച് ഗ്രാമത്തിനും പട്ടണത്തിനും ഇടയിലുള്ളവയെ തിരിച്ചറിയുന്നത് പ്രയാസമായിരിക്കും. നഗരപ്രദേശങ്ങളെ ദേശീയ സെൻസസ് ഇപ്രകാരം നിർവ്വചിക്കുന്നു. (i) ഏറ്റവും കുറഞ്ഞ ജനസംഖ്യ 5000 (ii) ജനസംഖ്യയിൽ കുറഞ്ഞത് 75% പുരുഷന്മാർ കാർഷികേതര മേഖലകളിൽ തൊഴിലെടുക്കുന്നവരായിരിക്കണം (iii) ജനസാന്ദ്രത ചതുരശ്ര കി.മീറ്റർ പ്രദേശത്ത് കുറഞ്ഞത് 400 പേർ. 2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ഏകദേശം 31% ജനങ്ങൾ നഗരവാസികളാണ്.



*ചേരിനിവാസികൾക്കായി മെച്ചപ്പെട്ട പാർപ്പിട സൗകര്യം നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റുകൾ ഒരുക്കുമെന്ന് എനിക്ക് പ്രതീക്ഷിക്കാമോ? ഏറ്റവും കുറഞ്ഞത് അവർക്ക് ശുചിമുറിയെങ്കിലും നൽകുമോ?*

74–ാം ഭേദഗതി നഗര പ്രദേശങ്ങൾക്കു ബാധകമാണെന്നതൊഴിച്ച്, ബാക്കിയെല്ലാം 73–ാം ഭേദഗതിയുടെ ആവർത്തനം മാത്രമാണ്. 73–ാം ഭേദഗതിയിലെ വിഷയങ്ങളായ പ്രത്യക്ഷ തെരഞ്ഞെടുപ്പ്, സംവരണം, ഭരണ വിഷയങ്ങളുടെ കൈമാറ്റം, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ തുടങ്ങിയവയെല്ലാം 74–ാം ഭേദഗതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ അവയെല്ലാം നഗരപാലികകൾക്കും ബാധകമാകുന്നു. സംസ്ഥാന ഗവൺമെന്റിൽനിന്ന് ചില വിഷയങ്ങൾ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനും ഭരണഘടന അനുശാസിക്കുന്നു. ഈ വിഷയങ്ങളെല്ലാം ഭരണഘടനയുടെ 12–ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 73 ഉം 74 ഉം ഭേദഗതി നടപ്പിലാക്കൽ (Implementation of 73rd and 74th Amendments)

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും 73ഉം 74 ഉം ഭേദഗതി നടപ്പിലാക്കുന്നതിനായി നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. ഈ ഭേദഗതികൾ



ഈ പതാക പ്രാദേശിക ഗവൺമെന്റുകളെക്കുറിച്ചുള്ള ജനങ്ങളുടെ പ്രതീക്ഷയുടെ അടയാളമാണ്. ജനങ്ങൾ ഔപചാരിക നിയമം മാത്രമല്ല ആഗ്രഹിക്കുന്നത്. നിയമത്തിന്റെ ശരിയായ രീതിയിലുള്ള നടപ്പിലാക്കലാണ് അവർ ആഗ്രഹിക്കുന്നത്. ഈ മുദ്രാവാക്യത്തെക്കുറിച്ചുള്ള ഒരു ചുരുക്കെഴുത്ത് തയ്യാറാക്കുക- ഈ ഗ്രാമത്തിലെ ഗവൺമെന്റ് ഞങ്ങളാണ്!

നിലവിൽ വന്ന് ഇരുപത് വർഷം പിന്നിട്ടപ്പോൾ (1994-2014) ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നാലു തവണയെങ്കിലും പ്രാദേശിക സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. മധ്യ പ്രദേശ്, രാജസ്ഥാൻ, മറ്റു ചില സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ അഞ്ചിലധികം തവണ തെരഞ്ഞെടുപ്പുകൾ നടന്നു.

ഗ്രാമീണ ഇന്ത്യയിൽ ഇന്ന് ഏകദേശം 600 ജില്ലാ പഞ്ചായത്തുകളും, 6000 ബ്ലോക്ക് പഞ്ചായത്തുകളും 2,40,000 ഗ്രാമപഞ്ചായത്തുകളുമുണ്ട്. ഇന്ത്യയിലെ നഗരപ്രദേശത്ത് 100-ൽ അധികം നഗര കോർപ്പറേഷനുകളും 1400 മുൻസിപ്പാലിറ്റികളും 2000-ൽ അധികം നഗരപഞ്ചായത്തുകളുമുണ്ട്. ഓരോ 5 വർഷം കൂടുംതോറും 32 ലക്ഷത്തിലധികം അംഗങ്ങളെ വിവിധ സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കുന്നു. ഇതിൽ കുറഞ്ഞത് 13 ലക്ഷം പേർ സ്ത്രീകളാണ്. അതേസമയം മുഴുവൻ സംസ്ഥാന നിയമസഭകളിലും പാർലമെന്റിലും കൂടി 5000 ത്തോളം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ മാത്രമാണുള്ളത്. പ്രാദേശിക ഗവൺമെന്റുകളുടെ വരവോടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചു.

ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികൾ പഞ്ചായത്തീരാജ് - നഗരപാലിക സ്ഥാപനങ്ങളുടെ ഘടന രാജ്യത്താകമാനം ഏകീകരിച്ചു. ഈ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം ജനപങ്കാളിത്തത്തോടുകൂടിയുള്ള ഭരണ സംവിധാനത്തിന് അവസരം സൃഷ്ടിക്കുകയും ചെയ്തു.

പഞ്ചായത്തുകളിലെയും നഗരസഭകളിലെയും സ്ത്രീ സംവരണം പ്രാദേശിക ഗവൺമെന്റുകളിൽ നല്ല രീതിയിലുള്ള സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നു. ഈ സംവരണം അദ്ധ്യക്ഷപദവിയിലേക്കും സർപാഞ്ച് പദവിയിലേക്കും ബാധകമാക്കിയതിനാൽ ധാരാളം സ്ത്രീകൾ ഈ പദവികളും വഹിക്കുന്നു. ഇന്ന് രാജ്യത്തെ

Y, JANUARY 25, 2006

# Panchayati raj only in name in Lakshadweep: Minister

## An action plan to revive the movement on the anvil

A Correspondent

**NEDUMBASSERY:** Union Minister for Petroleum and Natural Gas and Panchayati Raj Mani Shankar Aiyar on Tuesday expressed shock at the state of the panchayati raj system in Lakshadweep.

Mr. Aiyar said that it was a tragedy that the governance was virtually concentrated in the hands of bureaucrats rendering the panchayats mere appendages to a wholly Government-run administrative system of planning and representation.

officials and a spectrum of elected village and district panchayat members. The action plan would be finalised in Delhi.

He said he would visit Lakshadweep in October to see the progress towards making it a model of panchayati raj among

# प्रस्तावित ग्राम न्यायालय विधेयक का विरोध हो रहा है उत्तरांचल में

# Congress to ... 14 zilla panchayats, JD(S) 2

## No party gets a majority in eleven zilla panchayats

Special Correspondent

**BANGALORE:** The Congress has gained a majority in 14 of the 27 zilla panchayats, and its coalition partner, the Janata Dal (Secular), has emerged the leader in two zilla panchayats. The main Opposition party, Bharatiya Janata Party, has not been able to secure a majority in any zilla panchayat in the elections held on December 19 and 23.

The Congress has secured a 999 (total 1,005) zilla panchayat seats were declared by the State Election Commission. The Congress has secured 487 seats, the Janata Dal (Secular) 268, the BJP 152, the Bahujan Samaj Party one, the Communist Party of India two, independents 41, Samajwadi Party 34, All India Progressive Janata Dal 34, Raitha Sangha one, Janata Party three and Vatal Paksha one.

The Janata Dal (United) and Communist Party of India

Congress bagged 1,711 seats, the Janata Dal (Secular) 945, BJP 540, AIPJD 145, independents 234, BSP 6, CPI 1, Communist Party of India (Marxist) 6, Samajwadi Party 35, Raitha Sangha two, Janata Dal (United) 18 and Janata Party 14.

No party has gained a majority in 11 zilla panchayats. The BJP and the Congress got 15 seats each in Dakshina Kannada with the Janata Dal (Secular)

# Sarpanches' rally turns violent in Andhra Pradesh

## Ten injured as police resort to lathicharge

Special Correspondent

**HYDERABAD:** A rally of sarpanches from all over Andhra Pradesh on Friday afternoon turned violent as the huge crowd of participants charged from Indira Park towards the Secretariat demanding instant redress of their grievances, mainly withdrawal of the condition stipulating multiple authority for issuing cheques.

The police resorted to a lathicharge twice as the crowd broke

Lower Tank Bund road for over four hours during which time the leaders went to meet Chief Minister Y.S. Rajasekhara Reddy at the Secretariat. Dr. Reddy invited a larger delegation of the sarpanches to his residence after initial talks with three leaders.

A separate delegation of leaders which talked to Finance Minister, K. Rosaiah, returned in the meantime but the crowd was unrelenting. A senior Congress leader, M. Kodanda Reddy,

other parties addressed the rally. After Mr. Naidu concluded his speech, representatives of sarpanches gave a call to the crowd to charge towards the Secretariat. However, Mr. Reddy offered to mediate with the Government by leading a delegation to the Panchayat Raj Minister.

On learning that the delegation could not talk to him the leaders decided to proceed towards the Secretariat. Much of the police force was withdrawn

# उप्र जिला पंचायत चुनाव में डकैतों का दबदबा, राज्यपाल ने रिपोर्ट मंगाई

200 ൽ പരം ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷപദവിയും 2000 ൽ പരം ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷപദവിയും 80,000 ൽപ്പരം ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷപദവിയും വഹിക്കുന്നത് സ്ത്രീകളാണ്.

**ഈ ചിത്രം കാണുക**




പ്രാദേശിക ഗവൺമെന്റിന്റെ യോഗം വെയിലത്താണ് നടക്കുന്നത്. മറ്റ് എന്തെങ്കിലും പ്രത്യേകതകൾ കാണുന്നുണ്ടോ?

ഇന്ത്യയിൽ ഇപ്പോൾ 30–ൽ അധികം കോർപ്പറേഷനുകളിലെ മേയർമാരും ടൗൺ മുൻസിപ്പാലിറ്റികളിലെ 500 – ൽ അധികം അദ്ധ്യക്ഷമാരും 650 നഗര പഞ്ചായത്ത് അദ്ധ്യക്ഷമാരും സ്ത്രീകളാണ്. വിഭവങ്ങളിൻമേലുള്ള നിയന്ത്രണം സ്ത്രീകൾക്ക് കൂടുതൽ അധികാരവും ആത്മവിശ്വാസവും നേടിക്കൊടുത്തു. ഈ സ്ഥാപനങ്ങളിലെ അവരുടെ സാന്നിധ്യം മൂലം നിരവധി സ്ത്രീകൾക്ക് രാഷ്ട്രീയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് കൂടുതൽ മനസിലാക്കുവാൻ കഴിഞ്ഞു. ഒട്ടുമിക്കയിടങ്ങളിലും സ്ത്രീകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ചർച്ചകൾക്ക് ഒരു പുതിയ മാനവും കൂടുതൽ സംവേദനക്ഷമതയും കൊണ്ടുവന്നു. എന്നാൽ ചിലയിടങ്ങളിൽ, സ്ത്രീകൾക്ക് അവരുടെ സാന്നിധ്യം ഉറപ്പിക്കാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അവരുടെ തെരഞ്ഞെടുപ്പിന്റെ ചെലവ് വഹിച്ച പുരുഷ കുടുംബാംഗത്തിന്റെ ആജ്ഞാനുവർത്തികളായിരിക്കുകയോ ചെയ്തു. എന്നാൽ രണ്ടാമത് പറഞ്ഞതരത്തിലുള്ള സംഭവങ്ങൾ ഇപ്പോൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ്.



ഭരണഘടനാ ഭേദഗതി വഴി പട്ടികജാതി പട്ടികവർഗ്ഗ സംവരണം ഉറപ്പാക്കിയപ്പോൾ ഭൂരിപക്ഷം സംസ്ഥാനങ്ങളും മറ്റു പിന്നോക്ക ജാതിക്കാർക്കുവേണ്ടി സംവരണ ചട്ടങ്ങളുണ്ടാക്കാൻ തയ്യാറായി. ഇന്ത്യൻ ജനസംഖ്യയിൽ 16.2 ശതമാനം പട്ടിക

ജാതിക്കാരും 8.2 ശതമാനം പട്ടികവർഗക്കാരുമാണ്. നഗര- ഗ്രാമ പ്രാദേശിക ഗവൺമെന്റുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ 6.6 ലക്ഷം പ്രതിനിധികൾ ഈ രണ്ടു സമുദായങ്ങളിൽ നിന്നുള്ളവരാണ്. ഇത് പ്രാദേശിക സ്ഥാപനങ്ങളുടെ സാമൂഹ്യഘടനയിൽ വലിയ മാറ്റമുണ്ടാക്കി. ഇവരുടെ സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ശരിയായ രീതിയിൽ പ്രതിഫലിപ്പിക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകൾ അവസരമുണ്ടാക്കി. എന്നാൽ ചിലപ്പോഴൊക്കെ ഇത് സംഘർഷങ്ങൾക്കും വഴിയൊരുക്കിയിട്ടുണ്ട്. മുൻപ് ഗ്രാമങ്ങളെ നിയന്ത്രിച്ചുകൊണ്ടിരുന്ന ആധിപത്യവർഗ്ഗം അവരുടെ അധികാരം ഉപേക്ഷിക്കുവാൻ തയ്യാറല്ല. ഇത് അധികാര വടംവലി തീവ്രമാക്കുന്നതിന് കാരണമായി. സംഘർഷങ്ങളും മത്സരങ്ങളും എല്ലായ്പ്പോഴും മോശമാണെന്ന് പറയാനാവില്ല. മുൻപ് അധികാരമില്ലാതിരുന്നവർക്ക് അധികാരം നൽകി ജനാധിപത്യത്തെ കൂടുതൽ അർത്ഥവത്താക്കുന്നതിനു ശ്രമിക്കുമ്പോൾ സമൂഹത്തിൽ കുറെയൊക്കെ സംഘർഷങ്ങളും പ്രശ്നങ്ങളും സ്വഭാവികമാണ്, അത് ഒഴിവാക്കാൻ കഴിയുന്നതല്ല.



നിയമം നല്ലതാണ് എന്നാൽ അവ കടലാസിൽ മാത്രമാണ്. ഇതിനെയാണോ സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള വിടവ് എന്ന് പറയുന്നത്?

ഭരണഘടനാ ഭേദഗതി 29 വിഷയങ്ങൾ പ്രാദേശിക ഗവൺമെന്റുകൾക്ക് നൽകിയിരിക്കുന്നു. പ്രാദേശിക വികസനവും ക്ഷേമവുമായി ബന്ധപ്പെടുന്നതാണ് ഈ വിഷയങ്ങൾ. എന്നാൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിലെ പ്രാദേശിക ഗവൺമെന്റുകളുടെ അനുഭവം വ്യക്തമാക്കുന്നത് പരിമിതമായ അധികാരങ്ങൾ മാത്രമാണ് അവയ്ക്ക് ലഭിച്ചിരുന്നത് എന്നാണ്. പല സംസ്ഥാനങ്ങളും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒട്ടുമിക്ക വിഷയങ്ങളും കൈമാറിയിട്ടില്ല. ഇതിനു അർഥം ശരിയായ രീതിയിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയുന്നില്ലായെന്നാണ്. അതുകൊണ്ടു തന്നെ നിരവധി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് വെറും പ്രതീകാത്മകമായ ഒരു പ്രക്രിയയായി മാറി. പ്രാദേശിക ഗവൺമെന്റുകളുടെ രൂപീകരണം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തീരുമാനമെടുക്കുന്ന രീതിയിൽ മാറ്റമൊന്നുമുണ്ടായിട്ടില്ലന്ന് ചിലർ വിമർശിക്കുന്നു. പ്രാദേശിക ജനവിഭാഗങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിലോ വിഭവ വിതരണത്തിലോ മതിയായ സ്വാതന്ത്ര്യം ലഭിക്കുന്നില്ല.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം ഫണ്ട് വളരെക്കുറവാണ്. സാമ്പത്തിക സഹായത്തിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെ ആശ്രയിക്കുന്നത് ഇവയുടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള കഴിവിനെ ദോഷകരമായി ബാധിക്കുന്നു. മൊത്തം റവന്യു വരുമാനത്തിന്റെ 0.24% മാത്രമാണ് പ്രാദേശിക ഗവൺമെന്റുകൾ പിരിച്ചെടുക്കുന്നതെങ്കിലും ഗവൺമെന്റിന്റെ മൊത്തം ചെലവിന്റെ 4% നടത്തുന്നത് പ്രാദേശിക ഗവൺമെന്റുകളാണ്. അതുകൊണ്ട് അവരുടെ ചെലവിനേക്കാൾ കുറവാണ് അവരുടെ വരുമാനം. ഇത് ഗ്രാന്റ് നൽകുന്നവരോടുള്ള ഇവരുടെ വിധേയത്വം വർധിക്കുന്നതിനു കാരണമാകുന്നു.

ലാറ്റിൻ അമേരിക്കയിലെ ജനാധിപത്യ വികേന്ദ്രീകണത്തിന്റെ ഏറ്റവും വിജയകരമായ മാതൃകയായി ബൊളീവിയയെ മിക്കപ്പോഴും ചൂണ്ടിക്കാട്ടാറുണ്ട്. 1994–ലെ ജനപങ്കാളിത്ത നിയമം പ്രാദേശിക തലത്തിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുകയും, രാജ്യത്തെ, നിരവധി മുൻസിപ്പാലിറ്റികളായി വിഭജിക്കുകയും മേയർമാരുടെ തെരഞ്ഞെടുപ്പ് ജനകീയമാക്കുകയും ചെയ്തു. ഇതു കൂടാതെ, പുതിയതായി രൂപം കൊടുത്ത മുനിസിപ്പാലിറ്റികളിലേക്ക് സ്വയംപ്രേരിത ധനകൈമാറ്റത്തിനുള്ള ഒരു സംവിധാനവും ഈ നിയമം തയാറാക്കി. 314 മുൻസിപ്പൽ ഗവൺമെന്റുകളായി ബൊളീവിയയെ വിഭജിച്ചിരിക്കുന്നു. ബൊളീവിയയിലെ ഈ ഗവൺമെന്റുകളിലെല്ലാം ജനകീയമായി തെരഞ്ഞെടുത്ത മേയർമാരും *(Presidente municipal)* മുൻസിപ്പൽ കൗൺസിലു *(Cabildo)* മാണുള്ളത്. ഓരോ 5 വർഷം കൂടുംതോറും ദേശവ്യാപകമായി പ്രാദേശിക തെരഞ്ഞെടുപ്പുകൾ നടത്തുന്നു.

പ്രാദേശികതലത്തിൽ ആരോഗ്യവും വിദ്യാഭ്യാസ സൗകര്യവും ഉറപ്പുവരുത്തുക, പശ്ചാത്തല സൗകര്യം ഒരുക്കുക തുടങ്ങിയവ ബോളീവിയയിൽ പ്രാദേശിക ഗവൺമെന്റിന്റെ ചുമതലകളാണ്. ബൊളീവിയയിൽ, ദേശീയതലത്തിൽ പിരിച്ചെടുക്കുന്ന നികുതിയുടെ 20% മുൻസിപ്പാലിറ്റികൾക്ക് ആളോഹരി വിഹിതമായി നൽകുന്നു. ഈ മുൻസിപ്പാലിറ്റികൾ, മോട്ടോർ വാഹനങ്ങൾ, നഗരസ്വത്ത്, വലിയ കാർഷിക സ്വത്തുക്കൾ എന്നിവയ്ക്ക് നികുതി ചുമത്തി വരുമാനം നേടുന്നു. ഇതോടൊപ്പം, കേന്ദ്രത്തിൽ നിന്നുള്ള ധനവിഹിതം ഈ യൂണിറ്റുകളുടെ പ്രവർത്തന ബജറ്റിന്റെ സിംഹഭാഗവും രൂപീകരിക്കുകയും ചെയ്യുന്നു.

## ഉപസംഹാരം

കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകളുടെ വികസന-ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഏജൻസികളായി പ്രാദേശിക ഗവൺമെന്റുകൾ തുടരുന്നുവെന്ന് ഈ അനുഭവം സൂചിപ്പിക്കുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് നാം കൂടുതൽ അധികാരം നല്കുക എന്നതിനർത്ഥം യഥാർത്ഥ അധികാര വികേന്ദ്രീകരണത്തിന് നാം കൂടുതൽ തയ്യാറാകുന്നു എന്നാണ്. ആത്യന്തികമായി, ജനാധിപത്യം എന്നാൽ ജനങ്ങൾക്കിടയിൽ അധികാരം പങ്കുവയ്ക്കപ്പെടുന്നു എന്നതാണ്. ഗ്രാമീണ ജനതക്കും നഗര ജനതക്കും അവർക്കാവശ്യമുള്ള നയപരിപാടികൾ തീരുമാനിക്കാനുള്ള അധികാരമുണ്ട്. നാം മുൻപു പഠിച്ചതുപോലെ, ജനാധിപത്യമെന്നാൽ അധികാര വികേന്ദ്രീകരണവും ജനങ്ങൾക്ക് കൂടുതൽ അധികാരം നൽകലുമാണ്. പ്രാദേശിക ഗവൺമെന്റുകളുമായി ബന്ധപ്പെട്ട നിയമങ്ങൾ ജനാധിപത്യവൽക്കരണത്തിലേക്കുള്ള പ്രധാന ചവിട്ടുപടികളാണ്. എന്നാൽ ജനാധിപത്യത്തിന്റെ യഥാർത്ഥ പരീക്ഷണം ഇത്തരം നിയമവ്യവസ്ഥകളുടെ സ്ഥാപനത്തിൽ മാത്രമല്ല, മറിച്ച് ഈ വ്യവസ്ഥകളുടെ പ്രയോഗത്തിലും കൂടിയാണ്.

## അഭ്യാസം

1. ഇന്ത്യൻ ഭരണഘടന പഞ്ചായത്തുകളെ സ്വയംഭരണത്തിന്റെ ഒരു യൂണിറ്റായിട്ടാണ് വിഭാവനം ചെയ്യുന്നത്. താഴെപ്പറയുന്ന പ്രസ്താവനകളിലെ സാഹചര്യങ്ങൾ വിലയിരുത്തി, ഈ സാഹചര്യങ്ങൾ സ്വയംഭരണ യൂണിറ്റുകളായി പഞ്ചായത്തുകളെ ശക്തിപ്പെടുത്തുകയാണോ അതോ ദുർബലപ്പെടുത്തുകയാണോ എന്ന് വിശദീകരിക്കുക.
   a ഒരു സംസ്ഥാന ഗവൺമെന്റ് വലിയ ഒരു സ്റ്റീൽ പ്ലാന്റ് തുടങ്ങാൻ ഒരു കമ്പനിക്ക് അനുമതി നൽകി. നിരവധി ഗ്രാമങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ് സ്റ്റീൽ പ്ലാന്റ്. വലിയ വ്യവസായം തുടങ്ങുന്നതിനു മുൻപ് പ്രദേശവാസികളുമായി കൂടിയാലോചിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് പ്രശ്നബാധിത ഗ്രാമത്തിലെ ഗ്രാമസഭ പ്രമേയം പാസാക്കി.
   b ഗവൺമെന്റിന്റെ 20% ചെലവുകൾ പഞ്ചായത്തുകൾ വഴി നടപ്പിലാക്കുവാൻ തീരുമാനിച്ചു.
   c. ഗ്രാമത്തിൽ ഒരു സ്കൂൾ തുടങ്ങുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ഒരു ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെടുകയും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ ഫണ്ട് മറ്റ് പദ്ധതികൾക്ക് വേണ്ടി അനുവദിച്ചിരിക്കുകയാണെന്നും അത് വഴിമാറി ചെലവഴിക്കാൻ കഴിയുകയില്ലന്നും അറിയിച്ചു.
   d ദുൻഗാർപൂർ എന്ന വില്ലേജിനെ ഗവൺമെന്റ്, ജമുന, സൊഹാന എന്നീ രണ്ടു വില്ലേജുകളായി വിഭജിച്ചു. ഇപ്പോൾ ദുൻഗാർപൂർ എന്ന വില്ലേജ് ഗവൺമെന്റ് രേഖകളിലില്ല.
   e. ഒരു ഗ്രാമപഞ്ചായത്ത് അവിടുത്തെ ജലസ്രോതസുകൾ വേഗം വറ്റിവരളുന്നതായി കണ്ടെത്തി. ഗ്രാമീണയുവാക്കളെ സംഘടിപ്പിച്ച് ഗ്രാമത്തിലെ പഴയ കുളങ്ങളും കിണറുകളും പുനഃരുദ്ധരിക്കാൻ ഈ പഞ്ചായത്ത് തീരുമാനിച്ചു.
2. ഒരു സംസ്ഥാനത്തിന്റെ പ്രാദേശിക ഗവൺമെന്റ് പദ്ധതി രൂപീകരിക്കുവാനുള്ള അവസരം നിങ്ങളെ ഏൽപ്പിച്ചുവെന്ന് കരുതുക. എന്തെല്ലാം അധികാരങ്ങളായിരിക്കും ഗ്രാമപഞ്ചായത്തുകൾക്ക് ഒരു സ്വയംഭരണ സ്ഥാപനം എന്ന നിലയിൽ നിങ്ങൾ നൽകുക? ഏതെങ്കിലും അഞ്ച് അധികാരങ്ങൾ സൂചിപ്പിക്കുകയും, ഓരോ അധികാരവും നൽകിയതിന് രണ്ടുവരികളിൽ വീതം ന്യായീകരണവും നൽകുക.
3. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭരണഘടനയുടെ 73-ാം ഭേദഗതി ഉറപ്പു നൽകുന്ന ചട്ടങ്ങൾ എന്തെല്ലാം? ഗ്രാമീണ നേതൃനിരയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഈ ചട്ടങ്ങൾ കൊണ്ടുവന്നത്?
4. 73-ാം ഭരണഘടനാ ഭേദഗതിക്കു മുൻപും ശേഷവും പ്രാദേശിക സ്ഥാപനങ്ങളിൽ വന്ന പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
5. താഴെ നൽകിയിരിക്കുന്ന സംഭാഷണം വായിക്കുക. സംഭാഷണത്തിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളിൽ മേലുള്ള നിങ്ങളുടെ അഭിപ്രായം ഇരുന്നൂറ് വാക്കിൽ കുറയാതെ രേഖപ്പെടുത്തുക.

   അലോക്: നമ്മുടെ ഭരണഘടന സ്ത്രീ-പുരുഷ സമത്വം ഉറപ്പുനൽകുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കു നൽകിയിരിക്കുന്ന സംവരണം അവരുടെ അധികാര

പങ്കാളിത്തം ഉറപ്പാക്കുന്നു.

നേഹ: സ്ത്രീകൾക്ക് നൽകിയിരിക്കുന്ന അധികാരം പര്യാപ്തമല്ല. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ സ്ത്രീകൾക്കുവേണ്ടി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

ജയേഷ്: എനിക്ക് സംവരണ ഇടപാടിഷ്ടമല്ല. ഒരു പ്രാദേശിക സ്വയംഭരണ സ്ഥാപനം ഗ്രാമത്തിലെ എല്ലാ ജനങ്ങളുടെയും കാര്യത്തിൽ ശ്രദ്ധചെലുത്തുമ്പോൾ സ്വഭാവികമായും സ്ത്രീകളുടെ താൽപര്യങ്ങളും പരിഗണിക്കും.

6. 73-ാം ഭേദഗതിയിലെ വ്യവസ്ഥകൾ വായിക്കുക. താഴെപ്പറയുന്നവയിൽ ഏതൊക്കെ ഉത്ക്കണ്ഠകളാണ് ഈ ഭേദഗതി അഭിസംബോധന ചെയ്യുന്നത്?

   a സ്ഥാനം നഷ്ടമാക്കുമെന്ന ഭീതി ജനപ്രതിനിധികളെ ജനങ്ങളോട് കൂടുതൽ ഉത്തര വാദിത്വമുള്ളവരാക്കുന്നു.

   b ഉന്നത ജാതിക്കാരും ഫ്യൂഡൽ പ്രഭുക്കന്മാരും പ്രാദേശിക ഗവൺമെന്റുകളിൽ ആധിപത്യം പുലർത്തുന്നു.

   c ഗ്രാമീണ നിരക്ഷരത വളരെ കൂടുതലാണ്. നിരക്ഷരായ ഗ്രാമീണർക്ക് വികസന കാര്യ ങ്ങളിൽ തീരുമാനമെടുക്കാൻ കഴിയില്ല.

   d ഗ്രാമങ്ങളുടെ വികസനം ഫലപ്രദമാകണമെങ്കിൽ, ഗ്രാമവികസനത്തിനായുള്ള പദ്ധതി കൾ ആവിഷ്കരിക്കുന്നത് ഗ്രാമപഞ്ചായത്തുകൾക്ക് വിഭവങ്ങളും, അധികാരങ്ങളും ആവ ശ്യമാണ്.

7. ചുവടെ കൊടുത്തിരിക്കുന്നത് പ്രാദേശിക ഗവൺമെന്റുകൾക്കനുകൂലമായ വിവിധ വാദങ്ങ ളാണ്. മുൻഗണാക്രമം അനുസരിച്ച് അവയെ ക്രമപ്പെടുത്തുകയും അതിൽ ഏറ്റവും പ്രധാന മെന്ന് നിങ്ങൾ കരുതുന്ന വാദഗതി മറ്റുള്ളവയെക്കാൾ എന്തുകൊണ്ട് പ്രസക്തമാണെന്ന് വിശദീകരിക്കുക. നിങ്ങളുടെ അഭിപ്രായത്തിൽ, താഴെപ്പറയുന്നവയിലെ ഏതു യുക്തിയനുസ രിച്ചാണ് വെംഗൈവാസൽ പഞ്ചായത്ത് തീരുമാനമെടുത്തത്? എന്തുകൊണ്ട്?

   a പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഗവൺമെന്റിന് കുറഞ്ഞ ചെലവിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയും.

   b പ്രാദേശിക ജനത തയ്യാറാക്കുന്ന വികസന പദ്ധതികൾക്ക് സർക്കാർ ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന പദ്ധതികളേക്കാൾ കൂടുതൽ സ്വീകാര്യതയുണ്ടാകും.

   c ജനങ്ങൾക്ക് അവരുടെ പ്രദേശങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും പ്രശ്നങ്ങളെ ക്കുറിച്ചും മുൻഗണനകളെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടായിരിക്കും. കൂട്ടായ പങ്കാളിത്തത്തിലൂടെ അവരുടെ ജീവിതം സംബന്ധിച്ച കാര്യങ്ങളിൽ ചർച്ചയിലൂടെ തീരുമാനമെടുക്കുന്നു.

   d സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ സംസ്ഥാന നിയമസഭയി ലെയോ, പാർലമെന്റിലെയോ പ്രതിനിധികളുമായി ബന്ധപ്പെടുവാൻ എളുപ്പമല്ല.



8. നിങ്ങളുടെ അഭിപ്രായത്തിൽ താഴെ പറയുന്നവയിൽ ഏതിലൊക്കെയാണ് വികേന്ദ്രീകരണ മുള്ളത്? എന്തുകൊണ്ടാണ് മറ്റുള്ളവ വികേന്ദ്രീകരണവുമായി യോജിക്കാത്തത്?

   a ഗ്രാമപഞ്ചായത്തിലേക്കുള്ള തെരഞ്ഞെടുപ്പു നടത്തുക.

b തങ്ങളുടെ ഗ്രാമത്തിന് അനുയോജ്യമായ നയങ്ങളും പരിപാടികളും എന്തെന്നത് ഗ്രാമീണർ തന്നെ തീരുമാനിക്കുക.
c. ഗ്രാമസഭായോഗം വിളിക്കുന്നതിനുള്ള അധികാരം.
d. സംസ്ഥാന ഗവൺമെന്റ് ആരംഭിച്ച ഒരു പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ഗ്രാമപഞ്ചായത്തിനു നൽകുന്നു.

9. ഡൽഹി സർവ്വകലാശാല വിദ്യാർത്ഥിയായ രാഘവേന്ദ്ര പർപണ്ണ പ്രാഥമിക വിദ്യാഭ്യാസത്തിലെ തീരുമാനമെടുക്കലിൽ വികേന്ദ്രീകരണത്തിന്റെ പങ്കിനെകുറിച്ച് പഠിക്കാൻ ആഗ്രഹിക്കുന്നു. ഗ്രാമവാസികളോട് അദ്ദേഹം ചില ചോദ്യങ്ങൾ ചോദിക്കുന്നു. ഈ ചോദ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു. നിങ്ങൾ ഈ ഗ്രാമവാസികളിലൊരാളാണെങ്കിൽ ഓരോ ചോദ്യത്തിനും എന്ത് ഉത്തരമാകും നൽകുക?

ഗ്രാമത്തിലെ എല്ലാ കുട്ടികളും സ്കൂളിൽ എത്തുന്നത് ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് ചർച്ച ചെയ്യാൻ ഗ്രാമസഭയുടെ യോഗം വിളിക്കണം.

a. മീറ്റിംഗിന്റെ ഉചിതമായ തീയതി നിങ്ങൾ എങ്ങനെ തീരുമാനിക്കും? നിങ്ങൾ വിളിച്ചാൽ മീറ്റിംഗിൽ ആരൊക്കെ പങ്കെടുക്കും/പങ്കെടുക്കില്ല എന്ന് ചിന്തിക്കുക.
   i) ഗ്രാമ വികസന ഓഫീസറോ ജില്ലാ കളക്ടറോ നിശ്ചയിച്ച ദിവസം.
   ii) ഗ്രാമമുഖ്യൻ തെരഞ്ഞെടുത്ത ദിവസം.
   iii) ഒരു ഞായറാഴ്ച.
   iv) നാഗപഞ്ചമി/സംക്രാന്തി.
b. മീറ്റിംഗിന് അനുയോജ്യമായ സ്ഥലം ഏതാണ്? എന്തുകൊണ്ട്?
   i) ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം നിശ്ചയിച്ച സ്ഥലം.
   ii) ഗ്രാമത്തിലെ ഒരു മതകേന്ദ്രം.
   iii) ദളിത് മൊഹല്ല (ദളിത് വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഗ്രാമത്തിലെ പ്രദേശം)
   iv) ഉയർന്ന ജാതിക്കാർ താമസിക്കുന്ന സ്ഥലം.
   v) ഗ്രാമീണ വിദ്യാലയം.
c. ഗ്രാമസഭയുടെ യോഗത്തിൽ ജില്ലാ കളക്ടർ അയച്ച ഒരു സർക്കുലർ ആദ്യം വായിക്കുന്നു. ഒരു വിദ്യാഭ്യാസ റാലി സംഘടിപ്പിക്കണമെന്നും അതിന്റെ റൂട്ട് ഏതായിരിക്കണമെന്നും ഈ സർക്കുലർ നിർദ്ദേശിക്കുന്നു. സ്കൂളിൽ നിരന്തരമായി വരാതിരിക്കുന്ന കുട്ടികളെക്കുറിച്ചോ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചോ സ്കൂൾ കെട്ടിടത്തിന്റെ അവസ്ഥയെക്കുറിച്ചോ സ്കൂൾ സമയക്രമത്തെക്കുറിച്ചോ ഈ യോഗം ചർച്ച ചെയ്തില്ല. ഞായറാഴ്ചയായതിനാൽ വനിത അദ്ധ്യാപകരാരും യോഗത്തിൽ പങ്കെടുത്തില്ല.

   ജനകീയ പങ്കാളിത്തത്തിന്റെ ഒരു ഉദാഹരണമെന്ന നിലയിൽ ഈ നടപടിക്രമങ്ങളെക്കുറിച്ച് നിങ്ങൾ എന്താണ് ചിന്തിക്കുന്നത്?
d. നിങ്ങളുടെ ക്ലാസിനെ ഒരു ഗ്രാമസഭയായി സങ്കല്പിക്കുക. അജണ്ട ചർച്ച ചെയ്ത് ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ചില ചുവടുകൾ നിർദ്ദേശിക്കുക.

U7R4K4

അധ്യായം 9

# ഭരണഘടന ഒരു സജീവ-പ്രമാണമെന്ന നിലയിൽ

(CONSTITUTION AS A LIVING DOCUMENT)

## ആമുഖം

*കഴിഞ്ഞ 68 വർഷമായി നമ്മുടെ ഭരണഘടന എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ഇതേ ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി നമ്മുടെ രാജ്യം എങ്ങനെ ഭരിക്കപ്പെട്ടു എന്നും ഈ അധ്യായത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ അധ്യായം പഠിക്കുന്നതിലൂടെ നമുക്ക് കണ്ടെത്തുവാൻ സാധിക്കുന്ന വസ്തുതകളാണ്;*

- *കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് ഇന്ത്യൻ ഭരണഘടനക്ക് ഭേദഗതി വരുത്തുവാൻ സാധിക്കും.*
- *ധാരാളം ഭരണഘടനാഭേദഗതികൾ കഴിഞ്ഞെങ്കിലും ഭരണഘടനയുടെ സത്തയും അടിസ്ഥാനഘടനയും ഇപ്പോഴും മാറാതെ നിൽക്കുന്നു.*
- *ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിനും സംരക്ഷിക്കുന്നതിനും നീതിന്യായ വിഭാഗം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.*
- *മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പ്രതികരിച്ചുകൊണ്ടിരിക്കുകയും വികാസം പ്രാപിക്കുകയും ചെയ്യുന്ന ഒരു പ്രമാണമാണ് നമ്മുടെ ഭരണഘടന.*

## ഭരണഘടനകൾ നിശ്ചലമാണോ?
### (ARE CONSTITUTIONS STATIC?)

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ചോ,സമൂഹത്തിലെ ആശയങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ചോ, രാഷ്ട്രീയമാറ്റങ്ങൾ മൂലമോ ഭരണഘടന തിരുത്തി എഴുതുക എന്നത് ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അസാധാരണമായ ഒരു കാര്യമല്ല. സോവിയറ്റ് യൂണിയന് അതിന്റെ 74 വർഷത്തെ പ്രവർത്തനകാലയളവിൽ 4 ഭരണഘടനകൾ ഉണ്ടായിട്ടുണ്ട് (1918,1924,1936,1977). 1991-ൽ സോവിയറ്റ്യൂണിയനിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഭരണം അവസാനിച്ചതോടെ സോവിയറ്റ് ഫെഡറേഷൻ ശിഥിലീകരിക്കപ്പെട്ടു. രാഷ്ട്രീയ വിപ്ലവത്തിനു ശേഷം പുതുതായി രൂപം കൊണ്ട റഷ്യൻ ഫെഡറേഷൻ 1993-ൽ ഒരു പുതിയ ഭരണഘടന സ്വീകരിച്ചു.

എന്നാൽ ഇന്ത്യയുടെ കാര്യം ശ്രദ്ധിക്കൂ. 1949 നവംബർ 26 ന് ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടു. 1950 ജനുവരി 26 ന് ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നു. അതിനുശേഷം അറുപത്തൊൻപത് വർഷങ്ങൾ കഴിഞ്ഞുവെങ്കിലും നമ്മുടെ രാജ്യത്ത് ഗവൺമെന്റിന്റെ പ്രവർത്തനം നടത്തപ്പെടുത്തുന്നതിനുള്ള ഒരു ചട്ടക്കൂടായി ഇതേ ഭരണഘടന ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മാറ്റങ്ങൾ ആവശ്യമില്ലാത്തവിധം നമ്മുടെ ഭരണഘടന മികച്ചതാണെന്നാണോ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്? ഭാവിയിൽ വന്നേക്കാവുന്ന മാറ്റങ്ങളെ മുൻകൂട്ടി കാണുവാൻ കഴിയുന്നത്ര ദീർഘവീക്ഷണമുള്ളവരും വിവേകികളുമായിരുന്നോ നമ്മുടെ ഭരണഘടനാനിർമാതാക്കൾ? ഈ രണ്ട് ചോദ്യോങ്ങൾക്കുമുള്ള ഉത്തരം ഒരർത്ഥത്തിൽ 'അതെ' എന്നാണ്. വളരെ കരുത്തുറ്റ ഒരു ഭരണഘടനയാണ് നാം സ്വായത്തമാക്കിയിട്ടുള്ളത് എന്നത് ഒരു സത്യമാണ്. ഭരണഘടനയുടെ അടിസ്ഥാനചട്ടക്കൂട് നമ്മുടെ രാജ്യത്തിന് വളരെ യോജിച്ചതാണ്. നമ്മുടെ ഭരണഘടനാനിർമാതാക്കൾ വളരെ ദീർഘവീക്ഷണം ഉള്ളവരായിരുന്നുവെന്നതും ഭാ

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ഫ്രാൻസിന് അനേകം ഭരണഘടനകൾ ഉണ്ടായിട്ടുണ്ട്. വിപ്ലവത്തിനുശേഷവും നെപ്പോളിയന്റെ കാലഘട്ടത്തിലും ഫ്രാൻസ് ഒരു ഭരണഘടനക്കുവേണ്ടി നിരന്തര പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. 1793 ലെ വിപ്ലവാനന്തരമുള്ള ഭരണഘടനയെ ആദ്യ ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ കാലഘട്ടം എന്നാണ് വിളിക്കുന്നത്. രണ്ടാമത്തെ ഫ്രഞ്ച് റിപ്പബ്ലിക്ക് 1848 ൽ ആരംഭിച്ചു. മൂന്നാമത്തെ ഫ്രഞ്ച് റിപ്പബ്ലിക്ക് 1875ൽ ഒരു പുതിയ ഭരണഘടനയോടെ രൂപം കൊണ്ടു. 1946ൽ പുതിയ ഒരു ഭരണഘടനയോടുകൂടി 4-ാം ഫ്രഞ്ച് റിപ്പബ്ലിക്ക് നിലവിൽ വന്നു. അവസാനമായി 1958 ൽ ഒരു പുതിയ ഭരണഘടനയോടുകൂടി 5-ാം ഫ്രഞ്ച് റിപ്പബ്ലിക്ക് നിലവിൽ വന്നു.



*ഭരണഘടനാപരമായ മാറ്റങ്ങൾ രാഷ്ട്രീയ വികാസവുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്.*

വിയിലെ പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് അവർ പരിഹാരം നിർദ്ദേശിച്ചിരുന്നുവെന്നതും സത്യമാണ്. എന്നാൽ ഒരു ഭരണഘടനയ്ക്കും ഭാവിയിൽ നടക്കാൻ പോകുന്ന എല്ലാ കാര്യങ്ങളെയും മുൻകൂട്ടി കാണുവാൻ സാധ്യമല്ല. മാറ്റങ്ങൾ ആവശ്യമില്ലാത്തതായ ഒരു പ്രമാണവുമില്ല.

പിന്നെ എങ്ങനെയാണ് ഇതേ ഭരണഘടന ഇന്നും രാജ്യത്തെ സേവിച്ചുകൊണ്ടിരിക്കുന്നത്? സമൂഹത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കേണ്ട ആവശ്യകത നമ്മുടെ ഭരണഘടന അംഗീകരിക്കുന്നു എന്നതാണ് ഇത്തരം ചോദ്യങ്ങൾക്കുള്ള ഒരുത്തരം. രണ്ടാമതായി, ഭരണഘടന പ്രവർത്തിക്കുമ്പോൾ അതിന്റെ വ്യാഖ്യാനത്തിൽ പരമാവധി അയവുള്ളതായി കാണാം. ഭരണഘടന നടപ്പാക്കുന്നതിൽ രാഷ്ട്രീയ പ്രവർത്തനങ്ങളും നീതിന്യായവിധികളും തികഞ്ഞ പക്വതയും അയവും കാണിക്കുന്നുണ്ട്. ഇത്തരം ഘടകങ്ങൾ നമ്മുടെ ഭരണഘടനയെ അടഞ്ഞതും നിശ്ചലവുമായ ഒരു നിയമപ്രമാണമാക്കാതെ അതിനെ ഒരു സജീവപ്രമാണമാക്കി നിലനിർത്തുന്നു.

ഏതൊരു സമൂഹത്തിലും ഭരണഘടന തയാറാക്കുന്നവർ പൊതുവായ ഒരു വെല്ലുവിളി അഭിമുഖീകരിക്കാറുണ്ട്. ആ കാലഘട്ടത്തിൽ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ പ്രതിഫലിപ്പിക്കുക എന്നതാണ് അത്. അതേസമയം, ഭരണഘടന ഭാവിയിലെ ഗവൺമെന്റിന്റെ ചട്ടക്കൂടിനെക്കുറിച്ച് സൂചിപ്പിക്കുന്ന ഒരു പ്രമാണവുമായിരിക്കണം. ഭാവിയിലെ വെല്ലുവിളികളെ നേരിടാനുള്ള കഴിവ് ഭരണഘടനയ്ക്കുണ്ടാകണം. ഈ അർഥത്തിൽ, ഭരണഘടന ഒരേസമയം സമകാലീനവും ഈടുനിൽക്കുന്നതുമായിരിക്കണം.



*ഇരുന്നൂറിലേറെ വർഷങ്ങൾക്ക് മുമ്പ് നിലവിൽ വന്ന അമേരിക്കൻ ഭരണഘടന ഇതുവരെ 27 പ്രാവശ്യം മാത്രമാണ് ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളത്. അതൊരു ശ്രദ്ധിക്കപ്പെടേണ്ട കാര്യമല്ലേ?*

അതേസമയം ഭരണഘടന ഒരിക്കലും നിശ്ചലവും മാറ്റം വരുത്തുവാൻ സാധിക്കാത്തതുമായ പ്രമാണമല്ല. മനുഷ്യനിർമിതമായ ഒരു പ്രമാണം ആയതിനാൽ ഇതിന് പുതുക്കലും മാറ്റം വരുത്തലുകളും പുനപ്പരിശോധനയും ആവശ്യമാണ്. ഭരണഘടന ഒരു സമൂഹത്തിന്റെ സ്വപ്നങ്ങളെയും അഭിലാഷങ്ങളെയും പ്രതിഫലിപ്പിക്കുന്നതാവണം എന്നത് വസ്തുതയാണ്. ഒരു ഭരണഘടന സമൂഹത്തിന്റെ ജനാധിപത്യ ഭരണക്രമത്തിനുള്ള ചട്ടക്കൂടുമായിരിക്കേണ്ടതാണ്. ഈ അർഥത്തിൽ സമൂഹം അവർക്കുവേണ്ടി നിർമിച്ച ഒരു ഉപാധിയായി ഭരണഘടനയെ കണക്കാക്കാം.

ഭരണഘടനയുടെ ഈ രണ്ടു ചുമതലകളും അതിന്റെ പദവിയെ സംബന്ധിച്ച് ചില ദുഷ്കരമായ ചോദ്യങ്ങൾ ഉയർത്തുന്നു. ഒരാൾക്കും, ഒരു കാലത്തും മാറ്റാൻ പറ്റാത്ത തരത്തിൽ ഭരണഘടന പവിത്രമാണോ? നേരെമറിച്ച്, സാധാരണനിയമങ്ങളെപോലെ എളുപ്പത്തിൽ മാറ്റുവാൻ സാധിക്കുന്ന ഒരു കേവലപ്രമാണമാണോ ഭരണഘടന?

ഈ പ്രശ്നത്തെക്കുറിച്ച് ബോധവാൻമാരായിരുന്നതിനാൽ നമ്മുടെ ഭരണഘടനാ നിർമാതാക്കൾ ഒരു സന്തുലിതാവസ്ഥ നിലനിർത്താനാണ് ശ്രമിച്ചത്. അവർ ഭരണഘടനയെ സാധാരണനിയമത്തിനു മുകളിൽ പ്രതിഷ്ഠിക്കുകയും ഭാവിതലമുറ അതിനെ അനുസരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു. അതേ സമയം, ഈ പ്രമാണം ഭാവിയിൽ തിരുത്തലുകൾക്ക് വിധേയമാകണമെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ഭരണഘടനയുടെ നിർമാണവേളയിൽത്തന്നെ പലകാര്യങ്ങളിലും വ്യത്യസ്താഭിപ്രായങ്ങളുണ്ടെന്ന് അവർക്ക് ബോധ്യപ്പെട്ടിരുന്നു. എപ്പോഴെങ്കിലും സമൂഹം ഒരു പ്രത്യേകാഭിപ്രായത്തിലേക്ക് മാറുമ്പോൾ ഭരണഘടനാ വ്യവസ്ഥകളിൽ മാറ്റം അനിവാര്യമാകും. ചുരുക്കത്തിൽ, ഇന്ത്യൻ ഭരണഘടന മുകളിൽ സൂചിപ്പിച്ച രണ്ടു സമീപനങ്ങളുടെയും ഒരു സമന്വയമായിരുന്നു. അതായത്, ഒരേസമയം ഭരണഘടന പവിത്രമായ ഒരു പ്രമാണമാണ്. അതേസമയം അതിൽ കാലാകാലങ്ങളിൽ മാറ്റങ്ങൾ അനിവാര്യമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ ഭരണഘടന നിശ്ചലമായ ഒരു പ്രമാണമോ എല്ലാറ്റിന്റെയും അവസാനവാക്കോ മാറ്റം വരുത്തുവാൻ പാടില്ലാത്തതോ ആയ ഒരു പ്രമാണമല്ല.

**പഠന പുരോഗതി വിലയിരുത്തുക**

മുകളിൽ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വായിച്ചതിനുശേഷം ക്ലാസിലെ നിരവധി കുട്ടികൾ ആശയക്കുഴപ്പത്തിലായി. അവർ താഴെപ്പറയുന്ന പ്രസ്താവനകൾ നടത്തി. ഈ പ്രസ്താവനകളെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

- ഭരണഘടന മറ്റുള്ള നിയമങ്ങളെപ്പോലെയാണ്. ഗവൺമെന്റിനെ നിയന്ത്രിക്കുന്ന ചട്ടങ്ങളെയും നിയമങ്ങളെയും കുറിച്ച് ഇത് ലളിതമായി പറഞ്ഞുതരുന്നു.
- ഭരണഘടന ജനങ്ങളുടെ ഇച്ഛയെ പ്രതിഫലിപ്പിക്കുന്നു. അതുകൊണ്ട് പത്തോ പതിനഞ്ചോ വർഷം കൂടുമ്പോൾ ഭരണഘടന ഭേദഗതി ചെയ്യാനുള്ള വ്യവസ്ഥകൾ അതിൽ ഉൾപ്പെടുത്തിയിരിക്കണം.
- രാജ്യത്തിന്റെ തത്ത്വചിന്തയാണ് ഭരണഘടനയിലൂടെ പ്രസ്താവിച്ചിരിക്കുന്നത്. അതുകൊണ്ട് ഒരിക്കലും മാറ്റം വരുത്താനാകില്ല.
- ഭരണഘടന ഒരു വിശുദ്ധ പ്രമാണമാണ്. അതുകൊണ്ട് തന്നെ ഇതിന്റെ ഭേദഗതിയെക്കുറിച്ചുള്ള ഏതൊരു സംഭാഷണവും ജനാധിപത്യത്തിനെതിരാണ്.

## ഭരണഘടന എങ്ങനെ ഭേദഗതി ചെയ്യാം? (HOW TO AMEND THE CONSTITUTION?)

***അനുച്ഛേദം 368 പ്രകാരം***

***....ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും പാർലമെന്റിന് അതിന്റെ ഭരണഘടനാനിർമാണാധികാരം പ്രയോഗിച്ച് ഈ അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ഈ ഭരണഘടനയുടെ ഏതു വ്യവസ്ഥയും കൂട്ടിച്ചേർക്കലോ, വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി ഭേദഗതി ചെയ്യാവുന്നതാണ്.***

ഭരണഘടന സന്തുലിതമാക്കുന്നതിന് ഭരണഘടനാനിർമാതാക്കൾ ശ്രമിച്ചതായി മുൻപ് നാം സൂചിപ്പിച്ചുവല്ലോ? ആവശ്യമുണ്ടെങ്കിൽ ഭരണഘടനയിൽ ഭേദഗതി വരുത്തുക തന്നെ വേണം. എന്നാൽ അനാവശ്യവും നിരന്തരവുമായ ഭേദഗതികളിൽ നിന്ന് അതിനെ സംരക്ഷിക്കേണ്ടതുമുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഒരേസമയം ഭരണഘടന ദൃഢവും അയവുമുള്ളതുമാകണമെന്ന് അവർ ആഗ്രഹിച്ചു. എളുപ്പത്തിൽ മാറ്റുവാനും ഭേദഗതി വരുത്തുവാനും കഴിയുന്ന ഭരണഘടനകളാണ് അയവുള്ള (flexible Constitution) ഭരണഘടനകൾ. എന്നാൽ ഭേദഗതികൾ വരുത്തുവാൻ വളരെ പ്രയാസമുള്ള ഭരണഘടനകളാണ് ദൃഢമായ ഭരണഘടനകൾ (Rigid Constitution). ഈ രണ്ട് സവിശേഷതകളും ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ഭരണഘടന.

ഭരണഘടനയിൽ തെറ്റുകളോ കുറവുകളോ ഉണ്ടാകുവാനുള്ള സാധ്യതയെക്കുറിച്ച് ഭരണഘടനാ നിർമാതാക്കൾ ബോധവാൻമാരായിരുന്നു. ഭരണഘടന പൂർണമായും തെറ്റുകുറ്റങ്ങളിൽ നിന്നും വിമുക്തമല്ല എന്നവർ മനസിലാക്കി. അത്തരത്തിലുള്ള പോരായ്മകൾ ഉണ്ടാകുമ്പോൾ അവ ഒഴിവാക്കുന്നതിനുവേണ്ടി ഭരണഘടനയിൽ എളുപ്പത്തിൽ ഭേദഗതി വരുത്തുവാൻ കഴിയണമെന്ന് അവർ ആഗ്രഹിച്ചു. താൽക്കാലികമായി ചില വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പുതിയ പാർലമെന്റ് അധികാരത്തിൽ വന്ന ശേഷം ഈ വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തണമോ എന്ന് അന്തിമമായി തീരുമാനിക്കാമെന്നും അവർ കരുതി. ഭരണഘടന ഒരു ഫെഡറൽ വ്യവസ്ഥിതിക്കാണ് രൂപം കൊടുത്തത്, എന്നതിനാൽ സംസ്ഥാനത്തിന്റെ അവകാശങ്ങളും അധികാരങ്ങളും അവരുടെ സമ്മതമില്ലാതെ മാറ്റുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തു. ഭരണഘടനയുടെ ആത്മാവ് എന്ന് കരുതപ്പെടുന്ന ചില സവിശേഷതകൾ മാറ്റപ്പെടാതെ സംരക്ഷിക്കണമെന്ന് ഭരണഘടനാനിർമാതാക്കൾ ആഗ്രഹിച്ചു. അത്തരം വകുപ്പുകളിൽ മാറ്റം വരുത്തുന്നതിനുള്ള വ്യവസ്ഥകൾ കർക്കശമാക്കുവാൻ അവർ തീരുമാനിച്ചു. ഇത്തരം പരിഗണനകളാണ് ഭരണഘടനയുടെ വിവിധതരത്തിലുള്ള ഭേദഗതികൾക്ക് വഴിയൊരുക്കിയത്.



*എങ്ങനെയാണ് ഒരു ഭരണഘടന അയവുള്ളതും ദൃഢവുമാകുന്നത് എന്ന് എനിക്ക് മനസ്സിലാവുന്നില്ല. ഒരു കാലഘട്ടത്തിലെ രാഷ്ട്രീയമാണോ ഒരു ഭരണഘടനയെ ദൃഢവും അയവുള്ളതുമാക്കുന്നത്?*



പാർലമെന്റിൽ ഒരു സാധാരണ നിയമം പാസാക്കുന്നതുപോലെ ചെയ്യാവുന്നതാണ് ഇത് എന്ന് സൂചിപ്പിച്ചിട്ടുള്ള ധാരാളം അനുച്ഛേദങ്ങൾ ഭരണഘടനയിൽ ഉണ്ട്. ഈ ഭേദഗതിക്ക് പ്രത്യേക നടപടിക്രമങ്ങൾ ആവശ്യമില്ല. അത്തരം കാര്യങ്ങളിൽ ഭരണഘടനാഭേദഗതിയും സാധാരണനിയമനിർമ്മാണ പ്രക്രിയയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഭരണഘടനയുടെ ഈ ഭാഗം വളരെ അയവുള്ളതാണ്. താഴെക്കൊടുത്തിരിക്കുന്ന ചില ഭരണഘടനാ അനുച്ഛേദങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.ഈ രണ്ടു അനുച്ഛേദങ്ങളിലും 'നിയമം മൂലം' (by law) എന്നതു കൊണ്ടുദ്ദേശിക്കുന്നത് പാർലമെന്റിന് ഭരണഘടനയുടെ 368-ാം അനുച്ഛേദത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ തന്നെ അവയെ ഭേദഗതി വരുത്തുവാൻ സാധിക്കും എന്നതാണ്. ഇതുപോലെ, എളുപ്പത്തിൽ ഭേദഗതി ചെയ്യുവാൻ കഴിയുന്ന മറ്റു പല അനുച്ഛേദങ്ങളും ഇന്ത്യൻ ഭരണഘടനയിലുണ്ട്. അനുച്ഛേദം :2 – പാർലമെന്റിന് നിയമം മൂലം പുതിയ സംസ്ഥാനങ്ങളെ ഇന്ത്യൻ യൂണിയനിലേക്ക് ചേർക്കുവാൻ സാധിക്കും.

***അനുച്ഛേദം 2:***
***പാർലമെന്റിന് നിയമംമൂലം പുതിയ സംസ്ഥാനങ്ങളെ ഇന്ത്യൻ യൂണിയനിലേക്ക് ചേർക്കുവാൻ സാധിക്കും.***

***അനുച്ഛേദം 3:***
***പാർലമെന്റിന് നിയമം മൂലം ഏതൊരു സംസ്ഥാനത്തിന്റെയും വിസ്തൃതി വർധിപ്പിക്കുവാൻ സാധിക്കും***

ഭരണഘടനയുടെ ശേഷിക്കുന്ന ഭാഗങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ അനുച്ഛേദം 368 ൽ സൂചിപ്പിക്കുന്നു. ഈ അനുച്ഛേദപ്രകാരം ഭരണഘടനാഭേദഗതികൾക്ക് രണ്ട് വ്യത്യസ്ത രീതികളുണ്ട്. ഒരു മാർഗമനുസരിച്ച് ചില അനുച്ഛേദങ്ങൾ പാർലമെന്റിന്റെ ഇരു സഭകളുടെയും പ്രത്യേക ഭൂരിപക്ഷത്തോടുകൂടി ഭേദഗതി ചെയ്യാവുന്നതാണ്. രണ്ടാമത്തെ മാർഗം കുറച്ചു കൂടി പ്രയാസകരമാണ്. അതിന് പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തിനു പുറമെ പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമാണ്. ഏതൊരു ഭരണഘടനാഭേദഗതി നടപടിക്രമവും പാർലമെന്റിൽ മാത്രമെ ആരംഭിക്കുവാൻ (initiate) പാടുള്ളു എന്നുള്ള വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണഘടനാഭേദഗതിക്ക് പാർലമെന്റിന്റെ പ്രത്യേകഭൂരിപക്ഷം കൂടാതെ മറ്റു ബാഹ്യ സ്ഥാപനങ്ങളുടെ (ഭരണഘടനാ കമ്മീഷൻ അല്ലെങ്കിൽ പ്രത്യേകസമിതി) അംഗീകാരം ആവശ്യമില്ല.



*ചില സംസ്ഥാനങ്ങൾ ഒരു ഭരണഘടനാഭേദഗതി ആഗ്രഹിക്കുന്നുവെങ്കിൽ എന്ത് സംഭവിക്കും? അവർക്ക് ഒരു ഭേദഗതി നിർദേശിക്കുവാൻ പറ്റുമോ? സംസ്ഥാനങ്ങൾ ഫെഡറലായും കേന്ദ്രത്തിനനുകൂലമായുമുള്ള വ്യവസ്ഥയ്ക്ക് മറ്റൊരു ഉദാഹരണമല്ലേ ഇത്?*

അതുപോലെതന്നെ, പാർലമെന്റിൽ പാസാക്കുകയും ചില സന്ദർഭത്തിൽ സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമുള്ള ഭേദഗതികൾക്ക് പിന്നീട് ജനഹിതപരിശോധന നടത്തി അംഗീകാരം നേടേണ്ട ആവശ്യമില്ല. മറ്റെല്ലാ ബില്ലുകളെയും പോലെ ഭരണഘടനാഭേദഗതി ബില്ലുകളും രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. എന്നാൽ രാഷ്ട്രപതിയ്ക്ക് അത് പുനപ്പരിശോധനക്കുവേണ്ടി തിരിച്ചയയ്ക്കുവാൻ അധികാരമില്ല. ഈ വിശദാംശങ്ങൾ കാണിക്കുന്നത് ഭരണഘടനാഭേദഗതി പ്രക്രിയ എത്രമാത്രം ദൃഢവും സങ്കീർണവും ആകുമായിരുന്നേനെ എന്നാണ്. എന്നാൽ നമ്മുടെ ഭരണഘടന ഇത്തരം സങ്കീർണതകളെ ഒഴിവാക്കിയിരിക്കുന്നു. ഇത് ഭരണഘടനാഭേദഗതികളെ താരതമ്യേന ലളിതമാക്കിയിട്ടുണ്ട്. ഭരണഘടനാഭേദഗതി പ്രക്രിയ ഒരു പ്രധാന തത്ത്വത്തെ അടിവരയിടുന്നു, എന്തെന്നാൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുമാത്രമെ ഭരണഘടനാഭേദഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കുവാനും അന്തിമതീരുമാനമെടുക്കുവാനും അധികാരമുള്ളൂ. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പരമാധികാരമാണ് (പാർലമെന്റിന്റെ പരമാധികാരം) ഭരണഘടനാഭേദഗതി നടപടിക്രമങ്ങളുടെ അടിസ്ഥാനം.

## പ്രത്യേക ഭൂരിപക്ഷം (Special Majority)

തെരഞ്ഞെടുപ്പ്, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം എന്നീ അധ്യായങ്ങളിൽ പ്രത്യേകഭൂരിപക്ഷം ലഭിക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകളെപ്പറ്റി നാം പരിചയപ്പെട്ടിട്ടുണ്ട്. എന്താണ് പ്രത്യേകഭൂരിപക്ഷം കൊണ്ടർഥമാക്കുന്നതെന്ന് ഒരിക്കൽക്കൂടി പറയാം. സാധാരണയായി നിയമനിർമാണ സഭയിൽ ഒരു പ്രമേയമോ ബില്ലോ പാസാക്കുന്നതിനു സഭയിൽ ആ സമയത്ത് ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ കേവലഭൂരിപക്ഷം ലഭിച്ചിരിക്കണം. ഒരു ബില്ലിന്റെ വോട്ടെടുപ്പ് സമയത്ത് ഒരു സഭയിൽ 247 അംഗങ്ങൾ ഹാജരാവുകയും എല്ലാവരും വോട്ടെടുപ്പിൽ പങ്കെടുക്കുകയും ചെയ്തു എന്നു വിചാരിക്കുക. അങ്ങനെയാണെങ്കിൽ ബില്ലിന് അനുകൂലമായി 124 അംഗങ്ങൾ വോട്ടു ചെയ്തെങ്കിൽ മാത്രമെ ബില്ല് പാസ്സാവുകയുള്ളൂ. എന്നാൽ, ഭരണഘടനാഭേദഗതിബില്ലിന്റെ കാര്യം അങ്ങനെയല്ല. ഭരണഘടനാഭേദഗതി ബില്ലിന് രണ്ടു വ്യത്യസ്ത തരത്തിലുള്ള പ്രത്യേകഭൂരിപക്ഷം ആവശ്യമാണ്. ഒന്നാമതായി സഭയുടെ മൊത്തം അംഗബലത്തിന്റെ ഏറ്റവും ചുരുങ്ങിയത് പകുതിപ്പേർ ആ ബില്ലിനെ അനുകൂലിച്ച് വോട്ടു ചെയ്തിരിക്കണം. രണ്ടാമതായി, സഭയിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗം (2/3) പേരുടെ പിന്തുണയും ബില്ലിനുണ്ടായിരിക്കണം. പാർലമെന്റിന്റെ ഇരു സഭകളിലും ഭേദഗതിബിൽ ഇതേ രീതിയിൽ വെവ്വേറെ പാസാക്കിയിരിക്കണം. (ഇതിനായി പാർലമെന്റിന്റെ സംയുക്തസമ്മേളനത്തിന് വ്യവസ്ഥയില്ല.) ഓരോ ഭേദഗതിബില്ലിനും ഈ പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്.



ഈ ആവശ്യകതയുടെ പ്രാധാന്യം എന്താണ്? ലോകസഭയിൽ 545 അംഗങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഏത് ഭരണഘടനാഭേദഗതിക്കും 273 അംഗങ്ങളുടെ പിന്തുണ ഉണ്ടാകണം. ഭേദഗതിബില്ലിന്റെ വോട്ടെടുപ്പ് സമയത്ത് 300 അംഗങ്ങൾ മാ

ത്രമെ സഭയിൽ ഹാജരായിട്ടുള്ളൂവെങ്കിലും ഭരണഘടനാഭേദഗതി ബില്ലിന് 273 പേരുടെ പിന്തുണ ഉണ്ടായിരിക്കണം. ഒരു ഭേദഗതിബില്ലിന്റെ വോട്ടെടുപ്പിൽ പങ്കെടുത്തത് 400 അംഗങ്ങളാണെന്ന് സങ്കൽപിക്കുക. എങ്കിൽ ആ ബില്ല് പാസാക്കുന്നതിന് എത്ര അംഗങ്ങളുടെ പിന്തുണ ലഭിച്ചിരിക്കണം?

മിക്ക ആധുനികഭരണഘടനകളിലും ഭരണഘടനാഭേദഗതികൾക്കുള്ള വ്യത്യസ്ത നടപടിക്രമങ്ങളിൽ രണ്ടു തത്ത്വങ്ങളാണ് ആധിപത്യം സ്ഥാപിക്കുന്നത്.

- പ്രത്യേകഭൂരിപക്ഷമാണ് അതിൽ ഒരു തത്ത്വം. ഉദാഹരണത്തിന് അമേരിക്ക (യുണൈറ്റഡ് സ്റ്റേറ്റ്സ്) ദക്ഷിണാഫ്രിക്ക, റഷ്യ തുടങ്ങിയ രാജ്യങ്ങളുടെ ഭരണഘടനയയിൽ ഈ തത്ത്വമാണ് ഉപയോഗിക്കുന്നത്. അമേരിക്കൻ ഭരണഘടനയിൽ ഭേദഗതികൾക്ക് മൂന്നിൽരണ്ടു (2/3) ഭൂരിപക്ഷവും ദക്ഷിണാഫ്രിക്ക, റഷ്യ എന്നീ രാജ്യങ്ങളിൽ ചില ഭേദഗതികൾക്ക് നാലിൽ മൂന്ന് (3/4) ഭൂരിപക്ഷവും ആവശ്യമാണ്.
- മിക്ക ആധുനികഭരണഘടനകളിലും പ്രസിദ്ധമായ മറ്റൊരു തത്ത്വമാണ് ഭരണഘടനാഭേദഗതിക്ക് മുൻകൈ എടുക്കുവാനുള്ള ജനങ്ങളുടെ അധികാരം. സ്വിറ്റ്സർലാന്റിൽ ഭരണഘടന ഭേദഗതികൾക്കായി ജനങ്ങൾക്ക് മുൻകൈയെടുക്കാം. ജനങ്ങൾ മുൻകൈ എടുക്കുകയോ ഭേദഗതികൾ അംഗീകരിക്കുകയോ ചെയ്യുന്ന മറ്റ് രാജ്യങ്ങൾക്കുദാഹരണമാണ് ഇറ്റലിയും റഷ്യയും.



*പ്രത്യേക ഭൂരിപക്ഷം എന്ന സമ്പ്രദായം എന്നെ മടുപ്പിക്കുന്നു. അത് എല്ലാ സമയത്തും സങ്കീർണമായ കണക്കുകൂട്ടലുകൾക്ക് നിങ്ങളെ നിർബന്ധിക്കുന്നു. ഇത് യഥാർത്ഥത്തിൽ രാഷ്ട്രീയമാണോ അല്ലെങ്കിൽ ഗണിതമാണോ?*

കൂടാതെ, പാർലമെന്റിന്റെ ഇരുസഭകളും ഭേദഗതിബിൽ പ്രത്യേകഭൂരിപക്ഷത്തോടെ വെവ്വേറെ പാസാക്കിയിരിക്കണം. നിർദേശിക്കപ്പെട്ട ഒരു ഭേദഗതി ബില്ലിന് അനുകൂലമായി ഒരു അഭിപ്രായ ഐക്യം ഉണ്ടായില്ലെങ്കിൽ ബിൽ പാസാക്കുവാൻ സാധിക്കുകയില്ലെന്നതാണ് ഇതു കൊണ്ടർഥമാക്കുന്നത്. ഭരിക്കുന്ന പാർട്ടിക്ക് സഭയിൽ നേരിയ ഭൂരിപക്ഷമേയുള്ളൂ എങ്കിലും അവരുടെ ഇഷ്ടമനുസരിച്ച് നിയമനിർമാണം നടത്തുവാനും ബഡ്ജറ്റ് അംഗീകാരം നേടിയെടുക്കാനും പ്രതിപ

"ഭരണഘടനയിൽ അസംതൃപ്തിയുള്ളവർക്ക് 2/3 ഭൂരിപക്ഷം മാത്രം നേടിയാൽ മതി, എന്നാൽ അവർക്ക് അത് നേടാൻ കഴിഞ്ഞില്ലെങ്കിൽ.... അവരുടെ ഭരണഘടനയിലുള്ള അസംതൃപ്തി പൊതുസമൂഹം പങ്കുവയ്ക്കുന്നില്ലെന്ന് കരുതിയാൽ മതി."

*ഡോ. അംബേദ്കർ ഇവിടെ സംസാരിക്കുന്നത് പാർലമെന്ററി ഭൂരിപക്ഷത്തെക്കുറിച്ച് മാത്രമല്ല പൊതുജനങ്ങൾ പങ്കുവയ്ക്കുന്ന കാഴ്ചപ്പാടുകളെക്കുറിച്ചുമാണ്. തീരുമാനമെടുക്കലിന് നിർണയിക്കുന്ന ഭൂരിപക്ഷത്തിൽ പൊതുജനാഭിപ്രായത്തിന്റെ ഒരു തത്ത്വം കൂടിയുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു.*



ഡോ. അംബേദ്കർ, സിഎഡി, Vol. XI, പേജ് 976. 25 നവംബർ 1949

ക്ഷത്തിന്റെ എതിർപ്പ് ഉണ്ടെങ്കിൽ പോലും സാധിക്കും. എന്നാൽ ഭരണഘടനാഭേദഗതിക്ക് ശ്രമിക്കുമ്പോൾ ഏതാനും പ്രതിപക്ഷപാർട്ടികളുടെയെങ്കിലും വിശ്വാസം നേടിയിരിക്കണം. രാഷ്ട്രീയപാർട്ടികൾക്കിടയിലും പാർലമെന്റ് അംഗങ്ങൾക്കിടയിലും വിശാലമായ യോജിപ്പുണ്ടായിരിക്കുക എന്നതാണ് ഭരണഘടനാഭേദഗതി നടപടിക്രമങ്ങളുടെ പിന്നിലെ അടിസ്ഥാനതത്ത്വം.

## സംസ്ഥാനങ്ങളുടെ അംഗീകാരം (Ratification by States)

ഇന്ത്യൻഭരണഘടനയിലെ ചില അനുച്ഛേദങ്ങൾ ഭേദഗതി ചെയ്യുവാൻ പ്രത്യേക ഭൂരിപക്ഷം മാത്രം പോരാ. കേന്ദ്ര– സംസ്ഥാനഗവൺമെന്റുകളുടെ അധികാര വിഭജനവുമായി ബന്ധപ്പെട്ട അനുച്ഛേദങ്ങൾ, പ്രാതിനിധ്യവുമായി (representation) ബന്ധപ്പെട്ട അനുച്ഛേദം തുടങ്ങിയവയുടെ ഭേദഗതിയ്ക്കായി സംസ്ഥാനങ്ങളുടെ അഭിപ്രായവും അനുമതിയും നേടേണ്ടത് ആവശ്യമാണ്. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽസ്വഭാവത്തെക്കുറിച്ച് നാം പഠിച്ചിട്ടുണ്ട്. ഫെഡറലിസം കൊണ്ടർത്ഥമാക്കുന്നത് സംസ്ഥാനഗവൺമെന്റുകളുടെ അധികാരങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ഔദാര്യമല്ല എന്നതാണ്. ഒരു ഭരണഘടനാഭേദഗതി നിലവിൽ വരുന്നതിനുമുമ്പ് പകുതി സംസ്ഥാനങ്ങൾ ആ ഭേദഗതിബിൽ പാസാക്കിയിരിക്കണം എന്ന് നിഷ്കർഷിക്കുന്നതിലൂടെയാണ് ഭരണഘടന ഈ നിബന്ധന ഉറപ്പുവരുത്തുന്നത്. ഫെഡറൽഘടനയുമായി ബന്ധപ്പെട്ട വ്യവസ്ഥക്കു പുറമേ മൗലികാവകാശ സംബന്ധമായ വ്യവസ്ഥകളും ഇതുപോലെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭരണഘടനയുടെ ചില ഭാഗങ്ങളിൽ ഭേദഗതി വരുത്തുവാൻ കേന്ദ്രസംസ്ഥാനഗവൺമെന്റുകളുടെ വിശാലമായ ഐക്യം ആവശ്യമാണെന്ന് നമുക്ക് പറയുവാൻ കഴിയും. ഈ വ്യവസ്ഥ സംസ്ഥാനങ്ങളെ മാനിക്കുകയും അവർക്ക് ഭരണഘടനാഭേദഗതിയിൽ പങ്കാളിത്തം നൽകുകയും ചെയ്യുന്നു. അതേസമയത്ത് ഈ നടപടിക്രമങ്ങൾ ദൃഢമാണെങ്കിലും പരമാവധി അയവുള്ളതാക്കാൻ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഭേദഗതികൾക്കായി പകുതി സംസ്ഥാനങ്ങളുടെ അനുമതി വേണമെങ്കിലും സംസ്ഥാനനിയമനിർമ്മാണസഭകളിലെ കേവല ഭൂരിപക്ഷം മാത്രമാണ് ഭരണഘടനാഭേദഗതി അംഗീകാരത്തിന് ആവശ്യമുള്ളത്. ഇപ്രകാരം ഈ വ്യവസ്ഥ വളരെ കണിശമാണെന്ന് തോന്നുമെങ്കിലും ഇതും അപ്രായോഗികമല്ല എന്നുകാണാം.

വിശാലമായ അഭിപ്രായൈക്യത്തിലൂടെയും സംസ്ഥാനങ്ങളുടെ പരിമിതമായ പങ്കാളിത്തത്തോടെയും ഭരണഘടന ഭേദഗതി ചെയ്യുവാൻ സാധിക്കുമെന്ന് നമുക്ക് സംഗ്രഹിക്കാം. എളുപ്പത്തിൽ വികലമാക്കുവാൻ പറ്റാത്ത രീതിയിലായിരിക്കണം നമ്മുടെ ഭരണഘടന എന്ന കാര്യത്തിൽ ഭരണഘടനാനിർമ്മാതാക്കൾ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. എന്നിരുന്നാലും, ഭരണഘടനയെ കാലാനുസൃതമായ മാറ്റങ്ങൾക്കും ആവശ്യത്തിനനുസരിച്ച് ഭേദഗതി ചെയ്യുവാനും പരിഷ്കരിക്കുവാനുമുള്ള അവകാശം ഭാവിതലമുറയ്ക്ക് നൽകിയിട്ടുണ്ട്.

**പഠനപുരോഗതി വിലയിരുത്തുക**

ഇന്ത്യൻഭരണഘടനയിൽ താഴെ നൽകിയിരിക്കുന്ന ഭേദഗതികൾ വരുത്തുന്നതിന് ഏതെല്ലാം വ്യവസ്ഥകളാണ് പൂർത്തീകരിക്കപ്പെടേണ്ടത്? അനുയോജ്യമായ സ്ഥലത്ത് ചാർട്ടിൽ ശരിമാർക്ക് ചെയ്യുക.

| ഭേദഗതിയുടെ വിഷയം | പ്രത്യേക ഭൂരിപക്ഷം | സംസ്ഥാനങ്ങളുടെ അംഗീകാരം |
|---|---|---|
| പൗരത്വവിഷയം | | |
| മതസ്വാതന്ത്ര്യത്തിനുള്ള അവകാശം | | |
| യൂണിയൻ ലിസ്റ്റിൽ മാറ്റം വരുത്തൽ | | |
| സംസ്ഥാനങ്ങളുടെ അതിർത്തി മാറ്റം വരുത്തൽ | | |
| തെരഞ്ഞെടുപ്പു കമ്മീഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ | | |

## എന്തുകൊണ്ട് ഇത്രയധികം ഭരണഘടനാഭേദഗതികൾ? (WHY HAVE THERE BEEN SO MANY AMENDMENTS?)

2019 ജനുവരി 26-ന് ഇന്ത്യൻഭരണഘടന നിലവിൽ വന്നിട്ട് അറുപത്തൊൻപത് വർഷങ്ങൾ പൂർത്തിയായി. ഈ അറുപത്തൊൻപത് വർഷക്കാലയളവിൽ ഇന്ത്യൻഭരണഘടന 103 തവണ ഭേദഗതി ചെയ്തിട്ടുണ്ട്. ഭരണഘടനാഭേദഗതി നടപടിക്രമങ്ങൾ ബുദ്ധിമുട്ടേറിയതാണെങ്കിലും ഭേദഗതികളുടെ എണ്ണം വളരെ കൂടുതലാണെന്ന് കാണാം. എന്തുകൊണ്ടാണ് ഇത്രയധികം ഭരണഘടനാഭേദഗതികൾ നടന്നതെന്ന് നമുക്ക് കണ്ടെത്താം.



*എന്തുകൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ നിരവധി തവണ ഭേദഗതി വരുത്തിയത്? തകരാറ് നമ്മുടെ സമൂഹത്തിനോ അതോ നമ്മുടെ ഭരണഘടനയ്ക്കോ?*

ഭരണഘടനാഭേദഗതികളുടെ ഒരു ലഘുചരിത്രം നമുക്ക് പരിശോധിക്കാം. താഴെ കൊടുത്തിരിക്കുന്ന ഗ്രാഫ് ശ്രദ്ധാപൂർവം പരിശോധിക്കുക.




ഗ്രാഫ് – 1
**ഭേദഗതികൾ ദശാബ്ദക്രമത്തിൽ**




ഗ്രാഫ് – 2
**ഓരോ പത്ത് ഭേദഗതികൾക്കും വേണ്ടി വന്ന വർഷങ്ങൾ**

ഒരേ വിവരങ്ങൾ രണ്ടു വ്യത്യസ്തരീതിയിലാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഓരോ 10 വർഷത്തിലും നടത്തിയ ഭരണഘടനാഭേദഗതികളെ കുറിച്ചാണ് ഒന്നാമത്തെ ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നത്. ആ കാലഘട്ടത്തിൽ നടത്തിയ ഭേദഗതികളുടെ എണ്ണമാണ് ഗ്രാഫിന്റെ ബാർ അടയാളം കൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. ഓരോ പത്തു ഭേദഗതികൾക്കും എടുക്കുന്ന കാലയളവാണ് രണ്ടാമത്തെ ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നത്. ഓരോ പത്ത് ഭേദഗതികൾക്കും വേണ്ടി എടുത്ത വർഷമാണ് രണ്ടാമത്തെ ഗ്രാഫിന്റെ ബാർ അടയാളത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

1970 മുതൽ 1990 വരെയുള്ള രണ്ടു പതിറ്റാണ്ടുകളിലാണ് ധാരാളം ഭേദഗതികൾ നടന്നതെന്ന് മനസ്സിലാക്കാം. നേരെമറിച്ച് രണ്ടാമത്തെ ഗ്രാഫ് സൂചിപ്പിക്കുന്നത് മറ്റൊരു വസ്തുതയാണ്. 1974 മുതൽ 1976 വരെയുള്ള 3 വർഷക്കാലയളവിൽ 10 ഭേദഗതികൾ നടന്നതായി ക്കാണാം. അതേരീതിയിൽ 2001 മുതൽ 2003 വരെയുള്ള കേവലം 3 വർഷങ്ങളിൽ പത്ത് ഭേദഗതികൾ നടന്നതായി കാണാം. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ ഈ രണ്ടു കാലഘട്ടങ്ങളും പ്രത്യേക സവിശേഷതയുള്ളതാണ്. കോൺഗ്രസ്മേധാവിത്വത്തിന്റെ കാലഘട്ടമായിരുന്നു ആദ്യത്തേത്. കോൺഗ്രസ് പാർട്ടിക്ക് പാർലമെന്റിൽ ശക്തമായ ഭൂരിപക്ഷമുള്ള കാലഘട്ടമായിരുന്നു അത്. (ലോകസഭയിൽ 352 സീറ്റും മിക്കവാറും സംസ്ഥാനനിയമസഭകളിൽ ഭൂരിപക്ഷവും) നേരെ മറിച്ച് 2001 മുതൽ 2003 വരെ കൂട്ടുകക്ഷി രാഷ്ട്രീയത്തിന്റെ കാലഘട്ടമായിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത പാർട്ടികളായിരുന്നു ഈ കാലത്ത് അധികാരത്തിലിരുന്നത്. കൂടാതെ ഭാരതീയ ജനതാ പാർട്ടിയും അവരുടെ എതിരാളികളും തമ്മിൽ കടുത്ത ശത്രുത നിലനിന്നിരുന്ന കാലം കൂടിയായിരുന്നു ഇത്. എന്നിട്ടും ഈ കാലയളവിൽ 3 വർഷത്തിനുള്ളിൽ പത്തോളം ഭേദഗതികൾ നടന്നതായി കാണാം. ഭരിക്കുന്ന പാർട്ടികളുടെ ഭൂരിപക്ഷത്തിന്റെ സ്വഭാവത്തിനനുസരിച്ചാണ് ഭേദഗതികൾ സാധ്യമാവുക എന്നത് തെറ്റായ നിഗമനമാണെന്ന് ഇതിൽ നിന്നും മനസിലാക്കാം.

ഇന്ത്യൻ ഭരണഘടനാഭേദഗതിയുടെ എണ്ണത്തെ സംബന്ധിച്ച് ധാരാളം വിമർശനം പലപ്പോഴും ഉയർന്നു വന്നിട്ടുണ്ട്. അറുപത്തൊൻപത് വർഷത്തിനിടക്ക് 103 തവണ ഭേദഗതി ഒരു ഭരണഘടനക്കുണ്ടാവുകയെന്നത് അസാധാരണമായി തോന്നാം. രാഷ്ട്രീയ പരിഗണനകൾക്ക് വിധേയമായിട്ടല്ല ഇത്രയധികം ഭേദഗതികൾ ഉണ്ടായിട്ടുള്ളതെന്ന് മുകളിൽ കൊടുത്ത ഗ്രാഫുകൾ സൂചിപ്പിക്കുന്നു. ഭരണഘടന നിലവിൽ വന്നതിനുശേഷമുള്ള ആദ്യ പതിറ്റാണ്ട് ഒഴിച്ചുനിർത്തിയാൽ പിന്നീടുള്ള പതിറ്റാണ്ടുകളിൽ ഭരണഘടനാഭേദഗതിയുടെ എണ്ണത്തിൽ സമാനമായ ഒരു വർദ്ധനവ് കണാവുന്നതാണ്. ഇത് അർഥമാക്കുന്നത് രാഷ്ട്രീയത്തിന്റെ സ്വഭാവമോ അധികാരത്തിലിരിക്കുന്ന രാഷ്ട്രീയപാർട്ടിയുടെ സ്വഭാവമോ പരിഗണിക്കാതെ ഭരണഘടനാഭേദഗതികൾ ഉണ്ടാവേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു എന്നതാണ്. ഒറിജിനൽ ഭരണഘടനയുടെ പരിമിതി മൂലമാണോ ഇത്രയും ഭേദഗതികൾ ഉണ്ടായത്? നമ്മുടെ ഭരണഘടന അത്രയ്ക്ക് അയവുള്ളതാണോ?

## ഇതുവരെ നടന്ന ഭേദഗതികളുടെ ഉള്ളടക്കം (Contents of Amendments made so far)

ഇതുവരെ നടന്ന ഭരണഘടനാഭേദഗതികളെ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കാം. ഒന്നാമത്തെ വിഭാഗത്തിൽ സാങ്കേതികമോ ഭരണപരമോ ആയ ഭേദഗതികളാണ്. യഥാർഥവ്യവസ്ഥകളിൽ ചെറിയ മാറ്റങ്ങൾ വരുത്താനോ, വിശദീകരണം നൽകാനോ, വ്യക്തത നൽകുന്നതിനോ വേണ്ടിയാണ് ഈ ഭേദഗതികൾ നടത്തുന്നത്. നിയമപരമായ അർഥത്തിൽ മാത്രമാണ് ഇവ ഭേദഗതികളാവുന്നത്. പക്ഷെ വസ്തുതാപരമായി ഭരണഘടനാവ്യവസ്ഥകൾക്ക് കാതലായ മാറ്റങ്ങൾ ഇവ വരുത്തുന്നില്ല.



ഭരണഘടനാ ഭേദഗതികളുടെ എണ്ണത്തെയല്ല മറിച്ച് ഭേദഗതിയിലൂടെ വന്ന മാറ്റത്തെയാണ് നാം പരിഗണിക്കുന്നത്. രാഷ്ട്രീയവിദ്യാർഥികൾ എന്ന നിലയിൽ നാം സ്വീകരിക്കേണ്ടത് ഈ സമീപനമാണ്.

ഹൈക്കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 60 ൽ നിന്നും 62 വയസായി ഉയർത്തിയതും (15-ാം ഭേദഗതി,) സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാരുടെ ശമ്പളം വർധിപ്പിച്ചതും (55-ാംഭേദഗതി) സാങ്കേതികമോ ഭരണപരമോ ആയ ഭേദഗതികൾക്കുദാഹരണങ്ങളാണ്.

പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ടവർക്ക് നിയമനിർമാണസഭകളിൽ സീറ്റുകൾ സംവരണം ചെയ്യുന്ന വ്യവസ്ഥയുടെ ഒരു ഉദാഹരണം നമുക്കെടുക്കാം. ഒറിജിനൽ ഭരണഘടനാവ്യവസ്ഥ പ്രകാരം പത്ത് വർഷത്തേക്കായിരുന്നു ഈ സംവരണം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ ഇത്തരം വിഭാഗക്കാർക്ക് നീതിപൂർവമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനു വേണ്ടി 10 വർഷത്തേക്ക് കൂടി ഈ സംവരണം നീട്ടേണ്ടത് ആവശ്യമായി വന്നു. ഇങ്ങനെ ഓരോ 10 വർഷത്തിനുശേഷവും ഭരണഘടനാഭേദഗതിയിലൂടെ ഈ സംവരണം നീട്ടുകയാണ്

ചെയ്യുന്നത്. ഇതേ രീതിയിൽ 6 ഭേദഗതികൾ ഇതുവരെ നടത്തിയിട്ടുണ്ട്. എന്നാൽ ഈ ഭേദഗതികളൊന്നും ഭരണഘടനയുടെ കാതലായ ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല. ഈ അർഥത്തിൽ ഇതൊരു k nt¦ Xn anb t`ZKX nanfX anW v

രാഷ്ട്രപതിയുടെ പങ്കിനെ കുറിച്ച് 4-ാം അധ്യായത്തിൽ ചർച്ചചെയ്തിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ? പാർലമെന്ററി സംവിധാനത്തിൽ സാധാരണയായി മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് രാഷ്ട്രപതി പ്രവർത്തിക്കേണ്ടത് എന്നാണ് നമ്മുടെ ഭരണഘടനയിൽ (Original constitution) വ്യവസ്ഥ ചെയ്തിട്ടുള്ളത്. മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് പ്രവർത്തിക്കുവാൻ രാഷ്ട്രപതി ബാധ്യസ്ഥനാണെന്ന കാര്യം 74 (1) അനുഛേദം പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് ഒന്നുകൂടി അടിവരയിട്ട് വ്യക്തമാക്കുകയാണ് ചെയ്തത്. എന്നാൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവും ഈ ഭേദഗതി കൊണ്ടുവരികയുണ്ടായില്ല. വാസ്തവത്തിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് ഒരു വിശദീകരണം നൽകുക മാത്രമാണ് ഈ ഭേദഗതിയിലൂടെ ചെയ്തത്.

### *വ്യത്യസ്ത വ്യാഖ്യാനങ്ങൾ (Differing Interpretations)*

നീതിന്യായവിഭാഗവും അതാതു കാലത്തെ ഗവൺമെന്റുകളും ഭരണഘടനയെ വ്യത്യസ്തമായി വ്യാഖ്യാനിച്ചതിന്റെ ഉൽപന്നമായി രൂപംകൊണ്ട ഏതാനും ഭേദഗതികളുമുണ്ട്. ഇത്തരം വ്യാഖ്യാനങ്ങൾ പരസ്പരം ഏറ്റുമുട്ടുമ്പോൾ അതിലൊന്നിനെ ആധികാരികമാക്കി അത് ഭേദഗതിയായി കൊണ്ടുവന്ന് പാർലമെന്റ് അംഗീകരിക്കുന്നു. ഒരു ജനാധിപത്യരാഷ്ട്രീയത്തിൽ വ്യത്യസ്തസ്ഥാപനങ്ങൾ ഭരണഘടനയെ വ്യാഖ്യാനിക്കുകയും അവരവരുടെ അധികാരത്തിന്റെ വ്യാപ്തി വ്യത്യസ്തമായി നിർവചിക്കുകയും ചെയ്യും. ജൂഡീഷ്യറിയുടെ വ്യാഖ്യാനങ്ങളോട് പാർലമെന്റും പലപ്പോഴും യോജിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ജുഡീഷ്യറിയുടെ തീരുമാനങ്ങളെ മറികടക്കുവാനായി പലപ്പോഴും ഭരണഘടനാഭേദഗതി കൊണ്ടുവരാൻ പാർലമെന്റ് ശ്രമിച്ചിട്ടുണ്ട്. 1970–75 ന് ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഇത്തരം സാഹചര്യം ഇടയ്ക്കിടെ ഉണ്ടായിട്ടുണ്ട്.



*ഞാൻ ഇപ്പോഴും ആശയക്കുഴപ്പത്തിലാണ്. ഒരു എഴുതപ്പെട്ട ഭരണഘടന ആയിട്ടുപോലും അതിന് ഇത്രയധികം വ്യാഖ്യാനമോ? അല്ലെങ്കിൽ ജനങ്ങൾ അവർക്കിഷ്ടപ്പെട്ട രീതിയിൽ ഭരണഘടനയെ വായിക്കുകയാണോ?*

പാർലമെന്റും ജുഡീഷ്യറിയും തമ്മിലുള്ള അഭിപ്രായഭിന്നതകളെ സംബന്ധിച്ച് നീതിന്യായവിഭാഗം എന്ന അധ്യായത്തിൽ നാം പഠിച്ചിട്ടുണ്ട്: മൗലീകാവകാശങ്ങളും നിർദ്ദേശകതത്ത്വങ്ങളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചാണ് ഒന്നാമതായി അഭിപ്രായ ഭിന്നതയുണ്ടായിരുന്നത്. സ്വകാര്യസ്വത്തിന്റെ വ്യാപ്തി, ഭരണഘടന ഭേദഗതി വരുത്തുന്നതിനുള്ള പാർലമെന്റിന്റെ അധികാരത്തിന്റെ വ്യാപ്തി തുടങ്ങിയ മറ്റു രണ്ടു വിഷയങ്ങളിലും അഭിപ്രായഭിന്നതകളുണ്ടായിരുന്നു. 1970–75 കാലഘട്ടങ്ങളിൽ നീതിന്യായവിഭാഗത്തിന്റെ പ്രതികൂ

ലമായ വ്യാഖ്യാനങ്ങളെ മറികടക്കുന്നതിനായി തുടർച്ചയായി ഭരണഘടനാ ഭേദഗതികൾ പാർലമെന്റിൽ നടത്തുകയുണ്ടായി.

ഈ കാലഘട്ടത്തിൽ (1970–75) നിരവധി രാഷ്ട്രീയ സംഭവവികാസങ്ങൾ അരങ്ങേറുകയുണ്ടായി. അതുകൊണ്ട് ആ കാലഘട്ടത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളെ മനസ്സിലാക്കുന്നതിലൂടെ മാത്രമേ ഭരണഘടനാ വളർച്ചയെക്കുറിച്ച് പൂർണമായും അറിയുവാൻ നമുക്ക് സാധിക്കുകയുള്ളൂ. അടുത്ത വർഷം സ്വാതന്ത്ര്യലബ്ധി മുതലുള്ള ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ച് പഠിക്കുമ്പോൾ നിങ്ങൾക്ക് ഇതിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കാം.

*രാഷ്ട്രീയസമവായത്തിലൂടെയുള്ള ഭേദഗതികൾ*
*(Amendments through Political Consensus)*

രാഷ്ട്രീയപാർട്ടികൾക്കിടയിലുണ്ടായ അഭിപ്രായസമവായത്തിലൂടെ രൂപപ്പെട്ടതാണ് മൂന്നാമത്തെ വിഭാഗത്തിൽപ്പെടുന്ന ഭേദഗതികൾ. നിലനിൽക്കുന്ന രാഷ്ട്രീയ തത്ത്വശാസ്ത്രവും സമൂഹത്തിന്റെ അഭിലാഷങ്ങളും പ്രതിഫലിക്കുന്ന രീതിയിൽ ഭരണഘടനാ തത്ത്വങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതിന് വിശാലമായ തലത്തിൽ സമവായമുണ്ടാകേണ്ടത് ആവശ്യമായിരുന്നു. 1984–നു ശേഷമുള്ള പല ഭേദഗതികളും ഇതിനുദാഹരണമാണ്. കൂട്ടുകക്ഷിഗവൺമെന്റുകളുടെ ഭരണകാലഘട്ടത്തിലും നിരവധി ഭരണഘടനാ ഭേദഗതികൾ ഉണ്ടായി എന്നത് ഈ അവസരത്തിൽ നമ്മൾ ഓർക്കേണ്ടതാണ്. പല പ്രശ്നങ്ങളിലും രാഷ്ട്രീയപ്പാർട്ടികൾക്കിടയിൽ രൂപപ്പെട്ടുവരുന്ന സമവായമാണ് ഇത്തരം ഭരണഘടനാഭേദഗതികളുടെ അടിസ്ഥാനകാരണം. കൂറുമാറ്റ നിരോധന ഭേദഗതിയിൽ തുടങ്ങി (52–ാം ഭേദഗതി) നിരവധി ഭേദഗതികൾ ഈ കലുഷിതമായ രാഷ്ട്രീയാന്തരീക്ഷത്തിലും ഉണ്ടായതായി നമുക്ക് കാണുവാൻ സാധിക്കും.



*രാഷ്ട്രീയക്കാർക്ക് ചില വിഷയങ്ങളിൽ യോജിപ്പുണ്ടെങ്കിലും അവർക്ക് യോജിപ്പുള്ള വിഷയങ്ങളുടെ അർത്ഥത്തെ സംബന്ധിച്ച് അവർ ഇന്നും തർക്കിച്ചുകൊണ്ടിരിക്കുകയാണ്!*

കൂറുമാറ്റ നിരോധന ഭേദഗതികൾ (52,91 ഭേദഗതികൾ) കൂടാതെ വോട്ടിംഗ് പ്രായം 21 ൽ നിന്ന് 18 ആക്കി കുറയ്ക്കുന്നതിനുള്ള ഭേദഗതി (61–ാം ഭേദഗതി) പഞ്ചായത്ത്‌രാജ്സംവിധാനം (73–ാം ഭേദഗതി) നഗരപാലികാസംവിധാനം (74–ാം ഭേദഗതി) തുടങ്ങിയവ ഇത്തരത്തിലുള്ള ഭേദഗതികൾക്കുദാഹരണങ്ങളാണ്. ജോലിയിലുള്ള സംവരണം, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനസംവരണം തുടങ്ങിയവയുടെ വ്യാപ്തിയെക്കുറിച്ച് വ്യക്തത വരുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഈ കാലഘട്ടത്തിൽ ചില ഭേദഗതികൾ ഉണ്ടാവുകയുണ്ടായി. 1992 – 93 നു ശേഷം ഇത്തരം വിഷങ്ങളിൽ രാജ്യത്താകമാനം ഒരു പൊതുസമവായം ഉയർന്നുവന്നതിനാൽ 77, 81, 82 ഭേദഗതികൾ വലിയ പ്രയാസം കൂടാതെ പാസാക്കുവാൻ സാധിച്ചു.

### *വിവാദമായ ഭേദഗതികൾ (Controversial Amendments)*

ഭരണഘടന ഭേദഗതി ചെയ്യുന്നതിൽ ഒരു കാലത്തും വിവാദമുണ്ടായിരുന്നില്ല എന്ന് ഇതുവരെയുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു ധാരണയുണ്ടാകുവാൻ പാടില്ല. 1970–80 കാലഘട്ടങ്ങളിലെ ഭേദഗതികളുമായി ബന്ധപ്പെട്ട് നിരവധി രാഷ്ട്രീയവും നിയമപരവുമായ വിവാദങ്ങൾ ഉടലെടുക്കുകയുണ്ടായി. ഭരണഘടനയെ അട്ടിമറിക്കുവാനുള്ള ഭരണകക്ഷിയുടെ ശ്രമങ്ങളായാണ് പ്രതിപക്ഷപ്പാർട്ടികൾ ഈ ഭേദഗതികളിൽ പലതിനെയും കണ്ടത്. വിശേഷിച്ചും 38, 39, 42 ഭേദഗതികൾ ഇവയിൽ ഏറ്റവും വിവാദപരമായി കരുതപ്പെടുന്നു. 1975 ജൂൺ മുതൽ ഇന്ത്യയിൽ പ്രഖ്യാപിക്കപ്പെട്ട ദേശീയാടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിലാണ് ഈ ഭേദഗതികളുണ്ടായത്. ഇവ ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ മൗലികമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു.



*അതുകൊണ്ട് ഇതെല്ലാം രാഷ്ട്രീയം തന്നെയാണ്. ഭരണഘടനയും അതിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിയമത്തിനുപരിയായി രാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് പറഞ്ഞുകൂടെ?*

ഭരണഘടനയുടെ വലിയൊരു ഭാഗത്തെ ബാധിക്കുന്ന തരത്തിൽ വിശാലമായിരുന്നു 42–ാം ഭേദഗതി. കേശവാനന്ദഭാരതി കേസിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയെ മറികടക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം കൂടിയായിരുന്നു ഇത്. ഈ ഭേദഗതി ലോകസഭയുടെ കാലാവധി 5 വർഷത്തിൽ നിന്നും 6 വർഷമായി മാറ്റുകപോലുമുണ്ടായി. അവകാശങ്ങളെക്കുറിച്ചുള്ള അധ്യായത്തിൽ മൗലിക കടമകളെക്കുറിച്ച് നിങ്ങൾ പഠിച്ചുവല്ലോ? ഈ ഭേദഗതിയിലൂടെയാണ് മൗലിക കടമകൾ ഭരണഘടനയിൽ കൂട്ടിച്ചേർത്തത്. 42–ാം ഭേദഗതി നീതിന്യായവിഭാഗത്തിന്റെ പുനഃപരിശോധനാധികാരത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നു. മൂല ഭരണഘടനയുടെ പല ഭാഗങ്ങളും മാറ്റി എഴുതപ്പെട്ടത് ഈ ഭേദഗതിയിലൂടെയാണെന്ന് പറയാം. ഈ ഭേദഗതി ഭരണഘടനയുടെ ആമുഖത്തിലും 7–ാം പട്ടികയിലും 53 അനുഛേദങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമോ? ഈ ഭേദഗതി പാർലമെന്റിൽ പാസാക്കുന്ന വേളയിൽ പല പ്രതിപക്ഷാംഗങ്ങളും ജയിലിലടക്കപ്പെട്ടിരുന്നു. 1977–ലെ തെരഞ്ഞെടുപ്പ് നടന്നതും ഭരണകക്ഷി (കോൺഗ്രസ്സ്) പരാജയപ്പെട്ടതും ഈ പശ്ചാത്തലത്തിലാണ്. തുടർന്ന് അധികാരത്തിൽ വന്ന പുതിയ ഗവൺമെന്റ് ഈ വിവാദപരമായ ഭേദഗതി പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് തീരുമാനിച്ചു. അതിനു വേണ്ടി 43, 44 ഭരണഘടനാഭേദഗതികൾ കൊണ്ടുവരികയും 38, 39, 42 ഭേദഗതികളിലൂടെ വരുത്തിയ പല വ്യവസ്ഥകളും റദ്ദുചെയ്യുകയും ചെയ്തു. ഈ ഭേദഗതിയിലൂടെ ഭരണഘടനയുടെ സന്തുലിതാവസ്ഥ പുനസ്ഥാപിക്കുവാൻ സാധിച്ചു.



***പ്രവർത്തനം***

വിദ്യാഭ്യാസാവകാശത്തിനുള്ള ഭേദഗതി ഏതെന്ന് കണ്ടെത്തുക. ഈ ഭേദഗതിയുടെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങൾ എന്താണ് കരുതുന്നത്?

## അടിസ്ഥാനഘടനയും ഭരണഘടനയുടെ പരിണാമവും

**(Basic Structure and Evolution of the constitution)**

ഇന്ത്യൻ ഭരണഘടനയുടെ പരിണാമത്തിൽ ദീർഘകാലം സ്വാധീനം ചെലുത്തിയ ഒന്നാണ് ഭരണഘടനയുടെ അടിസ്ഥാനഘടനാ സിദ്ധാന്തം. പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിലാണ് നീതിന്യായ വിഭാഗം ഈ സിദ്ധാന്തം മുന്നോട്ടു വെച്ചത്. ഈ വിധി താഴെപ്പറയുന്ന രീതിയിൽ ഭരണഘടനയുടെ പരിണാമത്തെ സഹായിച്ചിട്ടുണ്ട്.

- ഭരണഘടന ഭേദഗതി ചെയ്യുവാനുള്ള പാർലമെന്റിന്റെ അധികാരത്തിന് വ്യക്തമായ പരിധി നിർണയിച്ചു.
- ഇതു പ്രകാരം ഒരു ഭേദഗതിക്കും ഭരണഘടനയുടെ അടിസ്ഥാനഘടനയെ ലംഘിക്കുവാൻ കഴിയരുത്.
- ഈ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പാർലമെന്റിന് ഭരണഘടനയുടെ ഏതെങ്കിലും ഭാഗങ്ങളോ എല്ലാ ഭാഗങ്ങളുമോ ഭേദഗതി ചെയ്യുവാൻ അനുമതി നൽകി. ഭരണഘടനയുടെ അടിസ്ഥാനഘടന എന്താണെന്നും ഒരു ഭേദഗതി അടിസ്ഥാനഘടനാ ലംഘനം നടത്തിയിട്ടുണ്ടോ എന്നും തീരുമാനിക്കുവാനുള്ള അന്തിമ അധികാരം നീതിന്യായവിഭാഗത്തിൽ നിക്ഷിപ്തമാക്കി.

1973 – ലാണ് സുപ്രീംകോടതി കേശവാനന്ദഭാരതി കേസിൽ വിധി പ്രസ്താവിച്ചത്. കഴിഞ്ഞ 4 ദശകങ്ങളിലേറെ ഇന്ത്യൻ ഭരണഘടനയുടെ എല്ലാ വ്യാഖ്യാനങ്ങളും ഈ വിധിയുടെ അടിസ്ഥാനത്തിലാണ്. കൂടാതെ ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും അടിസ്ഥാനഘടനാ സിദ്ധാന്തത്തെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ ഈ സിദ്ധാന്തം ഭരണഘടന ഒരു സജീവപ്രമാണമാണെന്നുള്ളതിന് തെളിവാണ്. ഭരണഘടനയിൽ ഈ സിദ്ധാന്തത്തെ കുറിച്ച് ഒരു പരാമർശവുമില്ല. നീതിന്യായവ്യാഖ്യനങ്ങളിലൂടെയാണ് ഇത് ഉരുത്തിരിഞ്ഞുവന്നത്. നീതിന്യായവിഭാഗവും അതിന്റെ വ്യാഖ്യാനങ്ങളും അങ്ങനെ ഔപചാരികമായ ഒരു ഭേദഗതി ഇല്ലാതെ തന്നെ ഭരണഘടനയെ പ്രായോഗികതലത്തിൽ ഭേദഗതി ചെയ്തു.



*അപ്പോൾ, നീതിന്യായ വ്യവസ്ഥയാണ് അവസാനവാക്ക്! ഇതും ജുഡിഷ്യൽ ആക്ടിവിസം തന്നെയല്ലേ?*

സംവാദങ്ങൾ, വാദഗതികൾ, മത്സരങ്ങൾ, പ്രായോഗികരാഷ്ട്രീയം എന്നിവയിലൂടെയാണ് ഇപ്രകാരം എല്ലാ സജീവപ്രമാണങ്ങളും ഉരുത്തിരിഞ്ഞു വരുന്നത്. 1973 മുതൽ പല കേസുകളിലും കോടതി അടി

സ്ഥാനഘടനാ സിദ്ധാന്തം എന്തെന്ന് വ്യക്തമാക്കുകയും എന്തൊക്കെയാണ് അടിസ്ഥാനഘടനയിൽ ഉൾപ്പെട്ടതെന്ന് വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഒരർഥത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ദൃഢ സ്വഭാവത്തിനും അയവുള്ള സ്വഭാവത്തിനും തമ്മിൽ സന്തുലനാവസ്ഥക്ക് കാരണമാക്കിയത് ഈ സിദ്ധാന്തമാണ്. ചില ഭാഗങ്ങൾ ഭേദഗതി വരുത്തുവാൻ പാടില്ല എന്നു പ്രസ്താവിച്ചുകൊണ്ട് ഭരണഘടനയുടെ ദൃഢസ്വഭാവത്തിനും മറ്റ് ഭാഗങ്ങൾ ഭേദഗതി വരുത്തുവാൻ അനുവദിച്ചുകൊണ്ട് ഭരണഘടനയുടെ അയവുള്ള സ്വഭാവത്തിനും ഈ സിദ്ധാന്തം വഴി തെളിച്ചു.

### *ഭരണഘടനയുടെ പുനരവലോകനം*

*1990 കളുടെ അവസാനത്തിൽ ഭരണഘടനയെ പൂർണമായും പുനരവലോകനം ചെയ്യുന്നതിനുള്ള ശ്രമങ്ങളുണ്ടായി. 2000 ൽ ഇന്ത്യാഗവൺമെന്റ് ഭരണഘടനയുടെ പ്രവർത്തനം പുനരവലോകനം ചെയ്യുന്നതിന് ഒരു കമ്മീഷനെ നിയമിച്ചു. സുപ്രീംകോടതിയിൽ നിന്നും ചീഫ് ജസ്റ്റിസായി വിരമിച്ച ജസ്റ്റിസ് വെങ്കിടാചെല്ലയ്യ ആയിരുന്നു ഈ കമ്മീഷന്റെ ചെയർമാൻ. പ്രതിപക്ഷപാർട്ടികളും മറ്റു പല സംഘടനകളും ഈ കമ്മീഷനെ ബഹിഷ്കരിച്ചു. ഒരുപാട് രാഷ്ട്രീയവിവാദങ്ങൾ ഈ കമ്മീഷനെ ചുറ്റിപ്പറ്റിയുണ്ടായിരുന്നുവെങ്കിലും ഭരണഘടനയുടെ അടിസ്ഥാന ഘടനാസിദ്ധാന്തത്തെ മുറുകെപ്പിടിച്ച കമ്മീഷൻ ഭരണഘടനയുടെ അടിസ്ഥാനഘടനയെ അപകടത്തിലാക്കുന്ന യാതൊരു നടപടിയും ശുപാർശ ചെയ്തില്ല. ഭരണഘടനയുടെ അടിസ്ഥാനഘടനാ സിദ്ധാന്തത്തിന്റെ പ്രാധാന്യത്തെ ഇത് സൂചിപ്പിക്കുന്നു.*



*ഇതെല്ലാം തെറ്റാണ്. ഭേദഗതിക്ക് സമയം വേണമെന്ന് ആദ്യമവർ പറയുന്നു. എന്നാൽ ജഡ്ജിമാർ ഭരണഘടനയുടെ മൊത്തത്തിലുള്ള അർത്ഥം തന്നെ മാറ്റുന്നതായിട്ടാണ് നമ്മൾ ഇപ്പോൾ കാണുന്നത്.*

നീതിന്യായ വ്യാഖ്യാനങ്ങൾ ഭരണഘടനയെ സംബന്ധിച്ചുള്ള നമ്മുടെ ധാരണകളെ എങ്ങനെ മാറ്റിമറിച്ചു എന്നതിന് മറ്റു പല ഉദാഹരണങ്ങളുമുണ്ട്. ജോലിയിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലുമുള്ള സംവരണം മൊത്തം സീറ്റിന്റെ 50% ത്തിൽ കൂടുതലാകുവാൻ പാടില്ലെന്ന് സുപ്രീംകോടതിയുടെ പല വിധികളിലൂടെയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിപ്പോൾ പൊതുവെ സ്വീകാര്യമായ ഒരു തത്ത്വമായിട്ടുണ്ട്. അതുപോലെ തന്നെ മറ്റുപിന്നോക്കവിഭാഗക്കാരുടെ സംവരണത്തിന്റെ കാര്യത്തിൽ സുപ്രീംകോടതി ക്രീമിലെയർ എന്ന ആശയം കൊണ്ടുവരികയും ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നവർക്ക് സംവരണത്തിന് അർഹതയില്ലെന്ന് തീർപ്പുകൽപ്പിക്കുകയും ചെയ്തു. അതുപോലെതന്നെ വിദ്യാഭ്യാസത്തിനുള്ള അവകാശം, ജീവിക്കാനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം, ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകരിക്കുവാനും നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള അവകാശം എന്നിവയെ സംബന്ധിച്ച വ്യവസ്ഥകൾ

വ്യാഖ്യാനിച്ചു കൊണ്ട് നീതിന്യായവിഭാഗം ഭരണഘടനയിൽ അനൗപചാരികമായ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കോടതിയുടെ വിധി പ്രസ്താവനകൾ ഭരണഘടനയുടെ വികാസത്തിന് എത്രത്തോളം സഹായകമാവും എന്നതിന്റെ ഉദാഹരണങ്ങളാണിത്.

**പഠനപുരോഗതി വിലയിരുത്തുക**

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ, തെറ്റോ എന്ന് രേഖപ്പെടുത്തുക.

- അടിസ്ഥാനഘടനാവിധിക്കുശേഷം പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള അധികാരമില്ല.
- ഭരണഘടനയുടെ അടിസ്ഥാനസവിശേഷതകളിൽ ഭേദഗതി വരുത്തുവാൻ സാധ്യമല്ലാത്തവയുടെ ഒരു വ്യക്തമായ പട്ടിക സുപ്രീംകോടതി നൽകിയിട്ടുണ്ട്.
- ഒരു ഭേദഗതി ഭരണഘടനയുടെ അടിസ്ഥാനഘടനയെ ലംഘിക്കുകമോ ഇല്ലയോ എന്ന് തീർപ്പാക്കുന്നതിനുള്ള അധികാരം നീതിന്യായ വിഭാഗത്തിനാണ്.
- കേശവാനന്ദ ഭാരതി കേസിന്റെ വിധി പാർലമെന്റിന്റെ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള അധികാരത്തിന് വ്യക്തമായ പരിധി നിർണ്ണയിച്ചിരിക്കുന്നു.

## ഭരണഘടന ഒരു സജീവപ്രമാണം എന്ന നിലയിൽ (CONSTITUTION AS A LIVING DOCUMENT)

നമ്മുടെ ഭരണഘടന ഒരു സജീവപ്രമാണമാണെന്ന് വിശദീകരിക്കുകയുണ്ടായല്ലോ? അതുകൊണ്ടർഥമാക്കുന്നതെന്താണ്?

ജീവനുള്ള വസ്തുക്കൾ മാറുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രതികരിക്കുന്നതുപ്പോലെ ഈ പ്രമാണവും പ്രതികരിച്ചുകൊണ്ടിരിക്കുന്നു. ജീവനുള്ള വസ്തുവിനെപ്പോലെ ഭരണഘടന അനുഭവങ്ങളോട് പ്രതികരിക്കുന്നു. ഭരണഘടനയുടെ സുസ്ഥിരതയെ സംബന്ധിച്ച് ഈ അധ്യായത്തിന്റെ തുടക്കത്തിൽ നാം സൂചിപ്പിച്ച അവ്യക്തതക്കുള്ള ഉത്തരവുമാണിത്. സമൂഹത്തിൽ പല മാറ്റങ്ങളും സംഭവിച്ചിട്ടും ഭരണഘടന കാര്യക്ഷമതയോടെ പ്രവർത്തിക്കുവാനുള്ള കാരണം അതിന്റെ ചലനാത്മകമാകുവാനുള്ള കഴിവും, വ്യാഖ്യാനങ്ങളോടുള്ള തുറന്ന സമീപനവും, മാറുന്ന സാഹചര്യങ്ങളോട് പ്രതികരിക്കുവാനുള്ള കഴിവുമാണ്. ഒരു ജനാധിപത്യഭരണഘടനയുടെ മുഖമുദ്ര ഇതാണ്. ഒരു ജനാധിപത്യത്തിൽ പ്രയോഗങ്ങളും ആശയങ്ങളും കാലാനുസൃതമായി മാറുകയും അതിനനുസരിച്ച് സമൂഹം പരീക്ഷണങ്ങളിൽ ഏർപ്പെടുകയും ചെയ്യും. ജനാധിപത്യത്തെ സംരക്ഷിക്കുകയും പുത്തൻപ്രവണതകളെ വളരുവാൻ അനുവദിക്കുകയും ചെയ്യുന്ന ഭര

ണഘടന സുസ്ഥിരവും ജനങ്ങളുടെ ആദരവ് പിടിച്ച് പറ്റുന്നതുമായിരിക്കും. സ്വയം സംരക്ഷിക്കുവാനും ജനാധിപത്യത്തെ സംരക്ഷിക്കുവാനും ഭരണഘടനയ്ക്ക് സാധിക്കുന്നുണ്ടോ എന്നതാണ് പ്രധാനകാര്യം.



എനിക്കിത് മനസ്സിലായി! ഇതൊരു സീസോ (see-saw) പോലെയാണ്. അല്ലെങ്കിൽ ഇതൊരു വടംവലിമത്സരമാണോ?

കഴിഞ്ഞ 6 പതിറ്റാണ്ടുകളിൽ രാഷ്ട്രീയത്തിലും രാജ്യത്തിന്റെ ഭരണഘടനാ വികാസത്തിലും വളരെ നിർണായകമായ പല സാഹചര്യങ്ങളുമുണ്ടായിട്ടുണ്ട്. ഈ അധ്യായത്തിൽ മുമ്പേ തന്നെ അത്തരം ചില സാഹചര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഭരണഘടനാപരവും നിയമപരവുമായ വിഷയങ്ങളിൽ 1950 മുതൽ വീണ്ടും വീണ്ടും ഉയർന്നു വന്നത് പാർലമെന്റിന്റെ മേൽക്കോയ്മയെ സംബന്ധിച്ച പ്രശ്നമാണ്. ഒരു പാർലമെന്ററി ജനാധിപത്യത്തിൽ പാർലമെന്റ് ജനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ആയതിനാൽ, കാര്യനിർവഹണ വിഭാഗത്തിനും നീതിന്യായ വിഭാഗത്തിനും ഉപരിയായി പാർലമെന്റിന് ഒരു മേൽക്കോയ്മ ഉണ്ടായിരിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതേസമയം ഗവൺമെന്റിന്റെ മറ്റ് ഘടകങ്ങൾക്കും ഭരണഘടന അധികാരങ്ങൾ നൽകുന്നുണ്ട്. അതുകൊണ്ട് ഭരണഘടനയുടെ ചട്ടക്കൂടിനകത്തുനിന്നുകൊണ്ടുള്ള മേൽക്കോയ്മ മാത്രമേ പാർലമെന്റിനുണ്ടാകാവൂ. ജനാധിപത്യം എന്നത് വോട്ടും ജനപ്രാതിനിധ്യവും മാത്രമല്ല മറിച്ച് നിയമവാഴ്ച എന്ന തത്ത്വം കൂടിയാണ്. ജനാധിപത്യം സ്ഥാപനങ്ങളുടെ (institutions) വികസനവും ഈ സ്ഥാപനങ്ങളിലൂടെയുള്ള പ്രവർത്തനവും കൂടിയാണ്. എല്ലാ രാഷ്ട്രീയ സ്ഥാപനങ്ങളും ജനങ്ങളോട് ഉത്തരവാദമുള്ളതായിരിക്കുകയും അവ പരസ്പരം സന്തുലിതാവസ്ഥ നിലനിർത്തുകയും വേണം.

## നീതിന്യായവിഭാഗത്തിന്റെ സംഭാവന
## (Contribution of the Judiciary)

നീതിന്യായ വിഭാഗവും പാർലമെന്റും തമ്മിൽ വിവാദങ്ങൾ ഉണ്ടാകുമ്പോൾ, പാവപ്പെട്ടവർക്കും പിന്നോക്കവിഭാഗക്കാർക്കും ആവശ്യക്കാർക്കും വേണ്ടി നിയമങ്ങളുണ്ടാക്കാനും ഭരണഘടനയിൽ ഭേദഗതി വരുത്തുവാനുമുള്ള അധികാരം പാർലമെന്റിനുണ്ടെന്നാണ് പാർലമെന്റ് കരുതുന്നത്. എന്നാൽ, നീതിന്യായവിഭാഗത്തിന്റെ അഭിപ്രായത്തിൽ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടാണ് ഇത്തരം പ്രവൃത്തികൾ ചെയ്യേണ്ടത്. ജനോപകാരപ്രദമായ നടപടികൾ കൈക്കൊള്ളുന്നത് നടപടിക്രമങ്ങളെ മറികടന്നുകൊണ്ടാവരുത്. കാരണം നിയമം മറികടക്കുന്നത് സദുദ്ദേശത്തോടുകൂടിയാണെങ്കിൽ പോലും അത് അധികാരികൾക്ക് അവരുടെ അധികാരം ഏകാധിപത്യപരമായി ഉപയോഗിക്കുന്നതിനുള്ള ഒരു ഒഴിവുകഴിവാകും. ജനാധിപത്യം ജനക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നു. അധികാരത്തിന്റെ ഏകപക്ഷീയമായ ഉപയോഗത്തെ അത് നിയന്ത്രിക്കുന്നു.



അവകാശങ്ങളും തെരഞ്ഞെ
ടുപ്പുകളുമില്ലെങ്കിൽ ഭരണഘ
ടന അർഥശൂന്യമാകും. ശേഷ
മമില്ലെങ്കിൽ തെരഞ്ഞെടുപ്പും
അവകാശങ്ങളും അർഥശൂന്യ
മാകും. തീർച്ചയായും ഈ വി
ധത്തിലല്ലേ ഭരണഘടനയു
ടെ 'ആത്മാവി'നെ നാം തി
രിച്ചറിയേണ്ടത്?

ഇത്തരം സംഘർഷങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലാണ് ഇന്ത്യൻ ഭരണഘടനയുടെ പ്രവർത്തനവിജയം നിലക്കൊള്ളുന്നത്. പ്രസിദ്ധമായ കേശവാനന്ദ ഭാരതി കേസിന്റെ വിധിയിലൂടെ നീതിന്യായവിഭാഗം ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കേവലം വാക്കുകളിലൊതുങ്ങാതെ ഇത്തരം സങ്കീർണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനാണ് ശ്രമിച്ചത്. നിങ്ങൾ ഭരണഘടന വായിക്കുമ്പോൾ, ഭരണഘടനയുടെ അടിസ്ഥാനഘടനയെ സംബന്ധിച്ച് ഒരിടത്തും ഒരു സൂചനപോലും നിങ്ങൾക്ക് കാണുവാൻ സാധിക്കില്ല. അടിസ്ഥാനഘടന എന്ന തരത്തിൽ ഏതെങ്കിലും ഭാഗങ്ങളെ ഭരണഘടന പ്രത്യേകമായി പരാമർശിക്കുന്നില്ല. ഈ അർഥത്തിൽ അടിസ്ഥാനഘടന എന്നത് നീതിന്യായവിഭാഗത്തിന്റെ കണ്ടുപിടുത്തമാണെന്ന് പറയാം. എങ്ങനെയാണ് അത് ഇതുവരെയില്ലാത്ത ഒരു കാര്യം കണ്ടുപിടിച്ചത്? കഴിഞ്ഞ കുറെ ദശകങ്ങളായി എങ്ങനെയാണ് എല്ലാ സ്ഥാപനങ്ങളും ഇതിനെ അംഗീകരിച്ചത്?

അവിടെയാണ് ഭരണഘടനയുടെ വാക്കിലും അന്തഃസത്തയിലും ഉള്ള വ്യത്യാസം നിലകൊള്ളുന്നത്. ഒരു വാക്യമോ ഒരു പ്രമാണമോ വായിക്കുമ്പോൾ അതിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധിയെയാണ് നാം ബഹുമാനിക്കേണ്ടത് എന്നാണ് കോടതിയുടെ നിഗമനം. കേവലം ഒരു നിയമസംഹിതയേക്കാൾ പ്രാധാന്യമുള്ളതാണ് അതുണ്ടാകുവാൻ കാരണമായ സാമൂഹ്യസാഹചര്യങ്ങളും അഭിലാഷങ്ങളും.ഈ അടിസ്ഥാനഘടനയില്ലെങ്കിൽ ഭരണഘടനയെക്കുറിച്ച് സങ്കൽപിക്കുവാൻ പോലും സാധിക്കുകയില്ലെന്ന് കോടതി നിരീക്ഷിച്ചു. ഭരണഘടനയുടെ രൂപത്തിലും ഉള്ളടക്കത്തിലും അതിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനു വേണ്ടിയുള്ള ഒരു ദൃഷ്ടാന്തമായി ഇതിനെ കാണാവുന്നതാണ്.

## രാഷ്ട്രീയനേതൃത്വത്തിന്റെ പക്വത
## (Maturity of the Political Leadership)



രാഷ്ട്രീയ പക്വതയില്ലായ്മ
യുടെ സംഭവങ്ങളുണ്ടായിട്ടു
ണ്ടെന്നത് നമുക്ക് വിസ്മരി
ക്കാതിരിക്കാം. ഇതാർക്കെങ്കി
ലും ഒന്ന് പട്ടികപ്പെടുത്താൻ
പറ്റുമോ?

മുകളിലത്തെ ഖണ്ഡികയിൽ നീതിന്യായ വിഭാഗത്തിന്റെ പങ്കിനെ കുറിച്ചുള്ള ചർച്ചയിൽ ഒരു വസ്തുത കൂടി വ്യക്തമാക്കുന്നുണ്ട്. 1967-1973 കാലഘട്ടത്തിൽ ഉണ്ടായ കടുത്ത വിവാദങ്ങളുടെ പശ്ചാത്തലത്തിൽ സന്തുലിതവും ദീർഘവീക്ഷണത്തോടു കൂടിയതുമായ സമീപനം വേണമെന്ന് പാർലമെന്റും കാര്യനിർവഹണവിഭാഗവും തിരിച്ചറിഞ്ഞു. കേശവാനന്ദ ഭാരതി കേസിൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചതിനു ശേഷം കോടതിയോട് ആ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുവാനുള്ള ശ്രമം നടന്നു. ആ ശ്രമം പരാജയപ്പെട്ടപ്പോൾ 42-ാം ഭേദഗതി കൊണ്ടുവരികയും പാർലമെന്റിന്റെ മേൽക്കോയ്മ പുനഃസ്ഥാപിക്കുകയും ചെയ്തു. എന്നാൽ 1980 ലെ മിനർവമിൽ കേസിൽ സുപ്രീം കോടതി അതിന്റെ മുൻ നിലപാട് വീണ്ടും ആവർത്തിച്ചു. അതുകൊണ്ട് കേശവാനന്ദ കേസി

ന്റെ വിധി പ്രസ്താവിച്ചതിനു നാല് പതിറ്റാണ്ടിനപ്പുറം ഈ വിധിക്കാണ് ഭരണഘടനാവ്യാഖ്യാനത്തിൽ മുൻതൂക്കം. രാഷ്ട്രീയപാർട്ടികളും, രാഷ്ട്രീയനേതാക്കളും, ഗവൺമെന്റും, പാർലമെന്റും അടിസ്ഥാനഘടനയെന്ന അലംഘനീയമായ ആശയത്തെ അംഗീകരിച്ചിട്ടുണ്ട്. ഭരണഘടനാ പുനരവലോകനത്തെക്കുറിച്ച് പറയുമ്പോൾ അതിൽ അടിസ്ഥാനഘടനാ സിദ്ധാന്തം മുന്നോട്ടുവെച്ച പരിധി മറികടന്നിട്ടുണ്ടായിരുന്നില്ല.

ഇന്ത്യൻ സാഹചര്യങ്ങൾക്ക് യോജിച്ചതല്ല ഇന്ത്യൻ ഭരണഘടനയെന്ന് അഭിപ്രായമുള്ള ചില അംഗങ്ങൾ ഭരണഘടനാനിർമാണസഭയ്ക്കുള്ളിൽ തന്നെയുണ്ടായിരിക്കുന്നു.

"എന്തൊക്കെ ആശയങ്ങളുടെ അടിസ്ഥാനത്തിലാണോ ഭരണഘടനയുടെ കരട് രൂപീകരിച്ചിട്ടുള്ളത് അവയ്ക്ക് ഇന്ത്യയുടെ ആത്മാവുമായി പ്രത്യക്ഷത്തിലുള്ള ഒരു ബന്ധമില്ലായിരുന്നു..... ഈ ഭരണഘടന ഉചിതമല്ല എന്ന് തെളിയിക്കപ്പെടുകയും ഇത് നിലവിൽ വന്ന് വൈകാതെ തന്നെ തകരുകകയും ചെയ്യും"

ലക്ഷ്മീ നാരായണൻ സാഹു, സിഎഡി, Vol. XI, പേജ് 613, 1949 നവംബർ 17

ഭരണഘടനയ്ക്ക് രൂപം നൽകിയപ്പോൾതന്നെ നമ്മുടെ രാജ്യത്തെ ജനങ്ങളും നേതാക്കളും ഇന്ത്യയെക്കുറിച്ച് ഒരു പൊതുവീക്ഷണം പങ്കുവെച്ചിരുന്നു. സ്വാതന്ത്ര്യ നേടിയ അവസരത്തിൽ നെഹ്റു നടത്തിയ വിഖ്യാതമായ പ്രസംഗത്തിൽ ഈ വീക്ഷണത്തെ 'വിധിയുമായുള്ള കൂടിക്കാഴ്ച്ച' (tryst with destiny) എന്നാണ് വിശേഷിപ്പിച്ചത്. ഭരണഘടനാനിർമാണസഭയിലെ എല്ലാ നേതാക്കളും ഇതേ വീക്ഷണം ഉയർത്തിപ്പിടിച്ചു. അതായത് വ്യക്തിയുടെ അന്തസ്സും സ്വാതന്ത്ര്യവും, സാമൂഹ്യ സാമ്പത്തിക സമത്വം, ജനങ്ങളുടെ ക്ഷേമം, ദേശീയാഖണ്ഡതയെ അടിസ്ഥാനമാക്കിയുള്ള ഏകത്വം എന്നിവയായിരുന്നു അത്. ഈ വീക്ഷണം ഇപ്പോഴും നിലനിൽക്കുന്നു. ജനങ്ങളും നേതാക്കന്മാരും ഒരുപോലെ ഈ വീക്ഷണത്തെ ഉയർത്തിപ്പിടിക്കുകയും അത് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വീക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള നമ്മുടെ ഭരണഘടന അരനൂറ്റാണ്ടിനുശേഷവും അധികാരത്തിന്റെയും അംഗീകാരത്തിന്റെയും പ്രതീകമായി നില കൊള്ളുന്നു. നമ്മുടെ പൊതുഭാവനയെ നിയന്ത്രിക്കുന്ന അടിസ്ഥാനമൂല്യങ്ങൾ ഇന്നും മാറ്റമില്ലാതെ തുടരുന്നു.

## ഉപസംഹാരം

അടിസ്ഥാനഘടനയിൽ എന്തെല്ലാം ഉൾക്കൊള്ളണം എന്നതിനെ സംബന്ധിച്ച് ഇന്നും സംവാദങ്ങൾ നിലനിൽക്കുന്നു. അത്തരം സംവാദങ്ങളിൽ യാതൊരു തെറ്റുമില്ല. ജനാധിപത്യസംവിധാനത്തിലെ രാഷ്ട്രീയം തീർച്ചയായും സംവാദങ്ങളും അഭിപ്രായഭിന്നതകളും ഉള്ളതാണെന്ന് നാം ഓർക്കേണ്ടതുണ്ട്. ഇത് വൈവിധ്യത്തിന്റെയും സജീവതയുടെയും സുതാര്യതയുടെയും ലക്ഷണങ്ങളാണ്. ജനാ

ധിപത്യം സംവാദങ്ങളെ സ്വാഗതം ചെയ്യുന്നു. അതേസമയത്ത്, നമ്മുടെ രാഷ്ട്രീയ പാർട്ടികളും നേതാക്കന്മാരും ഈ സംവാദങ്ങൾക്ക് പരിമിതി കൽപ്പിക്കുന്നതിൽ പക്വത കാണിക്കുന്നു. കാരണം രാഷ്ട്രീയം എന്നത് അനുരഞ്ജനവും കൊടുക്കലും വാങ്ങലുകളും കൂടിയാണ്. തീവ്രമായ നിലപാടുകൾ സൈദ്ധാന്തികമായി വളരെ ശരിയും ആശയപരമായി ആകർഷകവുമാണെങ്കിലും രാഷ്ട്രീയം ആവശ്യപ്പെടുന്നത് ഓരോരുത്തരും അവരുടെ തീവ്രനിലപാടുകളിലും ഒരു മിതത്വം ഉണ്ടാക്കാനും ഒരു പൊതുനിലപാടിലേക്ക് എത്തിച്ചേരാനുമാണ്. അപ്പോൾമാത്രമേ ജനാധിപത്യരാഷ്ട്രീയം സാധ്യമാവുകയുള്ളൂ. ഇന്ത്യയിലെ രാഷ്ട്രീയക്കാരും ജനങ്ങളും ഇത്തരം നൈപുണികൾ മനസിലാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് ജനാധിപത്യഭരണഘടനയുടെ പ്രവർത്തനത്തെ തികച്ചും വിജയപ്രദമാക്കി. ഗവൺമെന്റിന്റെ വിവിധഘടകങ്ങൾ തമ്മിൽ ഏറ്റവും പ്രാധാന്യമേറിയത് ഏതെന്ന വിഷയത്തിൽ ഒരു മത്സരം എല്ലായ്പോഴും ഉണ്ടാകാറുണ്ട്. ജനങ്ങളുടെ ക്ഷേമം കൊണ്ടർഥമാക്കുന്നതെന്താണെന്ന വിഷയത്തിലും അവ പരസ്പരം തർക്കിക്കാറുണ്ട്. എന്നാൽ അന്തിമമായി അധികാരം ജനങ്ങളിലാണ് കുടികൊള്ളുന്നത് . ജനങ്ങളും അവരുടെ സ്വാതന്ത്ര്യവും അവരുടെ ക്ഷേമവുമാണ് ജനാധിപത്യത്തിന്റെ ലക്ഷ്യവും ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഉൽപ്പന്നവും.

## അഭ്യാസം

1. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന കണ്ടെത്തുക.

   സമയാസമയങ്ങളിൽ ഒരു ഭരണഘടനയ്ക്ക് ഭേദഗതികൾ വരുത്തേണ്ടത് ആവശ്യമാണ്, കാരണം:

   √ സാഹചര്യങ്ങൾ മാറുമ്പോൾ ഭരണഘടനയിൽ അനുയോജ്യമായ മാറ്റങ്ങൾ ആവശ്യമായി വരുന്നു.

   √ ഒരു പ്രത്യേക സമയത്ത് എഴുതിയ ഒരു പ്രമാണം കുറച്ച് കാലം ചെല്ലുമ്പോൾ കാലഹരണപ്പെടും.

   √ ഓരോ തലമുറയ്ക്കും അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് ഒരു ഭരണഘടന ഉണ്ടായിരിക്കണം.

   √ നിലവിലുള്ള ഗവൺമെന്റിന്റെ തത്ത്വശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം അത്.

2. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്കെതിരെ ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക.

   a. രാഷ്ട്രപതിക്ക് ഒരു ഭരണഘടനാഭേദഗതി ബിൽ പുന: പരിശോധനയ്ക്കുവേണ്ടി പാർലമെന്റിലേക്ക് തിരിച്ചയക്കുവാൻ കഴിയില്ല.

   b തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു മാത്രമേ ഭരണഘടനയിൽ ഭേദഗതി വരുത്തുവാൻ അധികാരമുള്ളൂ.

c നീതിന്യായവിഭാഗത്തിന് ഭരണഘടനാഭേദഗതിപ്രക്രിയയ്ക്ക് മുൻകൈയ്യെടുക്കുവാൻ കഴിയില്ലെങ്കിലും ഭരണഘടനയെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിച്ചു കൊണ്ട് അതിനെ കാര്യക്ഷമമാക്കി മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും.

d ഭരണഘടനയുടെ ഏതുഭാഗത്തും പാർലമെന്റിന് ഭേദഗതി വരുത്തുവാൻ സാധിക്കും.

3. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിൽ താഴെക്കൊടുത്തിരിക്കുന്നവയിൽ ആരൊക്കെയാണ് പങ്കാളികളാവുന്നത്? ഏത് രീതിയിലാണ് അവരുടെ പങ്കാളിത്തം?
   a. വോട്ടർമാർ
   b. ഇന്ത്യയുടെ രാഷ്ട്രപതി
   c. സംസ്ഥാനനിയമസഭകൾ
   d. പാർലമെന്റ്
   e. ഗവർണർമാർ
   f. ജുഡീഷ്യറി

4. ഇതുവരെയുള്ള ഭരണഘടനാഭേദഗതികളിൽ ഏറ്റവും വിവാദപരമായത് 42-ാം ഭരണഘടന ഭേദഗതിയാണെന്ന് ഈ അധ്യായത്തിൽ നിന്നും പഠിച്ചു. താഴെ കൊടുത്തിരിക്കുന്നവയിൽ ഈ വിവാദങ്ങൾക്ക് കാരണമായത് ഏതൊക്കെ?
   a. ദേശീയാടിയന്തിരാവസ്ഥാക്കാലത്താണ് ഈ ഭേദഗതി ഉണ്ടായത്. ദേശീയാടിയന്തിരാവസ്ഥയുടെ പ്രഖ്യാപനം തന്നെ വിവാദമായിരുന്നു.
   b. പ്രത്യേക ഭൂരിപക്ഷത്തിന്റെ പിന്തുണയില്ലാതെയാണ് ഈ ഭേദഗതി നടത്തിയത്.
   c. സംസ്ഥാനനിയമസഭകളുടെ അംഗീകാരമില്ലാതെയാണ് ഇത് നടത്തിയത്.
   d. വിവാദപരമായ വ്യവസ്ഥകൾ ഈ ഭേദഗതിയിലുണ്ടായിരുന്നു.

5. വ്യത്യസ്ത ഭേദഗതികളെ സംബന്ധിച്ച് നിയമനിർമാണസഭയും നീതിന്യായ വിഭാഗവും തമ്മിലുള്ള തർക്കങ്ങളിൽ താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് യുക്തിപരമായ ഒരു വിശദീകരണം അല്ലാത്തത്?
   a. ഭരണഘടനയ്ക്ക് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ സാധ്യമാണ്.
   b. ഒരു ജനാധിപത്യത്തിൽ സംവാദങ്ങളും അഭിപ്രായഭിന്നതകളും സ്വാഭാവികമാണ്.
   c. ഭരണഘടന ചില നിയമങ്ങൾക്കും തത്വങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുകയും, പ്രത്യേക ഭൂരിപക്ഷത്തോടെയുള്ള ഭേദഗതി അനുവദിക്കുകയും ചെയ്തു.
   d. പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം നിയമനിർമാണസഭയിൽ നിക്ഷിപ്തമാക്കാനാവില്ല.
   e. ഒരു നിയമത്തിന്റെ ഭരണഘടനാസാധുത തീരുമാനിക്കാൻ മാത്രമേ നീതിന്യായവിഭാഗത്തിനു സാധിക്കൂ. അല്ലാതെ, അതിന്റെ ആവശ്യങ്ങളെ സംബന്ധിച്ചുള്ള രാഷ്ട്രീയസംവാദങ്ങൾക്ക് പരിഹാരം കാണുവാൻ നീതിന്യായ വിഭാഗത്തിന് കഴിയില്ല.

6. അടിസ്ഥാനഘടനാ സിദ്ധാന്തത്തെ സംബന്ധിച്ചുള്ള ശരിയായ പ്രസ്താവന കണ്ടെത്തുക. തെറ്റായ പ്രസ്താവനയെ തിരുത്തി എഴുതുക.
   a. അടിസ്ഥാനതത്ത്വങ്ങൾ ഭരണഘടന വ്യക്തമാക്കുന്നു.
   b. ഭരണഘടനയുടെ അടിസ്ഥാനഘടന ഒഴികെ മറ്റേതു ഭാഗവും നിയമ നിർമാണസഭയ്ക്ക് ഭേദഗതി ചെയ്യാം.
   c. ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ ഉൾപ്പെടുന്നതും അല്ലാത്തവ യുമായ തത്ത്വങ്ങൾ ജുഡീഷ്യറി വിശദീകരിച്ചിട്ടുണ്ട്.
   d. ഈ സിദ്ധാന്തം ആദ്യമായി മുന്നോട്ടുവെച്ചത് കേശവാനന്ദ ഭാരതി കേസിലാണ്. തുടർന്നുള്ള വിധികളിലും ഇതിനെപ്പറ്റി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.
   e. ഈ സിദ്ധാന്തം ജുഡീഷ്യറിയുടെ അധികാരം വർധിപ്പിക്കുകയും വ്യത്യസ്തരാഷ്ട്രീയപ്പാർട്ടികളാലും ഗവൺമെന്റിനാലും സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

7. 2000–2003 കാലഘട്ടത്തിൽ ഉണ്ടായ വിവിധ ഭേദഗതികളെ സംബന്ധിച്ചുള്ളതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന ഏത് നിഗമനത്തിലാണ് നിങ്ങൾക്ക് എത്തിച്ചേരാൻ സാധിക്കുക.
   a. ഈ കാലഘട്ടത്തിൽ ഉണ്ടായ ഭരണഘടനാഭേദഗതികളിൽ ജുഡീഷ്യറി ഇടപെട്ടിരുന്നില്ല.
   b. ഈ കാലഘട്ടത്തിൽ ഒരു രാഷ്ട്രീയപ്പാർട്ടിക്ക് ശക്തമായ ഭൂരിപക്ഷമുണ്ടായിരുന്നു.
   c. ചില ഭേദഗതികൾക്കു വേണ്ടി ജനങ്ങളിൽ നിന്നും ശക്തമായ സമ്മർദമുണ്ടായിരുന്നു.
   d. ഈ കാലഘട്ടത്തിൽ രാഷ്ട്രീയപ്പാർട്ടികൾ തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടായിരുന്നില്ല.
   e. ഭേദഗതികൾ വിവാദരഹിതമായിരുന്നു. ഭേദഗതി വരുത്തേണ്ട വിഷയത്തെ സംബന്ധിച്ച് രാഷ്ട്രീയപ്പാർട്ടികൾ തമ്മിൽ യോജിപ്പുണ്ടായിരുന്നു.

8. ഭരണഘടനഭേദഗതി ചെയ്യുന്നതിന് പ്രത്യേക ഭൂരിപക്ഷം അനിവാര്യമാക്കിയതിനുള്ള കാരണം വിശദീകരിക്കുക.

9. ഇന്ത്യൻ ഭരണഘടനയിലെ പല ഭേദഗതികളും നീതിന്യായവിഭാഗവും പാർലമെന്റും ഉയർത്തിപ്പിടിച്ച വ്യത്യസ്തമായ വ്യാഖ്യാനങ്ങളുടെ ഫലമായിരുന്നു. ഉദാഹരണസഹിതം വിശദീകരിക്കുക.

10. ഭരണഘടന ഭേദഗതി ചെയ്യുവാനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കാണെങ്കിൽ, ഭേദഗതികളുടെ സാധുത തീരുമാനിക്കാനുള്ള അധികാരം ജുഡീഷ്യറിക്കുണ്ടാകുകയില്ല. നിങ്ങളിതിനോട് യോജിക്കുന്നുണ്ടോ? 100 വാക്കിൽ നിങ്ങളുടെ കാരണങ്ങൾ വ്യക്തമാക്കുക.

# അദ്ധ്യായം 10

# ഭരണഘടനയുടെ തത്ത്വശാസ്ത്രം

## (THE PHILOSOPHY OF THE CONSTITUTION)

A5L8U5

### ആമുഖം

*നമ്മുടെ ഭരണഘടനയുടെ ചില പ്രധാന വകുപ്പുകളെക്കുറിച്ചും, ആ വകുപ്പുകൾ കഴിഞ്ഞ അരനൂറ്റാണ്ടിലേറെയായി എങ്ങനെയാണ് പ്രവർത്തിച്ചതെങ്ങനെ എന്നതിനെക്കുറിച്ചുമാണ് ഈ പുസ്തകത്തിൽ നാം ഇതുവരെ പഠിച്ചത്. അതുപോലെതന്നെ, നമ്മുടെ ഭരണഘടനയുടെ രൂപീകരണത്തെക്കുറിച്ചും നാം പഠിച്ചു. ബ്രിട്ടീഷുകാരുടെ ഭരണത്തിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ എന്തുകൊണ്ടാണ് നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ഒരു ഭരണഘടന നമുക്ക് ആവശ്യമാണെന്ന് ചിന്തിച്ചത്? എന്തുകൊണ്ടാണ് അവർ അവരെത്തന്നെയും ഭാവി തലമുറയെയും ഒരു ഭരണഘടനയിലേക്ക് ചേർത്തുവച്ചത്? ഈ പുസ്തകത്തിൽ പലയിടങ്ങളിലും ഭരണഘടനാ നിർമാണസഭയിലെ സംവാദങ്ങളെക്കുറിച്ച് നിങ്ങൾ കാണുകയുണ്ടായി. ഭരണഘടനയുടെ പഠനത്തോടൊപ്പം എപ്പോഴും ഭരണഘടനാനിർമ്മാണസഭയിലെ സംവാദങ്ങളെക്കുറിച്ചും നാമെന്തിനാണ് ആഴത്തിൽ അന്വേഷിക്കുന്നത് എന്നതാണ് നാം ചോദിക്കേണ്ട മറ്റൊരു വസ്തുത. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുകയാണ് ഈ പാഠത്തിലൂടെ നാം ചെയ്യുന്നത്. രണ്ടാമതായി നാം ചോദിക്കേണ്ടത്, ഏതു തരത്തിലുള്ള ഭരണഘടനയ്ക്കാണ് നാം നമ്മെത്തന്നെ സമർപ്പിച്ചിരിക്കുന്നതെന്ന്? ഏതൊക്കെ ലക്ഷ്യങ്ങളാണ് നാം ഈ ഭരണഘടനയിലൂടെ പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നത്? ഈ ലക്ഷ്യങ്ങൾക്ക് എന്തെങ്കിലും ധാർമികത ഉണ്ടോ? ഉണ്ടെങ്കിൽ എന്താണത്? എന്തൊക്കെയാണ് നമ്മുടെ ഭരണഘടനയുടെ ശക്തിയും ദൗർബല്യങ്ങളും? അതായത്, എന്തൊക്കെയാണ് നമ്മുടെ ഭരണഘടനയുടെ നേട്ടങ്ങളും കോട്ടങ്ങളും? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിലൂടെ നമ്മുടെ ഭരണഘടനയുടെ തത്ത്വശാസ്ത്രത്തെക്കുറിച്ച് നമുക്ക് മനസിലാക്കുവാൻ സാധിക്കും.*

*താഴെ പറയുന്ന കാര്യങ്ങൾ ഈ പാഠത്തിന്റെ വായനക്കുശേഷം നിങ്ങൾ മനസിലാക്കും.*

- *ഭരണഘടനയുടെ തത്ത്വശാസ്ത്ര പഠനം എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു?*
- *ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്?*
- *ഈ ഭരണഘടനക്കെതിരെയുള്ള പ്രധാന വിമർശനങ്ങൾ എന്തെല്ലാമാണ്?*
- *ഈ ഭരണഘടനയുടെ പരിമിതികൾ എന്തെല്ലാമാണ്?*

## ഭരണഘടനയുടെ തത്ത്വശാസ്ത്രം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? (WHAT IS MEANT BY PHILOSOPHY OF THE CONSTITUTION?)

ഭരണഘടനയിൽ നിയമങ്ങൾ മാത്രമാണുള്ളതെന്നും, ഈ നിയമങ്ങൾ മൂല്യങ്ങളിൽനിന്നും ധാർമികതയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും ചിലർ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ, ഭരണഘടനയോട് രാഷ്ട്രീയ തത്ത്വശാസ്ത്ര സമീപനമല്ല മറിച്ച് ഒരു നിയമാധിഷ്ഠിത സമീപനം മാത്രമാണ് നമുക്ക് സ്വീകരിക്കാനാകുക എന്ന് അവർ വാദിക്കുന്നു. എല്ലാ നിയമങ്ങൾക്കും ധാർമിക ഉള്ളടക്കം ഇല്ല എന്നതു സത്യമായിരിക്കെ ധാരാളം നിയമങ്ങൾക്ക് നമ്മുടെയുള്ളിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്ന പല മൂല്യങ്ങളുമായി ബന്ധമുണ്ട്. ഉദാഹരണത്തിന് മതത്തിന്റെയും ഭാഷയുടെയും പേരിൽ വ്യക്തികളോട് വിവേചനമരുതെന്ന് ഒരു നിയമം അനുശാസിക്കുന്നു. ആ നിയമം സമത്വം എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാം സമത്വത്തിന് മൂല്യം കൽപിക്കുന്നതുകൊണ്ടാണ് അങ്ങനെയൊരു നിയമം നിലനിൽക്കുന്നതുതന്നെ. അതിനാൽതന്നെ നിയമങ്ങളും ധാർമികമൂല്യങ്ങളും തമ്മിൽ അടുത്ത ബന്ധമുണ്ട്.

അതുകൊണ്ട് നാം ധാർമികവീക്ഷണങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഭരണഘടനയെ ഒരു പ്രമാണമായി നോക്കിക്കാണേണ്ടത്. ഭരണഘടനയോട് ഒരു രാഷ്ട്രീയ തത്ത്വശാസ്ത്ര സമീപനരീതി നാം സ്വീകരിക്കണം. എന്താണ് ഭരണഘടനയോടുള്ള രാഷ്ട്രീയ തത്ത്വശാസ്ത്ര സമീപനരീതി? മൂന്ന് കാര്യങ്ങൾ നാം മനസിലാക്കേണ്ടതുണ്ട്.

- ഒന്നാമതായി, ഭരണഘടനയുടെ ആശയഘടന നാം മനസിലാക്കണം. എന്താണ് ഇത് അർഥമാക്കുന്നത്? ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന 'അവകാശങ്ങൾ, പൗരത്വം, ന്യൂനപക്ഷം, ജനാധിപത്യം' തുടങ്ങിയ പദങ്ങളുടെ സാധ്യമായ അർഥതലങ്ങളെ കണ്ടെത്തണം.
- അതിലുപരിയായി, ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന മുഖ്യ ആശയങ്ങളുടെ വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ വേണം സാമൂഹിക - രാഷ്ട്രീയ കാഴ്ചപാടുകൾ രൂപപ്പെടുത്തേണ്ടത്. ഭരണഘടനയിൽ ഉൾച്ചേർന്നിരിക്കുന്ന ശ്രേഷ്ഠമായ ആദർശങ്ങളെക്കുറിച്ച് ശരിയായ അറിവ് നമുക്കുണ്ടായിരിക്കണം.
- നമ്മുടെ അവസാന വാദം എന്തെന്നാൽ ഭരണഘടനാനിർമാണ സമിതിയിലെ സംവാദങ്ങളുടെ അടിസ്ഥാനത്തിലാണ് നാം ഭരണഘടനയെ വായിക്കേണ്ടത്. ഇത്തരത്തിലുള്ള വായന, ഭരണഘടനയിൽ ഉൾച്ചേർത്തിരിക്കുന്ന മൂല്യങ്ങളുടെ നീതീകരണത്തെ നവീകരിക്കുകയും പുതിയ സൈദ്ധാന്തിക തലത്തിലേക്ക് ഉയർത്തുകയും ചെയ്യും. പ്രതിപാദിച്ചിരിക്കുന്ന മൂല്യത്തിന് വിശദമായ ന്യായീകരണമില്ലെങ്കിൽ ആ മൂല്യത്തിന്റെ തത്ത്വശാസ്ത്ര സമീപനം അപൂർണമാണ്. നമ്മുടെ ഭരണഘടനാ ശില്പികൾ ഇന്ത്യൻ സമൂഹത്തെയും രാഷ്ട്രത്തെയും ഒരു കൂട്ടം മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നയിക്കുവാൻ തീരുമാനിച്ചെങ്കിൽ അതിനുതക്കതായ



എല്ലാ ഭരണഘടനകൾക്കും, തത്ത്വശാസ്ത്രമുണ്ട് എന്നാണോ അർഥമാക്കേണ്ടുന്നത്? അതോ, ചില ഭരണഘടനകൾക്കുമാത്രമേ തത്ത്വശാസ്ത്രമുള്ളൂ എന്നാണോ?

ഒരു കൂട്ടം കാരണങ്ങളുമുണ്ടാകും. കാരണങ്ങളിൽ പലതും വിശദീകരിച്ചിട്ടുണ്ടാവണമെന്നില്ല.

ഭരണഘടന പ്രകടിപ്പിക്കുന്ന ധാർമിക ഉള്ളടക്കം കണ്ടെത്തുന്നതിനും അതിന്റെ അവകാശവാദങ്ങളെ വിലയിരുത്തുന്നതിനും മാത്രമല്ല ഭരണഘടനയുടെ ഒരു രാഷ്ട്രീയ തത്ത്വശാസ്ത്ര സമീപനം ആവശ്യമായി വരുന്നത്. മറിച്ച്, നമ്മുടെ രാഷ്ട്രീയ സമൂഹത്തിലെ പ്രധാന മൂല്യങ്ങളുടെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ തമ്മിൽ സമവായം ഉണ്ടാക്കുന്നതിനും കൂടിയാണ്. വിവിധ രാഷ്ട്രീയ വേദികൾ, നിയമസഭകൾ, പാർട്ടി യോഗങ്ങൾ, മാധ്യമങ്ങൾ, സ്കൂളുകൾ, സർവകലാശാലകൾ എന്നിവിടങ്ങളിലെല്ലാം ഭരണഘടനയിലെ വിവിധ ആദർശങ്ങളെ സംബന്ധിച്ച് വെല്ലുവിളികളും ചർച്ചകളും സംവാദങ്ങളും മത്സരങ്ങളുമുണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. ഈ ആദർശങ്ങൾ പലതരത്തിൽ വ്യാഖ്യാനിക്കപ്പെടുകയും ചിലപ്പോഴൊക്കെ ചിലരുടെ താൽക്കാലിക താൽപര്യങ്ങൾക്കുവേണ്ടി ബോധപൂർവം പക്ഷപാതപരമായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ, ഭരണഘടനയിലെ ആദർശങ്ങളും ഈ ആദർശങ്ങളുടെ മറ്റു വ്യാഖ്യാനങ്ങളും തമ്മിൽ ഗൗരവതരമായ പൊരുത്തക്കേടുകൾ ഉണ്ടോയെന്ന് നാം പരിശോധിക്കണം. ചിലപ്പോൾ ഒരേ ആശയം തന്നെ പല സ്ഥാപനങ്ങൾ പല തരത്തിൽ വ്യാഖ്യാനിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള വ്യത്യസ്ത വ്യാഖ്യാനങ്ങളെ നാം താരതമ്യം ചെയ്യേണ്ടതുണ്ട്. ഭരണഘടന പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾക്ക് ഗണ്യമായ അംഗീകാരം ഉള്ളതുകൊണ്ട് മൂല്യങ്ങളുടെയും ആദർശങ്ങളുടെയും വ്യത്യസ്ത വ്യാഖ്യാനങ്ങൾ തമ്മിലുള്ള കലഹങ്ങളുടെമേൽ തീർപ്പുകൽപിക്കുന്നതിന് ഈ വ്യാഖ്യാനങ്ങളെ ഉപയോഗിക്കുവാൻ സാധിക്കും.



ശരിയാണ്! തീർച്ചയായും ഭരണഘടനയുടെ വ്യത്യസ്ത വ്യാഖ്യാനങ്ങളുമായി ബന്ധപ്പെട്ട ഈ പ്രശ്നം ഞാനോർക്കുന്നു. കഴിഞ്ഞ അധ്യായത്തിലാണല്ലോ അത് നാം ചർച്ച ചെയ്തത്. ശരിയല്ലേ?

1947 ലെ ജാപ്പനീസ് ഭരണഘടന 'സമാധാനത്തിന്റെ ഭരണഘടന' (Peace Constitution) എന്നാണറിയപ്പെടുന്നത്. ഈ ഭരണഘടനയുടെ ആമുഖത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "നാം, ജാപ്പനീസ് ജനത എല്ലാക്കാലവും സമാധാനമാഗ്രഹിക്കുകയും മനുഷ്യബന്ധങ്ങളെ നിയന്ത്രിക്കുന്ന ഉന്നതാശയങ്ങൾ ആഴത്തിൽ മനസിലാക്കുകയും ചെയ്യുന്നു." അതായത് ജാപ്പനീസ് ഭരണഘടനയുടെ തത്ത്വശാസ്ത്രം സമാധാനമെന്ന ആശയം അടിസ്ഥാനമാക്കിയുള്ളതാണ്.

ജാപ്പനീസ് ഭരണഘടനയുടെ 9-ാം അനുച്ഛേദം ഇങ്ങനെ പ്രസ്താവിക്കുന്നു –

1. നീതിയും നിയമവും അടിസ്ഥാനമാക്കിയുള്ള അന്തർദേശീയ സമാധാനത്തിന് എപ്പോഴും ആഗ്രഹിക്കുന്ന ജാപ്പനീസ് ജനത, യുദ്ധത്തെ രാജ്യത്തിന്റെ പരമാധികാരാവകാശമായി കാണുന്നതല്ല, അന്താരാഷ്ട്ര തർക്കങ്ങളുടെ പരിഹാരത്തിനായി ഭീഷണിയോ ബലപ്രയോഗമോ ഉപയോഗിക്കുന്നതും നിരാകരിക്കുകയും ചെയ്യുന്നു.
2. മുൻഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി, കര, നാവിക, വ്യോമസേനകളെയോ മറ്റേതെങ്കിലും യുദ്ധ സംവിധാനങ്ങളെയോ ഒരിക്കലും നിലനിർത്തില്ല

ഭരണഘടനാ രൂപീകരണവേളയിൽ നിലനിൽക്കുന്ന സാഹചര്യങ്ങൾ ഭരണഘടനാ ശില്പികളുടെ ചിന്തയെ എത്രമാത്രം സ്വാധീനിക്കുമെന്നതാണ് ഇത് സൂചിപ്പിക്കുന്നത്.

## ഭരണഘടന ജനാധിപത്യ പരിവർത്തനത്തിനുള്ള മാർഗമെന്ന നിലയിൽ (Constitution as Means of Democratic Trasformation)

ഭരണഘടന എന്ന സംജ്ഞയുടെ അർഥവും ഒരു ഭരണഘടന വേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഒന്നാമധ്യായത്തിൽ നാം പഠിച്ചു. അധികാരവിനിയോഗത്തെ നിയന്ത്രിക്കുക്കയെന്നതാണ് ഭരണഘടന ഉണ്ടായിരിക്കണം എന്നതിന്റെ ഒരു കാരണമായി പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ആധുനിക രാഷ്ട്രങ്ങളെല്ലാം അമിതമായി അധികാരം കയ്യാളുന്നവയാണ്. അവയ്ക്കെല്ലാം ബലപ്രയോഗത്തിനും കയ്യേറ്റത്തിനുമുള്ള കുത്തകാവകാശമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. അധികാരദുർവിനിയോഗം നടത്തുന്നവരുടെ കൈകളിൽ ഈ രാഷ്ട്രങ്ങളിലെ സ്ഥാപനങ്ങളുടെ ഭരണം ചെന്നുപെട്ടാൽ എന്തായിരിക്കും അവസ്ഥ? ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെങ്കിൽപ്പോലും അവയെ വളരെയെളുപ്പത്തിൽ നമുക്കെതിരെ ഉപയോഗിക്കാൻ കഴിയും. ലോകമെമ്പാടുമുള്ള രാഷ്ട്രാധികാര പ്രയോഗങ്ങൾ പരിശോധിക്കുകയാണെങ്കിൽ, ഒട്ടുമിക്ക രാഷ്ട്രങ്ങളും കുറഞ്ഞ തോതിലെങ്കിലും വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും താൽപര്യങ്ങൾ ഹനിക്കുകയാണെന്ന് കാണാൻ കഴിയും. അങ്ങനെയെങ്കിൽ രാഷ്ട്രങ്ങളുടെ ഇത്തരത്തിലുള്ള സ്വഭാവത്തെ നിയന്ത്രിക്കുന്നതിന് ചില നിയമങ്ങൾ നിർമിക്കണം. ഇത്തരത്തിലുള്ള അടിസ്ഥാന നിയമങ്ങൾ പ്രദാനം ചെയ്യുക വഴി രാഷ്ട്രം സേച്ഛാധിപത്യത്തിലേക്ക് മാറുന്നതിനെ ഭരണഘടന തടയുന്നു.



അതുകൊണ്ട്, ഭരണഘടനാ നിർമാണ സമിതിയിലെ എല്ലാ അംഗങ്ങളും സാമൂഹ്യ പരിവർത്തനത്തിനു വേണ്ടി ആഗ്രഹിച്ചിരുന്നെന്ന് നമുക്ക് പറയുവാൻ സാധിക്കുമോ? എന്നാൽ, ഭരണഘടനാനിർമ്മാണസമിതിയിൽ എല്ലാ കാഴ്ചപ്പാടുകൾക്കും പ്രാതിനിധ്യമുണ്ടായിരുന്നെന്നും നമ്മൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു!

സാമൂഹ്യപരിവർത്തനത്തിനുവേണ്ടിയുള്ള സമാധാനപരവും ജനാധിപത്യപരവുമായ മാർഗങ്ങളും ഭരണഘടന പ്രദാനം ചെയ്യുന്നു. അതിലുപരിയായി, നാളിതുവരെ കോളനിവൽക്കരിക്കപ്പെട്ടിരുന്ന ജനങ്ങൾക്ക് ഭരണഘടന രാഷ്ട്രീയ സ്വയംനിർണയാവകാശം പ്രഖ്യാപിക്കുകയും അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നു.

ഈ രണ്ട് ആശയങ്ങളെയും നെഹ്റു നന്നായി മനസ്സിലാക്കിയിരുന്നു. ഭരണഘടനാ നിർമ്മാണസഭയുടെ രൂപീകരണത്തിനുള്ള ആവശ്യം സമ്പൂർണ്ണ സ്വയം നിർണ്ണയാവകാശത്തിനുവേണ്ടിയുള്ള കൂട്ടായ ആവശ്യത്തെ സൂചിപ്പിക്കുന്നുവെന്ന് അദ്ദേഹം വാദിച്ചു. ഇന്ത്യൻ ജനത തെരഞ്ഞെടുത്ത ഭരണഘടനാ നിർമ്മാണ സഭക്കു മാത്രമേ ബാഹ്യ ഇടപെടലുകളില്ലാത്ത ഒരു ഇന്ത്യൻ ഭരണഘടന നിർമിക്കുവാനുള്ള അവകാശമുണ്ടായിരിക്കുകയുള്ളൂ എന്നതാണ് ഈ വാദഗതിയുടെ അടിസ്ഥാനം. രണ്ടാമതായി, ഭരണഘടനാ നിർമ്മാണ സഭ ഒരു പറ്റം ആളുകളുടെയോ അല്ലെങ്കിൽ ഒരു കൂട്ടം കഴിവുള്ള നിയമജ്ഞരുടേയോ ഒരു സമിതി മാത്രമല്ല, മറിച്ച് അത് പഴയ രാഷ്ട്രീയ - സാമൂഹിക ഘടനയുടെ പുറന്തോട് വലിച്ചെറിഞ്ഞ് സ്വയം രൂപപ്പെടുത്തിയ പുതുവസ്ത്രമണിഞ്ഞ 'ചലനാത്മകമായ ഒരു രാഷ്ട്ര'മാണെന്നും നെഹ്റു അവകാശപ്പെട്ടു. പരമ്പരാഗതമായ സാമൂഹ്യ ശ്രേണിയുടെ

ചങ്ങലകൾ പൊട്ടിച്ച് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും നീതിയുടെയും ഒരു പുതുയുഗപ്പിറവിക്കു വേണ്ടിയായിരുന്നു ഇന്ത്യയുടെ ഭരണഘടനയെ രൂപപ്പെടുത്തിയത്.

ഭരണഘടനക്ക് ജനാധിപത്യ സിദ്ധാന്തങ്ങളെ അപ്പാടെ മാറ്റി മറിക്കുവാനുള്ള കഴിവുണ്ടായിരുന്നു. ഈ സമീപന പ്രകാരം, അധികാരത്തിലുള്ളവരെ നിയന്ത്രിക്കുക മാത്രമല്ല മറിച്ച് പരമ്പരാഗതമായി അധികാരം നിഷേധിക്കപ്പെട്ടവരെ ശാക്തീകരിക്കുകകൂടിയാണ് ഭരണഘടന ചെയ്യുന്നത്. ദുർബല ജനവിഭാഗങ്ങൾക്ക് കൂട്ടായ പുരോഗതി കൈവരിക്കുന്നതിനായുള്ള അധികാരം നല്കുവാൻ ഭരണഘടനകൾക്ക് സാധിക്കും.

## ഭരണഘടനാനിർമാണ സഭയിലേക്ക് നാമെന്തിന് തിരിച്ചു പോകണം? (Why do we need to go back to the Constituent Assembly?)

ഭൂതകാലത്തേക്ക് തിരിഞ്ഞുനോക്കുകയും അവയുമായി നമ്മെ ബന്ധപ്പെടുത്തുകയും ചെയ്യുന്നതെന്തിന്? നിയമ, രാഷട്രീയാശയങ്ങളുടെ അടിസറാനം തേടി ചരിത്രത്തിലേക്കിറങ്ങുക്കയെന്നത് ഒരു നിയമ ചരിത്രകാരന്റെ ജോലിയാണ്. എന്തുകൊണ്ടാണ് രാഷ്ട്രീയവിദ്യാർഥികൾ ഭരണഘടനാശില്പികളുടെ ഉദ്ദേശ്യങ്ങളും ഉത്കണ്ഠകളും പഠിക്കുവാൻ താത്പര്യപ്പെടുന്നത്? മാറിയ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഭരണഘടനയുടെ നിയമപരമായ ധർമങ്ങളെ പുനർനിർവചിക്കാൻ എന്തുകൊണ്ട് കഴിയില്ല?

18–ാം നൂറ്റാണ്ടിന്റെ അവസാനപാദങ്ങളിൽ തയ്യാറാക്കിയ അമേരിക്കൻ ഭരണഘടനയിലെ മൂല്യങ്ങളും വകുപ്പുകളും 21–ാം നൂറ്റാണ്ടിനും ബാധകമാകുമെന്നത് പരിഹാസ്യമാണ്. എന്നാൽ ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയവരുടെ കാലഘട്ടവും ഇന്നത്തെ കാലഘട്ടവും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ടായിട്ടില്ല. മൂല്യങ്ങളുടെയും ആദർശങ്ങളുടെയും ധാരണകളുടെയും കാര്യത്തിൽ ഭരണഘടനാനിർമാണ സഭ പ്രവർത്തിച്ചിരുന്ന അതേ സാഹചര്യങ്ങളിൽ തന്നെയാണ് നാം ഇന്നും ജീവിക്കുന്നത്. നമ്മുടെ ഭരണഘടനയുടെ ചരിത്രവും വർത്തമാനകാല ചരിത്രവും ഒന്നുതന്നെയാണ്.



### പ്രവർത്തനം

താഴെ സൂചിപ്പിക്കുന്ന അധ്യായങ്ങളിൽ തന്നിരിക്കുന്ന, ഭരണഘടനാനിർമ്മാണസമിതിയിലെ സംവാദങ്ങളുടെ (CAD) ഉദ്ധരണികൾ വീണ്ടും വായിക്കുക. ആ ഉദ്ധരണികളിലെ വാദങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? എന്തുകൊണ്ട്?

1 ഉദ്ധരണികൾ, അധ്യായം 2

2 ഉദ്ധരണികൾ, അധ്യായം 7

അതുമാത്രമല്ല, നമ്മുടെ നിയമരാഷ്ട്രീയ കീഴ്വഴക്കങ്ങളുടെ അടിസ്ഥാനതത്വങ്ങളെ നാം വിസ്മരിച്ചേക്കാം. കാരണം നാം അവയെല്ലാം എവിടെയോ വച്ച് സ്വീകരിച്ചതാണ്. ഈ അടിസ്ഥാനതത്ത്വങ്ങൾ നമ്മുടെ ബോധമണ്ഡലത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് മാറ്റപ്പെട്ടെങ്കിലും ഇപ്പോഴും അവ നമ്മുടെ വർത്തമാനകാല പ്രവർത്തനങ്ങളുടെ സംഘടനാ തത്ത്വങ്ങൾ പ്രദാനം ചെയ്യുന്നു. കാര്യങ്ങളെല്ലാം ഭംഗി

യായി നടക്കുന്ന പക്ഷം ഈ മറവി ദോഷകരമല്ല. എന്നാൽ, വർത്തമാനകാല പ്രവർത്തനങ്ങൾ വെല്ലുവിളിക്കപ്പെടുകയോ ഭീഷണിക്കു വിധേയമാക്കുകയോ ചെയ്യുമ്പോൾ ഈ അടിസ്ഥാന തത്വങ്ങളെ അവഗണിക്കുന്നത് ദോഷകരമായേക്കാം. ചുരുക്കത്തിൽ ഭരണഘടനാപരമായി സമകാലിക പ്രവർത്തനങ്ങളെ കൈകാര്യം ചെയ്യുന്നതിനും അവയുടെ അർഥവും മൂല്യവും ഉൾക്കൊള്ളുന്നതിനും, ഭരണഘടനാ നിർമാണ സഭയിലെ സംവാദങ്ങളിലേക്കും ഒരു പക്ഷേ അതിനും മുമ്പുള്ള കോളനിവാഴ്ചയുടെ കാലത്തേക്കും പോവുകയല്ലാതെ മറ്റുമാർഗമില്ല. ആയതിനാൽ, നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന രാഷ്ട്രീയ തത്വശാസ്ത്രം നാം ഓർക്കേണ്ടതും അതിലേക്ക് പുനഃസന്ദർശനം നടത്തേണ്ടതുമാണ്.

## എന്താണ് നമ്മുടെ ഭരണഘടനയുടെ രാഷ്ട്രീയ തത്വശാസ്ത്രം? (WHAT IS THE POLITICAL PHILOSOPHY OF OUR CONSTITUTION?)

ഈ തത്വശാസ്ത്രത്തെ ഒറ്റവാക്കിൽ വിവരിക്കുക പ്രയാസമാണ്. ഉദാരവാദം, ജനാധിപത്യം, സമത്വവാദം, മതേതരത്വം, ഫെഡറലിസം സാമൂഹിക മൂല്യങ്ങളോടുള്ള തുറന്ന മനസ്, ഭാഷാപരവും മതപരവുമായ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളോടുള്ള അനുഭാവം, ചരി

Shankar. Copyright: Children's Book Trust.

**കാർട്ടൂൺ നോക്കിക്കാണുക**




26 January 1950

എല്ലാത്തരം ആശയങ്ങളും പോരാടുന്ന ഈ കളിക്കളത്തിൽ കളി 'നിയന്ത്രിക്കുന്നത്' (Umpire) ജനാധിപത്യമാണ്.



*ഇത് കഠിനമാണ്. ഭരണഘടനയുടെ തത്വശാസ്ത്രമെന്നാൽ എന്താണെന്ന് ലളിതമായി പറഞ്ഞാൽ പോരെ? ഇങ്ങനെ ഒളിച്ചുവയ്ക്കപ്പെട്ട രീതിയിൽ പറഞ്ഞാൽ സാധാരണ പൗരൻമാർ എങ്ങനെയാണ് ഭരണഘടനയുടെ തത്വശാസ്ത്രത്തെ മനസിലാക്കുന്നത്?*

ത്രപരമായി അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളോടുള്ള ആഭിമുഖ്യം, പൊതുവായ ദേശീയസ്വത്വം കെട്ടിപ്പടുക്കുന്നതിലുള്ള പ്രതിബദ്ധത എന്നിവയെല്ലാം ഈ ഭരണഘടനയുടെ സ്വഭാവമായതുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക കള്ളിയിലേക്ക് അതിനെ ഒതുക്കുക സാധ്യമല്ല. ചുരുക്കത്തിൽ സ്വാതന്ത്ര്യം, സമത്വം, സാമൂഹ്യനീതി, ഒരു തരത്തിലുള്ള ദേശീയ ഐക്യം എന്നിവയോടെല്ലാം ഭരണഘടന പ്രതിബദ്ധത പുലർത്തുന്നു. എന്നാൽ ഇതിനെല്ലാം ഉപരി ഈ തത്വശാസ്ത്രത്തെ പ്രാവർത്തികമാക്കുവാൻ സമാധാനപരവും ജനാധിപത്യപരവുമായ മാർഗങ്ങൾ അവലംബിക്കുന്നതിൽ ഊന്നൽ നൽകുകയും ചെയ്യുന്നു.

## വ്യക്തിസ്വാതന്ത്ര്യം (Individual freedom)

നമ്മുടെ ഭരണഘടനയെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കേണ്ട ഒന്നാമത്തെ വസ്തുത അതിന്റെ വ്യക്തിസ്വാതന്ത്ര്യത്തോടുള്ള പ്രതിബദ്ധതയാണ്. ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് നടത്തിയ ശാന്തമായ ചർച്ചകളുടെ ഫലമായി അത്ഭുതകരമായി ഉരുത്തിരിഞ്ഞുവന്നതല്ല ഈ പ്രതിബദ്ധത. പകരം ഒരു നൂറ്റാണ്ടിലേറെ തുടർന്ന മൗലികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളുടെ ഫലമാണിത്. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, പത്രസ്വാതന്ത്ര്യം വെട്ടിക്കുറച്ച ബ്രിട്ടീഷ്കോളനി ഭരണത്തിനെതിരെ റാംമോഹൻറോയി പ്രതിഷേധിക്കുകയുണ്ടായി. വ്യക്തികളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കേണ്ട രാഷ്ട്രം തീർച്ചയായും അവരുടെ ആവശ്യങ്ങളെ അറിയിക്കുവാനുള്ള ഉപാധികളും പ്രദാനം ചെയ്യണമെന്ന് റോയ് വാദിച്ചു. അതുകൊണ്ട് തടസങ്ങളില്ലാത്ത പ്രസിദ്ധീകരണ സ്വാതന്ത്ര്യം രാഷ്ട്രം അനുവദിക്കണം. ഇത്തരത്തിൽ, ബ്രിട്ടീഷ് ഭരണകാലഘട്ടത്തിലുടനീളം ഇന്ത്യൻ മാധ്യമ സ്വതന്ത്ര്യത്തിനു വേണ്ടി ആവശ്യമുന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

അതുകൊണ്ടുതന്നെ ആവിഷ്കാര സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമായതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെതന്നെയാണ് അന്യായമായ അറസ്റ്റിൽനിന്നുള്ള സ്വാതന്ത്ര്യവും. ദേശീയപ്രസ്ഥാനം ഏറെ എതിർത്ത റൗലറ്റ്നിയമത്തിൽ ഈ അടിസ്ഥാനസ്വാതന്ത്ര്യത്തിന്റെ നിഷേധം പ്രകടമായിരുന്നു. അന്യായമായ അറസ്റ്റിൽ നിന്നുള്ള സ്വാതന്ത്ര്യവും മനസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവുംപോലുള്ള ഒട്ടനവധി വ്യക്തിസ്വാതന്ത്ര്യങ്ങൾ ഉദാരാശയവാദത്തിന്റെ ഭാഗമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ ഭരണഘടനയ്ക്ക് വളരെ ബൃഹത്തായ ഉദാരസ്വഭാവമുണ്ടെന്ന് (Liberal Character) പറയുവാൻ നമുക്ക് സാധിക്കും. മൗലികാവകാശങ്ങളെക്കുറിച്ചുള്ള അധ്യായത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിന് നമ്മുടെ ഭരണഘടന എത്രയധികം മൂല്യം കൽപ്പിക്കുന്നുവെന്ന് നാം കണ്ടു കഴിഞ്ഞതാണ്. ഇന്ത്യയുടെ ഭരണഘടന നിലവിൽ വരുന്നതിനും 40 വർഷങ്ങൾക്കുമുമ്പുതന്നെ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഓരോ പ്രമേയങ്ങളിലും, പദ്ധതികളിലും, ബില്ലുകളിലും, റിപ്പോർട്ടുകളിലും ഒഴിവാക്കാൻ സാധിക്കാത്ത മൂല്യമായിത്തന്നെ വ്യക്തിയുടെ അവകാശങ്ങളെക്കുറിച്ച് പറഞ്ഞിരുന്നുവെന്നത് നാം ഓർക്കണം.

## സാമൂഹ്യനീതി (Social Justice)

നമ്മുടെ ഭരണഘടന ഉദാരവാദത്തിന് ഊന്നൽ നൽകിയിരിക്കുന്നു എന്ന് നാം പറയുമ്പോൾ അത് ക്ലാസിക്കൽ പാശ്ചാത്യരീതിയിലുള്ള ഉദാരവാദമാണെന്ന് ആരും അർഥമാക്കരുത്. രാഷ്ട്രീയസിദ്ധാന്തം (Political Theory) എന്ന പുസ്തകത്തിൽ ഉദാരവാദം എന്ന ആശയത്തെക്കുറിച്ച് നിങ്ങൾ കൂടുതൽ പഠിക്കും. സാമൂഹ്യനീതി, സാമുദായികമൂല്യങ്ങൾ (Community values) എന്നിവയ്ക്കുവേണ്ടിയുള്ള ആവശ്യത്തേക്കാൾ വ്യക്തികളുടെ അവകാശങ്ങൾക്ക് ക്ലാസിക്കൽ ഉദാരവാദം മുൻതൂക്കം നൽകുന്നു.

### പഠനപുരോഗതി വിലയിരുത്തുക.

താഴെപറയുന്ന അവകാശങ്ങളിൽ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായിരിക്കുന്നത് ഏതൊക്കെയെന്ന് പ്രസ്താവിക്കുക

- ആവിഷ്കാര സ്വാതന്ത്ര്യം
- മത സ്വാതന്ത്ര്യം
- ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ
- പൊതു ഇടങ്ങളിലേക്കുള്ള തുല്യപ്രവേശനം

ഇന്ത്യൻ ഭരണഘടനയിലെ ഉദാരവാദം ക്ലാസിക്കൽ ഉദാരവാദത്തിൽ നിന്നും രണ്ട് തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഒന്നാമതായി, ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന ഉദാരവാദം എല്ലായ്പ്പോഴും സാമൂഹ്യനീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പട്ടികജാതി, പട്ടികവർഗങ്ങൾക്ക് (Scheduled Castes and Scheduled Tribes) സംവരണം ഉറപ്പുവരുത്തുന്നതിനുള്ള ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദങ്ങൾ ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കാലാകാലങ്ങളായി ഈ ജനവിഭാഗം അനുഭവിക്കുന്ന അനീതികളെ ഇല്ലായ്മ ചെയ്യുവാനും അവർക്കുനൽകിയ വോട്ടവകാശത്തിന് ശരിയായ അർഥമുണ്ടാകുവാനും സമത്വത്തിനുള്ള അവകാശം നല്കുന്നതിലൂടെ മാത്രം കഴിയില്ലെന്ന് ഭരണഘടനാ ശില്പികൾ വിശ്വസിച്ചു. അവരുടെ ഉന്നമനത്തിനും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രത്യേക ഭരണഘടനാ വ്യവസ്ഥകളാവശ്യമാണ്. അതുകൊണ്ട്, പട്ടികജാതി – പട്ടികവർഗങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി നിയമ നിർമാണസഭകളിലെ സീറ്റുകളിലേക്കുള്ള സംവരണം ഉൾപ്പെടെ ഒട്ടനവധി വ്യവസ്ഥകൾ ഭരണഘടനാ ശില്പികൾ ഭരണഘടനയിലുൾപ്പെടുത്തി. പൊതുമേഖലാ ജോലികളിൽ ഈ വിഭാഗങ്ങൾക്ക് ഭരണഘടന ഗവൺമെന്റ് വഴി സംവരണവും ഭരണഘടന ഉറപ്പുവരുത്തി.

> ഇന്ത്യൻ ഉദാരവാദത്തിന് രണ്ടു മുഖ്യധാരകൾ ഉണ്ട്. ആദ്യധാര ആരംഭിക്കുന്നത് റാം മോഹൻ റോയിയിൽ നിന്നാണ്. അദ്ദേഹം വ്യക്തികളുടെ അവകാശങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശങ്ങൾക്ക് ഊന്നൽ നല്കി. കെ.സി. സെൻ, ജസ്റ്റിസ് റാണഡെ, സ്വാമി വിവേകാനന്ദൻ തുടങ്ങിയവരാണ് ഇന്ത്യൻ ഉദാരവാദത്തിന്റെ രണ്ടാമത്തെ ധാരയിലുള്ളത്. സാമൂഹ്യനീതിയുടെ ആത്മാവിനെ യാഥാസ്ഥിതികഹിന്ദുത്വത്തിനുള്ളിൽ അവർ പരിചയപ്പെടുത്തി. വിവേകാനന്ദന്റെ അഭിപ്രായത്തിൽ ഉദാരതത്ത്വങ്ങളുടെ അഭാവത്തിൽ, ഹിന്ദു സമൂഹത്തെ നവീകരിക്കുകയെന്നത് അസാധ്യമാണ് –
> കെ.എം. പണിക്കർ, ഇൻ ഡിഫൻസ് ഓഫ് ലിബറലിസം, ബോംബേ, ഏഷ്യാ പബ്ളിഷിംഗ് ഹൗസ്, 1962.



സാമൂഹ്യ നീതിയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ നിർദ്ദേശക തത്ത്വങ്ങളെ നമുക്ക് മറക്കാതിരിക്കാം.

## വൈവിധ്യങ്ങളെയും ന്യൂനപക്ഷാവകാശങ്ങളെയും ബഹുമാനിക്കൽ (Respect for diversity and minority rights)

വിവിധ സമുദായങ്ങൾക്കിടയിൽ തുല്യബഹുമാനത്തെ ഇന്ത്യൻ ഭരണഘടന പ്രോൽസാഹിപ്പിക്കുന്നു. ഇത് നമ്മുടെ രാജ്യത്ത് എളുപ്പമല്ല, ഇതിന്റെ ഒന്നാമത്തെ കാരണം സമുദായങ്ങൾ തമ്മിൽ സമത്വത്തോടുകൂടിയ ഒരു ബന്ധം എല്ലായ്പ്പോഴും ഉണ്ടായിരിക്കുകയില്ല, മറിച്ച് ശ്രേണിയിൽ അധിഷ്ഠിതമായ (Hierarchical) ബന്ധമാണുള്ളത് (ജാതിസമ്പ്രദായത്തിലെന്ന പോലെ). രണ്ടാമത്തെ കാരണം, ഈ സമുദായങ്ങൾ പരസ്പരം തുല്യത അംഗീകരിക്കുമ്പോൾതന്നെ, പരസ്പരം ശത്രുതയിലുമാണ് എന്നതാണ് (മതസമുദായങ്ങളുടെ കാര്യത്തിലെന്നപോലെ). നിലനിൽക്കുന്ന ശ്രേണിയിലധിഷ്ഠിതമായ സാഹചര്യങ്ങളിൽ, അല്ലെങ്കിൽ നിലനിൽക്കുന്ന ശത്രുതയുടെ പശ്ചാത്തലത്തിൽ സമുദായങ്ങളുടെ സമീപനങ്ങൾ ഉദാരമാകുന്നതും അവർക്കിടയിൽ പരസ്പരമുള്ള തുല്യബഹുമാനവുമെന്ന ചിന്ത വളർത്തിയെടുക്കുന്നതും എങ്ങനെയെന്നത് ഭരണഘടനാശില്പികളെ സംബന്ധിച്ചടത്തോളം ഒരു വലിയ വെല്ലുവിളിയായിരുന്നു.



ഞാനാരാണെന്ന് ഞാനെപ്പോഴും അത്ഭുതപ്പെടുന്നു. എനിയ്ക്ക് ധാരാളം വ്യക്തിത്വങ്ങളുണ്ട്. എന്റെ മതപരമായ വ്യക്തിത്വം, എന്റെ ഭാഷാപരമായ വ്യക്തിത്വം, എനിക്ക് എന്റെ മാതൃപട്ടണവുമായി ബന്ധവുമുണ്ട്. സർവോപരി, ഞാനൊരു വിദ്യാർഥിയുമാണ്.

ചില പാശ്ചാത്യ ഉദാര ഭരണഘടനകൾ ചെയ്യുന്നതുപോലെ, സമുദായങ്ങളെ തന്നെ അംഗീകരിക്കാതിരിയ്ക്കുകയാണെങ്കിൽ ഈ പ്രശ്നത്തെ പരിഹരിക്കുക എളുപ്പമാണ്. എന്നാലിത് നമ്മുടെ രാജ്യത്ത് അപ്രായോഗികവും അനഭിലഷണീയവുമാണ്. ഇതിനു കാരണം ഇന്ത്യൻ ജനത, സമുദായങ്ങളോട് മറ്റുള്ളവരെക്കാൾ കൂടുതൽ അടുപ്പം കാണിക്കുന്നു എന്നതല്ല. ലോകത്തെല്ലായിടത്തുമുള്ള വ്യക്തികൾ ഏതെങ്കിലുമൊരു സാംസ്കാരികസമുദായത്തിന്റെ ഭാഗ

മായിരിക്കും. ഇത്തരം സമുദായങ്ങൾക്ക് അതിലെ അംഗങ്ങളെല്ലാം പങ്കുവയ്ക്കുന്ന മൂല്യങ്ങൾ, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, ഭാഷ എന്നിവയുണ്ടായിരിക്കും. ഉദാഹരണത്തിന്, ഫ്രാൻസിലെയും ജർമനിയിലെയും ആളുകൾ ഒരു പ്രത്യേക ഭാഷാസമൂഹത്തിന്റെ ഭാഗവും അവർ അതുമായി ഇഴുകിചേർന്നുമിരിക്കുന്നു. മറ്റുള്ളവരിൽ നിന്ന് നമ്മുടെ രാജ്യത്തെ വ്യത്യസ്തമാക്കുന്നത് നാം സാമൂഹികമൂല്യങ്ങളെ അംഗീകരിക്കുന്നു എന്നുള്ളതാണ്. അതിലും പ്രധാനമായി, ബഹുസാംസ്കാരിക സമുദായങ്ങൾ ഉള്ള ഒരു പ്രദേശമാണ് ഇന്ത്യ. ജർമനിയിൽ നിന്നും ഫ്രാൻസിൽ നിന്നും വ്യത്യസ്തമായി ധാരാളം ഭാഷാപരവും മതപരവുമായ സമൂഹങ്ങൾ നമുക്കുണ്ട്. ഇത്തരമൊരവസ്ഥയിൽ ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നില്ല എന്നുറപ്പുവരുത്തേണ്ടത് പ്രധാനമാണ്. ഇതുകൊണ്ടാണ് സാമുദായികാടിസ്ഥാനത്തിലുള്ള അവകാശങ്ങളെ അംഗീകരിക്കുകയെന്നത് നമ്മുടെ ഭരണഘടന നിർബന്ധമാക്കിയിരിക്കുന്നത്.

മതസമുദായങ്ങൾക്ക് സ്വന്തമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള അവകാശം ഇത്തരത്തിലുള്ള ഒരു അവകാശമാണ്. അത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്നും ധനസഹായം സ്വീകരിക്കാവുന്നതാണ്. മതത്തെ വ്യക്തിയുടെ സ്വകാര്യവിഷയമായല്ല ഇന്ത്യൻ ഭരണഘടന കാണുന്നതെന്നാണ് ഈ വ്യവസ്ഥകൾ സൂചിപ്പിക്കുന്നത്.

## മതേതരത്വം (Secularism)

മതത്തെ ഒരു സ്വകാര്യവിഷയമായിട്ടാണ് മതേതരരാഷ്ട്രങ്ങൾ കരുതുന്നത്. അതായത് മതത്തിന് പൊതുവായോ ഔദ്യോഗികമായോ അംഗീകാരം നൽകാൻ ഈ രാഷ്ട്രങ്ങൾ കൂട്ടാക്കാറില്ല. ഇന്ത്യൻ ഭരണഘടന മതേതരമല്ലെന്നാണോ ഇത് അർഥമാക്കുന്നത്? ഒരിക്കലുമല്ല. ഇന്ത്യൻ ഭരണഘടന ആദ്യം 'മതേതരം' എന്ന പദം ഉപയോഗിച്ചില്ലെങ്കിലും എല്ലായ്പ്പോഴും അത് മതേതരമായിരുന്നു. വ്യക്തിസ്വാതന്ത്ര്യം, വ്യക്തിയുടെ പൗരത്വാവകാശങ്ങൾ എന്നീ മൂല്യങ്ങളുടെ പരിരക്ഷണത്തിനായി മതവും രാഷ്ട്രവും തമ്മിലുള്ള പരസ്പര ഒഴിവാക്കൽ എന്നതാണ് മുഖ്യധാരാ മതേതരത്വം അഥവാ പാശ്ചാത്യ മതേതരത്വം അർഥമാക്കുന്നത്.



ഇവർ ഞങ്ങളെ രാഷ്ട്രീയ സിദ്ധാന്തം പഠിപ്പിക്കാൻ തുടങ്ങിയോ?

ഈ കാര്യത്തെക്കുറിച്ച്, നിങ്ങൾ രാഷ്ട്രീയ സിദ്ധാന്തത്തിൽ കൂടുതലായി പഠിക്കും. 'പരസ്പരം ഒഴിവാക്കൽ' (Mutual Exclusion) എന്ന പദം അർഥമാക്കുന്നത് ഇതാണ് – രാഷ്ട്രവും മതവും ഒന്ന് മറ്റൊന്നിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതെ മാറിനിൽക്കണം. മതത്തിന്റെ മണ്ഡലത്തിൽ രാഷ്ട്രം ഇടപെടരുത്, അതുപോലെ തന്നെ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളിലോ നയരൂപീകരണത്തിലോ മതം ഒരു പ്രേരകശക്തിയാകരുത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, പരസ്പരം ഒഴിവാക്കൽ എന്നാൽ മതവും രാഷ്ട്രവും നിർബന്ധമായും വേർതിരിക്കപ്പെട്ടിരിക്കണമെന്നതാണ്.

എന്താണ് ഈ കർശന വിഭജനത്തിന്റെ ലക്ഷ്യം? വ്യക്തികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണിത്. സംഘടിത മതങ്ങൾക്ക് സഹായം നൽകുന്ന രാഷ്ട്രങ്ങൾ അവയെ നേരത്തെയുള്ളതിനേക്കാൾ ശക്തിയാർജി ക്കുന്നതിന് സഹായിക്കുകയാണ് ചെയ്യുന്നത്. വ്യക്തികളുടെ മതപരമായ ജീവി തത്തെ നിയന്ത്രിക്കാൻ മത സംഘടനകളാരംഭിക്കുമ്പോൾ, അവർക്ക് ദൈവ വുമായി ഏതുതരത്തിലുള്ള ബന്ധമാണ് വേണ്ടതെന്ന് നിർദേശിക്കുമ്പോൾ, അല്ലെങ്കിൽ എങ്ങനെ പ്രാർഥിക്കണമെന്ന് നിർദേശിക്കുമ്പോൾ, തങ്ങളുടെ മത സ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാൻ ആധുനികരാഷ്ട്രത്തെ സമീപിക്കുവാൻ വ്യക്തികൾക്ക് സാധിക്കും. ആയതിനാൽ, വ്യക്തികളുടെ മതസ്വാതന്ത്ര്യം സംരക്ഷിക്കണമെങ്കിൽ, രാഷ്ട്രം മതസ്ഥാപനങ്ങളെ സഹായിക്കരുത്. അതേ സമയം തന്നെ മതകാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് രാഷ്ട്രം നിർദേശിക്കുവാനും പാടില്ല. അത്തരം കാര്യങ്ങൾക്ക് മതസ്വാതന്ത്ര്യത്തെ തട സപ്പെടുത്തുവാൻ കഴിയും. ചുരുക്കത്തിൽ, ഒരു രാഷ്ട്രം മതസ്ഥാപനങ്ങളെ സഹായിക്കുകയോ അവയുടെ പ്രവർത്തനങ്ങളെ തടസപ്പെടുത്തുകയോ ചെയ്യ രുത്. പകരം അവർ പരസ്പരമൊരു കൈയകലം പാലിച്ചു നിൽക്കുകയാണ് ചെയ്യേണ്ടത്. ഇതാണ് നിലനിൽക്കുന്ന പാശ്ചാത്യമതേതര സങ്കൽപം.

- *മത വിഭാഗങ്ങളുടെ അവകാശങ്ങൾ (Right of Religious Groups)*

  ഒന്നാമതായി, മുൻപ് സൂചിപ്പിച്ചതുപോലെ, വ്യക്തികളുടെ ഇടയിൽ സമത്വം എത്രത്തോളം ആവശ്യമായിരിക്കുന്നുവോ അത്രത്തോളം തന്നെ സാമുദായികസമത്വവും ആവശ്യമാണെന്ന് നമ്മുടെ ഭരണഘടനാ ശില്പി കൾ അംഗീകരിച്ചു. ഒരു വ്യക്തിയുടെ സ്വാതന്ത്ര്യവും ആത്മാഭിമാനവും അയാളുടെ സമുദായത്തിന്റെ അന്തസിനെ നേരിട്ടാശ്രയിച്ചിരിക്കുന്നു എന്ന താണിതിന്റെ കാരണം. ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ കീഴി ലാവുമ്പോൾ അതിലെ അംഗങ്ങൾക്ക് താരതമ്യേന സ്വാതന്ത്ര്യം കുറവാ യിരിക്കും. മറിച്ച് എല്ലാ സമുദായങ്ങളും തുല്യമെങ്കിൽ, അവർക്കിടയിൽ ആധിപത്യമില്ലെങ്കിൽ അതിലെ അംഗങ്ങൾക്കെല്ലാം പദവിയും ആത്മാ ഭിമാനവും സ്വാതന്ത്ര്യവുമുണ്ടായിരിക്കും. അങ്ങനെ, ഇന്ത്യൻ ഭരണഘ ടന എല്ലാ മതസമുദായങ്ങൾക്കും സ്വന്തമായി വിദ്യാഭ്യാസ സ്ഥാപന ങ്ങൾ തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോവുന്നതിനുമുള്ള അവകാ ശങ്ങൾ പ്രദാനം ചെയ്യുന്നു. ഇന്ത്യയിൽ മതസ്വാതന്ത്ര്യമെന്നതുകൊണ്ട് അർഥമാക്കുന്നത്, വ്യക്തികളുടെയും സമുദായങ്ങളുടെയും മത സ്വാതന്ത്ര്യമെന്നാണ്.

- *രാഷ്ട്രത്തിന് ഇടപെടുവാനുള്ള അധികാരം (State Power of Intervention)*

  രണ്ടാമതായി, ഇന്ത്യയിൽ മതവും ഭരണകൂടവും തമ്മിലുള്ള വേർതിരിവ് എന്നതിന്റെ അർഥം പരസ്പര ഒഴിവാക്കൽ എന്നല്ല. എന്തുകൊണ്ടാണി ങ്ങനെ? കാരണം മതത്തിന്റെ അംഗീകാരമുള്ള അയിത്തം പോലുള്ള ആചാരങ്ങൾ വ്യക്തിയുടെ അന്തസിനും ആത്മാഭിമാനത്തിനും ക്ഷത മേൽപ്പിച്ചിട്ടുണ്ട്. വളരെ ആഴത്തിൽ വേരൂന്നിയതും എല്ലായിടത്തും വ്യാപി



മതവുമായി ബന്ധപ്പെട്ട കാര്യങ്ങളെ നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനു കഴിയുമോ ഇല്ലയോ എന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്. അല്ലാത്ത പക്ഷം യാതൊരു മതപരിഷ്കരണവും ഉണ്ടാവുകയില്ല.

ച്ചുകിടന്നിരുന്നതുമായ ഇത്തരം ആചാരങ്ങളെ നിർമാർജനം ചെയ്യണമെങ്കിൽ രാഷ്ട്രത്തിന്റെ ക്രിയാത്മക ഇടപെടലുകൾ കൂടിയേ തീരൂ. മതത്തിന്റെ കാര്യത്തിൽ ഇടപെടണം. ഇത്തരം ഇടപെടലുകൾ എല്ലായ്പ്പോഴും നിഷേധാത്മകമല്ല. മതസ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി രാഷ്ട്രം ഈ മതസമുദായങ്ങളെ സഹായിക്കേണ്ടതുണ്ട്. അങ്ങനെ, മതങ്ങളുടെ ഏതുതരത്തിലുള്ള പ്രവർത്തനങ്ങളാണ് സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ മൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതെന്ന് മനസിലാക്കി, അതിന്റെയടിസ്ഥാനത്തിൽ മതസമുദായങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുവാനോ തടയുവാനോ രാഷ്ട്രത്തിന് കഴിയും. ഇന്ത്യയിൽ, മതവും രാഷ്ട്രവും തമ്മിലുള്ള വിഭജനം എന്നതിന്റെ അർഥം പരസ്പരം ഒഴിവാക്കലെന്നല്ല മറിച്ച്, രണ്ടു കൂട്ടരും തമ്മിലുള്ള 'തത്ത്വാധിഷ്ഠിതമായ അകൽച്ച' (Principled distance) എന്നാണ്. അതിലുപരിയായി ഈ വിഭജനം ഒരു സങ്കീർണമായ ആശയമാണ്. എല്ലാ മതങ്ങളിൽ നിന്നും അകലം പാലിക്കുവാനോ മറിച്ച് മതകാര്യങ്ങളിൽ ഇടപെടാനോ രാഷ്ട്രത്തെ ഇതനുവദിക്കുന്നു. അതുകൊണ്ടുതന്നെ മതത്തിന്റെ കാര്യത്തിൽ ഇടപെടുന്നതാണോ ഇടപെടാതിരിക്കുന്നതാണോ സ്വാതന്ത്ര്യം, സമത്വം, സാമൂഹ്യനീതി എന്നിവയെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകരമെന്ന് നോക്കി ഇടപെടാനോ ഇടപെടാതിരിക്കുവാനോ ആ രാഷ്ട്രത്തിന് സാധിക്കും.

നാം ഇതുവരെ നമ്മുടെ ഭരണ ഘടനയുടെ മൂന്ന് മുഖ്യസവിശേഷതകളാണ് പരിശോധിച്ചത്. ഇവയെ നമ്മുടെ ഭരണഘടനയുടെ നേട്ടങ്ങളായും നമുക്ക് കാണുവാൻ സാധിക്കും.

- ഒന്നാമതായി, നമ്മുടെ ഭരണഘടന ഉദാര വ്യക്തിവാദത്തിന്റെ രൂപങ്ങളെ ശക്തിപ്പെടുത്തുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഇതൊരു പ്രധാനനേട്ടം തന്നെയാണ്. കാരണം, സാമുദായികമൂല്യങ്ങൾ പലപ്പോഴും വ്യക്തിയുടെ സ്വയംഭരണാവകാശത്തോട് നിസ്സംഗതയോ ശത്രുതയോ കാണിക്കുന്ന സാമൂഹിക പശ്ചാത്തലത്തിലാണ് ഇത് ചെയ്തിരിക്കുന്നത്.
- രണ്ടാമതായി, വ്യക്തിസ്വാതന്ത്ര്യത്തിന് യാതൊരു കോട്ടവും വരാതെ സാമൂഹ്യനീതി എന്ന തത്വം നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്നു. ജാതി അടിസ്ഥാനപ്പെടുത്തിയുള്ള അനുകൂലാത്മക നടപടികളോടുള്ള നമ്മുടെ ഭരണഘടനയുടെ പ്രതിബദ്ധത കാണിയ്ക്കുന്നത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിൽ മറ്റു രാഷ്ട്രങ്ങളേക്കാൾ ഇന്ത്യ ഏറെ മുമ്പിലാണെന്നാണ്. അമേരിക്കയിൽ അനുകൂലാത്മക നടപടിപദ്ധതികൾ 1964 ലെ പൗരവാകാശപ്രസ്ഥാനത്തോടൊപ്പം, അതായത് ഇത്തരം പദ്ധതികൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയതിനുശേഷം ഏകദേശം രണ്ടു ദശകങ്ങൾ കഴിഞ്ഞാണ് ആരംഭിച്ചത് എന്നുള്ള വസ്തുത ആർക്കെങ്കിലും വിസ്മരിക്കുവാൻ കഴിയുമോ?
- മൂന്നാമതായി, ആഭ്യന്തര വർഗീയസംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, ഗ്രൂപ്പവകാശങ്ങളോടുള്ള (സാംസ്കാരിക സവിശേഷതകൾ പ്രകടിപ്പിക്കുവാനുള്ള അവകാശം) പ്രതിബദ്ധത ഭരണഘടന ഉയർത്തിപ്പിടിക്കുന്നു. നാലു പതിറ്റാണ്ടിലേറെക്കാലമായി നിലനിൽക്കുന്ന ബഹു സാംസ്കാരികത എന്നറിയപ്പെടുന്ന വെല്ലുവിളിയെ നേരിടുവാൻ ഭരണഘടനാശില്പികൾ തയ്യാറായിരുന്നു എന്നാണിത് സൂചിപ്പിക്കുന്നത്.

## സാർവത്രിക വോട്ടവകാശം (Universal franchise)



'ഒരു മനുഷ്യൻ, ഒരു വോട്ട്' എന്ന തത്ത്വം തർക്കങ്ങളില്ലാതെ അംഗീകരിക്കപ്പെട്ടു എന്ന വസ്തുത അഭിമാനാർഹമായ ഒരു കാര്യമാണ്. മറ്റു പലരാജ്യങ്ങളിലും സ്ത്രീകൾ വോട്ടവകാശത്തിനുവേണ്ടി പോരാടേണ്ടിവന്നു എന്നത് സത്യമല്ലേ?

ഭരണഘടനയുടെ മറ്റു രണ്ട് മുഖ്യസവിശേഷതകൾ കൂടി അതിന്റെ നേട്ടമായി പരിഗണിക്കാം. ഒന്നാമതായി, സാർവത്രിക വോട്ടവകാശത്തോടുള്ള നമ്മുടെ ഭരണഘടനയുടെ പ്രതിബദ്ധത ഒരു ചെറിയ നേട്ടമല്ല. പ്രത്യേകിച്ച് ശക്തമായ ജനാധിപത്യം നിലനിന്നിരുന്ന പാശ്ചാത്യ രാജ്യങ്ങളിൽപ്പോലും വളരെയടുത്ത കാലത്താണ് സ്ത്രീകൾക്കും തൊഴിലാളികൾക്കും വോട്ടവകാശം നല്കിയതെന്നിരിക്കെ, ആഴത്തിലുറച്ചതും, നീക്കം ചെയ്യുക അസാധ്യമെന്നു പരക്കെ വിശ്വസിച്ചിരുന്നതുമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ഇന്ത്യയിൽ സാർവത്രിക വോട്ടവകാശം മുമ്പെ നടപ്പാക്കിയെന്നത് ഭരണഘടനയുടെ വലിയ നേട്ടം തന്നെയാണ്.

ഒരു രാഷ്ട്രമെന്ന ആശയം രാജ്യത്തെ പ്രമാണിമാരുടെ (Elite) ഇടയിൽ വേരൂന്നിയപ്പോൾതന്നെ ജനാധിപത്യഭരണകൂടമെന്ന ആശയവും അതിനെ പിന്തുടർന്നുവന്നു. അങ്ങനെ സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും ഇച്ഛയുടെ അടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രീയ വ്യവസ്ഥയെ ഇന്ത്യൻ ദേശീയത എല്ലായ്പ്പോഴും വിഭാവനം

സാധാരണക്കാരിലുള്ള വലിയ വിശ്വാസം, ജനാധിപത്യഭരണത്തിന്റെ ആത്യന്തിക വിജയം, പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യ ഗവൺമെന്റിന്റെ രൂപീകരണം... അഭിവൃദ്ധിയുണ്ടാക്കുമെന്ന പൂർണവിശ്വാസം എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രായപൂർത്തിവോട്ടവകാശമെന്ന തത്ത്വത്തെ ഭരണഘടനാനിർമാണ സഭ സ്വീകരിച്ചത്.



അല്ലടി കൃഷ്ണസ്വാമി അയ്യർ, സിഎഡി, Vol. XI, പേജ് 835, 23 നവംബർ 1949.

ചെയ്തുപോന്നു. സാർവത്രികവോട്ടവകാശമെന്ന ആശയം ഇന്ത്യൻ ദേശീയതയുടെ മുഖ്യഘടകമായി എല്ലായ്പ്പോഴുമുണ്ടായിരുന്നു. ഇന്ത്യക്കൊരു ഭരണഘടന തയാറാക്കുവാനുള്ള ആദ്യ അനൗദ്യോഗിക ശ്രമമായിരുന്നു ഇന്ത്യൻ ഭരണഘടനാ ബിൽ (1895). ഏതൊരു പൗരനും, അതായത് ഇന്ത്യയിൽ ജനിക്കുന്ന ഏതൊരാൾക്കും രാജ്യ കാര്യങ്ങളിൽ പങ്കെടുക്കുവാനും സർക്കാർപദവികൾ വഹിക്കുന്നതിനുമുള്ള അവകാശമുണ്ടെന്ന് ഈ ബില്ലിന്റെ സ്രഷ്ടാവ് പ്രസ്താവിച്ചിട്ടുണ്ട്. 1928-ലെ മോത്തിലാൽ നെഹ്റു റിപ്പോർട്ടും പൗരത്വത്തിന്റെ ഈ ധാര

ണയെ ആവർത്തിച്ചു സ്ഥിരീകരിക്കുന്നു. 21 വയസ്സ് പൂർത്തിയായ സ്ത്രീയ്ക്കും പുരുഷനും പ്രതിനിധി സഭകളിലേക്ക് അല്ലെങ്കിൽ പാർലമെന്റിലേക്ക് വോട്ടവകാശത്തിന് അർഹതയുണ്ടെന്ന് ഈ റിപ്പോർട്ട് ആവർത്തിച്ചു പ്രഖ്യാപിച്ചു. അങ്ങനെ, സാർവത്രിക വോട്ടവകാശത്തെ രാഷ്ട്രത്തിന്റെ ഇച്ഛയെ ശരിയായി പ്രകടിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും നിയമാനുസൃതവുമായ മാർഗമായി വളരെ നേരത്തെ മുതൽ കണക്കാക്കിപ്പോരുന്നു.

## ഫെഡറലിസം (Federalism)

രണ്ടാമതായി, ജമ്മുകാശ്മീർ (അനുച്ഛേദം 370) വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ (അനുച്ഛേദം 371) എന്നിവയെ സംബന്ധിച്ച അനുച്ഛേദങ്ങൾ അവതരിപ്പിക്കുന്നതിലൂടെ അസന്തുലിത ഫെഡറലിസം (Asymmetric Fedralism) എന്ന വളരെ പ്രധാനപ്പെട്ട ഒരാശയമാണ് ഇന്ത്യൻഭരണഘടന ലക്ഷ്യം വയ്ക്കുന്നത്. ഒരു ശക്തമായ കേന്ദ്ര ഗവൺമെന്റിനെ ഭരണഘടന സൃഷ്ടിച്ചിട്ടുണ്ടെന്ന് ഫെഡറലിസം എന്ന അധ്യായത്തിൽ നാം കണ്ടു. എന്നാൽ, ഇന്ത്യൻ ഭരണഘടനയ്ക്ക് ഈ ഏകായത്തചായ്‌വ് (Unitary Bias) ഉണ്ടായിട്ടും ഒരേ ഫെഡറേഷനിലെ വ്യത്യസ്ത സംസ്ഥാനങ്ങളുടെ നിയമപരമായ പദവിയിലും സവിശേഷാധികാരങ്ങളിലും ഭരണഘടനയിൽ ഉൾച്ചേർത്ത വ്യത്യാസങ്ങളുണ്ട്. അമേരിക്കൻ ഫെഡറലിസത്തിൽ നിന്ന് വ്യത്യസ്തമാണ് ഇന്ത്യൻ ഫെഡറലിസം. ഇന്ത്യൻ ഫെഡറേഷനിലെ ചില പ്രദേശങ്ങളുടെ പ്രത്യേക ആവശ്യങ്ങളെ നിറവേറ്റുന്നതിലേക്കായി ആ പ്രദേശങ്ങളുമായി ഒരു വിശിഷ്ടബന്ധം അല്ലെങ്കിൽ അങ്ങനെയുള്ള പ്രദേശങ്ങൾക്ക് പ്രത്യേകപദവി നല്കുവാൻ ആദ്യമേ തന്നെ ഭരണഘടനാനിർമാണ സഭ തീരുമാനിച്ചു.



എനിക്ക് ഇഷ്ടപ്പെട്ടു! നമ്മുടെ ഭരണഘടന അനുകരണമാണെന്ന് ആരാണ് പറഞ്ഞത്? എല്ലാ 'കടമെടുത്ത' ദർശനങ്ങളിലും നാം നമ്മുടെ സ്വന്തമായ ഒരു മുദ്ര പതിപ്പിച്ചിട്ടുണ്ട്.

ഉദാഹരണത്തിന്, ഭരണഘടനയുടെ 370 അനുച്ഛേദ പ്രകാരം സ്വയംഭരണാവകാശം സംരക്ഷിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ജമ്മുകാശ്മീരിന്റെ ഇന്ത്യൻ യൂണിയനിലേക്കുള്ള പ്രവേശനം. സ്വന്തം ഭരണഘടനയാൽ ഭരിക്കപ്പെടുന്ന ഇന്ത്യയിലെ ഏകസംസ്ഥാനമാണിത്. അതുപോലെ 371 A അനുച്ഛേദപ്രകാരം വടക്കുകിഴക്കൻ സംസ്ഥാനമായ നാഗാലാന്റിനും പ്രത്യേകപദവി ലഭിച്ചു. നാഗാലാന്റിൽ മുമ്പ് നിലനിന്നിരുന്ന നിയമങ്ങൾക്ക് അംഗീകാരം നൽകുമെന്നും കുടിയേറ്റം നിയന്ത്രിച്ച് ആ ജനതയുടെ തദ്ദേശിയ വ്യക്തിത്വം സംരക്ഷിക്കുമെന്നും ഉറപ്പുനൽകുന്നു. മറ്റു പല സംസ്ഥാനങ്ങളും ഇത്തരത്തിലുള്ള പ്രത്യേകവ്യവസ്ഥകളുടെ ഗുണഭോക്താക്കളാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം ഇത്തരം വ്യത്യസ്തപരിഗണനകൾ നല്കുന്നതിൽ തെറ്റൊന്നുമില്ല.

ഭരണഘടനയിൽ എഴുതി വച്ചിട്ടില്ലെങ്കിലും ഇന്ത്യ ഇന്നൊരു ബഹുഭാഷാ ഫെഡറേഷനാണ്. പ്രധാന ഭാഷാഗ്രൂപ്പുകളെയെല്ലാം രാഷ്ട്രീയമായി അംഗീകരിക്കുകയും എല്ലാറ്റിനേയും തുല്യമായി കണക്കാക്കുകയും ചെയ്യുന്നു. അങ്ങനെ, ഇന്ത്യയുടെ ജനാധിപത്യ ഭാഷാഫെഡറലിസം ഐക്യവാദങ്ങളെയും സംസ്കാരിക ബഹുസ്വരതയുടെ അംഗീകാരത്തിനുവേണ്ടിയുള്ള

വാദങ്ങളെയും സമന്വയിപ്പിച്ചു. പരസ്പരപൂരകങ്ങളായ വിവിധ സ്വത്വങ്ങളുടെ പ്രവർത്തനത്തെ അനുവദിക്കുന്ന ശക്തമായ ഒരു രാഷ്ട്രീയ പോർക്കളം നിലവിലുണ്ട്.

## ദേശീയസ്വത്വം (National identity)

അങ്ങനെ ഭരണഘടന ഒരു പൊതുദേശീയ സ്വത്വത്തെ നിരന്തരമായി ബലപ്പെടുത്തുന്നു. ദേശീയസ്വത്വത്തോടൊപ്പം പ്രാദേശികസ്വത്വങ്ങളെയും നിലനിർത്തുവാൻ എങ്ങനെയാണ് ഇന്ത്യ ശ്രമിക്കുന്നതെന്ന് ഫെഡറലിസം എന്ന അധ്യായത്തിൽ നാം പഠിച്ചിട്ടുണ്ട്. ഈ പൊതുവായ ദേശീയസ്വത്വം വിവിധ ഭാഷാസ്വത്വങ്ങളോടും മതസ്വത്വങ്ങളോടും ചേർച്ചയില്ലാത്തതല്ല എന്ന് മേൽപ്പറഞ്ഞിരിക്കുന്നതിൽനിന്നും വ്യക്തമാണ്. ഇന്ത്യൻഭരണഘടന ഈ വ്യത്യസ്ത സ്വത്വങ്ങളെ സന്തുലിതമാക്കുവാൻ ശ്രമിച്ചു. എന്നിരുന്നാലും, ചില സാഹചര്യങ്ങളിൽ പൊതു സ്വത്വത്തിന് ഭരണഘടന മുൻഗണന നൽകുന്നു. ഭരണഘടന നിരാകരിച്ച പ്രത്യേകനിയോജകമണ്ഡലങ്ങൾ എന്ന സമ്പ്രദായത്തെക്കുറിച്ചുള്ള സംവാദങ്ങളിൽ ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്. വ്യത്യസ്ത മത സമുദായങ്ങൾക്കിടയിൽ സ്പർധ വളരുമെന്നതുകൊണ്ടോ അതല്ലെങ്കിൽ ദേശീയൈക്യത്തെ താറുമാറാക്കുമെന്നതുകൊണ്ടോ അല്ല പ്രത്യേക നിയോജകമണ്ഡലങ്ങൾ എന്ന സമ്പ്രദായം നിരാകരിക്കപ്പെട്ടത്. മറിച്ച് അത് ആരോഗ്യപരമായ ദേശീയ ജീവിതത്തെ അപകടപ്പെടുത്തുമെന്നതിനാലാണ്. ബലപ്രയോഗത്തിലൂടെ ഐക്യം സ്ഥാപിക്കുന്നതിനുപകരം ഡോ. അംബേദ്കറുടെ ഹൃദയലക്ഷ്യമായിരുന്ന സാഹോദര്യമെന്ന ആശയത്തിന്റെ സ്ഥാപനത്തിനായാണ് നമ്മുടെ ഭരണഘടന ശ്രമിച്ചത്. സർദാർ പട്ടേൽ പറഞ്ഞതുപോലെ, 'ഏകസമൂഹ' രൂപീകരണമായിരുന്നു ഭരണഘടനയുടെ ലക്ഷ്യം.

ഭാവിയിൽ, ഭൂരിപക്ഷം, ന്യൂനപക്ഷം, എന്നിങ്ങനെ ഈ രാജ്യത്തുള്ള വ്യത്യാസങ്ങളെ എല്ലാവരും മറക്കുവാനും അതായത് ഇന്ത്യയിൽ ഒരു ഒറ്റ സമൂഹം...



സർദാർ വല്ലഭായ് പട്ടേൽ, സിഎഡി, Vol. VIII, പേജ് 272, 25 മേയ് 1949.

## പ്രവർത്തനസംബന്ധമായ നേട്ടങ്ങൾ (PROCEDURAL ACHIEVMENTS)

ഈ അഞ്ചു പ്രധാന സവിശേഷതകൾ ഒരു പ്രമാണമെന്ന നിലയിലുള്ള ഭരണഘടനയുടെ നേട്ടങ്ങളായി വിശേഷിപ്പിയ്ക്കപ്പെടുന്നു. എന്നിരുന്നാലും ഇതിനു പുറമെ പ്രവർത്തനസംബന്ധമായ ചില നേട്ടങ്ങൾകൂടി ഇന്ത്യൻ ഭരണഘടനയ്ക്കുണ്ട്.

- ഒന്നാമതായി ഇന്ത്യൻ ഭരണഘടന രാഷ്ട്രീയചർച്ചകളിലുള്ള വിശ്വാസം പ്രതിഫലിപ്പിക്കുന്നു. ഭരണഘടനാനിർമാണ സഭയിൽ പല ഗ്രൂപ്പുകൾക്കും താല്പര്യങ്ങൾക്കും വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചില്ല എന്നത് നമുക്കറിയാം. എന്നാൽ, ഭരണഘടനാ ശില്പികൾ കഴിയുന്നത്ര കാര്യങ്ങൾ അവരുടെ സമീപനങ്ങളിൽ ഉൾച്ചേർക്കണമെന്ന് ആഗ്രഹിച്ചിരുന്നു എന്നാണ് ഭരണഘടനാനിർമാണ സമിതിയിലെ സംവാദങ്ങൾ സൂചിപ്പിക്കുന്നത്. നിലവിലുള്ള മുൻഗണനകളെ വ്യക്തമായ കാരണങ്ങളുണ്ടെങ്കിൽ പുതുക്കുവാൻ ജനങ്ങൾ തയ്യാറായിരുന്നു എന്നതാണ് ഈ തുറന്ന സമീപനം സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ, വ്യക്തിതാല്പര്യങ്ങളുടെ അടിസ്ഥാനത്തിലല്ല മറിച്ച് ചില വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ കൈക്കൊണ്ടതെന്ന് ഇത് സൂചിപ്പിക്കുന്നു. വിയോജിപ്പുകളിലെയും എതിരഭിപ്രായങ്ങളിലെയും ക്രിയാത്മകമൂല്യങ്ങളെ അംഗീകരിക്കുവാനുള്ള മനസ് ഭരണഘടനാ ശില്പികൾക്കുണ്ടായിരുന്നുവെന്നും ഇത് സൂചിപ്പിക്കുന്നു.



ഭരണഘടനയുടെ സ്ഥാപനരൂപരേഖയിലുള്ള വിട്ടുവീഴ്ചകളെ ഞാൻ മനസിലാക്കുന്നു, എന്നാൽ, പരസ്പരവിരുദ്ധമായ തത്വങ്ങളെ എങ്ങനെ ഭരണഘടനയിൽ ഉൾക്കൊള്ളിക്കുവാൻ കഴിയും?

- രണ്ടാമതായി, ഭരണഘടന വീട്ടുവീഴ്ചയുടെയും ഉൾക്കൊള്ളലിന്റെയും ആത്മാവിനെ പ്രതിഫലിപ്പിക്കുന്നു. വിട്ടുവീഴ്ച, ഉൾക്കൊള്ളൽ എന്നീ വാക്കുകൾ എപ്പോഴും വിസമ്മതത്തിന്റെ ഭാഗമായി കാണരുത്. എല്ലാ വിട്ടുവീഴ്ചകളും മോശമായതല്ല. മൂല്യമുള്ള എന്തിനെയെങ്കിലും സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി ബലികഴിച്ചെങ്കിൽ, സ്വഭാവികമായി നമ്മൾ തെറ്റായതരത്തിൽ വീട്ടുവീഴ്ച ചെയ്തിട്ടുണ്ട്. എന്നാൽ, ഒരു മൂല്യത്തെ സംരക്ഷിക്കുന്നതിനു വേണ്ടി മറ്റൊരു മൂല്യത്തെ ഭാഗികമായി ബലികഴിച്ചതിനെ, പ്രത്യേകിച്ച് സമൻമാരായവരുടെ തുറന്ന ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവന്ന വിട്ടുവീഴ്ചയുടെ അടിസ്ഥാനത്തിലുള്ളതിനെ, എതിർക്കുവാനാകില്ല. എല്ലാ മൂല്യങ്ങളെയും പൂർണ്ണമായി ഉൾക്കൊള്ളിക്കുന്നതിൽ നമ്മുടെ ഭരണഘടനാശില്പികൾക്കായില്ല എന്നു നമുക്ക് വിലപിക്കാൻ സാധിക്കും. എന്നാൽ എല്ലാ പ്രധാനപ്പെട്ട മൂല്യങ്ങളുടെയും കുറെയെങ്കിലും വശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയതിന് ഭരണഘടനാ ശില്പികൾ ധാർമ്മിക അഭിനന്ദനം അർഹിക്കുന്നു. കൂടാതെ പ്രധാന വിഷയങ്ങളെ സംബന്ധിച്ച തീരുമാനമെടുക്കാൻ വോട്ടെടുപ്പിനു പകരം സമവായം എന്ന ആശയത്തോടുള്ള ഭരണഘടനാശില്പികളുടെ പ്രതിബദ്ധത ധാർമിക അഭിനന്ദനം അർഹിക്കുന്നു.

## വിമർശനങ്ങൾ (CRITICISMS)

ഇന്ത്യൻ ഭരണഘടന ധാരാളം വിമർശനങ്ങൾക്കു വിധേയമാണെങ്കിലും അതിലെ മൂന്നെണ്ണം ചുരുക്കി പ്രതിപാദിക്കാം. ഒന്നാമതായി, അത് ഒതുക്കമില്ലാത്ത

താണ്, രണ്ടാമതായി, അത് പ്രാതിനിധ്യമില്ലാത്തതാണ്. മൂന്ന്, അത് നമ്മുടെ സാഹചര്യങ്ങൾക്ക് അന്യമാണ്.

ഒരു രാജ്യത്തിന്റെ മുഴുവൻ ഭരണഘടനയും ഒതുങ്ങിയ ഒറ്റ പ്രമാണത്തിനുള്ളിലായിരിക്കണമെന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഇന്ത്യൻ ഭരണഘടന ഒതുക്കമില്ലാത്തതാണെന്ന വിമർശനം. എന്നാൽ, അമേരിക്കയെപ്പോലുള്ള ഒതുങ്ങിയ ഭരണഘടനയുള്ള രാജ്യങ്ങളുടെ കാര്യത്തിൽപ്പോലും ഇത് സത്യമല്ല. യഥാർഥത്തിൽ, ഒരു രാജ്യത്തിന്റെ ഭരണഘടന തിരിച്ചറിയപ്പെടേണ്ടത് ഒരു ഒതുക്കമുള്ള പ്രമാണവും ഭരണഘടനാപദവിയുള്ള മറ്റ് എഴുതപ്പെട്ട പ്രമാണങ്ങളും ചേർന്നാണ്. അതായത്, ഒതുക്കമുള്ള ഒറ്റ പ്രമാണത്തിനു വെളിയിലായി പ്രധാനപ്പെട്ട ഭരണഘടനാപ്രസ്താവനകളും പ്രയോഗങ്ങളും കാണുവാൻ സാധിക്കും. എന്നാൽ ഇന്ത്യയുടെ കാര്യത്തിൽ, ഇത്തരത്തിലുള്ള വിശദാംശങ്ങൾ, പ്രയോഗങ്ങൾ, പ്രസ്താവനകൾ എന്നിവ ഒരു പ്രമാണത്തിൽ തന്നെ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ കാരണത്താൽ ഇന്ത്യൻ ഭരണഘടന കുറച്ചധികം വലുപ്പമുള്ളതായിത്തീർന്നു. ഉദാഹരണത്തിന്, തെരഞ്ഞെടുപ്പ് കമ്മീഷൻ, സിവിൽ സർവ്വീസ് കമ്മീഷൻ എന്നിവയെ സംബന്ധിച്ച വകുപ്പുകൾ പലരാജ്യങ്ങളിലും ഭരണഘടന എന്ന പ്രമാണത്തിനുള്ളിൽ ഇല്ല. എന്നാൽ ഇന്ത്യയിൽ ഈ വക കാര്യങ്ങളെല്ലാം ഭരണഘടനാപ്രമാണത്താൽ തന്നെ കൈകാര്യം ചെയ്യപ്പെടുന്നു.

ഭരണഘടനയെ സംബന്ധിച്ച രണ്ടാമത്തെ വിമർശനം അത് പ്രാതിനിധ്യമില്ലാത്തതാണെന്നാണ്. ഭരണഘടനാനിർമ്മാണസഭ എങ്ങനെയാണ് രൂപീകരിക്കപ്പെട്ടതെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? അക്കാലത്ത് പ്രായപൂർത്തി വോട്ടവകാശം അനുവദിച്ചിരുന്നില്ലെന്ന് മാത്രമല്ല ഭരണഘടനാ നിർമാണ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ ഭൂരിപക്ഷം അംഗങ്ങളും സമൂഹത്തിലെ മുന്നോക്കവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു. ഈ കാര്യം നമ്മുടെ ഭരണഘടനയെ പ്രാതിനിധ്യമില്ലാത്തത് ആക്കുന്നുണ്ടോ?

ഇവിടെ പ്രാതിനിധ്യത്തിന്റെ രണ്ടു ഘടകങ്ങളെ നാം വേർതിരിക്കണം – ഒന്ന് 'സ്വര' (voice) മെന്നും മറ്റേത് 'അഭിപ്രായ'മെന്നും വിളിയ്ക്കപ്പെടുന്നു. പ്രാതിനിധ്യത്തിന്റെ 'സ്വര' മെന്ന ഘടകം പ്രധാനപ്പെട്ടതാണ്. ജനങ്ങൾ അംഗീകരിക്കപ്പെടേണ്ടത് അവരുടെ പ്രമാണിമാരുടെ ഭാഷയിലല്ല മറിച്ച് അവരുടെ സ്വന്തം ഭാഷയിലും അഥവാ സ്വരത്തിലുമാണ്. ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നാം ഭരണഘടനയെ നോക്കുകയാണെങ്കിൽ തീർച്ചയായും നമ്മുടെ ഭരണഘടന പ്രാതിനിധ്യമില്ലാത്തതാണ്. കാരണം, ഭരണഘടനാനിർമാണ സഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുത്തത് സാർവത്രികവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച്, നിയന്ത്രിത വോട്ടവകാശത്തിലൂടെയാണ്. എന്നാൽ പ്രാതിനിധ്യത്തിന്റെ രണ്ടാമത്തെ ഘടകം നാം പരിശോധിക്കുമ്പോൾ ഭരണഘടനയ്ക്ക് പ്രാതിനിധ്യമില്ലായ്മ കാണുവാൻ സാധിക്കില്ല. ഭരണഘടനാനിർമാണ സഭയിൽ എല്ലാ കോണുകളിൽനിന്നുമുള്ള അഭിപ്രായങ്ങൾക്കും പ്രാതിനിധ്യമുണ്ടായിരുന്നു എന്നുള്ള അവകാശവാദം അതിശ

യോക്തിയാണെങ്കിലും ഈ അവകാശവാദം ഭാഗികമായെങ്കിലും ശരിയാണ്. ഭരണഘടനാനിർമ്മാണസഭയിൽ നടന്ന സംവാദങ്ങളെക്കുറിച്ച് നാം വായിക്കുകയാണെങ്കിൽ വിശാലമായ അഭിപ്രായങ്ങളും വിഷയങ്ങളും അതിൽ നമുക്ക് കാണുവാൻ സാധിക്കും. ഭരണഘടനാനിർമാണസഭയിലെ അംഗങ്ങൾ ഉയർത്തിയ വിഷയങ്ങൾ അവരുടെ വ്യക്തിപരമായ സാമൂഹിക ഉത്കണ്ഠകളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നില്ല മറിച്ച് വിവിധ സാമൂഹിക വിഭാഗങ്ങളുടെ താൽപര്യങ്ങളും ആശങ്കകളും അടിസ്ഥാനമാക്കിക്കൂടിയായിരുന്നു.



തീർച്ചയായും! ഇതല്ലേ നാം ഒന്നാമധ്യായത്തിൽ പഠിച്ചത്? സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഭരണഘടനയുമായി ചേർന്നുപോകുവാൻ തക്ക സാധുവായ ഒരു കാരണം ഉണ്ടെന്നത്?

ഏതൊരു ചെറിയ പട്ടണത്തിന്റെയും കേന്ദ്രഭാഗത്ത് ഭരണഘടനയുടെ പകർപ്പ് കൈയിലേന്തി നിൽക്കുന്ന ഡോ. അംബേദ്കറുടെ പ്രതിമ കാണാമെന്നത് യാദൃഛികമാണോ? അദ്ദേഹത്തിനുള്ള ശ്രദ്ധാഞ്ജലിയ്ക്കപ്പുറം ഇത് സൂചിപ്പിക്കുന്നത്, ഭരണഘടന ദളിത് ജനവിഭാഗങ്ങളുടെ പല അഭിലാഷങ്ങളെയും പ്രതിഫലിപ്പിയ്ക്കുന്നു എന്ന ആ ജനവിഭാഗത്തിന്റെ തോന്നലിനെയാണ്.

പാശ്ചാത്യഭരണഘടനകളിൽ നിന്ന് അനുഛേദങ്ങൾ ഒന്നൊന്നായി കടമെടുത്ത, ഇന്ത്യൻജനതയുടെ സംസ്കാരികമൂല്യങ്ങളുമായി പൊരുത്തപ്പെടാത്ത തീർത്തും വൈദേശികമായ ഒരു പ്രമാണമാണ് ഇന്ത്യൻ ഭരണഘടന എന്നതാണ് അവസാന വിമർശനം. ഈ ആരോപണം പല ആളുകളും പലപ്പോഴും ഉന്നയിച്ചിട്ടുണ്ട്. ഭരണഘടനാ നിർമാണ സഭയിൽപ്പോലും ഈ ഉത്കണ്ഠയെ പ്രകടിപ്പിക്കുന്ന ചില ശബ്ദങ്ങൾ ഉയർന്നിട്ടുണ്ട്.

ഈ ആരോപണം എത്രമാത്രം സത്യമാണ്?

ഇന്ത്യൻഭരണഘടന ആധുനികവും ഭാഗികമായി പാശ്ചാത്യവുമാണെന്നുള്ളത് സത്യമാണ്. ഒന്നാം അധ്യായത്തിൽ നാം പട്ടികപ്പെടുത്തിയ നമ്മുടെ ഭരണഘടന 'കടമെടുത്ത' ഉറവിടങ്ങളെക്കുറിച്ച് നിങ്ങൾ ഓർക്കുന്നുണ്ടോ? എന്നാൽ ഇതൊരു അന്ധമായ കടമെടുക്കൽ അല്ലായിരുന്നെന്നും അതേ അധ്യായത്തിൽ നിങ്ങൾ കണ്ടു. ഇത് നൂതനമായ കടമെടുക്കലായിരുന്നു. കൂടാതെ, ഈ കടമെടുപ്പ് ഒരിക്കലും ഇന്ത്യൻ ഭരണഘടനയെ പൂർണമായും വൈദേശികസ്വഭാവമുള്ളതാക്കിയില്ല എന്ന കാര്യം നാം കാണുവാൻ പോകുകയാണ്.

> 'നമുക്ക് വീണയുടെയോ സിത്താറിന്റെയോ സംഗീതമായിരുന്നു വേണ്ടിയിരുന്നതെങ്കിലും നമുക്കിവിടെ ലഭിച്ചിരിയ്ക്കുന്നത് ഒരു ഇംഗ്ലീഷ്‌വാദ്യമാണ്. അതിനുകാരണം നമ്മുടെ ഭരണഘടനാശില്പികൾ അങ്ങനെയാണ് പഠിച്ചിട്ടുള്ളത്..... നിസ്സംശയമായും ഈ രീതിയിലുള്ള ഒരു ഭരണഘടന തന്നെയാണ് മഹാത്മാഗാന്ധി ആഗ്രഹിക്കാതിരുന്നതും ആലോചിക്കാതിരുന്നതും"
> കെ. ഹനുമന്തയ്യ, സിഎഡി, Vol. XI, പേജുകൾ 616 - 617, 17 നവംബർ 1949.

ഒന്നാമതായി, പല ഇന്ത്യാക്കാരും ആധുനിക ചിന്താരീതികളെ സ്വീകരിക്കുകമാത്രമല്ല ചെയ്തത്, മറിച്ച് അവയെ അവരുടെ സ്വന്തമാക്കുകയും ചെയ്തു. സ്വന്തം പാരമ്പര്യത്തിലെ പുഴുക്കുത്തുകൾക്കെതിരെയുള്ള എതിർപ്പിന്റെ ഒരു രൂപമെന്ന നിലയിലാണ് പാശ്ചാത്യവൽക്കരണത്തെ അവർ കണ്ടത്. റാംമോഹൻറോയി ആരംഭിച്ച ഈ പ്രവണത ദളിതർ ഇന്നും തുടരുന്നു. വാസ്തവത്തിൽ 1841 ൽ തന്നെ, വടക്കെ ഇന്ത്യയിലെ ദളിതർ പുതിയതായി ഉണ്ടായ നിയമ വ്യവസ്ഥയെ ഭയംകൂടാതെ ഉപയോഗിക്കുകയും അവരുടെ ജന്മിമാർക്കെതിരെ വ്യവഹാരങ്ങൾ നടത്തുകയും ചെയ്തു എന്നു കാണാം. അതിനാൽ, തങ്ങളുടെ അഭിമാനത്തെയും നീതിയെയും സംബന്ധിച്ച ചോദ്യങ്ങളെ നേരിടുവാനായി ഭരണഘടനയെന്ന ആധുനികനിയമത്തിന്റെ പുതിയ രേഖയെ ജനങ്ങൾ ഫലപ്രദമായി ഏറ്റെടുത്തു എന്ന് പറയാം.

രണ്ടാമതായി, പാശ്ചാത്യ അധുനികത, തദ്ദേശീയസംസ്കാരങ്ങളുമായി ഇടപഴകിത്തുടങ്ങിയപ്പോൾ ക്രിയാത്മക അനുരൂപീകരണത്തിലൂടെ സങ്കരസംസ്കാരം പോലെ എന്തോ ഒന്ന് ആവിർഭവിക്കുവാൻ തുടങ്ങി. ഈ പുതിയ സങ്കര സംസ്കാരം പാശ്ചാത്യ ആധുനികതയിൽ നിന്നും തദ്ദേശീയ സംസ്കാരങ്ങളിൽ നിന്നും വിഭിന്നമായിരുന്നു. പാശ്ചാത്യ ആധുനികതയെയും തദ്ദേശീയ പാരമ്പര്യസംസ്കാരങ്ങളെയും പുറന്തള്ളിയ ഈ പുതിയ പ്രതിഭാസത്തിന് മറ്റൊരു തരം ബദൽ ആധുനികതയുടെ സ്വഭാവമുണ്ടായിരുന്നു. സ്വന്തം ഭൂതകാല ആചാരങ്ങളിൽനിന്ന് കെട്ടുപൊട്ടിച്ച് പുറത്തു ചാടുന്നതിനുവേണ്ടിയും അതുപോലെ തന്നെ അവരുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു പ്രത്യേകതരം പാശ്ചാത്യ ആധുനികതയിൽ നിന്ന് മോചനം നേടുന്നതിനുവേണ്ടിയും പാശ്ചാത്യേതരസമൂഹങ്ങൾ ശ്രമിച്ചപ്പോൾ ഇത്തരം സമൂഹങ്ങളിൽ വ്യത്യസ്ത ആധുനികതകൾ ഉയർന്നുവന്നു. ഇത്തരത്തിൽ, നമ്മുടെ ഭരണഘടന എഴുതി തയ്യാറാക്കിയപ്പോൾ, പാശ്ചാത്യമൂല്യങ്ങളെയും പരമ്പരാഗത ഇന്ത്യൻ മൂല്യങ്ങളെയും സമന്വയിപ്പിക്കുവാനാണ് ശ്രമങ്ങൾ നടത്തിയത്. ഇതൊരു കടമെടുപ്പായിരുന്നില്ല, മറിച്ച് തികച്ചും സൂക്ഷ്മതയോടുകൂടിയ അനുരൂപീകരണ പ്രക്രിയ ആയിരുന്നു.

## പരിമിതികൾ (Limitations)

ഇന്ത്യൻ ഭരണഘടന തികഞ്ഞതും കുറ്റമറ്റതുമായ ഒരു പ്രമാണമാണെന്ന് സ്ഥാപിക്കുവാൻ വേണ്ടിയല്ല ഇതെല്ലാം പറഞ്ഞത്. നിലനിന്നിരുന്ന സാമൂഹ്യസാഹചര്യങ്ങളുടെ നടുവിൽ സൃഷ്ടിക്കപ്പെട്ട ഭരണഘടനയ്ക്കുള്ളിൽ ധാരാളം വിവാദ വിഷയങ്ങൾ ഉണ്ടാവുകയെന്നത് സ്വഭാവികമാണ്. അതുകൊണ്ടുതന്നെ പല മേഖലകളിലും ശ്രദ്ധാപൂർവമായ പുനരാലോചന ആവശ്യമാണ്. ഭരണഘടനയുടെ പല സവിശേഷതകളും രൂപപ്പെട്ടത് ആ കാലഘട്ടത്തിന്റെ അടിയന്തരാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയായിരുന്നു. എന്നിരുന്നാലും, ഈ ഭരണഘടനയ്ക്ക് ധാരാളം പരിമിതികളുണ്ടെന്ന കാര്യം നാം അംഗീകരിയ്ക്കണം. ഭരണഘടനയുടെ പരിമിതികളെക്കുറിച്ച് നമുക്ക് ചുരുക്കി പ്രതിപാദിക്കാം.

- ഒന്നാമതായി, ദേശീയ ഐക്യമെന്ന ഒരു കേന്ദ്രീകൃത ആശയം നമ്മുടെ ഭരണഘടനയ്ക്കുണ്ട്.

- രണ്ടാമതായി, ലിംഗനീതി പോലുള്ള, പ്രത്യേകിച്ച് കുടുംബത്തിനകത്തുള്ള ചില പ്രധാന പ്രശ്നങ്ങളെ ഭരണഘടന നിരാകരിച്ചതായി കാണുന്നു.
- മൂന്നാമതായി, ഒരു ദരിദ്രവികസ്വരരാജ്യത്തിൽ, ചില അടിസ്ഥാനസാമൂഹ്യ സാമ്പത്തികാവകാശങ്ങൾ നമ്മുടെ മൗലികാവകാശങ്ങളുടെ ഭാഗമാക്കാതെ നിർദ്ദേശക തത്ത്വങ്ങളിൽ മാത്രം ഉൾപ്പെടുത്തി തരം താഴ്ത്തിയത് എന്തുകൊണ്ടെന്ന് വ്യക്തമല്ല.

ഈ പരിമിതികൾക്ക് ഉത്തരം നല്കുക, ഇതെങ്ങനെ സംഭവിച്ചു എന്ന് വിശദീകരിക്കുക, ഈ പരിമിതികൾ മറികടക്കുന്നതിനുള്ള പരിഹാരങ്ങൾ നിർദേശിക്കുക എന്നിവയെല്ലാം സാധ്യമാണ്. എന്നാൽ അതല്ല നമ്മുടെ ഉന്നം. നമ്മുടെ ഭരണഘടനയുടെ തത്ത്വശാസ്ത്രത്തെ അപകടത്തിലാക്കുവാൻ തക്ക ഗൗരവതരമല്ല ഈ പരിമിതികളൊന്നും എന്നാണ് നാം വാദിക്കുന്നത്.



ഒരു പ്രമാണവും തികഞ്ഞതായിരിക്കില്ല. ഒരു ആദർശവും പൂർണ്ണമായി കൈവരിക്കാനാവില്ല. എന്നുവച്ച് നമുക്ക് ആദർശങ്ങളോ ദർശനങ്ങളോ ഉണ്ടാവരുതെന്നാണോ ഇതിനർത്ഥം? ഞാൻ പറഞ്ഞത് ശരിയല്ലേ?

## ഉപസംഹാരം

മുൻ അധ്യായത്തിൽ ഭരണഘടനയെ ഒരു ജീവനുള്ള പ്രമാണമായി നാം വിവരിച്ചു. ഈ അധ്യായത്തിൽ നാം പഠിച്ച ഭരണഘടനയുടെ ഇത്തരം പ്രധാന സവിശേഷതകളാണ് അതിന് ഒരു ജീവനുള്ള പ്രമാണമെന്ന സ്ഥാനം നൽകുന്നത്. നിയമവ്യവസ്ഥകളും സ്ഥാപനപരമായ സംവിധാനങ്ങളും സമൂഹത്തിന്റെ ആവശ്യങ്ങളെയും സമൂഹം സ്വീകരിച്ചിരിയ്ക്കുന്ന തത്വശാസ്ത്രത്തെയും ആശ്രയിച്ചിരിക്കുന്നു. ഈ തത്ത്വശാസ്ത്രത്തിന് മുഖം നൽകുന്നത് ഭരണഘടനയാണ്. മർമപ്രധാനമായതും പൊതുവായി അംഗീകരിക്കപ്പെട്ടതുമായ ഒരു ദർശനം അടിസ്ഥാനമാക്കിയുള്ളതാണ് ഈ പുസ്തകത്തിലൂടനീളം നാം പഠിച്ച ഭരണഘടനയുടെ സ്ഥാപന സംവിധാനങ്ങളെല്ലാം. സ്വാതന്ത്ര്യത്തിനായുള്ള നമ്മുടെ പോരാട്ടങ്ങളിലൂടെ ചരിത്രപരമായി ഉയർന്നുവന്നതാണ് ഈ ദർശനം. ഈ ദർശനം അവതരിപ്പിക്കപ്പെട്ടതും, പരിഷ്കരിക്കപ്പെട്ടതും നിയമസ്ഥാപനരൂപത്തിൽ പ്രസ്താവിക്കപ്പെട്ടതും ഭരണഘടനാ നിർമ്മാണ സഭയെന്ന വേദിയിലാണ്. അങ്ങനെ, ഭരണഘടന ഈ ദർശനത്തിന്റെ സാക്ഷാത്കാരമായിത്തീരുന്നു. ഈ ദർശനത്തിന്റെ ഏറ്റവും നല്ല സംക്ഷിപ്തരൂപത്തെ അഥവാ ഭരണഘടനയുടെ തത്ത്വശാസ്ത്രത്തെ നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ കാണുവാൻ സാധിക്കുമെന്ന് ധാരാളം ആളുകൾ പറഞ്ഞിട്ടുണ്ട്.

ഭരണഘടനയുടെ ആമുഖം നിങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുവോ? അതിൽ പ്രതിപാദിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൂടാതെ, ഒരു വിനീതമായ അവകാശവാദവും ആമുഖം ഉന്നയിക്കുന്നു! ഒരു കൂട്ടം മഹദ് വ്യക്തികളുടെ സംഭാവനയല്ല ഭരണഘടന. മറിച്ച്, അത് തയ്യാറാക്കിയതും, സ്വീകരിച്ചതും ഇന്ത്യയിലെ ജനങ്ങളായ 'നാം' ആണ്. അങ്ങനെ, ജനങ്ങൾ തന്നെയാണ്

അവരുടെ സ്വന്തം തലയിലെഴുത്തിന്റെ വിധിനിർമ്മാതാക്കൾ. അതുപോലെതന്നെ ജനാധിപത്യമെന്ന മാധ്യമത്തെ ജനങ്ങൾ അവരുടെ വർത്തമാനത്തെയും ഭാവിയെയും രൂപകല്പന ചെയ്യുവാനായി ഉപയോഗിച്ചു. ഭരണഘടന രൂപകൽപന ചെയ്യപ്പെട്ടിട്ട് ഏഴു പതിറ്റാണ്ടിനുള്ളിൽ, നമ്മൾ പല വിഷയങ്ങളിൻമേലും തർക്കിക്കുകയും പല വ്യാഖ്യാനങ്ങളിൻമേലും കോടതികളും ഗവൺമെന്റുകളും വിയോജിക്കുന്നതിന് നാം സാക്ഷ്യം വഹിക്കുകയും ചെയ്തു. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പല അഭിപ്രായവ്യത്യാസങ്ങളുണ്ട്; അതുപോലെതന്നെ, രാഷ്ട്രീയപാർട്ടികൾ തമ്മിൽ കടുത്ത പോരാട്ടങ്ങൾ നടന്നു. നമ്മുടെ രാഷ്ട്രീയമെന്നത്, മുഴുവൻ പ്രശ്നങ്ങളുടെയും പോരായ്മകളുടേതുമാണെന്ന് നിങ്ങൾ അടുത്തവർഷം പഠിക്കും. ഇങ്ങനെയൊക്കെയാണെങ്കിലും, നമ്മുടെ ഭരണഘടനയെപറ്റി ഒരു രാഷ്ട്രീയനേതാവിനോടോ അല്ലെങ്കിൽ ഒരു സാധാരണപൗരനോടോ അഭിപ്രായമാരാഞ്ഞാൽ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഒരു പ്രധാനദർശനത്തെക്കുറിച്ചായിരിക്കും അവർക്ക് പറയാനുണ്ടാവുക എന്ന് നിങ്ങൾ കാണും. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നാം ഒരുമിച്ച് ജീവിക്കുകയും ഒരുമിച്ച് അഭിവൃദ്ധിപ്പെടുകയും വേണമെന്നതാണ് ആ ദർശനം. ദർശനത്തിന്റെ അല്ലെങ്കിൽ ഭരണഘടനയുടെ തത്ത്വശാസ്ത്രത്തിന്റെ ഈ പങ്കുവയ്ക്കൽ ഭരണഘടനയുടെ പ്രവർത്തനങ്ങളുടെ മൂല്യവത്തായ അനന്തരഫലമാണ്. 1950 ൽ ഈ ഭരണഘടന നിർമ്മിച്ചത് ഒരു വലിയ നേട്ടമായിരുന്നു. ഇന്ന് ആ ഭരണഘടനയുടെ തത്ത്വശാസ്ത്ര ദർശനത്തെ ജീവസുറ്റതായി നിലനിർത്തുന്നത് നമ്മുടെ പ്രധാന നേട്ടമായിരിക്കാം.

## അഭ്യാസം

1. താഴെപ്പറയുന്നവ ചില നിയമങ്ങളാണ്. അവ ഏതെങ്കിലും മൂല്യവുമായി ബന്ധപ്പെട്ടവയാണോ? ആണെങ്കിൽ, അന്തർലീനമായിരിക്കുന്ന മൂല്യമേതാണ്? കാരണങ്ങൾ നൽകുക.
   a. കുടുംബസ്വത്തിൽ പെൺമക്കൾക്കും ആൺമക്കൾക്കും പങ്കുണ്ടായിരിക്കും.
   b. ഉപഭോഗവസ്തുക്കളുടെ നികുതിനിരക്കുകൾ വ്യത്യസ്തമായിരിക്കും.
   c. ഒരു സർക്കാർസ്കൂളിലും മതപഠനം നൽകുവാൻ പാടില്ല.
   d. അടിമപ്പണിയോ അഥവാ നിർബന്ധിത ജോലിയോ പാടില്ല.

2. താഴെ തന്നിരിക്കുന്നവയിൽ ഏതു തെരഞ്ഞെടുത്താലാണ് തന്നിരിക്കുന്ന പ്രസ്താവന പൂർത്തിയാക്കാൻ കഴിയാത്തത്?
   ജനാധിപത്യ രാജ്യങ്ങൾക്ക് ഭരണഘടന ആവശ്യമാകുന്നത്................

i. ഗവൺമെന്റിന്റെ അധികാരങ്ങളെ നിയന്ത്രിക്കുന്നതിന്,
ii. ന്യൂനപക്ഷങ്ങളെ ഭൂരിപക്ഷത്തിൽ നിന്ന് സംരക്ഷിക്കുന്നതിന്,
iii. കോളനി ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നതിന്,
iv. നൈമിഷിക താൽപര്യങ്ങൾക്കായി ദീർഘകാല ദർശനങ്ങൾ ബലികഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പിക്കാൻ.
v. സമാധാനപരമായ രീതിയിൽ സാമൂഹ്യമാറ്റം കൊണ്ടുവരുവാൻ.

3. 'ഭരണഘടനാനിർമാണ സഭയിലെ സംവാദങ്ങൾ' (CAD) വായിക്കുന്നതിനെയും മനസ്സിലാക്കുന്നതിനെയും സംബന്ധിച്ച വ്യത്യസ്തനിലപാടുകളാണ് താഴെ തന്നിരിക്കുന്നത്.
   i. ഇതിൽ ഏതൊക്കെ പ്രസ്താവനകളാണ് ഭരണഘടനാനിർമ്മാണ സഭയിലെ സംവാദങ്ങൾ ഈ കാലഘട്ടത്തിലും പ്രസക്തമാണെന്ന് വാദിക്കുന്നത്? ഏത് പ്രസ്താവനയാണ് പ്രസക്തമല്ല എന്ന് പറയുന്നത്?
   ii. ഇതിൽ ഏതൊക്കെ നിലപാടുകളാണ് നിങ്ങൾ അംഗീകരിക്കുന്നത്? എന്തുകൊണ്ട്?
   a. ഉപജീവനമാർഗം കണ്ടെത്തുന്നതിനും ജീവിതത്തിലെ വ്യത്യസ്ത പ്രശ്നങ്ങളെ നേരിടുന്നതിനും വേണ്ടി സാധാരണക്കാർ വളരെ തിരക്കിലാണ്. അവർക്ക് ഈ സംവാദങ്ങളുടെ നിയമഭാഷ മനസിലാക്കുവാൻ കഴിയില്ല.
   b. നിലവിലെ സാഹചര്യങ്ങളും വെല്ലുവിളികളും ഭരണഘടനാനിർമാണ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമാണ്. ഭരണഘടനാ ശില്പികളുടെ ആശയങ്ങൾ വായിക്കുന്നതും നമ്മുടെ പുതിയ കാലഘട്ടത്തിൽ ഉപയോഗിക്കുന്നതും ഭൂതകാലസാഹചര്യങ്ങളെ വർത്തമാനകാലത്തേയ്ക്ക് കൊണ്ടുവരുവാനുള്ള ശ്രമമാണ്.
   c. ലോകത്തെ മനസിലാക്കുവാനുള്ള നമ്മുടെ രീതികളും വർത്തമാനകാല വെല്ലുവിളികളും പൂർണമായും മാറിയിട്ടില്ല. ഭരണഘടനാ കീഴ്വഴക്കങ്ങൾ വെല്ലുവിളിക്കപ്പെടുന്ന ഒരു കാലത്ത് ചില കീഴ്വഴക്കങ്ങൾ എന്തുകൊണ്ട് പ്രധാന്യമർഹിക്കുന്നു എന്നതിന്റെ കാരണങ്ങൾ ഭരണഘടനാനിർമാണ സഭയിലെ സംവാദങ്ങൾ നമുക്ക് നല്കും. ഈ അറിവ് നമുക്കില്ലെങ്കിൽ ഭരണഘടനാ കീഴ്വഴക്കങ്ങൾ ഉന്മൂലനം ചെയ്യപ്പെടും.

4. താഴെത്തന്നിരിക്കുന്നവയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടനയും പാശ്ചാത്യ ആശയങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുക.
   a. മതേതരത്വം മനസിലാക്കൽ
   b. 370, 371 വകുപ്പുകൾ
   c. അനുകൂലാത്മകനടപടികൾ
   d. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം

5. താഴെത്തന്നിരിക്കുന്നവയിൽ മതേതരത്വവുമായി ബന്ധപ്പെട്ട ഏതൊക്കെ തത്വങ്ങളാണ് ഇന്ത്യൻഭരണഘടന സ്വീകരിച്ചിരിക്കുന്നത്?

a. രാഷ്ട്രത്തിനു മതവുമായി ബന്ധപ്പെട്ട് യാതൊന്നും ചെയ്യുവാനില്ല.
b. രാഷ്ട്രത്തിന് മതവുമായി അടുത്ത ബന്ധമുണ്ട്.
c. രാഷ്ട്രത്തിന് മതങ്ങൾക്കിടയിൽ വിവേചനം നടത്തുവാൻ കഴിയും
d. മതവിഭാഗങ്ങളുടെ അവകാശങ്ങൾ രാഷ്ട്രം അംഗീകരിക്കും.
e. മതകാര്യങ്ങളിൽ ഇടപെടുവാൻ രാഷ്ട്രത്തിന് നിയന്ത്രിതമായ അധികാരങ്ങൾ മാത്രമേയുള്ളൂ.

6. ചേരുംപടിചേർക്കുക.

| | |
|---|---|
| a. വിധവകളോടുള്ള സമീപനത്തെ വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം | i. പ്രമാണപരമായ നേട്ടം |
| b. സ്വാർത്ഥ താല്പര്യങ്ങളുടെ അടിസ്ഥാനത്തിലല്ല മറിച്ച് യുക്തിയുടെ അടിസ്ഥാനത്തിലാണ് ഭരണഘടനാ നിർമാണസഭ തീരുമാനങ്ങളെടുത്തത് | ii. പ്രവർത്തനസംബന്ധമായ നേട്ടം |
| c. ഒരു വ്യക്തിയുടെ ജീവിതത്തിൽ സമുദായത്തിനുള്ള പ്രാധാന്യത്തെ അംഗീകരിക്കൽ | iii. ലിംഗനീതി നിഷേധം |
| d. 370, 371 വകുപ്പുകൾ | iv. ഉദാര വ്യക്തിവാദം |
| c. കുടുംബസ്വത്ത്, കുട്ടികൾ എന്നിവയുടെ കാര്യത്തിൽ സ്ത്രീകൾക്ക് തുല്യാവകാശമില്ലായ്മ | v. ഒരു പ്രത്യേക പ്രദേശത്തിന്റെ ആവശ്യങ്ങളിലുള്ള ശ്രദ്ധ |

7. ക്ലാസിൽ ഉടലെടുത്ത ഒരു ചർച്ചയാണിത്. വിവിധ വാദഗതികൾ വായിച്ച് ഏതൊക്കെ നിങ്ങൾ അംഗീകരിക്കുന്നെന്നും എന്തുകൊണ്ടാണെന്നും പ്രസ്താവിക്കുക.

ജയേഷ്: നമ്മുടെ ഭരണഘടന ഒരു കടംകൊണ്ട പ്രമാണം മാത്രമാണെന്ന് ഞാനിപ്പോഴും കരുതുന്നു.

സാബ: ഇന്ത്യയുടേതായി യാതൊന്നും ഇതിലില്ല എന്നാണോ നീ അർഥമാക്കുന്നത്? ആശയങ്ങളുടെയും മൂല്യങ്ങളുടെയും കാര്യത്തിൽ ഇന്ത്യനെന്നും പാശ്ചാത്യമെന്നും ഉള്ള ഒന്നുണ്ടോ? സ്ത്രീയും പുരുഷനും തമ്മിലുള്ള സമത്വത്തിന്റെ കാര്യമെടുക്കാം. അതിൽ പാശ്ചാത്യമായി എന്താണുള്ളത്? ഇനി അത് പാശ്ചാത്യമാണെങ്കിൽത്തന്നെ, അതിനെ അക്കാരണം കൊണ്ട് നാം നിരാകരിക്കണമോ?

ജയേഷ്: ബ്രിട്ടീഷുകാരോട് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയതിനു ശേഷം അവരിൽ നിന്ന് പാർലമെന്ററി സമ്പ്രദായം സ്വീകരിച്ചില്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്?

നേഹ: ബ്രിട്ടീഷുകാരുമായി പോരാടിയപ്പോൾ, ബ്രിട്ടിഷുകാരെയല്ല മറിച്ച് കോളനിവൽക്കരണത്തിന്റെ തത്വങ്ങളെയാണ് നാം എതിർത്തതെന്ന കാര്യം നീ മറന്നുപോയി. നമുക്കനുയോജ്യമായ ഒരു ഗവൺമെന്റ് സമ്പ്രദായം എവിടെനിന്നു സ്വീകരിച്ചു എന്നത് പ്രസക്തമല്ല.

8. ഇന്ത്യൻ ഭരണഘടനയുടെ നിർമാണത്തിൽ പ്രാതിനിധ്യമില്ലെന്ന് പറയുന്നതെന്തുകൊണ്ടാണ്? അത് ഭരണഘടനയെ പ്രാതിനിധ്യമില്ലാത്തതാക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ സമർഥിക്കുക.

9. ലിംഗനീതിയെ വേണ്ടത്ര പരിഗണിക്കുന്നില്ല എന്നതാണ് ഇന്ത്യൻഭരണഘടനയുടെ ഒരു പോരായ്മ. ഈ ആരോപണത്തെ സമർത്ഥിക്കുവാൻ എന്തു തെളിവുകളാണ് നിങ്ങൾക്കു നൽകുവാൻ സാധിക്കുക? നിങ്ങളിന്ന് ഭരണഘടന തയ്യാറാക്കുകയാണെങ്കിൽ ഈ പോരായ്മ പരിഹരിക്കുവാനായി ഏതെല്ലാം വകുപ്പുകളാണ് നിർദേശിക്കുക?

10. "ഒരു ദരിദ്ര വികസ്വരരാജ്യത്തിൽ, ചില അടിസ്ഥാന സാമൂഹിക സാമ്പത്തികാവകാശങ്ങൾ മൗലികാവകാശങ്ങളുടെ അവിഭാജ്യഘടകമാക്കാതെ നിർദേശകതത്വങ്ങളുടെ ഭാഗത്തുമാത്രം ഉൾപ്പെടുത്തി തരം താഴ്ത്തിയതെന്തുകൊണ്ട്?" ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ പ്രസ്താവിക്കുക. സാമൂഹിക - സാമ്പത്തികാവകാശങ്ങൾ നിർദേശകതത്വങ്ങളുടെ ഭാഗമാക്കിയതിന്റെ കാരണങ്ങളായി നിങ്ങൾ കരുതുന്നതെന്തെല്ലാമാണ്?

# പദാവലി

| | | |
|---|---|---|
| അധികാര വിഭജനം | - | Division of powers |
| അവകാശ പത്രിക | - | Bill of Rights |
| അഭിലാഷങ്ങൾ | - | Aspirations |
| അടിയന്തരാവസ്ഥ | - | Emergency |
| അടിസ്ഥാന ഘടന | - | Basic Structure |
| ആനുപാതിക പ്രാതിനിധ്യം | - | Proportional representation |
| ഉദ്യോഗസ്ഥവൃന്ദം | - | Bureaucracy |
| ഏകമണ്ഡല സമ്പ്രദായം | - | Unicameralism |
| കരുതൽ തടങ്കൽ | - | Preventive Detention |
| ചൂഷണം | - | Exploitation |
| തത്ത്വശാസ്ത്രം | - | Philosophy |
| തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ | - | Electoral Reforms |
| ദ്വിമണ്ഡല സമ്പ്രദായം | - | Bicameralism |
| നടപടിക്രമങ്ങൾ | - | Procedures |
| നയങ്ങൾ | - | Policies |
| ധനകാര്യ കമ്മീഷൻ | - | Finance Commission |
| നിയോജകമണ്ഡലം | - | Constituency |
| നിർദേശക തത്ത്വങ്ങൾ | - | Directive Principles |
| പരിണാമം | - | Evolution |
| പ്രാദേശിക ഗവൺമെന്റ് | - | Local government |
| പ്രാതിനിധ്യം | - | Representation |
| പ്രഖ്യാപനം | - | Promulgation |
| ഭരണഘടന | - | Constitution |
| ഭരണഘടനാ നിർമാണ സമിതി | - | Constituent Assembly |
| ഭേദഗതി | - | Amendment |
| മൗലിക ചുമതലകൾ | - | Fundamental Duties |

| | | |
|---|---|---|
| മൗലികാവകാശങ്ങൾ | - | Fundamental Rights |
| രാഷ്ട്രത്തലവൻ | - | Head of state |
| വോട്ടവകാശം | - | Franchise |
| വിവേചനാധികാരങ്ങൾ | - | Discretionary powers |
| വികേന്ദ്രീകരണം | - | Decentralisation |
| വ്യാഖ്യാനം | - | Interpretation |
| വൈവിധ്യം | - | Diversity |
| ശിഥിലീകരണം | - | Disintegration |
| സ്വത്വം | - | Identity |
| സമവായം | - | Consensus |
| സംഘർഷം | - | Conflict |
| സ്വയംഭരണം | - | Autonomy |
| സാർവത്രിക വോട്ടവകാശം | - | Universal Franchise |
| സംവരണം | - | Reservation |
| സംവരണം | - | Reservation |